# അമേരിക്കൻജനതയുടെ സമ്പദ്‌വ്യവസ്ഥ

പുരോഗതി
പ്രശ്നങ്ങൾ
ഭാഗധേയങ്ങൾ

വിവർത്തനം:
കെ. സുധാകരൻ

---

ശ്രീരാമവിലാസം പ്രസ്സ് & ബുക്ക് ഡിപ്പോ, കൊല്ലം

956

# അമേരിക്കൻജനതയുടെ
# സമ്പദ്‌വ്യവസ്ഥ

KOTTAYAM PUBLIC LIBRARY
45612
KOTTAYAM.

## പുരോഗതി
## പ്രശ്നങ്ങൾ
## ഭാഗധേയങ്ങൾ

ഗെർഹാർഡ് കോം
തിയഡോർ ഗൈഗർ

വിവർത്തനം:
കെ. സുധാകരൻ

1965

പ്രസാധകർ:
ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ,
കൊല്ലം.

വില രൂ: 4/-

330

45612

Copyright © 1958 National Planning Association, Washington

THE ECONOMY OF THE AMERICAN PEOPLE,
PROGRESS, PROBLEMS, PROSPECTS

by Gerhard Colm and Theodore Geiger
with the assistance of Manuel Helzner.

# വിഷയവിവരം.


| | | പുറം |
|---|---|---|
| | രണ്ടാംപതിപ്പിൻെറ മുഖവുര—ജോൺ മില്ലർ ... | i |
| | പശ്ചാത്തലം—എച്ച്. ക്രിസ്ത്യൻ സോണി ... ... | iii |
| | മുഖവുര ... ... ... ... | 3 |
| | **ഒന്നാം ഭാഗം** | |
| | ഉയന്ന ഉല്പാദനക്ഷമതയും ഉപഭോഗവും അമേരിക്ക എങ്ങനെ നേടുന്നു? ... ... ... | 9 |
| I | ചില വസ്തുതകളും കണക്കുകളും | 11 |
| | അമേരിക്കയിലെ സമീപകാലപുരോഗതി ... ... | 13 |
| | അന്താരാഷ്ട്രതുലനങ്ങൾ ... ... ... | 23 |
| II | പ്രകൃതിവിഭവങ്ങൾ | 30 |
| | കാർഷികവിഭവങ്ങൾ ... ... ... | 30 |
| | ധാതുവിഭവങ്ങൾ ... ... ... ... | 40 |
| III | തൊഴിലാളികൾ | 46 |
| | തൊഴിൽസേനയുടെ ഘടന ... ... ... | 47 |
| | അമേരിക്കൻതൊഴിലാളികളുടെ ആരോഗ്യവും പരിശീലനവും ... | 51 |
| | തൊഴിലാളികളുടെ മനോഭാവങ്ങൾ ... ... ... | 55 |
| IV | ബിസിനസ്സ് മാനേജ്മെൻറ് | 61 |
| | ചെറുതും വലുതും വ്യവസായങ്ങളുടെ സവിശേഷതകൾ ... | 63 |
| | മത്സരത്തിൻെറ വ്യാപ്തി ... ... ... | 67 |
| | മാനേജ്മെൻറിൻെറ മാറിയ പങ്ക് ... ... | 70 |
| V | ഗവേഷണവും സാങ്കേതികശാസ്ത്രവും | 75 |
| | പ്രയോഗിതവും അടിസ്ഥാനപരവുമായ ശാസ്ത്രങ്ങൾ ... | 75 |
| | ഗവേഷണത്തിനുള്ള ഉദ്യോഗസ്ഥന്മാരും ചിലവുകളും ... | 80 |
| VI | മൂലധനം | 86 |
| | വിദേശമൂലധനത്തിൻെറ പങ്ക് ... ... ... | 86 |
| | അഭ്യന്തരമൂലധനത്തിൻെറ ഉറവുകൾ ... ... | 87 |
| | മൂലധനത്തിൻെറ വിനിയോഗം ... ... ... | 92 |
| VII | ഗവമ്മെൻറ് | 94 |
| | പ്രകൃതിവിഭവങ്ങളുടെ വികസനം ... ... ... | 96 |
| | വ്യവസായത്തിനുള്ള ഉത്തേജനം ... ... ... | 98 |
| | മൂലധനലഭ്യതയുടെ വിപുലീകരണം ... ... | 101 |

പൂർണ്ണതൊഴിലും സാമ്പത്തികവളർച്ചയും അഭിവൃദ്ധിപ്പെടുത്തൽ ... 103
ഗവമ്മെൻറുനടപടികളോടുള്ള മനോഭാവം ... ... 104

VIII മൂല്യങ്ങളും സ്ഥാപനങ്ങളും 107
അമേരിക്കയിൽ ഒരു പുതിയ ആരംഭം ... ... 107
അമേരിക്കയിലെ ആദ്യചുററുപാടുകൾ ... ... 109
അമേരിക്കയുടെ നാടൻ സ്വഭാവവിശേഷങ്ങളുടെ ഫലങ്ങൾ ... 112

## രണ്ടാം ഭാഗം

അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ പ്രശ്നങ്ങളും ഭാഗധേയങ്ങളും 116

IX സാമ്പത്തികവളച്ച്യിൽ സമതുലിതാവസ്ഥ 127
ഉല്പാദനസാദ്ധ്യതയുടെ വളർച്ചയും അതിൻെറ ഉപയോഗവും ... 127
സാമ്പത്തിക ഏററയിറക്കങ്ങൾ ... ... ... 136
വിലക്കയററപ്രശ്നം ... ... ... 147
ചലനക്ഷമതയും ദൃഢതയും ... ... ... 150

X ജീവിതനിലവാരങ്ങളും വരുമാനവിതരണവും 156
ദാരിദ്ര്യത്തിൻെറ അവശിഷ്ടം ... ... ... 157
നികുതിചുമത്തൽ ... ... ... ... 159
സാമ്പത്തിക-സാമൂഹ്യക്ഷേമപരിപാടികൾ ... ... 163
സ്വകാര്യജീവകാരുണ്യപ്രവർത്തനങ്ങൾ ... ... 168
മാറുന്ന ജീവിതരീതികൾ ... ... ... 170

XI അമേരിക്കൻവ്യവസായത്തിൽ സാമ്പത്തിക
ശക്തികേന്ദ്രീകരണം 178
കേന്ദ്രീകരണത്തിൻെറ തോതു് ... ... ... 178
കേന്ദ്രീകരണത്തെക്കുറിച്ച് ആശങ്കയ്ക്കുള്ള കാരണങ്ങൾ ... 181
വലിപ്പവും കുത്തകയും ... ... ... 183
ട്രസ്റ്റ്‌വിരുദ്ധ നിയമനിർമ്മാണം ... ... ... 186
കോർപ്പറേഷൻഘടനയും പ്രവർത്തനവും ... ... 188
ചെറുകിട ബിസിനസ്സ് സംബന്ധിച്ച നയങ്ങൾ ... ... 194

XII അമേരിക്ക അന്താരാഷ്ട്ര സമ്പദ്‌വ്യവസ്ഥയിൽ 199
അമേരിക്കയുടെ അന്താരാഷ്ട്ര വ്യാപാരഘടന ... ... 202
വ്യാപാരപ്രശ്നങ്ങളും നയങ്ങളും ... ... ... 205
സ്വകാര്യവിദേശനിക്ഷേപം ... ... ... 221
വിദേശസഹായപരിപാടികളും നയങ്ങളും ... ... 224
അമേരിക്കയുടെ വിദേശഇടപാടുകണക്കും അന്താരാഷ്ട്രനാണയക്രമവും 230
അമേരിക്കൻ വിദേശനയവും അന്താരാഷ്ട്രസഹകരണവും 243

XIII അമേരിക്കൻ സമ്പദ്‌വ്യവസ്ഥ—സ്വഭാവവും ഭാവിയും 248
അമേരിക്കൻ വ്യക്തിനിഷ്ഠയും ഗവണ്മെൻറിൻെറ പങ്കും ... 249
ആസൂത്രണം—അമേരിക്കൻസമ്പദ്‌വ്യവസ്ഥയിൽ ... 253
1930-ൽ ആരംഭിച്ച ദശകത്തിലെ തകർച്ചയും
1960-ൽ ആരംഭിച്ച ദശകത്തിലെ വളർച്ചയും ... ... 256
ജീവിതത്തിൻെറ ഭാവിസ്വഭാവം ... ... ... 259
മാർക്സിസ്റ്റ്‌സിദ്ധാന്തവും അമേരിക്കൻസമ്പ്രദായവും ... 262
അമേരിക്കൻ സാമ്പത്തികസമ്പ്രദായത്തിന് എന്തു പേരു ചേരും? 265
അമേരിക്കൻജനതയുടെ സമ്പദ്‌വ്യവസ്ഥ—
അതു കയററമതിക്കുള്ളതാണോ? ... ... ... 271

## അനുബന്ധപട്ടികകൾ

1. സാമ്പത്തികവളർച്ചയുടെ സൂചകങ്ങൾ, 1929-1960 ... 278
2. സ്വതന്ത്രലോകത്തിൻെറ മൊത്തം ദേശീയോല്പന്നമതിപ്പുകൾ—
സംക്ഷിപ്തരൂപം ... ... ... ... 279
3. ചില തിരഞ്ഞെടുത്ത വർഷങ്ങളിൽ "മനുഷ്യമണിക്കൂർ"
തോറുമുള്ള ഉല്പാദനത്തിൻെറ സൂചിക, 1909-1959 ... 280
4. തിരഞ്ഞെടുത്ത ചില വ്യവസായങ്ങളിൽ "മനുഷ്യ-മണിക്കൂർ"
ഉല്പാദനത്തിലെ ശരാശരി വാർഷിക വർദ്ധനനിരക്ക് ... 280
5. ഏററവുംഉയർന്ന 5 ശതമാനം അമേരിക്കൻ കുടുംബങ്ങൾക്കും വരുമാന
സമ്പാദ്യക്കാർക്കും സ്വതന്ത്രമായി ഉപയോഗിക്കാവുന്ന വരുമാനം ... 281
6. ശരാശരി കുടുംബത്തിൻെറ വ്യക്തിവരുമാനവും ഒരു മുഴുവൻസമയ
തൊഴിലാളിയുടെ ശരാശരി വാർഷികസമ്പാദ്യങ്ങളും ... 281
7. ചില തിരഞ്ഞെടുത്ത വ്യവസായങ്ങളിൽ ശരാശരി മണിക്കൂർ
സമ്പാദ്യങ്ങൾ, 1939 1960 ... ... ... 282
8. അഞ്ചു രാഷ്ട്രങ്ങളിൽ ഭക്ഷണപദാർത്ഥങ്ങൾ വാങ്ങുന്നതിനാവശ്യ
മായ ജോലിസമയം — മിനിട്ടുകളിൽ ... ... 283
9. അമേരിക്കയിലെ വെള്ളക്കാരുടെ ഉല്പത്തിയും
വംശവും, 1870-1950 ... ... ... 284
10. വിദ്യാഭ്യാസനില ... ... ... ... 285
11. പണിമുടക്കുകൾമൂലം ഓരോ തൊഴിലാളിക്കും
നഷ്ടപ്പെട്ട തൊഴിൽദിവസങ്ങൾ ... ... ... 286
12. അമേരിക്കയിൽ നികുതി അടയ്ക്കുന്നതിനുമുമ്പ് സമപ്പിക്കപ്പെടുന്ന
കണക്കുകളുടെ ശരാശരി വാർഷികനിരക്ക് ... ... 287
13. ശാസ്ത്രത്തിൻെറയും സാങ്കേതികരീതികളുടെയും വളർച്ച ... 287
14. ഗവേഷണത്തിലും വികസനത്തിലും പ്രാഥമികമായി
ഏർപ്പെട്ടിട്ടുള്ള ശാസ്ത്രജ്ഞന്മാരും എൻജിനീയർമാരും ... 288
15. ഗവേഷണവും വികസനവും, 1959-'60,
വിവിധ വിഭാഗങ്ങൾക്കിടയിൽ നിധി വിതരണം ... 289

KOTTAYAM PUBLIC LIBRARY KOTTAYAM

16. അടിസ്ഥാനഗവേഷണം, 1959-'60,
വിവിധ വിഭാഗങ്ങൾക്കിടയിൽ നിധിവിതരണം ... ... 290

17. അമേരിക്കയിൽ സ്വകാര്യവിദേശമൂലധനനിക്ഷേപം ... 290

18. അമേരിക്കയിൽ വിദേശആസ്തികളും നിക്ഷേപങ്ങളും,
പ്രദേശാടിസ്ഥാനത്തിൽ, 1960 ... ... ... 291

19. അമേരിക്കയുടെ വിദേശഇടപാടുകണക്ക്, 1956-1960 ... 292

20. രാഷ്ട്രത്തിന്റെ സാമ്പത്തികബജററ് 1929,
1960-1970-ലേക്ക് തിട്ടപ്പെടുത്തിയ ലക്ഷ്യങ്ങളും ... 294

21. പ്രധാന വിഭാഗങ്ങൾക്കുവേണ്ടിയുള്ള രാഷ്ട്രത്തിന്റെ
ചിലവുകൾ, 1960 ... ... ... ... 296

22. ചില തിരഞ്ഞെടുത്ത രാജ്യങ്ങളിൽ സാമൂഹ്യ-
സുരക്ഷിതത്വച്ചിലവുകൾ, 1956-1957 ... ... 298

23. സാമൂഹ്യക്ഷേമച്ചിലവുകൾ ... ... ... 299

24. സാമ്പത്തികവളർച്ചയുടെ സാദ്ധ്യത, 1960-1970 ... ... 300

25. മൊത്തം ദേശീയോല്പന്നം, കലണ്ടർവർഷം 1960-
1970 ലേക്ക് തിട്ടപ്പെടുത്തിയ ലക്ഷ്യങ്ങളും ... ... 301

26. ഗവൺമെന്റിന്റെ പ്രതിരോധേതരചിലവുകളിൽ
വർദ്ധനകൾ, 1959-1970 ... ... ... 302

27. തിരഞ്ഞെടുത്ത ചില ചരക്കുല്പാദനവ്യവസായങ്ങളിൽ
സാമ്പത്തികശക്തികേന്ദ്രീകരണത്തിന്റെ അനുപാതം ... 303

എൻ. പി. എ. പ്രസിദ്ധീകരണനയം 305

# രണ്ടാം പതിപ്പിന്റെ മുഖവുര

---

തുടരുന്ന ആവശ്യംമൂലം ഈ പുസ്തകത്തിനു് രണ്ടാംപതിപ്പു വേണ്ടിവരുന്നതു് നാഷണൽ പ്ലാനിങ്ങ് അസോസിയേഷന് ഏററവും ചാരിതാർത്ഥ്യജനകമാണു്. അമേരിക്കൻസമ്പദ്‌വ്യവസ്ഥ എങ്ങിനെ പ്രവർത്തിക്കുന്നുവെന്നും അതിന്റെ ഉയർന്ന ഉല്പാദനക്ഷമതയും ജീവിതനിലവാരവും എങ്ങിനെ നേടുന്നുവെന്നും ലളിതവും, എന്നാൽ കൃത്യവുമായ ഒരു വിവരണം നൽകണമെന്നുയർന്ന ആവശ്യത്തെ മാ നിർത്തി ഒരു പരീക്ഷണമായാണു് ഈ റിപ്പോർട്ടു തയ്യാറാക്ക തെന്നു് ഒന്നാം പതിപ്പിന്റെ മുഖവുരയിൽ എൻ. പി. എ. ചെ മാൻ എച്ച്. ക്രിസ്ത്യൻസ്സോണി വിശദീകരിക്കുകയുണ്ടായി. നിഷ്പമായി നോക്കുമ്പോൾ പരീക്ഷണം വിജയമാണെന്നാണു ക ന്നതു്. ഒന്നാംപതിപ്പ് മൂന്നുപ്രാവശ്യം അച്ചടിക്കേണ്ടതായിവന്നു. സ്പാനിഷ്, ജാപ്പനീസ്, ഫ്രഞ്ച് എന്നീ ഭാഷകളിലേക്കു് അതു തർജ്ജിമചെയ്തു് വിദേശങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്. ഒരു ജർമ്മൻപരിഭാഷ ഇപ്പോൾ തയ്യാറായിവരികയാണു്.

ഈ രണ്ടാം പതിപ്പിനുവേണ്ടി, 1958-നുശേഷമുള്ള സംഭവവികാസങ്ങൾ പ്രതിഫലിപ്പിക്കത്തക്കവിധം റിപ്പോർട്ടു പരിഷ്കരിക്കപ്പെട്ടിട്ടുണ്ടു്. സ്ഥിതിവിവരക്കണക്കുകളും ചാർട്ടുകളും അധുനാതനമാക്കുകയും ചെയ്തിട്ടുണ്ടു്. സാമ്പത്തികവളർച്ചയേയും സ്ഥിരതയേയും സംബന്ധിച്ചുള്ള 9-ാംഅദ്ധ്യായവും അന്താരാഷ്ട്രസമ്പദ്‌വ്യവസ്ഥയിൽ അമേരിക്കയുടെ സ്ഥാനം സംബന്ധിച്ചുള്ള 12-ാംഅദ്ധ്യായവും അഭ്യന്തരരംഗത്തും വിദേശത്തും സാമ്പത്തികസ്ഥിതിഗതികളിലും പ്രവണതകളിലുമുണ്ടായിട്ടുള്ള പ്രമുഖവ്യത്യാസങ്ങളുടെ വെളിച്ചത്തിൽ മിക്കവാറും പുതുക്കിയെഴുതിയിട്ടുള്ളവയാണു്. സ്ഥിതിവിവരക്കണക്കുവിഭാഗത്തിൽ പുതിയ പട്ടികകൾ ചേർത്തിട്ടുണ്ടു്. വിവരങ്ങൾ കൂടുതൽ വിശദമാകത്തക്കവിധം ചാർട്ടുകൾ പുനരാവിഷ്കരിച്ചിട്ടുമുണ്ടു്.

രണ്ടാം പതിപ്പു തയ്യാറാക്കുന്നതിൽ മെസ്സേഴ്‌സ് കോമിനേയും ഗൈഗറിനേയും എൻ. പി എ-യിലെ അസോഷിയേററ് സാമ്പത്തികശാസ്ത്രജ്ഞൻ മി: പീററർ വാഗനർ സമർത്ഥമായി സഹായിക്കുകയുണ്ടായി.

**ജോൺ മില്ലർ**

**അസിസ്റ്റന്റ് ചെയർമാൻ,**

**എക്സിക്യൂട്ടീവ് സെക്രട്ടറി.**

**ഒക്ടോബർ 1961.**

## പശ്ചാത്തലം

നാഷണൽ പ്ലാനിങ്ങ് അസോസിയേഷന്റെ ഇതര സ്റ്റാഫ് റിപ്പോർട്ടുകളുടേതിൽനിന്നു വ്യത്യസ്തമായ ഒരു ലക്ഷ്യമാണു് ഈ പ്രസിദ്ധീകരണത്തിനുള്ളതു്. സാധാരണയായി റിപ്പോർട്ടുകൾ തയ്യാറാക്കപ്പെടുന്നതു് കൃഷി, ബിസിനസ്സ്, തൊഴിലാളിവിഭാഗം, ജീവനം മുതലായവയിൽനിന്നുള്ള കമ്മിററി അംഗങ്ങളിൽ ഓരോരുത്തർക്കും വ്യക്തിപരമായി യോജിക്കാൻകഴിയുന്ന നയപ്രസ്താവനകൾക്കാവശ്യമായ പശ്ചാത്തലവസ്തുതകളും വിശകലനവും നൽകുന്നതിന്നാണു്. "അമേരിക്കൻജനതയുടെ സമ്പദ്‌വ്യവസ്ഥ"യെ സംബന്ധിച്ചുള്ള ഈ പ്രസിദ്ധീകരണം കേവലം വിജ്ഞാനദായകമായ ഒന്നാണു്. അമേരിക്കൻസാമ്പത്തികസമ്പ്രദായത്തിന്റെ സ്വഭാവവും ഭാഗധേയങ്ങളും എന്താണെന്നും നമ്മുടെ സ്വകാര്യസംരംഭവ്യവസ്ഥയ്ക്കു് ഇത്രയും ഉയർന്ന ഉല്പാദനക്ഷമതയും ജീവിതനിലവാരവും നേടാനെങ്ങിനെ കഴിഞ്ഞുവെന്നും കമ്മ്യൂണിസ്ററുകാരും നാശത്തിന്റെ മററു പുരോഭാഗികളും ദീർഘദർശനംചെയ്ത വിധിക്കു് എന്തുകൊണ്ടു് അതടിപ്പെടാതിരുന്നുവെന്നും അതിന്റെ യഥാർത്ഥപ്രശ്നങ്ങളെന്താണെന്നും ഭാഗധേയമെന്താകാനാണിടയുള്ളതെന്നും വിശകലനംചെയ്യുകയാണു് ഈ പ്രസിദ്ധീകരണത്തിന്റെ ഉദ്ദേശം.

ഗവമ്മെൻറിന്റെയും സ്വകാര്യവിഭാഗത്തിന്റെയും ധനസഹായമുള്ള പരിപാടിയനുസരിച്ചു് അമേരിക്കയിൽ പര്യടനംനടത്തിയിട്ടുള്ള മററു രാജ്യങ്ങളിൽനിന്നുള്ള നേതാക്കന്മാർ, സാങ്കേതികപ്രവർത്തകർ, വിദ്യാർത്ഥികൾ എന്നിവരുടെ സംഘങ്ങളുമായി ഞങ്ങൾക്കു തുടർന്നുവരുന്ന ബന്ധമാണുള്ളതു്. ഈ ബന്ധംമൂലം ഇത്തരം ഒരു പഠനത്തിന്റെ ആവശ്യം നാഷണൽപ്ലാനിങ്ങ് അസോസിയേഷനിലുള്ള ഞങ്ങൾക്കു ബോദ്ധ്യമായിരുന്നു. അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ സ്വഭാവം എളുപ്പം ലഭിക്കാവുന്ന പുസ്തകരൂപത്തിൽ വിവരിക്കാൻ ഇവരിൽ പല സന്ദർശകന്മാരും ഞങ്ങളോടാവശ്യപ്പെട്ടിട്ടുണ്ടു്. എൻ. പി. എ-യുടെ പ്രാതിനിദ്ധ്യസ്വഭാവത്തോടുകൂടിയ അംഗത്വവും ദീർഘപരിചയവും നിഷ്പക്ഷവും രാഷ്ട്രീയേതരവുമായ സ്വഭാവവുംമൂലം അത്തരം ഒരു പഠനം പ്രസിദ്ധീകരിക്കാൻ ഞങ്ങൾ പ്രത്യേകം യോഗ്യ

തയുള്ളവരായിരിക്കുമെന്നു് ഞങ്ങളുടെ പല അമേരിക്കൻസുഹൃത്തു ക്കളും ചൂണ്ടിക്കാണിച്ചിട്ടുമുണ്ടു്.

ഈ റിപ്പോർട്ടു തയ്യാറാക്കുന്നതിനു് അധികാരപ്പെടുത്താൻ എൻ. പി. എ-യുടെ ട്രസ്റ്റിബോർഡിനെ പ്രേരിപ്പിച്ച കാരണങ്ങളിൽ ചിലതു് ഇവയാണു്. മററു സംഘടനകളും വ്യക്തികളും ഇതേ ലക്ഷ്യംനേടാൻ ശ്രമിക്കുകയുണ്ടായിട്ടുണ്ടെന്ന വസ്തുതയും ഈ സംരംഭ ത്തിൻെറ പ്രയാസങ്ങളും ബോർഡിന്നറിയാമായിരുന്നു. അതേസമ യത്തുതന്നെ, അമേരിക്കൻസമ്പദ്‌വ്യവസ്ഥയെ പല വിഭിന്നകോണു കളിലൂടെയും വീക്ഷിക്കാമെന്നും എൻ. പി. എ-യ്ക്കുള്ള പ്രത്യേകമായ അനുകൂലനില മററുള്ളവക്കുണ്ടായിരിക്കാനിടയില്ലെന്നും ഞങ്ങൾ അംഗീകരിക്കുന്നുണ്ടു്. കൂടാതെ, ഞങ്ങളുടെ വിഭാവനയിലുണ്ടായി രുന്നതരം റിപ്പോർട്ടു് എഴുതാൻ കഴിവുള്ള ഗ്രന്ഥരചയിതാക്കൾ സ്റ്റാഫിൽ ഉണ്ടെന്നവസ്തുതയും ഈ ശ്രമത്തിൽ മുന്നോട്ടുപോകാൻ ഞങ്ങൾക്കു പ്രോത്സാഹനം നൽകിയിട്ടുണ്ടു്.

ഗ്രന്ഥകർത്താക്കളിൽ ഒരാൾ, ഡോ: ഗെർഹാർഡ് കോം എൻ. പി. എ. യുടെ മുഖ്യ സാമ്പത്തികശാസ്ത്രജ്ഞനും വാഷിങ്ടൺ ഡി. സി. യിലെ ജോർജ്ജ് വാഷിങ്ടൺ സർവ്വകലാശാലയിൽ സാമ്പത്തി കശാസ്ത്രവിഭാഗത്തിലെ പ്രൊഫസോറിയൽ ലക്‌ചററുമാണു്. എൻ. പി. എ. സ്റ്റാഫിൽ ചേരുന്നതിനുമുമ്പും അതിനുശേഷവും ഡോക്ടർ കോം വിദേശസന്ദർശകരുടെ ഗ്രൂപ്പുകളോടു് അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനവസ്തുതകളും പ്രശ്നങ്ങളും പരിചയ പ്പെടുത്തിക്കൊണ്ടു് പ്രസംഗിച്ചിട്ടുണ്ടു്. യൂറോപ്പിലും ഏഷ്യയിലും അമേരിക്കയിലും അദ്ദേഹത്തിനുണ്ടായിട്ടുള്ള അനുഭവങ്ങൾ അമേരി ക്കൻസമ്പദ്‌വ്യവസ്ഥയെക്കുറിച്ചു് വിദേശസന്ദർശകന്മാർ സമാധാന മാരായുന്ന ചോദ്യങ്ങൾ എന്തെല്ലാമാണെന്ന ധാരണ അദ്ദേഹത്തിനു് നൽകിയിട്ടുണ്ടു്.

ഇതരഗ്രന്ഥകാരൻ ഡോ: തിയഡോർ ഗൈഗർ എൻ. പി. എ. യുടെ അന്താരാഷ്ട്രപഠനവിഭാഗത്തിൻെറ മേധാവിയാണു്. ഒരു സാമ്പത്തിക-സാമൂഹ്യചരിത്രകാരനെന്ന നിലയിൽ, പ്രത്യേകിച്ചും അന്താരാഷ്ട്രകാര്യങ്ങളിൽ, പരിശീലനം നേടിയിട്ടുള്ളയാളാണദ്ദേഹം. തൊഴിൽപരമായിത്തന്നെ ഒരു സാമ്പത്തികശാസ്ത്രജ്ഞനെന്ന നില

യിൽ അനുഭവസമ്പന്നനുമാണ്. ഈ പഠനത്തിനാവശ്യമുള്ള, പ്രത്യേകിച്ചും ചരിത്രപരവും സാമൂഹ്യശാസ്ത്രസംബന്ധവുമായ പരിമാണങ്ങൾ ഡോ: ഗൈഗർ നൽകുകയും അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ അന്താരാഷ്ട്രവശങ്ങൾ വിശദീകരിക്കുന്നതിനുള്ള പ്രാഥമിക ചുമതല അദ്ദേഹം ഏറ്റെടുക്കുകയും ചെയ്തു.

എൻ. പി. എ. യിലെ അസോഷിയേററ് സാമ്പത്തികശാസ്ത്രജ്ഞൻ മി: മാച്ചൽ ഹെൽസ്റ്റർ ഗ്രന്ഥകാരന്മാരെ സമർത്ഥമായി സഹായിച്ചിട്ടുണ്ട്. സ്ഥിതിവിവരക്കണക്കുകൾ നൽകിയതിനുപുറമേ അദ്ദേഹം പലവിധത്തിലും ഈ പഠനത്തെ സഹായിക്കുകയും ചെയ്തു.

എൻ. പി. എ. യുടെ സ്റ്റിയറിങ്ങ്കമ്മിററി ഈ റിപ്പോർട്ട് പരിശോധിക്കുകയും ചർച്ചചെയ്യുകയും പ്രസിദ്ധീകരണത്തിന് അംഗീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കൈയെഴുത്തുപ്രതി വായിക്കാവുന്നവിധമാക്കിയതിന് മി: വജ്ജീനിയ ഡി. പാക്കറോട് ഞങ്ങൾ കൃതജ്ഞരാണ്. കരടുരൂപത്തിൽ റിപ്പോർട്ടുവായിക്കുകയും വിമർശിക്കുകയും ചെയ്തിട്ടുള്ള, അമേരിക്കയ്ക്കകത്തും വിദേശത്തുമുള്ള നിരവധി സുഹൃത്തുക്കളോടും ഞങ്ങൾക്കു കൃതജ്ഞതയുണ്ട്.

**എച്ച്. ക്രസ്റ്റ്യൻസോണി**

ചെയർമാൻ,

എൻ. പി. എ. ബോർഡ് ഓഫ് ട്രസ്റ്റീസ്.

45612

# അമേരിക്കൻജനതയുടെ സമ്പദ്‌വ്യവസ്ഥ

പുരോഗതി
പ്രശ്നങ്ങൾ
ഭാഗധേയങ്ങൾ

# മുഖവുര

സാങ്കേതികരംഗത്തു് അടുത്ത ചില ദശകങ്ങളായി സംഭവിച്ചു കൊണ്ടിരിക്കുന്ന സാരമായമാററങ്ങൾ ആരുടെയും കണ്ണിൽ പെടുന്നവയാണു്. ആകാശത്തിലിരമ്പിപ്പായുന്ന ജററുവിമാനങ്ങൾ, ടെലിവിഷൻ സെററുകൾ, അടുക്കളയിലുപയോഗിക്കുന്ന വൈദ്യുതോപകരണങ്ങളും ഇലക്ട്രോണിക് യന്ത്രങ്ങളും, തൊഴിൽശാലകളിലെ സ്വയം പ്രവൎത്തിക്കുന്ന നിയന്ത്രണസജ്ജീകരണങ്ങൾ, വൈദ്യുതോല്പാദന കേന്ദ്രത്തിലെ ന്യൂക്ലിയർ റിയാക്ടറുകൾ—ഇവയെല്ലാം, ഇനിയും പലതും, സൎവ്വസാധാരണമായിട്ടുണ്ടു്.

എന്നാൽ ഇതേസന്ദൎഭത്തിൽതന്നെ, നമ്മുടെ സാമ്പത്തിക സമ്പ്രദായത്തിന്റെ പ്രവൎത്തനരീതിയും സാരമായി മാറുന്നുണ്ടെന്ന ബോധം താരതമ്യേന കുറവാണു്. 19-ാം ശതകത്തിലെ മുതലാളിത്വ സമ്പ്രദായത്തിൽനിന്നും ഒരു പുതിയ അമേരിക്കൻസമ്പദ്‌വ്യവസ്ഥ രൂപംപ്രാപിച്ചുകൊണ്ടാണിരിക്കുന്നതു്. റൈററ്സ് സഹോദരന്മാർ രൂപംനൽകിയ മൂലമാതൃകയോടു് ഒരു ജററുവിമാനത്തിനു് എത്ര കണ്ടു് സാദൃശ്യമുണ്ടോ ഏതാണ്ടത്രയും സാദൃശ്യമേ ഈ പുതിയ സമ്പദ്‌വ്യവസ്ഥയ്ക്കു് പഴയ മുതലാളിത്തസമ്പ്രദായത്തോടുള്ളു. പക്ഷേ യാതൊരുവ്യത്യാസവും സംഭവിച്ചിട്ടില്ലാത്തതുപോലെയാണു് നമ്മുടെ ഇന്നത്തെ സാമ്പത്തികസമ്പ്രദായത്തെക്കുറിച്ചുള്ള ചൎച്ചകളധികവും നടത്തപ്പെടുന്നതു്. ഈ വ്യത്യാസങ്ങൾക്കിടയിൽ ജീവിക്കുകയും പ്രവൎത്തിക്കുകയും ചെയ്യുന്നതിനക്കിൽ ഇവയുടെ പ്രാധാന്യത്തെക്കുറിച്ചോ, നാഗരികതയുടെ വളൎച്ചയിൽ ഇവയ്ക്കുള്ള അതിപ്രധാനമായ സ്വാധീനത്തെക്കുറിച്ചോ ചിന്തിക്കാൻ അധികം അമേരിക്കക്കാൎക്കും നേരമില്ലാത്തതായിരിക്കാം, ഒരുപക്ഷേ, ഇതിന്നു കാരണം.

നമ്മുടെ പുതിയ സമ്പദ്‌വ്യവസ്ഥയുടെ സവിശേഷതകൾ വിവരിക്കുകയാണു് ഈ റിപ്പോൎട്ടിന്റെ ഉദ്ദേശം അമേരിക്കൻസമ്പദ്‌വ്യവസ്ഥ എങ്ങിനെ പ്രവൎത്തിക്കുന്നു, അതിന്റെ മുഖ്യമായനേട്ടങ്ങളും കുറവുകളും എന്തെല്ലാം, ഇനിയും പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളേവ, ഭാവിയിൽ അതിന്റെ സാദ്ധ്യതകളെന്തു് എന്നിങ്ങിനെ അമേരിക്കൻ സമ്പദ്‌വ്യവസ്ഥ പ്രവൎത്തനത്തിലുള്ളതിന്റെ ഒരു ചിത്രം രേഖപ്പെടുത്താനാണു് ഞങ്ങൾ ശ്രമിക്കുന്നതു്. നേട്ടങ്ങളേയും കുറവുകളേയും ഒരുപോലെ ഊന്നിപ്പറയുന്നതുവഴി, മററുസാമൂഹ്യശാസ്ത്രജ്ഞന്മാർ

കണക്കാക്കിയേക്കാവുന്നതുപോലെ, ബുദ്ധിപരമായ ഒരു പാതകമാണ് ഞങ്ങൾ ചെയ്യുന്നത്. കാരണം, അഭിലഷണീയമായ ലക്ഷ്യങ്ങളെ കുറിച്ചുള്ള ഒരാശയവുമായാണ് ഞങ്ങൾ ഈ വിഷയത്തെ സമീപി ച്ചിട്ടുള്ളതെന്ന് തന്മൂലം ഞങ്ങൾ സമ്മതിക്കുകയാണ്. പക്ഷേ ഇത്തരം ഒരാശയം ഒഴിവാക്കാൻ സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ, ലക്ഷ്യങ്ങളുടെ വെളിച്ചത്തിൽമാത്രമേ നേട്ടങ്ങളെക്കുറിച്ചുപറയുന്ന തിനും പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും അർത്ഥ മുണ്ടായിരിക്കുകയുള്ളു. അതുകൊണ്ട് അമേരിക്കൻ സമ്പദ്‌വ്യവസ്ഥ യുടെ നേട്ടങ്ങളേയും കുറവുകളേയും തിട്ടപ്പെടുത്തുന്നതിനുള്ള ഞങ്ങ ളുടെ മാനദണ്ഡം വ്യക്തമാക്കിക്കൊണ്ടാണ് ഞങ്ങൾ ആരംഭിക്കുന്നത്.

എല്ലാ സാമ്പത്തികസമ്പ്രദായങ്ങൾക്കും, അവയുടെ പ്രവർത്തന രീതി എന്തുതന്നെ ആയിക്കൊള്ളട്ടെ, ചില ലക്ഷ്യങ്ങൾ എല്ലായ്പോഴും പൊതുവായുണ്ട്. ഭക്ഷണവും പാർപ്പിടവും വസ്ത്രവും എല്ലായിടത്തും എല്ലാക്കാലത്തും ജനങ്ങൾക്കാവശ്യമാണ്. വിവിധ ജീവിതസൌകര്യ ങ്ങൾ അവരാഗ്രഹിക്കുകയും ചെയ്യുന്നു. എല്ലാസമൂഹങ്ങൾക്കും, കൂട്ടാ യിജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാ സംഘടിതമാനവ സമൂഹങ്ങൾക്കും ആഭ്യന്തരസമാധാനവും ബാഹ്യാക്രമണങ്ങളിൽ നിന്നുള്ള സുരക്ഷിതത്വവും പുലർത്തുന്നതിനുള്ള ഏർപ്പാടുകൾ ആവശ്യ മാണ്. ഭാവിതലമുറകൾക്കുവേണ്ടി പ്രകൃതിവിഭവങ്ങളും ഉൽപാദ നോപകരണങ്ങളും സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യു ന്നതും സമൂഹങ്ങളുടെ ആവശ്യമാണ്.

വിഭവങ്ങൾ മിതമായി ഉപയോഗിക്കുന്നതുവഴി, അതായത് മനുഷ്യശക്തി, ഭൌതികവിഭവങ്ങൾ, വിജ്ഞാനം എന്നീ ആർജ്ജിക്കാ വുന്ന ഉപകരണങ്ങൾ ഉപയോഗിച്ച് ഏററവും ഉയർന്നതോതിൽ ചരക്കുകളും സേവനോപകരണങ്ങളും ഉൽപാദിപ്പിക്കുന്നതിലൂടെ, ഈ വിവിധലക്ഷ്യങ്ങൾ ഏററവും മെച്ചപ്പെട്ടവിധം നേടാൻകഴിയും. അങ്ങിനെ, ഒരു നിശ്ചിതകാലയളവിൽ യഥാർത്ഥത്തിൽ ഉൽപാദിപ്പി ക്കപ്പെട്ടതിൻെറ ആകത്തുകയെ സമ്പദ്‌വ്യവസ്ഥയിൽ സാദ്ധ്യമാകാ വുന്ന മൊത്തം ഉൽപാദനത്തോട് തുലനംചെയ്യുന്നത് സാമ്പത്തിക നേട്ടങ്ങളെ അളക്കുന്നതിനുള്ള ഒരു പ്രധാനമാനദണ്ഡമാണ്. പ്രത്യേ കമായ അഭിനിവേശങ്ങളും സ്ഥാപനപരമായ ഘടനകളും എന്തു തന്നെയായാലും, എല്ലാസമൂഹങ്ങളുടെ കാര്യത്തിലും ഈ മാനദണ്ഡം പ്രയോഗിക്കാവുന്നതാണ്. കാരണം, ഓരോ സാമൂഹ്യ-സാമ്പത്തിക സമ്പ്രദായത്തിൻെറയും പ്രത്യേകകഴിവുകളുമായി ഇതിനു ബന്ധമുണ്ട്.

പരമാവധി ഉൽപാദനവും ഉപഭോഗവും സാധിക്കുകയെന്നതു മാത്രമല്ല ഒരു സാമ്പത്തികസമ്പ്രദായത്തിൻെറ ലക്ഷ്യം. കൂടുതൽ

അടിസ്ഥാനപരമായ, സാമൂഹ്യവും വ്യക്തിനിഷ്ഠവുമായ മററുമൂല്യങ്ങൾ നേടുന്നതിനുള്ള ഒരു ഉപകരണംമാത്രമാണ് സമ്പദ്‌വ്യവസ്ഥ. ഒരു സാമ്പത്തികസമ്പ്രദായത്താൽ പരിപോഷിപ്പിക്കപ്പെടുന്ന പ്രത്യേക മൂല്യങ്ങൾ ചരിത്രപരമായ സംസ്കാരത്തെ ആശ്രയിച്ചാണിരിക്കുന്നത്. ചരിത്രപരമായ ആ സംസ്കാരത്തിൻെറ ഒരു സ്വാഭാവികഘടകമാണ് സമ്പദ്‌വ്യവസ്ഥ. ഓരോ പ്രത്യേകസമൂഹത്തിലും പൊതുലക്ഷ്യങ്ങളെ സംബന്ധിച്ച് ഒരു പൊതുക്കരാർ സാധാരണയാണെങ്കിലും സാമ്പത്തികോപകരണങ്ങൾ ഉപയോഗിച്ച് തേടേണ്ട പ്രത്യേകലക്ഷ്യങ്ങളുടെ കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. സമൂഹത്തിലടങ്ങുന്ന പ്രത്യേകഗ്രൂപ്പുകളുടെ വിഭിന്നതാല്പര്യങ്ങളേയും പാരമ്പര്യങ്ങളേയും പ്രതിഫലിപ്പിക്കുന്നവയാണ് ഈ അഭിപ്രായവ്യത്യാസങ്ങൾ.

അമേരിക്കക്കാരെ സംബന്ധിച്ചിടത്തോളം, സാമ്പത്തികസമ്പ്രദായത്തിൻെറ ലക്ഷ്യങ്ങളെക്കുറിച്ചുള്ള വിരുദ്ധാഭിപ്രായങ്ങൾ റിപ്പബ്ളിക്കിൻെറ ആദ്യവഷങ്ങളിൽ ഒരു പ്രധാനദേശീയനയപ്രശ്നമായിത്തീരുകയുണ്ടായി. തോമസ് ജെഫേഴ്സൻെറ അഭിപ്രായത്തിൽ "ജീവിതം, സ്വാതന്ത്ര്യം, ക്ഷേമനിഷ്ഠ" എന്നിവയായിരുന്നു ഒരു സമൂഹത്തിൻെറ ആത്യന്തികമൂല്യങ്ങൾ. സ്വതന്ത്രമായ കുടുംബകൃഷിത്തോട്ടങ്ങളും ചെറിയ പണിപ്പുരകളും അടിസ്ഥാനമായിക്കൊണ്ടുള്ള ഒരു സമ്പദ്‌വ്യവസ്ഥ ഈ മൂല്യങ്ങൾക്ക് ഉത്തമമായ സംരക്ഷ ഉറപ്പു നൽകുമെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം. എന്നാൽ അദ്ദേഹത്തിൻെറ എതിരാളി, അലക്സാണ്ടർ ഹാമിൽട്ടൻ വിഭാവനം ചെയ്തിരുന്നത്, വളൎന്നുവരുന്ന ഒരു ജനസംഖ്യയുടെയും വികസിച്ചുകൊണ്ടിരിക്കുന്ന ഒരു സമ്പദ്‌വ്യവസ്ഥയുടെയും ശക്തിയും സമ്പത്തും ഉപയോഗിച്ചു നേടാൻകഴിയുന്ന ഒരമേരിക്കൻദേശീയമഹത്വത്തേയാണ്. ഭാഗ്യവശാൽ ഇവയിലേതെങ്കിലുമൊരുലക്ഷ്യത്തെ മാത്രം പൂൎണ്ണമായി സ്വീകരിക്കാൻ അമേരിക്കക്കാർ ഒരിക്കലും നിർബ്ബന്ധിതരായിട്ടില്ല. കഴിഞ്ഞ ഒന്നരശതാബ്ദത്തിന്നകം ജെഫേഴ്സൻെറ ലക്ഷ്യങ്ങളായ വ്യക്തിസ്വാതന്ത്ര്യവും ഉത്തരവാദിത്വവും കൈവിടാതെ തന്നെ അമേരിക്ക, ഹാമിൽട്ടൻ വിഭാവനം ചെയ്തിരുന്നതിനേക്കാൾ ഉപരിയായിപ്പോലും, ദേശീയശക്തിയും സമ്പത്തും ആൎജ്ജിച്ചിട്ടുണ്ട്.

പരസ്പരപൂരകവും പരസ്പരവിരുദ്ധവുമായ ഈ ലക്ഷ്യങ്ങൾ നേടുന്നതിന് വളരെ വാശിയോടെ യത്നിച്ചിട്ടുണ്ടെങ്കിലും സാമൂഹ്യസ്ഥാപനങ്ങളിലുള്ള അവയുടെ മൂൎത്തഭാവം ദൃഢമോ സിദ്ധാന്തപരമോ ആയിരുന്നില്ല. പ്രത്യുത അതു് ആയാതവും പ്രായോഗികവുമായിരുന്നു. പരിഷ്കരണത്തിൻെറ നിരന്തരമായ അലകൾ രാഷ്ട്രത്തിൻെറ ചരിത്രത്തിലുടനീളം ഉണ്ടായിട്ടുണ്ട്. എന്നാൽ അവയെല്ലാംതന്നെ

ജെഫേഴ്സൻെറയും ഹാമിൽട്ടൻെറയും ആദർശങ്ങളെ പ്രായോഗികമായി അനുരഞ്ജിപ്പിച്ചുകൊണ്ടുള്ളവയായിരുന്നു. അതതുകാലത്തെ സാദ്ധ്യതകളും പരിമിതികളും പ്രതിഫലിപ്പിക്കുന്നവയായിരുന്നു അവയത്രയും. പതിനെട്ടാംശതകത്തിൻെറ അവസാനകാലത്തും 19-ാംശതകത്തിൻെറ ആദ്യകാലത്തും ജെഫേഴ്സൻ വിഭാവനംചെയ്ത വ്യക്തിസ്വാതന്ത്ര്യലക്ഷ്യത്തിൻെറ ഉചിതമായ മൂർത്തരൂപമായിരുന്നു ചെറുകൃഷിയിടങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഒരു കാർഷികസമ്പദ് വ്യവസ്ഥ. എന്നാൽ ഇരുപതാംനൂററാണ്ടിൻെറ മദ്ധ്യകാലത്ത് കാർഷികപ്രധാനമായ ഒരു സാമൂഹ്യവ്യവസ്ഥിതിയിലേയ്ക്കുള്ള തിരിച്ചുപോക്കിലൂടെ വ്യക്തിസ്വാതന്ത്ര്യം തേടുന്നത് നിഷ്ഫലമായ ഒരു പരിശ്രമമാണ്. ഹാമിൽട്ടൻെറ ആദർശങ്ങളനുസരിച്ചുള്ള ദേശീയസമ്പത്ത്, ദേശീയശക്തി എന്നിവയോടൊപ്പംതന്നെ ജെഫേഴ്സൻെറ ലക്ഷ്യമനുസരിച്ചുള്ള വ്യക്തിസ്വാതന്ത്ര്യവും ഉത്തരവാദിത്വവും നേടാനുള്ള ശ്രമത്തിൽ ഇന്നു വിവിധ സാമൂഹ്യസാദ്ധ്യതകളും പരിമിതികളും അടങ്ങുന്നുണ്ട്. സാമ്പത്തികവളർച്ചയ്ക്ക് പൊതുമേഖലയിലും സ്വകാര്യമേഖലയിലും സാമ്പത്തികവും രാഷ്ട്രീയവുമായി വൻതോതിൽ ശക്തികേന്ദ്രീകരണം ആവശ്യമാണ്. സ്വാതന്ത്ര്യവും വ്യക്തിത്വവും സംരക്ഷിക്കുന്നതിന് സ്വകാര്യമായും വികേന്ദ്രീകൃതമായും തീരുമാനങ്ങളെടുക്കുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കുകയും വേണം. ഇങ്ങിനെ സ്വകാര്യവികേന്ദ്രീകൃതതീരുമാനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമുള്ള സ്വാതന്ത്ര്യം ദേശീയസുരക്ഷിതത്വത്തിൻെറ ഒരു മുന്തിയഘടകമാണ്. ഇത്തരം ദേശീയസുരക്ഷിതത്വത്തെയും ശക്തികേന്ദ്രീകരണത്തെയും അനുരഞ്ജിപ്പിക്കുന്നത് ആവശ്യമായിത്തീർന്നിട്ടുണ്ട്.

മൊത്തം ഉല്പാദനത്തിലുള്ള അനുസ്യൂതമായ വർദ്ധന മനുഷ്യയന്ത്രങ്ങളുടെ ഒരു സമൂഹത്തെയാണ സൂചിപ്പിക്കുന്നതെങ്കിൽ, അത് ഒരു ലക്ഷ്യമായംഗീകരിക്കാൻ അമേരിക്കക്കാർ ഭാവിയിൽ ഇന്നത്തേക്കാൾ കൂടുതൽ സന്നദ്ധരാകാനിടയില്ല. ഒരു കമ്യൂണിസ്റ്റ്സമൂഹത്തിൽ നടക്കുന്നതുപോലെ ഒരു സർവ്വാധിപത്യഭരണകൂടമാണോ, അതോ, 19-ാംശതകത്തിലെ സ്വതന്ത്രവ്യാപാരമുതലാളിത്തം നിലനിന്നുപോന്നിരുന്നുവെങ്കിൽ സംഭവിച്ചേക്കാമായിരുന്നതുപോലെ, സർവ്വാധികാരങ്ങളുമുള്ള വ്യവസായത്തലവന്മാരാണോ അത്തരം യന്ത്രീകൃതപുരുഷന്മാരെയും സ്ത്രീകളെയും അനുശാസിക്കുന്നതെന്നത് കാര്യമായ വ്യത്യാസം വരുത്തുന്നില്ല. അവസാന അപഗ്രഥനത്തിൽ, കാർഷികത്വമോ, വ്യാവസായികത്വമോ അഥവാ സോഷ്യലിസമോ മുതലാളിത്തമോ എന്നുള്ളതല്ല ഇന്നത്തെ അമേരിക്കൻതലമുറയെ

അഭിമുഖീകരിക്കുന്ന മൗലികപ്രശ്നം. പ്രശ്നമിതാണ്: സമ്പദ്‌വ്യവസ്ഥയിലും ഗവണ്മെണ്ടിലും ശക്തികേന്ദ്രീകരണംമൂലമുണ്ടാകുന്ന നേട്ടങ്ങളെ വ്യക്തിവിവേചനത്തിനുള്ള പരമാവധി സ്വാതന്ത്ര്യത്തോടും വ്യക്തികളുടെ കഴിവുകൾ കഴിയുന്നത്ര പൂർണ്ണമായി സാക്ഷാല്ക്കരിക്കപ്പെടുന്നതിനോടും കൂട്ടിയിണക്കുന്നതിൽ അമേരിക്കൻസമൂഹം വിജയിക്കുമോ? അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ പ്രവണതകളെയും ഭാവിസാദ്ധ്യതകളെയും പുനരവലോകനം ചെയ്യുന്നതുവഴി ഈ അതിപ്രധാനപ്രശ്നത്തിന് ഒരു പരിഹാരം തേടുകയാണ് നാം ചെയ്യുന്നതു്.

സോഷ്യലിസമോ മുതലാളിത്തമോ എന്നതിനെ മുൻനിത്തി അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് ഇടയ്ക്കിടെ നടത്തപ്പെടുന്ന ചർച്ചകൾ പ്രശ്നത്തെ സാരമായി വികൃതപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ചർച്ചകളിൽ ഇരുവശത്തും തീവ്രവാദികളുണ്ട്. അമേരിക്കൻ സമ്പ്രദായത്തിൻെറ സ്തുതിപാഠകന്മാരാണ് ഒരുവശത്തു്. അമേരിക്കയ്ക്കകത്തും പുറത്തും ഇത്തരക്കാരുണ്ട്. സ്വാതന്ത്ര്യവ്യാപാരമെന്ന ആശയത്തിൻെറ മൂർത്തരൂപമാണ് അമേരിക്കൻ സാമ്പത്തികസമ്പ്രദായമെന്ന തെററായ ധാരണയെ അടിസ്ഥാനമാക്കിയാണ് അവരുടെ പ്രശംസകളത്രയും. സ്വകാര്യവ്യക്തികൾക്കും സംഘടനകൾക്കും സ്വന്തം താല്പര്യങ്ങൾ പുലത്താൻ പൂർണ്ണമായ സ്വാതന്ത്ര്യമുണ്ടെങ്കിൽ, അതു് ഏററവും കൂടുതൽ ആളുകൾക്ക് പരമാവധി നന്മ സ്വയമേവ ഉറപ്പുനൽകുമെന്നാണ് അവരുടെ അഭിപ്രായം. അന്യരുടെ കാര്യങ്ങളിൽ ഇടപെടുന്ന സ്വഭാവമുള്ള ഒരു ഗവണ്മെണ്ടു് സാമ്പത്തികസമ്പ്രദായത്തിൻെറ സ്വതന്ത്രമായ പ്രവത്തനത്തിൽ കൈകടത്തുന്നതിൽ നിന്നാണ് അനീതികളും പോരായ്മകളും സംഭവിക്കുന്നതെന്നാണ് അവരുടെ മതം. നിയന്ത്രണങ്ങളുമായി ഗവണ്മെണ്ടു് ഇടപെടാത്ത പക്ഷം എല്ലാ പ്രശ്നങ്ങളും അപ്രത്യക്ഷമായിത്തീരുമെന്നവർ വാദിക്കുന്നു.

മാർക്സിസ്റ്റ്‌വീക്ഷണമാണു മറുവശത്തുള്ളതു്. അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ ഒരു വിവരണമെന്ന നിലയിലോ പ്രശ്നങ്ങൾക്കുള്ള പരിഹാരമെന്ന നിലയിലോ ഈ വീക്ഷണത്തിനുള്ള സാധുത മുൻവാദഗതിയേക്കാൾ കുറവാണ്. സമ്പത്തു് വർദ്ധമാനമായതോതിൽ "കുത്തക"ക്കാരിൽ കേന്ദ്രീകരിക്കുന്നതുമൂലം "ജനത"യുടെ വർദ്ധമാനമായ ദുരിതം അമേരിക്കൻമുതലാളിത്തത്തിൻെറ ഒരു സവിശേഷസ്വഭാവമായി കണക്കാക്കപ്പെടേണ്ടതാണെന്നാണ്, എല്ലാ തെളിവുകൾക്കുമെതിരെ, മാർക്സിസ്റ്റ്‌സിദ്ധാന്തം ശഠിക്കുന്നതു്. സമ്പദ്‌വ്യവസ്ഥയുടെ ഈ ഗതിയെത്തുടന്ന് സംഭവിക്കേണ്ട അനിവാര്യമായ തകർച്ച വിദേശവിപണികൾക്കും യുദ്ധങ്ങൾക്കുംവേണ്ടിയുള്ള ശക്തി

യായ സാമ്രാജ്യത്വപ്രവത്തനങ്ങൾമൂലം മററൊരവസരത്തിലേയ്ക്കു നീട്ടിവയ്ക്കപ്പെട്ടുകയാണു ചെയ്യുന്നതെന്ന സിദ്ധാന്തത്തെ അതു് മുറുകെ പിടിക്കുന്നു. ലോകത്തിലെ മററു രാജ്യങ്ങളിലെ കമ്യൂണിസ്റ്റല്ലാത്ത ബുദ്ധിജീവികളിൽ പലരും, ഭാഗികമായെങ്കിലും, ഈ സിദ്ധാന്തത്തിൽ കാര്യമായി വിശ്വസിക്കുന്നില്ലായിരുന്നെങ്കിൽ, അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ സ്വഭാവത്തെയും പ്രശ്നങ്ങളെയും സംബന്ധിച്ചുള്ള അയഥാർത്ഥമായ ഈ ചിത്രീകരണം വെറും പ്രചരണമെന്ന നിലയിൽ അവഗണിക്കപ്പെടാവുന്നതുമാത്രമാണു്.

സ്വതന്ത്രവ്യാപാരാരാധകന്മാരുടെ വികൃതപ്പെട്ടുത്തലുകളും മാർക്സിസ്റ്റ്നിന്ദകന്മാരുടെ വിചിത്രവാദങ്ങളും അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ യഥാർത്ഥവസ്തുതകളെ ഒരുപോലെ വളച്ചൊടിക്കുന്നു. നമ്മുടെ സമ്പദ്‌വ്യവസ്ഥയെ വിശകലനം ചെയ്യുന്നതിനു് ഞങ്ങൾ തിരഞ്ഞെടുത്തിട്ടുള്ള വീക്ഷണരീതിയിൽ ഇത്തരം അബദ്ധങ്ങൾക്കു് ഇടം താരതമ്യേന കുറവാണു്. അമേരിക്കൻരീതിയെ സംബന്ധിച്ചിടത്തോളം തദ്ദേശീയവും അതിൻെറ സാമൂഹ്യപാരമ്പര്യങ്ങൾക്കനുസരിച്ചുള്ളതുമാണു് ഈ വീക്ഷണരീതിയെന്നതാണു കാരണം. സ്വന്തമായ അതിശയോക്തികളും ന്യൂനതകളും ഒഴിവാക്കാൻ പ്രയാസമാണു്. അമേരിക്കയുടെ സാമ്പത്തിക-സാമൂഹ്യസാഹചര്യങ്ങളിൽ ജീവിക്കാനർഹമാക്കുന്നതെന്താണെന്നു കാണിക്കുകയാണു് ഞങ്ങളുടെ ഒരു ഉദ്ദേശമെന്നു് ഞങ്ങൾ തുറന്നു സമ്മതിക്കുന്നു. എങ്കിലും, അമേരിക്കൻ സമ്പദ്‌വ്യവസ്ഥ നൽകുന്ന വാഗ്ദാനത്തിൽ ഞങ്ങൾ അഭിമാനംകൊള്ളുമ്പോൾതന്നെ, അതിൻെറ കുറവുകളും അവശേഷിക്കുന്ന പ്രശ്നങ്ങളും ഞങ്ങൾ കണ്ടറിയുന്നുമുണ്ടു്. അമേരിക്കക്കാർ ഇപ്പോഴും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെയും അവ പരിഹരിക്കുന്നതിനുള്ള ഉപകരണങ്ങളുടെയും സ്വഭാവത്തിലേയ്ക്കു് ഉൾക്കാഴ്ച ലഭിക്കുന്നതിനു് നേട്ടങ്ങളെക്കുറിച്ചൊരു ധാരണയുണ്ടാകുന്നതാവശ്യമാണു്. ഒരുപക്ഷേ നമ്മുടെ സാമ്പത്തികസമ്പ്രദായത്തിൽ ഞങ്ങളേററവും ഇഷ്ടപ്പെടുന്നതു്, മററെല്ലാ ജനാധിപത്യരാജ്യങ്ങളിലുമെന്നപോലെ, ഓരോ പൗരനും സമ്പദ്‌വ്യവസ്ഥയുടെ പോരായ്മകൾ കണ്ടറിയാനും അതിൻെറ നില അഭിവൃദ്ധിപ്പെട്ടുത്താനും ഉത്തരവാദിത്വമുണ്ടെന്നുള്ളതാണു്. ഈ രീതിയിൽക്കൂടി മാത്രമേ അമേരിക്കൻ സമ്പദ്‌വ്യവസ്ഥയ്ക്കു് അതിൻെറ മുഴുവൻകഴിവുകളുടെയും സാക്ഷാല്ക്കാരത്തിലേയ്ക്കു പുരോഗമിക്കാനാവുകയുള്ളു.

ഒന്നാം ഭാഗം

## ഉയർന്ന ഉൽപാദനക്ഷമതയും ഉപഭോഗവും അമേരിക്ക എങ്ങിനെ നേടുന്നു?

മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തത്രയും ഉല്പാദനക്ഷമതയും ഉയന്ന ജീവിതനിലവാരവും നേടാൻ അമേരിക്കയ്ക്കു് എങ്ങിനെ സാധിച്ചുവെന്നതിനെ സംബന്ധിച്ച് ഋജുവും ലളിതവുമായ ഒരു വിശദീകരണം നൽകാൻ കഴിയുന്നതു് സന്തോഷകരമായ ഒരു കാര്യമായിരിക്കും. പക്ഷേ, ഒരു യന്ത്രത്തെപ്പോലെതന്നെ സങ്കീർണ്ണമാണ് അമേരിക്കൻ സമ്പദ്‌വ്യവസ്ഥ. വ്യത്യസ്തങ്ങളായ നിരവധി ഘടകങ്ങൾക്കു പുറമേ, ഓരോ ഘടകവും തമ്മിൽ അതിസൂക്ഷ്മമായി കൂട്ടിയിണക്കി നിത്തുന്നതിനേയും ആശ്രയിച്ചാണതിൻെറ ഉൽപാദനം. അമേരിക്കയിലെ വ്യത്യസ്തഭൂപ്രദേശങ്ങളിൽനിന്നും പ്രത്യേക താല്പര്യങ്ങളുള്ള അനേകം സംഘങ്ങളിൽനിന്നും ചെലുത്തപ്പെടുന്ന സമ്മർദ്ദങ്ങൾ ഒരു ജനാധിപത്യസമ്പ്രദായത്തിൽ സൃഷ്ടിക്കുന്ന ഞെരുക്കത്തിൽപ്പെട്ടു് ഈ യന്ത്രം ഛിന്നഭിന്നമായിത്തീന്നിട്ടില്ലെന്നതു്, ഒരത്ഥത്തിൽ, അല്പം അത്ഭുതകരമാണ്. വൈഷമ്യങ്ങളുണ്ടായിട്ടുകൂടി ഈ യന്ത്രം തുടന്നും പ്രവത്തിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല, കാലക്രമത്തിൽ അതിൻെറ രൂപം ഗണ്യമായി മാറുകയും പ്രവത്തനക്കഴിവ് അഭിവൃദ്ധിപ്പെടുകയും ചെയ്തിട്ടുമുണ്ട്. ഇവയത്രയും തക്കമററ വസ്തുതകളാണ്. ഇതെങ്ങിനെ സംഭവിച്ചുവെന്നു് കാണിക്കാനാണ് ഒന്നാംഭാഗത്തിൽ ഞങ്ങൾ ശ്രമിക്കുന്നതു്.

അമേരിക്കയിലേയും ഇതരരാജ്യങ്ങളിലേയും ഉല്പാദനം, വരുമാനം, ഉപഭോഗം എന്നിവ സംബന്ധിച്ചുള്ള വസ്തുതകളും കണക്കുകളുമാണ് ഒന്നാം അദ്ധ്യായം അവതരിപ്പിക്കുന്നതു്. ഈ സംക്ഷിപ്ത അവലോകനത്തിൽ കൊടുത്തിട്ടുള്ള സ്ഥിതിവിവരക്കണക്കുകൾ വായനക്കാരിൽ പലക്കും പുതുമയുള്ളവയോ ആവശ്യമുള്ളവയോ ആയിരിക്കുകയില്ല. എങ്കിലും ഒന്നാകെ നോക്കുമ്പോൾ, അമേരിക്കയുടെ ഉല്പാദനക്ഷമതയിൽ ഉൾച്ചേരുന്ന പരസ്പരബദ്ധമായ ഘടകങ്ങൾ മനസ്സിലാക്കുന്നതിന് അവ ഒരു തുടക്കമായിരിക്കും.

രണ്ടുമുതൽ എട്ടുവരെയുള്ള അദ്ധ്യായങ്ങൾ രണ്ടു ചോദ്യങ്ങൾക്ക് സമാധാനം ആരായുകയാണ്. അമേരിക്കയുടെ ഉല്പാദനക്ഷമതയിൽ ഉയച്ച് സംഭവിക്കാനും ജീവിതനിലവാരത്തിൽ ഇത്രയും വലിയ ഒരു

വർദ്ധന സാദ്ധ്യമാകാനും കാരണമായ പ്രധാന ഘടകങ്ങൾ . ഏവ? ഈ പ്രവണതകൾ ഭാവിയിലും തുടരുന്നതിന്നുള്ള സാദ്ധ്യതകൾ എന്തു്? പ്രകൃതിവിഭവങ്ങൾ, തൊഴിലാളികൾ, മാനേജ്മെൻറു്, ഗവേഷണവും സാങ്കേതികശാസ്ത്രവും, മൂലധനം, ഗവൺമെൻറു് എന്നിവയും അവസാനമായി. ഇവയ്ക്കു് അമേരിക്കയുടെ സമ്പദ്‌വ്യവസ്ഥയിൽ രൂപം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ, പ്രേരണകൾ, മൂല്യങ്ങൾ എന്നീ ഘടകങ്ങളും ഉല്പാദനക്ഷമതയ്ക്കു് നൽകിയിട്ടുള്ള സംഭാവനകളെ ചുറ്റി കേന്ദ്രീകരിക്കുന്നു.

ഓരോ പ്രത്യേക ഘടകവും ഉല്പാദനക്ഷമതയ്ക്കു് ഏതു രീതിയിൽ സംഭാവനചെയ്യുന്നുവെന്നു് വിവരിക്കുകയാണു്. പ്രശംസിക്കുകയോ വിമർശിക്കുകയോ അല്ല, ഒന്നാം ഭാഗത്തിൻെറ ഉദ്ദേശം. എങ്കിലും, ഞങ്ങൾ ഇവിടെത്തന്നെ രേഖപ്പെടുത്തട്ടെ, ഒരു കാര്യത്തിലും ഞങ്ങൾ ഉൽകൃഷ്ടത കണ്ടിട്ടില്ല. ഇനിയും മെച്ചപ്പെടുത്തേണ്ടവയും മെച്ചപ്പെടുത്താവുന്നവയുമായ വശങ്ങൾ ഓരോന്നിലുമുണ്ടു്. ഓരോ ഘടകത്തിൻേറയും വിവരണത്തോടൊപ്പംതന്നെ അത്തരം ന്യൂനതകളുടെ സൂചനയും കാണാം. അത്തരം പ്രശ്നങ്ങളെക്കുറിച്ചും പൊതു-സ്വകാര്യ നയങ്ങൾവഴി അവ പരിഹരിക്കാൻ ശ്രമിക്കുന്നതിനെക്കുറിച്ചുമുള്ള ഞങ്ങളുടെ അപഗ്രഥനം രണ്ടാംഭാഗത്തിലേക്കു് മാററിവച്ചിരിക്കുകയാണു്.

# ചില വസ്തുതകളും കണക്കുകളും I

ഉല്പാദനവും ഉപഭോഗവും അമേരിക്കയിൽ എത്രകണ്ട് ഉയന്നതാണ്? മററു രാജ്യങ്ങളിലെ സാമ്പത്തികനേട്ടങ്ങളോട് താരതമ്യപ്പെടുത്തുമ്പോൾ അവയുടെ നിലയെന്ത്?

* അമേരിക്കയിലെ ഇന്നത്തെ മൊത്തം ഉല്പാദനം സാമ്പത്തികപ്രവത്തനങ്ങളുടെ ഉച്ചകോടിയിലെത്തിയ 1929-ലേതിൻെറ ഉദ്ദേശം രണ്ടരമടക്കാണ്. വരുന്ന ദശകത്തിൽ ഇതു് കൂടുതൽ ഉയന്ന തോതിൽ വദ്ധിച്ചുകൊണ്ടിരിക്കുമെന്നു പ്രതീക്ഷിക്കാം.
* മണിക്കൂറൊന്നിനുള്ള ഉല്പാദനനിരക്ക് കഴിഞ്ഞ മുപ്പതുവഷങ്ങളായി പ്രതിവഷം രണ്ടരശതമാനം വദ്ധിച്ചുകൊണ്ടിരുന്നു. സാങ്കേതികപരിഷ്കാരങ്ങൾ കൂടുതൽ ശീഘ്രഗതിയിൽ സ്വീകരിക്കപ്പെടുന്നതോടെ ഈ നിരക്ക് ഭാവിയിൽ ഉയരാതിരിക്കയില്ല.
* വൻകിട ഉല്പാദനത്തിൻെറ ഗുണങ്ങൾ മുമ്പത്തേതിലും, ഇതര രാജ്യങ്ങളിലുള്ളതിലും, കൂടുതൽ വ്യാപകമായി അമേരിക്കയിൽ അനുഭവവേദ്യമാകുന്നുണ്ട്.
* സ്ഥിരം വിലനിരക്കനുസരിച്ച് ആളോഹരി ഉപഭോഗം 1929-നുശേഷം ഏതാണ്ട് 60 ശതമാനം ഉയന്നിട്ടുണ്ട്. ഇതും മറേറതൊരു രാജ്യത്തുള്ളതിനേക്കാളും ഉയന്നതാണ്.
* സാമ്പത്തിക അസ്ഥിരത ചെറുക്കുന്നതിന് കഴിഞ്ഞകാലത്തേക്കാൾ കൂടുതൽ മെച്ചപ്പെട്ടനിലയിൽ രാജ്യം സന്നദ്ധമായിരിക്കുന്നു.
* അമേരിക്കയിലെ ജനസംഖ്യ ലോകജനസംഖ്യയുടെ ആറുശതമാനംമാത്രമാണ്. പക്ഷേ, ലോകത്തിൻെറ മൊത്തം വ്യാവസായികോല്പാദനത്തിൻെറ മൂന്നിലൊരുഭാഗത്തോളം അമേരിക്കയിലാണ് നടക്കുന്നതു്.

ഈ പ്രസ്താവനകൾ ശുഷ്കമാണ്. എങ്കിലും മററു കണക്കുകളുടെ പിൻബലത്തോടെ ഇവയ്ക്കു അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ പരിമാണത്തിൻേറയും, പ്രത്യേക സ്വഭാവത്തിൻേറയും ഏതാണ്ടൊരു രൂപം നൽകാൻ കഴിയും.

ഈ കണക്കുകളുടേയും വരാനിരിക്കുന്നവയുടേയും വ്യാഖ്യാനത്തെ സംബന്ധിച്ച് ഒരു മുന്നറിയിപ്പുനൽകുന്നതു് ഈ ഘട്ടത്തിൽ ഉചിത

മായിരിക്കും. വരുമാനങ്ങളും, സമ്പാദ്യങ്ങളും, ഭവനസൗകര്യങ്ങൾ, ഭക്ഷണം എന്നിവയുടേയും, അമേരിക്കൻ ജീവിതനിലവാരത്തിന്റെ മററു വശങ്ങളുടേയും അളവുകളുടെ സൂചനയായി ചേർത്തിട്ടുള്ള ആളോഹരികണക്കുകൾ "ശരാശരി" അമേരിക്കക്കാരനെസംബന്ധിച്ചുള്ളവ മാത്രമാണ്. ഈ കണക്കുകൾ സൂചിപ്പിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട നിലവാരത്തിൽ ജീവിക്കുന്ന അമേരിക്കക്കാരുണ്ട്. അതേസമയംതന്നെ ദാരിദ്ര്യത്തിന്റെ അവശിഷ്ടങ്ങളും അമേരിക്കയിലുണ്ട്. എല്ലാ തരക്കാരേയും ഉൾക്കൊള്ളുന്നവയാണ് ശരാശരി കണക്കുകൾ. പുറമെ, ഓരോ രാജ്യത്തിന്റെയും ഉല്പാദനത്തേയും ഉപഭോഗത്തേയും അന്താരാഷ്ട്രീയമായി തുലനംചെയ്യുന്നത് അപകടകരമാണ്. അമേരിക്കയിലേയോ മററു രാജ്യങ്ങളിലേയോ ജീവിതനിലവാരങ്ങളിലുള്ള മേന്മകളുടേയും കുറവുകളുടേയും ഒരു യഥാർത്ഥചിത്രം ലഭിക്കുന്നതിനാവശ്യമായ പടവുകൾ കാണിക്കുന്ന കാര്യത്തിൽ അതും പരാജയപ്പെടുന്നു. എങ്കിലും അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിലെ പരിശോധനാർഹമായ ചില സവിശേഷതകളിലേക്ക് വെളിച്ചംവീശാൻ സ്ഥിതിവിവരക്കണക്കുകൾ അന്താരാഷ്ട്രീയമായി തുലനംചെയ്യുന്നത് സഹായകമാകുന്നതാണ്.

സ്ഥിതിവിവരക്കണക്കുകളെ അമിതമായി ആശ്രയിക്കുന്നതിൽ സാരമായ മറെറാരു ന്യൂനതക്രൂടിയുണ്ട്. ഓരോ രാജ്യത്തും അതിപ്രധാനവും വിദൂരഫലമുളവാക്കുന്നവയും, എന്നാൽ പ്രകടമല്ലാത്തവയുമായ സവിശേഷതകൾ നിലവിലുണ്ട്. ഇവ കൃത്യമായി പ്രതിഫലിപ്പിക്കുന്നതിലും സ്ഥിതിവിവരക്കണക്കുകൾ അനിവാര്യമായി പരാജയപ്പെടുന്നുണ്ട്. ഉല്പാദനപ്രക്രിയകൾ പരിപോഷിപ്പിക്കുന്ന സാമ്പത്തികേതരമൂല്യങ്ങളേയോ, ഉപഭോഗത്തിലുള്ള വിവിധ രീതികളുടേയും നിലവാരങ്ങളുടേയും ഗുണപരമായ വശങ്ങളേയോ നാണയാടിസ്ഥാനത്തിലും ഭൗതികാടിസ്ഥാനത്തിലുംമാത്രമുള്ള താരതമ്യപഠനം തൃപ്തികരമായി രേഖപ്പെടുത്തുകയില്ല. കമ്പോളവിലയനുസരിച്ച് തിട്ടപ്പെടുത്തപ്പെടുന്ന ചരക്കുകളുടേയും സേവനങ്ങളുടേയും ഉല്പാദനവും ഉപഭോഗവും സാമ്പത്തികപ്രവർത്തനത്തിന്റെ മുഴുവൻ സാമൂഹ്യപ്രാധാന്യത്തേയും അളക്കാൻ അപര്യാപ്തമാണ്. ഉദാഹരണമായി ഒരു ശാസ്ത്രജ്ഞന്റെ കണ്ടുപിടിത്തങ്ങൾ ഭാവിയെസംബന്ധിച്ച് വളരെ പ്രാധാന്യമുള്ളവയായിരിക്കാമെങ്കിലും, അവയ്ക്കുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ തുച്ഛമായ പ്രതിഫലംമാത്രമേ അയാൾക്ക് ലഭിക്കുന്നുള്ളുവെന്നുവരാം. ഔഷധങ്ങളുടെ കാര്യത്തിൽ ഇങ്ങിനെ സംഭവിച്ചിട്ടുണ്ട്. പ്രവർത്തനത്തിന്റെ പ്രാധാന്യവുമായി തട്ടിച്ചുനോക്കുമ്പോൾ ദയനീയമായി താഴ്ന്ന വേതനംമാത്രംലഭിക്കുന്ന

സേവനോൽസുകരായ അദ്ധ്യാപകരാണ് ജിജ്ഞാസ, ഭാവന, ധൈര്യം തുടങ്ങി പുരോഗതിയിലേക്കും പരിവർത്തനത്തിലേക്കും നയിക്കുന്ന സ്വഭാവങ്ങൾ വളർത്തുന്നതെന്നു കാണാം. അതുപോലെതന്നെ, രാഷ്ട്രത്തിൻെറ സാംസ്കാരികജീവിതത്തിന് അമൂല്യമായ സംഭാവനയായിരിക്കാം ഒരു ചിത്രകാരൻ നൽകുന്നതെങ്കിലും, അയാളുടെ ചിത്രങ്ങൾ ഉടനടി വിററുപോകാത്തവയാണെങ്കിൽ നാണയാടിസ്ഥാനത്തിൽ നോക്കുമ്പോൾ പൂജ്യംവിലയായിരിക്കും അയാളുടെ പ്രവർത്തനങ്ങൾക്കു കല്പിക്കപ്പെടുന്നതു്.

സ്ഥിതിവിവരക്കണക്കുപ്രകാരമുള്ള വിവരണത്തിൽ ഈ അപര്യാപ്തതകളുണ്ടെങ്കിലും, അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ നേട്ടങ്ങൾക്കും അവശേഷിക്കുന്ന പോരായ്മകൾക്കും ഉത്തരവാദിത്വമുള്ള ഘടകങ്ങളെക്കുറിച്ച് ധാരണ പൂർണ്ണമാക്കുന്നതിന്, കൂടുതൽ പ്രാധാന്യമുള്ള, പരിമാണപരമായ ഏതാനും താരതമ്യപഠനങ്ങൾ സഹായകമായേക്കും.


## അമേരിക്കയിലെ സമീപകാലപുരോഗതി

കഴിഞ്ഞ തലമുറക്കാലത്തു് അമേരിക്കൻസമ്പദ്‌വ്യവസ്ഥയിൽ ചില പ്രധാന വൈരുദ്ധ്യങ്ങൾ അനുഭവപ്പെട്ടിട്ടുണ്ട്. 1920-ൽ തുടങ്ങിയ ദശകത്തിലെ സാമ്പത്തികമുന്നേററം, അനന്തരദശകത്തിലെ ഗുരുതരമായ തകർച്ച, യുദ്ധകാലസമ്പദ്‌വ്യവസ്ഥയും തുടർന്ന് 1940-ൽ ആരംഭിച്ച ദശകത്തിലെ യുദ്ധാനന്തരനീക്കുപോക്കുനടപടികളും, അടുത്ത ദശകത്തിലെ സാമ്പത്തികവികാസം, തൽഫലമായുണ്ടായ ലഘുതരമായ യുദ്ധാനന്തരമാന്ദ്യങ്ങൾ എന്നിവയാണ് ആ വൈരുദ്ധ്യങ്ങൾ. ഭയങ്കരതകർച്ചയുടെ ഫലമായ നിയന്ത്രണപ്രവണതയും സാമ്പത്തികക്കഴിവുകളത്രയും യുദ്ധാവശ്യങ്ങൾക്കു തിരിച്ചുവിടലും ഉണ്ടായിട്ടുപോലും കഴിഞ്ഞ മൂന്നു ദശകങ്ങൾക്കകം സമാധാനകാലത്തെ ഉപഭോഗത്തിനുള്ള ചരക്കുകൾ ഉല്പാദിപ്പിക്കുന്നതിനുള്ളകഴിവ് അത്യന്തം വളർന്നിട്ടുണ്ട്.

ഉല്പാദനക്ഷമതയാണ് (ഒരു മണിക്കൂർ മനുഷ്യപ്രയത്നം നിർവ്വഹിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപാദനം) ഉയർന്നതും വളർന്നുകൊണ്ടിരിക്കുന്നതുമായ ഈ ജീവിതനിലവാരത്തിൻെറ താക്കോൽ. ലഭ്യമായ വിഭവശേഷിയുപയോഗിച്ച് കൂടുതൽ കൂടുതൽ ചരക്കുകളും സേവനങ്ങളും ഉൽപാദിപ്പിക്കാനുള്ള കഴിവുണ്ടാക്കിയതു് ഉൽപാദനക്ഷമതയാണ്. തൊഴിൽവാരം ചുരുങ്ങിയിട്ടുപോലും ഉപഭോഗത്തിലുള്ള ഉയർന്ന നിലവാരം നിലനിർത്തിയിട്ടുള്ളതു് ഉൽപാദന

ചാർട്ട് – 1.

## സാമ്പത്തികവളർച്ച്യയുടെ സൂചനകൾ
### 1929–1960 (1960–ലെ ഡോളർ അടിസ്ഥാനത്തിൽ)




കുറിപ്പ്: അനുബന്ധം 1–ാം പട്ടിക കാണുക.

ക്ഷമതയാണ്. സമീപവർഷങ്ങളിലുണ്ടായിട്ടുള്ള സാമ്പത്തികവളർച്ചയ്ക്കും താരതമ്യേന ഉയർന്നതോതിലുള്ള സാമ്പത്തികസ്ഥിരതയ്ക്കും ഉൽപാദനക്ഷമതയത്രേ പ്രധാന കാരണം.

KOTTAYAM PUBLIC LIBRARY

അമേരിക്കൻസമ്പദ്‌വ്യവസ്ഥ ഒന്നാകെയെടുത്താൽ, അതിൻെറ ഉൽപാദനക്ഷമത കഴിഞ്ഞ അരനൂററാണ്ടിനിടയിൽ മൂന്നുമടങ്ങും 1929-നുശേഷം രണ്ടുമടങ്ങും വർദ്ധിച്ചിട്ടുണ്ട്. (അനുബന്ധം 3-ാംപട്ടിക നോക്കുക.) ഉൽപാദനക്ഷമതയുടെ വർദ്ധനനിരക്ക് അരനൂററാണ്ടുകാലത്ത് കൊല്ലത്തിൽ 2.2 ശതമാനവും 1929-നുമുമ്പുള്ള ദിവസങ്ങൾക്കുശേഷം 2.5 ശതമാനവുമാണെന്നാണ് ഇതു കാണിക്കുന്നത്. രണ്ടാം ലോകയുദ്ധത്തിനുശേഷമുള്ളകാലത്ത് വാർഷികവർദ്ധനവ് ശരാശരി മൂന്നുശതമാനത്തിലധികമാണ്. ഏററിയതും ചരക്കുൽപാദനവ്യവസായങ്ങളിലുണ്ടായിട്ടുള്ള നേട്ടങ്ങളെയാണ് ഈ വർദ്ധനവുകൾ പ്രതിഫലിപ്പിക്കുന്നത്. 1947-'49-നുശേഷം ചരക്കുനിർമ്മാണരംഗത്തെ ഉൽപാദനക്ഷമത കൊല്ലത്തിൽ ശരാശരി. 3.5 ശതമാനത്തിലുപരി വർദ്ധിച്ചിട്ടുണ്ട്. ഇതിനിടയിൽ കാർഷികരംഗത്തെ ഉൽപാദനക്ഷമത, വ്യാവസായികരംഗത്തിൻെറ ഏതാണ്ട് പകുതിനിലവാരത്തിലാണ് ഇപ്പോഴുമെങ്കിലും, കഴിഞ്ഞദശകത്തിനുശേഷം കൊല്ലത്തിൽ ശരാശരി 4 ശതമാനത്തിൽപരം എന്ന നിരക്കിൽ വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്.

ഉൽപാദനക്ഷമതയുടെ വർദ്ധന വ്യവസായങ്ങൾതോറും വ്യത്യസ്തമാണ്. (അനുബന്ധം 4-ാംപട്ടിക നോക്കുക.) ഉദാഹരണത്തിനു് കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ചില ഖനനവ്യവസായങ്ങളിൽ ഉൽപാദനക്ഷമത ലഘുവായതോതിലാണ് വർദ്ധിക്കുന്നത്. ടെലഗ്രാഫ്‌വ്യവസായത്തിൽ ഉൽപാദനം ഇടിയുകയാണ്. നേരേമറിച്ച് റയോൺ, കൃത്രിമനാരുകൾ, സിമൻറ്, കാനിംഗ് തുടങ്ങിയ വ്യവസായങ്ങളിൽ ഉൽപാദനക്ഷമത സമ്പദ്‌വ്യവസ്ഥയുടെ ഒന്നാകെയുള്ള തോതിനേക്കാൾ ഗണ്യമായി ഉയർന്നുകൊണ്ടിരിക്കുന്നു. മററു പല ചരക്കുനിർമ്മാണവ്യവസായങ്ങളിലേക്കാൾ കൂടിയതാണ് ഇവയിലെ വേഗത. മാത്രമല്ല, ഉയർന്ന ഉൽപാദനക്ഷമതയുള്ള ഈ വ്യവസായങ്ങളുടെ ആപേക്ഷികപ്രാധാന്യം അധികരിച്ചിട്ടുമുണ്ട്. കാർഷികരംഗത്തുനിന്നും ഉയർന്ന ഉൽപാദനക്ഷമതയുള്ള വ്യാവസായികരംഗത്തേക്കു് തൊഴിലാളികളുടെ പ്രയാണം "ഒരുമണിക്കൂർ മനുഷ്യപ്രയത്നത്തിൻെറ ഉൽപാദനത്തോത്" പിന്നെയും ഉയരുന്നതിനു കാരണമായിത്തീരുന്നു. അതിനാൽ ഉൽപാദനപ്രക്രിയയിലെ സാങ്കേതികവും ഭരണപരവുമായ പരിഷ്കരണങ്ങളാണ് ഉൽപാദനക്ഷമതയിലുള്ള പൊതുവായ വർദ്ധനവിനു പ്രധാന കാരണമെങ്കിലും, താഴ്ന്ന ഉൽപാദനക്ഷ


മതയുള്ള വ്യവസായങ്ങളിൽനിന്നും ഉയൎന്ന ഉൽപാദനക്ഷമതയുള്ള വ്യവസായങ്ങളിലേക്ക് തൊഴിലാളികളുടെ പ്രയാണത്തിനും ഒരു ചെറിയ പങ്കുണ്ട്.

ജീവിതസൗകൎയ്യങ്ങൾ വൎദ്ധമാനമായതോതിലും സമീകൃതനിലയിലും അനുഭവിക്കുന്നതിനുള്ള പ്രവണതയാണ് അമേരിക്കയിലെ ഉപഭോഗരൂപത്തിലുണ്ടായിട്ടുള്ള ഏററവും പ്രധാന പുരോഗതി. സമ്പത്തത്രയും അമേരിക്കക്കാരിൽ ഒരു ന്യൂനപക്ഷത്തിൽ കുമിഞ്ഞുകൂടിയിരുന്ന സ്ഥാനത്ത് വരുമാനത്തിൻെറ കൂടുതൽ സമീകൃതമായ വിതരണം നിലവിൽ വന്നിട്ടുണ്ട്. ഉദാഹരണത്തിനു്, 1929-ൽ ചിലവുചെയ്യാനോ മിച്ചംവെക്കാനോ ലഭ്യമായിരുന്ന മൊത്തം വരുമാനത്തിൻെറ 33.8 ശതമാനം ഏററവും ഉയൎന്ന വരുമാനമുണ്ടായിരുന്ന അഞ്ചുശതമാനം മാത്രം അമേരിക്കക്കാരടങ്ങുന്ന ഒരു സംഘത്തിൻേറതായിരുന്നു. 1952 ആയപ്പോഴേക്കും ഈ സംഘത്തിൻെറ വരുമാനം 15.8 ശതമാനം മാത്രമായിത്തീൎന്നു കഴിഞ്ഞ ചില വർഷങ്ങളായി പറയത്തക്ക മാററമൊന്നും ഈ നിലയിൽ വന്നിട്ടില്ല. (അനുബന്ധം 5-ാംപട്ടിക നോക്കുക.) 1920-ലും 1930-ലും ആരംഭിച്ച ദശകങ്ങളിലേതിനെ അപേക്ഷിച്ച് കൂടുതൽ കനത്ത എസ്റ്റേററുനികുതികളും അനുക്രമം ഉയരുന്ന ആദായനികുതികളുമാണ് ഭാഗികമായി ഇതിന്നു കാരണം. വളരെ ഉയൎന്ന വരുമാനങ്ങൾ കുമിഞ്ഞുകൂടുന്നതിനെ ഈ നികുതികൾ തടഞ്ഞു. എന്നാൽ താഴ്ന്ന വരുമാനഗ്രൂപ്പുകളുടെയത്രയും വരുമാനങ്ങളിലുണ്ടായ താരതമ്യേന മഹത്തായ ഉയൎച്ചയാണ് ഈ വരുമാനപുനർവിതരണത്തിന്നു മുഖ്യതരമായ നിദാനം. വിപുലമായ തൊഴിൽസാഹചൎയ്യങ്ങളോടൊപ്പം തൊഴിലാളി-മാനേജ്മെൻറ്ബന്ധങ്ങളിൽ വൎദ്ധമാനമായതോതിൽ ഫലപ്രദമായ കൂട്ടായ വിലപേശലും ഏററവും കുറഞ്ഞ കൂലിനിലവാരങ്ങൾ ഗവൺമെൻറു നിജപ്പെടുത്തിയതും താഴ്ന്ന വേതനഗ്രൂപ്പുകളുടെ വരുമാനനിലവാരങ്ങളെ ഉയൎന്ന ഗ്രൂപ്പുകളുടെ നിലവാരങ്ങളോട് കൂടുതൽ അടുപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞ മുപ്പതുവൎഷങ്ങളായി ഒരു കുടുംബത്തിൻെറ ശരാശരി "യഥാൎത്ഥ"വരുമാനത്തിൽ ഗണ്യമായവൎദ്ധനവുണ്ടായിട്ടുണ്ട്. (അനുബന്ധം 6-ാം പട്ടിക നോക്കുക.) രണ്ടോ മൂന്നോ ദശകങ്ങൾക്കു മുമ്പ് താഴ്ന്നവരുമാനമുള്ള ഒരു കുടുംബത്തിൻെറ തലവൻ, അയാൾക്ക് തൊഴിലുണ്ടായിരുന്നെങ്കിൽ, അപൎയ്യാപ്തമായ വേതനം ലഭിക്കുന്നതിനുവേണ്ടി സാധാരണയായി അനേകം മണിക്കൂറുകൾ ജോലി ചെയ്യേണ്ടിയിരുന്നു. കുടുംബാംഗങ്ങളിൽ മററുപലരും മുഴുവൻസമയമോ കുറച്ചുസമയമെങ്കിലുമോ ജോലിചെയ്യെങ്കിൽമാത്രമാണ് നിത്യ

## ചാർട്ട് – 2.

## ചില തിരഞ്ഞെടുത്ത വ്യവസായങ്ങളിൽ ശരാശരി മണിക്കൂർ സമ്പാദ്യത്തിലുള്ള വർദ്ധന, 1936–1960




1. പ്രാരംഭഘട്ടത്തിൽ.
2. ഭക്ഷണവും താമസമുറിയും കൂടാതെ ഓരോ മണിക്കൂറിനുമുള്ള ശരാശരി കൂലി നിരക്ക്; ശരാശരി പ്രതിദിന കൂലിനിരക്കിനെ പ്രതിദിനം ജോലിചെയ്ത ശരാശരി മണിക്കൂർകൊണ്ട് ഹരിച്ചുകിട്ടുന്നത്.

*Source:* W. S. Woytinsky, Employment and Wages in the United States, The Twentieth Century Fund, New York, 1953 p 459; Bureau of Labor Statistics, U. S. Department of Labor; U. S. Department of Agriculture.



2

വൃത്തികഴിച്ചുകൂട്ടാനുള്ള വകനേടാൻ ഒരു കുടുംബത്തിനു കഴിയുമായിരുന്നതു്. മുഴുവൻസമയം ജോലിയുള്ള പല തൊഴിലുകളിലേയും അടിസ്ഥാനകൂലിനിരക്കുകൾ അപര്യാപ്തമെന്നതായിരുന്നു അന്നത്തെ പ്രശ്നം. എന്നാൽ 1930-ൽ തുടങ്ങിയ ദശകത്തിനുശേഷം അമേരിക്കൻ തൊഴിലാളികളുടെ മണിക്കൂർതോറുമുള്ള ശരാശരി സമ്പാദ്യം, പ്രത്യേകിച്ചും കൂലിനിരക്കുകൾ താരതമ്യേന കുറവായിരുന്ന വ്യവസായങ്ങളിൽ, ഗണ്യമായി ഉയർന്നിട്ടുണ്ടു്. ഉദാഹരണത്തിനു് 1939 മുതൽ 1960-വരെ ഉപഭോക്തൃവിലസൂചിക രണ്ടിരട്ടിയിൽപ്പരം മാത്രം ഉയർന്നപ്പോൾ കാർഷികരംഗത്തെ കൂലിനിരക്കുകൾ, യുദ്ധത്തിനുമുമ്പുണ്ടായിരുന്ന നിലവാരങ്ങളെ അപേക്ഷിച്ചു്, 6 ഇരട്ടിയായി ഉയർന്നു. തുണിമില്ലുകളിലെ സമ്പാദ്യങ്ങൾ മൂന്നരമടങ്ങും ഉയർന്നിട്ടുണ്ടു്. ഉയർന്ന കൂലിനിരക്കുകൾ നിലവിലിരുന്നിരുന്ന വ്യവസായങ്ങളിൽപ്പോലും ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളതു്. ഉദാഹരണത്തിനു്, മോട്ടോർവാഹനനിർമ്മാണവ്യവസായത്തിൽ 204 ശതമാനവും ടെലഫോൺ വ്യവസായത്തിൽ 183 ശതമാനവും ശരാശരി സമ്പാദ്യം വർദ്ധിക്കുകയുണ്ടായി. ഇന്നു വാസ്തവത്തിൽ, എല്ലാ മുഴുവൻസമയജോലിക്കാരും നിത്യവൃത്തിക്കാവശ്യമായ നിലവാരങ്ങൾ പുലർത്തുന്നതിനുള്ള വക നേടുന്നുണ്ടു്. അധികംപേരും അതിലും കൂടുതലും വരുമാനമാർജ്ജിക്കുന്നു. ഇതിനുപുറമെ, തൊഴിൽചെയ്തു് ജീവിക്കാനുള്ള കഴിവു് ക്ഷയിക്കുന്നപക്ഷം ഗവമ്മെണ്ടിന്റെ സാമൂഹ്യസഹായപരിപാടികൾ, ഇൻഷുറൻസ് ആനുകൂല്യങ്ങൾ, സ്വകാര്യസ്ഥാപനങ്ങളുടെ പെൻഷൻപദ്ധതികൾ, സ്വകാര്യസാമൂഹ്യക്ഷേമസ്ഥാപനങ്ങൾ എന്നിവ ഒരു വരുമാനമാർഗ്ഗം നൽകുകയുംചെയ്യുന്നുണ്ടു്.

വ്യക്തിപരമായ ആദായം രണ്ടായിരം ഡോളറിൽ താഴെ മാത്രമുള്ള കുടുംബങ്ങളുടെ എണ്ണത്തിലുണ്ടായിട്ടുള്ള സാരമായ ഇടിവു്, ഇത്തരം കുടുംബങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള നടപടികളിലുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുന്നുണ്ടു്. താഴ്ന്ന വരുമാനമുള്ള കുടുംബങ്ങളുടെ എണ്ണം 1929-ൽ ഒട്ടാകെ അമേരിക്കൻകുടുംബങ്ങളുടെ 32 ശതമാനമായിരുന്നതു് 1960-ൽ 13 ശതമാനമായിത്തീർന്നു. എങ്കിലും സ്വന്തം അതിർത്തിയ്ക്കകത്തുതന്നെയുള്ള അല്പവികസിതപ്രദേശങ്ങളുടെ പ്രശ്നങ്ങൾ അമേരിക്ക അഭിമുഖീകരിക്കുന്നുണ്ടു്. വരുമാനത്തിന്റേയും ഉല്പാദനത്തിന്റേയും നിലവാരങ്ങളിൽ ഗണ്യമായ പ്രാദേശികവ്യത്യാസങ്ങൾ ഇപ്പോഴും കാണാം. ഇത്തരത്തിൽപ്പെട്ട ചില പ്രദേശങ്ങളിൽ അഭിവൃദ്ധിയുണ്ടാക്കുന്നതിൽ ഗവമ്മെൻറിന്റെയും സ്വകാര്യസ്ഥാപനങ്ങളുടെയും പദ്ധതികൾ തികച്ചും വിജയിച്ചിട്ടുണ്ടു്. വിവിധ സംസ്ഥാനങ്ങളടങ്ങുന്ന ടെന്നസ്സി താഴ്വര

പ്രദേശം അത്തരം പ്രദേശങ്ങളിലൊന്നാണ്. അവിടെ ആളോഹരി വരുമാനം പൊതുഅമേരിക്കൻ ശരാശരിയുടെ 49 ശതമാനം താഴെയായിരുന്നു. 1960 ആയപ്പോഴേക്കും അതു് 36 ശതമാനം മാത്രമായി കുറയുകയുണ്ടായി. എങ്കിലും തെക്കേഅമേരിക്കയിലെ ചില പ്രദേശങ്ങളിലെ ആളോഹരിവരുമാനം രാജ്യത്തിലെ മററു പ്രദേശങ്ങളിലുള്ളതിനേക്കാൾ ഗണ്യമായി താഴ്ന്നനിലവാരത്തിലാണ് ഇപ്പോഴും സ്ഥിതിചെയ്യുന്നതു്.

ആധുനികജീവിതത്തിൻെറ സുഖസൗകര്യങ്ങൾ—മോട്ടോർകാർ മുതലായവ—ജനങ്ങൾക്കിടയിൽ കൂടുതൽ വ്യാപകമായിത്തീരുന്നതിനുള്ള പ്രവണത വരുമാനവിതരണത്തെസംബന്ധിച്ചുള്ള കണക്കുകൾ പൂർണ്ണമായി വ്യക്തമാക്കുന്നില്ല. 1949-ൽ 51 ശതമാനം അമേരിക്കൻ കുടുംബങ്ങൾക്കു് ചുരുങ്ങിയതു് ഓരോ കാർവീതവും മൂന്നു ശതമാനത്തിനു് രണ്ടോ അതിൽക്കൂടുതലോ കാറുകൾ വീതവുമാണ് സ്വന്തമായുണ്ടായിരുന്നതു്. 1960 ആയപ്പോഴേയ്ക്കും ഇവ യഥാക്രമം 77 ശതമാനവും 13 ശതമാനവുമായി ഉയരുകയുണ്ടായി. കൂടുതൽ സമ്പന്നന്മാൎക്കു് കൂടുതൽ സുഖസൗകര്യങ്ങളുള്ള കാറുകൾ വാങ്ങാൻ ഇനിയും കഴിയുമെങ്കിലും, ഒരു കാഡില്ലാക്കും ഒരു ഫോർഡും വാങ്ങുന്നതുതമ്മിലുള്ള വ്യത്യാസം ഏതെങ്കിലും തരത്തിലുള്ള ഒരു കാറുണ്ടാകുന്നതും ഇല്ലാതിരിക്കുന്നതും തമ്മിലുള്ളതിനേക്കാൾ വളരെ കുറവാണു്.

കൂടുതൽ ക്ഷേമകരമായ ജീവിതത്തിൻെറ തെളിവുകൾ ഇനിയും കാണുന്നതു് ഭവനനിർമ്മാണരംഗത്താണ്. കൂടുതൽ മെച്ചപ്പെട്ട വീടുകൾ വാങ്ങുന്നതിനു് ബഹുലക്ഷം അമേരിക്കക്കാരെ സർക്കാർപരിപാടികൾ സഹായിച്ചിട്ടുണ്ടു്. ഈ പരിപാടികളുടെ സഹായമില്ലായിരുന്നെങ്കിൽ ഇങ്ങിനെ മെച്ചപ്പെട്ട വീടുകൾ വാങ്ങാൻ അവൎക്കു കഴിയുമായിരുന്നില്ല. സ്വന്തമായ വീടുണ്ടാകുകയെന്നതു് ഒരു ശരാശരി അമേരിക്കൻ കുടുംബത്തിൻെറ ജീവിതരീതിയായിത്തീർന്നുകൊണ്ടിരിക്കുകയാണ്. 1940-ൽ 43.6 ശതമാനം കാർഷികേതരകുടുംബങ്ങളാണ് സ്വന്തം വീടുകളിൽ താമസിച്ചിരുന്നതു്. 1960 ആയപ്പോഴേക്കും ഇതു് 62 ശതമാനമായി ഉയൎന്നു. കൂടാതെ 89 ശതമാനം അമേരിക്കൻ കുടുംബങ്ങൾക്കു് ഓരോ ടെലിവിഷൻസെററുവീതവും 95 ശതമാനത്തിനു് ഒന്നോ അതിലധികമോ റേഡിയോ സെററുകളും സ്വന്തമായുണ്ടായിരുന്നു.

മെച്ചപ്പെട്ട ജീവിതനിലവാരങ്ങളുടെ ഈ വളൎച്ചയിൽ മററു മൂല്യങ്ങൾക്കും പങ്കുണ്ടു്. വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, പൊതുജനാരോഗ്യം, ആരാമങ്ങളും വിനോദസൗകര്യങ്ങളും എന്നിവ അടക്കമുള്ള

പല അത്യാവശ്യസേവനങ്ങളും ഫെഡറൽ—സ്റ്റേററ്—ലോക്കൽ ഗവണ്മെൻറുകളുടെ പ്രവത്തനങ്ങളം ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്. മുൻകാലങ്ങളിൽ പ്രായേണ ധനികക്കുമാത്രമേ തങ്ങളുടെ കുട്ടികൾക്ക് ഉപരിവിദ്യാഭ്യാസം നൽകാൻ കഴിഞ്ഞിരുന്നുള്ളു. ഉപരിവിദ്യാഭ്യാസം വിദ്യാത്ഥിയുടെ കഴിവിനെമാത്രം ആശ്രയിച്ചിരിക്കുന്ന ഒരു സ്ഥിതിയിൽനിന്നും അമേരിക്ക വളരെ വിദൂരത്താണെങ്കിലും സവ്വകലാശാലാവിദ്യാഭ്യാസത്തിൻെറ വ്യാപ്തി ഗണ്യമായി വികസിപ്പിക്കാൻ അമേരിക്കയ്ക്കു കഴിഞ്ഞിട്ടുണ്ട്. പകുതിപ്പേർമാത്രമേ ഒരു ഡിഗ്രിവാങ്ങി പഠനം പൂത്തിയാക്കുന്നുള്ളുവെങ്കിലും ഹൈസ്കൂൾവിദ്യാഭ്യാസംകഴിഞ്ഞു് പുറത്തുവരുന്ന വിദ്യാത്ഥികളിൽ ഏതാണ്ട് 40 ശതമാനം പേർ കോളേജുകളിലും സവ്വകലാശാലകളിലും ചേരുന്നുണ്ട്. 1960-ൽ 18-നും, 24-നും ഇടയ്ക്കു പ്രായമുള്ളവരിൽ ഉദ്ദേശം 17 ശതമാനംപേർ കോളേജുകളിലോ സവ്വകലാശാലകളിലോ ചേരുകയുണ്ടായി. 1900-ാമാണ്ടിൽ ഇതു് 3 ശതമാനംമാത്രമായിരുന്നു. മറെറാരു ഉദാഹരണം എടുത്തുകാണിക്കാം. ഒരു തലമുറക്കാലത്തിനു മുമ്പ് താരതമ്യേന കുറച്ചു അമേരിക്കക്കാക്കുമാത്രമാണ് തൊഴിലിൽനിന്നു് ഒഴിവെടുക്കാനും ഉല്ലാസയാത്രചെയ്യാനും കഴിവോ സമയമോ ഉണ്ടായിരുന്നതു്. ഇന്നു് മിക്കവാറും അമേരിക്കക്കാക്കു് ശമ്പളത്തോടുകൂടിയ ഒഴിവുകാലം ലഭിച്ചുവരുന്നു. ഒഴിവുകാലത്തെ ഇവരുടെ ആവശ്യങ്ങൾ നിവ്വഹിച്ചുകൊടുക്കുന്നതുതന്നെ ഒരു പ്രധാന സേവനവ്യവസായമായി വളരത്തക്കവിധം വിനോദങ്ങൾക്കും ഉല്ലാസത്തിനും വേണ്ടി വമ്പിച്ചതോതിൽ ജനങ്ങൾ യാത്രചെയ്യുന്നുണ്ട്. ശുശ്രൂഷാ–ആശുപത്രിസൗകര്യങ്ങളും, ജനങ്ങളുടെ സാമ്പത്തികക്കഴിവുനോക്കാതെതന്നെ, കൂടുതൽ കൂടുതൽ അമേരിക്കക്കാക്കു് ലഭ്യമാകുന്നുണ്ട്.

അങ്ങിനെ അമേരിക്കയിൽ ജീവിതസൗകര്യങ്ങൾ, പ്രത്യേകിച്ചും താഴ്ന്ന വരുമാനക്കാരുടെ താല്പര്യങ്ങളെ മുൻനിത്തി, വദ്ധിപ്പിക്കാനും കൂടുതൽ സമീകൃതമായനിലയിൽ അനുഭവവേദ്യമാക്കാനും വിവിധഘടകങ്ങൾ ഒന്നുചേന്നു സഹായകമായിത്തീന്നിട്ടുണ്ട്. വരുമാനവിതരണത്തിലുള്ള അസമത്വത്തിൽ യഥാത്ഥത്തിലുള്ള ഇടിവു്, വരുമാനത്തിൻേറയും ഉപഭോഗത്തിൻേറയും നിലവാരങ്ങളിലുള്ള പൊതുവായ ഉയച്ച, ഇവയ്ക്കുപുറമെ ഗവണ്മെൻറിൻെറ പരിപാടികളും പൊതുസേവന ഏപ്പാടുകളും എന്നിവയാണു് ഈ ഘടകങ്ങൾ.

1930-ൽ തുടങ്ങിയ ദശകത്തിൽ അനുഭവപ്പെട്ടതുപോലെ യുദ്ധാനന്തരസാമ്പത്തികമുന്നേററത്തെത്തുടന്നു് വീണ്ടും വമ്പിച്ച തൊഴിലില്ലായ്മ ഉണ്ടാകുമെന്ന ഭയം രണ്ടാംലോകയുദ്ധത്തിൻെറ അവസാനത്തിൽ പരക്കെയുണ്ടായിരുന്നു. പക്ഷേ, ഹ്രസ്വകാലമാന്ദ്യ


ങ്ങൾമാത്രം നേരിട്ടുകൊണ്ടു് അമേരിക്കൻ സമ്പദ്‌വ്യവസ്ഥ തുടർന്നും വളരുകയാണുണ്ടായതു്. അടുത്തകാലത്തു് വളർച്ചയുടെ തോതു് ചുരുങ്ങിയിട്ടുണ്ടു്. 12 കൊല്ലങ്ങൾക്കുള്ളിൽ നാലു സാമ്പത്തികമാന്ദ്യങ്ങൾ അനുഭവപ്പെടുകയുണ്ടായി. ഈ മാന്ദ്യങ്ങൾ ലഘുവും ഹ്രസ്വകാലസ്ഥിതവുമായിരുന്നുവെങ്കിലും സാമ്പത്തികപുരോഗതിയുടെ ആവേശം ഒന്നു തണുപ്പിക്കാൻ അവ കാരണമായിത്തീർന്നു. തൊഴിലില്ലായ്മയുടെ തോതും ഇഞ്ചിഞ്ചായി ഉയർന്നുകൊണ്ടിരിക്കുകയാണു്.

എങ്കിലും കഴിഞ്ഞ ദശകത്തിലെ തൊഴിലില്ലായ്മയുടെ സ്വഭാവത്തിനു് മുൻകാലങ്ങളിലേതുമായി വ്യത്യാസമുണ്ടു്. തൊഴിലില്ലായ്മ ഇനിയൊരിക്കലും പൂർണ്ണമായ ദാരിദ്ര്യത്തിന്നിടയാക്കുകയില്ല. സാമ്പത്തികചക്രത്തിന്റെ മൂർദ്ധന്യാവസ്ഥകളിൽപോലും തൊഴിലില്ലായ്മയുടെ നിലവാരത്തിൽ അല്പം ഉയർച്ച അമേരിക്കയിൽ അനുഭവപ്പെട്ടിട്ടുണ്ടെങ്കിലും, മുൻതകർച്ചവേളകളിൽ കണ്ടിരുന്ന വ്യക്തിപരമായ പരാജയബോധവും നിരാശനിർഭരമായ ക്ലേശങ്ങളും ഇക്കാലത്തുണ്ടായിട്ടില്ല. തൊഴിൽസൌകര്യങ്ങൾ ലഭിക്കാനുള്ള സാദ്ധ്യത ക്ഷയോന്മുഖമായ

ചാർട്ടു് – 3.

**ഉപഭോക്തൃവിലസൂചിക, 1946–60**

(1947—49 = 100)




*Sources:* Historical Supplement to Economic Indicators - 1957, p. 53; Economic Indicators, July 1961.

വ്യവസായങ്ങളിൽ മാത്രമായി മിക്കവാറും പരിമിതപ്പെട്ടിരിക്കുന്ന പ്രദേശങ്ങളിൽ തൊഴിലില്ലായ്മ ഗുരുതരമായ ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്; സാമ്പത്തികമായി സ്ഥിരം താഴ്ന്ന നിലവാരത്തിലുള്ള അനേകം പ്രദേശങ്ങളിൽ പ്രത്യേകിച്ചും ഇതാണു നില. പ്രായാധിക്യംവന്ന തൊഴിലാളികൾ, വെള്ളക്കാരല്ലാത്തവർ, കുറഞ്ഞ വിദ്യാഭ്യാസം മാത്രമുള്ള അവിദഗ്ദ്ധരായ ചെറുപ്പക്കാർ എന്നിവരെ സംബന്ധിച്ചിടത്തോളവും തൊഴിലില്ലായ്മ ഒരു പ്രശ്നമാണ്. ഇത്തരത്തിലുള്ള ഘടനാപരമായ തൊഴിലില്ലായ്മ കഴിഞ്ഞ ദശകത്തിൽ കൂടുതൽ ഗുരുതരമായിത്തീർന്നിട്ടുണ്ട്. പക്ഷേ ഈ പ്രവണത തടയുന്നതിനുവേണ്ടി സ്വകാര്യഗ്രൂപ്പുകളും പൊതുസ്ഥാപനങ്ങളും ഊർജ്ജസ്വലമായ നടപടികളെടുത്തുകൊണ്ടിരിക്കുകയാണിപ്പോൾ. സാമ്പത്തികമായി താഴ്ന്നനിലയിൽ വർത്തിക്കുന്ന പ്രദേശങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യംചെയ്യുന്നതിന് "പ്രദേശപുനർവികസനഭരണം" എന്നൊരു സ്ഥാപനം ഏർപ്പെടുത്തപ്പെട്ടിട്ടുണ്ട്. തൊഴിലില്ലായ്മയിൽ പെട്ടുപോയ പല വ്യക്തികൾക്കും സഹായകമായി പുനരധിവാസത്തിനും പുനപ്പരിശീലനത്തിനുമുള്ള സൗകര്യങ്ങളും ലഭ്യമാണ്. കൂലിനിരക്കുകൾ മതിയാംവിധം ഉയർന്നതാണെന്നതുകൊണ്ട് ഹ്രസ്വകാലതൊഴിലില്ലായ്മയെ അതിജീവിക്കാൻ കഴിയുമാറ് ഒരു ലഘുസമ്പാദ്യശേഖരം ഉണ്ടാക്കാൻ പല തൊഴിലാളികൾക്കും സാധിച്ചിട്ടുണ്ട്. ഇതിനുപുറമെ, തൊഴിൽ നഷ്ടപ്പെട്ടവരിൽ 60 ശതമാനത്തിലധികംപേരും തങ്ങളുടെ ജീവിതനിലവാരം നിലനിർത്തുന്നതിനുവേണ്ടി ഗവൺമെണ്ടിൽനിന്നുള്ള തൊഴിലില്ലായ്മ ഇൻഷുറൻസ് ആനുകൂല്യങ്ങൾ വാങ്ങുകയും ചെയ്യുന്നു. തൊഴിൽരഹിതരായിത്തീർന്ന അംഗങ്ങൾക്കും ജീവനക്കാർക്കും വരുമാനത്തിലുള്ള കുറവ് നികത്തുന്നതിലേയ്ക്കായി ചില തൊഴിലാളിയൂണിയനുകളും വലിയ വ്യവസായസ്ഥാപനങ്ങളും ധനസഹായങ്ങൾ നൽകുന്നുമുണ്ട്. തുടർച്ചയായി നിലനില്ക്കുന്ന ഉയർന്ന തൊഴിൽനിലവാരം വളർത്തുകയെന്ന നയം നടപ്പാക്കുന്നതിൽ ഗവമ്മെണ്ട് ദൃഢപ്രതിജ്ഞമാണെന്നും പുതിയ തൊഴിൽസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ എടുത്തുവരുന്നുണ്ടെന്നും വേലയില്ലാതായ തൊഴിലാളികൾക്കറിയാം.

സത്വരമായ സാമ്പത്തികവികാസത്തെത്തുടർന്ന് ഗണ്യമായതോതിൽ സാമ്പത്തികഅസ്ഥിരതയോ വിലയേററമോ ഉണ്ടാകുമെന്ന് മുൻകാലാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ചില നിരീക്ഷകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. രണ്ടാംലോകയുദ്ധത്തിനു തൊട്ടുപിറകെയും കൊറിയൻയുദ്ധത്തിനുശേഷവും വന്ന യുദ്ധാനന്തരവർഷങ്ങളിൽ വിലനിരക്കുകൾ കുത്തനെ ഉയരുകയുണ്ടായി. ലോകത്തിലെ മററു പല രാജ്യങ്ങളിലുമെന്നപോലെ അമേരിക്കയിലും സമീപവർഷങ്ങളിൽ വിലനിലവാരം

ഉയൻറുകൊണ്ടുതന്നെയാണിരിക്കുന്നതു്. 1951 വസന്തം മുതൽ 1960 അവസാനംവരെയുണ്ടായ വിലക്കയററം ഭയജനകമല്ലെങ്കിലും (മുഴുവൻ ദശകത്തിലേയ്ക്കും കണക്കാക്കിയാൽ 15 ശതമാനത്തിൽ കുറവാണിതു്), ഒരു പൂർണ്ണ-തൊഴിൽവ്യവസ്ഥയിൽ വിലസ്ഥിരീകരണപ്രശ്നം ഇനിയും പരിഹരിക്കപ്പെട്ടുകഴിഞ്ഞിട്ടില്ലെന്നു് അതു തെളിയിക്കുന്നുണ്ടു്.

തൊഴിൽ, ഉല്പാദനം, ഉപഭോഗം എന്നിവയിൽ ഉയൻറവയും പിന്നെയും ഉയൻറുകൊണ്ടിരിക്കുന്നവയുമായ നിലവാരങ്ങൾ പുലൻറിരുന്ന ഒരു ദീർഘകാലഘട്ടം അമേരിക്കയിലുണ്ടായിട്ടുണ്ടു്. പക്ഷേ ഉല്പാദനത്തിലും തൊഴിലിലും സമീപവർഷങ്ങളിൽ വർദ്ധനനിരക്കു് തൃപ്തികരമല്ലായിരുന്നു. കൂടാതെ, ഗുരുതരമായ സാമ്പത്തികഏറ്റററയിറക്കങ്ങൾ ഇനിയൊരിക്കലും ഉണ്ടാവുകയില്ലെന്നതിനു് ഉറപ്പുമില്ല. അനിശ്ചിതകാലത്തേയ്ക്കു നിലനില്ക്കുന്ന തുടർച്ചയായ കെട്ടിനിൽപു ഘട്ടത്തിലേയ്ക്കു അമേരിക്കൻ സമ്പദ്‌വ്യവസ്ഥ പ്രവേശിച്ചിരിക്കുന്നുവെന്നു് 1930-ൽ തുടങ്ങിയ ദശകത്തിലെ മദ്ധ്യവർഷങ്ങളിലുണ്ടായിരുന്ന ഭീതിപോലെതന്നെ, ഇത്തരം ഒരലംഭാവം ഇന്നു കൈക്കൊള്ളുന്നതു് നീതീകരിക്കാൻ സാദ്ധ്യമല്ല. അനുക്രമമായ സാമ്പത്തികവളർച്ചയ്ക്കും കൂടുതൽ തൊഴിൽസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുംവേണ്ടി കൂടുതൽ ഫലപ്രദമായ നടപടികൾ ആവശ്യമാണെന്നു് ഗവൺമെണ്ടു്, വ്യവസായികൾ, തൊഴിലാളികൾ തുടങ്ങി പൊതുവെ അമേരിക്കക്കാരത്രയും വ്യക്തമായും അംഗീകരിക്കുന്നുണ്ടു്.


## അന്താരാഷ്ട്രതുലനങ്ങൾ

ആളോഹരിയടിസ്ഥാനത്തിൽ നോക്കുമ്പോൾ അമേരിക്കക്കാർ മററു രാജ്യങ്ങളിലെ ജനങ്ങളേക്കാൾ കൂടുതൽ ചരക്കുകളും സേവനങ്ങളും ഉപയോഗിക്കുന്നുണ്ടെന്നതിനുപുറമേ, വൻകിട ഉല്പാദനരീതികൊണ്ടുള്ള മെച്ചങ്ങൾ മററുള്ളവരേക്കാൾ കൂടുതൽ സമീകൃതനിലയിൽ അനുഭവിക്കുന്നുണ്ടെന്നും ജീവിതനിലവാരങ്ങളുടെ ഒരു താരതമ്യപഠനത്തിൽനിന്നു മനസ്സിലാക്കാം. എങ്കിലും ഭക്ഷണത്തിലെ കലോറി അംശം, ഭവനങ്ങൾ, പുരുഷന്മാരുടെ ആയുർദൈർഘ്യപ്രതീക്ഷ തുടങ്ങി ജീവിതനിലവാരത്തിൻെറ ചില പ്രത്യേകവശങ്ങൾസംബന്ധിച്ചുള്ള അളവുകളിൽ ഒന്നോ കൂടുതലോ വ്യാവസായികരാജ്യങ്ങൾ അമേരിക്കയുടെമുന്നിൽത്തന്നെ സ്ഥാനംപിടിച്ചിട്ടുണ്ടു്. അമേരിക്കയുടെ കണക്കുകൾ ചില അല്പവികസിതരാജ്യങ്ങളുടേതിനേക്കാൾ വളരെ ഉയൻറതാണു്. ഓരോ രാജ്യത്തിൻേറയും അഭിവൃദ്ധിനില പരിഗണിക്കാതെ ഈ കണക്കുകൾ സ്വീകരിക്കുന്നപക്ഷം ഇതരരാജ്യ

ചാർട്ട് - 4.

**ഭക്ഷണത്തിലെ കലോറിഅംശം**

1958-59 (പ്രതിദിന ആളോഹരി കലോറി)




*Source:* United Nations Statistical Yearbook, 1960.


ങ്ങളിലെ യഥാൎത്ഥസാമ്പത്തികനേട്ടങ്ങളെ അവ ലഘൂകരിച്ചുകാണിക്കും. ആളോഹരി ഉല്പാദനോപഭോഗങ്ങളിൽ മിതമായ ഒരു പുരോഗതിയെങ്കിലും നേടുന്നതിനുള്ള ശ്രമത്തിൽ അല്പവികസിത രാജ്യങ്ങൾ അഭിമുഖീകരിക്കുകയും പരിഹരിക്കുകയുംചെയ്യേണ്ട പ്രശ്നങ്ങളും പ്രതിബന്ധങ്ങളും പ്രയാസങ്ങളും വസ്തുനിഷ്ഠമായ ഒരു നിരൂപണത്തിൽ കണക്കിലെടുക്കേണ്ടതാണു്. **45612**

എങ്കിലും നാണയാടിസ്ഥാനത്തിൽ പറഞ്ഞാൽ, അമേരിക്കയിൽ ആദായകരമായ തൊഴിലിൽ ഏൎപ്പെട്ടിരിക്കുന്ന ഓരോരുത്തന്റേയും ഉൽപാദനവും ഉപഭോഗവും യൂറോപ്പിലെ പല രാജ്യങ്ങളിലുമുള്ളതിന്റെ ഉദ്ദേശം രണ്ടുമൂന്നിരട്ടിയും മററുപലരാജ്യങ്ങളിലുമുള്ളതിന്റെ എട്ടുപത്തിരട്ടിയും ഉയൎന്നതാണു്. ഭൌതികാടിസ്ഥാനത്തിൽ തുലനം ചെയ്താലും ഇതുപോലുള്ള അന്തരങ്ങൾ കാണാം. ഉദാഹരണത്തിനു്, ഓരോ പൌരനും 2200 കലോറിതികയാത്ത ഭക്ഷണം മാത്രം കഴിക്കുന്ന പ്രദേശങ്ങളിലാണു് ലോകജനസംഖ്യയുടെ ഏതാണ്ടു് 60 ശതമാനവും ജീവിക്കുന്നതെന്നാണു് ആഹാരത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള കണക്കുകൾ കാണിക്കുന്നതു്. പ്രകൃതിയുടെ ഏററവും അനുകൂലസാഹചര്യങ്ങളിൽപോലും ശരീരപോഷണത്തിനു് ഏററവും കുറഞ്ഞതു് ആവശ്യമുള്ളതോ ഒരുപക്ഷേ അതിലും കുറവോമാത്രമാണു് ദിവസം 2200 കലോറി.

അമേരിക്കയിലും ലോകത്തിലെ കൂടുതൽ വ്യവസായവൽകൃത രാജ്യങ്ങളിലും ലഭിക്കുന്ന ആഹാരത്തിൽ പൊതുവെ ആവശ്യത്തിലുമധികം പോഷകമൂല്യമുണ്ടു്. എന്നാൽ മിക്കവാറും അല്പവികസിത രാജ്യങ്ങളിൽ സാധാരണയായി കലോറിനിലവാരം ആവശ്യമുള്ളതോ അഭിലഷണീയമോ ആയ നിലവാരത്തേക്കാൾ കുറവാണു്. പോഷകാഹാരക്കുറവും ഭക്ഷണത്തിലെ പോരായ്മകളും അമേരിക്കയിലില്ലെന്നു് ഇതിന്നൎത്ഥമില്ല. എങ്കിലും, അമേരിക്കയിലെ ആഹാരത്തിലെ പോഷകമൂല്യത്തിന്റെ നിലവാരം ലോകത്തിലെ മററു മിക്കവാറും പ്രദേശങ്ങളിലുള്ളതിലും ഗണ്യമായി ഉയൎന്നതാണു്.

ഭൌതികനിലവാരങ്ങളുടെ ഇനിയും ഒരു തുലനം വിവിധരാജ്യങ്ങളിലെ പാൎപ്പിടസൌകര്യങ്ങളിൽ പ്രതിഫലിക്കുന്നുണ്ടു്. യൂറോപ്പിന്റെ ചില ഭാഗങ്ങളിലോ ലാററിൻ അമേരിക്കയിലോ ഉള്ളതിനേക്കാൾ ആളൊന്നുക്കു് 10 മുതൽ 50 ശതമാനംവരെ കൂടുതൽ വസതികൾ അമേരിക്കയിലുണ്ടു്. മററുപലരാജ്യങ്ങളിലും ലഭ്യമായ പാൎപ്പിടങ്ങളുടെ കണക്കെടുത്തുനോക്കിയാൽ കൂടുതൽ രൂക്ഷമായ പൊരുത്തക്കേടുകാണാം. ശുചീകരണഏൎപ്പാടുകൾ, വെളിച്ചം, വെള്ളം, വിനോദത്തിനുള്ള സ്ഥലം എന്നിവയിലുള്ള ഗുണപരമായ വ്യത്യാസങ്ങൾ


**ലഭ്യമായ ഭവനസൗകര്യങ്ങൾ.**




*Sources:* United Nations Demographic Yearbook, 1959.
United Nations Statistical Yearbook, 1960
The European Housing Situation, United Nations, 1956

ചാർട്ട് - 6.

## പുരുഷന്മാരുടെ ആയുർദൈർഘ്യം




*Source:* **United Nations Demographic Yearbook, 1959.**

പറയേണ്ടതില്ല. പക്ഷേ തിങ്ങിവിങ്ങലും ചേരികളും അമേരിക്കയി ലില്ലെന്ന് ഈ കണക്കുകളിൽനിന്നു വ്യാഖ്യാനിക്കരുത്.

അമേരിക്കയിലേയും വിദേശരാജ്യങ്ങളിലേയും കൂലിനിരക്കുകളി ലുള്ള അന്തരങ്ങളുടെ മുഴുവൻ വ്യാപ്തിയും കാണിക്കാൻ വരുമാനനില വാരങ്ങളെ സംബന്ധിച്ചുള്ള കണക്കുകൾ അപര്യാപ്തമാണ്. ഉപ ഭോഗരീതികളെപ്പോലെതന്നെ, സമാനമായ ഇനങ്ങളുടെ വിലനില വാരങ്ങളിലും വ്യത്യസ്തരാജ്യങ്ങൾ തമ്മിൽ കാര്യമായ അന്തരമുണ്ട്. എന്നുവരികിലും, അമേരിക്കയിലും നിരവധി യൂറോപ്യൻ രാജ്യങ്ങളിലും ലഭിക്കുന്ന ശരാശരികൂലിയുടെ ക്രയശേഷി തിട്ടപ്പെടുത്തുന്നതിനു ചില ശ്രമങ്ങളുണ്ടായിട്ടുണ്ട്. ഒരു നിശ്ചിതചരക്കിൻെറ തുല്യഅളവു വാങ്ങുന്നതിനുള്ള വരുമാനമുണ്ടാക്കാൻ യൂറോപ്പിലെ കൂടുതൽ വ്യവ സായവൽകൃതരാജ്യങ്ങളിൽപോലും ഒരു സാധാരണതൊഴിലാളി ഒരമേ രിക്കൻതൊഴിലാളി ചെയ്യുന്നതിൻെറ നാലഞ്ചിരട്ടി കൂടുതൽ സമയം വേലചെയ്യണം. വിവിധ ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിന്നാവശ്യ മുള്ള പ്രയത്നസമയം സംബന്ധിച്ചുള്ള കണക്കുകൾ തുലനംചെയ്താൽ കാണുന്നതിതാണ്. (അനുബന്ധം 8-ാം പട്ടിക നോക്കുക.)

ശരാശരി ആയുഷ്ക്കാലത്തിൻെറ അടിസ്ഥാനത്തിൽ നോക്കു മ്പോൾ ജീവിതനിലവാരങ്ങളിലുള്ള വ്യത്യാസങ്ങൾ ഇനിയും കൂടുതൽ പ്രാധാന്യമുള്ളതായിത്തീരുന്നുണ്ട്. വൈദ്യശാസ്ത്രത്തിലും പൊതുജനാ രോഗ്യരംഗത്തും ഉണ്ടായിട്ടുള്ള പുരോഗതി എല്ലായിടത്തും ആയുർ ദൈർഘ്യം ഉയരുന്നതിനു കാരണമായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ രാജ്യങ്ങൾതമ്മിൽ ഇപ്പോഴും അന്തരങ്ങളുണ്ട്. ലോകത്തിലെ ചില അല്പവികസിതപ്രദേശങ്ങളിലുള്ള ജനങ്ങളുടെ ജീവിതകാലം കൂടുതൽ വ്യവസായവൽകൃതരാജ്യങ്ങളിലുള്ളതിനേക്കാൾ ഗണ്യമായും കുറ വാണ്. "സൌകര്യങ്ങൾ" എന്നതിൻെറ നിർവ്വചനത്തിൽ മോട്ടോർ വാഹനങ്ങളും ടെലഫോണുകളും മാത്രമല്ലാതെ, ഡോക്ടർമാർ, വൈദ്യ ശുശ്രൂഷ, പൊതുജനാരോഗ്യപരിപാടികൾ, ഒഴിവുസമയം എന്നിവ കൂടി ഉൾപ്പെടുന്നപക്ഷം, "ജീവിതസൌകര്യങ്ങളാ"ണ് ഈ അസ മത്വത്തിനു അധികവും കാരണമെന്നു പറയാവുന്നതാണ്.

---

കരടുരൂപത്തിലുള്ളവയും സംക്ഷിപ്തവുമായ മേൽചേർത്ത കണ ക്കുകൾ അമേരിക്കൻഉല്പാദനക്ഷമതയും ഉപഭോഗവും ഉയർന്നവയാ ണെന്നും സമീപദശകങ്ങളിൽ അവ ക്രമമായി ഉയർന്നിട്ടുണ്ടെന്നും പൊതുവെയുള്ള അഭിപ്രായത്തെ സ്ഥിരീകരിക്കുന്നുണ്ട്. ഈ വളർച്ച യിൽ ഉൾച്ചേർന്നിട്ടുള്ള പരസ്പരം ബന്ധമുള്ള ഘടകങ്ങൾ താരതമ്യേന

അല്പമാത്രമായിട്ടാണ് അറിയപ്പെടുന്നത്. അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള ചർച്ചകളിൽ ചില ഘടകങ്ങൾക്ക് അമിതമായ പ്രാധാന്യം ലഭിച്ചിട്ടുണ്ട്. മററു ചില ഘടകങ്ങൾക്ക് തുച്ഛമായ പരിഗണന മാത്രമേ ലഭിച്ചിട്ടുമുള്ളു. സങ്കീർണ്ണമായ ഈ സാമ്പത്തികയന്ത്രത്തിൻെറ കൂടുതൽ പ്രധാനപ്പെട്ട ഭാഗങ്ങളെക്കുറിച്ച് തുടർന്നുവരുന്ന നിരൂപണത്തിൽ, ഓരോ ഭാഗവും എന്തുചെയ്യുന്നു, ഉത്തമമായ നിലയിൽ ഓരോന്നും എങ്ങിനെ പരസ്പരം യോജിച്ചുപോകുന്നു, അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിൽ അഭിലഷണീയമായ ഒരു വികാസനിരക്ക് നിലനിത്താൻ ചില ഘടകങ്ങളിൽ എന്തെങ്കിലും നീക്കുപോക്കുകൾ ആവശ്യമുണ്ടോ എന്നെല്ലാം നമുക്കു പരിശോധിക്കാം.

ഉയൎന്ന ജീവിതനിലവാരമുള്ള ഒരു രാജ്യത്തെ പ്രകൃതി പ്രത്യേക മായും അനുഗ്രഹിച്ചിരിക്കുമെന്ന് സാധാരണ പറയാറുണ്ട്. ഇതു് അമേരിക്കയെ സംബന്ധിച്ച് വാസ്തവമാണോ? അനിവാൎയ്യമായും, ജനബഹുലവും ഫലസമൃദ്ധവുമായ ഒരു രാഷ്ട്രമായിത്തീരത്തക്കവിധം അമേരിക്കയിലെ ശീതോഷ്ണസ്ഥിതി അത്രകണ്ടു് അനുകൂലവും മണ്ണു് അത്ര ഫലപുഷ്ടിയുള്ളതും ധാതുവിഭവങ്ങൾ അത്ര ധന്യവുമാണോ?

വിദൂരതയിലേയ്ക്കു നീണ്ടുകിടക്കുന്ന അതിൎത്തികൾക്കകത്തുതന്നെ ഉഷ്ണം, ശൈത്യം, ഈൎപ്പം, വരൾച്ച ഇവയ്ക്കിടയിലുള്ളതു്, ഇങ്ങിനെ സമശീതോഷ്ണമേഖലയിലെ കാലാവസ്ഥയുടെ എല്ലാ തരഭേദങ്ങളും വാസ്തവത്തിൽ, അമേരിക്കയിൽ കാണാവുന്നതാണു്. ഒന്നാകെ നോക്കിയാൽ, അമേരിക്കയിലെ ശീതോഷ്ണസ്ഥിതി, പശ്ചിമയൂറോപ്പിലെ കൂടുതൽ മിതമായ മഞ്ഞുകാലങ്ങളെയും കൂടുതൽ തണുത്ത വേനല്ക്കാലങ്ങളെയുംപോലെ അനേകം മണിക്കൂറുകൾ കഠിനാദ്ധ്വാനംചെയ്യുന്നതിനു സഹായകമല്ല. എങ്കിലും ഉഷ്ണമേഖലയിലെ പല രാജ്യങ്ങളിലെയും ശീതോഷ്ണസ്ഥിതിയെ അപേക്ഷിച്ച് കടുത്ത കായികാദ്ധ്വാനത്തിനു് അതു കൂടുതൽ അനുകൂലമാണെന്നതിനു സംശയമില്ല. പൊതുവെയുള്ള ഈ സ്വാധീനത്തിനുപുറമെ, അമേരിക്കയുടെ കാൎഷികമേഖലയിൽ ശീതോഷ്ണസ്ഥിതി മുഖ്യപ്രാധാന്യം അൎഹിക്കുന്നുമുണ്ടു്.

## കാൎഷികവിഭവങ്ങൾ

അമേരിക്കൻകാൎഷികരംഗത്തു് ഇപ്പോഴത്തെ ഉല്പാദനക്ഷമത ഉയൎന്നതാണെന്നതിനു തൎക്കമില്ല. എന്നാൽ ഇതു് മുഖ്യമായും മണ്ണിൻെറ അസാധാരണഫലപുഷ്ടിയുടെയോ അനുകൂലശീതോഷ്ണസ്ഥിതിയുടെയോ ഫലമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വികസനത്തിൻെറ ആദിദശയിൽ അമേരിക്കൻകൃഷിക്കു് പല പ്രത്യേക സൗകൎയ്യങ്ങളുമുണ്ടായിരുന്നു. മുമ്പൊരിക്കലും കൃഷിചെയ്തിട്ടില്ലാത്ത ഫലപുഷ്ടിയുള്ള മണ്ണു്, നീരു പിടിച്ചുനിൎത്തുകയും മണ്ണൊലിപ്പു് തടയുകയും ചെയ്തുകൊണ്ടിരുന്ന പുൽമേടുകളും വനങ്ങളും നിറഞ്ഞു വിജനമായ ഭൂമി, നിയന്ത്രണമില്ലാത്ത അതിൎത്തികൾ എന്നിവയാണാ സൗകൎയ്യങ്ങൾ. മണ്ണിൻെറ ഫലപുഷ്ടി മിതമായി ഉപയോഗപ്പെടുത്താനുള്ള പ്രേരണ, ലോകത്തിലെ ജനസാന്ദ്രമായ

പ്രദേശങ്ങളെ അപേക്ഷിച്ച്, അമേരിക്കയിൽ കുറവായിരുന്ന സ്വാഭാവികമായ ഫലപുഷ്ടി ഒരിടത്തു കുറഞ്ഞുപോയാൽ അവിടം വിട്ടുപോയി മറെറാരിടത്തു കാട്ടുവെട്ടിത്തെളിയിച്ച് കൃഷിയിറക്കാൻ കൃഷിക്കർക്ക് കഴിയുമായിരുന്നു. ഒരിടത്തുനിന്നു കുററികളെല്ലാം പിഴുതെടുത്തു് മറെറാരിടത്തു വീണ്ടും സ്ഥാപിച്ച് പാർപ്പുറപ്പിക്കുന്നതിനു വലിയ ചിലവ് വന്നിരുന്നുമില്ല.

ലളിതമായ ഏതാനും കൃഷിയായുധങ്ങൾ, വിത്തു്, ദീർഘനേരം കഠിനമായി അദ്ധ്വാനിക്കാനുള്ള സന്നദ്ധത എന്നിവയോടുകൂടി കൃഷിക്കാരനും അയാളുടെ കുടുംബത്തിനും "കന്യ"ഭൂമിയിൽ വീടു് കെട്ടിപ്പൊക്കി കൃഷിപ്പണി ആരംഭിക്കാൻ സാദ്ധ്യമായിരുന്നു. പക്ഷേ, ഇത്രയും നല്ല കനത്ത മണ്ണുണ്ടായിട്ടും തനിക്കും തൻെറ കുടുംബത്തിനും ആവശ്യമുള്ളതിൽ കവിഞ്ഞു് ഭക്ഷണവും നാരും ഉല്പാദിപ്പിക്കാൻ കൃഷിക്കാരനു് കഴിഞ്ഞിരുന്നില്ല. ഉദാഹരണത്തിനു്, 1820-ൽ അമേരിക്കയിലെ കൃഷിത്തോട്ടത്തിലെ ഒരു തൊഴിലാളി ഏതാണ്ടു് നാലുപേർക്ക് ആവശ്യമുള്ളതു മാത്രമേ ഉല്പാദിപ്പിച്ചിരുന്നുള്ളു.

ആ സ്ഥിതി ഏറെക്കാലമായി വ്യത്യാസപ്പെട്ടിട്ടുണ്ടു്. ഇന്നു് അമേരിക്കയിലെ ഒരു കൃഷകതൊഴിലാളി ഏതാണ്ടു് മുപ്പതുപേരുടെ ആവശ്യങ്ങൾ നിറവേററാൻ മതിയായ ഭക്ഷണവും നാരും ഉല്പാദിപ്പിക്കുന്നുണ്ടു്. നല്ല കൃഷിഭൂമിയുടെ വില ഉയന്നതാണു്, അതു് ഉയന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. കൂടുതൽ വിശാലമായ കൃഷിയിടങ്ങൾക്കുള്ള ആവശ്യവും ആഗ്രഹവും വളന്നുവരികയാണു്. കാഷികവൃത്തിയിൽ വിജയപ്രതീക്ഷയുള്ള ഒരു അമേരിക്കക്കാരൻ, അയാൾ എത്രതന്നെ കഠിനാദ്ധ്വാനം ചെയ്യുന്നവനായാലും ശരി, കൃഷിനിലത്തിനു പുറമെ, കാഷികയന്ത്രങ്ങൾ, മെച്ചപ്പെട്ടഇനം വിത്തുകളും കന്നുകാലികളും, രാസവളങ്ങൾ, കീടനാശിനികൾ, മണ്ണുസംരക്ഷണം, ജലസേചനം എന്നിവയ്ക്കുവേണ്ടിയും ഗണ്യമായ തോതിൽ മൂലധനം ഇറക്കേണ്ടതുണ്ടു്. ഇവ ഉപയോഗിക്കുന്നതുസംബന്ധിച്ച് സാങ്കേതികവും മേലന്വേഷണപരവുമായ പരിശീലനവും അയാൾക്കുണ്ടായിരിക്കണം. രാസവ്യവസായം, യന്ത്രനിർമ്മാണവ്യവസായം, വൈദ്യുതവ്യവസായം, മോട്ടോർവാഹനവ്യവസായം തുടങ്ങിയവയിൽ ഉല്പന്നങ്ങളുടെയും കാഷികോപകരണങ്ങളുടെയും നിർമ്മാണത്തിനുവേണ്ടി പ്രവത്തിക്കുന്നവരുടെയും സ്വകാര്യ-പൊതുഗവേഷണശാലകളിൽ കണ്ടുപിടിത്തങ്ങൾക്കുവേണ്ടി പ്രവത്തിക്കുന്നവർ, കാഷികോല്പന്നങ്ങൾ വാങ്ങുന്നവർ, അവ വില്പനയ്ക്കു പാകപ്പെടുത്തുന്നവർ, വിതരണക്കാർ, പുതിയ കാഷികരീതികളും സങ്കേതങ്ങളും സംബന്ധിച്ചുതന്നെ പതിവായി തെയ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നവർ എന്നിവരുടെയും പ്രവത്തനങ്ങളു

മായി ബന്ധപ്പെട്ടതാണ്‌ കൂടുതൽ ഉല്പാദനം നേടുന്നതിലുള്ള അയാളുടെ വിജയമധികവും.

കാഷികോല്പാദനക്ഷമതയുടെ ഗണ്യമായ മുന്നേററം കൃഷിത്തോട്ടങ്ങളിലെ മൂലധനനിക്ഷേപത്തിലുണ്ടായിട്ടുള്ള വർദ്ധനവിനോടും അതിവേഗത്തിലുള്ള സാങ്കേതികപരിഷ്കരണങ്ങളോടും, കഴിഞ്ഞ 25 കൊല്ലക്കാലം പ്രത്യേകിച്ചും, ഒത്തുപോയിട്ടുണ്ട്. അമേരിക്കയിലെ മിക്കവാറും വിളകളുടെ ഏക്കറൊന്നിനുള്ള ഉല്പാദനം 1940-ൽ തുടങ്ങിയ ദശകത്തിലെ ആദ്യവർഷങ്ങളിലുണ്ടായിരുന്നതിനെക്കാൾ ഇപ്പോൾ ഗണ്യമായി ഉയർന്നതാണ്. പക്ഷേ ഈ നിരക്കിനെക്കാൾ പ്രാധാന്യമുണ്ട് കർഷകതൊഴിലാളികളുടെ പ്രതിശീർഷഉല്പാദനത്തിന്. ഒരു മണിക്കൂർ മനുഷ്യപ്രയത്നത്തിൽനിന്നുള്ള ഉല്പാദനം 1940-നുശേഷം അമേരിക്കയിൽ ഏതാണ്ട് മൂന്നിരട്ടി വർദ്ധിച്ചിട്ടുണ്ട്. 1929-ൽ ഉണ്ടായിരുന്നതിൻെറ ഉദ്ദേശം നാലിരട്ടിയാണ് ഈ ഉല്പാദനത്തോത്. ലോകത്തിലാകെയുള്ള കർഷകതൊഴിലാളികളിൽ 1.5 ശതമാനംമാത്രം വരുന്ന അമേരിക്കൻ കർഷകതൊഴിലാളികൾ ലോകത്തിലെ മൊത്തം കാഷികോല്പന്നത്തിൻെറ 16 ശതമാനം ഉല്പാദിപ്പിക്കുന്നു. ആളോഹരി ഉല്പാദനം, ഏക്കറൊന്നിനുള്ള ഉല്പാദനം, ഉല്പന്നഗുണം, കൃഷിയിടങ്ങളുടെ വിസ്തൃതി, മൂലധനത്തിൻെറ വലിപ്പം, കാഷികജീവിതനിലവാരങ്ങൾ തുടങ്ങി ഏതു മാനദണ്ഡംവെച്ചു നോക്കിയാലും അമേരിക്കൻകൃഷിയിൽ അടുത്തകാലത്തുണ്ടായിട്ടുള്ള മാററങ്ങൾ അത്ഭുതാവഹമാണ്.

വിദൂരഫലമുളവാക്കുന്ന ഈ മാററങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ, അമേരിക്കയിലെ കാഷികരീതിയുടെ അടിസ്ഥാനപരമായ ഒരു സ്വഭാവം അഭേദ്യമായിരുന്നിട്ടുണ്ട്. പരമ്പരാഗതമായ കുടുംബകൃഷിത്തോട്ടങ്ങൾക്ക് അമേരിക്കൻകൃഷിയിൽ ഇപ്പോഴും പ്രാമുഖ്യമുണ്ട്. വ്യക്തിപരമായ ശ്രമത്തിനും ശ്രദ്ധയ്ക്കും കുടുംബകൃഷിത്തോട്ടങ്ങൾ മറേറതൊരു കൃഷിരീതിയേക്കാളും കൂടുതൽ പ്രേരണ നൽകുന്നതുകൊണ്ട് ഇതു് ഒരു വലിയ മേന്മയാണ്. അതുപോലെതന്നെ സാങ്കേതികപരിഷ്കാരത്തിലുള്ള അഗാധമായ താല്പര്യം അമേരിക്കക്കാരിൽ ഒട്ടും പുത്തരിയല്ല. കാർഷികഗവേഷണം, വിദ്യാഭ്യാസം, കാര്യപ്രാപ്തി എന്നിവ വളർത്തുന്നതിനുള്ള വിവിധ പരിപാടികൾ കേന്ദ്ര-സംസ്ഥാന ഗവമ്മെൻറുകൾ കഴിഞ്ഞ നൂറുകൊല്ലക്കാലമായി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽപരമായി അഭ്യസനം നൽകുന്ന കാർഷികഹൈസ്കൂളുകൾ, കാർഷികകോളേജുകളും പരീക്ഷണകേന്ദ്രങ്ങളും, സക്കാർനിയോഗിക്കുന്ന വിദഗ്ദ്ധന്മാരിൽനിന്നും കാഷികോല്പന്നങ്ങൾ വാങ്ങുകയോ കർഷകക്കാവശ്യമുള്ള വിവിധ സാധനങ്ങൾ

അവക്കു വില്ക്കുകയോ ചെയ്യുന്ന വ്യാപാരികളിൽനിന്നും നേരിട്ടുള്ള ഉപദേശങ്ങൾ, കാർഷികസംഘടനകളിൽ പങ്കെടുക്കൽ, കാർഷിക പുരോഗതിയുടെ നാനാവശങ്ങളേയും പ്രതിപാദിച്ചുകൊണ്ടുള്ള, സൗജന്യമോ നാമമാത്രവിലയുള്ളവയോ ആയ ലഘുലേഖകൾ, പത്രങ്ങൾ, വിജ്ഞാപനങ്ങൾ എന്നിവയിലൂടെയെല്ലാം കൂടുതൽകൂടുതൽ വിദ്യാഭ്യാസസൌകര്യങ്ങളും കാർഷികസേവനസൗകര്യങ്ങളും കർഷകർക്കും അവരുടെ കുടുംബങ്ങൾക്കും തലമുറകളായി ലഭ്യമായിരുന്നിട്ടുണ്ട്. കുടുംബകൃഷിത്തോട്ടരീതിയുടെ ഉല്പാദനക്ഷമത, ലാഭസാദ്ധ്യത, സംതൃപ്തി എന്നിവയുടെ വളർച്ചയ്ക്കു് ഇവയെല്ലാം ഉത്തേജനം നൽകിയിട്ടുണ്ട്.

കാലാവസ്ഥ, മണ്ണ്, ഭൂപരമായ കിടപ്പ് എന്നിവയുടെ സ്വാധീനം നിശ്ചയമായും ഓരോ കൃഷിയിടത്തിന്റേയും ഉല്പാദനത്തിൽ ഇപ്പോഴുമുണ്ട്. ചില കൊല്ലങ്ങളിലും ചില പ്രദേശങ്ങളിലും ഇവയുടെ സ്വാധീനം രൂക്ഷമാണുതാനും. എന്നാൽ ശീതോഷ്ണസ്ഥിതിയും മണ്ണിന്റെ സ്വാഭാവികഫലപുഷ്ടിയുമായി പരോക്ഷമായിമാത്രം ബന്ധമുള്ള മററു് മൂന്നു ഘടകങ്ങൾക്കു് ഉല്പാദനക്ഷമതയിലുള്ളേടത്തോളം സ്വാധീനം പ്രകൃതിയുടെ ഈ പ്രതിഭാസങ്ങൾക്കില്ല. ആ മൂന്നു ഘടകങ്ങൾ ഇവയാണു്: കുടുംബരീതിയിലുള്ള കൃഷിത്തോട്ടം; കുടുംബകൃഷിത്തോട്ടങ്ങൾക്കു് താരതമ്യേനയുള്ള വലിപ്പക്കൂടുതൽ; കുടുംബകൃഷിത്തോട്ടങ്ങളിൽ ഉയന്ന തോതിലുള്ള സാങ്കേതികപരിഷ്കരണവും മൂലധനനിക്ഷേപവും.

അമേരിക്കയിൽ ഇന്നു നിലവിലുള്ള കൃഷിരീതിയേയും കൃഷിക്കാരേയും സംബന്ധിച്ച് യാഥാത്ഥ്യത്തിനു നിരക്കാത്ത ധാരണകൾ പലക്കുമുണ്ട്. പ്രത്യേകപരിശീലനമൊന്നുമില്ലാതെ വളരെ തുച്ഛമായ മൂലധനനിക്ഷേപത്തോടുകൂടി ആക്കും എളുപ്പം പ്രവേശിക്കാവുന്നതാണു് കാർഷികവൃത്തി എന്നൊരു ധാരണയുണ്ട്. മറിച്ച്, ഭക്ഷ്യസാധനങ്ങളുടേയും നാരുകളുടേയും സ്ഥിരം വദ്ധിച്ചുകൊണ്ടിരിക്കുന്ന സമൃദ്ധിക്കു് ഇപ്പോൾ കാരണമായിട്ടുള്ള വൻകിട കോർപ്പറേഷൻവക കൃഷിത്തോട്ടങ്ങൾ കുടുംബകൃഷിത്തോട്ടരീതിയെ രംഗത്തുനിന്നും ഒഴിവാക്കിവരുന്നുണ്ടെന്നുവരെയുള്ള മററു പല അഭിപ്രായങ്ങളുമുണ്ട്. ഈ രണ്ടു് അത്യന്തികാഭിപ്രായങ്ങളും ശരിയല്ല. പക്ഷേ, അജ്ഞത ക്ഷന്തവ്യമാണു്. 1959-ലെ സെൻസസ് പ്രകാരം 37 ലക്ഷംവരുന്ന അമേരിക്കൻ കൃഷിത്തോട്ടങ്ങളിൽ വലിയ വൈവിദ്ധ്യമാണുള്ളതു്. ഒരേക്കറുമുതൽ ഒരു ലക്ഷത്തിൽപ്പരം ഏക്കർ വരെ വിസ്താരമുള്ള തോട്ടങ്ങൾ അവയിലുൾപ്പെടുന്നു. കാർഷികോല്പന്നങ്ങളുടെ പ്രതിവർഷവില്പനയാണെങ്കിൽ 50 ഡോളർ മുതൽ

10 ലക്ഷം ഡോളറിലധികംവരെ വ്യത്യാസംകാണും. കൃഷിചെയ്യുന്ന വിളകളുടേയും വളർത്തുന്ന മൃഗങ്ങളുടേയും തരത്തിലും വൈവിദ്ധ്യത്തിൻെറ വ്യാപ്തിയിലും, യന്ത്രവല്ക്കരണത്തിൻെറ തോതു്, കൂലിക്കാരുടെ നിയോഗം തുടങ്ങി മററുപല വശങ്ങളിലും കൃഷിത്തോട്ടങ്ങൾതമ്മിൽ വളരെ വ്യത്യാസങ്ങളുണ്ടു്.

1959-ലെ സെൻസസ് കണക്കുകളിൽനിന്നു് ശരാശരി അമേരിക്കൻകൃഷിത്തോട്ടത്തിൻെറ ഒരു ചിത്രം ലഭിക്കും. കൃഷിത്തോട്ടങ്ങളെ ഏറെക്കുറെ സാമ്പത്തികമായി ഇനംതിരിച്ചുകൊണ്ടുള്ള കണക്കുകൾവഴി നിരവധി വ്യത്യാസങ്ങൾ അവ എടുത്തു് കാണിക്കുന്നുണ്ടു്. "വാണിജ്യ"കൃഷിത്തോട്ടങ്ങളേയും "മററു" കൃഷിത്തോട്ടങ്ങളേയുമാണു് ആദ്യമായി തരംതിരിച്ചിട്ടുള്ളതു്. കൊല്ലത്തിൽ 50 ഡോളർ മുതൽ 40000-മോ അതിലധികമോ ഡോളർവരെ വില്പനയുള്ള, ആറു സാമ്പത്തികവർഗ്ഗങ്ങളായി വിഭാഗിക്കപ്പെട്ട, എല്ലാ മുഴുവൻസമയ കൃഷിത്തോട്ടങ്ങളും "വാണിജ്യ"ഗ്രൂപ്പിൽ ഉൾപ്പെടുന്നു. കൊല്ലത്തിൽ നൂറുദിവസമോ അതിൽക്കൂടുതലോ കൃഷിത്തോട്ടത്തിനു പുറത്തു് ജോലി നടത്തപ്പെടുന്നവ, കൃഷിത്തോട്ടങ്ങളിൽനിന്നുള്ളതിനേക്കാൾ പുറത്തുനിന്നുവരുമാനമുള്ളവ, കൃഷിക്കാരനു് 65 വയസ്സിൽക്കൂടുതൽ പ്രായമായിരിക്കുകയും ഉല്പന്നവില്പന പ്രതിവർഷം 2500 ഡോളറിലധികമില്ലാതിരിക്കുകയും ചെയ്യുന്നവ,—ഇത്തരം കൃഷിത്തോട്ടങ്ങൾ മററുള്ള കൃഷിത്തോട്ടങ്ങളിൽപെടുന്നു. സ്വയം കൃഷിയിടത്തിൽ താമസിച്ചോ ഭാഗികസമയംമാത്രമോ കൃഷി നടത്തുന്നതാണു് ഈ തരംതിരിവിന്നടിസ്ഥാനം.

1959-ൽ 80 ശതമാനത്തിൽ കൂടുതൽ മുഴുവൻസമയവാണിജ്യത്തോട്ടങ്ങൾക്കും പ്രതിവഷം 2500 ഡോളറിനും 40000 ഡോളറിനുമിടയ്ക്കു വില്പനയുണ്ടായിരുന്നു. 40000 ഡോളറോ അതിലധികമോ വാഷികവില്പനയുണ്ടായിരുന്നതു് നാലുശതമാനം വാണിജ്യത്തോട്ടങ്ങൾക്കുമാത്രമാണു്. എങ്കിലും എല്ലാ കൃഷിത്തോട്ടങ്ങളുടേയും മൊത്തം ഉല്പന്നത്തിൻെറ കാൽഭാഗത്തിൽ കൂടുതൽ ഈ വൻകിട കാഷികത്തോട്ടങ്ങൾ വില്പന നടത്തുകയുണ്ടായി.

ഒരു സാധാരണ അമേരിക്കൻ വാണിജ്യത്തോട്ടത്തിൻെറ ചിത്രം രേഖപ്പെടുത്തുന്നപക്ഷം താഴെക്കാണുന്നരീതിയിൽ പ്രവത്തിക്കുന്ന ഒരു കുടുംബകൃഷിത്തോട്ടത്തിൻെറ രൂപം ലഭിക്കും: കൃഷിക്കാരൻെറ കൈവശം ഏതാണ്ടു് 302 ഏക്ര ഭൂമിയുണ്ടാകും ഇതിൽ 40 ശതമാനത്തോളം വിളനിലമായിരിക്കും. നിലത്തിലും കെട്ടിടങ്ങളിലുമായി ഉദ്ദേശം 33000 ഡോളറും, യന്ത്രങ്ങളിൽ 4000 ഡോളറും, കന്നുകാലികളിൽ 3600 ഡോളറും അയാൾ മൂലധനം നിക്ഷേപിച്ചിട്ട

ണ്ടാകും. യന്ത്രങ്ങൾ വാടകയ്ക്കെടുക്കാനോ, തൊഴിലാളികളെ കൂലിക്കേർപ്പെടുത്താനോ, അഥവാ രണ്ടിനുംവേണ്ടിയോ ഏതാണ്ട് 1000 ഡോളർ അയാൾ ചിലവാക്കും. ഉല്പന്നങ്ങളുടെ വില്പനവഴി അയാൾക്ക് ലഭിക്കുന്നത് 7500 ഡോളറായിരിക്കും.

ഈ ശരാശരി കൃഷിത്തോട്ടത്തിൽ വൈദ്യുതശക്തിയും (97 ശതമാനത്തിലധികം അമേരിക്കൻകൃഷിത്തോട്ടങ്ങളിലും ഇതുപയോഗിക്കപ്പെടുന്നുണ്ട്.) ഒഴുക്കുവെള്ളവും ഉപയോഗിക്കുന്നത് കൃഷിപ്പണിയിൽ കൂടുതൽ കാര്യക്ഷമത ഉണ്ടാക്കുന്നതിനുപുറമേ, കൂടുതൽ കാര്യക്ഷമമായ ഗൃഹഭരണത്തിനും കൂടുതൽ ആരോഗ്യത്തോടെ സുഭിക്ഷമായി ജീവിക്കുന്ന കുടുംബത്തിന്റെ സൃഷ്ടിക്കും വഴിതെളിക്കുന്നതുമാണ്. മാസികകളിലും ദിനപത്രങ്ങളിലും നൽകപ്പെടുന്ന വിവരങ്ങളിലുള്ള കുറവ് ടെലഫോണുകളും റേഡിയോകളും നികത്തും. ഒരു ടെലിവിഷൻ പ്രസരണകേന്ദ്രം സമീപത്തുണ്ടെങ്കിൽ മിക്കവാറും ഒരു ടെലിവിഷൻ സെററും സ്വീകരണമുറിയിലുണ്ടായേക്കും. വാർത്താവിനിമയത്തിലും ഗതാഗതത്തിലുമുള്ള പരിഷ്കരണങ്ങൾ ഉപയോഗപ്പെടുത്തി വിപണിയിലെ ഗതിവിഗതികളനുസരിച്ച് കൂടുതൽ വേഗത്തിൽ പ്രവർത്തിക്കാൻ അവക്ക് കഴിയുന്നതാണ്. കൃഷികുടുംബത്തിന്റെ വർദ്ധിച്ച ചലനക്ഷമത വിദ്യാഭ്യാസപരവും സാംസ്കാരികവും സാമൂഹ്യവുമായ കൂടുതൽ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് അനുകൂലമായിരിക്കുന്നതുമാണ്.

യൂറോപ്പിലേയോ ഏഷ്യയിലേയോ സാധാരണയായുള്ള കൃഷിത്തോട്ടവുമായി ശരാശരി അമേരിക്കൻകൃഷിത്തോട്ടത്തെ തുലനം ചെയ്യുന്നതിനാണ് അതിനെ വിവരിക്കുന്നതിനേക്കാൾ പ്രയാസം. ലോകത്തിന്റെ ഇതരഭാഗങ്ങളിൽ താരതമ്യേന വിസ്തൃതികുറഞ്ഞ കൃഷിയിടത്തിലാണ് ഒരു കുടുംബകർഷകൻ കൃഷിചെയ്യുന്നത്. ഉദാഹരണത്തിന്, ബൽജിയത്തിൽ ഏതാണ്ട് മുക്കാൽഭാഗം കൃഷിത്തോട്ടങ്ങളുടേയും വിസ്തീർണ്ണം 2·5 ഏക്രയിൽ താഴെയാണ്. തോട്ടങ്ങളുടെ ഈ വലിപ്പക്കുറവ് കാർഷികജോലികളുടേയും യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന്റെയും കാര്യക്ഷമത പരിമിതപ്പെടുത്തുന്നു. എങ്കിലും ഈ കുറഞ്ഞ ഏക്ര നിലത്തിൽ കുടുംകൃഷി നടത്തപ്പെടുന്നുവെന്ന വസ്തുതയാണ് അമേരിക്കയിലെ ചില വിളകളുടെ ഏക്ര ഒന്നിനുള്ള ഉല്പാദനം ഇപ്പോഴും ലോകത്തിലെ മററു ചില ഭാഗങ്ങളിലേതിന്റെ താഴെയാകുന്നതിന് ഒരു കാരണം. അതുകൊണ്ട്, കൃഷിത്തോട്ടങ്ങളുടെ ശരാശരി വലിപ്പത്തെ മുൻനിർത്തിയുള്ള താരതമ്യപഠനം അമേരിക്കയിലും മററു രാജ്യങ്ങളിലുമുള്ള കുടുംബകൃഷിത്തോട്ടങ്ങളുടെ സവിശേഷതകളിലുള്ള വ്യത്യാസങ്ങൾ പ്രതിഫലിപ്പിക്കുന്നില്ലെന്നുവരാം.

പട്ടിക – 1

കൃഷിയിടങ്ങളുടെ വലിപ്പവും വിതരണവും — 1950

| രാജ്യം | കൃഷിയിടങ്ങളുടെ ശരാശരി വലിപ്പം (ഹെക്ടറുകളിൽ) | ഒരു ഹെക്ടറിനു താഴെയുള്ള കൃഷിയിടങ്ങളുടെ ശതമാനം | 10 ഹെക്ടറിനു താഴെയുള്ള കൃഷിയിടങ്ങളുടെ ശതമാനം |
|---|---|---|---|
| അമേരിക്ക ... ... | 122·3 | 1[1] | 28[4] |
| ബൽജിയം ... ... | 1·9 | 75 | 95 |
| കനഡ ... ... | 113·1 | [2] | 4[5] |
| കോസ്റ്റാ റീക്കാ ... ... | 42·1 | ലഭിച്ചിട്ടില്ല | 54 |
| ഡെൻമാർക്ക് ... ... | 17·5 | 1 | 46 |
| എൽസാൽവഡോർ ... | 8·8 | 40 | 89 |
| ഫിൻലൻഡ് ... ... | 33·3 | 44[3] | 84 |
| പശ്ചിമജർമ്മനി ... ... | 10·9 | 14 | 76 |
| ഹോണ്ടൂറാസ് ... ... | 16·1 | 10 | 75 |
| ജപ്പാൻ ... ... | 1·6 | 67 | 99·5 |
| നെതർലൻഡ്സ് ... | 5·7 | 41 | 82 |
| നോർവെ ... ... | 20·2 | 46 | 94 |
| ഫിലിപ്പൈൻസ് ... | 3·5 | 19 | 94 |
| ഉറുഗ്വെ ... ... | 199·7 | ലഭിച്ചിട്ടില്ല | 26 |

1 1·2 ഹെക്ടറിനു താഴെയുള്ള കൃഷിയിടങ്ങളുടെ ശതമാനം
2 ·5 ,, ,, ,, ,,
3 2 ,, ,, ,, ,,
4 11·7 ,, ,, ,, ,,
5 4 ,, ,, ,, ,,

കുറിപ്പ്: 1 ഹെക്ടർ = 2·47 ഏക്കർ

*Sources:* Report on the 1950 World Census of Agriculture, Vol. 1, Food and Agriculture Organization, Rome, Italy, 1955; United States Census of Agriculture, U. S. Department of Commerce, Washington, D. C., 1959.

കൂലിക്കാരെ ഏർപ്പെടുത്തേണ്ടവിധം വിസ്താരമേറിയവയാണ് ചില കൃഷിത്തോട്ടങ്ങൾ. പലതരം കാർഷികോല്പാദനങ്ങളുടെ കാര്യത്തിലും ഈ രീതി കുടുംബാടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന രീതിയേക്കാൾ കാര്യക്ഷമതകുറഞ്ഞതാണെന്ന് തെളിഞ്ഞിട്ടുണ്ട്. എങ്കിലും പരിഷ്കൃതരീതികളും ഉപകരണങ്ങളുംമൂലം ഏററവും കുറവുകൂലിക്കാരെ മാത്രം ഏർപ്പെടുത്തി കുടുംബാംഗങ്ങൾക്കുതന്നെ അമേരിക്കയിലെ മിക്കവാറും വലിയ കൃഷിത്തോട്ടങ്ങൾ കൃഷിചെയ്യാവുന്നതാണ്. തൊഴിലാളികൾ കുറവുമാത്രം ആവശ്യമായിവരുന്ന യന്ത്രോപകരണ

ങ്ങളുടെ വ്യാപകമായ ഉപയോഗത്തിൽനിന്നും അമേരിക്കയിലെ കുടുംബകൃഷിത്തോട്ടങ്ങൾ മാനുഷികപ്രവത്തനത്തേക്കാൾ സാങ്കേതികപ്രവത്തനത്തിന്റെ രംഗമായിത്തീന്നിട്ടുള്ളതിന്റെ വ്യാപ്തിയെന്താണെന്ന് മനസ്സിലാക്കാം. ഉദാഹരണത്തിനു്, 1959-ൽ 75 ശതമാനം വാണിജ്യകൃഷിത്തോട്ടങ്ങൾ ട്രാക്ടറുകളും 59 ശതമാനം മോട്ടോർ ട്രക്കുകളും ഉപയോഗിച്ചിരുന്നു. 1920-ൽ കൃഷിത്തോട്ടങ്ങളിൽ ഉദ്ദേശം രണ്ടരക്കോടി കുതിരകളും കോവർകഴുതകളും ഉണ്ടായിരുന്ന സ്ഥാനത്തു് 1959-ൽ അവ മുപ്പതുലക്ഷത്തിൽ താഴെമാത്രമേ ഉണ്ടായിരുന്നുള്ളു വെന്ന വസ്തുത യന്ത്രവല്ക്കരണത്തിലേക്കുള്ള മാററം പിന്നേയും വ്യക്തമാക്കുന്നുണ്ടു്. 1950-നും 1959-നുമിടയ്ക്കു് വാണിജ്യകൃഷിത്തോട്ടങ്ങൾ 47 ശതമാനം കൂടുതൽ കൊയ്ത്തുമെതിയന്ത്രങ്ങളും, 75 ശത

പട്ടിക – 2

അമേരിക്കയിലെ കൃഷിത്തോട്ടങ്ങളുടെ എണ്ണത്തിലുള്ള പ്രവണതയുടെ സൂചിക.

| വിഭാഗം | 1930 | 1940 | 1950 | 1959* |
|---|---|---|---|---|
| എല്ലാ കൃഷിത്തോട്ടങ്ങളും | 100 | 97 | 86 | 59 |
| വാണിജ്യകൃഷിത്തോട്ടങ്ങൾ | 100 | 89 | 70 | 46 |
| വലിയ തോട്ടങ്ങൾ[1] (ക്ലാസ് 1) | 100 | 93 | 80 | 80 |
| ഇടത്തരം[2] (ക്ലാസ് 2 മുതൽ 5 വരെ) | 100 | 85 | 66 | 45 |
| ചെറിയ തോട്ടങ്ങൾ[3] (ക്ലാസ് 6) വാർഷികവില്പനകൾ (250മുതൽ 1200വരെ ഡോളർ) | 100 | 110 | 89 | 47 |
| വാണിജ്യേതരതോട്ടങ്ങൾ (ഭാഗികസമയം ജോലിചെയ്യപ്പെടുന്നവയും സ്ഥലത്തു താമസിച്ചു ജോലിചെയ്യപ്പെടുന്നവയും) | 100 | 137 | 166 | 130 |

* കാർഷികത്തോട്ടങ്ങളുടെ നിർവ്വചനത്തിൽ 1959-ലും അതിനുമുമ്പുള്ള വർഷങ്ങളിലും അല്പസ്വല്പം വ്യത്യാസങ്ങളുണ്ടു്.

1 വാർഷികവില്പന 25,000 ഡോളറും അതിലുപരിയും (1959, 40,000 ഡോളറും ഉപരിയും)

2 വാർഷികവില്പന 1200 - 25,000 ഡോളർവരെ (1959, 2500 — 40,000 ഡോളർ)

3 വാർഷികവില്പന 250 - 1200 ഡോളർവരെ (1959, 50 — 2500 ഡോളർ)

*Sources:* 1930–1950: Ronald L. Mighell, American Agriculture, John Wiley and Sons, Inc., New York, 1955; 1959, United States Census of Agriculture, U. S. Department of Commerce, Washington D. C., 1959.

മാനം കൂടുതൽ ധാന്യച്ചേററുയന്ത്രങ്ങളും സ്വായത്തമാക്കുകയുണ്ടായി. ഇതേ തോതിൽതന്നെ പാൽക്കറവുയന്ത്രങ്ങൾ, കെട്ടുയന്ത്രങ്ങൾ, കൊയ്ത്തുയന്ത്രങ്ങൾ തുടങ്ങിയവയും അവ അക്കാലത്തു് വാങ്ങിയിട്ടുണ്ടു്. കുടുംബകൃഷിത്തോട്ടങ്ങളിലെ വൎദ്ധിച്ചതോതിലുള്ള ഈ യന്ത്രവല്ക്കരണം കാൎഷികത്തൊഴിലാളികൾക്കുള്ള ആവശ്യം ലഘൂകരിക്കുകയും ചരക്കുല്പാദന-സേവനവ്യവസായങ്ങൾക്കു് കൂടുതൽ മനുഷ്യശക്തി ലഭ്യമാക്കുകയും ചെയ്തു.

കഴിഞ്ഞ 25 കൊല്ലങ്ങളിൽ, ഉൽപാദനക്ഷമത വൎദ്ധിച്ചുകൊണ്ടിരുന്നപ്പോൾതന്ന അമേരിക്കൻകൃഷിത്തോട്ടങ്ങളുടെ ആകെ എണ്ണം ക്രമമായി കുറഞ്ഞിരിക്കുകയാണു്. പക്ഷേ, കൃഷിത്തോട്ടങ്ങളുടെ മൊത്തം വിസ്തീൎണ്ണത്തിൽ കുറവു സംഭവിച്ചിട്ടില്ല. കൃഷിക്കാർ മററു തൊഴിലുകളിലേക്കു പോവുകയോ കാൎഷികവൃത്തി ഉപേക്ഷിക്കുകയോ ചെയ്തതിനെത്തുടൎന്നു് ലഭ്യമായിത്തീൎന്ന കൃഷിനിലത്തിൻെറ അധികഭാഗവും മററു കൃഷിത്തോട്ടങ്ങൾ വലുതാക്കുന്നതിന്നുവേണ്ടി സ്വായത്തമാക്കപ്പെട്ടു. 1959-നുമുമ്പ് 25000 ഡോളറിനുതാഴെയും 1959-ൽ 40000 ഡോളറിനു താഴെയും വാർഷികവില്പനയുണ്ടായിരുന്ന വാണിജ്യകൃഷിത്തോട്ടങ്ങളുടെ എണ്ണം കുത്തനെ ഇടിഞ്ഞിട്ടുണ്ടു്. എന്നാൽ വൻകിട വാണിജ്യകൃഷിത്തോട്ടങ്ങളുടെ എണ്ണത്തിൽ കുറവു വന്നിട്ടില്ല. കോർപറേഷനുകളോ ശമ്പളത്തിനുള്ള മാനേജർമാരോ നടത്തുന്ന വൻകിട വാണിജ്യകൃഷിത്തോട്ടങ്ങൾ ചുരുക്കമാണെന്നതു് അൎത്ഥഗൎഭമാണു്.


കാർഷികരംഗത്തു് ഉൽപാദനക്ഷമത വൎദ്ധിക്കുന്നതിന്നുള്ള പ്രവണത തുടൎന്നുകൊണ്ടാണിരിക്കുന്നതു്. കാർഷികതൊഴിലാളികളുടെ എണ്ണത്തിൽ സ്ഥിരമായ ഇടിവുണ്ടെങ്കിൽപോലും ഈ പ്രവണതയുടെ ഫലമായി ഉൽപാദനം വൎദ്ധിക്കുന്നതിനു സാദ്ധ്യതയുണ്ടു്. കാർഷികതൊഴിലിന്നുള്ള ആപേക്ഷികപ്രാധാന്യം 1860-ൽ ആരംഭിച്ച ദശകത്തിൽതന്നെ കുറയാൻതുടങ്ങിയതാണു്. 20-ാം ശതകത്തിലേക്കും അതു് തുടൎന്നുപോന്നു. കഴിഞ്ഞ 20 കൊല്ലങ്ങളിൽ കൃഷിത്തോട്ടങ്ങളിലെ ഉൽപാദനം ഒന്നരഇരട്ടിയിലധികം വൎദ്ധിച്ചപ്പോൾ കൃഷിത്തോട്ടങ്ങളിൽ ജോലിചെയ്തിരുന്ന തൊഴിലാളികളുടെ എണ്ണം 35 ശതമാനംകണ്ടു കുറഞ്ഞു. ഈ ഇടിവു് ഒരുപക്ഷേ ഭാവിയിലേക്കും തുടരും. അമേരിക്കയിലെ ജനസംഖ്യ വളൎന്നുവരുന്നതോടൊപ്പം ഭക്ഷണത്തിന്നുള്ള ആവശ്യം വൎദ്ധിക്കുമെങ്കിൽകൂടി, ഇങ്ങിനെ കാർഷികതൊഴിലാളികളുടെ എണ്ണത്തിൽ കുറവു സംഭവിക്കുമെന്നുതന്നെയാണു് പ്രതീക്ഷിക്കപ്പെടുന്നതു്. ചില കാർഷികവിളകളുടെ കാൎയ്യത്തിലെങ്കിലും ഉൽപാദനക്ഷമതയിലുള്ള വൎദ്ധനവു് ഒരുപക്ഷേ വരുന്നദശക

ത്തിലും ആഭ്യന്തരാവശ്യത്തിൻെറ വർദ്ധനവിനെ അതിശയിക്കും. കൂടാതെ, ആവശ്യത്തിലുള്ള വർദ്ധനവധികവും മേന്മയേറിയ ഭക്ഷണത്തിനുള്ളതായിരിക്കും. തൽഫലമായി കാർഷികജോലികൾക്കെന്നതിനേക്കാൾ ഭക്ഷണം വില്പനയ്ക്കു പാകംചെയ്യുന്നതിനും അടക്കംചെയ്യുന്നതിനും വിതരണത്തിനുമായി കൂടുതൽ തൊഴിലാളികൾ ആവശ്യമായിത്തീരും. അങ്ങിനെ കൃഷിത്തോട്ടങ്ങളിൽ ജോലിയെടുക്കുന്നവരുടെ എണ്ണത്തിലും ശതമാനത്തിലും ഇനിയും കുറവുണ്ടാകുമെന്നാണ് സൂചന.

കാർഷികേതരപ്രവർത്തനങ്ങളെ അപേക്ഷിച്ച് കാർഷികരംഗത്തെ ഉൽപാദനക്ഷമത താഴ്ന്ന നിലവാരത്തിലാണെന്നതു ശരിതന്നെ.

ചാർട്ട് – 7.

**കൃഷിത്തോട്ടത്തിൽ ജോലിചെയ്യുന്ന തൊഴിൽസേനയുടെ ശതമാനം**




*Sources:* 1850-1900 Statistical Abstract of the United States, 1957.
1930 Economic Indicators, Historical Supplement, 1957.
1960 Economic Indicators, February 1961.
1975 John D. Black, "Agriculture in the Nation's Economy", American Economic Review, March 1956.

എങ്കിലും കാർഷികരംഗത്തെ മൊത്തം ഉൽപാദനം നമ്മുടെതന്നെ വളരെ ഉയൎന്ന ഉപഭോഗത്തിന്ന് വേണ്ടതിനെക്കാൾ കൂടുതലാണ്. ലോകത്തിലെ ഏററവും വ്യവസായവൽകൃതരാജ്യങ്ങളിലൊന്നായ അമേരിക്കയ്ക്കു്, കയററുമതിചെയ്യാൻ കഴിയത്തക്കവിധം കാർഷികോൽപന്നങ്ങളുടെ മിച്ചം ഉണ്ടാകുന്നതു് അത്ഭുതാവഹമത്രെ. അമേരിക്കയിലെ കാർഷികോൽപാദനത്തിൻെറ പത്തുശതമാനത്തോളമാണ് മിച്ചംവരുന്നതു്. രണ്ടു ലോകയുദ്ധങ്ങൾക്കുശേഷവും ലോകത്തിൻെറ വിവിധഭാഗങ്ങളിൽ രൂക്ഷമായ ഭക്ഷ്യദാരിദ്ര്യം അനുഭവപ്പെട്ടപ്പോൾ കാർഷികോൽപാദനത്തിനുള്ള ഇത്രയുംവലിയ കഴിവ് വളരെ പ്രാധാന്യമർഹിച്ചിരുന്നു. ലോകജനസംഖ്യ പെരുകുന്നതിനെത്തുടൎന്ന് കൂടുതൽ ജനസാന്ദ്രമായ ഏതെങ്കിലും രാജ്യത്തു് ഭക്ഷ്യകമ്മി ഗുരുതരമായ പ്രശ്നം സൃഷ്ടിക്കുന്നപക്ഷം ഈ പ്രാധാന്യം ഇനിയും തുടരുമെന്നുള്ളതു തീൎച്ചയാണ്. ഈ പ്രശ്നം നേരിടുന്നതിനുവേണ്ടിയാണ് "സമാധാനത്തിനുവേണ്ടി ഭക്ഷണം" എന്ന അമേരിക്കൻപരിപാടി ആവിഷ്കരിക്കപ്പെട്ടിട്ടുള്ളതു്.

ചുരുക്കത്തിൽ, അമേരിക്കയിലെ കാർഷികരംഗത്തു് ഇന്നുള്ള ഉയൎന്ന ഉല്പാദനക്ഷമത പ്രാഥമികമായും അസാധാരണമായി അനുകൂലമായ ശീതോഷ്ണസ്ഥിതിയുടെയോ മണ്ണിൻെറ ആശ്ചൎയ്യജനകമായ ഫലപുഷ്ടിയുടെയോ ഫലമല്ല. വ്യക്തിപരമായി ബോധപൂൎവ്വമുള്ള ശ്രമങ്ങൾ, സാങ്കേതികവിജ്ഞാനം, ചിലവുചുരുങ്ങിയ മേലന്വേഷണം, വ്യാപകമായ യന്ത്രവൽക്കരണം എന്നിവയുടെ സംയുക്തഫലമായി താരതമ്യേന വലിയ കുടുംബകൃഷിത്തോട്ടങ്ങളിൽ സാദ്ധ്യമായിട്ടുള്ള ഉയൎന്ന ആളോഹരി ഉല്പാദനമാണ് ഉയൎന്ന ഉല്പാദനക്ഷമതയ്ക്കു പ്രധാനകാരണം.

## ധാതുവിഭവങ്ങൾ

കൽക്കരി, ഖനിയെണ്ണ, മററുധാതുക്കൾ എന്നിവയുടേയും വെള്ളം, തടി എന്നീ പ്രകൃതിവിഭവങ്ങളുടേയും സമൃദ്ധി ഒരു പ്രമുഖ വ്യാവസായികരാഷ്ട്രമെന്നനിലയിലേക്കുള്ള അമേരിക്കയുടെ ചരിത്രപരമായ വളൎച്ചയ്ക്കു പ്രധാനമായും സഹായകമായിത്തീൎന്നിട്ടുണ്ട്. ചില ഇനങ്ങളിലൊഴിച്ച് ഈ അവസ്ഥ നിലച്ചുവരികയാണ്. അമേരിക്കൻവ്യവസായങ്ങൾ ആഭ്യന്തരമായി ലഭ്യമായ അസംസ്കൃതപദാൎത്ഥങ്ങൾ വൻതോതിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നുവെന്നു മാത്രമല്ല, വിദേശത്തുനിന്നുള്ള ഇറക്കുമതികളെ കൂടുതലായി ആശ്രയിക്കുകയും ചെയ്തുവരുന്നു. കൂടുതൽ സുലഭമായവയോ കൂടുതൽ കാൎയ്യക്ഷമമായി ഉപയോഗിക്കാവുന്നവയോ ആയ മററുവിഭവങ്ങൾ കണ്ടെത്തി, പരി

വത്തനംചെയ്തു്, ദുർലഭമായ അസംസ്കൃതപദാത്ഥങ്ങൾക്കു പകരമായി ഉപയോഗിക്കാനുള്ള ശ്രമങ്ങൾക്കു് ഈ സംഭവവികാസം ഉത്തേജനം നൽകിയിട്ടുണ്ടു്.

വിവിധ അസംസ്കൃതസാധനങ്ങളെ ഉപയോഗപ്രദമായ വ്യാവസായികപദാത്ഥങ്ങളായി പരിവത്തനം ചെയ്യുന്നതു് സുസാദ്ധ്യമാക്കിയ ഘടകങ്ങളിലൊന്നു് സാമ്പത്തികമായി ഉപയോഗപ്രദമായ ശക്ത്യുല്പാദനവിഭവങ്ങൾ താരതമ്യേന വൻതോതിൽ ലഭിക്കാനുള്ള സൌകയ്യമാണു്. കൽക്കരി ഇക്കായ്യത്തിൽ പ്രാധാന്യമർഹിക്കുന്നു. ഉപഭോഗത്തെ അപേക്ഷിച്ചു് അമേരിക്കയുടെ ശേഖരങ്ങൾ വളരെ ഭീമമായിത്തന്നെ ഇപ്പോഴും വത്തിക്കുന്ന ഒരു പ്രധാന അസംസ്കൃതപദാത്ഥം കൽക്കരിയാണു്. ഇന്ധനോപഭോഗത്തിൽ സമീപദശകങ്ങളിലെ വദ്ധനനിരക്കു് ഇതേനിലയിൽ തുടരുന്നപക്ഷം, അല്പം ഉയൻറുകൊണ്ടിരിക്കുന്ന യഥാത്ഥ ഉല്പാദനച്ചിലവിലാണെങ്കിലും, ഇനിയും നൂറോ അതിലധികമോ കൊല്ലക്കാലത്തേക്കുകൂടി അമേരിക്കയിൽ വേണ്ടത്ര കൽക്കരി ലഭ്യമാകും. അമേരിക്കയിലെ ഇപ്പോഴത്തെ കൽക്കരിയുല്പാദനം ലോകത്തിലെ മൊത്തം ഉല്പാദനത്തിൻെറ ഏതാണ്ടു് ആറിലൊരുഭാഗമാണു്. എന്നാൽ കൽക്കരിനിക്ഷേപങ്ങൾ ലോകത്തിലാകെയുള്ളതിൻെറ മൂന്നിലൊന്നു വരുമെന്നാണു് കണക്കാക്കപ്പെടുന്നതു്.


ലോകത്തിലെ ഇതരരാജ്യങ്ങളെ അപേക്ഷിച്ചു് അമേരിക്കയിൽ കൽക്കരിയിൽനിന്നു ശക്തിജനിപ്പിക്കുന്നതു കൂടുതൽ ആദായകരമാണു്. അപൂവ്വമായിമാത്രമേ ആയിരം അടിയിൽ അധികം ആഴത്തിൽനിന്നും ബിററുമിനസ്കൽക്കരി ഖനനംചെയ്യുന്നുള്ളു. പ്രത്യുത ഇംഗ്ലണ്ടിലും ജപ്പാനിലും ഖനികളുടെ ശരാശരി ആഴം ആയിരം അടിയിലും വളരെ കൂടുതലാണു്. 4000 മുതൽ 5000 അടിവരെ ആഴമുള്ളവയാണു് അവിടങ്ങളിലെ ചില ഖനികൾ. ഇതിനുപുറമെ, അമേരിക്കൻ കൽക്കരിനിക്ഷേപത്തിൻെറ മൂന്നിലൊരുഭാഗം ഭൂഗർഭപ്രവത്തനങ്ങൾ ആവശ്യമില്ലാത്ത "തുണ്ടുഖനി"കളിലാണു്. പ്രകൃതിയുടെ ഈ ആനുകൂല്യങ്ങളും ഖനികളിലെ ഉയന്ന ഉല്പാദനക്ഷമതയുമാണു് ഇന്ധനച്ചിലവിനെ സംബന്ധിച്ചിടത്തോളം അമേരിക്കയുടെ പലഭാഗങ്ങളിലുമുള്ള വ്യവസായത്തിനു് മററു മിക്കവ്യാവസായികരാജ്യങ്ങളിലേതിനേക്കാൾ വളരെ കൂടുതൽ മെച്ചംനൽകുന്നതു്.

നിമ്മിതസാധനങ്ങളുടെ മൊത്തം ഉല്പാദനച്ചിലവിൻെറ അടിസ്ഥാനത്തിൽ നോക്കിയാൽ ഇന്ധനച്ചിലവിൽ അമേരിക്കയ്ക്കുള്ള മെച്ചം, ഗണ്യമാണതെങ്കിലും, അത്രവലുതായി തോന്നുകയില്ല. മററു

ചാർട്ട് - 8.

## ഇന്ധനച്ചിലവുകൾ—തിരഞ്ഞെടുത്ത ചില രാജ്യങ്ങളിൽ (1), 1952

10 ലക്ഷം ബി. ടി. യു. വിനു് അമേരിക്കൻ സെൻറു്




(1) അമേരിക്കയിലെ ഉല്പാദനച്ചിലവുകൾ കാണിച്ചിരിക്കുന്നതു് പിററ്സ്ബർഗ്ഗ് (കല്ക്കരി), ബോസ്റ്റൺ (വിറകെണ്ണ), കോർപസ്ക്രിസ്റ്റി (പ്രകൃതിവാതകം) എന്നിവിടങ്ങളിലെയും ഉറുഗൈയുടേതു് മോൺടിവിഡിയോയിലെയും ഫിലിപ്പൈൻസിന്റേതു് മാനിലയിലെയും ബ്രിട്ടന്റേതു് എഡിൻബർഗ്ഗിലെയും ആസ്ത്രേലിയയുടേതു് ന്യൂകാസിലെയും ദക്ഷിണാഫ്രിക്കയുടേതു് ജോഹന്നസ്ബർഗ്ഗിലെയും ചിലവുകളുമാണ്.

(2) 1953.

*Source:* Teitelbaum, P. D., International Fuel Costs, Staff paper, Productive Uses of Nuclear Energy Project, National Planning Association, Washington, D. C, August 1955, as reprinted in Report of the Panel on the Impact of the Peaceful Uses of Atomic Energy, Joint Committee on Atomic Energy, Vol. 2, January 1953, p. 58.

അസംസ്കൃതപദാൎത്ഥങ്ങൾ, തൊഴിലാളികൾ, മാനേജ്മെൻറ്, മൂലധനം എന്നീ ഘടകങ്ങളും പരിഗണനാൎഹമത്രെ. നിൎമ്മാണവ്യവസായം ഒന്നാകെയെടുത്താൽ ശരാശരി ഉല്പാദനവസ്തു പാകപ്പെടുത്തുന്നതിനുള്ള ചിലവിൻെറ ഏതാണ്ട് നാലുശതമാനം മാത്രമാണ് ഇന്ധനച്ചിലവ്. ചൂടോ ശക്തിയോ കൂട്ടപ്പമായി ഉപയോഗിക്കുന്ന വ്യവസായങ്ങളിൽ ഇന്ധനച്ചിലവിൻെറ അംശം സ്വാഭാവികമായും ഉയൎന്നതാണ്. ഇതിന്നുപുറമേ, ശക്ത്യുല്പാദനത്തിന് ചിലവുകുറഞ്ഞ വിഭവങ്ങൾ ലഭ്യമാകുന്നതു് തുടൎന്നുള്ള വ്യവസായവികസനത്തിന് കൂടുതൽ പ്രാധാന്യമുള്ളതാകാനിടയുണ്ട്. ലോകജനസംഖ്യ ഉയരുകയും വ്യവസായവൽക്കരണം മുന്നേറുകയും ചെയ്തുവരുന്നതോടൊപ്പം ഭൂമിയുടെ അസംസ്കൃതവിഭവശേഷി ഉത്തരോത്തരം ആക്രമണവിധേയമാകുന്നു. ദുർലഭവും താഴ്ന്നതരത്തിൽപെട്ടവയുമായ പദാൎത്ഥങ്ങൾ ഉപയോഗിക്കുന്നതും പ്രകൃതിയിൽനിന്നു ലഭിക്കുന്ന അസംസ്കൃതപദാൎത്ഥങ്ങൾക്കു പകരം ഉപയോഗിക്കാവുന്ന കൃത്രിമപദാൎത്ഥങ്ങൾ ക്രമേണ വികസിപ്പിച്ചെടുക്കുന്നതും ഈ സാഹചൎയ്യത്തിൽ ആവശ്യമായി വരുന്നുണ്ട്. പക്ഷേ, താഴ്ന്നതരം പദാൎത്ഥങ്ങൾ പാകപ്പെടുത്തിയെടുക്കുന്നതും കൃത്രിമപദാൎത്ഥങ്ങൾ ഉല്പാദിപ്പിക്കുന്നതുമായ നടപടികളാകട്ടെ, ഉല്പന്നത്തിൻെറ ഓരോ ഏകകത്തിന്നും വേണ്ടിവരുന്ന ശക്തിയുടെ ഉപയോഗം വൎദ്ധിപ്പിക്കുന്നതുമാണ്.

കല്ക്കരിയുടേയും മിക്കവാറും കാൎഷിക അസംസ്കൃതപദാൎത്ഥങ്ങളുടേയും കാൎയ്യത്തിലൊഴിച്ച്, അമേരിക്കയിൽ പ്രകൃതിവിഭവങ്ങൾക്കു നിലവിലുള്ളവയും ഭാവിയിലുണ്ടാകാവുന്നവയുമായ ഉപഭോഗനിരക്കുകൾ ആഭ്യന്തരവിഭവശേഷിക്ക് താങ്ങാനാവാത്തവിധം വളൎന്നുപോയിരിക്കുന്നു. അരനൂററാണ്ടുമുമ്പ് അമേരിക്കയിൽ ഉല്പാദിപ്പിക്കപ്പെട്ടിരുന്ന കാൎഷികേതരഅസംസ്കൃതപദാൎത്ഥങ്ങളുടെ 15 ശതമാനം കയററുമതിചെയ്യപ്പെട്ടിരുന്നു. ഈ നിരക്ക് ഇന്നു പകുതിയായിട്ടുണ്ട്. മാത്രമല്ലാ, ഗണ്യവും വൎദ്ധമാനവുമായ തോതിൽ ഇറക്കുമതികൾ ഇപ്പോൾ ആവശ്യവുമാണ്. കാൎഷികോല്പന്നങ്ങളും സ്വൎണ്ണവുമൊഴിച്ച് അസംസ്കൃതപദാൎത്ഥങ്ങളുടെ പത്തുശതമാനത്തോളം അമേരിക്കൻവ്യവസായങ്ങൾ സമീപവൎഷങ്ങളിൽ ഇറക്കുമതിചെയ്യുകയുണ്ടായി. വിദേശഅസംസ്കൃതവിഭവങ്ങളിന്മേലുള്ള ഈ ആശ്രയം അടുത്ത രണ്ടു ദശകങ്ങളിൽ വൎദ്ധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നതു്. അമേരിക്കയുടെ മൊത്തം ഇറക്കുമതിയുടെ പകുതിയിൽ കൂടുതലിന്നും കാരണമായ പ്രത്യേകഇനങ്ങൾ ഒരു പട്ടികയിൽ പെടുത്താനാവാത്തവിധം നിരവധിയാണ്. തിരഞ്ഞെടുത്ത ചില ഉദാഹരണങ്ങൾ മൂന്നാംപട്ടികയിൽ കൊടുത്തിട്ടുണ്ട്.

മുൻകാലങ്ങളിൽ അമേരിക്കയിൽ സുലഭമായിരുന്ന മറെറാരു പ്രകൃതിവിഭവവും വർദ്ധമാനമായ ആശങ്ക ഉളവാക്കിവരുന്നുണ്ട്. വെള്ളം ഉല്പാദിപ്പിക്കുന്നതിനും കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട ഏർപ്പാടുകൾ ഉണ്ടാകാത്തപക്ഷം, ജലസേചനത്തിനും സ്വന്തമായും വ്യാവസായികമായുമുള്ള ഉപഭോഗ

പട്ടിക - 3

അമേരിക്ക ഇറക്കുമതിചെയ്യുന്ന തിരഞ്ഞെടുത്ത ഏതാനും അസംസ്കൃതപദാർത്ഥങ്ങൾ.

മൊത്തം ലഭ്യതയിൽ അവയുടെ ശതമാനം—1959.

| അസംസ്കൃതപദാർത്ഥങ്ങൾ. | ശതമാനം. | അസംസ്കൃതപദാർത്ഥങ്ങൾ. | ശതമാനം. |
|---|---|---|---|
| **ഭക്ഷ്യോല്പന്നങ്ങൾ:** | | **മരവും കടലാസും:** | |
| വാഴപ്പഴം | 100 | കോക്ക് (അസംസ്കൃതം) | 100 |
| കാപ്പി | 100 | പത്രക്കടലാസ് | 73 |
| തേയില | 100 | **ആയസേതര അയിരുകളും ലോഹങ്ങളും:** | |
| തൂനമത്സ്യം | 61 | ടിൻ | 100 |
| **പ്രകൃതിറബ്ബർ, പശ, മരക്കറകൾ: (റെസിൻ)** | | നിക്കൽ | 91 |
| അരക്കും കോലരക്കും | 100 | ബോക്സയിററും അലൂമിനിയവും | 84 |
| പ്രകൃതിറബ്ബർ | 100 | ഈയം | 61 |
| **സസ്യോല്പന്നങ്ങൾ:** | | തുത്തനാകം | 57 |
| കൊപ്രയും വെളിച്ചെണ്ണയും | 100 | **ലോഹേതരധാതുക്കൾ:** | |
| കചിമ്പ്രാക്കോ എക്സ്ട്രാക്ട് | 100 | അഭ്രം | 95 |
| **തുണിനാരുകൾ:** | | ആസ്ബസ്റ്റോസ് | 94 |
| ചണം | 100 | ഫ്ളോർസ്പാർ | 75 |
| അസംസ്കൃത പട്ട് | 100 | **ഇരുമ്പയിരുകളും ലോഹങ്ങളും:** | |
| സിസലും മാനിലയും | 100 | ക്രോം[1] | 90 |
| കമ്പിളിരോമം | 57 | മാങ്കനീസ് അയിര് | 87 |
| പരുത്തി (കൂടുതൽ നീണ്ടനാരുകളുള്ളത്) | 52 | ടങ്ങ്സ്റ്റൻ | 61 |

1. 1958-ലെ കണക്ക്:

*Sources:* Contribution of Imports to United States Food Supplies, U. S. Department of Commerce, November, 1960; Contribution of Imports to United States Raw Material Supplies, U. S. Department of Commerce, November 1960.

ത്തിനും വെള്ളം ഇന്ന് ഉപയോഗിച്ചുവരുന്നതിന്റെ നിരക്ക് വികസിച്ചുവരുന്ന ഒരു സമ്പദ്‌വ്യവസ്ഥയിൽ നിലനിർത്താനാവുകയില്ല. ഉപയോഗിച്ചുകഴിഞ്ഞ വെള്ളം വീണ്ടും ഉപയോഗിക്കത്തക്കവിധം ശുദ്ധിചെയ്തെടുക്കുന്നതിനും വിദൂരസ്ഥലങ്ങളിലേക്ക് വെള്ളം കൊണ്ടുപോകുന്നതിനും ഭാവിയിൽ കടൽവെള്ളവും ഭൂഗർഭജലവും ഉപ്പുരസം കളഞ്ഞെടുക്കുന്നതിനും കനത്ത പുതിയ മുതലിറക്കുകൾ ആവശ്യമാകും. വെള്ളം ലഭിക്കുന്നതും ഉപയോഗിക്കുന്നതും സംബന്ധിച്ച ഈ പ്രശ്നത്തിന് അമേരിക്കയിൽ വർദ്ധമാനമായ പരിഗണന ലഭിച്ചുവരുന്നുണ്ട്.

ചരിത്രപരമായി, അമേരിക്കയിലെ ധന്യമായ വിവിധ പ്രകൃതിവിഭവങ്ങൾ അസംഖ്യം കുടിയേററക്കാരെ അവിടേയ്ക്ക് ആകർഷിക്കുകയുണ്ടായി. ദ്രുതഗതിയിലുള്ള സാമ്പത്തികപുരോഗതി സാദ്ധ്യമാക്കിത്തീർത്ത ഘടകങ്ങളിൽ ഈ പ്രകൃതിവിഭവങ്ങളും ഉൾപ്പെടുന്നു. അമേരിക്കയിലെ വ്യവസായവൽക്കരണത്തിന്റെ കുതിച്ചുകയററം പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിലും കൂടുതൽ ഉയർന്ന ഒരു ജീവിതനിലവാരം നൽകുന്നതിലും പ്രകൃതിയുടെ ഔദാര്യത്തെ ഉപയോഗിച്ചിട്ടുണ്ട്. പക്ഷേ, അസംസ്കൃതപദാർത്ഥങ്ങൾകൊണ്ട് രാജ്യം അനുഗൃഹീതമാണെങ്കിലും, കല്ക്കരിയൊഴിച്ചുള്ള ധാതുവിഭവങ്ങളുടെ ഈ ദൗർലഭ്യം അമേരിക്കയിലെ വ്യവസായങ്ങൾക്ക് മററു രാജ്യങ്ങളിലേതിനെ അപേക്ഷിച്ച് തുച്ഛമായ മെച്ചമാണ് നൽകുന്നത്. ലോകത്തിലെ ആളോഹരിഉപഭോഗം വർദ്ധിക്കുന്നതോടൊപ്പം അസംസ്കൃതപദാർത്ഥങ്ങൾക്കുള്ള ആവശ്യവും വർദ്ധിക്കും. ദുർലഭമായ ധാതുവിഭവങ്ങൾക്കു പകരം ഉപയോഗിക്കാവുന്ന ഉചിതമായ പദാർത്ഥങ്ങൾ വികസിപ്പിക്കുമെന്ന പ്രതീക്ഷയില്ലായിരുന്നെങ്കിൽ പ്രധാനപ്പെട്ട ചില വ്യാവസായിക അസംസ്കൃതപദാർത്ഥങ്ങൾ ഭാവിയിൽ ലഭിക്കുന്നതിനുള്ള സാദ്ധ്യത നിശ്ചയമായും വിരളമായിരിക്കും.

---

അനുകൂലമായ ശീതോഷ്ണസ്ഥിതിയോ, മണ്ണിന്റെ അസാധാരണഫലപുഷ്ടിയോ, ധാതുവിഭവങ്ങളുടേയും മററു കാർഷികേതരവിഭവങ്ങളുടേയും സമൃദ്ധിയോ ആയിരുന്നില്ല, അമേരിക്കൻസമ്പദ് വ്യവസ്ഥയുടെ ഉയർന്ന ഉല്പാദനക്ഷമതയ്ക്ക് പ്രാഥമികമായ കാരണമെന്ന് വ്യക്തമായിരിക്കും. സമൃദ്ധമായ വിഭവങ്ങൾ ഉല്പാദനക്ഷമതയ്ക്ക് സഹായകമായിത്തീരുന്നുണ്ട്, പക്ഷേ മററു ഘടകങ്ങളോട് യോജിച്ചുകൊണ്ടാണെന്നുമാത്രം.

ജനങ്ങളാണ് ഏതൊരു രാഷ്ട്രത്തിന്റെയും ഏററവും മഹത്തായ ആസ്തി. ലഭ്യമായ ജനസംഖ്യയും പ്രകൃതിവിഭവങ്ങളും ഒട്ടൊക്കെ സമതുലിതാവസ്ഥയിൽ വളർത്തിയെടുത്താൽമാത്രമാണ് പുരോഗതിയും വികാസവും ഉണ്ടാകാൻ കൂടുതൽ സാദ്ധ്യതയുള്ളതു്.

വികസിച്ചുവരുന്ന ഒരു ജനസംഖ്യയ്ക്കു താങ്ങായി വിഭവങ്ങൾ പ്രകൃതിപ്രദാനംചെയ്യുവെന്നതിൽ അമേരിക്ക തികച്ചും ഭാഗ്യവതി

പട്ടിക - 4

ജനസാന്ദ്രതയും ആളോഹരി ദേശീയ വരുമാനവും

| രാജ്യം | | | ജനസാന്ദ്രത[1] | ആളോഹരി ദേശീയ വരുമാനം[2] (അമേരിക്കൻഡോളറിൽ) |
|---|---|---|---|---|
| അമേരിക്ക[3] | ... | ... | 48 | 2722 |
| കനഡ | ... | ... | 5 | 1983 |
| സ്വിററ്സർലണ്ട് | ... | ... | 324 | 1510 |
| ആസ്ത്രേലിയ | ... | ... | 3 | 1424 |
| ബ്രിട്ടൻ | ... | ... | 547 | 1272 |
| ഫ്രാൻസ് | ... | ... | 209 | 1146 |
| പശ്ചിമജർമ്മനി | ... | ... | 543 | 1140 |
| നെതർലണ്ട്സ് | ... | ... | 893 | 898 |
| ഇററലി | ... | ... | 417 | 578 |
| ദക്ഷിണാഫ്രിക്ക | ... | ... | 30 | 412 |
| ക്യൂബ | ... | ... | 148 | 389 |
| ജപ്പാൻ | ... | ... | 641 | 350 |
| മെക്സിക്കോ | ... | ... | 43 | 293 |
| ബ്രസീൽ | ... | ... | 20 | 210 |
| ടർക്കി | ... | ... | 87 | 167 |
| ഫിലിപ്പൈൻസ് | ... | ... | 209 | 166 |
| സിലോൺ | ... | ... | 375 | 131 |
| നൈജീരിയ | ... | ... | 96 | 79 |
| ഇൻഡ്യ | ... | ... | 314 | 74 |
| ബർമ്മ | ... | ... | 77 | 53 |

1 ഒരു ചതുരശ്രനാഴികപ്രദേശത്തെ ജനസംഖ്യ — 1959-ലെ കണക്കു്.

2 International Co-operation Administration, Washington D. C., 1961. വ്യക്തിവരുമാനങ്ങളിലോ വ്യക്തിപരമായ ക്ഷേമത്തിലോ ഉള്ള നിലവാരങ്ങളുടെ ഉദ്ദേശം കണക്കുകളാണിവ.

3 അലാസ്കയും ഹവായിയും ഉൾപ്പെടെ.

*Sources:* U. N. Statistical Yearbook: 1960; Demographic Yearbook: 1959; International Co-operation Administration.

യാണ്. വ്യവസായവല്ക്കരണം വൎദ്ധമാനമായ തൊഴിൽസൗകര്യങ്ങൾ സൃഷ്ടിച്ചതിനെത്തുടൎന്ന് ഈ പുതിയ രാജ്യത്ത് സ്വന്തം അദ്ധ്വാനവും വൈദഗ്ദ്ധ്യവും ഉപയോഗിക്കുന്നതിനു സന്നദ്ധരായി ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും കുടിയേററക്കാർ വരികയുണ്ടായി. അങ്ങിനെ ഒരുവശത്ത് തൊഴിൽസേനയുടെ വളൎച്ചയും മറുവശത്ത് പ്രകൃതിവിഭവങ്ങളുടെയും വ്യവസായത്തിൻെറയും വികാസവും യോജിച്ചുകൊണ്ട് അമേരിക്കയിൽ ആളോഹരിവരുമാനത്തിന് ഒരു ഉയൎന്ന നിലവാരം സൃഷ്ടിക്കാൻ സഹായകമായിത്തീൎന്നു.

പരിമിതമോ, അഥവാ അപൎയ്യാപ്തമായി വികസിപ്പിക്കപ്പെട്ടവയോ ആയ പ്രകൃതിവിഭവങ്ങളിന്മേൽ ജനസംഖ്യ സമ്മൎദ്ദംചെലുത്തുന്ന പ്രദേശങ്ങളിൽ ഉല്പാദനോപഭോഗങ്ങളുടെ ആളോഹരിനിലവാരം താഴ്ന്നുപോകുന്നു. മിക്കവാറും ഏഷ്യൻരാജ്യങ്ങൾ നേരിടുന്ന പ്രയാസമിതാണ്. രാജ്യത്തിൻെറ വിപുലമായ ഭാഗങ്ങൾ വികസിപ്പിക്കപ്പെടാവുന്നവയാണെങ്കിലും, വിരളമായിമാത്രം ജനവാസമുള്ളവയാണെങ്കിൽ ആ രാജ്യത്തും ആളോഹരിവരുമാനം താഴ്ന്നിരിക്കും. ലാററിൻ അമേരിക്കയുടേയും ആഫ്രിക്കയുടേയും ചില ഭാഗങ്ങൾ ഇതിനു ദൃഷ്ടാന്തങ്ങളായെടുക്കാം. ഭക്ഷണത്തിൻേറയും അസംസ്കൃത പദാൎത്ഥങ്ങളുടേയും ആഭ്യന്തരോല്പാദനം അനുവദിക്കുന്നതിൽകവിഞ്ഞു വികാസം നേടിയിട്ടുള്ള യൂറോപ്പിലെ വ്യാവസായികമായി പുരോഗമിച്ച ചില രാജ്യങ്ങളിൽ ഉയൎന്ന ആളോഹരിവരുമാനം സാധിക്കുന്നതിനു പ്രധാന കാരണം ഇറക്കുമതിചെയ്യപ്പെടുന്ന അസംസ്കൃതപദാൎത്ഥങ്ങൾ അധികവും കയററി അയയ്ക്കപ്പെടേണ്ടവയായ സംസ്കൃത പദാൎത്ഥങ്ങളായി പാകപ്പെടുത്താനുള്ള അവയുടെ കഴിവാണ്.

## തൊഴിൽസേനയുടെ ഘടന

അമേരിക്കയിലെ ഇപ്പോഴത്തെ ജനസംഖ്യ 18.2 കോടിയിൽ പരമാണ്. സമീപവൎഷങ്ങളിൽ ഇതു് കൊല്ലത്തിൽ 1.8 ശതമാനം എന്ന നിരക്കിൽ വൎദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. 1960–ൽ സൈനികേതരജോലികളിൽ വ്യാപൃതരായിരുന്ന തൊഴിൽസേനയുടെ എണ്ണം 4.7 കോടിയോളം പുരുഷന്മാരും, 2.5 കോടിയോളം സ്ത്രീകളുമടക്കം 7.2 കോടിയായിരുന്നു. സൈനികേതര മനുഷ്യശക്തിയുടെ ഏതാണ്ട് 25 ശതമാനം ചരക്കുല്പാദനവ്യവസായങ്ങളിലും 20 ശതമാനം വിതരണം–മൊത്തം–ചില്ലറ വ്യാപാരങ്ങളിലും ഏതാണ്ട് 10 ശതമാനം കാൎഷികരംഗത്തും, 15 ശതമാനത്തോളം സൎക്കാർ സൎവ്വീസിലും 30 ശതമാനത്തോളം ഖനനം, കെട്ടിടനിൎമ്മാണം, മററു തൊഴിലുകൾ എന്നിവയിലുമാണ് ഏൎപ്പെട്ടിരുന്നതു്.

തൊഴിലാളികൾക്കു ജോലിചെയ്യാവുന്ന പ്രായം 16-ൽ താഴെ മുതൽ 60-നു മീതെവരെ നീണ്ടതാണെങ്കിലും 20 മുതൽ 60 വരെ പ്രായമുള്ളവരാണ് തൊഴിലാളികളിലധികഭാഗവും. കുട്ടികളെ ജോലിക്കെടുക്കുന്നതുസംബന്ധിച്ച ദൂഷ്യങ്ങൾ അമേരിക്കയിൽ ഫലത്തിൽ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. നിയമനിർമ്മാണത്തിനുപുറമെ, പതിനഞ്ചോ പതിനാറോവയസ്സു പ്രായമാകുന്നതുവരെ കുട്ടികൾ പതിവായി സ്കൂളിൽ പോകണമെന്ന് മിക്കവാറും സംസ്ഥാനങ്ങൾ അനുശാസിക്കുന്നുണ്ടെന്ന വസ്തുതയുമാണ് ഈ സ്ഥിതി സാദ്ധ്യമാക്കിത്തീർത്തത്. അങ്ങിനെ കുട്ടികളെ ജോലിക്കു നിയോഗിക്കുന്നതു സ്കൂൾവർഷക്കാലത്ത് ഭാഗികസമയതൊഴിലുകൾക്കും വേനൽ ഒഴിവുകാലത്ത് മുഴുവൻസമയതൊഴിലുകൾക്കുമെന്നനിലയിൽ പൊതുവെ പരിമിതപ്പെട്ടിരിക്കുന്നു. മറുവശത്ത് വൃദ്ധന്മാർക്കുള്ള സഹായങ്ങൾ, പെൻഷൻപദ്ധതികൾ, സ്വകാര്യ ഇൻഷുറൻസ് എന്നിവയുടെ രൂപത്തിൽ വ്യക്തിപരമായ സുരക്ഷിതത്വത്തിനുള്ള കൂടുതൽ ഏർപ്പാടുകൾ പ്രായക്കൂടുതലുള്ള പല തൊഴിലാളികൾക്കും ജോലിയിൽനിന്നു വിരമിക്കാൻ സഹായമായിത്തീർന്നിട്ടുണ്ട്. പക്ഷേ, ഇതു് കലർപ്പില്ലാത്ത ഒരനുഗ്രഹമല്ല. പ്രായാധിക്യംവന്നവർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു് ജോലിയിൽനിന്നും വിരമിച്ചിരിക്കണമെന്ന നിബന്ധന തങ്ങൾക്കു് ഊർജ്ജസ്വലമായ ആരോഗ്യമുള്ളപ്പോൾപോലും ജോലിചെയ്യാനുള്ള സൗകര്യം നിഷേധിക്കുകയാണെന്നു് അവരിൽ ചിലർക്കു് ആക്ഷേപമുണ്ട്. മുഴുവൻ സമയമോ ഭാഗികസമയമോ പ്രയോജനപ്രദമായവിധത്തിൽ ജോലിചെയ്യാൻ ഒരാൾക്കു കഴിയുന്ന പ്രായം ഉയർത്തുന്നതിൽ വൈദ്യശാസ്ത്രങ്ങൾക്കുണ്ടായിട്ടുള്ള നേട്ടങ്ങളോട്ട് അമേരിക്കയിലെ തൊഴിൽ വഴക്കങ്ങൾ ഇനിയും പൊരുത്തപ്പെടുത്തപ്പെട്ടുകഴിഞ്ഞിട്ടില്ല. എങ്കിലും തൊഴിൽസേനയിലുള്ള സ്ത്രീകളുടെ സംഖ്യയിൽ, പ്രത്യേകിച്ചും വിവാഹിതരായ സ്ത്രീകളുടേതിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്.

അമേരിക്കൻ തൊഴിൽസേനയുടെ പ്രമുഖമായ ഒരു സ്വഭാവം അതിന്റെ വംശവൈവിദ്ധ്യമാണ്. ആരംഭത്തിൽ കുടിയേററക്കാരടങ്ങുന്നതായിരുന്നു അമേരിക്കയിലെ ജനസംഖ്യ. കുടിയേററക്കാരും അവരുടെ മക്കളുംതന്നെയാണ് ഇപ്പോഴും ജനസംഖ്യയുടെ നല്ലൊരു ഭാഗം. 1920-ൽ ആരംഭിച്ച ദശകത്തിനുശേഷമുള്ള നിയമനിർമ്മാണം അമേരിക്കയിലേയ്ക്കു വൻതോതിലുള്ള കുടിയേററത്തെ വളരെയേറെ നിയന്ത്രിച്ചുവെങ്കിലും വിദേശീയരും അവരുടെ അമേരിക്കയിൽ ജനിച്ച മക്കളുംകൂടി 1950-ലും വെള്ളക്കാരുടെ മൊത്തം ജനസംഖ്യയുടെ നാലിലൊരുഭാഗം വന്നിരുന്നു. വെള്ളക്കാരായ തൊഴിലാളികളിൽ മൂന്നിലൊരുഭാഗവും ഇവരായിരുന്നു. (അനുബന്ധം 9-ാം പട്ടിക

നോക്കുക) ജനസംഖ്യയുടെ വംശവൈവിദ്ധ്യം അമേരിക്കയ്ക്കു പ്രത്യേകമായിട്ടുള്ളതല്ലെങ്കിലും സാമ്പത്തികപുരോഗതിക്ക് അതു നല്കിയിട്ടുള്ള സംഭാവന പ്രത്യേക പ്രാധാന്യമർഹിക്കുന്നുണ്ട്. വിവിധ രാജ്യങ്ങളിൽ നിന്നും സാംസ്കാരികപശ്ചാത്തലങ്ങളിൽനിന്നുമുള്ള കുടിയേററക്കാർ മഹത്തായ വിവിധ അഭിരുചികളും വിരുതുകളും, ഒരു പുതിയ രാജ്യത്ത് സ്വന്തമായ ഒരു പദവി നേടിയെടുക്കാനുള്ള ദൃഢനിശ്ചയവുമായാണ് അമേരിക്കയിലേയ്ക്കു വന്നതു്.

അമേരിക്കയുടെ ഭൂവിസ്തൃതി ഒരു ഭൂഖണ്ഡത്തിൻെറ ഒരു വലിയ ഭാഗമാകെ വ്യാപിച്ചുകിടക്കുന്നുവെന്ന വസ്തുതയിൽനിന്നുൽഭൂതമാകുന്നതത്രെ. ഉയന്ന ഉല്പാദനക്ഷമതയ്ക്കു സഹായകമായിട്ടുള്ള അമേരിക്കൻ തൊഴിൽസേനയുടെ രണ്ടാമത്തെ സവിശേഷത, രാഷ്ട്രാതിത്തികഠം ഒരിക്കൽപോലും കടക്കാതെ ന്യൂയോക്കിൽനിന്നും സാൻഫ്രാൻസിസ്കോയിലേയ്ക്കുള്ള 2500 നാഴിക ദൂരം സഞ്ചരിക്കാൻ ഒരാഠംക്കു കഴിയും. ഇതിന്നെതിരെ, യൂറോപ്പിൽ ഏതാണ്ടിത്രയുംദൂരംതന്നെ (ഉദാ: ലിസ്ബ്ബണിൽനിന്നു മോസ്കോവിലേയ്ക്ക്) സഞ്ചരിക്കുന്ന ഒരാഠംക്ക് ഏഴു രാജ്യാതിത്തികഠം കടക്കേണ്ടതായി വരും. എട്ടു വ്യത്യസ്തനാണയങ്ങഠം ഉപയോഗിക്കാൻ അയാഠം നിർബന്ധിതനായിത്തീരും. ഈയിടെയായി യാത്രയ്ക്കിടയിൽ അയാഠംക്ക് ഒരു "ഇരുമ്പുമറ" തുളച്ചുകടക്കേണ്ടതായി വരുന്നുമുണ്ട്.

അമേരിക്കയുടെ ഭൂഖണ്ഡവ്യാപകമായ ഈ വിസ്തൃതി ജനസംഖ്യയ്ക്കും തൊഴിൽസേനയ്ക്കും ഒരിടത്തുനിന്നു മറെറാരിടത്തേയ്ക്കു നീങ്ങുന്നതിന് യൂറോപ്പിലുള്ളതിനെക്കാഠം സൗകര്യം നൽകിയിട്ടുണ്ട്. ജനസംഖ്യ പെരുകുകയും സമ്പദ്‌വ്യവസ്ഥ വികസിക്കുകയും ചെയ്തതോടെ പുനരധിവാസത്തിന് പുതിയ പ്രദേശങ്ങഠം അതു തുറന്നുകൊടുക്കുകയുണ്ടായി. യൂറോപ്പിലെ ജനസംഖ്യയുടെ വിതരണത്തിൽ കഴിഞ്ഞ ദശകങ്ങളിലുണ്ടായിട്ടുള്ള മാററങ്ങഠം പൂർവ്വയൂറോപ്പിലെ സ്വാഭാവികജനസംഖ്യയുടെ ഉയന്ന വികാസനിരക്കുകളെയാണ് അധികവും പ്രതിഫലിപ്പിക്കുന്നതു്. എന്നാൽ അമേരിക്കയിലാകട്ടെ, ജനസംഖ്യയുടെ വിതരണത്തിൽ വ്യത്യാസം വരുത്തിയിട്ടുള്ളതു് അധികവും ആഭ്യന്തരമായ കുടിയേററമാണ്.

ഭൂമിശാസ്ത്രപരമായി ഉയന്നതോതിലുള്ള ഈ ചലനക്ഷമതയുമായി അമേരിക്കയിൽ തൊഴിൽപരമായി ഉയന്ന ചലനസാദ്ധ്യത പൊരുത്തപ്പെട്ടുപോയിട്ടുണ്ട്. ഒരു സവിശേഷതയെന്നോണം, തങ്ങളുടെ പൂർവ്വികന്മാർ ഏർപ്പെട്ടിരുന്ന തൊഴിലുകഠംതന്നെ തുടന്നുവത്തിക്കാൻ ധാർമ്മികമായും സാമൂഹ്യമായും സാമ്പത്തികമായുമുള്ള യാതൊരു





4

**അമേരിക്കയിലെ ജനസംഖ്യ**

പ്രദേശാടിസ്ഥാനത്തിലുള്ള വിതരണം, 1880, 1960

(മൊത്തം ജനസംഖ്യയുടെ ശതമാനം)




*Source:* **Bureau of the Census, U. S. Department of Commerce Washington, D. C.**

പ്രേരണയും അമേരിക്കക്കാർ ഒരുകാലത്തും അംഗീകരിച്ചിട്ടില്ല. ജനങ്ങൾക്ക തൊഴിലുകൾ മാറുന്നതിനുള്ള സൗകര്യങ്ങൾ എല്ലാക്കാലത്തും നിലനിന്നുപോന്നിട്ടുണ്ട്. തൊഴിൽപരമായ ചലനസാദ്ധ്യത ഉപയോഗിക്കുന്നതിനെ അമേരിക്കനാചാരം എല്ലാക്കാലത്തും ശക്തിയായി അനുകൂലിച്ചിട്ടുമുണ്ട്. കുറഞ്ഞ ഉല്പാദനത്തോതുള്ള വ്യവസായങ്ങളിൽനിന്നും താഴ്ന്ന കൂലിനിരക്കുകളുള്ള തൊഴിലുകളിൽനിന്നും കൂടുതൽ ഉയൻ്റ ഉല്പാദനനിരക്കുകളുള്ള വ്യവസായങ്ങളിലേക്കും കൂടുതൽ ഉയൻ്റ ശമ്പളത്തോതുകളുള്ള തൊഴിലുകളിലേക്കും മാറുന്നത് ഈ മനോഭാവം തൊഴിൽസേനയ്ക്ക് അനായാസകരമാക്കിയിട്ടുണ്ട്. സമാനമായ സാങ്കേതികരീതികൾ നിലവിലുള്ള മററു ചില രാജ്യങ്ങളെ അപേക്ഷിച്ച് അമേരിക്കയിലെ ഉല്പാദനക്ഷമത കൂടുതൽവേഗത്തിൽ എന്തുകൊണ്ടുയരുന്നുവെന്നു വിശദീകരിക്കാൻ തൊഴിലാളികളുടെ ഈ ഉയൻ്റ ചലനക്ഷമത സഹായകമാണ്.

അമേരിക്കയിലെ തൊഴിലാളികൾക്കും മററു ചില രാജ്യങ്ങളിലെ തൊഴിലാളികൾക്കുമിടയ്ക്ക് ഉല്പാദനക്ഷമതയിലുള്ള ഈ അതുല്യത കഴിവുകളിലുള്ള നൈസർഗ്ഗിക വ്യത്യാസങ്ങളിൽനിന്നുണ്ടാകുന്നതല്ല. ചരിത്രപരമോ ഭൂമിശാസ്ത്രപരമോ ആയ—പ്രത്യേകസാഹചര്യങ്ങൾ ഓരോ രാഷ്ട്രത്തിനും സ്വന്തമായുണ്ട്. ഓരോ രാജ്യത്തിലേയും തൊഴിൽസേനയുടെ പ്രത്യേക അഭിരുചികൾക്കും വിരുതുകൾക്കും ഈ സാഹചര്യങ്ങളാണ് കാരണം. സ്കാൻഡിനേവിയായിലെപ്പോലെ സമുദ്രതീരത്തുപാക്കുന്ന ജനത വലിയ നാവികന്മാരും മീൻപിടിത്തക്കാരുമായിത്തീരുന്നു. അവർ കടലിന്നടുത്താണെന്നതും ജനസംഖ്യ വർദ്ധിക്കുന്നതോടെ തങ്ങളുടെ രാജ്യത്ത് ശുഷ്കിക്കുന്ന വിഭവങ്ങളുടെ അപര്യാപ്തത നികത്തേണ്ടതാവശ്യമായി വരുന്നുവെന്നതുമാണ് ഇതിനു കാരണം. അതുപോലെതന്നെ, ഉക്രെയിനിലെ കൃഷിക്കാരൻ ഗോതമ്പുകൃഷിചെയ്യുന്നത് കാൻസാസിലെ കൃഷിക്കാരൻെറ കാര്യത്തിലെന്നപോലെ സ്വാഭാവികമാണ്. ഇരുപ്രദേശങ്ങളിലുമുള്ള പരന്ന സമതലങ്ങളും ശീതോഷ്ണസ്ഥിതികളും ഈ വിളയുടെ ഉല്പാദനത്തിന് അത്യന്തം ഉതകിയതാണെന്നതാണു കാരണം.

## അമേരിക്കൻ തൊഴിലാളികളുടെ ആരോഗ്യവും പരിശീലനവും

നല്ല ആഹാരം, മെച്ചപ്പെട്ട ജീവിതസൌകര്യങ്ങൾ, ഇവയോടൊപ്പം ബാല്യത്തിലും യൌവ്വനത്തിലും ധാരാളം ശുദ്ധവായുവും കായികവിനോദങ്ങളും എന്നിവയാണ്, ഒരുപക്ഷേ, പകവതവന്ന ഒരു തൊഴി

ലാളിയ്ക്കു് നല്ല ഒരു ശരീരഘടന പ്രദാനംചെയ്യുന്ന ഏററവും പ്രധാന ഘടകങ്ങൾ. കൂടുതൽ പര്യാപ്തമായ ആഹാരങ്ങൾ രൂപപ്പെടുത്തുന്നതിലും എല്ലാ വയഃവിഭാഗങ്ങളിലുംപെട്ട അമേരിക്കക്കാർക്കും കൂടുതൽ ആരോഗ്യകരമായ ജീവിതസൌകര്യങ്ങളും വൈദ്യശുശ്രൂഷയും നല്കുന്നതിലും അടുത്ത ദശകങ്ങളിൽ ഭീമമായ പുരോഗതിയുണ്ടായിട്ടുണ്ടു്. തൽഫലമായി കായികബലത്തിലും വീര്യത്തിലുംവന്ന അഭിവൃദ്ധി അമേരിക്കയിലെ തൊഴിലാളികളുടെ ഉല്പാദനക്ഷമതയിൽ ഗണ്യമായ വർദ്ധനവിനു കാരണമായിത്തീൎന്നു.

എങ്കിലും അമേരിക്കയിൽ ഇന്നു നിലവിലുള്ള ആരോഗ്യസ്ഥിതി ഇനിയും ധാരാളം അഭിവൃദ്ധിപ്പെടുത്താൻ കഴിയുമെന്നവസ്തുതയെ ഈ പുരോഗതി മറയ്ക്കരുതു്. തൊഴിൽസംബന്ധമല്ലാത്ത താല്ക്കാലിക അപകടങ്ങളും രോഗങ്ങളുംമൂലം, മൊത്തം ലഭ്യമായ മനുഷ്യദിവസങ്ങളിൽ ശരാശരി രണ്ടുശതമാനത്തോളം നഷ്ടപ്പെടുന്നുണ്ടെന്നാണു് കണക്കു്. വൈദ്യശുശ്രൂഷയും ഗവേഷണവും തുടൎന്നഭിവൃദ്ധിപ്പെടുത്തേണ്ടതാവശ്യമാണെന്നു് ഇതു സൂചിപ്പിക്കുന്നു. സമീപദശകങ്ങളിലായി കൂടുതൽ പരിഗണനന, ഇപ്പോഴും അപര്യാപ്തമാണെങ്കിലും, ലഭിച്ചുവരുന്ന ആരോഗ്യത്തിൻെറ മറെറാരുവശം മാനസികാരോഗ്യത്തെ സംബന്ധിച്ചുള്ളതാണു്. മാനസികമായി ആരോഗ്യമുള്ള സതപവാന്മാരേയും ആരോഗ്യമുള്ള ശരീരങ്ങളും വളത്തിയെടുക്കുന്നതാണാപ്രശ്നം. രണ്ടാംലോകയുദ്ധകാലത്തു് നിർബ്ബന്ധിത സൈന്യസേവനത്തിനു് തിരഞ്ഞെടുക്കപ്പെട്ടവരിൽ 25 ശതമാനത്തിലധികംപേരെ പരിശോധനയ്ക്കുശേഷം സായുധസേനാവിഭാഗം തിരസ്കരിക്കുകയുണ്ടായി. സൈനികസേവനത്തിനു് അവശ്യം ഉണ്ടായിരിക്കേണ്ട ഏററവും കുറഞ്ഞ ശാരീരികയോഗ്യതകൾ അവക്കില്ലാത്തതായിരുന്നു കാരണം. മറെറാരു അഞ്ചുശതമാനം വിദ്യാഭ്യാസപരമോ മാനസികമോ ആയ കുറവുകളുടെപേരിലും തിരസ്കരിക്കപ്പെട്ടു. ശാരീരികവും മാനസികവുമായ ആരോഗ്യസേവനങ്ങളിൽ ഇനിയും അഭിവൃദ്ധി കൈവരുത്തേണ്ടതാവശ്യമാണെന്നു് ഈ രേഖതന്നെ വ്യക്തമായി കാണിക്കുന്നുണ്ടു്.

ഫാക്ടറികളും ഓഫീസുകളും വർദ്ധമാനമായതോതിൽ ആധുനിക സാങ്കേതികരീതികൾ ഏപ്പെടുത്തുന്നതോടെ ഒരു സാധാരണതൊഴിലാളിക്കുവേണ്ട ബുദ്ധി, വിദ്യാഭ്യാസം, പരിശീലനം എന്നിവയുടെ നിലവാരങ്ങളും ഉയരും. യൂറോപ്യൻതൊഴിലാളി പരമ്പരാഗതമായ ചില പ്രത്യേക ശില്പവൈദഗ്ദ്ധ്യങ്ങളിലും അമേരിക്കൻതൊഴിലാളി പൊതുവൈദഗ്ദ്ധ്യത്തിലും കഴിവിലും മുന്തിനിൽക്കുന്നുവെന്നതു് ഒരുപക്ഷേ ശരിയാണു്. അങ്ങിനെ ആധുനിക സ്വയം പ്രവത്തകയന്ത്രങ്ങളുമായി അമേരിക്കൻതൊഴിലാളി കൂടുതൽ എളുപ്പത്തിൽ ഇണങ്ങിപ്പോ

യേക്കാം. പക്ഷേ, സൂക്ഷ്മവ്യവസായങ്ങളിൽ വേണ്ടത്രപരിശീലനം സിദ്ധിച്ചിട്ടുള്ള അമേരിക്കൻതൊഴിലാളികൾ ഇപ്പോൾ വളരെ കുറവാണ്.

സൌജന്യ പബ്ലിക് സ്കൂൾ വിദ്യാഭ്യാസം അമേരിക്കയിൽ എല്ലാവർക്കും ലഭിക്കുന്നു. പ്രാഥമികനിലവാരത്തിനുപുറമേ സെക്കണ്ടറിസ്കൂൾനിലവാരത്തിലും, പല നഗരങ്ങളിലും കോളേജുനിലവാരമോ സർവ്വകലാശാലയോവരെ പോലും, സൌജന്യവിദ്യാഭ്യാസം ലഭ്യമാണ്. പ്രൈമറി-സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഏറെക്കുറെ സാർവ്വജനീനസ്വഭാവവും സ്കൂൾപ്രായക്കാർക്കിടയിൽ കോളേജ്-സർവ്വകലാശാലാവിദ്യാർത്ഥികളുടെ ഉയരുന്ന തോതും അമേരിക്കയിൽ വിദ്യാർത്ഥികളുടെ പ്രവേശനപട്ടികയുടെ ഉയന്ന ശതമാനനിരക്കിൽ വ്യക്തമാകുന്നുണ്ട്. 1960-ൽ സൈനികേതരതൊഴിൽകാരിൽ പകുതിയിലധികവും ചുരുങ്ങിയതു് നാലുകൊല്ലത്തെ ഹൈസ്കൂൾ പരിശീലനമെങ്കിലും പൂർത്തിയാക്കിയവരായിരുന്നു. നാലോ അതിൽക്കൂടുതലോ വർഷം കോളേജുവിദ്യാഭ്യാസംനേടിയ തൊഴിലാളികളുടെ എണ്ണം 1940-നും 1960-നുമിടയ്ക്കു് ഇരട്ടിയിലധികം ഉയന്നിട്ടുണ്ട്. പക്ഷേ,

ചാർട്ടു് – 10.

**ഡോക്ടർമാരും ജനങ്ങളും — അനുപാതം**

| രാജ്യം | ഒരു ഡോക്ടർ പരിസേവിക്കേണ്ട ജനങ്ങളുടെ സംഖ്യ |
|---|---|
| അമേരിക്ക | 800 |
| ആസ്ത്രിയ | 610 |
| പശ്ചിമജർമ്മനി | 730 |
| ന്യൂസിലാണ്ടു് | 750 |
| കനഡ | 950 |
| ബ്രിട്ടൻ | 1030 |
| സ്വീഡൻ | 1180 |
| ഈജിപ്തു് | 2900 |
| ബൊളീവിയ | 4000 |
| ഇൻഡ്യ | 5100 |
| പാകിസ്ഥാൻ | 15400 |
| നൈജീറിയ | 40000 |
| ഇൻഡോനേഷ്യ | 102000 |

*Source:* **United Nations Statistical Yearbook.**

വിദ്യാലയപ്രവേശനത്തിലുള്ള വർദ്ധന ഫലപ്രദമായി കൈകാര്യം ചെയ്യാനും ആധുനികസാങ്കേതികശാസ്ത്രത്തിന്റെ വിദ്യാഭ്യാസാവശ്യങ്ങൾ നിർവഹിക്കാനും അമേരിക്കയിൽ ഇന്നുള്ള വിദ്യാഭ്യാസസൌകര്യങ്ങൾ അപര്യാപ്തമാണ്. ഈ പ്രശ്നം അമേരിക്ക മനസ്സിലാക്കിയിട്ടുണ്ട്. മാത്രമല്ല, ഇന്നത്തെ ആവശ്യങ്ങളുമായി വിദ്യാഭ്യാസനിലവാരങ്ങൾ ഇണക്കിക്കൊണ്ടുപോകുന്നതിന് ദൃഢനിശ്ചയത്തോടെ പ്രവർത്തനമാരംഭിച്ചിട്ടുള്ള പല അല്പവികസിതരാജ്യങ്ങളേയും മററു മിക്കവാറും വ്യാവസായികരാഷ്ട്രങ്ങളേയുംപോലെ അമേരിക്കയും പ്രശ്നങ്ങൾ പരിഹരിച്ചുതുടങ്ങിയിട്ടുണ്ട്.

വിദ്യാഭ്യാസനിലവാരത്തെക്കുറിച്ച് ഇപ്പോൾ ലഭ്യമായകണക്കുകൾകൊണ്ടുമാത്രം വിവിധരാജ്യങ്ങളിലെ തൊഴിലാളികൾക്കു ലഭിച്ചുവരുന്ന പരിശീലനത്തെ വ്യക്തമായി താരതമ്യംചെയ്യാൻ സാധിക്കുകയില്ല. (അനുബന്ധം 10-ാം പട്ടിക നോക്കുക.) ഉദാഹരണത്തിന്, തൊഴിലാളിയാകാനിടയുള്ള ഒരാളുടെ ഔപചാരികവിദ്യാഭ്യാസം യൂറോപ്പിന്റെ പല്ഭാഗങ്ങളിലും ഏതാണ്ട് എട്ടൊമ്പതുകൊല്ലങ്ങളിലെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പതിനാലോ പതിനഞ്ചോ വയസ്സിൽ അവസാനിക്കുന്നു. സാമ്പത്തികാവശ്യങ്ങളുടെ പ്രേരണമൂലം, മിക്കവാറും സെക്കണ്ടറിസ്കൂളുകളിൽ വിദ്യാഭ്യാസത്തിന് ഫീസു കൊടുക്കണമെന്നതുകൊണ്ട് പ്രത്യേകിച്ചും, പല വിദ്യാർത്ഥികളും പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാകുന്നതോടെ തൊഴിലാളികളായി മാറുന്നുണ്ട്. എങ്കിലും, പ്രാഥമികസ്കൂൾനിലവാരത്തിൽ വേണ്ടത്ര സാങ്കേതികവിദ്യാഭ്യാസമില്ലാത്തതിനാൽ കൂടുതൽ ഉല്പാദനക്ഷമമായ ഒരു തൊഴിൽസേനയ്ക്കാവശ്യമായ സാങ്കേതികവൈദഗ്ധ്യങ്ങൾ വളർത്തുന്നതിനുവേണ്ടി പല രാജ്യങ്ങളും നീണ്ട തൊഴിൽപഠനകാലവും തൊഴിൽ പരിശീലനക്ലാസ്സുകളും നല്കിവരുന്നുണ്ട്.

ഉദാഹരണത്തിന്, ജർമ്മനിയിൽ തൊഴിൽപഠനകാലം പൂർത്തിയാക്കിയ ഒരു തൊഴിലാളിക്ക് കൂടുതൽ ഉയർന്ന പരിശീലനവും വിദ്യാഭ്യാസവും നൽകാൻ സാങ്കേതികവിദ്യാലയങ്ങൾ (**Fachschulen**) സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇംഗ്ലണ്ടിൽ ജൂനിയർ സാങ്കേതികവിദ്യാലയങ്ങൾ ചെറുപ്പക്കാരായ തൊഴിലാളികളെ പ്രത്യേക വ്യവസായങ്ങൾക്കും തൊഴിലുകൾക്കും ശര്യാറാക്കുന്നു. സോവ്യററയൂണിയനിൽ നാലുകൊല്ലത്തെ പൊതു-പ്രത്യേക പരിശീലനം നൽകുന്ന പ്രത്യേക സ്കൂളുകൾ (**Technicums**) ഏർപ്പെടുത്തപ്പെട്ടിട്ടുണ്ട്. പൊതുവിദ്യാലയങ്ങൾ നൽകുന്ന ഏററവും കുറഞ്ഞ പരിശീലനത്തിനുപരിയുള്ള വിദ്യാഭ്യാസപരിശീലനവും സിദ്ധാന്തപരവും സാങ്കേതികവുമായ കൂടുതൽ വിപുലമായ വിദ്യാഭ്യാസവും ഈ വിദ്യാലയങ്ങൾ നൽകുന്നു.

യൂറോപ്പിലെ തൊഴിൽപരിശീലനവിദ്യാലയങ്ങളും തൊഴിൽപഠന പരിപാടികളും പ്രധാനമായും ഉന്നംവെക്കുന്നതു്, ഇക്കാലത്തെ ഫാക്ടറികളിലുള്ള സങ്കീർണ്ണമായ ഉപകരണങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമുള്ള വിദഗ്ദ്ധതൊഴിലാളികളുടെയും അർദ്ധൗദ്യോഗിക സാങ്കേതികപ്രവർത്തകരുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിലാണു്. ഇത്തരം വിദ്യാലയങ്ങൾ അമേരിക്കയിൽ താരതമ്യേന കുറവാണു്.

ചെറുപ്പക്കാരായ തൊഴിലാളികൾക്കു് സാങ്കേതികമായ അനുഭവജ്ഞാനം നൽകുന്നതിനും തൊഴിൽവിദ്യാലയങ്ങളിൽനിന്നു ലഭിച്ച പരിശീലനത്തിൻെറ കുറവു് നികത്തുന്നതിനും അമേരിക്കയിൽ കൂടുതൽ ആശ്രയിക്കുന്നതു് തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾതന്നെ പരിശീലനം നൽകുന്ന പരിപാടികളെയാണു്. തൊഴിലാളികളെ അവരുടെ പുതിയ ചുമതലകൾ നിർവ്വഹിക്കാൻ തയ്യാറാക്കുന്നതിനു് പല ഫാക്ടറികളും സംഘടനകളും പ്രത്യേക പരിശീലനപരിപാടികൾ ഏർപ്പെടുത്തിയിട്ടുണ്ടു്. തൊഴിലിനുപുറമെയുള്ള പരിപാടികളെന്ന നിലയിലല്ല ഇവ കണക്കാക്കപ്പെടുന്നതു്. മറിച്ചു്, തൊഴിലിൽ തന്നെ തൊഴിലാളിയെ പഠിപ്പിക്കുന്നതിനോടു ചേർന്ന് ഒരുഭാഗമായി ഈ പരിപാടികൾ നടത്തപ്പെടുന്നു. തൊഴിലിലേർപ്പെട്ടിരിക്കുമ്പോൾ തന്നെ പരിശീലനം നൽകുന്നതിൻെറ പ്രാഥമികലക്ഷ്യം ടെക്നിക്കുകളും ഫാച്സൂചുലെനകളും ചെയ്യുന്നതുപോലെ അർദ്ധൗദ്യോഗിക സാങ്കേതികപ്രവർത്തകരുടെ ഒരു സംഘത്തെ സൃഷ്ടിക്കുകയെന്നതല്ല. മറിച്ചു്, ഈ പരിപാടി പുതിയ തൊഴിലാളിയെ അയാൾ നിർവ്വഹിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്ന കടമകളും ഫാക്ടറിയുടെയോ സ്ഥാപനത്തിൻെറയോ പൊതുവായ പ്രവർത്തനങ്ങളുമായി പരിചയപ്പെടുത്തുകയാണു ചെയ്യുന്നതു്. യന്ത്രവല്ക്കരണത്തിൻെറയും സ്വയംപ്രവർത്തകയന്ത്രത്തിൻെറയും വ്യാപകമായ പുരോഗതിയും യന്ത്രങ്ങളുടെ കേടുപാടുകൾ പോക്കുന്നവരും സംരക്ഷിക്കുന്നവരുമായ തൊഴിലാളികൾക്കുള്ള വളർന്നുവരുന്ന ആവശ്യവും ഇന്നത്തെ തൊഴിൽപരിശീലനരീതിയുടെപ്പുറം പോകുന്നതും എന്നാൽ പൂർണ്ണമായ എൻജിനീയറിംഗ് വിദ്യാഭ്യാസം ആവശ്യമില്ലാത്തതുമായ ഒരുതരം സാങ്കേതികപരിശീലനത്തിനു് കൂടുതൽ പ്രാധാന്യമുണ്ടാക്കാനിടയുണ്ടു്.

## തൊഴിലാളികളുടെ മനോഭാവങ്ങൾ

തൊഴിലാളിവർഗ്ഗത്തിൻേറതെന്നു പൊതുവേ പറയാവുന്ന ഒരൊററ മനോഭാവം അമേരിക്കയിലില്ല. മറിച്ചു്, പല ഗ്രൂപ്പുകളുടെയും വിഭി

ന്നങ്ങളായ മനോഭാവങ്ങളാണവിടെയുള്ളത്. സമീപകാലത്തെ കുടിയേററക്കാരും അമേരിക്കയിൽ ജനിച്ച തൊഴിലാളികളും തമ്മിലും, ഒരുപ്രദേശത്തെ തൊഴിലാളികളും മററൊരു പ്രദേശത്തുള്ളവരും തമ്മിലും, വെള്ളക്കാരായ തൊഴിലാളികളും വെള്ളക്കാരല്ലാത്തവരും തമ്മിലും വീക്ഷണങ്ങളിലും അഭിപ്രായങ്ങളിലും വ്യത്യാസങ്ങളുണ്ട്. എങ്കിലും അമേരിക്കൻ തൊഴിലാളികളുടെ മനോഭാവങ്ങളിൽ പൊതുവായ ചില സവിശേഷതകൾ വേർതിരിഞ്ഞു കാണാവുന്നതാണ്. തൊഴിലാളിയൂണിയനുകളുടെ ഉദ്ദേശങ്ങളും പ്രവത്തനങ്ങളും സംബന്ധിച്ചുള്ള അമേരിക്കൻ തൊഴിലാളികളുടെ വീക്ഷണങ്ങളിൽ ഈ സവിശേഷതകളധികവും വെളിപ്പെടുന്നുണ്ട്.

ഏഴുകോടി ഇരുപതുലക്ഷം തൊഴിലാളികളടങ്ങുന്ന ഒരു തൊഴിൽസേനയിൽ ഏതാണ്ട് ഒരുകോടി എണ്പതുലക്ഷം അമേരിക്കക്കാർ യൂണിയനംഗങ്ങളാണ്. ചരക്കുല്പാദനവ്യവസായങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളിൽ പകുതിയോളംപേർ യൂണിയനംഗങ്ങളാണ്. ഉയൎന്ന കൂലിനിരക്കുകളും മെച്ചപ്പെട്ട തൊഴിൽസാഹചര്യങ്ങളും നേടുകയെന്ന പ്രധാനലക്ഷ്യത്തെ മുൻനിൎത്തി രൂപീകൃതവും നിലനിൎത്തപ്പെട്ടുവരുന്നതുമായ ഒരു സംഘടനയാണ് സാധാരണഗതിയിൽ അമേരിക്കൻ തൊഴിലാളിയൂണിയൻ. തികച്ചും സ്വതന്ത്രമായ ഒരു സംഘടനയാണത്; ഗവമ്മെണ്ടോ തൊഴിലുടമകളോ വളൎത്തുന്നതോ നിയന്ത്രിക്കുന്നതോ അല്ല.

മററു രാജ്യങ്ങളിൽ, പ്രത്യേകിച്ചും മദ്ധ്യയൂറോപ്പിൽ, കൂടുതൽ പൊതുസ്വഭാവമുള്ള ഒരു തൊഴിലാളിപ്രസ്ഥാനത്തിൻെറ ഒരുഭാഗം മാത്രമായാണ് ചരിത്രപരമായി തൊഴിലാളിയൂണിയനുകൾ വളൎന്നുവന്നത്. രാഷ്ട്രീയകക്ഷികൾ, ഉപഭോക്തൃസഹകരണസംഘങ്ങൾ എന്നിവയും, പലപ്പോഴും സാംസ്കാരിക-കായിക-വിനോദസംഘടനകളും ഈ പ്രസ്ഥാനത്തിൻെറ മററു ഭാഗങ്ങളായിരുന്നു. സമൂഹത്തിൻെറ പൊതുവായ നേട്ടങ്ങൾ "ഉന്നതവൎഗ്ഗങ്ങളു"മായി സമതുപാടിസ്ഥാനത്തിൽ അനുഭവിക്കാത്ത, ഒരു സ്വന്തം സാംസ്കാരിക-സാമൂഹ്യജീവിതം വളൎത്തിയെടുക്കാൻ നിർബന്ധിതമായ ഒരു പ്രത്യേകവൎഗ്ഗത്തിൽപ്പെടുന്നവരാണ് തങ്ങളെന്ന് തൊഴിലാളികൾ സ്വയമേവയും, മററുള്ളവരും, വീക്ഷിച്ചതിനെത്തുടൎന്നാണ് വിദേശത്തെ ഇത്തരം പൊതുസ്വപ്രസ്ഥാനങ്ങൾ രൂപംകൊണ്ടതു്.

നേരേമറിച്ച് അമേരിക്കയിലാകട്ടെ, രാഷ്ട്രത്തിലെ മററു വൎഗ്ഗങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു പ്രത്യേകവൎഗ്ഗത്തിലെ അംഗമാണ് താനെന്ന് അമേരിക്കൻതൊഴിലാളി സ്വയം കണക്കാക്കുന്നില്ല. ഒരു

തൊഴിലാളിയെന്ന നിലയിൽ അയാൾക്കു പ്രത്യേക സാമ്പത്തിക താല്പര്യങ്ങളുണ്ടു്. സുദൃഢവും സുശക്തവുമായ ഒരു തൊഴിലാളിസംഘടന ഈ താല്പര്യങ്ങൾ സജീവമായി പുലർത്തണമെന്നു് അയാൾ ആഗ്രഹിക്കുന്നു. നേരിട്ടുള്ള ഈ താല്പര്യങ്ങൾ മാററിനിർത്തിയാൽ, മററുള്ളവരുടെ കാര്യത്തിലെന്നപോലെതന്നെ, തന്റെ പ്രത്യേക തൊഴിലിനെയും സാമ്പത്തികപദവിയെയും അടിസ്ഥാനപ്പെടുത്തിയല്ല തൊഴിലാളി ഒരു രാഷ്ട്രീയകക്ഷിയെയും പള്ളിയെയും മററു സംഘടനകളെയും തിരഞ്ഞെടുക്കുന്നതു്. ഉല്പാദനപ്രക്രിയയിൽ ഒരു പുരുഷനോ സ്ത്രീക്കോ ഉള്ള സ്ഥാനത്തെ ആസ്പദമാക്കിക്കൊണ്ടുള്ള സാമ്പത്തികവർഗ്ഗമെന്ന ഏതെങ്കിലും ആശയത്തെക്കാൾ, ദേശീയവും സാംസ്കാരികവുമായ ഉല്പത്തി, മതപരമായ ബന്ധങ്ങൾ, പ്രാദേശികമോ സ്ഥാനീയമോ ആയ കൂറുകൾ, മററു പൊതുതാല്പര്യങ്ങൾ എന്നിവ ജനങ്ങൾക്കിടയിൽ ബലത്തരമായ സാമൂഹ്യബന്ധങ്ങൾ അമേരിക്കയിൽ സൃഷ്ടിച്ചിട്ടുണ്ടു്.

തൊഴിലാളിപ്രസ്ഥാനത്തെ സർവ്വാശ്ലേഷിയായ ഒരു ജീവിതരീതിയായി അമേരിക്കൻതൊഴിലാളി കണക്കാക്കുന്നില്ലെങ്കിലും തന്റെ സാമ്പത്തികതാല്പര്യങ്ങൾക്കുവേണ്ടി യൂണിയൻ ശക്തിയായി പോരാടുമെന്നു് അയാൾ പ്രതീക്ഷിക്കുന്നു. 1930-ൽ ആരംഭിച്ച ദശകത്തിനുശേഷം യൂണിയനംഗത്വത്തിൽ അത്ഭുതാവഹമായ വർദ്ധനവാണുണ്ടായിട്ടുള്ളതു്. കൂലിക്കൂടുതൽ, ഒഴിവുസമയം, പലതരം ചില്ലറ ആനുകൂല്യങ്ങൾ എന്നിവയുടെ രൂപത്തിലുള്ള ഗണ്യമായ നേട്ടങ്ങൾ തൊഴിലാളികൾക്കു നേടിക്കൊടുക്കാൻ യൂണിയനുകൾക്കു കഴിഞ്ഞിട്ടുമുണ്ടു്. നിത്യവൃത്തിക്കാവശ്യമുള്ള ഏററവും ചുരുങ്ങിയ ജീവിതനിലവാരത്തിലേറെ ഒരു ശരാശരി അമേരിക്കൻതൊഴിലാളി നേടുന്നുണ്ടെങ്കിലും കൂടുതൽ ഭൗതികനേട്ടങ്ങൾ അയാളാഗ്രഹിക്കുന്നു. സൗകര്യം ലഭിക്കുമ്പോൾ അയാൾ കൂടുതൽസമയം ജോലിചെയ്യുന്നുണ്ടു്. സാധാരണ ജോലിക്കു കിട്ടുന്നതിനേക്കാൾ അമ്പതുശതമാനം ഉയർന്ന വേതനം ഉപരിസമയത്തെ ജോലിക്കു കിട്ടുമെന്നതാണു കാരണം. ശരാശരി തൊഴിൽവാരം 35 മണിക്കൂറായി കുറച്ചിട്ടുള്ള ചില വ്യവസായങ്ങളിലെ പല തൊഴിലാളികളും, തങ്ങളുടെ പ്രാഥമികതൊഴിലിൽനിന്നുതന്നെ പര്യാപ്തമായ വേതനം ലഭിക്കുന്നുണ്ടെങ്കിൽക്കൂടി, ഭാഗികസമയതൊഴിലുകളും സ്വീകരിച്ചിട്ടുണ്ടു്.

സ്വന്തം അഭിവൃദ്ധി തേടാൻ തൊഴിലാളികൾക്കു സ്വാതന്ത്ര്യമുള്ള എല്ലാ രാജ്യങ്ങളിലുമെന്നപോലെ അമേരിക്കയിലും തൊഴിലാളി-തൊഴിലുടമ തർക്കങ്ങൾ ഉണ്ടാകുന്നുണ്ടു്. കഴിഞ്ഞ രണ്ടു ദശക

ങ്ങളായി തൊഴിൽബന്ധങ്ങൾ മെച്ചപ്പെട്ടതിനെത്തുടർന്ന് മാനേജ്മെണ്ടും തൊഴിലാളികളും തമ്മിലുള്ള ഒട്ടേറെ അഭിപ്രായവ്യത്യാസങ്ങളും ദൈനംദിന കൂട്ടായ വിലപേശലോ മാദ്ധ്യസ്ഥമോവഴി ഒതുക്കി ത്തീർത്തിട്ടുണ്ട്. പണിമുടക്കുകൾ ഇടയ്ക്കിടയ്ക്ക് ഉണ്ടായിട്ടില്ലെന്ന് ഇതിന്നർത്ഥമില്ല. എന്നാൽ യൂണിയൻപ്രസ്ഥാനത്തിൻെറ ആദ്യകാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞ വൈരാഗ്യത്തോടും സാഹസികതയോടു കൂടിയാണ് അവ നടത്തപ്പെട്ടിട്ടുള്ളത്. 1956-1960 കൊല്ലങ്ങളിൽ അമേരിക്കയിൽ ജോലിചെയ്യപ്പെട്ട മൊത്തം പ്രയത്നദിനങ്ങളിൽ ഒരുശതമാനത്തിൻെറ മൂന്നിലൊന്ന് ശരാശരി നഷ്ടം തൊഴിലാളി–മാനേജ്മെണ്ട് തക്കങ്ങളെത്തുടർന്നുള്ള തൊഴിൽസ്തംഭനങ്ങൾമൂലം ഉണ്ടായിട്ടുണ്ട്. അമേരിക്കയിലെ ഈ സ്ഥിതി തൊഴിലാളികൾക്കു പണിമുടക്കാൻ സ്വാതന്ത്ര്യമുള്ള മററു രാജ്യങ്ങളുടേതിൽനിന്നും വളരെ വ്യത്യസ്തമല്ല. (അനുബന്ധം 11-ാംപട്ടിക നോക്കുക.)

തൊഴിൽകരാറിലെ എതിർകക്ഷിയെന്ന നിലയിലാണ് തൊഴിലാളികൾ മാനേജ്മെണ്ടിനെ കണക്കാക്കുന്നത്. തങ്ങൾക്ക് ഏററവും അനുകൂലമായ വ്യവസ്ഥകൾ നേടുന്നതിന് അവർ ശക്തിയായി പോരാടുകയും ചെയ്യുന്നു. എന്നാൽ അതേസമയത്തുതന്നെ, മാനേജ്മെൻറിനും തങ്ങൾക്കുമുള്ള പൊതുതാല്പര്യത്തേയും അവർ അംഗീകരിക്കുന്നുണ്ട്. സമ്പന്നമായ ഒരു വ്യവസായത്തിന്നുമാത്രമേ ഉയർന്ന കൂലിയും മററു തൊഴിലാനുകൂല്യങ്ങളും നൽകാൻകഴിയൂ എന്ന് അവർ മനസ്സിലാക്കുന്നുണ്ട്. ഈ മനോഭാവത്തിൻെറ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് മാനേജ്മെൻറ് സുഖകരമായ തൊഴിൽസാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും നിലനിർത്തുന്നതിനും ഗണ്യമായ യത്നവും പണവും നിക്ഷേപിക്കുന്നു. ഭൗതികവും മനശ്ശാസ്ത്രപരവുമായ തൊഴിൽസാഹചര്യങ്ങൾ തുടർച്ചയായി അഭിവൃദ്ധിപ്പെടുത്തുന്നതിലൂടെ വളരെയേറെ ഫാക്ടറികൾ ഉല്പാദനം വദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇതിനു പ്രതികരണം തൊഴിലാളികളിലും കണ്ടുവരുന്നു. ഒരു മികച്ച ഉല്പന്നത്തിൽ ഉൾക്കൊള്ളുന്ന തൊഴിൽമഹത്വത്തെ ഒരഭിമാനമെന്നോണം പല ഫാക്ടറികളിലേയും തൊഴിലാളികൾ വളർത്തിയെടുത്തിട്ടുണ്ട്. മാത്രമല്ല, പല ഫാക്ടറികളിലും ഭരണനിർവ്വഹണം മെച്ചപ്പെടുത്തുന്നതിൽ അവർ സജീവവും നിർമ്മാണപരവുമായ താല്പര്യമെടുത്തിട്ടുമുണ്ട്. മാനേജ്മെണ്ടിൻേറയും തൊഴിലാളികളുടേയും ഭാഗത്തുനിന്നു പ്രകടമായ പരസ്പരതാല്പര്യത്തിൻേറയും സഹകരണത്തിൻേറയും മനോഭാവം സമാധാനപരമായ രീതികളിൽ കൂട്ടായവിലപേശൽവഴി തക്കങ്ങൾ പരിഹരിക്കുന്നതിനു സഹായിച്ചുവെന്നതിന്നുപുറമെ, ഉല്പാദനപ്രക്രിയകൾ മെച്ചപ്പെടുത്തുന്നതിൽ കൂടുതൽ സജീവതാല്പര്യമെടുക്കു

ന്നതിന് തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുന്നതുവഴി അവരുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും സഹായകമായിത്തീർന്നിട്ടുണ്ടെന്നാണ് നാഷണൽപ്ലാനിങ്ങ് അസോസിയേഷൻ നടത്തിയ അനേകം തൊഴിൽത്തർക്കകേസുപഠനങ്ങൾ കാണിച്ചിട്ടുള്ളതു്.

പുതിയ സാങ്കേതികരീതികൾ ഏർപ്പെടുത്തുന്നതിന് ആവശ്യപ്പെടുന്നതിലും തൊഴിലാളികളെ ഉല്പാദനത്തിന് ഉപയോഗിക്കുന്നതിന് കൂടുതൽ കാര്യക്ഷമമായ രീതികളേർപ്പെടുത്തുക, പരിശീലനരീതികൾ പരിഷ്കരിക്കുക, തൊഴിലാളികൾക്ക് കൂടുതൽ ഉത്തരവാദപ്പെട്ട നിയോഗങ്ങൾ നിശ്ചയിക്കുക, ശ്രദ്ധാന്തിപൂർവ്വമായ മേലന്വേഷണം ഏർപ്പെടുത്തുക എന്നീ കാര്യങ്ങളിലും പല യൂണിയനുകളും സജീവമായി പ്രവർത്തിച്ചിട്ടുണ്ടെന്നതു ശരിയാണ്. എങ്കിലും അപൂർവ്വം തൊഴിലാളിയൂണിയനുകളുടെ നിലപാടുകൾ പാഴ്ച്ചിലവ് ഒഴിവാക്കുന്നതിനുള്ള നടപടികളെ ഇപ്പോഴും വിഘാതപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഉദാഹരണത്തിന്, ചില യൂണിയനുകൾ തങ്ങളുടെ തൊഴിലിലേക്ക് നവാഗതർ പ്രവേശിക്കുന്നതിനെ തടയാൻ ഇപ്പോഴും ശ്രമിച്ചുവരുന്നു. തൊഴിലാളികൾക്കു നൽകപ്പെട്ട സുഖസൗകര്യങ്ങൾ ചില വ്യവസായങ്ങളിൽ തൊഴിൽകാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കിയെന്നതല്ലാതെ, ഉല്പാദനത്തിൽ സമാനമായ വർദ്ധനവുണ്ടാക്കാൻ പര്യാപ്തമായിട്ടില്ല. വ്യയഹേതുകവും പഴഞ്ചനുമായ അത്തരം ദുശ്ശീലങ്ങൾ, പ്രത്യേകിച്ചും 1930–ൽ ആരംഭിച്ച ദശകത്തിലെ ഭീകരമായ തൊഴിലില്ലായ്മക്കാലത്തു്, കെട്ടിടനിർമ്മാണം, ഗതാഗതം, വിനോദം എന്നീ വ്യവസായങ്ങളെ അത്യന്തം പീഡിപ്പിച്ചു. ഈ ദുശ്ശീലങ്ങൾ ഇപ്പോഴും നിശ്ശേഷം മാറിയിട്ടില്ലെങ്കിലും കഴിഞ്ഞ ദശകത്തിലെ ഉയർന്ന തൊഴിൽസാഹചര്യങ്ങളുടെ ഫലമായി കുറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്.

മൊത്തത്തിൽ, ഉല്പാദനക്ഷമതയിലുള്ള വർദ്ധന യഥാർത്ഥ കൂലിനിരക്കുകളിൽ വർദ്ധനയുണ്ടാകാനുള്ള സാദ്ധ്യത സൃഷ്ടിക്കുന്നതിനുപുറമെ, സാമ്പത്തികവളർച്ച പോഷിപ്പിക്കാൻ അത്യാവശ്യമാണെന്നും തൊഴിലാളികൾക്കു ബോദ്ധ്യമായിരിക്കുന്നു. എങ്കിലും സാങ്കേതികമുന്നേററങ്ങളുടെ ഫലമായുണ്ടാകുന്ന തൊഴിൽമാററങ്ങളുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും പൂർണ്ണതൊഴിൽസാഹചര്യം വളർത്തുന്നതിനും ഉപകരിക്കുന്ന നയങ്ങൾ ഗവമ്മെൻറും മാനേജുമെണ്ടുകളും ആവിഷ്കരിക്കണമെന്ന് യൂണിയൻനേതാക്കൾ ന്യായമായും സ്ഥിരമായും ശഠിച്ചുവരുന്നു. അമേരിക്ക സന്ദർശിച്ചിട്ടുള്ള വിദേശതൊഴിലാളിയൂണിയൻപ്രതിനിധികൾ, ഏററവും സമീപകാലത്തെ പരിഷ്കരണമായ സ്വയംപ്രവർത്തകയന്ത്രമടക്കമുള്ള സാങ്കേതികമുന്നേററ

ങ്ങളുടെനേരെ അമേരിക്കൻതൊഴിലാളികഠം അനുവത്തിക്കുന്ന യാഥാത്ഥ്യബോധത്തോടുകൂടിയ മനോഭാവത്തിൽ തങ്ങഠംക്കുള്ള അത്ഭുതം ആവത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്.

---

അപ്പോഠം ചുരുക്കത്തിൽ, തൊഴിലാളികളുടെ സങ്കരവംശ സ്വഭാവത്തേയും ചലനക്ഷമതയേയും ബാധിക്കുന്ന ചരിത്രപരമോ ഭൂമിശാസ്ത്രപരമോ ആയ പ്രത്യേക സാഹചര്യങ്ങളുടെമാത്രം ഫലമല്ല അമേരിക്കൻതൊഴിലാളികളുടെ ഉല്പാദനക്ഷമതയിലുള്ള വളച്ച്. തൊഴിൽസേനയുടെ ശാരീരികവീര്യം, തൊഴിലാളികളുടെ വിദ്യാഭ്യാസവും പരിശീലനവും, ജോലി, ഒഴിവുസമയം, പരിഷ്കരണങ്ങഠം എന്നിവയോടുള്ള മനോഭാവം എന്നിവയേയും അതു് ആശ്രയിക്കുന്നുണ്ടു്. അമേരിക്കൻ വ്യവസായത്തിലുള്ള ഉയന്ന ഉല്പാദനക്ഷമതയ്ക്കു നിദാനമായ പ്രധാനഘടകങ്ങളിൽ ഈ മനോഭാവവും ഉഠംപ്പെടുന്നു. എന്നാൽ ഈ പ്രധാന്യമുണ്ടെങ്കിലും, ഉല്പാദനക്ഷമതയിൽ വിവിധരാജ്യങ്ങഠംക്കിടയിലുള്ള വ്യത്യാസങ്ങഠംക്കു് അമേരിക്കൻ തൊഴിലാളികളുടെ ഈ വിശേഷതകഠംമാത്രം പൂണ്ണമായ വിശദീകരണമാകുകയില്ല.

# ബിസിനസ് മാനേജ്മെൻറ് IV

ബിസിനസ് മാനേജ്മെണ്ടിൻെറ കൃത്യങ്ങളിലും സ്വഭാവത്തിലും ഉണ്ടായിട്ടുള്ളതിനേക്കാം കൂടുതൽ അടിസ്ഥാനപരമായ മാററങ്ങൾ കഴിഞ്ഞ അരനൂററാണ്ടിനുള്ളിൽ അമേരിക്കൻ സാമ്പത്തികജീവിതത്തിൻെറ മറെറാരുവശത്തിലുമുണ്ടായിട്ടില്ല. ഈ പരിവത്തനം നിസ്സംശയമായും അമേരിക്കൻ ഉല്പാദനക്ഷമതയുടെ അതിവേഗത്തിലുള്ള വളച്ച്യയിൽ ഒരു പ്രധാന ഘടകമാണ്. അമേരിക്കയിലെ ഉല്പാദന നിവ്വഹണരീതികളിൽനിന്ന് കമ്യൂണിസത്തിനു് ധാരാളം പഠിക്കാനുണ്ടെന്നു് സോവിയററുറഷ്യയുടെ നേതാക്കന്മാർ ആവത്തിച്ചും തറച്ചും പ്രസ്താവിച്ചിട്ടുള്ളതു് ഒരുപക്ഷേ അത്ഥവത്താണ്. എന്നാൽ അതേസമയത്തുതന്നെ, "അരാജകത്വസംഘടന" അനുസ്യൂതമായ കുഴപ്പങ്ങളിൽക്കൂടി മുതലാളിത്തസമ്പ്രദായത്തെ അന്തിമമായ വിനാശത്തിലേക്കു് നയിക്കാതിരിക്കുകയില്ലെന്ന മാർക്സിസ്റ്റ്സിദ്ധാന്തം ഉരുവിടുന്നതു് അവർ ഒരിക്കലും നിത്തിവെച്ചിട്ടുമില്ല.

അമേരിക്കയുടെ സാമ്പത്തിക-സാമൂഹ്യജീവിതത്തിൽ വ്യവസായനടത്തിപ്പിനുള്ള സ്ഥാനം കൃത്യമായി വിലമതിക്കാൻ പ്രയാസമാണ്. വ്യത്യസ്തഭരണസമ്പ്രദായങ്ങൾ ഒരേസമയത്ത് നിലവിലുണ്ടെന്നതാണതിനു കാരണം. നൂറില്പരം വഷങ്ങൾക്കുമുമ്പു് വ്യവസായങ്ങൾ ഏതു രീതിയിലാണോ നടത്തപ്പെട്ടിരുന്നതു്, ഏതാണ്ട് അതേ രീതിയിൽത്തന്നെ നടത്തപ്പെട്ടുവരുന്ന ചില വ്യവസായങ്ങൾ ഇപ്പോഴുമുണ്ട്. ഒരു വലിയഭാഗം സ്ഥാപനങ്ങളുടെയും ഉടമസ്ഥന്മാരും നടത്തിപ്പുകാരും ഇപ്പോഴും സ്ഥാപകന്മാരുടെ മക്കളോ പേരക്കിടാങ്ങളോ ആണ്. പക്ഷേ, പുതിയ ബിസിനസ്‌രീതികളും സങ്കേതങ്ങളും പ്രയോഗിക്കുന്നതിൽ പരിചയംനേടിയിട്ടുള്ള ഉദ്യോഗസ്ഥന്മാർ വ്യവസായനടത്തിപ്പു് നിവ്വഹിക്കുന്നതിനുള്ള ഒരു പ്രവണത ഇപ്പോൾ വ്യക്തമായി കാണാനുണ്ട്.

19-ാം നൂററാണ്ടിൻെറ ഉത്തരാദ്ധത്തിൽ പല വ്യവസായതല്പരരും ഉടമസ്ഥതയുടെയും നടത്തിപ്പിൻെറയും കുടുംബാടിസ്ഥാനത്തിലുള്ള രീതികൾ പൊളിച്ചുമാററി റെയിൽ, ഉരുക്കു്, ചെമ്പു്, തടി, ഖനി എണ്ണ, നഗരങ്ങളിലെ സ്ഥാവരവസ്തുക്കൾ, ബാങ്കിംഗ്, കപ്പൽ ഗതാഗതം, ചില്ലറവ്യാപാരം എന്നിവയിൽ വലിയ ബിസിനസ് സാമ്രാജ്യങ്ങൾതന്നെ സൃഷ്ടിക്കുകയുണ്ടായി. മാത്സയ്യപ്രവത്തനങ്ങളിൽ നിർദ്ദാക്ഷിണ്യമേപ്പെട്ടിരുന്ന "മുരടന്മാരായ വ്യക്തിനിഷ്ടക്കാരാ"യിരുന്ന

ഇവർ. കണക്കില്ലാത്തത്ര സമ്പത്താർജ്ജിക്കുകയും പലപ്പോഴും കുത്തകവ്യാപാരരീതികളിലേർപ്പെടുകയും തന്മൂലം ജനകീയവിമർശനത്തിന്നിരയായിത്തീരുകയുംചെയ്തിരുന്നവരാണിവർ.

19-ാം നൂററാണ്ടിന്റെ അവസാനദശകങ്ങളിലും, 20-ാംനൂററാണ്ടിന്റെ ആദ്യദശകങ്ങളിലും ഈ വിമർശനം പ്രത്യേകിച്ചും ശക്തിയായി പ്രകടിപ്പിക്കപ്പെട്ടിരുന്നു. "കവർച്ചപ്രഭുക്ക"ളെന്നുപറയപ്പെട്ടിരുന്ന ഇവരുടെ അക്കാലത്തെ സമ്പൽപ്രതാപവും സുഖലോലുപതയും താഴ്ന്ന കാർഷികവിലകളുടെ ഫലമായി ക്ലേശിച്ചിരുന്ന കർഷകരുടേയും താഴ്ന്ന കൂലിനിരക്കുകളുടേയും മോശവും അരക്ഷിതവുമായ തൊഴിൽസാഹചര്യങ്ങളുടേയും ഫലമായി ദുരിതമനുഭവിച്ചിരുന്ന കുടിയേററക്കാരായ തൊഴിലാളികളുടേയും സ്ഥിതിക്ക് കടകവിരുദ്ധമായിരുന്നു. കൂററൻ വ്യവസായ സാമ്രാജ്യങ്ങളെക്കുറിച്ചുള്ള ജനകീയ വിമർശനങ്ങളുടെ ഫലമായി ട്രസ്ററുവിരുദ്ധനിയമങ്ങളും മററു നിയന്ത്രണനടപടികളും അംഗീകരിക്കപ്പെട്ടു. ഇത്തരം നിയമനിർമ്മാണങ്ങൾ അനഭിലഷണീയമായ പല ശീലങ്ങളും തടഞ്ഞുനിർത്തിയെങ്കിലും വ്യാവസായികവും ധനപരവുമായ ഈ സ്ഥാപനങ്ങൾ കെട്ടിയുയർത്തിയതുവഴി അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ പുരോഗതിക്ക് അവർ ചെയ്ത സംഭാവനകൾക്കു വിരാമമിട്ടില്ല. ഇവരിൽ പലരുടേയും ഭാവനാപരമായ പ്രതിഭയ്ക്കും തീവ്രമായ സ്വാർത്ഥതാല്പര്യത്തിനും സൃഷ്ടിപരവും വിനാശകരവുമായ വശങ്ങളുണ്ടായിരുന്നു. ചെറുകർഷകരുടേയും കുലീനരായ തോട്ടമുടമകളുടേയും ചെറുശില്പികളുടേയും ഒരു രാഷ്ട്രത്തെ ഭൂഖണ്ഡവ്യാപകവും അഖിലലോകപ്രാധാന്യവുമുള്ള, മഹത്തും സമ്പന്നവുമായ ഒരു വ്യാവസായികശക്തിയായി രൂപാന്തരപ്പെടുത്താൻ ഇവർ സഹായിച്ചിട്ടുണ്ട്.

വിചിത്രംതന്നെ, നാമിപ്പോഴും 19-ാംശതകത്തിലെ കവർച്ചപ്രഭുക്കളോടാണ് ഏററവുമടുത്തതെന്ന മൂകമായ ധാരണയോടെയാണ് ആധുനിക ബിസിനസ് മാനേജ്മെൻറിനെസംബന്ധിച്ചുള്ള ചില ചർച്ചകൾ നടത്തപ്പെടുന്നത്. നിലവിലുള്ള അമേരിക്കൻ സമ്പ്രദായത്തിന്റെ മാർക്സിസ്ററുവിമർശകന്മാർ മാത്രമല്ല ഇപ്രകാരം എഴുതുകയും പറയുകയും ചെയ്യുന്നത്. മറഞ്ഞുപോയ ഈ മുരടന്മാരായ വ്യക്തിനിഷ്ഠക്കാരുടെ സ്വാർത്ഥനിർഭരമായ ആക്രമണസ്വഭാവത്തെ തുടർന്നും പുകഴ്ത്തുമ്പോൾ അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ ചില സ്തുതിപാഠകന്മാരും ചെയ്യുന്നത് അതേ അബദ്ധംതന്നെയാണ്. കാരണങ്ങൾ നേരെ എതിരായിരിക്കാമെന്നേയുള്ളു. അന്നത്തെ കവർച്ചപ്രഭുക്കളുടെ ഇന്നത്തെ പിന്തുടർച്ചക്കാർ അന്നത്തേതിൽനിന്നും തികച്ചും വ്യത്യസ്തമായ സംഘടനായോഗ്യതയുടേയും സാമൂഹ്യ ഉത്തരവാദിത്വ

ത്തിൻേറയും പൊതുജനാഭിപ്രായത്തോടുള്ള ആദരവിൻേറയും മാന ദണ്ഡങ്ങൾ സ്വായത്തമാക്കിയിട്ടുള്ളവരാണ്.

## ചെറുതും വലുതും വ്യവസായങ്ങളുടെ സവിശേഷതകൾ

അമേരിക്കയിലെ സമകാലീന സമ്പദ്‌വ്യവസ്ഥയെ യാദൃച്ഛിക മായി വീക്ഷിക്കുന്ന ഒരാൾക്കു് ഉല്പാദനത്തിലും വിതരണത്തിലും കൂററൻ കോർപ്പൊറേഷനുകൾക്കാണ് പ്രാമുഖ്യമെന്ന ധാരണയാണുണ്ടാകുക. കൂററൻ കോർപ്പൊറേഷൻ സുപ്രധാനമാണെങ്കിലും ഉല്പാദന-വിതര ണരംഗങ്ങളുടെ ആധിപത്യം അതിന്നില്ലെന്ന് കൂടുതൽ സൂക്ഷ്മമായ പരിശോധനയിൽ ബോദ്ധ്യമാകും. 1959 ജൂണിൽ അവസാനിച്ച നികുതിവർഷത്തിൽ അമേരിക്കയിൽ നികുതിക്കണക്കുകൾ സമർപ്പി ക്കുന്ന ഉദ്ദേശം പത്തുലക്ഷം സജീവകോർപ്പൊറേഷനുകളുണ്ടായിരുന്നു. ഇതിൽ 2200 കോർപ്പൊറേഷനുകൾക്കു് അഞ്ചുകോടിയിലധികം ഡോളർവീതം ആസ്തിയുണ്ടായിരുന്നു. മൊത്തം ആസ്തികളുടെയും

പട്ടിക – 5

ആസ്തിവിഭാഗങ്ങൾ സമർപ്പിക്കുന്ന കോർപ്പൊറേഷൻ നികുതിക്കണക്കുകൾ—നികുതിവർഷം 1958–59

| | സമർപ്പിക്കപ്പെട്ട കണക്കുകൾ (ആയിരം) | (%) | മൊത്തം ആസ്തികൾ (%) | മൊത്തം പിരിവ് (%) | മൊത്തം വരുമാനം (%) |
|---|---|---|---|---|---|
| 10 ലക്ഷം ഡോളറിന്നു താഴെയുള്ള ആസ്തികൾ | 867·0 | 87·6 | 10·7 | 28·8 | 9·8 |
| 10 ലക്ഷം ഡോളർമുതൽ 500 ലക്ഷം ഡോളർവരെ | 58·4 | 5·9 | 27·3 | 30·2 | 27·9 |
| 5 കോടി ഡോളറും അതിന്നു മുപരിയുമുള്ള ആസ്തികൾ | 2·2 | ·2 | 62·0 | 40.0 | 61·9 |
| ആകെ | 927·6 | 93·7 | 100·0 | 99·0 | 99·6 |
| ആസ്തികൾ ശൂന്യമായോ റിപ്പോർട്ടുചെയ്യപ്പെടാത്ത വയായോ ആയ കണക്കുകൾ | 62·7 | 6·3 | — | 1·0 | ·4 |
| മൊത്തം കോർപ്പൊറേഷൻ നികുതിക്കണക്കുകൾ | 990·3 | 100·0 | 100·0 | 100·0 | 100 0 |

*Source:* **Statistics of Income for 1958/59, U. S. Treasury Department, Washington D. C., 1961.**

മൊത്തം അററാദായങ്ങളുടേയും 62 ശതമാനത്തോളം ഈ വൻകിടകോർപ്പൊറേഷനുകളുടെതായിരുന്നുവെങ്കിലും എല്ലാഅമേരിക്കൻ കോർപ്പൊറേഷനുകളുടേയും മൊത്തം വില്പനകളിൽ 40 ശതമാനം മാത്രമായിരുന്നു അവയുടെ ഓഹരി. ഈ കണക്കുകൾ ഏററവും വലിയ 2200 കോർപ്പൊറേഷൻകൾക്കുള്ള പ്രാധാന്യം കാണിക്കുമ്പോൾതന്നെ, വൻകിടവർഗ്ഗത്തിൽപെടാത്ത വലിയൊരുവിഭാഗം കോർപ്പൊറേഷനുകളേയും വെളിച്ചത്തുകൊണ്ടുവരുന്നുണ്ട്.

ഉത്സാഹവും വൈഭവവുമുള്ള ഒരു വ്യക്തിക്ക് സ്വന്തം വാസനയും ധൈര്യവുമുപയോഗിച്ച് ബിസിനസ്സിൽ സ്ഥാനമുറപ്പിക്കാനും സ്വന്തം മേലാളനായിത്തീരാനും കഴിയുന്ന ഒരു സമൂഹമാണ് അമേരിക്കക്കാർ വിഭാവനംചെയ്യുന്നത്. ഒരു ഉരുക്കുനിർമ്മാണശാലയോ മോട്ടോർവാഹനഫാക്ടറിയോ എണ്ണശുദ്ധീകരണശാലയോ തുടങ്ങുന്നതിന്നാവശ്യമായ സാമ്പത്തികശേഷി നേടുകയെന്നതു് ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഇന്നു പ്രായേണ അസാദ്ധ്യമാണു്. എന്നാൽ മററുവ്യവസായശാഖകളിലും വ്യാപാരത്തിലും സേവനരംഗങ്ങളിലും ചെറുതോ ഇടത്തരമോ ബിസിനസ്സുകൾ സ്ഥാപിക്കാനുള്ള ധാരാളം സൌകര്യങ്ങളുണ്ടു്. വ്യക്തമായ സ്ഥിതിവിവരക്കണക്കുകൾ ഇക്കാര്യത്തിലില്ലെങ്കിലും ചെറുകിടബിസിനസ് സമാരംഭങ്ങൾക്കുള്ള സൌകര്യങ്ങൾ സമീപദശകങ്ങളിൽ ഗണ്യമായി ചുരുങ്ങിയതായി തോന്നുന്നില്ല.

സാമ്പത്തികചാഞ്ചല്യങ്ങൾക്ക് കൂടുതൽവേഗം വശംവദരാകുന്നതു് കൂററൻ കോർപ്പൊറേഷനുകളേക്കാൾ ചെറിയ കോർപ്പൊറേഷനുകളാണെന്നു് ലാഭസാദ്ധ്യതയെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നുണ്ടു്. നിക്ഷേപിത മൂലധനത്തിന്മേലോ സ്റ്റോക്കിൻെറ ഓരോ ഓഹരിയിന്മേലോ ലഭിക്കുന്ന ആദായത്തിൻെറ അടിസ്ഥാനത്തിൽ നോക്കിയാൽ ചെറിയകോർപ്പൊറേഷനുകളുടെ ലാഭനിരക്ക് വലിയവയുടേതിനേക്കാൾ പൊതുവെ താഴ്ന്നതാണെന്നും കണക്കുകൾ കാണിക്കുന്നു. ചെറിയ കോർപ്പൊറേഷനുകളുടെ ഉടമസ്ഥന്മാർ കമ്പനികളുടെ മൂലധനത്തിൽ തങ്ങളുടെ ഓഹരികളിന്മേലുള്ള ലാഭവിഹിതമെന്നതിനേക്കാൾ മേലന്വേഷണവേതനങ്ങളുടെ രൂപത്തിൽ തങ്ങൾക്ക് സ്വയമോ സ്വന്താം കുടുംബാംഗങ്ങൾക്കോ ലാഭം വിതരണം ചെയ്യുന്നുണ്ടെന്നവസ്തുത സ്ഥാപനങ്ങളുടെ കുറഞ്ഞ ലാഭനിരക്കുകൾക്ക് ഭാഗികമായെങ്കിലും കാരണമായിത്തീരുന്നുണ്ടു്.

ചെറിയസ്ഥാപനമോ വലിയസ്ഥാപനമോ കൂടുതൽ കാര്യക്ഷമമെന്ന ചോദ്യം വളരെയേറെ വിവാദങ്ങൾക്കു വിഷയമായിട്ടുണ്ടു്. വലിയ കോർപ്പൊറേഷനുകൾക്ക് കൂടുതൽ വായ്പാസൌകര്യമുണ്ടെന്നും

ചിലവേറിയ ഗവേഷണത്തിനും വികസനപദ്ധതികൾക്കും പരസ്യത്തിനും പണമിറക്കാൻ കൂടുതൽ കഴിവുണ്ടായിരിക്കുമെന്നും പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളാണ്. എങ്കിലും ഈ മേന്മകൾ തട്ടിക്കഴിക്കത്തക്കവിധത്തിൽ വലിയകോർപ്പൊറേഷനുകൾ ഉദ്യോഗസ്ഥമേധാവിത്വസ്വഭാവമുള്ളവയും അയവില്ലാത്തവയുമാണെന്ന് സാധാരണപറയാറുണ്ട്. പൊതുജനങ്ങളുടെ കൺമുമ്പിൽ വർത്തിക്കുന്ന ഒരു സ്ഥാപനമെന്നനിലയിൽ ജനമദ്ധ്യത്തിലുള്ള തങ്ങളുടെ പ്രതിരൂപം മെച്ചപ്പെടുത്തുന്നതിലേക്കായി ഗണ്യമായതോതിൽ പണം ചിലവാക്കാൻ പല വലിയ കോർപ്പൊറേഷനുകളും നിർബദ്ധരാകുന്നു. പരാജയം സംഭവിക്കുന്നപക്ഷം ഡയറക്ടർമാരിൽനിന്നും ഉണ്ടാകാവുന്ന വിമർശനം ഭയപ്പെട്ട് വലിയകോർപ്പൊറേഷനുകളുടെ മാനേജർമാർ പുതിയ സമാരംഭങ്ങളിൽനിന്നും ഒഴിഞ്ഞുമാറുന്നുവെന്നുപോലും ചിലർ അസന്ദിഗ്ദ്ധമായിത്തന്നെ പ്രസ്താവിക്കുന്നുണ്ട്. അമേരിക്കയിലെ യഥാർത്ഥഅനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ അഭിപ്രായങ്ങൾ പരിശോധിക്കുന്നതാവശ്യമാണ്.

വായ്പരംഗത്ത് വലിവുണ്ടാകുന്ന അവസരങ്ങളിൽ വിശേഷിച്ചും, ആവശ്യമായ വായ്പകൾ ലഭിക്കുന്നതിന് ചെറു–ഇടത്തരം ബിസിനസ്സ്ഥാപനങ്ങൾക്ക് വലിയവയേക്കാൾ സാദ്ധ്യത കുറവാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ അവയ്ക്കനുഭവപ്പെട്ട വൈഷമ്യങ്ങൾ ഇതു തെളിയിക്കുന്നു. വായ്പനൽകുന്ന സ്ഥാപനങ്ങൾ, പ്രത്യേകിച്ചും ബാങ്കുകൾ, ചിരകാലമായി നിലനിന്നുവരുന്ന വായ്പാമാർഗ്ഗങ്ങളും ഗണ്യമായ ആസ്തികളുമുള്ള കൂടുതൽ വലിയ വായ്പക്കാരന് മുൻഗണനനൽകാനാണ് സ്വാഭാവികമായും സന്നദ്ധമായിരിക്കുക. ഇതിനുപുറമെ, ചെറിയസ്ഥാപനങ്ങൾക്ക് തേമാനനിധി, വീതിക്കാത്ത ലാഭം തുടങ്ങി മൂലധനം ശേഖരിക്കാനുപകരിക്കുന്ന ആഭ്യന്തരതുറകളിൽനിന്നും വേണ്ടതുപണം ലഭിക്കാനുള്ള സാദ്ധ്യതയില്ലെന്ന വസ്തുതയും അവയുടെ ഒരു പോരായ്മയാണ്. ഇതിന്നെതിരെ, വലിയ കോർപ്പൊറേഷനുകളുടെ ധനപരമായ ആവശ്യങ്ങളധികവും ഈ തുറകളിൽനിന്നുള്ള സംഖ്യയുപയോഗിച്ച് എളുപ്പത്തിൽ നിർവ്വഹിക്കാം.

വലിയകോർപ്പൊറേഷനുകൾക്കുള്ള ചില മേന്മകളെ തട്ടിക്കഴിക്കാനുള്ള ഒരു പ്രവണത ചെറിയ ബിസിനസ്സ്ഥാപനങ്ങളുടെ ചില സവിശേഷതകൾക്കുണ്ട്. സംഘടനയുടെ ആയമൃതയും ഏതു സംഭവവികാസത്തെയും സന്ദർഭാനുസരണം നേരിടാൻ മാനേജ്മെണ്ടിനുള്ള കഴിവുമാണ് ഈ സവിശേഷതകൾ. ഇവയാണ് കൂടുതൽ പ്രാമുഖ്യമുള്ള ചെറിയ കോർപ്പൊറേഷനുകൾക്ക് ബിസിനസ്സിൽ വിജയം നേടിക്കൊടുത്തതും കൂടുതൽ ധനശേഷിയുള്ള വലിയ എതിർസ്ഥാപ


ങ്ങളോട്ട് മത്സരിക്കാൻ കഴിവുണ്ടാക്കിയതും. താരതമ്യേന പുതിയ പല വ്യവസായരംഗങ്ങളിലും ചെറിയ കമ്പനികളാണ് സാങ്കേതിക മുന്നേററങ്ങളുടെ മുൻനിരയിൽ വർത്തിക്കുന്നത്. എലക്ട്രോണിക യന്ത്രങ്ങൾ, സ്വയം പ്രവർത്തകയന്ത്രത്തിനുള്ള ഉപകരണങ്ങൾ, നിയന്ത്രിതവാണങ്ങൾക്കുള്ള ചില ഭാഗങ്ങളും പദാർത്ഥങ്ങളും, മററുതരത്തി

ചാർട്ട് – 11.

## നികുതികൊടുക്കുന്നതിനുമുമ്പ് സമർപ്പിക്കപ്പെടുന്ന കണക്കുകളുടെ ശരാശരി വാർഷികനിരക്ക്

### അമേരിക്കൻ വ്യവസായകോർപ്പൊറേഷനുകൾ ആസ്തികളുടെ വലിപ്പത്തിൽ

(ലാഭങ്ങൾ സ്റ്റോക്ക് ഉടമകളുടെ ഇക്വിററിയുടെ ശതമാനമെന്നനിലയിൽ,




*Source:* അനുബന്ധം 12-ാം പട്ടിക കാണുക.

ലുള്ള ദേശീയപ്രതിരോധപ്രവർത്തനങ്ങൾ എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. പുറമെ, നാടകളാൽ നിയന്ത്രിക്കപ്പെടുന്ന യാന്ത്രിക പണിയായുധങ്ങൾ, ചിലവുകുറഞ്ഞ എലക്ട്രോണിക് ഗണനയന്ത്രം എന്നിവപോലുള്ള സാങ്കേതികനേട്ടങ്ങൾ സ്വയംപ്രവർത്തകസമ്പ്രദായത്തെ ഇടത്തരംസ്ഥാപനങ്ങൾക്കു കൈകാര്യം ചെയ്യാവുന്നവിധം അവയോട് കൂടുതൽകൂടുതൽ അടുപ്പിച്ചുവരുന്നുണ്ട്. വായ്പലഭിക്കാനുള്ള സാദ്ധ്യത, ഗവേഷണം പരസ്യം എന്നിവയ്ക്കു പ്രാധാന്യമില്ലാത്തിടങ്ങളിൽ ചെറിയ കോർപ്പറേഷനുകളും വലിയവയും തമ്മിൽ മത്സരിക്കുന്നതിനുള്ള കഴിവ് നിർണ്ണയിക്കുന്നത് അവയുടെ വലിപ്പത്തിലുള്ള അന്തരമല്ല. എങ്കിലും സമീപവർഷങ്ങളിലുണ്ടായിട്ടുള്ള ഏററവും അസാധാരണവും ഭാവനാപൂർണ്ണവുമായ സമാരംഭങ്ങളിലധികവും വലിയ കോർപ്പറേഷൻകളുടെ പ്രവർത്തനഫലമാണെന്ന പരമാർത്ഥം അംഗീകരിക്കപ്പെടേണ്ടതുണ്ട്. ഉദാഹരണത്തിന് ട്രാൻസിസ്റ്ററുകൾക്കു രൂപംനൽകപ്പെട്ടതു് ഒരു വലിയ കോർപ്പറേഷൻെറ പരീക്ഷണശാലയിൽ വെച്ചാണ്. പക്ഷേ കണ്ടുപിടിത്തം നടത്തിയവൻെറ അനുവാദത്തോടുകൂടി വലിയ കമ്പനികളും ചെറിയ കമ്പനികളും അവയ്ക്കു ഉൽപാദനരീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

വലിയ ബിസിനസ്സ്ഥാപനങ്ങളും ചെറിയവയും ഒരേസമയത്തു നിലവിലുണ്ടെന്നതുമാത്രമല്ല ഉയരുന്ന ഉൽപാദനക്ഷമതയ്ക്കു കാരണമെങ്കിലും അതും ഒരു ഘടകമായിരുന്നു. ഈ ഘടകമില്ലായിരുന്നെങ്കിൽ ഉൽപാദനക്ഷമതയിൽ ആശ്ചര്യകരമായ ഈ ഉയർച്ച സംഭവിക്കുമായിരുന്നില്ല. വലിയവയും ചെറിയവയുമായ സ്ഥാപനങ്ങൾ ഒരേസമയത്തു നിലനിൽക്കുന്ന അമേരിക്കയിലെ ഇന്നത്തെ സങ്കരരീതിയാണ് ഏററവും ഉത്തമമെന്ന് ഇതിന്നർത്ഥമില്ല. മററെല്ലാരംഗങ്ങളിലും തങ്ങളോടു മത്സരിക്കാൻ ത്രാണിയുള്ള ചെറിയ കമ്പനികളുടെ പുരോഗതി ധനപരമായമേന്മയുപയോഗിച്ച് തടയാൻ വലിയ കോർപ്പറേഷനുകൾ തീർച്ചയായും ചിലപ്പോഴൊക്കെ പരിശ്രമിച്ചിട്ടുണ്ട്.

## മത്സരത്തിൻെറ വ്യാപ്തി

അമേരിക്കൻസമ്പദ്‌വ്യവസ്ഥയിൽ വലിയ ബിസിനസ്സ്ഥാപനങ്ങളുടെ വളർച്ചയോടെ മത്സരത്തിനുപകരം കുത്തകസമ്പ്രദായം നിലവിൽ വരുമെന്നുണ്ടായിരുന്നഭയം ഒരു യാഥാർത്ഥ്യമായിത്തീർന്നില്ല. അമേരിക്കൻ വ്യവസായത്തിന് കൂടുതൽ വലിയ ഒരു വിപണി പുലർത്താനുള്ളതുകൊണ്ടുമാത്രമാണ് മററു വ്യാവസായികരാജ്യങ്ങളെ അപേ

ക്ഷിച്ച് അമേരിക്കയിലെ കൂററൻ കോപ്പ്പോറേഷനുകൾ കൂടുതൽ വലിയവയായിരിക്കുന്നതു്. എന്നിട്ടും, ഭൂഖണ്ഡവ്യാപകമായ ഒരു വിപണിയാണു് കോപ്പ്പോറേഷനുകൾ പുലത്തുന്നതെങ്കിലും, ഒരുപക്ഷേ ഭാഗികമായി അക്കാരണംകൊണ്ടുതന്നെയായിരിക്കാം, മറേറതൊരു രാജ്യത്തെ അപേക്ഷിച്ചും കൂടുതൽ മത്സരം അമേരിക്കൻ ഉൽപാദകക്കിടയിലുണ്ടു്.

ഏതാനും പ്രമുഖ ഉൽപാദകർമാത്രമടങ്ങുന്ന വ്യവസായങ്ങളിലും നൂറുക്കണക്കിനോ ആയിരക്കണക്കിനോ ഉൽപാദകരുള്ള വ്യവസായങ്ങളിലും നിലവിലുള്ള മത്സരരീതികളുടെ വ്യത്യാസങ്ങൾ ചിലപ്പോൾ അവഗണിക്കപ്പെടുന്നുണ്ടു്. ഏതാനുംചിലക്കിടയിലുള്ള മത്സരം കടുത്തതാകാവുന്നതാണു്. മാത്രമല്ല, ഒരേ ഉൽപ്പന്നത്തിൻെറ ഉൽപാദകക്കിടയിലുള്ള മത്സരത്തിനുപുറമെ, പ്രധാനമായും ഒരേ ആവശ്യം നിറവേററുന്ന ഉൽപന്നങ്ങൾതമ്മിലുള്ള മത്സരവും ഉണ്ടാകുന്നതാണു്. പരുത്തിനാരുകളും കൃത്രിമനാരുകളും തമ്മിലുള്ള മത്സരം ഇതിനൊരു ഉദാഹരണമായെടുക്കാം. ഇതുപോലെ പല ഉദാഹരണങ്ങളും എടുത്തുകാണിക്കാൻ കഴിയും. ചില രംഗങ്ങളിൽ വലിയ വ്യവസായസ്ഥാപനങ്ങളുടെ പ്രചാരം അനേകം ചെറിയ ബിസിനസ് സ്ഥാപനങ്ങൾമാത്രം നിലവിലിരുന്നിരുന്നപ്പോഴത്തേക്കാൾ കൂടുതൽ ഗണ്യമായ മത്സരം ഉളവാക്കാനിടയായിട്ടുണ്ടെന്നതു് ഒരു വിരോധാഭാസമത്രെ. ചില്ലറ വ്യാപാരരംഗത്തു് ഇതു് പ്രത്യേകിച്ചും വാസ്തവമാണു്. മോട്ടോർവാഹനങ്ങളുടെ ഉപയോഗംമൂലം ഉപഭോക്താക്കൾക്കുള്ള ചലനസാദ്ധ്യതയും ടെലഫോൺവഴിയും തപാൽവഴിയുമുള്ള ക്രയരീതിയുടെ പ്രചാരവും ചില്ലറവ്യാപാരരംഗത്തു് മത്സരത്തിനുത്തേജനം നൽകിയിട്ടുണ്ടു്.

ചെയിൻ സ്റ്റോറുകൾ, മെയിൽ ഓർഡർസ്റ്റോറുകൾ, ഡിസ്കൗണ്ടു് ഹൗസുകൾ എന്നിവയുടെ ആവിർഭാവത്തിനും ദേശീയാടിസ്ഥാനത്തിലുള്ള പ്രചരണരീതി സ്വീകൃതമാകുന്നതിനും മുമ്പു്, പ്രത്യേകചരക്കുകളിൽ മാത്രം വ്യാപാരം നടത്തുന്ന പല ചെറിയ ചില്ലറപ്പീടികകളും പരസ്പരമുള്ള മത്സരത്തിൽ വിലനിരക്കുകളിലും ഉൽപന്നഗുണത്തിലും വായ്പാസൗകര്യങ്ങളിലുമുള്ള വ്യത്യാസങ്ങളെക്കാൾ സ്ഥാനീയമായ മെച്ചങ്ങളെയും സ്ഥിരം പററുവരവുരീതിയേയുമാണു് ആശ്രയിച്ചിരുന്നതു്. ഈ രീതിയാണു് പല രാജ്യങ്ങളിലും ഇപ്പോഴും നിലവിലുള്ളതു്. എന്നാൽ അമേരിക്കയിൽ ഇന്നു്, അതതു സ്ഥലത്തെ ചെറിയസംഘം സ്ഥിരം പററുവരവുകാരെ പരിസേവിക്കുന്ന ചെറിയ പീടികക്കാർ തമ്മിലുണ്ടായിരുന്ന മത്സരത്തേക്കാൾ രൂക്ഷമായ വിലമത്സരം കൂററൻവ്യാപാരസ്ഥാപനങ്ങൾ തമ്മിൽ നടന്നുവരുന്നുണ്ടു്.

സേഫ്‌വേ, എ. ആൻറ് പി. തുടങ്ങിയ ഭക്ഷ്യധാന്യചെയിൻസ്റ്റോറുകൾ തമ്മിലുള്ള മത്സരം ഇതിനുദാഹരണമാണ്. മൊത്തം വില്പനയുടെ ആധിക്യം കൂടുതൽ കടുത്തവില മത്സരത്തിനു സാദ്ധ്യതനല്കുന്നു. ചില്ലറവ്യാപാരത്തിലെ ലാഭനിരക്ക് കുറയ്ക്കുന്നതിന് ഇതു് കാരണമായിട്ടുമുണ്ട്. ചരക്കുകളിൽ കൂടുതൽ തരംതിരിവിനുള്ള സാദ്ധ്യത, വർദ്ധിച്ച ക്രയസൗകര്യങ്ങൾ, കുറഞ്ഞ ചിലവിൽ സേവനങ്ങൾ എന്നിവ ഈ മത്സരംമൂലം ഉപഭോക്താക്കൾക്ക് ലഭിക്കാനിടയാവുകയും ചെയ്തിരിക്കുന്നു.

മററു രംഗങ്ങളിലും വിലകൾ താഴുന്നതിന് സാങ്കേതികപുരോഗതിയും മത്സരസാഹചര്യങ്ങളും സമ്മർദ്ദം ചെലുത്തി. മോട്ടോർ വാഹനങ്ങളും ടെലിവിഷൻ സെററുകളും ഇതിനു പ്രധാന ഉദാഹരണങ്ങളാണ്. ഈ രംഗങ്ങളിൽ സാങ്കേതികമുന്നേററങ്ങൾ കൂടുതൽ വലിയവ്യവസായസ്ഥാപനങ്ങളുടെ രൂപീകരണത്തിന് പ്രോത്സാഹനം നല്കുന്നു. സ്ഥാപനങ്ങളുടെ വലിപ്പത്തിലുള്ള വർദ്ധനവുമൂലം സ്ഥാപനച്ചിലവിലും വർദ്ധനവുണ്ടാകുന്നുണ്ട്. എൻജിനിയറിംഗ്, യന്ത്രോപകരണങ്ങൾ, പരസ്യം, പൊതുഭരണം എന്നിവയ്ക്ക് ഒരു സ്ഥാപനത്തിൻെറ മൊത്തം ചിലവിലുള്ളപങ്ക് ഉയരുമ്പോൾതന്നെ അസംസ്കൃതപദാർത്ഥങ്ങൾക്കും ഉൽപാദനപ്രക്രിയയിൽ നേരിട്ടു പങ്കെടുക്കുന്ന തൊഴിലാളികൾക്കും വേണ്ടിവരുന്ന ചിലവുകളുടെ അംശം കുറയുകയാണു ചെയ്യുന്നതു് സ്ഥാപനത്തിൻെറ പ്രവർത്തനനിരക്ക് ഉയർത്തിനിർത്താൻ ഇതു് സ്ഥാപനങ്ങൾക്ക് ശക്തിയായ പ്രേരണയായിത്തീരുന്നു. യഥാർത്ഥ ഉൽപാദനച്ചിലവിൽനിന്നും ഉയർന്നനിരക്കിനു വില്ക്കപ്പെടുന്ന ഓരോ സാധനവും മൊത്തം ലാഭം വർദ്ധിപ്പിക്കുകയോ നഷ്ടം കുറയ്ക്കുകയോചെയ്യുന്നു. ഈ പ്രേരണകളുടെ വെളിച്ചത്തിൽ ഉല്പാദനത്തിൽ വർദ്ധനവുണ്ടാകുന്നതോടെ വിലനിരക്കുകൾ അപകടകരമായ നിലവാരത്തിലേക്ക് കുത്തനെ താഴ്ത്തപ്പെടുന്നില്ലെന്നതു് ഒരു പക്ഷേ അത്ഭുതകരമായി തോന്നിയേക്കാം. സത്വരമായിത്തന്നെ ഏററവും ഉയർന്നലാഭം (അഥവാ ഏററവും കുറഞ്ഞ നഷ്ടം) ഉണ്ടാകുന്നതിനുപുറമേ, വിലനയം നിശ്ചയിക്കുന്ന കാര്യത്തിൽ ദീർഘകാലഫലവും മാനേജ്മെൻറ് പരിഗണിക്കുന്നുണ്ടെന്നതാണിതിനുകാരണം. ഒരു നിശ്ചിതകാലത്തു് പരമാവധി വില്പനനടക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിന്നിടയിൽ ചഞ്ചലവും സ്ഥാപനപരവുമായ ചിലവുകളെക്കാൾ ഉയർന്ന ഒരു വിലനിരക്ക് നിലനിർത്തുന്നതിൽ ഓരോസ്ഥാപനത്തിനും താല്പര്യമുണ്ട്.

അമേരിക്കയിലെ കൂററൻ കോർപ്പറേഷനുകൾ തമ്മിൽ ഫലപ്രദമായ മത്സരം നടക്കുന്നുവെന്നതുകൊണ്ട് കുത്തകസ്വഭാവത്തോടു

കൂടിയ വിലചൂഷണം തീരെ ഉണ്ടാകുന്നില്ലെന്നോ ജാഗ്രത്തായ ഒരു ട്രസ്റ്റ്‌വിരുദ്ധനയത്തിന്റെ ആവശ്യമില്ലെന്നോ അർത്ഥമില്ല. തൊഴിലിന്റേയോ ഉല്പാദനത്തിന്റേയോ അടിസ്ഥാനത്തിൽ നോക്കിയാൽ അമേരിക്കൻ സാമ്പത്തികപ്രവർത്തനത്തിന്റെ ഒരു വലിയഭാഗം വികേന്ദ്രീകൃതവും ചെറിയതും ഇടത്തരവുമായ വ്യവസായങ്ങളിലാണെങ്കിലും ചിലവ്യവസായങ്ങളിലെ കേന്ദ്രീകരണത്തിന്റെ തോതു് ആശങ്കാജനകമാണു്. സ്ഥാപനങ്ങളുടെ അതിയായ വലുപ്പം സാമ്പത്തികശക്തികേന്ദ്രീകരണത്തിന്റെ സൂചനയാണു്. (ഇതു് കൂടുതൽ വിശദമായി 11-ാം അദ്ധ്യായത്തിൽ ചർച്ചചെയ്യപ്പെടുന്നതാണു്.) ഈ ശക്തികേന്ദ്രീകരണം ഒരു സാമ്പത്തികദൂഷ്യമോ സാമൂഹ്യദൂഷ്യമോ ആയിക്കൊള്ളണമെന്നില്ല. സമൂഹത്തെ കെട്ടത്തുംവിധം ദുരുപയോഗിക്കാവുന്നതുപോലെ സൃഷ്ടിപരമായും ഉപയോഗിക്കാവുന്നതാണു് ഈ ശക്തി ശക്തിയുടെ സൃഷ്ടിപരമായവശത്തെ വളർത്തിയെടുക്കാനും ദുരുപയോഗം തടയാനുമാണു് അമേരിക്കയുടെ നയത്തിന്റെ ഉന്നം.

## മാനേജുമെണ്ടിന്റെ മാറിയ പങ്കു്

ചെറുതും വലുതുമായ വ്യവസായസ്ഥാപനങ്ങളിൽ ബിസിനസ് മാനേജുമെണ്ടിന്റെ പങ്കിൽ കഴിഞ്ഞ ഇരുപതുകൊല്ലങ്ങളിലുണ്ടായിട്ടുള്ള സാരമായ വ്യത്യാസമാണു് കൂററൻകോർപ്പ്റേഷനുകൾ ശക്തി ദുരുപയോഗപ്പെടുത്തുന്നതു തടയാനുള്ള ഒരു പ്രധാന രക്ഷാമാർഗ്ഗം. ബിസിനസ്‌രംഗത്തു് നാമിന്നു് റോക്ക്ഫെല്ലർമാരേയും കാർണിജിമാരേയും ആസ്റ്റർമാരേയും വാൻഡർബിൽട്ടുമാരേയും അധികം കാണാറില്ല. പ്രത്യുത ജനറൽ മോട്ടോഴ്സു്, ജനറൽ ഇലക്ട്രിക്, സ്റ്റാൻഡേർഡ് ഓയിൽ, അമേരിക്കൻ ടെലഫോൺ ആൻറു് ടെലഗ്രാഫ് എന്നീ സ്ഥാപനങ്ങളുടെ പേരാണു് കൂടുതൽ കേൾക്കുന്നതു്. ഇതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. ഭീമമായതോതിൽ സ്വത്താർജ്ജിച്ച വ്യക്തികൾ ഇപ്പോഴുമുണ്ടെന്നുള്ളതു ശരിയാണു്. പക്ഷേ പൊതുവായ നിലയ്ക്കു് അപവാദങ്ങളാണവർ. ആദായനികുതിയിലും എസ്റ്റേററ്നികുതിയിലുമുള്ള ഇന്നത്തെ ഉയന്ന നിരക്കുകളുടെ ഫലമായി അവർ അപവാദങ്ങളായിത്തന്നെ തുടരുകയും ചെയ്യും. മിക്കവാറും വലിയ വ്യവസായസ്ഥാപനങ്ങൾ ഇന്നു നയിക്കുന്നതു് പൊതുജനങ്ങൾക്കിടയിൽ പേരുകൊണ്ടറിയപ്പെടാത്ത വ്യക്തികളാണു്.

ബിസിനസ്‌മാനേജുമെൻറു് ഒരു തൊഴിലെന്നനിലയിൽ വളന്നുവന്നതാണു് അമേരിക്കൻസമ്പദ്‌വ്യവസ്ഥയിൽ സമീപകാല

ത്തുണ്ടായിട്ടുള്ള ഒരുപ്രധാന സംഭവവികാസം. ഈ പുതിയ തൊഴിലിലുള്ളവർ അവരുടെ മുൻഗാമികളെക്കാൾ നിറപ്പകിട്ടും വ്യക്തിനിഷ്ഠയും കുറഞ്ഞവരായിരിക്കും. സാധാരണയായി അവർ തങ്ങളുടെ കോർപ്പ്റേഷനുകളുടെ ശമ്പളംപറ്റുന്ന ജീവനക്കാരാണ്, ഉടമസ്ഥന്മാരല്ല. കഴിഞ്ഞകാലങ്ങളിൽ ധനപരമായ അനുഭവജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണ് മാനേജ്മെന്റിലെ ഉയന്നസ്ഥാനങ്ങളിലേക്ക് ആളുകളെ തിരഞ്ഞെടുത്തിരുന്നത്. സമീപദശകങ്ങളിൽ സാങ്കേതികവും വിപണനപരവുമായ അനുഭവമുള്ള വ്യക്തികളിൽനിന്നാണ് ഈ തിരഞ്ഞെടുപ്പ് നടക്കുന്നത്. വ്യവസായഭരണത്തിൽ അഭ്യസനംനല്കുന്ന വിദ്യാലയങ്ങളിൽ പരിശീലനംലഭിച്ച ഇന്നത്തെ ഉദ്യോഗസ്ഥന്മാർ ഓഫീസിലും ഫാക്ടറിയിലും കായ്യപ്രാപ്തിവളത്തുക, മത്സരത്തെ നേരിടുക, കൂലിയിലും അസംസ്കൃതപദാത്ഥങ്ങളിലുമുള്ള വദ്ധിച്ച ചിലവ് തട്ടിക്കഴിക്കുക എന്നീക്കായ്യങ്ങളിൽ പ്രയോഗിതശാസ്ത്രത്തിന്റേയും സാങ്കേതികശാസ്ത്രത്തിന്റേയും പ്രാധാന്യം മനസ്സിലാക്കുന്നവരാണ്. ഓഹരി ഉടമകളോടും തൊഴിലാളികളോടും ഉപഭോക്താക്കളോടും സർവ്വോപരി സ്വന്തമായ ആസ്തിക്യമുള്ള ഒരു സ്ഥിരം സ്ഥാപനമെന്നനിലയിൽ കോർപ്പ്റേഷനോടുതന്നെയും തങ്ങൾക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് ബോധമുള്ളവരാണവർ.

കോർപ്പ്റേഷനകത്തുതന്നെ സംഘരീതിയിലുള്ള പ്രവത്തനത്തിന്റേയും സഹകരണത്തിന്റേയും ആവശ്യത്തെക്കുറിച്ചും തൊഴിലാളിയൂണിയനുകളുമായി പരസ്പരം ഗുണകരമായ ബന്ധങ്ങൾ പുലത്തുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും അവക്ക് ബോധമുണ്ട്. വ്യക്തിപരമായ ഉൽക്കഷത്തിന് സ്വന്തം ഖ്യാതിയേയും അന്തസ്സിനേയുമാണ് ഇന്നത്തെ ഉദ്യോഗസ്ഥന്മാർ ആശ്രയിക്കുന്നത്. എന്നാൽ ഉപഭോക്താക്കളിലും എതിരാളികളിലും പൊതുവെ ബഹുജനമദ്ധ്യത്തിലും കോർപ്പ്റേഷനുള്ള സൽപ്പേരു് വില്പന വളത്തുന്നതിലും ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതിലും സഹായകരമായിത്തീരുന്നുണ്ടെന്ന സത്യം അവർ അംഗീകരിക്കുന്നുമുണ്ടു്. "സത്വരമായി കൊള്ളലാഭമടിക്കുക" എന്ന ആശയത്തിന് ഇപ്പോൾ കുറഞ്ഞ പ്രാധാന്യമേയുള്ളു. കമ്പനിക്ക് അതിന്റെ വ്യവസായത്തിൽ ലാഭകരവും ആദരണീയവുമായ ഒരു സ്ഥാനം ദീർഘകാലാടിസ്ഥാനത്തിൽ ഉറപ്പുവരുത്തുന്നതിനാണ് ഇപ്പോൾ കൂടുതൽ പ്രാധാന്യം.

സഹകരണമനോഭാവങ്ങൾക്കും സാമൂഹ്യോത്തരവാദിത്വത്തോടുകൂടിയ പ്രവത്തനങ്ങൾക്കുമുള്ള ആവശ്യംസംബന്ധിച്ചുള്ള ഈ ഉയന്ന ബോധം അമേരിക്കൻവ്യവസായത്തിന്റെ സംപ്രവത്തകചൈതന്യത്തിന് യാതൊരുകുറവും വരുത്തിയിട്ടില്ല. അനുഭവം നേരേമറി

ച്ചാണ്. വൻതോതിലുള്ള ഉപഭോഗത്തിന് വൻകിട ഉല്പാദനം എന്ന നയമാണ് കോർപ്പൊറേഷനുകൾ അംഗീകരിച്ചിട്ടുള്ളത്. താരതമ്യേന കുറഞ്ഞ ലാഭനിരക്കുകൾ നല്കുന്ന വൻതോതിലുള്ള ഉല്പാദനവും വില്പനയും, ദേശീയവിപണിയിൽ ഒരു കോർപ്പൊറേഷൻ പിടിച്ചടക്കിയിട്ടുള്ളഭാഗം നിലനിർത്തുന്നതിനും കഴിയുമെങ്കിൽ വികസിപ്പിക്കുന്നതിനും ഊർജ്ജസ്വലമായ പോരാട്ടവും—ഇതാണ് ഈ നയത്തിൻെറ അർത്ഥം. വിപുലമായതോതിൽ സമർത്ഥമായ പ്രചരണവും വില്പന വികസിപ്പിക്കാനുള്ള പരിപാടികളും, ഇവയ്ക്കുപുറമെ മെച്ചപ്പെട്ടവയോ പുതിയവയോ ആയ ഉല്പന്നങ്ങൾക്കും പരിഷ്കൃതവിതരണരീതികൾക്കുംവേണ്ടി അനുസ്യൂതമായ അന്വേഷണം എന്നിവയാണ് ഇത് സൂചിപ്പിക്കുന്നത്. അങ്ങിനെ വിശാലമായ വിപണികൾ, ദേശവ്യാപകമായ പ്രചരണോപാധി, താരതമ്യേന ഉയർന്നതും വിപുലമായി വിതരണം ചെയ്യപ്പെട്ടതുമായ വരുമാനങ്ങൾ, ക്രൂററൻ കോർപ്പൊറേഷനുകൾ എന്നിവയെല്ലാംചേർന്ന് മാനേജ്മെൻറ് ഉല്പാദന-വിതരണ രീതികൾ തുടർച്ചയായി പരിഷ്കരിച്ച് വികസിപ്പിച്ചെടുക്കാൻ നിർബ്ബന്ധിതമായിത്തീരുന്ന സാഹചര്യങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്.

ബിസിനസ് സ്ഥാപനങ്ങൾ ദീർഘകാലപരിപാടികൾ ആസൂത്രണം ചെയ്യുന്നരീതിയുടെ വളർച്ചയാണ് "കോർപ്പൊറേഷൻ മാനേജർ" എന്ന പുതിയഗ്രൂപ്പിൻെറ പരിണാമത്തിൻെറ മറെറാരുഫലം. മൊത്തം സമ്പദ്‌വ്യവസ്ഥയുടെ ഭാവുകങ്ങൾക്കുള്ളിൽ സ്വന്തം വിപണിയുടെ വികാസസാദ്ധ്യത വിശകലനംചെയ്യുന്നതിനുവേണ്ടി സാമ്പത്തികഗവേഷണവിഭാഗം ഏർപ്പെടുത്തപ്പെട്ടിട്ടില്ലാത്ത ക്രൂററൻ കോർപ്പൊറേഷനുകളൊന്നുപോലും ഇന്നില്ല. ദീർഘകാല നിക്ഷേപത്തേയും ഹ്രസ്വകാല ഉല്പാദന-വിതരണങ്ങളേയും സംബന്ധിച്ച് ഈ വിശകലനത്തിൽനിന്നു ലഭിക്കുന്ന മാർഗ്ഗദർശികളാണ് പ്രധാനനയങ്ങൾ നിർണ്ണയിക്കുന്നതിന് മാനേജ്മെൻറിലെ നയനിർണ്ണേതാക്കൾക്ക് വഴി കാട്ടുന്നത്. കോർപ്പൊറേഷൻെറ അടിയന്തിരതാല്പര്യങ്ങളും പ്രവർത്തനങ്ങളും, അഞ്ചുമുതൽ പത്തുവരേയോ അതിൽ കൂടുതലോ വർഷങ്ങളിൽ സമ്പദ്‌വ്യവസ്ഥയ്ക്കൊന്നാകെയുള്ള പൊതുവികാസസാദ്ധ്യതകളുമായി ഈ രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു. സ്ഥാപനത്തിൻെറ ധനപരമായ കഴിവുകൾ, വ്യവസായം ഏതെങ്കിലും ഒരു പ്രത്യേക ഉല്പന്നത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണമോ അതോ ഉല്പന്നവൈവിദ്ധ്യം സാധിക്കണമോ എന്നപ്രശ്നം, ഉദ്യോഗസ്ഥന്മാരുടെയും ഡയറക്ടർമാരുടെയും വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ തുടങ്ങിയ ഘടകങ്ങളുടെ പരിഗണനകളോടൊപ്പം ഈ നിഗമനങ്ങളും നിക്ഷേപങ്ങൾ നടത്തുന്നതു സംബന്ധിച്ച തീരുമാനങ്ങളിൽ സ്വാധീനം ചെലുത്തുന്നുണ്ട്. കമ്പോ

ളവില സംബന്ധിച്ച സൂചനകൾക്ക് തുടന്നും പ്രാധാന്യമുണ്ട്. പക്ഷേ അവയ്ക്കുള്ള പരിഗണനയിൽ, മുൻകാലങ്ങളിലെപ്പോലെ ഉടനടിയുള്ള വില്പനസാദ്ധ്യതകളേക്കാൾ കൂടുതലും ലാഭത്തെ സംബന്ധിച്ചുള്ള ദീർഘകാലപ്രതീക്ഷകൾക്കായിരിക്കും കൂടുതൽ പ്രാധാന്യം.

അടുത്തകാലത്ത് വിഭിന്നങ്ങളായ പല വ്യവസായങ്ങളിലേയും വളരെയേറെ വിവിധങ്ങളായ സ്ഥാപനങ്ങൾ സമ്പദ്‌വ്യവസ്ഥയുടെ ഒന്നാകെയുള്ള വികസനസാദ്ധ്യതയെ സംബന്ധിച്ച് ഏറെക്കുറെ സമാനമായ സങ്കല്പങ്ങൾ അംഗീകരിച്ചിട്ടുണ്ട്. പല സ്ഥാപനങ്ങളുടെയും നിക്ഷേപപരിപാടികളിൽ പൊതുവായ ഒരു ഐകരൂപ്യം തന്മൂലം ഒരു പരിധിവരെ ഉണ്ടായിരിക്കുന്നു. ഭാവിവികാസസാദ്ധ്യതകളെക്കുറിച്ചുള്ള ഇത്തരം പൊതുവായയോജിപ്പ് വികസന പ്രവത്തനങ്ങൾക്കും പരിഷ്കരണത്തിനും സ്ഥാപനങ്ങൾ മുതലിറക്കുന്നതിന് ഉയന്നതും ഉയന്നുകൊണ്ടിരിക്കുന്നതുമായ ഒരു നിലവാരം ഉണ്ടാകുന്നതിന്നിടയാക്കിയിട്ടുണ്ട്. മൂലധനനിക്ഷേപത്തിന്റെ ഈ ഉയന്നനിലവാരമാകട്ടെ, ഉയരുന്ന ഉല്പാദനക്ഷമതയ്ക്കും മുഴുവൻ സമ്പദ്‌വ്യവസ്ഥയുടെയും വളച്ചയ്ക്കും കാരണമായിത്തീരുകയും ചെയ്തിരിക്കുന്നു.

മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക-സാമൂഹ്യസാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടുപോകാനുള്ള സന്നദ്ധതയും തീരുമാനങ്ങൾ എടുക്കുന്നതിനുള്ള പ്രായോഗികസമീപനങ്ങളുമാണ് പുതിയതരം ബിസിനസ് മാനേജ്മെന്റിന്റെ മററു പ്രധാനലക്ഷണങ്ങൾ. പഴകിദ്രവിച്ച, അയവില്ലാത്തവയോ കേവലമോ ആയ സിദ്ധാന്തതത്വങ്ങൾ ഉപേക്ഷിക്കാനുള്ള മാനേജ്മെന്റിന്റെ സന്നദ്ധത അമേരിക്കൻസമ്പദ്‌വ്യവസ്ഥയിൽ ഒന്നാകെ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളുമായി വേഗത്തിൽ പൊരുത്തപ്പെട്ടുപോകാനുള്ള അതിന്റെ കഴിവിൽ ഒരു പ്രധാനഘടകമാണ്. ഫാക്ടറിയിലും ഓഫീസിലും പുതിയ, കൂടുതൽ ഉല്പാദനക്ഷമമായരീതികൾ ആവിഷ്കരിക്കാനും പ്രയോഗത്തിൽ വരുത്താനും മാനേജ്മെന്റിനുള്ള സന്നദ്ധത ഉദ്യോഗസ്ഥന്മാക്ക് പരിശീലനം നല്കുന്നതിലും എൻജിനിയറിംഗ്, സാങ്കേതികശാസ്ത്രം, വ്യവസായഭരണം എന്നിവ അഭ്യസിപ്പിക്കുന്ന വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലും പ്രതിഫലിച്ചുകാണുന്നു. പഠിപ്പിക്കാനും പഠിക്കാനും കാമ്പുള്ള എന്തെങ്കിലുമുണ്ടെങ്കിൽമാത്രമേ വിദ്യാഭ്യാസവും പരിശീലനവും ഉല്പാദനക്ഷമതവദ്ധിപ്പിക്കാൻ സഹായകമാവുകയുള്ളു. അതുകൊണ്ട് ശാസ്ത്രീയവും സാങ്കേതികവുമായ ഗവേഷണം ഉല്പാദനക്ഷമതയുടെ വളച്ചയിൽ ഒരു അവശ്യഘടകമായി എല്ലാക്കാലത്തും നിലനിന്നിട്ടുണ്ട്. ഗവേഷണങ്ങളില്ലായിരുന്നെ

ങ്കിൽ ഏററവും നല്ല ബിസിനസ്സ് മാനേജ്മെൻറിനുപോലും ഇന്നത്തെ നേട്ടങ്ങൾ ആജ്ജിക്കാൻ കഴിയുമായിരുന്നില്ല.

അമേരിക്കയുടെ സാമൂഹ്യ-സാമ്പത്തികജീവിതത്തിൽ കോപ്പൊറേഷൻ ഒരു പ്രധാനഘടകമായി രൂപംകൊണ്ടതോടെ, ഫാക്ടറിയിൽ സാങ്കേതികശാസ്ത്രത്തിനുണ്ടായത്രയും പുരോഗതി ബിസിനസ്സ് മാനേജ്മെൻറിൻെറ കലയ്ക്കും ഏറെക്കുറെ ഉണ്ടായിരിക്കുന്നു. കോപ്പൊറേഷൻമാനേജർമാരുടെ പുതിയ ഗ്രൂപ്പിൻെറ മനോഭാവങ്ങൾക്കും പ്രവത്തനരീതികൾക്കും അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ നേട്ടങ്ങളിൽ വദ്ധമാനമായ പ്രാധാന്യമാണുള്ളത്.

# ഗവേഷണവും സാങ്കേതികശാസ്ത്രവും V

"ആവശ്യമാണ് കണ്ടുപിടിത്തത്തിൻെറ മാതാവ്" എന്നാണ് പഴഞ്ചൊല്ല്. എന്നാൽ ജോർജ്ജ്സന്തായന എന്ന അമേരിക്കൻ തത്വചിന്തകൻ കുറേക്കൂടി താഴോട്ടിറങ്ങി ആവശ്യത്തെയല്ല, സമൃദ്ധിയേയാണ് കണ്ടുപിടിത്തത്തിൻെറ മാതാവെന്നു വിളിക്കേണ്ടതെന്നു ചൂണ്ടിക്കാണിച്ചു. ഭൗതികമോ സാമ്പത്തികമോ ആയ ചുററുപാടുകളുടെ കനത്ത സമ്മർദ്ദത്തിൽപ്പെട്ട് അരിഷ്ടിച്ചു കഴിഞ്ഞുകൂടുന്ന ജനതകൾ ആശയങ്ങളുടേയും പണിയായുധങ്ങളുടേയും തുച്ഛമായ സാദ്ധ്യതകളുപയോഗിച്ച്, കഴിയുമെങ്കിൽത്തന്നെ വളരെ സാവധാനത്തിൽ മാത്രമേ പുരോഗമിക്കുകയുള്ളു. അങ്ങിനെ പരിഷ്കാരത്തിൻെറ ആദ്യപുരോഗതികളത്രയും ഉണ്ടായതു് ഏഷ്യയിലേയും ആഫ്രിക്കയിലേയും സസ്യസമൃദ്ധമായ നദീതടങ്ങളിലാണ്. ഇനി എന്തു തിന്നുമെന്നും അതെവിടെ കിട്ടുമെന്നും നിശ്ചയമില്ലാതെ ഉഴറിനടക്കുന്ന പ്രാചീനവർഗ്ഗക്കാർ സംസ്കാരത്തിൻെറ ഏററവും പ്രാചീനമായ ഘട്ടത്തിൽ കവിഞ്ഞു് അപൂർവ്വമായി മാത്രമേ പുരോഗമിച്ചിട്ടുള്ളു. ഗവേഷണത്തിലും സാങ്കേതികശാസ്ത്രത്തിലും അമേരിക്കയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങൾക്ക് നിശ്ചയമായും സമൃദ്ധിയാണ് ഒരു പ്രധാന ഘടകമായിരുന്നിട്ടുള്ളതു്. അതേസമയം ഇതേ സമൃദ്ധിതന്നെയാണ് ഗവേഷണത്തിലും സാങ്കേതികശാസ്ത്രത്തിലുമുള്ള അമേരിക്കയുടെ നേട്ടങ്ങളുടെ ഒരു പ്രധാനഫലവും.

## പ്രയോഗിതവും അടിസ്ഥാനപരവുമായ ശാസ്ത്രങ്ങൾ

അടിസ്ഥാനശാസ്ത്രങ്ങളിലോ പ്രയോഗിതശാസ്ത്രങ്ങളിലോ ഉള്ള പ്രതിഭയും നേട്ടങ്ങളും ഒരാധുനികവ്യാവസായികരാജ്യത്തിൻേറയും കുത്തകയല്ല. കണ്ടുപിടിത്തങ്ങൾ അമേരിക്കയിലുണ്ടായവയോ വിദേശത്തുണ്ടായവയോ ആയിക്കൊള്ളട്ടെ, അടിസ്ഥാനശാസ്ത്രഗവേഷണത്തിൻെറ ഫലങ്ങൾ സാമ്പത്തികമായി പ്രയോഗിക്കുന്നതിലും സാങ്കേതികപരിഷ്കരണങ്ങൾ ഏർപ്പെടുത്തുന്നതിലും അമേരിക്കക്കാർക്ക് വിശേഷിച്ചും മുഖ്യമായ സ്ഥാനമാണുള്ളതു്. അമേരിക്കയ്ക്കുപുറത്തു് രൂപം നൽകപ്പെട്ട ചില കണ്ടുപിടിത്തങ്ങൾ ആദ്യം പ്രയോഗത്തിൽ വരുത്തിയതു് അമേരിക്കയിലാണ്. കണ്ടുപിടിത്തങ്ങളുണ്ടായ രാജ്യങ്ങളിലെ വിപണികൾ ഉല്പന്നങ്ങളും ഉല്പാദനരീതികളും ഇടയ്ക്കിടയ്ക്കു പരിഷ്കരിക്കുന്നതിനുള്ള ചിലവുകൾ സാധൂകരിക്കാനാവാത്തവിധം

വളരെ ചുരുങ്ങിയവയും നിമ്മത്സരസ്വഭാവത്തോടുകൂടിയവയുമായിരുന്നതാണതിനു കാരണം. ഉദാഹരണത്തിനു് മോട്ടോർവ്യവസായരംഗത്തിലെ ഏററവും പ്രധാനപ്പെട്ട പല കണ്ടുപിടിത്തങ്ങളും പശ്ചിമയൂറോപ്പിലാണുണ്ടായിട്ടുള്ളതു്. എങ്കിലും മൂലാശയങ്ങളോ മൂലമാതൃകകളോ ആവിഷ്കരിച്ച ജർമ്മനിയിലേയോ ഫ്രാൻസിലേയോ ബ്രിട്ടനിലേയോ ഉല്പാദകർ ഈ കണ്ടുപിടിത്തങ്ങൾ വാണിജ്യപരമായി ഉപയോഗപ്പെടുത്താൻ തുടങ്ങിയതിനു് ഒരു ദശകമോ അതിൽ കൂടുതലോ മുമ്പുതന്നെ അമേരിക്കയിൽ മോട്ടോർവാഹനനിമ്മാതാക്കൾ പ്രയോഗത്തിലാക്കുകയുണ്ടായി.

നവീകരണത്തിനുള്ള ഈ വാസനയാണു് അമേരിക്കൻ ഉല്പാദനക്ഷമതയും ശാസ്ത്രീയഗവേഷണവും ഉപയോഗവും തമ്മിലുള്ള ബന്ധത്തിലെ പ്രധാനഘടകം. ഈ ബന്ധത്തിൽനിന്നുള്ള മെച്ചങ്ങൾ ഇന്നു് വ്യവസായത്തിനും കാഷികരംഗത്തിനുമപ്പുറത്തേയ്ക്കു വ്യാപിക്കുന്നുണ്ടു്. ആധുനികോപകരണങ്ങളുള്ള ഡോക്ടർമാരും ദന്തവൈദ്യന്മാരും തുണികൾ അലക്കുന്ന സ്വയംപ്രവത്തകയന്ത്രങ്ങളുള്ള അലക്കുപീടികക്കാർ, തുണിഉണക്കുന്നവർ, ഇസ്തിരിയിടുന്നവർ, ഗൃഹശുചീകരണയന്ത്രവും (വാക്വംക്ലീനർ) പാത്രംകഴുകുന്ന വൈദ്യുതയന്ത്രവുമുള്ള ഗൃഹനായിക ഇവരും മററസംഖ്യം അമേരിക്കക്കാരും വ്യവസായത്തിലെ ശാസ്ത്രീയ-സാങ്കേതികപുരോഗതികളുടെ നേട്ടങ്ങൾ അനുഭവിക്കുന്നവരാണു്.

ഇതിനുപുറമേ, ആധുനികശാസ്ത്രഗവേഷണവും സാങ്കേതികശാസ്ത്രവും ഉല്പാദനത്തിൻെറ ഭൗതികപ്രക്രിയകൾക്കപ്പുറം സ്ഥാപനത്തിൻെറ സംഘടനയേയും ഭരണത്തേയും ബാധിക്കുന്നുമുണ്ടു്. ഉല്പാദനപ്രക്രിയ കാര്യക്ഷമമായി സംഘടിപ്പിച്ചാൽ പുതിയ പണിയായുധങ്ങളും യന്ത്രങ്ങളും ഏപ്പെടുത്തിയാലെന്നതുപോലെ ഉല്പാദനക്ഷമത വദ്ധിപ്പിക്കാൻ കഴിയുമെന്നു് വൻതോതിലുള്ള ഉല്പാദനത്തിൻെറ സാങ്കേതികരീതികൾ അമേരിക്കൻവ്യവസായത്തിൽ ഏപ്പെടുത്തപ്പെട്ടതിനുമുമ്പുതന്നെ അറിയാമായിരുന്നു. സുഖകരമായ തൊഴിൽസാഹചര്യങ്ങൾ പ്രയത്നക്ഷമത വദ്ധിപ്പിക്കുമെന്നും ഉല്പാദനപ്രക്രിയയിലെ ഉരസൽ ലഘൂകരിക്കുമെന്നും കുറച്ചുകാലത്തിനുശേഷം അംഗീകരിക്കപ്പെട്ടു. സമീപവഷങ്ങളിൽ മാനേജുമെൻറിൻേറയും തൊഴിലാളികളുടേയും ഗവേഷണപഠനങ്ങൾ ഈ തത്വങ്ങൾ പരക്കെ സ്വീകരിക്കപ്പെടുന്നതിനും പ്രാവത്തികമാക്കപ്പെടുന്നതിനും ഉല്പാദനക്ഷമതയിൽ തുടന്നുള്ള, വദ്ധനവിനും കാരണമായിത്തീൻ

സാമൂഹ്യശാസ്ത്രങ്ങൾക്കു് ഉല്പാദനക്ഷമതയിൽ പ്രാധാന്യമുണ്ടെങ്കിലും അവയിൽ പുരോഗതി നേടാൻ ഭൗതികശാസ്ത്രങ്ങളേക്കാൾ

പ്രയാസമാണുണ്ടായിട്ടുള്ളതു്. ഈ വൈഷമ്യം കുറെയൊക്കെ സാമൂഹ്യശാസ്ത്രങ്ങളുടെ സ്വഭാവത്തിൽനിന്നുണ്ടാകുന്നതാണു്. അവയിലടങ്ങുന്ന ഘടകങ്ങളുടെ ബാഹുല്യം, നിയന്ത്രിതപരീക്ഷണങ്ങൾക്കുള്ള പരിമിതമായ സാദ്ധ്യത, മൂല്യനിർണ്ണയങ്ങൾ ഒഴിവാക്കാൻ പ്രായോഗികമായി കഴിവില്ലായ്മ എന്നിവയാണു് പുരോഗതിയെ വിഷമിപ്പിക്കുന്ന ഘടകങ്ങൾ. ഇവയ്ക്കുപുറമേ, സ്വകാര്യസ്ഥാപനങ്ങളിൽനിന്നും ഗവമ്മെൻറിൽനിന്നും സാമൂഹ്യശാസ്ത്രങ്ങൾക്കു ലഭിക്കുന്ന ധനപരമായ പിന്തുണയുടെ അപര്യാപ്തതയിൽനിന്നുകൂടി വിഷമം നേരിടുന്നുണ്ടു്.

ശാസ്ത്രീയവും സാങ്കേതികവുമായ ഗവേഷണത്തിൻെറ സാമ്പത്തികവും സാമൂഹ്യവുമായ പ്രയോഗം ശാസ്ത്രത്തിൻെറ കൂടുതൽ അടിസ്ഥാനപരമായ കണ്ടുപിടിത്തങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നിവയിൽ കഴിഞ്ഞ മൂന്നു നൂററാണ്ടുകളിലുണ്ടായിട്ടുള്ള അടിസ്ഥാനപരമായ കണ്ടുപിടിത്തങ്ങൾ മിക്കവാറും യൂറോപ്പിലുണ്ടായിട്ടുള്ളവയോ യൂറോപ്പിൻെറ പാരമ്പര്യത്തിൽ പരിശീലനം ലഭിച്ച ശാസ്ത്രജ്ഞന്മാർ നേടിയവയോ ആണു്.

തത്വചിന്തയ്ക്കും ശാസ്ത്രത്തിനും അമേരിക്കക്കാർ പ്രധാനമായ സംഭാവനയൊന്നും ചെയ്തിട്ടില്ലെന്നല്ല പറയുന്നതു്. ശുദ്ധശാസ്ത്രത്തിനും പ്രയോഗിതശാസ്ത്രത്തിനുമുള്ള പ്രതിഭയും അതോടുകൂടി പ്രായോഗികബുദ്ധിയും രാജ്യതന്ത്രജ്ഞതയും ഒരേ വ്യക്തിയിൽത്തന്നെ സമ്മേളിക്കാവുന്നതാണെന്നു് ബൻജമിൻഫ്രാങ്ക്ലിൻ തെളിയിച്ചതിനുശേഷമിങ്ങോട്ടു് അമേരിക്കക്കാർ തത്വചിന്തയ്ക്കും ശാസ്ത്രത്തിനും മികച്ച സംഭാവനകൾ നൽകിയിട്ടുണ്ടു്. മറെറാരു ഉദാഹരണം കാണിക്കാം. പരസ്പരം മാററാവുന്ന ഭാഗങ്ങളെ സംബന്ധിച്ചുള്ള എലിവൈററ്നിയുടെ സിദ്ധാന്തപരമായ ആശയം ഉൾക്കൊള്ളുന്നതാണു് ആധുനികവ്യാവസായികസാങ്കേതികശാസ്ത്രം. എങ്കിലും കഴിഞ്ഞ നൂററാണ്ടിൽ മററു യൂറോപ്യൻരാജ്യങ്ങളിലെപ്പോലെ കടുപ്പത്തിൽ സംഘടിതരൂപത്തിലുള്ള അടിസ്ഥാനഗവേഷണം അമേരിക്കയിൽ നടത്തപ്പെട്ടിട്ടില്ല.

അടിസ്ഥാനപരവും പ്രയോഗിതവുമായ ഗവേഷണത്തിനുനേരെ അമേരിക്കയിലേയും യൂറോപ്പിലേയും മനോഭാവങ്ങളിലുള്ള വ്യത്യാസങ്ങളെയാണു് ഈ വീഴ്ച പ്രതിഫലിപ്പിക്കുന്നതു്. ഉദാഹരണത്തിനു് ഫ്രാൻസിലെ അക്കാദമി ദെ സയൻസസിലേയ്ക്കോ, ഇംഗ്ലണ്ടു്, ജമ്മനി, റഷ്യ (സാറിൻെറ ഭരണത്തിലും കമ്യൂണിസ്റ്റ്ഭരണത്തിലും) എന്നിവിടങ്ങളിലെ തത്തുല്യസ്ഥാപനങ്ങളിലേയ്ക്കോ ഉള്ള നിയമനം

ശുദ്ധഗവേഷണത്തിന് തങ്ങളുടെ ജീവിതംമുഴുവൻ അർപ്പിക്കുന്ന പുരുഷന്മാക്കും സ്ത്രീകൾക്കും നൽകാവുന്ന ഏററവും ഉയന്ന ബഹുമതിയാണ്. അങ്ങനെ അക്കാദമിയിൽ ഒരംഗമാകുകയെന്ന ലക്ഷ്യം യൂറോപ്പിലെ ശാസ്ത്രീയപുരോഗതിക്ക് കാര്യമായ ഉത്തേജനം നൽകിയിട്ടുണ്ട്. എന്നാൽ ഇവയ്ക്കു തുല്യമായി അമേരിക്കയിലുള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞ അംഗീകരണവും പിന്തുണയും മാത്രമാണ് ലഭിച്ചിട്ടുള്ളത്. യൂറോപ്യൻ സ്ഥാപനങ്ങളുടെ ഔന്നത്യം അവയ്ക്കു ലഭിച്ചിട്ടുമില്ല. അമേരിക്കയിൽ ബിസിനസ്സിൽ വിജയംനേടിയ, പ്രത്യേകിച്ചും സ്വപ്രയത്നംകൊണ്ടുയന്ന ഒരു ഉദ്യോഗസ്ഥനു ലഭിക്കുന്നതരം പ്രൗഢിയാണ് യൂറോപ്പിൽ ശാസ്ത്രജ്ഞന്മാക്കും അദ്ധ്യാപകന്മാക്കും ലഭിക്കുന്നത്.

"അടിസ്ഥാനശാസ്ത്രത്തിന്റെ പുരോഗതി (അമേരിക്കയിൽ) പ്രയോഗിതശാസ്ത്രത്തിന്റെ പുരോഗതിയുമായി ഒത്തുപോകുന്നതായി കാണുന്നില്ലെ"ന്ന് ശാസ്ത്രപുരോഗതിക്കുവേണ്ടിയുള്ള അമേരിക്കൻ സംഘടനയുടെ നിർവ്വാഹകസമിതി അടുത്തകാലത്തെ ഒരു റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. അടിസ്ഥാനഗവേഷണത്തോടുള്ള ഈ അവഗണനയ്ക്കു സാധാരണയായി ഉന്നയിക്കുന്ന ഒരു പ്രധാന കാരണം ശാസ്ത്രീയ-സാങ്കേതികഗവേഷണങ്ങളിൽ പങ്കെടുക്കുന്നവരും അവയ്ക്കു ധനസഹായം ചെയ്യുന്നവരും പ്രായോഗികതയ്ക്കു പ്രാധാന്യം നൽകുന്നവരാണെന്നതാണ്. രണ്ടാംലോകയുദ്ധക്കാലത്ത് സൈനികായുധങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി പ്രവത്തിക്കാൻ ഗവമ്മെൻറു നൽകിയ ആഹ്വാനം അമേരിക്കൻശാസ്ത്രജ്ഞന്മാർ ചെവിക്കൊള്ളുകയുണ്ടായി. എന്നാൽ യുദ്ധം അവസാനിച്ചതോടെ കൂടുതൽ പ്രതിഭാസമ്പന്നരായ പല ശാസ്ത്രജ്ഞന്മാരും എൻജിനീയർമാരും ഗവമ്മെൻറുജോലി ഉപേക്ഷിക്കുകയാണുണ്ടായത്. ശാസ്ത്രപരിശീലനം ലഭിച്ചവരിൽ കൂടുതൽ സൃഷ്ടിപരമായ കഴിവുള്ളവരും വിജയം കൈവരിച്ചവരുമായ ഗവേഷകന്മാരെ സക്കാർസ്ഥാപനങ്ങൾ, അക്കാദമികൾ, "ശുദ്ധ"ഗവേഷണസ്ഥാപനങ്ങൾ എന്നിവയേക്കാൾ ആകഷിച്ചിട്ടുള്ളത് പ്രയോഗിതശാസ്ത്രങ്ങളിൽ ഗവേഷണം കേന്ദ്രീകരിക്കുന്ന വ്യാവസായികപരീക്ഷണശാലകളാണ്.

ഇന്ന് അമേരിക്കയിൽ ഗവേഷണത്തിനും പുരോഗതിക്കും വേണ്ടി ചെലവാക്കുന്ന മൊത്തം തുകയുടെ പത്തുശതമാനത്തിൽ താഴെമാത്രമാണ് പ്രകൃതിയുടെ അടിസ്ഥാനപരമായ പ്രക്രിയകളെക്കുറിച്ചുള്ള ഗവേഷണത്തിനും ശാസ്ത്രസിദ്ധാന്തങ്ങളുടെ രചനയ്ക്കും പരീക്ഷണങ്ങൾക്കുംവേണ്ടി വിനിയോഗിക്കപ്പെടുന്നത്. അമേരിക്കയിൽ അടിസ്ഥാനഗവേഷണത്തിൽ താരതമ്യേനയുള്ള താല്പര്യരാഹിത്യവും

ഇതിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന താരതമ്യേന ലഘുവായ സംഖ്യയും അമേരിക്കൻശാസ്ത്രജ്ഞന്മാരിലും ഗവമ്മെൻറ് ഉദ്യോഗസ്ഥന്മാരിലും വളൻവരുന്ന ആശങ്കയ്ക്കു കാരണമായിട്ടുണ്ട്.

ഈ പരിതഃസ്ഥിതിയിൽ, സമീപവഷങ്ങളിൽ റഷ്യൻശാസ്ത്രഗവേഷണത്തിലെ നാടകീയമായ മുന്നേററങ്ങൾ ഒരു ഞെട്ടലാണ് അമേരിക്കക്കാരിലുളവാക്കിയതു്. അമേരിക്കക്കാരുടെ അടിസ്ഥാനപരമായ മനോഭാവങ്ങളേയും വിദ്യാഭ്യാസ-ഗവേഷണരീതിയേയും സമൂലം പുനപ്പരിശോധിക്കുന്നതിന് റഷ്യയുടെ ഈ പുരോഗതി കൂടുതൽ പ്രേരണചെലുത്താൻ പര്യാപ്തമായി. ഈ പുനപ്പരിശോധന പ്രൈമറിമുതൽ ഹൈസ്കൂൾവരെയും തൊഴിൽവിദ്യാലയങ്ങൾ, സവ്കലാശാലകൾ എന്നിങ്ങനെ എല്ലാ നിലവാരങ്ങളിലുമുള്ള നമ്മുടെ വിദ്യാഭ്യാസരീതിയെ ബാധിക്കാനിടയുണ്ട്. ഒരുപക്ഷേ ഈ നടപടി കൂടുതൽ അടിസ്ഥാനഗവേഷണങ്ങൾക്കും ഉത്തേജനം നൽകിയേക്കും.

ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയിൽ അമേരിക്കക്കാക്ക് അത്യന്തം ദൃഢമായ വിശ്വാസമുള്ളതിനാൽ ഈ രംഗത്തിലുള്ള സാരമായ ന്യൂനത അംഗീകരിക്കുന്നതുതന്നെ ഒരു വെല്ലുവിളിയാണ്. ഈ വെല്ലുവിളി അവഗണിക്കപ്പെടാനിടയില്ല. പക്ഷേ ഈ ന്യൂനത പരിഹരിക്കാനുള്ള തിടുക്കത്തിൽ പ്രകൃതിശാസ്ത്രങ്ങളിലും ഗണിതശാസ്ത്രങ്ങളിലുമുള്ള വിദ്യാഭ്യാസത്തിലും പരിശീലനത്തിലും അമേരിക്കക്കാർ കണക്കിലേറെ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന ഒരപകടമുണ്ട്. ഈ രംഗങ്ങളിലുള്ള സൃഷ്ടിപരമായ നേട്ടങ്ങൾ സങ്കേതങ്ങളിലും വിശദാംശങ്ങളിലും പ്രാവീണ്യം നേടുന്നതിനെ മാത്രമല്ല ആശ്രയിച്ചിരിക്കുന്നതു്. ഈ ശാസ്ത്രങ്ങളുടെ സിദ്ധാന്തപരവും തത്വചിന്താപരവുമായ വശങ്ങളെയാണ് അവ കൂടുതൽ പ്രധാനമായും ആശ്രയിക്കുന്നതു്. എന്നാൽ സിദ്ധാന്തപരവും തത്വചിന്താപരവുമായ വശങ്ങളാകട്ടെ, മൊത്തം സംസ്കാരത്തിൻെറ വിപുലവും ഫലദായകവുമായ സ്വാധീനത്തിലാണ് വേരൂന്നിയിട്ടുള്ളതു്. സാമൂഹ്യശാസ്ത്രങ്ങൾ, കലകൾ, സാഹിത്യം എന്നിവയെ ആദരിക്കുകയും പിന്താങ്ങുകയും ചെയ്യുന്ന ധന്യവും വൈവിദ്ധ്യമാന്നതുമായ സാംസ്കാരികപാരമ്പയ്യമുള്ളയിടങ്ങളിൽ പുതിയ വീക്ഷണങ്ങളും കൂടുതൽ വിശാലവും അഗാധവുമായ അത്ഥങ്ങളും പ്രകൃതിശാസ്ത്രങ്ങൾക്കു്, അവയുടെ സാങ്കേതികവും സിദ്ധാന്തപരവുമായ ഇരുവശങ്ങളിലും, സൃഷ്ടിപരമായ ഉത്തേജനം നൽകുന്നതാണ്. സത്തയ്ക്കും രീതിക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ളതും പഠിക്കാനുള്ള താല്പയ്യം വളത്തുന്നതുമായ ഒരു സമതുലിതവിദ്യാഭ്യാസസമ്പ്രദായം അടിസ്ഥാന-പ്രയോഗിതശാസ്ത്ര

ത്തിലും ബുദ്ധിപരമായ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും ഫലപ്രദമായ പുരോഗതികൾക്കു വഴിതുറക്കുന്നതാണ്. അത്തരത്തിലുള്ള ഒരു പരിഷ്കൃതവിദ്യാഭ്യാസരീതിയുടെ ഫലങ്ങളിലൊന്ന് വ്യാവസായിക സാങ്കേതികശാസ്ത്രത്തിലും ഉയരുന്ന ഉൽപാദനക്ഷമതയിലുള്ള അതിശീഘ്രമായ പുരോഗതിയായിരിക്കും.

## ഗവേഷണത്തിനുള്ള ഉദ്യോഗസ്ഥന്മാരും ചിലവുകളും

അമേരിക്കയിൽ ശാസ്ത്രരംഗത്ത് ഇപ്പോൾ കൂടുതൽ പ്രവർത്തകന്മാർ ആവശ്യമാണെന്ന വസ്തുത സമീപദശകങ്ങളിൽ കൂടുതൽ കൂടുതൽ അമേരിക്കക്കാർ ശാസ്ത്രസേവനത്തിനു മുന്നോട്ടു വരുന്നുണ്ടെന്ന യാഥാർത്ഥ്യത്തെ മറച്ചുവെക്കാൻ പാടില്ല. 1930-നുശേഷം ശാസ്ത്രജ്ഞന്മാരുടെയും എൻജിനിയർമാരുടെയും സംഖ്യ തൊഴിൽസേനയുടെ വർദ്ധനവിനേക്കാൾ മൂന്നിരട്ടിയിൽക്കൂടുതൽ ഉയർന്നതോതിൽ വർദ്ധിച്ചിട്ടുണ്ട്. (അനുബന്ധം 13-ാംപട്ടിക നോക്കുക.) അമേരിക്കൻ തൊഴിൽസേനയിലുള്ള മിക്കവാറും ശാസ്ത്രീയ-സാങ്കേതിക പ്രവർത്തകന്മാർ യഥാർത്ഥ ഉൽപാദനപ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നവരാണ്. ഉൽപാദനപ്രക്രിയയിലെ വർദ്ധമാനമായി വരുന്ന സങ്കീർണ്ണത ഇവരുടെ പ്രത്യേകവൈദഗ്ദ്ധ്യം ആവശ്യപ്പെടുന്നുവെന്നതാണതിനു കാരണം. എങ്കിലും ഗവേഷണ-വികസനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ശാസ്ത്രജ്ഞന്മാരുടെയും എൻജിനിയർമാരുടെയും എണ്ണവും അതിവേഗം വളർന്നിട്ടുണ്ട്. 1945-നും 1946-നുമിടയ്ക്കു് വ്യാവസായികപരീക്ഷണശാലകളിലെ ഔദ്യോഗികശാസ്ത്രജ്ഞന്മാരുടെ എണ്ണം നാലിരട്ടിയും അവർക്കു താങ്ങായി പ്രവർത്തിക്കുന്ന സാങ്കേതികപ്രവർത്തകരുടെ എണ്ണം മൂന്നിരട്ടിയും വർദ്ധിച്ചിട്ടുണ്ടെന്നാണു കണക്കാക്കപ്പെടുന്നത്. ബിസിനസ്സിലും വ്യവസായത്തിലുമുണ്ടായിട്ടുള്ള സാങ്കേതികമായ ഉടച്ചുവാർക്കലുകളുടെയും ശാസ്ത്രീയപരിഷ്കരണങ്ങളുടെയും ഫലമായുണ്ടായതാണ് ഗവേഷണ-വികസനപ്രവർത്തനങ്ങളിലുള്ള ഈ ഉയർച്ച. അതേസമയം ഈ ഉയർച്ചതന്നെ പല സാങ്കേതിക-ശാസ്ത്രീയ പരീക്ഷണങ്ങൾക്കും കാരണമായിത്തീർന്നിട്ടുമുണ്ട്.

വ്യവസായത്തിലും സർക്കാർതുറകളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും കൂടുതൽ ശാസ്ത്രജ്ഞന്മാരും എൻജിനിയർമാരും നിയമിക്കപ്പെടുന്നതോടെ ഗവേഷണ-വികസനപദ്ധതികൾക്കുള്ള ചിലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആദ്യവർഷങ്ങളിലെ സ്ഥിതിവിവരക്കണക്കുകൾ സമീപകാലത്തെ കണക്കുകൾപോലെ കൃത്യമല്ലെങ്കിലും, 1946-നും 1953-നുമിടയ്ക്കു് ഗവേഷണ-വികസനപ്രവർത്തനങ്ങൾ

പട്ടിക - 6

പതിനൊന്നു തിരഞ്ഞെടുക്കപ്പെട്ട വ്യവസായങ്ങളിൽ ഗവേഷണശാലകളും ഉദ്യോഗസ്ഥന്മാരും[1], 1945-60 45612

| | 1945 | 1950 | 1955 | 1960 (ഉദ്ദേശിക്കപ്പെടുന്നതു്) | ശതമാന വർദ്ധന 1945-60 (ഉദ്ദേശിക്കപ്പെടുന്നതു്) |
|---|---|---|---|---|---|
| ഗവേഷണ ശാലകളുടെ എണ്ണം | 1855 | 2414 | 3760 | 5600 | 200 |
| ശാസ്ത്രജ്ഞന്മാരും എൻജിനീയർമാരും | 50560 | 70182 | 119641 | 205500 | 310 |
| തുണ ഉദ്യോഗസ്ഥന്മാർ | 70544 | 87547 | 141256 | 210000 | 200 |
| ഗവേഷണശാലയിലെ മൊത്തം ഉദ്യോഗസ്ഥന്മാർ | 121104 | 157729 | 260897 | 418500 | 245 |

1 ദേശീയഗവേഷണകൗൺസിലിന്റെ ഡയറക്ടറികളിൽ റിപ്പോർട്ടുചെയ്തിട്ടുള്ള എല്ലാ ഗവേഷണപ്രവർത്തകരുടേയും 85 ശതമാനത്തോളം ഈ വ്യവസായങ്ങളിൽ ഉൾപ്പെടുന്നു.

*Source:* George Perazich, Growth of Scientific Research in Selected Industries, 1945-1960, a report prepared for the National Science Foundation, Washington, D. C., October 1957.

വ്യവസായരംഗത്തു് ഇരട്ടിയിൽ കൂടുതൽ വർദ്ധിച്ചിട്ടുണ്ടെന്നു് സയുക്തം കണക്കാക്കാം. 1953-നുശേഷം അവ വീണ്ടും മൂന്നിരട്ടികൂടി വർദ്ധിച്ചിട്ടുമുണ്ടു്. 1953-ൽ ഗവേഷണ-വികസനപ്രവർത്തനങ്ങൾക്കുണ്ടായിട്ടുള്ള ചിലവുകൾ 500 കോടി ഡോളറിലധികമായിരുന്നുവെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. യുദ്ധാനന്തരകാലത്തെ ശരാശരി വർദ്ധനനിരക്കനുസരിച്ചു് 1961-ൽ ഈ ചിലവുകൾ 1400-1500 കോടി ഡോളറായി ഉയർന്നിരിക്കും.. മറെറാരുതരത്തിൽ പറഞ്ഞാൽ, അമേരിക്കയിലെ മൊത്തം ദേശീയോൽപാദനത്തിന്റെ ഏതാണ്ടു് മൂന്നു ശതമാനം ഇപ്പോൾ ഗവേഷണ-വികസനപ്രവർത്തനങ്ങൾക്കു വേണ്ടി ചിലവാക്കപ്പെട്ടുവരുന്നുണ്ടു്.

ഗവേഷണത്തിനും വികസനത്തിനുമുള്ള യഥാർത്ഥ പ്രവർത്തനങ്ങളുടെ 20 ശതമാനത്തിൽ താഴെമാത്രമേ കേന്ദ്രഗവ: വകുപ്പുകളിലും സ്ഥാപനങ്ങളിലും നടത്തപ്പെട്ടിരുന്നുള്ളുവെങ്കിലും 1959-60-ൽ അവയ്ക്കുള്ള ചിലവുകളുടെ ഏതാണ്ടു് മൂന്നിൽ രണ്ടുഭാഗവും കേന്ദ്രഗവണ്മെന്റിന്റെ നിധികളിൽനിന്നാണു് നിർവ്വഹിക്കപ്പെട്ടിരുന്നതു്. ഗവ

ണ്മെൻറിൻെറ ഗവേഷണ-വികസനപ്രവത്തനങ്ങളധികവും സ്വകാര്യസംഘടനകൾവഴിയാണ് നടത്തപ്പെട്ടിരുന്നതു്. അങ്ങിനെ മൊത്തം ഗവേഷണ-വികസന പ്രവത്തനങ്ങളുടെ മുക്കാൽഭാഗവും സ്വകാര്യവ്യവസായങ്ങൾ നിവ്ഹിച്ചിരുന്നു. എങ്കിലും ഈ വ്യവസായ ഗവേഷണങ്ങൾക്കുള്ള 50 ശതമാനം ചിലവും കേന്ദ്രഗവണ്മെൻറ് നിവ്ഹിച്ചുപോന്നു. ബാക്കി 50 ശതമാനം വ്യവസായങ്ങൾ സ്വന്തം നിധികളിൽനിന്നാണ് നിവ്ഹിച്ചിരുന്നതു്.

പട്ടിക – 7

ഗവേഷണ-വികസനച്ചിലവുകളുടെ വിതരണത്തിൻെറ ശതമാനത്തോതു്

| | ധനവിഭവങ്ങൾ | | ഗവേഷണപ്രവത്തനം | |
|---|---|---|---|---|
| | ഗവേഷണവും വികസനവും | അടിസ്ഥാന ഗവേഷണം | ഗവേഷണവും വികസനവും | അടിസ്ഥാന ഗവേഷണം |
| കേന്ദ്രഗവമ്മെൻറ് | 64 | 56 | 15 | 19 |
| വ്യവസായം | 33 | 26 | 75 | 30 |
| കോളേജുകളും സവ്കലാശാലകളും | 2 | 12 | 8 | 44 |
| മററു ലാഭേതരസ്ഥാപനങ്ങൾ | 1 | 6 | 2 | 7 |
| ആകെ | 100 | 100 | 100 | 100 |

*Source:* അനുബന്ധം 15–ാം പട്ടിക കാണുക.

ഗവണ്മെൻറ് നേരിട്ടു് നടത്തുന്നവയോ ഗവണ്മെൻറിൻെറ ധനസഹായത്തിന്മേൽ നടത്തപ്പെടുന്നവയോ ആയ പ്രതിരോധാവശ്യങ്ങൾക്കുള്ള ഗവേഷണങ്ങളിൽ ഒരു വലിയഭാഗം ഉടനെതന്നെയോ പിന്നീടോ സമാധാനകാലത്തെ ആവശ്യങ്ങൾക്കു് ഉപയോഗിക്കപ്പെടുന്നവയാണ്. അമേരിക്കയിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന "രണ്ടാം സാങ്കേതികവിപ്ലവ"ത്തിനു് കുറെയൊക്കെ ഇതാണ് നിദാനം.

രണ്ടാം ലോകയുദ്ധത്തിനുശേഷം നിലവിൽവന്ന ഉയന്ന കോപ്പൊറേഷൻനികുതിനിരക്കുകളാണ് വ്യാവസായികഗവേഷണത്തിനു സഹായകമായിത്തീന്ന മറെറാരുഘടകം. ഗവേഷണത്തിനും വികസനത്തിനുമുള്ള ചിലവുകൾ ന്യായമായ വ്യാപാരചിലവുകളെന്ന നിലയിൽ മൊത്തം ആദായത്തിൽനിന്നു പൊതുവെ കിഴിക്കാം. ഇത്തരം പ്രവത്തനങ്ങൾക്കുള്ള ചിലവുകൾ ക്രമമായി വദ്ധിപ്പിക്കാൻ

ക്കൂടുതൽ പരിശ്രമികളായ കമ്പനികൾക്ക് അങ്ങിനെ പ്രോത്സാഹനം നൽകപ്പെട്ടുവന്നിട്ടുണ്ട്. കമ്പനികളെ സംബന്ധിച്ചിടത്തോളം ഈവക പ്രവർത്തനങ്ങൾക്കുള്ള "അററ ചിലവ്" യഥാർത്ഥത്തിൽ ചിലവുചെയ്യപ്പെട്ട സംഖ്യയേക്കാൾ വളരെ കുറവായിരിക്കും.

അമേരിക്കയിലെതുപോലെ സജീവവും മത്സരാധിഷ്ഠിതവുമായ ഒരു സമ്പദ്‌വ്യവസ്ഥയിൽ ഉല്പാദനക്ഷമത തുടർച്ചയായി വർദ്ധിപ്പിക്കേണ്ടതു് ആവശ്യമാണെന്ന വസ്തുതയ്ക്കു് ലഭിച്ചുവരുന്ന വർദ്ധമാനമായ അംഗീകരണത്തിനു തെളിവാണു് ഗവേഷണ-വികസനപ്രവർത്തനങ്ങൾക്ക് അമേരിക്കൻവ്യവസായം നിർവ്വഹിക്കുന്ന ചിലവുകളുടെ ഉയർന്നനിരക്കുകൾ. സാങ്കേതികമുന്നേററങ്ങൾ മണിക്കൂർ ഒന്നിനുള്ള ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും അതനുസരിച്ചു് കൂലിനിരക്ക് ഉയർത്തുന്നതിനും അനുവദിക്കുന്നു. താരതമ്യേന ഉയർന്ന കൂലിനിരക്കുകളാകട്ടെ, കുറവ് തൊഴിലാളികൾമാത്രം ആവശ്യമായിവരുന്ന സാങ്കേതികരീതികൾ ഏർപ്പെടുത്തുന്നതിനു് ഉത്തേജനം നൽകുന്നുമുണ്ട്. സാധാരണയായി, താരതമ്യേന സമൃദ്ധിയായവിധം തൊഴിലാളികളുള്ളവയും കുറഞ്ഞ കൂലിനിരക്കുകൾ നിലവിലുള്ളവയുമായ രാജ്യങ്ങളിൽ തൊഴിലാളികളുടെ എണ്ണം കുറയ്ക്കാനുപകരിക്കുന്ന സാങ്കേതികരീതികൾ ഏർപ്പെടുത്താനുള്ള പ്രേരണ ശക്തിയായുണ്ടാകുന്നില്ല. എന്നാൽ ചില സാഹചര്യങ്ങളിൽ ഈ രാജ്യങ്ങളിൽതന്നെ പുതിയ സാങ്കേതികരീതികൾ ഏർപ്പെടുത്തുന്നതിനു് മററുകാരണങ്ങൾ മതിയാകും. പരിഷ്കരിച്ച രീതികളുടെയും പുതിയ കണ്ടുപിടിത്തങ്ങളുടെയും ഫലമായി പലപ്പോഴും പഴയരീതിയനുസരിച്ചുള്ളവയെക്കാൾ മെച്ചപ്പെട്ട ഉൽപ്പന്നങ്ങൾ ഉണ്ടാകുന്നു. ഉദാഹരണത്തിനു്, ഒരു പുതിയ സ്വയംപ്രവർത്തക പെട്രോളിയംശുദ്ധീകരണശാലയ്ക്കു് പഴയരീതിയിലുല്പാദിപ്പിക്കുന്നതിനേക്കാൾ മെച്ചപ്പെട്ടതരം ഗാസലിൻ ഉൽപാദിപ്പിക്കാൻ കഴിയും. സാമ്പിളുകൾ തുടർച്ചയായി പരീക്ഷണശാലയിൽ കൊണ്ടുപോയി പരിശോധിച്ചു് അതിൻെറ അടിസ്ഥാനത്തിൽ പദാർത്ഥത്തെ പൊരുത്തപ്പെടുത്തുന്ന പഴയ സമ്പ്രദായത്തിൽനിന്നുണ്ടാകുന്ന ഗാസലിനേക്കാൾ വളരെ കൂടുതൽ ഐകരൂപ്യമുള്ളതായിരിക്കും പരിഷ്കരിച്ചരീതിയിൽ നിന്നുള്ള ഗാസലിൻ. അങ്ങിനെ, താരതമ്യേന ഉയർന്ന കൂലിനിരക്കുകളെ മുൻനിർത്തി അമേരിക്കയിൽ ഏർപ്പെടുത്തപ്പെട്ട പല സാങ്കേതികപരിഷ്കരണങ്ങളും ഗണ്യമായി കുറഞ്ഞ കൂലിച്ചിലവുകൾ നിലവിലുള്ള രാജ്യങ്ങളിലും ഗുണപൌഷ്കല്യത്തിൻെറപേരിൽ ഏർപ്പെടുത്തപ്പെട്ടിട്ടുണ്ട്.

എന്നാൽ സാങ്കേതികപുരോഗതിയുടെ ഫലമായി മാനവോൽക്കർഷം അനിവാര്യമായും നിഷ്കളങ്കമായി ഉണ്ടാകണമെന്നില്ല.

അങ്ങിനെ എല്ലായ്പ്പോഴും സംഭവിച്ചിട്ടുമില്ല. കഴിഞ്ഞ 18, 19 നൂററാണ്ടുകളിൽ കൈവേലസമ്പ്രദായത്തെ ഒഴിവാക്കിയ പുതിയ സാങ്കേതികരീതികൾ പലപ്പോഴും ജോലിയുടെ അന്തസ്സും സൃഷ്ടിയിൽനിന്നുണ്ടാകുന്ന ചാരിതാർത്ഥ്യവും മനുഷ്യാദ്ധ്വാനത്തിനു നഷ്ടപ്പെടുത്തുകയുണ്ടായി. എങ്കിലും 20-ാംനൂററാണ്ടിൽ സ്വയംനിയന്ത്രണയന്ത്രങ്ങളും സ്വയംപ്രവർത്തകഉല്പാദനപ്രക്രിയകളും തൊഴിലാളികൾ കൈകൊണ്ടും ബുദ്ധികൊണ്ടും നിത്യേനയുള്ള ജോലികൾക്ക ചിലവഴിച്ചിരുന്ന സമയവും ശക്തിയും ഗണ്യമായി ലഘൂകരിച്ചിട്ടുണ്ട്. അങ്ങിനെ യന്ത്രവൽക്കരണത്തിൻെറ, പ്രത്യേകിച്ചും കൂടുതൽ സമീപകാലത്തെ പുരോഗതിയായ സ്വയംപ്രവർത്തകസമ്പ്രദായത്തിൻെറ, ക്രമമായ പുരോഗതിയുടെ ഫലങ്ങളിലൊന്ന്, വ്യാവസായികവിപ്ലവത്തിനുമുമ്പുണ്ടായിരുന്ന സമൂഹങ്ങളിലേതിൽനിന്നും വ്യത്യസ്തമായ രൂപങ്ങളിലാണെങ്കിലും, അദ്ധ്വാനത്തിൻെറ അന്തസ്സും ചാരിതാർത്ഥ്യവും കുറച്ചെങ്കിലും പുനഃസ്ഥാപിച്ചുവെന്നതാണ്. ഇന്ന് തൊഴിലാളി ഒരിക്കലും യന്ത്രത്തിൻെറ ഒരടിമയല്ല; മറിച്ച് ഉല്പാദനസമ്പ്രദായങ്ങളുടെ മേൽനോട്ടക്കാരനും സംരക്ഷകനുമാണ്.

---

സജീവമായ സാമ്പത്തികപ്രക്രിയയുടെ ഹൃദയസ്ഥാനം ആധുനികഗവേഷണത്തിനാണ്. ഉല്പാദനച്ചിലവു വർദ്ധിച്ചാൽപോലും പലപ്പോഴും കുറഞ്ഞവിലയ്ക്കു് വർദ്ധിച്ചതോതിലും കൂടുതൽ മെച്ചപ്പെട്ടതരത്തിലുമുള്ള ഉല്പന്നങ്ങൾക്കു കാരണമായിത്തീരുന്നു. സാങ്കേതികപുരോഗതിയുടെ വികസനം, സാങ്കേതികപരിഷ്കരണങ്ങൾ, അവയുമായുള്ള പൊരുത്തം എന്നിവ അമേരിക്കയിൽ തൊഴിലാളിക്കു് ഉയർന്ന ഉല്പാദനക്ഷമത നേടാൻ സഹായകമായിട്ടുണ്ട്. മററു രാജ്യങ്ങളിൽനിന്നും ലഭിച്ച അറിവുകളുടെ അടിസ്ഥാനത്തിലാണ് ഈ പരിഷ്കരണങ്ങളിൽ പലതും ഉണ്ടായിട്ടുള്ളത്. അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ സവിശേഷതയായ വൻതോതിലുള്ള ഉല്പാദനത്തിൽനിന്നും വിപുലമായ വിപണിയിൽനിന്നുമാണ് പരിഷ്കരണങ്ങൾ വളർന്നുവന്നതു്. അതേസമയംതന്നെ, സാങ്കേതികപരിഷ്കരണങ്ങൾ വൻതോതിലുള്ള ഉല്പാദനത്തിനും വിപുലമായ വിപണിക്കും സഹായകമായിത്തീർന്നിട്ടുമുണ്ട്. ഉല്പത്തി എവിടെയെങ്കിലുമായിക്കൊള്ളട്ടെ, അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ ഉല്പാദനക്ഷമതയിൽ ഒരു ഉയർന്ന നിരക്ക നേടുന്നതിനു് ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി നിശ്ചയമായും തുടർന്നും അതിപ്രധാനസംഭാവനകൾ നൽകുന്നതാണ്. ഈ സംഭാവനകളുടെ വ്യാപ്തി നല്ലപോലെ പരിശീലനം ലഭിച്ച

ശാസ്ത്രജ്ഞന്മാരേയും വിദഗ്ദ്ധരായ സാങ്കേതികപ്രവത്തകരേയും വദ്ധമാനമായതോതിൽ ലഭിക്കുന്നതിനെമാത്രം ആശ്രയിച്ചിരിക്കുകയില്ല. അടിസ്ഥാനപരവും പ്രയോഗിതവുമായ ശാസ്ത്രീയവിജ്ഞാനം വളത്തുന്നതിന്ന് വേണ്ടത്ര നിധികളും വിഭവങ്ങളും നീക്കിവയ്ക്കുന്നതും തുല്യപ്രാധാന്യമുള്ള ഒരാവശ്യമാണ്. അമേരിക്കൻവിദ്യാഭ്യാസസമ്പ്രദായത്തിൻെറ ലക്ഷ്യങ്ങൾ, ഉള്ളടക്കം, രീതികൾ എന്നിവ പുനപ്പരിശോധിക്കുന്നതും പരിഷ്കരിക്കുന്നതുംകൂടി ഒരടിയന്തിരാവശ്യമായിരിക്കും.

വ്യാവസായികയന്ത്രങ്ങൾക്കും ഉപകരണങ്ങൾക്കും ആവശ്യമുള്ളേടത്തോളം മൂലധനം ലഭ്യമാണെങ്കിൽമാത്രമേ തൊഴിൽവൈദഗ്ദ്ധ്യം, ഭരണയോഗ്യത, സാങ്കേതികമുന്നേററങ്ങൾ എന്നിവയ്ക്കു ഉല്പാദനക്ഷമതയിൽ പൂർണ്ണമായ അഭിവൃദ്ധിയുണ്ടാക്കാനാവൂ. മൂലധനം താരതമ്യേന സുലഭമായാൽ ഉല്പാദനക്ഷമത ഉയരും. ഉല്പാദനക്ഷമതയിലുള്ള വർദ്ധനവാകട്ടെ, കൂടുതൽ വർദ്ധിച്ച മൂലധനം ലഭ്യമാകുന്നതിനും അതുവഴി വീണ്ടും ഉല്പാദനക്ഷമതയുടെ വർദ്ധനവിനും കാരണമാകുകയും ചെയ്യുന്നു. അങ്ങിനെ പര്യാപ്തമായതോതിലുള്ള മൂലധനലഭ്യത സാമ്പത്തികവളർച്ചയുടെ ഒരവശ്യഘടകമാണ്. ഇതിന്നെതിരെ, സാമ്പത്തികവികസനം ത്വരിപ്പിക്കാൻ ശ്രമിക്കുന്ന രാജ്യങ്ങൾക്ക് മൂലധനദൗർലഭ്യം ഗുരുതരമായ ഒരു പ്രതിബന്ധമായിരിക്കുകയും ചെയ്യും. ഈ വിഭാഗത്തിൽപ്പെട്ട രാജ്യങ്ങൾക്ക്, പരിമിതമായിമാത്രം ഉയന്ന ഉല്പാദനവർദ്ധനവിൽനിന്നുണ്ടാകുന്ന വിഭവശേഷി സ്വകാര്യോപഭോഗം, പൊതുക്ഷേമപരിപാടികൾ, ഉല്പാദനസ്ഥാപനങ്ങളുടെ മൂലധനം എന്നിവയുടെയെല്ലാം അടിയന്തിരവികസനത്തിന് എങ്ങിനെ വിഭാഗിക്കണമെന്ന് തീരുമാനിക്കുന്നകാര്യത്തിൽ എപ്പോഴും പ്രയാസം നേരിടുന്നു.

## വിദേശമൂലധനത്തിൻെറ പങ്ക്

വ്യവസായവൽക്കരണത്തിൻെറ ആദ്യഘട്ടങ്ങളിൽ മറെറല്ലാ അല്പവികസിതരാജ്യങ്ങളുടെയും കാര്യത്തിലെന്നപോലെ അമേരിക്കയ്ക്കും, അഭ്യന്തരധനാഗമമാർഗ്ഗങ്ങൾ ഉപഭോഗത്തിൽനിന്നും നിക്ഷേപത്തിലേയ്ക്കു തിരിച്ചുവിടുന്നതിനുപുറമേ, വിദേശത്തുനിന്നു മൂലധനം ആകർഷിച്ചുകൊണ്ടും സ്വന്തം മൂലധനാവശ്യങ്ങൾ നേരിടേണ്ടിയിരുന്നു. മററു മിക്കവാറും രാജ്യങ്ങളെപ്പോലെ ഇറക്കുമതി മൂലധനത്തേക്കാൾ കൂടുതൽ വിപുലവും കൂടുതൽ ആശ്രയയോഗ്യവും അഭ്യന്തരധനാഗമമാർഗ്ഗങ്ങളിൽനിന്നുള്ള മൂലധനരൂപീകരണമായിരുന്നു. എന്നാൽ ഒന്നാംലോകയുദ്ധംവരെ വിദേശമൂലധനഇറക്കുമതി, പ്രത്യേകിച്ചും സ്വകാര്യമൂലധനം, അമേരിക്കയുടെ സാമ്പത്തികവികാസത്തിൽ പ്രാധാന്യംവഹിച്ചു. 1914-ൽ അമേരിക്കയിലെ വിദേശസ്വകാര്യമൂലധനനിക്ഷേപം 700 കോടി ഡോളറായിരുന്നു. ക്രയശേഷിയുടെ അടിസ്ഥാനത്തിൽ നോക്കിയാൽ നിലവിലുള്ള വിലനിര

ക്കുകളനുസരിച്ച് ഇതു് 3500 കോടി ഡോളറോളം വരും. (അനുബന്ധം 17-ാംപട്ടിക നോക്കുക.) മാത്രമല്ല, ഒന്നാംലോകയുദ്ധത്തിനു മുമ്പ് അമേരിക്കയുടെ സാമ്പത്തികവികാസത്തിൽ വിദേശസ്വകാര്യ മൂലധനനിക്ഷേപത്തിനുണ്ടായിരുന്ന പങ്ക് 700 കോടി ഡോളർ കണക്ക് പൂർണ്ണമായും വെളിപ്പെടുത്തുന്നില്ല. അതിനുമുമ്പ് ഏതാനും മൂലധനം അമേരിക്കക്കാർ നാട്ടിലേയ്ക്കു തിരിച്ചെടുത്തുകഴിഞ്ഞിരുന്നതാണതിനു കാരണം. ധനപരമായി ഭാഗികമായോ പൂർണ്ണമായോ നഷ്ടമായിത്തീർന്നിരുന്ന നിക്ഷേപങ്ങളും, ഫലത്തിൽ അവ ഉല്പാദനയന്ത്രങ്ങളും ഉപകരണങ്ങളും സൃഷ്ടിക്കുകയുണ്ടായെങ്കിലും, ഈ സംഖ്യയിൽ ഉൾപ്പെടുന്നില്ല നിർമ്മിക്കപ്പെട്ടതിനുശേഷം പാപ്പരായിത്തീർന്നവയും എന്നാൽ തുടർന്നും പ്രവർത്തിക്കുകയും ചെയ്ത പല റെയിൽ കമ്പനികളും ഇതിനു് ഉദാഹരണങ്ങളാണു്.

1914-നുശേഷം അമേരിക്കയുടെ സാമ്പത്തികവളർച്ചയിൽ വിദേശസ്വകാര്യമൂലധനനിക്ഷേപത്തിന്റെ പങ്കിനു് വളരെ കുറഞ്ഞ പ്രാധാന്യമേ ഉണ്ടായിട്ടുള്ളു. നിക്ഷേപത്തിനോ ഉപഭോഗത്തിനോ വർദ്ധിച്ച വിഭവശേഷി ഉപയോഗപ്പെടുത്തേണ്ടതെന്ന പ്രശ്നത്തിന്റെ പ്രാധാന്യവും കുറഞ്ഞുവരികയാണുണ്ടായിട്ടുള്ളതു്. ഉയർന്നുവരുന്ന ഒരു ജീവിതനിലവാരത്തിനുവേണ്ടിയും ഗവൺമെൻറിന്റെ പരിപാടികൾക്കുള്ള വർദ്ധിച്ച ചിലവുകൾക്കുവേണ്ടിയും വ്യവസായ-കാർഷിക-വിതരണരംഗങ്ങളിൽ തുടർച്ചയായി വളർന്നുകൊണ്ടിരിക്കുന്ന ഏററവും നവീനരീതിയിൽ പരിഷ്കരിക്കപ്പെട്ട ഉല്പാദനോപകരണങ്ങളുടെ ശേഖരത്തിനുവേണ്ടിയും ഒരേസമയത്ത് തുകകളനുവദിക്കാവുന്ന വിധം അമേരിക്കയിലെ മൊത്തം ദേശീയോല്പാദനവും ആളോഹരി വരുമാനവും ഉയർന്ന നിലവാരത്തിലാണു് സ്ഥിതിചെയ്യുന്നതു്. തദ്ദേശ മൂലധനനിക്ഷേപങ്ങളേയോ ഉപഭോഗത്തേയോ സാരമായി ബാധിക്കാതെതന്നെ പ്രതിരോധത്തിനും വിദേശസഹായങ്ങൾക്കുമുള്ള ഉയർന്ന ചിലവുകൾ അനുവദിക്കുന്നവിധം മൊത്തം ഉല്പാദനം തീർച്ചയായും ഉയർന്നതാണു്.

## അഭ്യന്തരമൂലധനത്തിന്റെ ഉറവുകൾ

സമീപദശകങ്ങളിൽ അമേരിക്കയിലെ മൊത്തം സഞ്ചിതധനം വികസിച്ചുവരുന്ന ഒരഭ്യന്തരസമ്പദ്‌വ്യവസ്ഥയുടെ ആവശ്യങ്ങൾ നിറവേററാൻമാത്രമല്ല, മററു രാജ്യങ്ങൾക്കു കയററുമതിമൂലധനം നൽകുന്നതിനും പര്യാപ്തമായതാണു്. യുദ്ധകാലങ്ങളിൽ ഗവൺമെണ്ടിനു് വൻതോതിൽ വായ്പകൾ എടുക്കേണ്ടതായ ആവശ്യം വന്ന

പ്പോഴും സമീപവർഷങ്ങളിൽ മൂലധനനിക്ഷേപങ്ങളിലുള്ള ശക്തിയായ തള്ളിക്കയററത്തിന്റെ മൂർദ്ധന്യാവസ്ഥയിലും മാത്രമാണ് മൂലധനദൗർലഭ്യം കുറച്ചനുഭവപ്പെട്ടതു്. എന്നാൽ ചില കാര്യങ്ങൾക്കു മൂലധനസമൃദ്ധിയും മററു ചില കാര്യങ്ങൾക്ക് മൂലധനദൗർലഭ്യവും ഒരേസമയത്തുതന്നെ അനുഭവപ്പെട്ടെന്നുവരാം. മൂലധനവിപണി വിശദമായി പരിശോധിക്കുന്നതിനു് വിവിധതരം സഞ്ചയങ്ങളിലേയ്ക്കും നിക്ഷേപങ്ങളിലേയ്ക്കും ഒന്നു കണ്ണോടിക്കുന്നതാവശ്യമാണു്.

പലവിധം മിച്ചംവെപ്പാണു് അമേരിക്കയിലെ മൂലധനരൂപീകരണത്തിന്റെ ഉറവുകൾ—വ്യക്തികളുടെ, സ്ഥാപനങ്ങളുടെ, കോർപ്പറേഷനുകളുടെ, ഗവണ്മെൻറിന്റെ എന്നിവ. അമേരിക്കയുടെ സാമ്പത്തികവികാസത്തിന്റെ ആദ്യഘട്ടങ്ങളിൽ സമ്പന്നരായ വ്യക്തികളുടേയും കുടുംബങ്ങളുടേയും മിച്ചംവയ്പാണു് ഉല്പാദനപരമായ നിക്ഷേപങ്ങൾക്കാവശ്യമായ മൂലധനം നൽകിയിരുന്നതു്. വ്യക്തിപരമായ സഞ്ചയങ്ങൾ ഇപ്പോഴും വളരെ പ്രധാനമാണെങ്കിലും, മററു സഞ്ചയരൂപങ്ങൾ സമീപവർഷങ്ങളിൽ കൂടുതൽ വേഗത്തിൽ വളന്നുകൊണ്ടാണിരിക്കുന്നതു്. മൊത്തം മൂലധനത്തിന്റെ പകുതിയിലധികവും ഇവയിൽനിന്നു് ഇപ്പോൾ ലഭിച്ചുവരുന്നു.

1920-ൽ തുടങ്ങിയ ദശകത്തിന്റേയും 1950-ൽ തുടങ്ങിയ ദശകത്തിന്റേയും അവസാനവർഷങ്ങളിൽ സ്വകാര്യസഞ്ചയങ്ങൾക്കുണ്ടായിരുന്ന മാർഗ്ഗങ്ങൾ താരതമ്യംചെയ്താൽ അവയ്ക്കിടയിൽ പ്രധാനമാററങ്ങൾ ഉണ്ടായിട്ടുള്ളതായി കാണാം. വ്യക്തിസഞ്ചയത്തിലുണ്ടായിട്ടുള്ള മാററങ്ങൾ പ്രത്യേകിച്ചും പ്രാധാന്യമർഹിക്കുന്നു. വ്യക്തികളുടെ സർവ്വസഞ്ചയവും നിക്ഷേപസഞ്ചയവും മൊത്തം വ്യക്തിസഞ്ചയത്തിന്റെ ശതമാനത്തോതിൽ നാലിരട്ടിയിൽ കൂടുതൽ വർദ്ധിച്ചിട്ടുണ്ടു്. മൂലധനരൂപീകരണത്തിനു് ഇവ ഒരു പ്രധാനമാർഗ്ഗമായിത്തീന്നിരിക്കുന്നു. പുറമേ, തവണവായ്പ, വീട്ടുപണയം തുടങ്ങിയവയ്ക്കു് ഓരോ ഉപഭോക്താവും നൽകിവരുന്ന സംഖ്യയും ഗണ്യമായി ഉയന്നിട്ടുണ്ടു്. മുൻകാലങ്ങളിൽ വിലയേറിയ ഒരു മോട്ടോർവാഹനമോ, ഗൃഹോപകരണമോ, വസ്ത്രമോ വാങ്ങുന്നതിനുമുമ്പു് അവയ്ക്കാവശ്യമുള്ള സംഖ്യ മിച്ചംവെച്ചു് ശേഖരിക്കുകയായിരുന്നു പതിവു്. എന്നാൽ ഇന്നു് ഉപഭോക്താവു് ആദ്യംതന്നെ ആവശ്യമുള്ളതു വാങ്ങുന്നു. അതിനെത്തുടന്നുമാത്രമാണു് തവണക്കരാറനുസരിച്ച വിലനല്കുന്നതിനുള്ള സംഖ്യ മിച്ചംവെച്ചു ശേഖരിക്കുന്നതു്. ഇതിന്നെതിരെ, സ്വകാര്യകടപ്പത്രങ്ങൾ വാങ്ങുന്നരൂപത്തിലുള്ള വ്യക്തിപരമായ മിച്ചംവെപ്പു് മൊത്തം സ്വകാര്യസഞ്ചയത്തിന്റെ 39 ശതമാനത്തിനടുത്തുനിന്നു് 6 ശതമാനത്തിൽ താഴെയായി ഗണ്യമായി ഇടിഞ്ഞിട്ടുണ്ടു്.

സ്വകാര്യ-പൊതുസ്ഥാപനങ്ങളുടെ പരിപാടികൾക്കുള്ള നിക്ഷേപനിധികളിലും സമീപദശകങ്ങളിൽ അതിശയകരമായ വർദ്ധനവാണുണ്ടായിട്ടുള്ളതു്. സ്വകാര്യബിസിനസ്സ്ഥാപനങ്ങൾ, തൊഴിലാളിയൂണിയനുകൾ, മററു ലാഭേതരസംഘടനകൾ എന്നിവയുടെ ഇൻഷുറൻസ്-ക്ഷേമനിധികളും ഗവമ്മെൻറിൻെറ ഇൻഷുറൻസ്-പെൻഷൻപരിപാടികൾക്കുള്ള നിധികളും ഈ നിക്ഷേപനിധികളിലുൾപ്പെടുന്നു. ഇത്തരം സ്ഥാപനപരമായ സഞ്ചയങ്ങൾ

പട്ടിക - 8.

പ്രധാനഘടകങ്ങളുടെ സ്വകാര്യമിച്ചംവെപ്പു് (വാർഷികശരാശരി)

| അററവർദ്ധനകളുണ്ടായ വിഭാഗങ്ങൾ | 1926-29 | | 1957-60 | |
|---|---|---|---|---|
| | 100 കോടി ഡോളർ | ശതമാനം | 100 കോടി ഡോളർ | ശതമാനം |
| വ്യക്തിപരമായ മിച്ചംവെപ്പു് | 7.7 | 65.7 | 14 0 | 42.3 |
| കറൻസിയും ഡെപ്പോസിററുകളും (മിച്ചംവെപ്പുകളും വായ്പാഓഹരികളുമടക്കം) | 1.0 | 8.6 | 12.4 | 37.6 |
| സ്വകാര്യ കടപ്പത്രങ്ങൾ (സ്റ്റോക്കുകളും ബോണ്ടുകളും) | 4.6 | 39.3 | 1 9 | 5.7 |
| മററുതരം അററ മിച്ചം വെപ്പുകൾ (1) | 2.1 | 17.8 | —0.3 | —1.0 |
| സ്ഥാപനപരമായ മിച്ചംവെപ്പു് | 1.7 | 14.6 | 10.9 | 33 0 |
| സ്വകാര്യഇൻഷുറൻസും പെൻഷൻശേഖരങ്ങളും | 1.5 | 12.8 | 8.6 | 26.0 |
| ഗവമ്മെൻറു് ഇൻഷുറൻസും പെൻഷൻശേഖരങ്ങളും | .2 | 1.8 | 2 3 | 7 0 |
| കോപ്പൊറേഷനുകളുടെ മിച്ചംവെപ്പു് (2) | 2.3 | 19.7 | 8.2 | 24.7 |
| മൊത്തം സ്വകാര്യമിച്ചംവെപ്പു് | 11.7 | 100 0 | 33.1 | 100.0 |

(1) ഗവമ്മെൻറു കടപ്പത്രങ്ങൾ വ്യക്തികൾ കൂടുതലായി വാങ്ങിയിട്ടുള്ളതും തേയ്മാനം കുറവുചെയ്തതിനും ബാദ്ധ്യതകളിലുള്ള വർദ്ധനകൾക്കു് വകകൊള്ളിച്ചതിനും ശേഷമുള്ള എല്ലാത്തരം ഈടുനിൽക്കുന്ന സാധനങ്ങളിലുള്ള ആസ്തികളും (ഉദാ: തവണവായ്പാബാദ്ധ്യതകൾ, പണയങ്ങൾ) ഇതിൽ ഉൾപ്പെടുന്നു.

(2) വിതരണംചെയ്യപ്പെടാത്ത ലാഭങ്ങൾ.

*Sources:* 1957–1960: U. S. Department of Commerce, Office of Business Economics, Survey of Current Business, July 1961; 1926–1929: Raymond W. Goldsmith, A Study of Saving in the United States, Princeton University Press, 1955, Vol. 1, Tables S-5 and S-35.

ഭൂരിപക്ഷം അമേരിക്കൻകുടുംബങ്ങൾക്കും അപകടം, രോഗം, ജോലിയിൽനിന്നു വിരമിക്കൽ, മരണം തുടങ്ങിയവ ഉണ്ടാകുമ്പോൾ ഗണ്യമായതോതിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുപുറമേ, ഓരോ വർഷവും പുതിയ മൂലധനരൂപീകരണത്തിന് ആവശ്യമായ നിധികളുടെ ഒരു നല്ല ഓഹരി നല്കുകയും ചെയ്യുന്നുണ്ട്. ഈ സ്ഥാപനങ്ങൾവഴി വ്യക്തിപരമായി ഓരോ അമേരിക്കൻതൊഴിലാളിയും ഇടത്തരം വരുമാനമുള്ള ഗ്രൂപ്പുകളും രാജ്യത്തിന്റെ മൂലധനനിധിയിലേക്കു പരോക്ഷമായി വരികൊടുക്കുന്നുണ്ട്. ഉദാഹരണത്തിന്, 1960 ഒടുവിൽ ഉണ്ടായിരുന്ന മൊത്തം നിക്ഷേപിത ആസ്തികളിൽ ഉദ്ദേശം 5000 കോടിഡോളർ സ്വകാര്യപെൻഷൻപരിപാടികൾക്കുള്ള നിധികളുടേതായിരുന്നുവെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഈ ആസ്തികൾ 80 ശതമാനത്തിലധികവും കോർപ്പൊറേഷൻബോണ്ടുകളുടേയും ഓഹരികളുടേയും രൂപത്തിലായിരുന്നു. ഈ സംഖ്യ വർഷംതോറും 500 കോടിയില്പരം ഡോളർ എന്ന നിരക്കിൽ വർദ്ധിച്ചുവരുന്നുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ രീതിയിൽ കടപ്പത്രങ്ങളുടെ ഉടമസ്ഥതയിൽനിന്നും ലാഭവിഹിതത്തിന്റേയും ഓഹരിവിലവർദ്ധനവിന്റേയും രൂപത്തിലുള്ള മെച്ചങ്ങൾ ദശലക്ഷക്കണക്കിന് അമേരിക്കൻതൊഴിലാളികൾക്ക് പരോക്ഷമായി ലഭിച്ചുവരുന്നുണ്ട്. പല തൊഴിലാളിയൂണിയനുകളും കോർപ്പൊറേഷൻ ഓഹരികളിലും വിവിധതരം ബിസിനസ്സ്ഥാപനങ്ങളിലും വമ്പിച്ച നിക്ഷേപകരായിത്തീർന്നിരിക്കുന്നു.

മൂലധനരൂപീകരണത്തിനുള്ള നിധികളുടെ മൂന്നാമത്തെ പ്രധാനഉറവ് ബിസിനസ് കോർപ്പൊറേഷനുകളുടെ സഞ്ചിതനിധികളാണ്. മൊത്തം സ്വകാര്യസഞ്ചയത്തിലുള്ള ശതമാനത്തോതനുസരിച്ച് കോർപ്പൊറേഷൻസഞ്ചയത്തിന്റെ ആപേക്ഷികപ്രാധാന്യം ഈ കാലഘട്ടത്തിൽ ഏതാണ്ട് ഒരേനിലയിൽതന്നെ തുടർന്നുപോന്നിട്ടുണ്ട്. ബിസിനസ് നിക്ഷേപത്തിലും മൂലധനവികാസത്തിലും ഈ സഞ്ചയമാർഗ്ഗത്തിന് പ്രത്യേക പ്രാധാന്യമാണുള്ളത്. തേമാനനിധികളും വിതരണംചെയ്യപ്പെടാത്ത ലാഭവും അടങ്ങുന്ന മൊത്തം കോർപ്പൊറേഷൻസഞ്ചയവും മൂലധനനിക്ഷേപവും തമ്മിലുള്ള അനുപാതത്തിൽനിന്ന് ഈ പ്രാധാന്യം വ്യക്തമാകും.

പുതിയ ബിസിനസ് നിക്ഷേപങ്ങൾക്കുള്ള ഉറവ് എന്ന നിലയിൽ വീതിക്കാത്ത ലാഭത്തിന്റെ പ്രാധാന്യം അടുത്തകാലത്ത് ക്ഷയിച്ചിട്ടുണ്ടെങ്കിലും തേമാനനിധികൾ വർദ്ധമാനമായ പ്രാധാന്യം ആർജ്ജിച്ചിട്ടുണ്ട്. അമേരിക്കൻവ്യവസായങ്ങളുടെ സ്ഥിരം മൂലധന ആസ്തികൾ ഇടിഞ്ഞിരുന്ന 1947-49-നുശേഷമുള്ള ഘട്ടത്തിൽ യന്ത്രോപകര

ണങ്ങൾക്കുവേണ്ടി കനത്ത നിക്ഷേപമുണ്ടായതാണ് ഈ വർദ്ധനവിന്നു പ്രധാനകാരണം. നികുതി കണക്കാക്കുന്നതിൽ തേമാനച്ചിലവുകളെ സംബന്ധിച്ച് കൂടുതൽ ഉദാരമായനയം അംഗീകരിക്കപ്പെട്ടതിനെത്തുടന്ന് 1954-നുശേഷം ഈ പ്രവണത കൂടുതൽ പ്രകടമായിട്ടുണ്ട്. 1960-ൽ ധനസംബന്ധമല്ലാത്ത കോപ്പൊറേഷനുകളുടെ മൊത്തം സഞ്ചിതധനം യന്ത്രോപകരണങ്ങളിലുള്ള അവയുടെ മൊത്തം നിക്ഷേപമായ 3080 കോടി ഡോളറിനോട്ട് ഏതാണ്ട് തുല്യമായി 3030 കോടി ഡോളറായിരുന്നു. അങ്ങിനെ വ്യവസായ വികസനവും പരിഷ്കരണവും അധികവും അഭ്യന്തരനിധികളുപയോഗിച്ചാണ് നടത്തപ്പെട്ടുവരുന്നത്.

നിക്ഷേപാവശ്യങ്ങൾക്ക് സ്വന്തം നിധികളുപയോഗിക്കുന്ന ഈ സമ്പ്രദായത്തിന് ഗുണവും ദോഷവുമുണ്ട്. ഒരുവശത്ത് സാഹസി

പട്ടിക – 9

കോപ്പൊറേഷൻനിധി(1)കൾക്കുള്ള ധനാഗമനമാർഗ്ഗങ്ങളും ഉപയോഗങ്ങളും

| | 1947-49 | | 1957-60 | |
|---|---|---|---|---|
| | 100 കോടി ഡോളർ | ശതമാനം | 100 കോടി ഡോളർ | ശതമാനം |
| ധനാഗമനമാർഗ്ഗങ്ങൾ—ആകെ | 22 6 | 100.0 | 38 2 | 100 0 |
| ആഭ്യന്തരം— ആകെ | 16.8 | 74.3 | 28 8 | 75.4 |
| തേമാനം | 6.2 | 27.3 | 20.9 | 54.7 |
| വിതരണംചെയ്യപ്പെടാത്ത ലാഭങ്ങൾ | 10.6 | 47.0 | 7.9 | 20.7 |
| ബാഹ്യം – ആകെ | 5.8 | 25.7 | 9 4 | 24.6 |
| പുതിയ കടപ്പത്രങ്ങൾ അഥവാ ഓഹരികൾ (അററ) | 4.9 | 21.7 | 7.9 | 20.7 |
| മററു ബാദ്ധ്യതകളിലെ വ്യത്യാസങ്ങൾ | 0.9 | 4 0 | 1.5 | 3.9 |
| ഉപയോഗങ്ങൾ—ആകെ | 23.1 | 100 0 | 37.5 | 100 0 |
| അററപ്രവത്തനമൂലധനം | 5.4 | 23.3 | 6.4 | 17.2 |
| യന്ത്രങ്ങളും ഉപകരണങ്ങളും | 17.4 | 75 4 | 29 6 | 78.8 |
| മററു ആസ്തികളിൽ മുതലിറക്ക് | .3 | 1.3 | 1.5 | 4.0 |
| വ്യത്യാസം (ധനാഗമനമാർഗ്ഗങ്ങൾ – ഉപയോഗങ്ങൾ) | —.5 | | | |

(1) ബാങ്കുകൾ, മിച്ചംവെപ്പ്—വായ്പാസംഘടനകൾ, ഇൻഷൂറൻസ്കമ്പനികൾ, മൂലധനനിക്ഷേപകമ്പനികൾ എന്നിവ ഉൾപ്പെടുന്നില്ല.

*Source:* Securities and Exchange Commission, Branch of Economic Research, May 1961.

കരും ഭാവനാസമ്പന്നരുമായ ബിസിനസ്സ് മാനേജർമാർക്ക് താരതമ്യേന നയുള്ള പ്രവർത്തനസ്വാതന്ത്ര്യം ലഭിക്കുന്നതിന്റെ നന്മകൾ കാണാം. ഓരോ പുതിയ നിക്ഷേപനടപടിയും മൂലധനവിപണികളുടെയും വായ്പാസ്ഥാപനങ്ങളുടെയും നിഷ്കൃഷ്ടമായ പരിശോധനയ്ക്കു വിധേയമാക്കാൻ മാനേജർമാർ നിർബന്ധിതരാണെങ്കിൽ പുതിയ വികസന-നവീകരണപ്രവർത്തനങ്ങളുടെ ഗതിവേഗം ഒരുപക്ഷേ കുറവായിരിക്കും. മറുവശത്ത്, മൂലധനവിപണിയുടെ ബാഹ്യമായ നിയന്ത്രണത്തിൽനിന്നുള്ള ഈ സ്വാതന്ത്ര്യത്തെത്തുടർന്ന് തീർച്ചയായും കുറച്ചു പാഴ്ച്ചിലവ് ഉണ്ടാകുമെന്ന ദൂഷ്യമുണ്ട്. ഇതിനുപുറമേ, പല ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾക്കും അവയുടെ മൂലധനാവശ്യങ്ങളുടെ നേരിയ ഒരംശംമാത്രമേ സ്വന്തം സഞ്ചിതനിധികളിൽ നിന്ന് നിവ്വഹിക്കാൻ കഴിയുകയുള്ളു. ഈ ഒരു പോരായ്മയുണ്ടെങ്കിലും അമേരിക്കൻസമ്പദ്വ്യവസ്ഥയിൽ ഉല്പാദനക്ഷമതയുടെ ഉയന്ന നിരക്കിലുള്ള വളച്ച്യും വികാസവും സാധിക്കുന്നതിൽ കോപ്പ്റേഷനുകളുടെ അഭ്യന്തരമൂലധനമാഗ്ഗങ്ങളുടെ വലുപ്പം പ്രാധാന്യമർഹിക്കുന്നുണ്ട്.

## മൂലധനത്തിന്റെ വിനിയോഗം

അമേരിക്കയിൽ സമീപവഷങ്ങളിലെ വ്യക്തിപരമായ മിച്ചംവെപ്പ് ഉയന്ന നിലവാരത്തിലാണ്. എന്നാൽ അതേസമയത്തു തന്നെ, സഞ്ചിതധനം വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന്റെ നിലവാരവും ഉയന്നിരിക്കുന്നു. ഉദാഹരണത്തിന് 1960-ൽ ഉപഭോക്താക്കൾ തവണക്കരാറനുസരിച്ചും അല്ലാതെയും സാധനങ്ങൾ വാങ്ങിയതിനെത്തുടർന്നുള്ള കടബാദ്ധ്യത 400 കോടി ഡോളർ വദ്ധിക്കുകയുണ്ടായി. ഇതിനുപുറമേ, വീട്ടുപണയത്തിന്റെ പേരിൽ മറെറാരു 1100 കോടി ഡോളറിനും ഉപഭോക്താക്കൾ കടബാദ്ധ്യതയുള്ളവരായിരുന്നു. മിച്ചംവെപ്പിൽ ബാക്കിയുള്ള 2300 കോടി ഡോളർ അവർ ഭവനനിമ്മാണമടക്കമുള്ള ബിസിനസ് നിക്ഷേപങ്ങൾക്ക് മൂലധനം നൽകുന്നതിനും സ്കൂളുകൾക്കും റോഡുകൾക്കും മററു പൊതുമരാമത്തുജോലികൾക്കും കേന്ദ്ര-സംസ്ഥാനഗവമ്മെൻറുകൾ പിരിച്ച കടങ്ങൾ നൽകുന്നതിനുമായി വിനിയോഗിക്കുകയുണ്ടായി. (അനുബന്ധം 20-ാംപട്ടിക നോക്കുക) എങ്കിലും സഞ്ചിതനിധികൾ ഉപയോഗിക്കുന്നതിലും മൂലധനനിക്ഷേപത്തിലുമുള്ള നിരക്കുകളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ, വ്യവസായങ്ങൾക്ക് അവയുടെ വികസന-നവീകരണപ്രവർത്തനങ്ങൾക്കുള്ള ചിലവുകളുടെ ഒരു പ്രധാനഭാഗം സ്വന്തം സഞ്ചിതനിധികളിൽനിന്നും നിവ്വഹി

ക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ ലഭ്യമായ മൂലധനനിധികൾക്കുവേണ്ടിയുള്ള മത്സരത്തിൻെറ ഫലമായി ഒരുപക്ഷേ അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ വികാസനിരക്ക് ലഘുവായിത്തീരുമായിരുന്നു.

സഞ്ചിതനിധികളുടെ ഒരു വലിയഭാഗം തവണക്കരാറനുസരിച്ച് സാധനങ്ങൾ വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനുംവേണ്ടി ഉപഭോക്താക്കൾ ചിലവിടുന്നു എന്നതുകൊണ്ട് ഈ സംഖ്യ ഉല്പാദനക്ഷമതയുടെ വർദ്ധനവിന് ഉപകരിക്കുന്നില്ലെന്നർത്ഥമില്ല. ഉപഭോക്തൃവായ്പയ്ക്കുള്ള, പ്രത്യേകിച്ചും തവണക്കരാർവ്യാപാരത്തിനുള്ള നിധികൾ ലഭ്യമല്ലാത്തപക്ഷം ഈടുനിൽക്കുന്ന ഉപഭോഗസാധനങ്ങൾക്ക് വിശാലമായ ഒരു വിപണി ഉണ്ടാവുകയില്ല. അതുപോലെതന്നെ ന്യായമായ പലിശയ്ക്കു പണയവായ്പ ധാരാളമായി ലഭ്യമല്ലായിരുന്നെങ്കിൽ കഴിഞ്ഞവർഷം 13 ലക്ഷം പുതിയ സ്വകാര്യവസതികൾ നിർമ്മിക്കപ്പെടുമായിരുന്നുമില്ല. ഈ ഭവനനിർമ്മാണമാകട്ടെ, അവയ്ക്കാവശ്യമുള്ള സാധനങ്ങൾക്കും വീട്ടലങ്കാരസാധനങ്ങൾക്കും വിശാലമായ ഒരു വിപണി സൃഷ്ടിക്കുകയുമുണ്ടായി. വിശാലമായ വിപണികളാണ് പല സാങ്കേതികപുരോഗതികളുടേയും സ്വീകരണം സുഗമമാക്കുന്നത്.

---

പുരോഗതി താരതമ്യേന കുറഞ്ഞ ഇന്നത്തെ പല രാജ്യങ്ങളിലേതിൽനിന്നും വ്യത്യസ്തമായിരുന്നില്ല അമേരിക്കൻവ്യവസായത്തിൻെറ ആദ്യകാലത്തെ ധനപരമായ പുരോഗതി. അഭ്യന്തരരംഗത്തുനിന്നും വിദേശത്തുനിന്നും നിക്ഷേപനിധികൾ ലഭിച്ചത് മൂലധനരൂപീകരണത്തിൽ ക്രമമായ വർദ്ധനവ് സുസാദ്ധ്യമാക്കി. സമീപദശകങ്ങളിൽ വ്യക്തികളുടേയും സ്ഥാപനങ്ങളുടെ വൻസംഘങ്ങൾ മിച്ചംവെച്ചുണ്ടാക്കുന്ന സഞ്ചിതനിധികൾ നിക്ഷേപമൂലധനത്തിന് ഒരു പ്രധാന ധനാഗമമാർഗ്ഗമായിത്തീരുകയും സാമ്പത്തികവളർച്ചയിൽനിന്നും പുരോഗതിയിൽനിന്നുമുള്ള നേട്ടങ്ങൾ വിപുലപ്പെടുത്തുകയുംചെയ്തിട്ടുണ്ട്. അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ താരതമ്യേന സമൃദ്ധമായ മൂലധനം ഉയർന്ന ഉല്പാദനക്ഷമതയുടെ ഒരു ഫലമാണ്. എന്നാൽ അതേസമയംതന്നെ, ഉല്പാദനക്ഷമതയിൽ പുരോഗതിയുണ്ടാകുന്നതിന് ഈ മൂലധനസമൃദ്ധി സഹായകമായിത്തീർന്നിട്ടുമുണ്ട്. മാത്രമല്ല, ഇത് ഉല്പാദനക്ഷമതയിൽ ഇനിയും പുരോഗതി സാദ്ധ്യമാക്കുകയുംചെയ്യും.

അമേരിക്കൻസമ്പദ്‌വ്യവസ്ഥയ്ക്കു് ഉയന്ന ഉല്പാദനക്ഷമത സാദ്ധ്യമാക്കുന്നതിനു് പ്രകൃതിവിഭവങ്ങൾ, തൊഴിലാളികളുടെയും മാനേജ്മെൻറിൻെറയും വൈദഗ്ദ്ധ്യങ്ങൾ, സാങ്കേതികനവോദ്യമത്തിനുള്ള ഉത്സാഹം, മൂലധനത്തിൻെറ താരതമ്യസമൃദ്ധി എന്നിവ അത്യന്താപേക്ഷിതമാണെന്നകാര്യം പൊതുവെ സമ്മതിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ മററൊരു ഘടകത്തിൻെറ, ഗവണ്മെൻറിൻെറ നയങ്ങളും നടപടികളും എന്നിവയുടെ ശരിയായപങ്കും ആപേക്ഷികപ്രാധാന്യവും സംബന്ധിച്ചു് അഭിപ്രായം ഏകകണ്ഠമല്ല. ഗവണ്മെൻറിനെപ്പററി 19-ാംനൂററാണ്ടിലുണ്ടായിരുന്ന അഭിപ്രായങ്ങളിൽതന്നെ ഒട്ടിപ്പിടിച്ചു നില്ക്കുന്നവർ ഇപ്പോഴുമുണ്ടു്. ഉല്പാദനക്ഷമതയ്ക്കുവേണ്ടിയുള്ള ഗവണ്മെൻറിൻെറ പ്രവത്തനങ്ങൾ നിയമസമാധാനങ്ങൾ പാലിക്കുന്നതിലും വിദ്യാഭ്യാസം, പൊതുജനാരോഗ്യം, റോഡുകൾ, ശുചീകരണം എന്നീ രംഗങ്ങളിലുള്ള അത്യാവശ്യപൊതുസേവനങ്ങളിലുമായി ഒതുങ്ങിയിരിക്കണമെന്നു് അവർ വിശ്വസിക്കുന്നു. വിവിധ തോതുകളിലുള്ള ഗവണ്മെൻറു് നിയന്ത്രണങ്ങൾ ആവശ്യമാണെന്നും ഉല്പാദനോപകരണങ്ങൾ ഗവണ്മെൻറു് ഉടമയിലായിരിക്കുകയോ ഗവണ്മെൻറു് അവ നേരിട്ടു നടത്തുകയോ വേണമെന്നുപോലും വാദിക്കുന്നവരുടെ അഭിപ്രായങ്ങളാണു മറുവശത്തുള്ളതു്.

അമേരിക്കൻഗവണ്മെൻറിൻെറ പ്രവത്തനം ഈ രണ്ടു അഭിപ്രായകോടികളുമായി പൊരുത്തപ്പെടുന്നവിധത്തിലല്ല. സ്വകാര്യവ്യവസായവിഭാഗമാണു് മുഖ്യമായും അമേരിക്കൻ സമ്പദ വ്യവസ്ഥ സംഘടിപ്പിച്ചിട്ടുള്ളതു്. എങ്കിലും ഗവണ്മെൻറു് അഭിനയിക്കുന്നതു് വെറും ഒരു രാത്രികാവൽക്കാരൻെറ ഭാഗം മാത്രമല്ല. ഊജ്ജസ്വലവും ഉത്തരവാദിത്വപൂണ്ണവുമായ സ്വകാര്യസമാരംഭങ്ങളും നിമ്മാണാത്മകവും വിവേകപൂണ്ണവുമായ ഗവണ്മെൻറുനയവും ഇണങ്ങിപ്പോകുന്നവയാണെന്നു് അനുഭവം തെളിയിച്ചിട്ടുണ്ടു്. ഈ രീതിയനുസരിച്ചു് സാമ്പത്തികപ്രക്രിയയിൽ കേന്ദ്രാധികാരനിഷ്ഠമായ നിയന്ത്രണമില്ലാതെതന്നെ, ഉയന്നതും ഉയന്നുകൊണ്ടിരിക്കുന്നതുമായ ഉല്പാദനക്ഷമതയും ജീവിതനിലവാരവും സംസിദ്ധമായിരിക്കുന്നു. അമേരിക്കയുടെ അടിസ്ഥാനപരമായ ജനാധിപത്യസ്വാതന്ത്ര്യങ്ങളുടെ സംരക്ഷണത്തിനു് തികച്ചും അനുസൃതമായിത്തന്നെയാണു് സാമൂഹ്യക്ഷേമം നേടിയെടുത്തിട്ടുള്ളതു്. ഗവണ്മെൻറിൻെറ പ്രവത്തനങ്ങൾ സ്വകാര്യവ്യവസായികളുടേയും ഉപഭോക്താക്കളുടേയും പ്രവത്തനങ്ങ

ളിലുള്ള കുറവുകൾ പരിഹരിക്കുകയും അവ പൂർത്തിയാക്കുകയും ചെയ്യുന്നുവെന്ന്, സ്വകാര്യപ്രവർത്തനത്തെ ഒഴിവാക്കുന്നില്ലെന്ന്, ഉറപ്പുവരുത്തിക്കൊണ്ടാണ് സംഘട്ടനസാദ്ധ്യതകളുൾക്കൊള്ളുന്ന മൂല്യങ്ങളുടെ ഫലപ്രദമായ ഈ അനുരഞ്ജനം സാധിച്ചിട്ടുള്ളത്.

ഫെഡറൽ, സ്റ്റേററ്, ലോക്കൽ എന്നീ ഗവണ്മെൻറിൻെറ മൂന്നുതരങ്ങളേയും അഥവാ നിലവാരങ്ങളേയും ഓരോ നിലവാരത്തിലുമുള്ള ഭരണനിർവ്വഹണം, നിയമനിർമ്മാണം, നീതിന്യായം എന്നീ മൂന്നു വിഭാഗങ്ങളേയും വേർതിരിച്ചു കാണുന്നതു് ഒരു പ്രധാനകാര്യമാണ്. കൊളോണിയൽകാലത്താണ് ഈ ത്രിവിഭാഗസമ്പ്രദായം ആദ്യമായി രൂപംകൊണ്ടതു്. വിപ്ലവകാലത്തും അതിനുശേഷവും ആവിഷ്കരിക്കപ്പെട്ട സംസ്ഥാനഗവണ്മെൻറുകളുടെ ഭരണഘടനകളിലും 1789-ൽ അംഗീകരിക്കപ്പെട്ട കേന്ദ്രഭരണഘടനയിലും ഈ സമ്പ്രദായം പൂർണ്ണമായി വ്യവസ്ഥചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അതിനുശേഷം ഗവണ്മെൻറിൻെറ ഈ മൂന്നു നിലവാരങ്ങളും മൂന്നു വിഭാഗങ്ങളും തമ്മിലുള്ള ബന്ധങ്ങൾ അഭേദ്യമായിരുന്നില്ല. മറിച്ച്, മാറിവരുന്ന ആവശ്യങ്ങൾക്കനുരൂപമായി അവ ഭേദപ്പെടുത്തിയെടുത്തിട്ടുണ്ട്. സ്റ്റേററ് – ലോക്കൽ ഗവണ്മെൻറുകളുടെ കഴിവുകൾക്കതീതമായിരിക്കുകയോ,

പട്ടിക – 10

1960-ൽ മൊത്തം ദേശീയോൽപ്പന്നത്തിൻെറ ശതമാനമെന്നനിലയിൽ എല്ലാ ഗവണ്മെൻറ് നിലവാരങ്ങളിലുംകൂടി (1) ആകെ നികുതിപിരിവുകൾ (പ്രാരംഭതിട്ടങ്ങൾ)

| | |
|---|---|
| അമേരിക്ക ... ... ... | 26·2 |
| ഫ്രാൻസ് ... ... ... | 35·4 |
| ആസ്ട്രിയ ... ... ... | 32·8 |
| ജർമ്മനി (ഫെഡറൽ റിപ്പബ്ലിക്) ... ... ... | 32·6 |
| നോർവെ ... ... ... | 30·7 |
| നെതർലണ്ട്സ് ... ... ... | 30·3 |
| ഇററലി ... ... ... | 30·0 |
| ബ്രിട്ടൻ ... ... ... | 29·7 |
| ഡെൻമാർക്ക് ... ... ... | 24·1 |
| ബെൽജിയം-ലക്സംബർഗ് ... ... ... | 23·8 |
| പോർച്ചുഗൽ ... ... ... | 17·0 |

(1) സാമൂഹ്യ ഇൻഷ്വറൻസ് തുകകൾകൂടി ഉൾപ്പെടെ.

*Source:* International Co-operation Administration.

ഗവണ്മെൻറിൻെറ മുൻനിന്ന പ്രവത്തനവും വിപുലമായ ഭരണനടപടികളും ആദരണീയമായി തോന്നുകയോചെയ്ത പ്രശ്നങ്ങൾ ഉയൻവന്നതനുസരിച്ച് ഫെഡറൽഗവണ്മെൻറിൻെറ പൊതുവേയും അതിന്നകത്തു് പ്രസിഡൻറിൻേറയും ഉത്തരവാദിത്വങ്ങൾ ക്രമേണ വിപുലമാക്കപ്പെട്ടിട്ടുണ്ട്. അങ്ങിനെ പ്രസിഡൻറും കോൺഗ്രസ്സുമായും, ഫെഡറൽഗവണ്മെൻറും സ്റ്റേററ്-ലോക്കൽ ഗവണ്മെൻറുകളുമായും പൊതു-സ്വകാര്യ്യമതലകൾ തമ്മിലുള്ള ബന്ധങ്ങളിൽ, പ്രത്യേകിച്ചും സമീപവഷങ്ങളിൽ, ഗണ്യമായ വ്യത്യാസംവന്നിട്ടുണ്ട്.

മറെറല്ലാ രാജ്യങ്ങളിലുമെന്നപോലെ അമേരിക്കയിലും ഗവണ്മെൻറ് ഇന്നു് ജനങ്ങളുടെ ജീവിതത്തിൽ ഒരു പ്രധാനഘടകമാണു്. ഗവണ്മെൻറു നൽകുന്ന സേവനങ്ങളും ഏതെങ്കിലുംതരത്തിൽ ജനങ്ങളിൽനിന്നു പിരിച്ചെടുക്കുന്ന നികുതികളും ഈ പ്രാധാന്യം ഗവണ്മെൻറിനു നൽകുന്നു. ദേശീയാദായത്തിൽനിന്നും വിവിധ ഗവണ്മെൻറുകൾക്കു ലഭിക്കുന്ന ഓഹരികളുടെ ആപേക്ഷികപ്രാധാന്യം 10-ാംപട്ടിക കാണിക്കുന്നുണ്ട്.

അമേരിക്കയിൽ ഗവമ്മെൻറിൻെറ പ്രവത്തനങ്ങൾ സാമ്പത്തികപ്രക്രിയയെ വളരെയേറെ വ്യത്യസ്തമായ രീതികളിൽ ബാധിക്കുന്നു. ഗവമ്മെൻറിൻെറ ഈ നയങ്ങളിലും പരിപാടികളിലും ചിലതു് കൃഷി, വ്യവസായം, വാണിജ്യം, ഗതാഗതം, ഋണസൗകര്യം എന്നിവയിൽ സ്വകാര്യവ്യക്തികളുടെ നവോദ്യമവാസനയേയും സംരംഭത്തേയും സഹായിക്കാനും സംരക്ഷിക്കാനും ആവിഷ്കരിക്കപ്പെട്ടിട്ടുള്ളവയാണു്. തൊഴിലാളികളുടേയും ഉപഭോക്താക്കളുടേയും പൊതുവെയും, താരതമ്യേന ദുർബ്ബലരും താഴ്ന്നനിലയിലുള്ളവരുമായ ചെറുകഷകർ, തൊഴിലില്ലാത്തവർ, തൊഴിൽചെയ്യാൻ കഴിവില്ലാത്തവർ, പ്രായാധിക്യംവന്നവർ എന്നീ ഗ്രൂപ്പുകളുടെ പ്രത്യേകിച്ചും, അവകാശങ്ങൾ അഥവാ ക്ഷേമം സംരക്ഷിക്കാനാവിഷ്കരിക്കപ്പെട്ട നിരവധി വ്യവസ്ഥകളും നിയന്ത്രണങ്ങളും നടപ്പിൽവരുത്താനുള്ളവയാണു് മററു നയങ്ങളും പരിപാടികളും. ഗവമ്മെൻറിൻെറ ഈ പ്രവത്തനങ്ങളിലധികവും ദീർഘകാലസ്വഭാവമുള്ളതും ഒരു രാഷ്ട്രീയഭരണത്തിൽനിന്നും മറെറാന്നിലേയ്ക്കു് തുടരുന്നവയുമാണു്.

## പ്രകൃതിവിഭവങ്ങളുടെ വികസനം

അമേരിക്കയുടെ ചരിത്രത്തിലെല്ലാക്കാലത്തും കാഷികവിഭവങ്ങളും മററു പ്രകൃതിവിഭവങ്ങളും വികസിപ്പിക്കുന്നതിനു് ഗവമ്മെൻറു് സജീവമായി പ്രവത്തിച്ചിട്ടുണ്ട്. അമേരിക്കൻകൃഷിയുടെ വികസന

ത്തിൽ കേന്ദ്രഗവമ്മെൻറിൻെറ പൊതുഭൂനയം ഒരു പ്രധാനഘടകമായിരുന്നു. 1862-ൽ ഹോംസ്റ്റേഡ്ആക്റ്റ് 160 ഏക്കർവീതമുള്ള ദശലക്ഷക്കണക്കിന് കൃഷിയിടങ്ങൾ അവിടെ അഞ്ചുകൊല്ലക്കാലമായി താമസിച്ചിരുന്ന ഏതൊരാൾക്കും സൗജന്യമായി പതിച്ചുകൊടുക്കുകയുണ്ടായി. അതേകൊല്ലംതന്നെ, മോറിൽആക്റ്റ് രാഷ്ട്രത്തിലുടനീളം കോളേജുകളും കാഷിക ഗവേഷണകേന്ദ്രങ്ങളും സ്ഥാപിക്കുന്നതിലേക്ക് സൗജന്യമായി ഭൂമി അനുവദിച്ചു. മുമ്പ് ചൂണ്ടിക്കാണിച്ചതുപോലെ, ഗവമ്മെൻറിൻെറ പിന്തുണയുള്ളവയോ സഹായധനം ലഭിക്കുന്നവയോ ആയ ഈ പരിശീലന-ഗവേഷണ-വിജ്ഞാനവിതരണസൗകര്യങ്ങൾ കാഷികോല്പാദനക്ഷമതയുടെ വദ്ധനവിന് പ്രധാനമായും സഹായകമായിട്ടുണ്ട്. പുറമെ, കാഷികസാങ്കേതികശാസ്ത്രത്തിൻെറ നേട്ടങ്ങൾ പ്രാവത്തികമാക്കുന്നതിന് കഷകരെ സഹായിക്കുന്ന അമേരിക്കൻഗവമ്മെൻറിൻെറ കാഷികവികസനസേവനവകുപ്പ് ഏൎപ്പെടുത്തുന്നതിന് ഈ സൗകര്യങ്ങൾ പശ്ചാത്തലമൊരുക്കുകയും ചെയ്തു. കാഷികവിലയ്ക്കുള്ള ഊന്നുകൾ, ഉല്പാദനനിയന്ത്രണങ്ങൾ, മിച്ചംവരുന്ന ചരക്കുകൾ എന്നിവ സംബന്ധിച്ചുള്ള കൂടുതൽ വിവാദവിധേയമായ ഒട്ടനേകം ഗവമ്മെൻറുപരിപാടികൾ യുദ്ധകാലത്ത് ആരംഭിക്കുകയുണ്ടായി. ലോകമാകെയുണ്ടായ സാമ്പത്തികമാററങ്ങൾ, സാങ്കേതികമുന്നേററങ്ങൾ, തകച്ചകൾ, യുദ്ധങ്ങൾ എന്നിവമൂലം ആവശ്യത്തിലും ലഭ്യതയിലും ഉണ്ടാകുന്ന അതുല്യത ഒഴിവാക്കുന്നതിനുവേണ്ടി ആവിഷ്കരിക്കപ്പെട്ടവയാണ് ഈ വിവിധ കാഷികപരിപാടികൾ. ആവശ്യത്തിലും ലഭ്യതയിലും മെച്ചപ്പെട്ട ഒരു സമതുലിതാവസ്ഥ നേടുന്നതിൽ ഈ നയങ്ങൾക്കുണ്ടായിട്ടുള്ള വിജയാപജയങ്ങളെക്കുറിച്ചും കാഷികോല്പന്നങ്ങളുടെ വിലയേയും കാഷികവരുമാനത്തേയും അവ എങ്ങിനെ ബാധിക്കുന്നുവെന്നതുസംബന്ധിച്ചും രൂക്ഷമായ അഭിപ്രായവ്യത്യാസങ്ങൾ ഇക്കാലത്തേക്കും തുടൻവന്നിട്ടുണ്ട്. കൃഷിഭൂമിയുടെ വിസ്തൃതി കുറയ്ക്കുന്നതുവഴി ഉല്പാദനത്തിലുള്ള മിച്ചം ലഘൂകരിക്കാനാവിഷ്കരിക്കപ്പെട്ട നയങ്ങൾ അവശേഷിക്കുന്ന ഭൂമിയിൽ കൂടുതൽ വിളവുണ്ടാക്കുന്നതിന് ഉദ്ദേശപൂവ്വമല്ലാതെതന്നെ ഒരു പരിധിവരെ പ്രേരണനൽകുകയുണ്ടായി. അങ്ങിനെ ഈ നയങ്ങൾ സാങ്കേതികപുരോഗതിക്കും കാഷികോല്പാദനക്ഷമതയുടെ വദ്ധനവിനും സഹായകമായിത്തീരുകയും ചെയ്തിട്ടുണ്ട്.

മററു പ്രകൃതിവിഭവങ്ങളുടെയും സംരക്ഷണവും വികസനവും ഗവമ്മെൻറിന് പ്രധാന താല്പര്യമുള്ള വിഷയങ്ങളാണ്. വിവിധ രീതികളിൽ ഇവയേയും ഗവമ്മെൻറ് അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്.

പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്ന രംഗത്തിൽ, വിലപിടിച്ച ദേശീയ വനവിഭവങ്ങൾ സംരക്ഷിക്കുന്നതിലും പുതുക്കുന്നതിലും മാനുഷികവും കാർഷികവും വ്യാവസായികവുമായ ഉപഭോഗത്തിനും മററു വിവിധ വിനോദാവശ്യങ്ങൾക്കുമുള്ള ജലലഭ്യത വികസിപ്പിക്കുന്നതിലും ശുദ്ധീകരിക്കുന്നതിലും ഉണ്ടായിട്ടുള്ള നേട്ടങ്ങൾക്ക് ഗവൺമെൻറിൻെറ നയങ്ങളും പരിപാടികളുമാണ് ഉത്തരവാദിത്വം വഹിക്കുന്നതു്.

വിവിധോദ്ദേശജലവികസനപരിപാടിയുടെ ഒരു ഭാഗമായി ഗവമ്മെൻറ് ജലവിദ്യുച്ഛക്തി ഗണ്യമായി വികസിപ്പിച്ചിട്ടുണ്ട്. തൽഫലമായി ഇന്ന് അമേരിക്കയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മൊത്തം ജലവിദ്യുച്ഛക്തിയുടെ പകുതിയിലധികവും പൊതുഉടമയിലാണ്. അതുപോലെതന്നെ, ന്യൂക്ലിയർശക്തി വികസിപ്പിക്കുന്നതിലെന്നതിനു പുറമേ, സൂര്യൻെറ ചൂടിൽനിന്നും ശക്തിയുല്പാദനം, കക്കയിൽ നിന്ന് എണ്ണയുല്പാദനം, കല്ക്കരിയിൽ ഹൈഡ്രജൻനിവേശനം എന്നിവസംബന്ധിച്ചുള്ള ഗവേഷണങ്ങളിലും ഗവമ്മെൻറ് സജീവമായി പ്രവത്തിച്ചുവരുന്നുണ്ട്. പെട്രോളിയം ഉല്പാദകക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഗണ്യമായ നികുതിയിളവുകൾ പ്രധാനപ്പെട്ട ഈ ഇന്ധനരാസപദാത്ഥത്തിൻെറ ഉല്പാദനം ഉത്തേജിപ്പിക്കുന്നതിനു നല്കപ്പെട്ടുന്ന പ്രേരണാസഹായധനത്തിനു തുല്യമാണ്. ചെമ്പ്, വെള്ളി, ഉറേനിയം തുടങ്ങിയ വിവിധ ലോഹങ്ങളുടെ ഉല്പാദനത്തേയും നികുതികിഴിവുകൾ, പാരിതോഷികങ്ങൾ, ചുങ്കസംരക്ഷണം, യുദ്ധതന്ത്രാവശ്യങ്ങൾക്കുള്ള ശേഖരത്തിലേക്ക് സാധനങ്ങൾവാങ്ങൽ എന്നിവയും മററു രീതികളുംവഴിയുള്ള നടപടികൾമുഖേന ഗവമ്മെൻറ് പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഈ പ്രോത്സാഹനനടപടികളിൽ ചിലതു് സാമ്പത്തികമായി ന്യായീകരിക്കാമോ എന്ന് സംശയമുണ്ടാകാം.

## വ്യവസായത്തിനുള്ള ഉത്തേജനം

വിവിധരൂപങ്ങളിലുള്ള ഗതാഗതം വികസിപ്പിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ഗവമ്മെൻറ് നൽകിയിട്ടുള്ള സഹായം ഉല്പാദനക്ഷമതയ്ക്കു പ്രത്യക്ഷമായിത്തന്നെ ഗുണകരമായിട്ടുണ്ടെന്നുമാത്രമല്ല, പല പ്രകൃതിവിഭവങ്ങളുടെയും ഉൽപ്പാദനത്തിന് ഉത്തേജനം നൽകിയിട്ടുമുണ്ട്. റെയിൽവേകളുടെ ആവിർഭാവത്തിനു മുമ്പ് അഭ്യന്തരഗതാഗതം റോഡുകളേയും തോടുകളേയുമാണാശ്രയിച്ചിരുന്നതു്. ഇവയിലധികവും ഫെഡറൽ–സ്റ്റേററ് ദാനങ്ങൾ, സഹായധനങ്ങൾ, അല്ലെങ്കിൽ നികുതിയിളവുകൾ എന്നിവ

യുടെ സഹായത്തോടെ നിമ്മിക്കപ്പെട്ടവയായിരുന്നു. പല റെയിൽ കമ്പനികൾക്കും അത്തരം സഹായം ലഭിച്ചിരുന്നു. 1850-മുതൽ 1871-വരെ മാത്രം കേന്ദ്ര-സംസ്ഥാനഗവർമ്മെൻറുകളുടെ വക ഏതാണ്ട് 18.3 കോടിഏക്കർ നിലം റെയിൽകമ്പനികൾക്ക് സൗജന്യമായി നൽകപ്പെടുകയുണ്ടായി. അമേരിക്കയിൽ ഇപ്പോൾ നിലവിലുള്ള പ്രധാന റെയിൽവേകൾ നിമ്മിക്കാനുള്ള സാദ്ധ്യത ഉണ്ടായതുകൊണ്ടാണ്. 30 ലക്ഷത്തിൽപ്പരംനാഴിക നീളംവരുന്ന രാജപാതകളും റോഡുകളും ഫെഡറൽ-സ്റ്റേററ്-ലോക്കൽഗവമ്മെൻറുകൾ നിമ്മിച്ചു സംരക്ഷിച്ചുവരുന്നതു് താരതമ്യേന സമീപകാലത്തെ ട്രക്-ബസ്സ് ഗതാഗതവ്യവസായത്തിൻെറ വികസനത്തിനു് വളരെ സൗകര്യം നൽകുകയുണ്ടായി. പ്രധാനമായി നാലു നിശ്ചിത ഇടവഴികളുള്ളതും ഇടയ്ക്കിടെ മുറിച്ചുകടക്കുന്ന റോഡുകളില്ലാത്തതുമായ 41000 നാഴിക നീളംവരുന്ന അന്തർസംസ്ഥാനരാജപാതകൾ നിമ്മിക്കുന്നതിനുള്ള ഒരു പുതിയ ഫെഡറൽ-സ്റ്റേററ് ഹൈവേ പരിപാടി ഈയിടെ ആരംഭിക്കപ്പെട്ടിട്ടുണ്ട്. അടുത്ത പത്തുകൊല്ലങ്ങളിൽ ഈ പരിപാടിക്ക് 3300 കോടി ഡോളർ ചിലവുവരുന്നതാണ്. ചിലവിൽ 90 ശതമാനവും ഫെഡറൽഗവമ്മെൻറിൻെറ നികുതികളിൽ നിന്നാണ് നിവ്വഹിക്കപ്പെടുക.

1845-നുശേഷം കപ്പൽവ്യവസായത്തിനു് തപാൽകൊണ്ടുപോകുന്നതിലേക്കായി പ്രത്യേക സഹായധനം ഗവമ്മെൻറിൽനിന്നു ലഭിച്ചുവന്നിട്ടുണ്ട്. കൂടുതൽ അടുത്തകാലത്തു് കപ്പൽനിമ്മാണത്തിനും കപ്പലോട്ടത്തിനും ചില നികുതിയാനുകൂല്യങ്ങളും സഹായധനങ്ങളും സ്വകാര്യകപ്പൽകമ്പനികൾക്കു ലഭ്യമാകുന്നുണ്ട്. ഇതിനുപുറമേ, വിദേശസഹായമായി അയയ്ക്കപ്പെടുന്ന ചരക്കുകളിൽ അമ്പതുശതമാനം അമേരിക്കൻകപ്പലുകളിൽത്തന്നെ കയററണമെന്നനുശാസിക്കുന്ന നിയമനിമ്മാണം ഫലത്തിൽ സ്വകാര്യകപ്പൽകമ്പനികൾക്ക് പരോക്ഷമായി നല്കപ്പെടുന്ന മറെറാരു സഹായധനമാണ്. തപാൽ കൊണ്ടുപോകുന്നതിനുള്ള സഹായധനം, വിമാനവികസനകരാറുകൾ, വിമാനത്താവളസൗകര്യങ്ങളും വ്യോമഗതാഗതനിയന്ത്രണ ഏർപ്പാടുകളും ഗവമ്മെൻറുചിലവിൽ നടത്തുന്നതും സംരക്ഷിക്കുന്നതും എന്നീ രൂപങ്ങളിൽ വാണിജ്യവ്യോമഗതാഗതവ്യവസായത്തിനും ഗവമ്മെൻറിൽനിന്നു സഹായം ലഭിച്ചിട്ടുണ്ട്.

ഗവമ്മെൻറിൻെറ നയങ്ങളും പരിപാടികളും തൊഴിലാളികളുടെ ഉല്പാദനക്ഷമത ഉയത്തുന്നതിൽ മുഖ്യമായൊരു പങ്ക് വഹിക്കുന്നു. തൊഴിലാളികളുടെ ആരോഗ്യപരിപാലനത്തിനും വിദ്യാഭ്യാസത്തിനും

വേണ്ടി ഒഴിച്ചുകൂടാത്ത ചിലവുകൾ ചെയ്യുന്നതിനുപുറമേ അവരുടെ കാര്യക്ഷമത നിലനിർത്തുന്നതിനുവേണ്ടിയുള്ള വിവിധ സാമൂഹ്യക്ഷേമ പരിപാടികളുമുണ്ട്. സ്വയംപ്രവർത്തകയന്ത്രങ്ങൾ വർദ്ധമാനമായി സ്വീകരിക്കപ്പെടുന്നതിനാലും മററുകാരണങ്ങളാലും തങ്ങൾ നേടിയ പ്രയത്നവൈദഗ്ദ്ധ്യം ഉപയോഗശൂന്യമായിത്തീരുന്ന തൊഴിലാളികൾക്കുവേണ്ടി നടത്തപ്പെടുന്ന പുനഃപരിശീലനപരിപാടി ഇതിനൊരു ഉദാഹരണമാണ്. യഥേഷ്ടം തൊഴിലാളിയൂണിയനുകൾ സംഘടിപ്പിക്കാനും കൂട്ടായി വിലപേശൽ നടത്താനുമുള്ള തൊഴിലാളികളുടെ അവകാശത്തിന് ഗവമ്മെൻറ് നൽകുന്ന ഉറപ്പിൻെറ ഫലമായി അവരുടെ മനോവീര്യം പരിപോഷിപ്പിക്കപ്പെടുന്നു. കൂട്ടായവിലപേശൽ അമേരിക്കയിൽ പൂർണ്ണമായും മാനേജുമെൻറിൻേറയും തൊഴിലാളികളുടേയും മാത്രം പ്രവർത്തനമാണെങ്കിലും ആവശ്യപ്പെടുന്നപക്ഷം ഗവമ്മെൻറ് മാദ്ധ്യസ്ഥം, അനുരഞ്ജനം, വിധിനിർണ്ണയം തുടങ്ങിയ സേവനങ്ങൾ നൽകുന്നുണ്ട്.

മാനേജുമെൻറിനും ബിസിനസ്സ്ഥാപനങ്ങൾക്കും ഗവമ്മെൻറ് നൽകുന്ന പല സേവനങ്ങളും അമേരിക്കൻ സമ്പദ്വ്യവസ്ഥയുടെ ഉല്പാദനക്ഷമതയെ പ്രത്യക്ഷമായും പരോക്ഷമായും സഹായിക്കുന്നവയാണ്. സ്ഥിതിവിവരക്കണക്കുകളും വിജ്ഞാനവിതരണവും സംബന്ധിച്ച അനേകം സേവനങ്ങൾ ഇവയിൽ പ്രാധാന്യമർഹിക്കുന്നു. ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ വിപണികളുടെ ദീർഘകാലവികാസം മുൻകൂട്ടിക്കാണാൻ മാനേജുമെൻറിനെ സഹായിക്കുന്നുവെന്നതിനുപുറമേ, ദൈനംദിനപ്രവർത്തനങ്ങൾക്കും പരിശീലനത്തിനും ഗവേഷണ-വികസനപ്രവർത്തനങ്ങൾക്കും അവ ആവശ്യവുമത്രെ. സാമ്പത്തികസ്ഥിതിഗതികളും ഭാവിസാദ്ധ്യതകളും തിട്ടപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാനവിവരങ്ങളിൽ ചില പ്രധാനവിടവുകൾ ഇനിയുമുണ്ടെങ്കിലും (ഉദാ: മിച്ചംവെപ്പിനേയും ഉപഭോക്താക്കളുടെ ചിലവുകളേയും സംബന്ധിച്ച് കൂടുതൽ തൃപ്തികരമായ വിവരങ്ങൾ) അമേരിക്കൻ ബിസിനസ്സിൻെറ വിജയകരമായ പ്രവർത്തനത്തിന് ഗവമ്മെൻറ്സ്ഥാപനങ്ങളിൽനിന്നു സൗജന്യമായി ലഭിക്കുന്ന ഈ വിവരങ്ങൾ ജീവൽപ്രധാനമാണ്. സ്ഥിതിവിവരക്കണക്കുസംഘടന ചെയ്യുന്നതുപോലെ, പുതിയവയും നിലവിലുള്ളവയുമായ പല ഉല്പന്നങ്ങളുടേയും പ്രവർത്തനനിലവാരത്തിനും ഗുണത്തിനും മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയതുവഴി ഗവമ്മെൻറ് ബിസിനസ്സിനു നല്കുന്ന സഹായം മറെറാരു ഉദാഹരണമായെടുക്കാം. അന്താരാഷ്ട്രവ്യാപാരബന്ധങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിലും കയററുമതിവിപണികൾ പോഷിപ്പിക്കുന്നതിലും ഗവമ്മെൻറിനുള്ള സുസ്ഥാപിതവും സജീവവുമായ പങ്കിനു

പുറമേ, സാർവ്വദേശീയവ്യാപാരമേളകളിൽ ഗവമ്മെൻറ് പങ്കെടുക്കുന്നത് വിദേശത്തു ക്രയിതാക്കളെ തേടുന്ന കാര്യത്തിൽ അമേരിക്കൻ സ്വകാര്യബിസിനസ്സിനു നൽകുന്ന ഒരു പ്രോത്സാഹനമാണ്.

പ്രത്യേകിച്ചും കഴിഞ്ഞ രണ്ടുദശകങ്ങളിൽ ശാസ്ത്രഗവേഷണത്തിനും സാങ്കേതികവികസനത്തിനും ഗവമ്മെൻറിൽനിന്നുണ്ടായിട്ടുള്ള പ്രത്യക്ഷവും പരോക്ഷവുമായ പിന്തുണ അമേരിക്കൻ ഉല്പാദനക്ഷമതയ്ക്കു് പ്രമുഖമായ പ്രചോദനമായിരുന്നു. "രണ്ടാംവ്യാവസായികവിപ്ലവം" സാദ്ധ്യമാക്കിത്തീർക്കുന്ന പുതിയ സാങ്കേതികനേട്ടങ്ങളിലധികവും ഇലക്ട്രോണിക്സ്, കൃത്രിമപദാർത്ഥങ്ങളും പുതിയ പദാർത്ഥങ്ങളും, സ്വയംപ്രവർത്തകഗണനയന്ത്രങ്ങളും മററു നിയന്ത്രണ ഉപകരണങ്ങളും, ന്യൂക്ലിയർശക്തി എന്നീ രംഗങ്ങളിൽ ഗവമ്മെൻറിനുള്ള പ്രതിരോധതാല്പര്യത്തിൻെറ ഉപോല്പന്നങ്ങളാണ്. എങ്കിലും സൈനികേതരസ്വഭാവത്തോടുകൂടിയ പല ഗവേഷണപരിപാടികളും ഗവമ്മെൻറ് നേരിട്ടു നടത്തുകയോ അവയ്ക്കു് ധനസഹായം നൽകുകയോ ചെയ്തിട്ടുമുണ്ട്. ഈ ഗവേഷണപരിപാടികൾ സമൃദ്ധമായ പ്രകൃതിവിഭവങ്ങൾക്ക് പുതിയതോ കൂടുതൽ കാര്യക്ഷമമോ ആയ ഉപയോഗങ്ങൾ കണ്ടുപിടിച്ച് പ്രമുഖ വ്യവസായങ്ങളിൽ കാര്യമായ പ്രതികരണങ്ങൾ സൃഷ്ടിക്കുകയുണ്ടായി. തികച്ചും സ്വകാര്യവ്യവസായത്തിൻെറ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഗവേഷണങ്ങൾക്കും, അനുകൂലനികുതിനിബന്ധനകളുടെ രൂപത്തിൽ, ഗവമ്മെൻറിൽനിന്നു പ്രോത്സാഹനം ലഭിക്കുന്നുണ്ട്.

## മൂലധനലഭ്യതയുടെ വിപുലീകരണം

ഗവമ്മെൻറിൻെറ നയങ്ങളും പരിപാടികളും മൂലധനലഭ്യതയെ പരിപോഷിപ്പിക്കുന്നു. കാർഷികവായ്പാസൗകര്യങ്ങളേർപ്പെടുത്തിയതിലൂടെയാണ് ഗവമ്മെൻറ് ആദ്യമായി ഋണവികസനമാരംഭിച്ചത്. എന്നാൽ 1930-നിടയ്ക്കു് തുടങ്ങിയ സാമ്പത്തികത്തകർച്ചയുടെ ഫലത്തിൽ യഥാർത്ഥത്തിൽ എല്ലാതരം ബിസിനസ്സുകൾക്കും വായ്പകൾ ലഭ്യമാക്കപ്പെട്ടു.

1930-ൽ തുടങ്ങിയ ദശകത്തിലാരംഭിച്ച ഭവനനിർമ്മാണവായ്പാപരിപാടി ഗവമ്മെൻറിൻെറ ഒരു സ്ഥിരം പ്രവർത്തനമായിത്തീർന്നി

ട്ടുണ്ട്. ഗവമ്മെൻറിൻെറ നയവും സ്വകാര്യസമാരംഭങ്ങളും കൂട്ടിയിണക്കപ്പെട്ടിട്ടുള്ളതിൻെറ മുന്തിയ ഒരു ഉദാഹരണമാണിതു്. സ്വകാര്യകരാറുകാരാണു് ഭവനങ്ങൾ നിമ്മിക്കുന്നതു്. സ്വകാര്യപണയങ്ങൾ വഴിയാണു് ആവശ്യമായ പണമധികവും ലഭിക്കുന്നതും. പക്ഷേ പണയവ്യവസ്ഥകളുടെ കാര്യത്തിലും ഇൻഷൂറൻസു്, സംരക്ഷാവാഗ്ദാനം എന്നീ വായ്പാപരിപാടികളുപയോഗിച്ചു് നിമ്മിക്കപ്പെടുന്ന കെട്ടിടങ്ങളുടെ മാതൃകകളുടേയും നിലവാരങ്ങളുടേയും കാര്യങ്ങളിലും ഗവമ്മെൻറിനു് നിണ്ണായകമായ സ്വാധീനമുണ്ടു്. കേന്ദ്രഭവനനിമ്മാണവകുപ്പും വെററൻസു് ഭരണവകുപ്പും കുറഞ്ഞനിരക്കിനു് ഉറപ്പുകളും ഇൻഷൂറൻസു് സഹായങ്ങളും നൽകി സ്വകാര്യഭവനനിമ്മാണത്തെ പിന്തുണയ്ക്കുന്നു. കാഷികേതരഭവനനിമ്മാണത്തിൽ അഞ്ചിൽ രണ്ടുഭാഗവും ഗവമ്മെൻറിൻെറ ഇത്തരം ഉറപ്പുകളുടേയും ഇൻഷൂറൻസു്പരിപാടികളുടേയും സംരക്ഷണയിൽ നൽകപ്പെടുന്ന സ്വകാര്യവായ്പകൾ ഉപയോഗിച്ചുള്ളവയാണു്. കാഷികവായ്പാഭരണവകുപ്പും കഷകഭവനഭരണവകുപ്പും കൃഷിയിടത്തിൽ ഉടമസ്ഥത നേടുന്നതിനും കൃഷിയിടം അഭിവൃദ്ധിപ്പെടുത്തുന്നതിനും കാർഷികഭവനങ്ങളും കൃഷിയിടത്തിലാവശ്യമായ മററു കെട്ടിടങ്ങളും നിമ്മിക്കുന്നതിനും വായ്പകൾ നൽകുന്നുമുണ്ടു്.

കേന്ദ്രഗവമ്മെൻറു് നേരിട്ടു നൽകിയ വായ്പകളിൽ 1960 ഡിസമ്പർ 31-ാംനു- തിരിച്ചടയ്ക്കപ്പെടാനുണ്ടായിരുന്ന തുക 2190 കോടി ഡോളർ, അഥവാ എല്ലാതരത്തിലുംപെട്ട സ്വകാര്യകടങ്ങളുടെ ഏതാണ്ടു് 4 ശതമാനം, ഉണ്ടായിരുന്നുവെന്ന വസ്തുതയിൽനിന്നും ഗവമ്മെൻറിൻെറ മൊത്തം വായ്പാപരിപാടികളുടെ പ്രാധാന്യം കണക്കാക്കാം. ഗവമ്മെൻറു് ഇൻഷൂർചെയ്തവയും ഉറപ്പുനൽകിയവയുമായ വായ്പകൾ മറെറാരു 7000 കോടി ഡോളർ, അഥവാ മൊത്തം സ്വകാര്യകടങ്ങളിൽ മറെറാരു 13 ശതമാനംകൂടി, വരുമായിരുന്നു. ഓരോ കണക്കിലും 10000 ഡോളർവരെയുള്ള ബാങ്കുനിക്ഷേപങ്ങളെ ഇൻഷൂർചെയ്യുന്ന കേന്ദ്രനിക്ഷേപഇൻഷ്വറൻസു് കോപ്പൊറേഷൻപോലെയുള്ള ഗവമ്മെൻറുസ്ഥാപനങ്ങളുടെ പ്രവത്തനങ്ങൾവഴി വായ്പഘടനയ്ക്കു് കൂടുതൽ ശക്തിനൽകുകയും ചെയ്യപ്പെടുന്നുണ്ടു്.

## പൂർണ്ണതൊഴിലും സാമ്പത്തികവളർച്ചയും അഭിവൃദ്ധിപ്പെടുത്തൽ

1946-ലെ തൊഴിൽനിയമമനുസരിച്ച് "പരമാവധി തൊഴിലും ഉല്പാദനവും ക്രയശേഷിയും" അഭിവൃദ്ധിപ്പെടുത്താനുള്ള ഒരു നയം ആവിഷ്കരിക്കാൻ ഗവമ്മെൻറ് ബാദ്ധ്യസ്ഥമാണ്. അമേരിക്കയുടെ ചരിത്രത്തിലെല്ലാംകാലത്തും ഗവമ്മെൻറ് സമ്പദ്വ്യവസ്ഥയുടെ ചില മേഖലകളെ അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ടെങ്കിലും പൊതുവായ സാമ്പത്തികവളച്ച്യും ഒന്നാകെയുള്ള സാമ്പത്തികസ്ഥിരതയുമായി ബന്ധപ്പെട്ട ഒരു നയം ഉത്തരവാദിത്വത്തിൻെറ ഒരു പുതിയ ഘടകത്തെ അവതരിപ്പിക്കുകയാണുണ്ടായത്. ബിസിനസ്സിൻേറയോ തൊഴിലാളികളുടേയോ ഉപഭോക്താക്കളുടേയോ തീരുമാനങ്ങളിൽ ഏതെങ്കിലുംതരത്തിൽ ഗവമ്മെൻറ് കൈകടത്തണമെന്ന് ഈ നയം ആവശ്യപ്പെടുന്നില്ല. കഴിയുന്നതും പൊതുവായ ധന-നാണയനടപടികളും ഗവമ്മെൻറിൻെറ നിലവിലുള്ള അധികാരസീമയിൽപ്പെട്ട മററു പരിപാടികളുംവഴിയാണ് നയം പ്രാവത്തികമാക്കേണ്ടത്.

അമേരിക്കൻ സമ്പദ്വ്യവസ്ഥയിൽ ഗവമ്മെൻറിനുള്ള പൊതുവായ പങ്ക് ദേശീയപൊതുബജററിൽനിന്നുതന്നെ ഏററവും വ്യക്തമായി മനസ്സിലാക്കാം. 1929-ൽ മൊത്തം ദേശീയോല്പാദനത്തിൻെറ 10 ശതമാനമായിരുന്ന ഫെഡറൽ-സ്റ്റേററ്-ലോക്കൽ ഗവമ്മെൻറ് ഇടപാടുകൾ 1960-ൽ 27 ശതമാനത്തിലേയ്ക്ക് (നിലവിലുള്ള ഡോളറിൻെറ അടിസ്ഥാനത്തിൽ) ഉയന്നതായി ബജററ് വെളിപ്പെടുത്തുന്നുണ്ട്. സക്കാരാവശ്യത്തിനു വാങ്ങിയ സാധനങ്ങളും ജീവനക്കാരുടെ ശമ്പളവും ഇവയ്ക്കു പുറമെ, കഷകർ, സാമൂഹ്യസുരക്ഷിതത്വാനുകൂല്യങ്ങൾ ലഭിക്കുന്നവർ, യുദ്ധവീരന്മാർ, കടപ്പത്രഉടമകൾ എന്നിവക്കു നൽകുന്ന പണവും ഈ 27 ശതമാനക്കണക്കിൽ പെടുന്നുണ്ട്. ഗവമ്മെൻറിൻെറ ഉറപ്പുകളുടേയും ഇൻഷുറൻസിൻേറയും പിന്തുണയുള്ള ഇടപാടുകൾ (കേന്ദ്രഭവനനിമ്മാണഭരണവകുപ്പിൻെറ പണയങ്ങൾ ഉദാഹരണമാണ്.) സമ്പദ്വ്യവസ്ഥയുടെ സ്വകാര്യമേഖലയിലാണ് പ്രതിഫലിക്കുന്നത്. സമ്പദ്വ്യവസ്ഥയിൽ ഗവമ്മെൻറിനുള്ള സ്വാധീനം ദേശീയപൊതുബജററിൽ അത്രത്തോളം ലഘൂകരിക്കപ്പെട്ടാണ് കാണുന്നത്.

പട്ടിക - 11

രാഷ്ട്രത്തിൻെറ സാമ്പത്തികബജററ്, 1929, 1960, 1970 (വരുമാനവും ചിലവുകളും—പ്രമുഖ മേഖലകൾക്കിടയിൽ ശതമാനത്തോതു്)

| സാമ്പത്തികഗ്രൂപ്പുകൾ | 1929 യഥാർത്ഥം. | | 1960 യഥാർത്ഥം. | | 1970 ലക്ഷ്യപ്പെടുത്തിയതു്. | |
|---|---|---|---|---|---|---|
| | വരവു് | ചിലവു് | വരവു് | ചിലവു് | വരവു് | ചിലവു്. |
| ഉപഭോക്താക്കൾ (ചിലവു ചെയ്യാവുന്ന വരുമാനവും ഉപഭോഗചിലവുകളും) | 79.6 | 75.7 | 69 8 | 65.2 | 68.8 | 62 9 |
| ബിസിനസ് (പിടിച്ചുവെക്കപ്പെട്ട സമ്പാദ്യങ്ങളും അഭ്യന്തരമൂലധന നിക്ഷേപവും) | 11.0 | 15.5 | 10.3 | 14 5 | 9.9 | 15.2 |
| അററവിദേശമൂലധനനിക്ഷേപം | — | .7 | .3 | .6 | .1 | .7 |
| ഗവമ്മെൻറു് (മാററങ്ങളും പലിശയും സഹായധനവും അടക്കം) | 10.7 | 9.7 | 27.5 | 27.2 | 27.7 | 27.5 |
| കുറവുചെയ്യപ്പെടേണ്ട മാററങ്ങളും പലിശയും സഹായധനച്ചിലവും | 1.6 | 1.6 | 7.3 | 7.3 | 6 5 | 6.5 |
| ഗവമ്മെൻറു് അവ വരവുകളും ചരക്കുകളും സേവനങ്ങൾക്കുള്ള ചിലവുകളും) | 9.1 | 8.1 | 20.2 | 19.9 | 21.2 | 21.2 |
| സ്ഥിതിവിവരക്കണക്കുപ്രകാരമുള്ള വ്യത്യാസം | + 3 | | —.6 | —.2 | | |
| മൊത്തം ദേശീയോൽപ്പന്നം | 100.0 | 100.0 | 100.0 | 100 0 | 100.0 | 100.0 |

കുറിപ്പു്: നിലവിലുള്ള ഡോളർ അനുസരിച്ചുള്ള സംഖ്യകൾക്കു് അനുബന്ധം 20-ാം പട്ടിക കാണുക.

## ഗവർമ്മെൻറുനടപടികളോടുള്ള മനോഭാവം

അമേരിക്കൻ സമ്പദ്'വ്യവസ്ഥ സജീവമാണെന്നതുകൊണ്ടും പ്രമുഖ പ്രവത്തകഗ്രൂപ്പുകൾതമ്മിലുള്ള ബന്ധങ്ങൾ എന്നും മാറിക്കൊണ്ടിരിക്കുന്നുവെന്നതിനാലും ഏതെങ്കിലും ഒരു സമയമെടുത്തുനോക്കിയാൽ ഗവമ്മെൻറുനടപടികൾ ഒരുപക്ഷേ വളരെ കൂടുതലോ അല്ലെങ്കിൽ വളരെ കുറവോ ആയിരിക്കാം. വിഭിന്നസാമ്പത്തികമേഖലകളിൽ ഈ രണ്ടു കുററങ്ങളും ഗവമ്മെൻറു് ചെയ്യുന്നതായി പലപ്പോഴും പറയാം. അങ്ങിനെ ഗവമ്മെൻറിൻെറ പ്രത്യേകനയങ്ങളും പരിപാ

ടികളും എല്ലാക്കാലത്തും വിവാദവിഷയമാകുന്നുണ്ട്. എന്നാൽ താല്പര്യങ്ങളിലും അഭിപ്രായങ്ങളിലുമുള്ള അത്തരം വ്യത്യാസങ്ങളാണ് ജനാധിപത്യത്തിൻെറ അന്തസ്സത്ത.

അത്തരം വിയോജിപ്പുകൾ അപൂർവ്വമായി മാത്രമേ അനുരഞ്ജിപ്പിക്കപ്പെടാൻ സാദ്ധ്യമല്ലാതെ വരുന്നുള്ളുവെന്നതും വിവാദങ്ങൾ അടിസ്ഥാനപരമായ സാമ്പത്തികസ്ഥാപനങ്ങളെ ബാധിക്കത്തക്കവിധം വിപുലമാകുന്നില്ലെന്നതും ഒരു പ്രധാന സംഗതിയാണ്. ഉദാഹരണത്തിനു്, അമേരിക്കയിലെ ഒരു പ്രമുഖ രാഷ്ട്രീയകക്ഷിയും, പ്രവർത്തകസമൂഹവും വ്യവസായദേശവൽക്കരണം ഒരുകാലത്തും ആവശ്യപ്പെട്ടിട്ടില്ല. യഥാർത്ഥത്തിൽ, വ്യവസായികളും തൊഴിലാളികളും എല്ലാക്കാലത്തും ദേശവൽക്കരണത്തിന് ഒരുപോലെ എതിരായിരുന്നു. ദേശവൽക്കരണത്തിൻെറ ഫലമായി വ്യക്തിസ്വാതന്ത്ര്യത്തിൽ സാരമായ നഷ്ടം നേരിടുമെന്നതിനുപുറമേ, ഓരോ പ്രവർത്തകവിഭാഗവും ഇതര വിഭാഗങ്ങളുമായി കൂലി, തൊഴിൽസമയം, തൊഴിൽസാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച് ഗവമ്മെൻറ് ഏർപ്പെടുത്തിയിട്ടുള്ള പൊതുനിയമങ്ങളും നിയന്ത്രണങ്ങളുമനുസരിച്ച് വിലപേശൽ നടത്താൻ സ്വാതന്ത്ര്യമായിരിക്കുന്നതാണ് എല്ലാ വിഭാഗങ്ങളുടേയും സാമ്പത്തികക്ഷേമത്തിന് കൂടുതൽ സഹായകമെന്ന് വ്യവസായികളും തൊഴിലാളികളും അംഗീകരിക്കുന്നുമുണ്ട്.

സാമ്പത്തികമണ്ഡലത്തിൽ സ്വകാര്യസമാരംഭത്തിൻേറയും ഗവമ്മെൻറിൻെറ ഉത്തരവാദിത്വങ്ങളുടേയും പൂർണ്ണമായ ഒരു സംയോജനം സാധിക്കാൻ അമേരിക്ക ഇനിയും വളരെദൂരം നീങ്ങണം. ഗവമ്മെൻറ് ചില സന്ദർഭങ്ങളിൽ പ്രബല സാമ്പത്തികതാല്പര്യങ്ങൾക്ക് കീഴ്വഴങ്ങുന്നുണ്ടെന്നും അതിൻെറ നയങ്ങളും പരിപാടികളും പ്രത്യേകാവകാശമുള്ള ഒരു ന്യൂനപക്ഷത്തിൻെറ ഗുണത്തിനുവേണ്ടി ആവിഷ്കരിക്കപ്പെട്ടവയാണെന്നും ചിലർ വിശ്വസിക്കുന്നു. എന്നാൽ സ്വകാര്യസമാരംഭത്തിൻെറ സ്വാതന്ത്ര്യത്തേയും ഓജസ്സിനേയും ഗുരുതരമായി ഹനിക്കുംവിധം മുന്തിയ നടപടികൾ ചിലപ്പോൾ ഗവമ്മെൻറ് എടുത്തിട്ടുണ്ടെന്നാണ് മററു ചിലരുടെ വിശ്വാസം. ബിസിനസ്സിനോ, തൊഴിലാളികൾക്കോ, കർഷകർക്കോ, ഗവമ്മെൻറിനോ ആർക്കുംതന്നെ മുന്തിയ പ്രാമാണ്യമില്ലാത്ത ഒരു സ്ഥിതിവിശേഷത്തിലേക്കാണ് അമേരിക്ക ഇപ്പോൾ നീങ്ങുന്നതെന്നു തോന്നുന്നു. ഓരോ മേഖലയും ഊർജ്ജസ്വലവും സചേതനവും ശക്തിമത്തുമാണ്. എന്നാൽ ഏതിൻേറയെങ്കിലും പ്രവർത്തനങ്ങൾ പൊതുക്ഷേമത്തിനു ഹാനികരമാകുന്നപക്ഷം അതു നിയന്ത്രണവിധേയമാണെന്ന് ഓരോ മേഖലയ്ക്കും ബോദ്ധ്യമുണ്ട്. ഈ സംഭവവികാസത്തിൻെറ ഒരു

പ്രധാനഫലം, ഈ എല്ലാ ഗ്രൂപ്പുകൾക്കും കൂടുതൽ പരസ്പരവിശ്വാസമുണ്ടെന്നതാണ്. തൽഫലമായി ബിസിനസ്സ് മാനേജർമാർ, തൊഴിലാളികൾ, കൃഷകർ, ഉദ്യോഗസ്ഥന്മാർ, ഭരണാധികാരികൾ എന്നിവരുടെയത്രയും മാനസികവീര്യത്തിലുണ്ടായിട്ടുള്ള അഭിവൃദ്ധി അമേരിക്കൻ ഉല്പാദനക്ഷമതയുടെ വളർച്ചയിൽ ഒരു പങ്ക് വഹിച്ചിട്ടുമുണ്ട്.

---

സാമ്പത്തിക ഇടപാടുകളുടെ സിംഹഭാഗവും സ്വകാര്യവിഭാഗത്തിന്റെ മുൻനിന്ന പ്രവർത്തനത്തിന്റേയും വിവേചനസ്വാതന്ത്ര്യത്തിന്റേയും ഫലമായാണ് നടക്കുന്നതെങ്കിലും അമേരിക്കയിൽ ഒരു സ്വതന്ത്രവ്യാപാരസമ്പദ്‌വ്യവസ്ഥയല്ല നിലവിലുള്ളത്. അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിലെ ഉൽപാദനക്ഷമതയുടെ വളർച്ചയ്ക്ക് ഗവമ്മെൻറ് നൽകുന്ന സംഭാവനകളുടെ വിവിധ വശങ്ങൾക്കുള്ള ഈ സവിശേഷതകൾ ഈ യാഥാർത്ഥ്യം വ്യക്തമാക്കുന്നുണ്ട്. മിക്കവാറും പരീക്ഷണങ്ങൾക്കും തെററുകൾക്കും വിധേയമായി ക്രമേണ രൂപംകൊണ്ടിട്ടുള്ള ഗവമ്മെൻറിന്റെ ഉത്തരവാദിത്വങ്ങൾ പൊതുതാല്പര്യത്തിന്റെപേരിലോ, അല്ലെങ്കിൽ ഉയന്ന കാര്യക്ഷമതയോടുകൂടിയോ ഒരു സ്വകാര്യസമ്പദ്‌വ്യവസ്ഥയ്ക്ക് പ്രവത്തിക്കാൻ അത്യന്താപേക്ഷിതമായ വിഭവങ്ങളും സേവനങ്ങളും ഉത്തേജനവും നിയന്ത്രണങ്ങളും നൽകുകയെന്നതാണ്. മുകളിൽ കൊടുത്തിട്ടുള്ള ഉദാഹരണങ്ങൾ അമേരിക്കയ്ക്കു മാത്രമല്ല, മററു രാജ്യങ്ങൾക്കും പ്രമുഖപ്രാധാന്യമുള്ള ഒരു നിഗമനത്തിന് തീച്ചയായും വഴിനൽകുന്നുണ്ട്. നിഗമനമിതാണ്: സാമ്പത്തികപ്രക്രിയയുടെ ചില വശങ്ങളിൽ ഗവമ്മെൻറിന്റെ ബുദ്ധിപൂർവ്വകമായ സജീവ ഭാഗഭാഗിത്വം സ്വകാര്യസംരംഭാധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥയുമായി പൊരുത്തപ്പെടുന്നതാണെന്നതിനു പുറമേ, 20-ാംനൂററാണ്ടിന്റെ മദ്ധ്യകാല സാഹചര്യങ്ങളിൽ അതിന്റെ ഫലപ്രദമായ പ്രവത്തനത്തിനുതന്നെയും അത്യന്താപേക്ഷിതമാണെന്നും വരാം.

അമേരിക്കയുടെ ഉയൎന്ന ഉല്പാദനക്ഷമതയ്ക്കു് കാരണമായ പ്രധാനഘടകങ്ങളെക്കുറിച്ചുള്ള നമ്മുടെ വിവരണം അമേരിക്കൻ സമ്പദ്‌വ്യവസ്ഥ മററു പാശ്ചാത്യജനാധിപത്യരാജ്യങ്ങളുടെ സമ്പദ് വ്യവസ്ഥകളിൽനിന്നു് അളവിലല്ലാതെ എന്തുകൊണ്ടു് വിഭിന്നമെന്നു വിശദമാക്കുന്നില്ല. അതു വിഭിന്നമാണെന്നതു് നിഷേധിക്കാൻ സാദ്ധ്യമല്ല. അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ സജീവത്വം, മത്സരഭാവം, താരതമ്യേന തുല്യനിലയിലുള്ള വരുമാനവിതരണം, സംഘടനയുടെ ആയമൃത, വിഭവശേഷി എന്നീ സവിശേഷതകൾ അപ്രതീക്ഷിതങ്ങളെന്നാണു് പല വിദേശസന്ദൎശകന്മാരും പ്രസ്താവിച്ചിട്ടുള്ളതു്.

വിവിധ ബന്ധങ്ങളും മൂല്യങ്ങളും ഉൾക്കൊള്ളുന്ന വിപുലമായ സാമൂഹ്യവ്യവസ്ഥയുടെ ഒരവിഭാജ്യഘടകമാണു് അമേരിക്കൻ സമ്പദ്‌വ്യവസ്ഥ. സാമ്പത്തികവും സാമ്പത്തികേതരവുമായ ഘടകങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ സങ്കീൎണ്ണമാണു്. എങ്കിലും അമേരിക്കൻ സാമ്പത്തികപ്രവൎത്തനങ്ങളുടെ അന്തസ്സത്ത നിൎണ്ണയിക്കുന്ന അമേരിക്കൻ മനോഭാവങ്ങളും സ്ഥാപനങ്ങളും ഏതെല്ലാമെന്നു കാണിക്കാൻ വളരെ ലളിതവും ധാരണാജന്യവുമായ ഒരു വിപണനത്തിനുപോലും കഴിയും. അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ ഉയൎന്ന ഉല്പാദനക്ഷമതയെക്കുറിച്ചുള്ള ഒരു വിശദീകരണത്തിൽ ഉൾപ്പെട്ടുത്തേണ്ട സുപ്രധാനഘടകങ്ങളിൽപ്പെടുന്നവയാണു് ഈ മൂല്യങ്ങൾ.

## അമേരിക്കയിൽ ഒരു പുതിയ ആരംഭം

റീൻഹോൾഡ്‌നീബറിന്റെ വാക്കുകളിൽ "ഒരു പുതിയ ആരംഭ"ത്തിന്റെ പ്രതീക്ഷയാണു് ചരിത്രപരമായി അമേരിക്കയുടെ അടിസ്ഥാനപരമായ ഒരു മനോഭാവം. 19-ാംശതകത്തിൽ ഗെഥെയും ഈ ആശയമാണു് താഴെ കാണുന്ന വാക്കുകളിൽ പ്രകടിപ്പിച്ചതു്.

"അമേരിക്കയുടെ സ്ഥിതി നമ്മുടെ പഴയ വൻകരയേക്കാൾ മെച്ചപ്പെട്ടതാണു്. മുടിഞ്ഞ കൊട്ടാരങ്ങളോ ഉടഞ്ഞ കരിങ്കൽത്തൂണുകളോ നീനക്കില്ല. നിഷ്ഫലമായ സംഘട്ടനങ്ങളുടെയോ പ്രയോജനശൂന്യമായ പൂൎവ്വകാലസ്മരണകളുടെയോ നിയന്ത്രണമില്ലാതെ നിനക്കു് വൎത്തമാനകാലത്തിൽത്തന്നെ ജീവിക്കാം."

യൂറോപ്പിൽനിന്ന് ആദ്യത്തെ കുടിയേററക്കാർ ഇവിടെ വന്നപ്പോൾ അമേരിക്ക ഒരു "കന്യഭൂമി"യായിരുന്നുവെന്നും മുമ്പ് നിലനിന്നിരുന്ന ഏതെങ്കിലും പാരമ്പര്യങ്ങളും സ്ഥാപനങ്ങളുമായി യോജിച്ചുപോകുന്ന പ്രശ്നമുണ്ടായിരുന്നില്ലെന്നുമുള്ള വ്യക്തമായ ഒരു വസ്തുത മാത്രമല്ല ഗെഥെ പരാമർശിച്ചിട്ടുള്ളത്. തുടർച്ചയായിവന്ന കുടിയേററക്കാരുടെ ഓരോ സംഘത്തിനും സ്വന്തം ദേശീയസംസ്കാരത്തിൻെറ ഏററവും നിഷ്ഫലമാണെന്നുകണ്ട വശങ്ങളത്രയും ഉപേക്ഷിച്ചുപോരാൻ കഴിഞ്ഞുവെന്നും അദ്ദേഹം അർത്ഥമാക്കിയിട്ടുണ്ട്.

അമേരിക്കക്കാർ "എല്ലാവരും കുടിയേററക്കാരോ കുടിയേററക്കാരുടെ പിൻഗാമികളോ ആണെ"ന്ന് മറെറാരു സന്ദർഭത്തിൽ പ്രസിഡൻറ് ഫ്രാങ്ക്ലിൻ ഡി. റൂസ്‌വെൽട്ട് അതിപ്രധാനമായ അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. ചിലർ അമേരിക്കയിലേക്കു വന്നതു സ്വന്തം ഇഷ്ടത്തിനെതിരായാണ്; കൊളോണിയൽകാലത്തെ അടിമകളും കൂലിവേലക്കാരുമാണവർ. എന്നാൽ ഒന്നാമത്തെ കുടിപാർപ്പു മുതൽ ഇന്നുവരെ പുതുതായി വന്നിട്ടുള്ളവരിൽ ഭൂരിപക്ഷവും സ്വമനസ്സാലെ കുടിയേററം നടത്തിയിട്ടുള്ളവരാണ്. നിരർത്ഥകമായിത്തീർന്നിരുന്ന പാരമ്പര്യങ്ങൾ "പഴയ രാജ്യത്തു"തന്നെ ഉപേക്ഷിക്കാനും പുതിയ മനോഭാവങ്ങളും ആചാരങ്ങളും സ്ഥാപനങ്ങളും വികസിപ്പിച്ചെടുക്കുകയോ സ്വീകരിക്കുകയോ ചെയ്യാനും അവർ തീർച്ചപ്പെടുത്തിയിരുന്നു. ആശകളും അഭിനിവേശങ്ങളും നിറവേററുന്നതിന് അമേരിക്ക ഒരു പുതിയ സൗകര്യം അവക്കായി നീട്ടി.

പുതിയ ആരംഭം ചിലക്ക് പ്രധാനമായും മതപരമോ രാഷ്ട്രീയമോ ആയിരുന്നു. മററുള്ളവക്ക് അതു പ്രാഥമികമായും സാമൂഹ്യവും സാമ്പത്തികവുമായിരുന്നു. മിക്കവാറും എല്ലാവരെ സംബന്ധിച്ചേടത്തോളവും ഈ പ്രേരണകളുടെ (മററുള്ളവയുടെയും) വ്യത്യസ്ത സംയോഗങ്ങളാണുണ്ടായിരുന്നത്. മതപരമായ പീഡനത്തിൽനിന്നു രക്ഷപ്പെടാനുള്ള ആഗ്രഹത്തിൻെറ ഫലം പുതിയ കുടിപാർപ്പുപ്രദേശങ്ങളിൽ ഫലപ്രദമായ ആരാധനാസ്വാതന്ത്ര്യം അന്തിമമായി പുലരുമെന്നതാണ്. സ്വയംഭരണത്തിനുള്ള അഭിവാഞ്ഛ അമേരിക്കൻ കോളണികളിൽ പ്രാദേശികവും പ്രാതിനിധ്യസ്വഭാവമുള്ളതുമായ ഗവമ്മെൻറുസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിലേക്കു നയിച്ചു. അവസാനമായി, സാമ്പത്തികസ്വാതന്ത്ര്യത്തിനും മെച്ചപ്പെട്ട സാമൂഹ്യസ്ഥിതികൾക്കുമുള്ള അഭിലാഷത്തിൽനിന്നും സാമൂഹ്യവും കുടുംബപരവുമായ പാരമ്പര്യപദവിയോ നിയമപരവും സാമ്പത്തികവുമായ കഴിവുകേടുകളോ പരിമിതപ്പെടുത്താത്ത വ്യക്തിപരമായ അഭിനിവേശങ്ങളും ഉയർന്നുവന്നു.

അങ്ങിനെ, പൂർവ്വികമായി നിർണ്ണയിക്കപ്പെട്ട, ഉറച്ച വർഗ്ഗമേധാവിത്വത്തോടുകൂടിയ പാരമ്പര്യാധിഷ്ഠിതമായ സമൂഹങ്ങളിലെ പരിമിതികളിൽനിന്നും സ്വാതന്ത്ര്യവും സ്വന്തവുമായ ഒരു ജീവിതം നയിക്കാൻ സ്വാശ്രയശീലവും ഉത്തരവാദിത്വബോധവുമുള്ള ഒരു വ്യക്തിക്ക് കഴിയുന്ന ഒരു പുതിയ സമൂഹത്തെ സൃഷ്ടിക്കുകയോ കാണുകയോ ചെയ്യണമെന്നുള്ളതായിരുന്നു കഴിഞ്ഞ 350 കൊല്ലങ്ങളായി അമേരിക്കയിലേക്കുവന്ന മിക്കവാറും കുടിയേററക്കാരുടെ പ്രധാന പ്രതീക്ഷ. മതപരമായ ഐകരൂപ്യം, കേന്ദ്രീകൃത സ്വേച്ഛാപ്രഭുത്വഗവമ്മെൻറ്, നാടുവാഴിത്തഭൂസമ്പ്രദായങ്ങൾ, വ്യാപാരാദിസ്ഥാനത്തിലുള്ള വാണിജ്യ-വ്യാവസായികനിയന്ത്രണങ്ങൾ എന്നിവ സ്ഥാപിക്കാനോ പുലത്താനോ നിരവധി ശ്രമങ്ങളുണ്ടായിട്ടുണ്ടെന്നതു ശരിയാണ്. പക്ഷേ മതപരമായ വൈവിധ്യവും സമത്വവും, സാർവ്വത്രികവോട്ടവകാശവും വികേന്ദ്രീകൃതപ്രാദേശികഗവമ്മെൻറും, വ്യവസായസമാരംഭസ്വാതന്ത്ര്യവും ഉയന്നതോതിലുള്ള സാമൂഹ്യചലനക്ഷമതയും അന്തിമമായി വിജയം നേടുകയാണുണ്ടായത്.

## അമേരിക്കയിലെ ആദ്യ ചുററുപാടുകൾ

ഒരു പുതിയ ആരംഭത്തിന് ഒരു ഭൗതികമാർഗ്ഗം നൽകിയ അതിത്തിയും ഈ പ്രത്യേകവികാസത്തെ പരിപോഷിപ്പിക്കുകയുണ്ടായി. മതപരമായ ഐകരൂപ്യമോ, ഏകാധിപത്യഗവമ്മെൻേറാ, അമിതമായി നിയന്ത്രണം ചെലുത്തുന്ന സാമ്പത്തിക ഏർപ്പാടുകളോ അടിച്ചേല്പിക്കാനുള്ള ഏതു ശ്രമവും അസംതൃപ്തരും ചെറുത്തുനിൽക്കാൻ കഴിയാത്തവരുമായവക്ക് മറെറാരു സ്ഥലത്തേക്കു നീങ്ങുന്നതിനും അനുസ്യൂതം മുന്നോട്ടു തള്ളിപ്പോകുന്ന അതിത്തികളിൽ ഒരു പുതിയ ആരംഭം നടത്തുന്നതിനും പ്രോത്സാഹനം നൽകുമായിരുന്നു. യഥാത്ഥത്തിൽ ഈ സ്ഥിതിവിശേഷം പല കാര്യത്തിലും അത്തരം നിയന്ത്രണശ്രമങ്ങളെ ഫലവത്തായി നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്.

ഒരത്ഥത്തിൽ, "അതിത്തി" എന്ന വാക്കിന് അമേരിക്കക്കാരെ സംബന്ധിച്ചേടത്തോളം, സ്ഥാപിതമായ കൃഷിയിടങ്ങളുടേയും പട്ടണങ്ങളുടേയും സീമയ്ക്കപ്പുറം ഭൂമിശാസ്ത്രപരമായുള്ള പ്രദേശങ്ങളെന്നതിനേക്കാൾ വിശാലമായ ഒരത്ഥമാണുള്ളത്. രാജ്യത്തെ കുടിപാപ്പിച്ച ഭാഗങ്ങളിലും സാമ്പത്തികസമാരംഭങ്ങൾ വ്യാപിപ്പിക്കാൻ കഴിയുന്ന പുതിയ സരണികളും പ്രവത്തനങ്ങളും എല്ലാക്കാലത്തും നിലവിലുണ്ടായിരുന്നു. ഈ അത്ഥത്തിലാണ് അതിത്തി ഇപ്പോഴും നിലവിലുള്ളതും മുസ്നിന്ന പ്രവത്തനത്തിനും ധൈര്യത്തിനും ഇപ്പോഴും

അതിൽ പ്രവേശിക്കാൻ കഴിയുന്നതും. ഒരാൾക്ക് അയാളുടെ പുതിയ ആരംഭം തേടാവുന്ന പ്രത്യേക അതിർത്തി നിശ്ചയിക്കുന്നത് ഇപ്പോഴും അയാളുടെ സ്വഭാവവും അനുഭവവുമാണ്.

എങ്കിലും കഴിഞ്ഞകാലത്തെ ഭൂമിശാസ്ത്രപരമായ അതിർത്തി അമേരിക്കക്കാരുടെ ചില പ്രത്യേക സവിശേഷതകളുടെ വികസനത്തിൽ പ്രധാനമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പുതുതായി വാസമുറപ്പിച്ച ചില പ്രദേശങ്ങളിലെ ജീവിതരീതി ചില വിശേഷഗുണങ്ങൾക്കും സാമൂഹ്യമനോഭാവങ്ങൾക്കും പ്രോത്സാഹനം നൽകുകയുണ്ടായി. അമേരിക്കയിൽ ഒരു "നല്ല സമൂഹ"ത്തിന്റെ പ്രതിരൂപം വളർത്തിയെടുക്കുന്നതിന് ഈ വിശേഷഗുണങ്ങളും മനോഭാവങ്ങളും സഹായകമായി ഒരുവശത്ത് അതിർത്തിജീവിതത്തിന്റെ അപായങ്ങളും ക്ലേശങ്ങളും ബുദ്ധിമുട്ടുകളുമായുള്ള പോരാട്ടം വ്യക്തിപരമായ സ്വാശ്രയശീലം, ദൃഢചിത്തത, പ്രായോഗികത, പലവിധ ത്രാണി എന്നിവ വളർത്തുന്നതിനുതകി. മറുവശത്ത് ഭൂമിതെളിച്ചെടുക്കുക, വസതികളും ഗതാഗതസൗകര്യങ്ങളും നിർമ്മിക്കുക, മനുഷ്യശത്രുക്കളിൽനിന്നും പ്രകൃതിശത്രുക്കളിൽനിന്നും സമൂഹത്തെ സംരക്ഷിക്കുക തുടങ്ങി ഓരോ വ്യക്തിയുടേയോ കുടുംബത്തിന്റേയോ കഴിവിനതീതമായതും എന്നാൽ ഒഴിച്ചുകൂടാത്തതുമായ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉയർന്ന തോതിലുള്ള പരസ്പരസഹായവും സാമൂഹ്യസഹകരണവും ആവശ്യമായിരുന്നു. കൂടാതെ, ആദ്യകാലത്തെ പ്രാദേശികഗവമെൻറുകളുടെ സ്ഥാപനവും നിയമസമാധാനപാലനവും സാധാരണയായി അതതു പ്രദേശത്തെ നിവാസികളുടെതന്നെ ചുമതലകളായിരുന്നു. ഈ സ്ഥിതിവിശേഷം വികേന്ദ്രീകൃതമായി തീരുമാനമെടുക്കുന്ന രീതിയേയും ജനാധിപത്യരാഷ്ട്രീയജീവിതത്തേയും വളർത്തിയെടുത്തു.

എന്നാൽ ഈ ഗുണവിശേഷങ്ങളും സാമൂഹ്യമനോഭാവങ്ങളും വളർത്തിയെടുത്തതിന് സ്വാധീനംചെലുത്തിയതിൽ അതിർത്തിയിലെ ചുറ്റുപാടുകൾ മാത്രമായിരുന്നില്ല പ്രധാനഘടകം. ന്യൂ ഇംഗ്ലണ്ടിന്റേയും വെർജീനിയയുടേയും വ്യതിരിക്തമായ "ആദർശങ്ങളും" പ്രധാന സ്വാധീനശക്തിയായിരുന്നു. ന്യൂ ഇംഗ്ലണ്ടിന്റെ സദാചാരനിഷ്ഠ മാക്സ്‌വെബറുടെ വാക്കുകളിൽ "പ്രോട്ടസ്റ്റൻറുകാരുടെ സദാചാരബോധ"ത്തിന്റേയും "മുതലാളിത്വത്തിന്റെ ചൈതന്യ"ത്തിന്റേയും പ്രധാനഫലമായിരുന്നു. കഠിനാദ്ധ്വാനം, മിതവ്യയശീലം, ഒതുങ്ങിയ ജീവിതം എന്നിവയും ഈ ഗുണങ്ങൾ ശീലിക്കുന്നതിനെ തുടർന്ന് സാധാരണയുണ്ടാകുന്ന സാമ്പത്തികവിജയവും മോക്ഷത്തിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട അപൂർവ്വം ചിലരിൽ പെടുന്നവനാണ് താനെന്ന ബോദ്ധ്യംവരുത്തുന്നതിനു സഹായകമായി

ത്തിൻ ഈ ആദർശത്തിന്റെ മതപരമായ വശങ്ങൾ 18–ാംശതകത്തിന്റെ അവസാനകാലത്തു് അപ്രധാനമായിത്തീർന്നെങ്കിലും അടിസ്ഥാനപരമായ മനോഭാവം ന്യൂ ഇംഗ്ലണ്ടിന്റെ "യാങ്കീയിസ"ത്തിന്റെ രൂപത്തിൽ അതിന്റെ സവിശേഷതകളായ സ്വാശ്രയശീലം, ബോധപൂർണ്ണത, മാത്സര്യബുദ്ധിക്രമമ്മത, വ്യാവസായിക ഊർജ്ജസ്വലത എന്നിവയോടുകൂടി നിലനിന്നുപോന്നു.

യൂറോപ്പിലെ "നവോത്ഥാ"നത്തിന്റെ തത്ത്വങ്ങൾ അമേരിക്കൻചുററുപാടുകളോടിണക്കിയെടുത്തുവെന്നതാണ് വെർജീനിയയുടെ സംഭാവന. തോമസ്ജെഫേഴ്സൻ, ജേംസ്മാഡിസൻ എന്നിവരെപ്പോലുള്ള വെർജീനിയക്കാരുടെതന്നെ ചിന്തകളിലും ലേഖനങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ളതുപോലെ മനുഷ്യയുക്തിയുടെ ശക്തി, സാമൂഹ്യപുരോഗതിക്കും അഭിവൃദ്ധിക്കുമുള്ള സാദ്ധ്യതകൾ, ജീവിതത്തിനും സ്വാതന്ത്ര്യത്തിനും ക്ഷേമാന്വേഷണത്തിനുമുള്ള വ്യക്തിയുടെ സ്വാഭാവികമായ അവകാശങ്ങൾ എന്നിവയ്ക്കു് പ്രാധാന്യം നൽകുന്നവയായിരുന്നു ഈ വീക്ഷണങ്ങൾ. എങ്കിലും വെർജീനിയൻതത്ത്വചിന്തകന്മാർ മനുഷ്യപ്രകൃതിയുടെ നന്മയെക്കുറിച്ചും മനുഷ്യന്റെ സമ്പൂർണ്ണതാസാദ്ധ്യതയെക്കുറിച്ചുമുള്ള റൂസ്സോവിന്റെ സ്വപ്നങ്ങൾക്കു് ഒരിക്കലും കീഴ്വഴങ്ങുകയുണ്ടായില്ല. മാനുഷികവികാരങ്ങൾക്കുള്ള വിനാശകരമായ കഴിവുകൾക്കെതിരായും വ്യക്തിസ്വാതന്ത്ര്യത്തെയും വ്യക്തിസമത്വത്തെയും രാഷ്ട്രീയശക്തിയും സാമൂഹ്യക്രമവുമായി സമതുലിതാവസ്ഥയിൽ നിർത്തേണ്ടതിന്റെ ആവശ്യം സംബന്ധിച്ചും മുന്നറിയിപ്പുനൽകുന്നതിൽ ഹോബ്സിനോടും ലോക്കിനോടുമാണ് അവർ കൂടുതൽ അടുപ്പം കാണിച്ചതു്. 19–ാംശതകത്തിലെ അനന്തരതലമുറകളുടെ കാലത്താണ് അമേരിക്കൻസമൂഹത്തിന്റെ സമൃദ്ധിയും വിജയവും മനുഷ്യയുക്തിയുടെ അനന്തമായ കഴിവുകളേയും വ്യക്തിപരവും സാമൂഹ്യവുമായ ഔൽകൃഷ്ട്യത്തിന്റേയും അനിവാര്യതയേയും സംബന്ധിച്ച് വിപുലമായ ബോദ്ധ്യം വളർത്തിയതു്. ഈ വിശ്വാസങ്ങൾ അടിസ്ഥാനപരമായി ശുഭാപ്തവും യുക്തിപൂർവ്വകവുമായ ഇന്നത്തെ അമേരിക്കൻസ്വഭാവത്തിന്റെ ഘടകങ്ങളായി പരിണമിച്ചു.

അമേരിക്കൻസമൂഹത്തിനു രൂപംനൽകുന്നതിന് മററു പ്രധാന സ്വാധീനശക്തികളും സഹായകമായിത്തീർന്നിട്ടുണ്ട്. സാംസ്കാരികവും മതപരവും വംശീയവുമായ വിഭിന്നപശ്ചാത്തലങ്ങളിൽനിന്നും വന്ന ജനങ്ങൾ മൗലികമായുള്ള ഒരു ജനാധിപത്യസമൂഹം വിജയകരമായി കെട്ടിപ്പടുക്കുന്നതിന് സഹകരിക്കുന്നതിനാവശ്യമായ ധാരാളം പരസ്പരസഹിഷ്ണുതയായിരുന്നു ഒരു സ്വാധീനശക്തി. ലോകത്തിലേക്കുവെച്ച്

ഏറ്റവും വലിയ ഒരു സ്വതന്ത്രവ്യാപാരമേഖല സൃഷ്ടിക്കുന്നതിൽ അമേരിക്കയുടെ കേവലം ഭൂമിശാസ്ത്രപരമായ വലുപ്പത്തിന്റേയും താരതമ്യസ്വയംപര്യാപ്തതയുടേയും ഫലവും ഒരു പ്രധാന സ്വാധീന ശക്തിയായിരുന്നു. ഇവയും മററു പല ഘടകങ്ങളും അമേരിക്കൻ സമൂഹത്തിന് അതിന്റെ സവിശേഷതകൾ നൽകുന്നതിൽ പരസ്പരം കുറവുകൾ നികത്തുകയും ബലപ്പെടുത്തുകയും ചെയ്തു.

## അമേരിക്കയുടെ നാടൻസ്വഭാവവിശേഷങ്ങളുടെ ഫലങ്ങൾ

അമേരിക്കൻസമുദായം അതിന്റെ ആരംഭംമുതൽ ഏറെക്കുറെ പുലർത്തിപ്പോന്ന മനോഭാവങ്ങളുടെ ചില സവിശേഷതകൾ പ്രസ്താവ്യമാണ്. ഭൂതകാലം അയവിറക്കാതെ വർത്തമാനകാലത്തിലും ഭാവിയിലും ആഭിമുഖ്യം ഉണ്ടായിരിക്കുക, ആലോചനയ്ക്കും പ്രവർത്തനത്തിനും പരമ്പരാഗതമായ ആചാരങ്ങളേയും കേവലതത്വങ്ങളേയും കാൾ നിലവിലുള്ള സ്ഥിതിഗതികളുടെ യാഥാർത്ഥ്യം ആധാരമാക്കുക, വ്യക്തിപരവും സാമൂഹ്യവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യുക്തിചിന്തയ്ക്കും മനുഷ്യപ്രയത്നത്തിനുമുള്ള കഴിവിൽ ഗാഢമായി വിശ്വസിക്കുക, പരസ്പരം മത്സരിക്കുന്ന ഗ്രൂപ്പുകളേയും വ്യക്തിതാല്പര്യങ്ങളേയും രഞ്ജിപ്പിക്കാനോ പരസ്പരം ഉൾക്കൊള്ളാനോ സന്നദ്ധതയുണ്ടായിരിക്കുക—ഇവയാണീ സ്വഭാവവിശേഷങ്ങൾ. പൊതുവേ അമേരിക്കൻസമൂഹം ശുഭാപ്തിവിശ്വാസം, പ്രായോഗികത, യുക്തി, ആർജ്ജവസ്വഭാവം, സഹകരണമനോഭാവം എന്നിവ ഉൾക്കൊള്ളുന്നുണ്ട്. ബോധപൂർവ്വമുള്ള പ്രവർത്തനം, ഭൗതികക്ഷേമം, സാങ്കേതികവൈദഗ്ദ്ധ്യം, വ്യക്തിപരമായ ആയമൃത. സാമൂഹ്യവും ഭൂമിശാസ്ത്രപരവുമായ ചലനക്ഷമത എന്നിവ വിലമതിക്കാനുള്ള ഒരു പ്രവണത അമേരിക്കൻസമൂഹത്തിന് എല്ലാകാലത്തുമുണ്ടായിരുന്നു. ഈ മൂല്യങ്ങൾ അമേരിക്കയുടെ സാമ്പത്തികവിജയത്തിന് സഹായകമായിത്തീർന്നിട്ടുണ്ട്. അതേസമയത്തുതന്നെ, സാമ്പത്തികവിജയം ഈ മൂല്യങ്ങളെ ബലപ്പെടുത്തിയിട്ടുമുണ്ട്.

ഈ സവിശേഷതകൾ കലർപ്പില്ലാത്ത നേട്ടങ്ങളായിരുന്നില്ല. മററു രാജ്യങ്ങളെ കുഴയ്ക്കുന്ന അനേകം പ്രശ്നങ്ങൾ പരിഹരിക്കാനോ ഒഴിയാനോ അവ അമേരിക്കൻജനതയ്ക്ക് കഴിവു നൽകിയിട്ടുള്ളപ്പോൾത്തന്നെ, അവ സ്വന്തമായ ബുദ്ധിമുട്ടുകളും പ്രാതികൂല്യങ്ങളും സൃഷ്ടിച്ചിട്ടുമുണ്ട്. ഉദാഹരണത്തിന് പൂർവ്വകാലത്തെ സംബന്ധിച്ചുള്ള പ്രബലമായ ഒരു ബോധത്തിന്റെ അഭാവം പഴകിയ ആശയങ്ങളുടേയും കാലഹരണംവന്ന സങ്കേതങ്ങളുടേയും അടിമത്വത്തിൽ

നിന്നും അമേരിക്കൻസമൂഹത്തെ രക്ഷിച്ചു. എങ്കിലും അതേസമയ ത്തുതന്നെ, ഈ സവിശേഷതകൾ ദീർഘകാലത്തെ ചരിത്രപരവും അഭംഗുരവുമായ പാരമ്പര്യം അവകാശപ്പെട്ടുന്നവരോട് പല അമേ രിക്കക്കാർക്കും അസൂയതോന്നാനിടയാക്കിയിട്ടുമുണ്ട്. മനുഷ്യയുക്തി യുടെ ശക്തിയിലും സാമൂഹ്യപുരോഗതിയുടെ അനിവാര്യതയിലുമുള്ള വിശ്വാസം അമേരിക്കൻശാസ്ത്രത്തിനും സാങ്കേതികശാസ്ത്രത്തിനും ലക്ഷ്യപ്രേരണ നൽകുകയും അമേരിക്കൻസമൂഹമാർജ്ജിച്ചിട്ടുള്ള ഗണ്യ മായ നീതിയും ക്ഷേമവും സാദ്ധ്യമാക്കാൻ സഹായിക്കുകയുംചെയ്തി ട്ടുണ്ട്. പക്ഷേ, ശാസ്ത്ര-സാങ്കേതികരംഗങ്ങളിൽ അമേരിക്കയ്ക്കുള്ള മേൽക്കോയ്മസ്ഥാനം ഒരു സ്ഥിരം യാഥാർത്ഥ്യമായിരിക്കുമെന്ന ഒരലംഭാവം സൃഷ്ടിക്കുന്നതിനും ഈ വിശ്വാസം കാരണമായിത്തീർന്നു. തദ്ദേശീയവും അന്താരാഷ്ട്രീയവുമായ രാഷ്ട്രീയ-സാമ്പത്തികയാഥാർത്ഥ്യ ങ്ങളെ മനസ്സിലാക്കുന്നതിനെ ഇതു് തടസ്സപ്പെടുത്തുകയുമുണ്ടായി. മാത്രമല്ല, അഭ്യന്തരരംഗത്തും വിദേശത്തും നമ്മുടെ ചില നടപടി കൾക്കു് ചിലപ്പോൾ ആർജ്ജവത്തിൻേറയും ധാർമ്മികത്വത്തിൻേറയും പരിവേഷം ചാർത്തിയിട്ടുള്ളതിനു് ഈ വിശ്വാസമാണു് അധികവും ഉത്തരവാദി. അവസാനമായി, ജനതയുടെ സങ്കരമായ സാംസ്കാരിക-വംശീയഉൽപ്പത്തിസ്വഭാവവും നിരവധി പ്രത്യേക ക്രൂരുകളും ഉണ്ടെ ങ്കിൽപ്പോലും, സാമൂഹ്യജീവിതത്തിൽ സഹകരിക്കാനും സജീവമായി പങ്കെടുക്കാനും വ്യക്തികൾക്കും ഗ്രൂപ്പുകൾക്കുമുള്ള സന്നദ്ധത അമേ രിക്കൻസമൂഹത്തെ യോജിപ്പിച്ചുനിർത്തിയിട്ടുണ്ട്. എന്നാൽ ഈ അത്യാവശ്യനേട്ടം ആർജ്ജിച്ചിട്ടുള്ളതു് സാമൂഹ്യമായി അംഗീകൃതമായ ജീവിതരീതികൾ സ്വീകരിക്കാൻ വ്യക്തികളിൽ ചെലുത്തിയിട്ടുള്ള ഗണ്യമായ സമ്മർദ്ദത്തോടെയാണു്.

ബിസിനസ്മാനേജ്മെൻറിൻേറയും കാർഷികമാനേജ്മെൻറി ൻേറയും സ്വഭാവങ്ങളും തൊഴിലാളികളുടെ പ്രവർത്തനോന്മുഖതയും ഗവമ്മെൻറിൻെറ നയങ്ങളും രൂപപ്പെടുത്തുന്നതിൽ അഭൗമവും സർവ്വംസഹവുമായ ഈ അമേരിക്കൻമനോഭാവങ്ങൾ മുഖ്യഘടകങ്ങ ളായി വർത്തിച്ചിട്ടുണ്ട്. മററു മിക്കവാറും വ്യാവസായികരാജ്യങ്ങളിൽ മാനേജ്മെൻറു് ആദ്യം നിശ്ചയിക്കുക മുൻകാലങ്ങളിലുപയോഗത്തി ലിരുന്ന സംഘടനയും സങ്കേതങ്ങളും അതേപടി നിലനിർത്താനും നേട്ടം ഗണ്യവും സംശയാതീതവുമാണെങ്കിൽമാത്രം അവ പരിഷ്കരിക്കു വാനുമായിരിക്കുമെന്നു് അല്പം അതിശയോക്തിയോടെതന്നെ നമുക്കു പറയാം. അമേരിക്കൻമാനേജ്മെൻറിനെ സംബന്ധിച്ചിടത്തോളം പരിഷ്കരണത്തിനുള്ള പ്രവണതയാണതിനുള്ളതു്. സ്ഥിരപരിചിത മായ സംഘടനാ-സാങ്കേതികരീതികളിൽ അളളിപ്പിടിച്ചുനിൽക്കാനുള്ള

സാദ്ധ്യത തുലോം കുറവാണ്. അമേരിക്കയിലെ തൊഴിലാളികളും കഷകരും മററും രാജ്യങ്ങളിൽ സാധാരണ കാണുന്നതിനേക്കാരം കൂടുതൽ, പുതിയ സാങ്കേതികരീതികരം സ്വീകരിക്കാനും ആവശ്യമായ നീക്കുപോക്കുകളുടെ ക്ലേശങ്ങരം നേരിടാനും സന്നദ്ധരാണ്. അവസാനമായി, ദാർഢ്യത്തിൻെറ അഭാവവും പ്രായോഗികചൈതന്യത്തിൻെറ ബലവും സാമ്പത്തികവളർച്ചയുടെ താല്പര്യങ്ങരം ഹാനിയുക്തമാണെന്നു കാണുന്ന നയങ്ങളംഗീകരിക്കാനും ആവശ്യമില്ലാതെവരുന്ന ഘട്ടങ്ങളിൽ അവ വ്യത്യാസപ്പെടുത്തുകയോ ഉപേക്ഷിക്കുകയോ ചെയ്യാനും ഗവൺമെൻറിനെ അനുവദിച്ചിട്ടുണ്ട്.

മററു രാജ്യങ്ങളിൽനിന്നും അമേരിക്കയിലേയ്ക്കുവന്ന ഉല്പാദനക്ഷമതാസംഘങ്ങളിലൊന്നിൻെറ അഭിപ്രായങ്ങരം സംക്ഷിപ്തമായി പ്രതിപാദിച്ചുകൊണ്ടുള്ള സമീപകാലത്തെ ഒരു റിപ്പോർട്ട് ഒരുപക്ഷേ പല വിദേശനിരീക്ഷകന്മാരുടേയും അഭിപ്രായങ്ങരം രേഖപ്പെടുത്തുന്നതാകാം. "അമേരിക്കയിലെ ഉയർന്ന ഉല്പാദനക്ഷമതയ്ക്കുള്ള കാരണം യന്ത്രങ്ങളും ഉപകരണങ്ങളും മാത്രമാണെന്നായിരുന്നു അമേരിക്കയിൽ വരുന്നതിനുമുമ്പ് ഞങ്ങരം വിചാരിച്ചിരുന്നതു്. എന്നാൽ, കാര്യക്ഷമതയും മണിക്കൂറൊന്നിനുള്ള ഉയർന്ന ഉല്പാദനവും മാനേജുമെൻറിൻേറയും എൻജിനീയർമാരുടേയും സാങ്കേതികപ്രവർത്തകരുടേയും തൊഴിലാളികളുടേയും ഒരു ചിന്താരീതി—എല്ലാവരുടേയും ക്ഷേമത്തിനുവേണ്ടി തന്നാൽ കഴിയുന്നത്ര പ്രയത്നിക്കുവാൻ പ്രേരിപ്പിക്കുന്ന ചിന്താരീതി—ആണെന്ന് ഞങ്ങരം ഇപ്പോരം മനസ്സിലാക്കുന്നു."

20-ാംശതകത്തിലെപ്പോലെ ജീവിതസാഹചര്യങ്ങരം സത്വരമായും രൂക്ഷമായും വ്യത്യാസപ്പെട്ടിട്ടുള്ള കാലഘട്ടങ്ങരം പരിഷ്കാരത്തിൻെറ ചരിത്രത്തിൽ, ഉണ്ടായിട്ടുണ്ടെങ്കിൽത്തന്നെ, അപൂർവമാണ്. ശാസ്ത്രീയവും സാങ്കേതികവുമായ "സ്ഫോടനം", യഥാർത്ഥത്തിൽ എല്ലാ രാജ്യങ്ങളിലേയും ഉയർന്നുവരുന്ന പ്രതീക്ഷകളുടെ വിപ്ലവം, സമകാലീനആശയസംഘട്ടനങ്ങരം, ആധുനികയുദ്ധത്തിൻെറ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തത്രയും വിനാശകരമായ കഴിവ്—ഇവയെല്ലാം ചേർന്ന് കൂടുതൽ കൂടുതൽ ഉയർന്നതോതിൽ കേന്ദ്രീകൃതമായ അധികാരം ഏറെറടുക്കാൻ ജനാധിപത്യഗവൺമെൻറുകളെപ്പോലും നിർബന്ധിച്ചിട്ടുണ്ട്. എങ്കിലും അമേരിക്കയുടെ മൗലികമായ മൂല്യങ്ങളുടേയും സ്ഥാപനങ്ങളുടേയും ഫലമായി അമേരിക്കൻസാമ്പത്തിക-രാഷ്ട്രീയ സമ്പ്രദായം തീരുമാനങ്ങളെടുക്കുന്നതിലും പ്രവർത്തിക്കുന്നതിലുമുള്ള സ്വന്തം വികേന്ദ്രീകൃതസ്വഭാവത്തെ അടിസ്ഥാനപരമായി തകരാറിലാക്കാതെതന്നെ ഈ മാറിവരുന്ന പരിതഃസ്ഥിതികളുമായി ഇണക്കിക്കൊണ്ടുപോയിട്ടുണ്ട്. 20-ാംശതകത്തിലെ വ്യത്യാസപ്പെട്ടുവരുന്ന

ജീവിതസാഹചര്യങ്ങൾ അമേരിക്കക്കാർക്ക് ഇന്നു ലഭ്യമായ പോംവഴികളുടെ തരത്തേയും വ്യാപ്തിയേയും ബാധിച്ചിട്ടുണ്ടെന്നുള്ളതു് ശരിയാണ്. പക്ഷേ ഒരു ഉല്പാദകനെന്ന നിലയിലായാലും നിക്ഷേപകനെന്ന നിലയിലായാലും ഉപഭോക്താവെന്ന നിലയിലായാലും ഓരോ അമേരിക്കക്കാരനും സ്വന്തം ഭാഗധേയം നിർണ്ണയിക്കാനുള്ള വിപുലമായ സ്വാതന്ത്ര്യം ഇപ്പോഴുമുണ്ട്.

---

അമേരിക്കയ്ക്കു് തനിപ്പെട്ട സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവും മതപരവുമായ ഘടകങ്ങൾ സാമ്പത്തികവിഭവങ്ങളുടെ വികസനത്തേയും ഉപയോഗത്തേയും മാററങ്ങളും സാങ്കേതികപരിഷ്കരണങ്ങളും സ്വീകരിക്കാനുള്ള സന്നദ്ധതയേയും സാമ്പത്തികപ്രക്രിയയിൽ ഗവൺമെൻറിനുള്ള പങ്കിനേയും രൂപപ്പെടുത്തിയിട്ടുണ്ട്. അമേരിക്കൻ ജനതയുടെ സമ്പദ്‌വ്യവസ്ഥയ്ക്കാകെ ജീവൻ നൽകുന്ന "ചൈതന്യ"ത്തിൻെറ പ്രമുഖവും അവശ്യവുമായ ഒരു ഭാഗമാണിവ. ഇക്കാലത്തെ ശക്തിയായ അധികാരകേന്ദ്രീകരണസമ്മർദ്ദങ്ങളുണ്ടായിട്ടുകൂടി അമേരിക്കൻ സമ്പദ്‌വ്യവസ്ഥയ്ക്കു് പ്രത്യേകമായ ജീവാത്മകത്വവും ആയമ്യതയും വളരെയേറെ വിതരണാത്മകമായ നീതിയും സംരക്ഷിക്കാൻ കഴിവുണ്ടാക്കിയതു് ഈ ചൈതന്യമാണ്. മുൻ അദ്ധ്യായങ്ങളിൽ ചർച്ചചെയ്യപ്പെട്ട കൂടുതൽ ഗോചരമായ സാമ്പത്തികഘടകങ്ങൾക്കപ്പുറം അമേരിക്കൻസമൂഹത്തിൻെറ സവിശേഷമൂല്യങ്ങളും സ്ഥാപനങ്ങളും അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ ഉയർന്ന ഉല്പാദനക്ഷമത സൃഷ്ടിക്കുന്നതിൽ അതിപ്രധാനഘടകങ്ങളായി നിലനിന്നിട്ടുണ്ട്. ഉല്പാദനക്ഷമതയിലുള്ള വളർച്ച് വരുംവർഷങ്ങളിലും തുടരുമെന്നും അടുത്ത ദശകത്തിലെ സാമ്പത്തിക-സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിപരവും ജനാധിപത്യപരവുമായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുമെന്നുള്ള നമ്മുടെ വിശ്വാസത്തിനു് ഈ മൂല്യങ്ങളുടെ നിലനില്പ്പ് പ്രചോദനം നൽകുന്നുമുണ്ട്.

ഭാഗം രണ്ട്

# അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ പ്രശ്നങ്ങളും ഭാഗധേയങ്ങളും

അമേരിക്കൻസമ്പദ്‌വ്യവസ്ഥയിലെ മിക്ക ഉല്പാദകരും—തൊഴിലാളികളും മാനേജർമാരും—സാങ്കേതികശാസ്ത്രത്തിലും മേലന്വേഷണകലയിലുമുണ്ടാകുന്ന ഏററവും പുതിയ പുരോഗതിയുപയോഗിച്ച് സൃഷ്ടിപരമായ നേട്ടങ്ങളാർജ്ജിക്കാൻ ഔൽസുക്യമുള്ളവരാണ്. ഈ സ്ഥിതിവിശേഷത്തെ മുൻനിർത്തി അമേരിക്കക്കാർക്ക് അഭിമാനിക്കാമെങ്കിലും അതിനു കുറവുകളില്ലെന്നില്ല. തൃപ്തികരമല്ലാത്ത ആ ഘടകങ്ങളുടെ മൂലങ്ങൾ ചിലതു് ചൂണ്ടിക്കാണിച്ച് അവ കൈകാര്യംചെയ്യാൻ നിർദ്ദിഷ്ടമായിട്ടുള്ള നയപരിപാടികൾ സൂചിപ്പിക്കുകയാണ് റിപ്പോർട്ടിൻെറ ഈ ഭാഗത്തിൽ ഞങ്ങൾ ചെയ്യുന്നതു്.

അമേരിക്കൻസമ്പ്രദായത്തിൻെറ ന്യൂനതകൾ പരിഹരിക്കാനാവില്ലെന്നു മാത്രമല്ല, തുടച്ചയായ, കൂടുതൽ ഗുരുതരമായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധിഘട്ടങ്ങൾ അവ അനിവാര്യമായും സൃഷ്ടിക്കുമെന്നും മാർക്സിസ്റ്റ് എതിരാളികൾ എല്ലാക്കാലത്തും ശഠിച്ചിട്ടുണ്ട്. മററു വിമർശകന്മാർ നാശത്തിൻെറ ഈ അനിവാര്യതയിൽ വിശ്വസിക്കുന്നില്ലെങ്കിലും സ്വകാര്യസമാരംഭങ്ങൾക്കു പ്രാമുഖ്യമുള്ള ഒരു സാമ്പത്തിക സമ്പ്രദായത്തിൽ പുരോഗതിക്കുള്ള സാദ്ധ്യതയിൽ അവർക്കു സംശയമുണ്ട്. തുടരാനിടയില്ലാത്ത അസാധാരണ സാഹചര്യങ്ങളിൽനിന്നാണ് അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ സമീപകാലനേട്ടങ്ങളുണ്ടായിട്ടുള്ളതെന്ന് അവർ വാദിക്കുന്നു. സ്വയംവിമർശനത്തിനും സാമൂഹ്യപരിഷ്കാരത്തിനും അമേരിക്കൻസമൂഹത്തിനുള്ള നൈസർഗ്ഗികമായ കഴിവിൻെറ ശക്തിയെക്കുറിച്ചു മനസ്സിലാക്കാത്തതുകൊണ്ടാണ്, ഭാഗികമായി, ഈ ധാരണകളുണ്ടായിട്ടുള്ളതു്.

അമേരിക്കയുടെ ചരിത്രത്തിൽ തുടച്ചയായുണ്ടായിട്ടുള്ള പരിഷ്കരണത്തിൻെറ അലകൾ കേവലസിദ്ധാന്തങ്ങളുടെ പ്രേരണമൂലമുണ്ടായിട്ടുള്ളവയല്ല മറിച്ച്, അമേരിക്കൻസമൂഹത്തിൻെറ ജനാധിപത്യപരവും വ്യക്തിനിഷ്ഠവുമായ ആദർശങ്ങളുമായി പൊരുത്തപ്പെടാത്തവയെന്നു വിശ്വസിക്കപ്പെട്ടിരുന്ന പ്രത്യേക ദൂഷ്യങ്ങളും യഥാർത്ഥ ന്യൂനത

കളും പരിഹരിക്കുന്നതിനുള്ള അഭിവാഞ്ഛയാണ് ഈ അലകൾക്കു ജന്മം നൽകിയതു്. ഒരേകാരണത്തെമാത്രം മുൻനിൎത്തി പരിഷ്കാരങ്ങൾ ഉണ്ടായിട്ടുമില്ല.

രാജ്യത്തൊട്ടാകെയുള്ള ഭിന്നഗ്രൂപ്പുകൾ, വിഭാഗങ്ങൾ, രാഷ്ട്രീയകക്ഷികൾ എന്നിവയ്ക്കിടയിൽ അനവരതം മാറിക്കൊണ്ടിരിക്കുന്ന സഖ്യങ്ങളുടേയും സംയോഗങ്ങളുടേയും ഫലമാണ് ഈ പരിഷ്കരണകാലങ്ങളിലെ സാമൂഹ്യ-സാമ്പത്തികനേട്ടങ്ങൾ. ഡെമോക്രാററിക്ക് കക്ഷി, റിപ്പബ്ളിക്കൻകക്ഷി എന്നീ ഇരുകക്ഷികളും അവയ്ക്കുമുമ്പുണ്ടായിരുന്നവയും പരമ്പരാഗതമായിത്തന്നെ ലിബറൽ-യാഥാസ്ഥിതികവിഭാഗങ്ങളേയും ഉൾക്കൊണ്ടിട്ടുള്ളവയാണ്. രണ്ടു പ്രമുഖ കക്ഷികളിലേതെങ്കിലും ഒന്നിനോട്ട് യോജിച്ചുനിന്നുകൊണ്ടോ, അഥവാ ഏതിലെങ്കിലും ലയിച്ചുകൊണ്ടോ മാത്രമേ കൂടുതൽ വ്യക്തിനിഷ്ഠയുള്ള "മൂന്നാം"കക്ഷികൾക്കു് സാധാരണയായി അവയുടെ പരിപാടികളുടെ ഒരംശം നേടിയെടുക്കാൻ കഴിഞ്ഞിരുന്നുള്ളു. എങ്കിലും അവയുടെ നിലനില്പാണ് ഡെമോക്രാററിക്ക്-റിപ്പബ്ളിക്കൻകക്ഷികൾക്കു് പരിഷ്കരണനടപടികൾക്കുവേണ്ടി വാദിക്കാനാവശ്യമായ ഉത്തേജനം പലപ്പോഴും നൽകിയിരുന്നതു്.

അനുകൂലികളുടെ ഈ വൈജാത്യംമൂലം പരിഷ്കരണകാലങ്ങളിലുണ്ടായിട്ടുള്ള മിക്കവാറും പരിവൎത്തനങ്ങൾ അനുരഞ്ജനങ്ങളായിരുന്നു. വ്യക്തിപരമായ അഭിലാഷങ്ങളുടെ സാക്ഷാൽക്കാരത്തിനു തുല്യമായ അവസരം നൽകുന്നതാണു നീതിയെന്നും, വ്യക്തികളുടെ സ്ഥിതിഗതികളും സമൂഹത്തിൻെറ സാഹചൎയ്യങ്ങളും ഒന്നാകെ അഭിവൃദ്ധിപ്പെടുത്തുന്നതു് യുക്തവും സാദ്ധ്യവുമാണെന്നും, സ്വയം അഭിവൃദ്ധിപ്പെടുന്നതിനുള്ള ജനങ്ങളുടെ പരിശ്രമങ്ങളെ വളൎത്തുവാനും സഹായിക്കുവാനും ഗവമ്മെൻറിനു് ചുമതലയുണ്ടെന്നും ഒരുവശത്തു് വിപുലമായ തോതിൽ അമേരിക്കക്കാൎക്കു ബോദ്ധ്യമുണ്ടു്. വ്യക്തിസ്വാതന്ത്ര്യത്തിൽ അമേരിക്കക്കാൎക്കുള്ള ദൃഢമൂലമായ താല്പൎയ്യം, ഗവമ്മെൻറു് ജനങ്ങളുടെ സഹായിമാത്രമാണെന്നും അധിപനല്ലെന്നുമുള്ള വിശ്വാസം, ജനങ്ങളുടെതന്നെ തീരുമാനങ്ങളിൽനിന്നും പരിശ്രമങ്ങളിൽനിന്നുമാണു് അഭിവൃദ്ധികൾ സംഭവിക്കേണ്ടതെന്ന ബോദ്ധ്യം എന്നിവയാണു് മറുവശത്തു്. ഉയൎന്നതോതിൽ കേന്ദ്രീകൃതമായ ആധികാരികസ്ഥാപനങ്ങളുടെ സഹായമില്ലാതെതന്നെ നേട്ടങ്ങളാൎജ്ജിച്ചതിനുള്ള കഴിവു് പ്രതിഫലിപ്പിക്കുന്നതു്, ഫലത്തിൽ, സാമൂഹ്യനീതിയും വ്യക്തിസ്വാതന്ത്ര്യവും തമ്മിൽ അമേരിക്കൻസമൂഹത്തിലുള്ള സൃഷ്ടിപരമായ ഈ സംഘൎഷത്തെയാണു്.

1800 മുതൽ 1840 വരെയുള്ള കാലത്താണ് ആദ്യത്തെ പ്രമുഖ പരിഷ്കരണപ്രസ്ഥാനം അമേരിക്കയിലൂടലെടുത്തത്. നേതൃത്വം നൽകിയിരുന്നവരുടെ പേരുകളിലാണ് ഈ പ്രസ്ഥാനത്തിൻെറ വിവിധഘട്ടങ്ങൾ അറിയപ്പെടുന്നത്. ജെഫേഴ്സോണിയൻജനാധിപത്യത്തിൻെറ ആദ്യഘട്ടവും പിന്നീട് ജാക്സോണിയൻജനാധിപത്യത്തിൻെറ കൂടുതൽ വിപ്ലവകരമായ കാലഘട്ടവും ഇതിൽ ഉൾപ്പെട്ടിരുന്നു. ഇവ രണ്ടും തമ്മിൽ വ്യത്യാസങ്ങളുണ്ടായിരുന്നുവെങ്കിലും അമേരിക്കക്കാരുടെ മിക്കവാറും ഗ്രൂപ്പുകൾക്ക് രാഷ്ട്രീയശക്തിയിലും രാഷ്ട്രീയപ്രക്രിയയിലുള്ള പങ്കാളിത്വത്തിലും യഥാർത്ഥത്തിലുള്ളതോ, അഥവാ സാദ്ധ്യമായതോ ആയ സമത്വം സിദ്ധിച്ചുവെന്നതാണ് ഇവയുടെ സംയുക്തഫലം. സാർവ്വത്രികവോട്ടവകാശം, നിയമനിർമ്മാണകരേയും ന്യായാധിപന്മാരേയും ജനങ്ങൾ തിരഞ്ഞെടുക്കുന്ന സമ്പ്രദായം, സ്റ്റേററ്-ലോക്കൽ ഗവണ്മെൻറുകളുടെമേൽ ജനകീയനിയന്ത്രണം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനഭരണഘടനകൾ പുതുക്കൽ, സാർവ്വത്രികമായ സൗജന്യവിദ്യാഭ്യാസത്തിൻെറ ആരംഭം എന്നിവയാണ് ചില പ്രധാനനേട്ടങ്ങൾ. ജെഫേഴ്സോണിയൻ-ജാക്സോണിയൻജനാധിപത്യത്തിന് ജനകീയപിന്തുണ നൽകിയ കർഷകരും നഗരതൊഴിലാളികളും ചില സാമ്പത്തികപരിഷ്കാരങ്ങളും നേടിയിരുന്നു. പശ്ചിമപ്രദേശത്തെ സർക്കാർവകഭൂമികൾ വിൽക്കുന്ന കാര്യത്തിൽ കൂടുതൽ ഉദാരമായ നയങ്ങൾ, പലിശകുറഞ്ഞ വായ്പ എളുപ്പം ലഭിക്കാനുള്ള സാദ്ധ്യത, അന്തർദ്ദേശീയവും തദ്ദേശീയവുമായ വ്യാപാരനിബന്ധനകൾ കാർഷികോല്പാദകർക്ക് കൂടുതൽ അനുകൂലമാക്കാൻ പര്യാപ്തമായവിധം താഴ്ന്ന താരിപ്പുനിരക്കുകളും മററു ഗവണ്മെൻറുനടപടികളും എന്നിവ കർഷകർക്ക് ലഭിക്കുകയുണ്ടായി. തൊഴിലാളിയൂണിയനുകളുടെ രൂപീകരണത്തേയും പണിമുടക്കുകളേയും നിരോധിക്കുന്ന സാംസ്ഥാനിക-പ്രാദേശികനിയമനിർമ്മാണങ്ങളുംകോടതിതീരുമാനങ്ങളും റദ്ദാക്കുന്നതിലും മാററിക്കുന്നതിലും തൊഴിലാളികൾ, പ്രത്യേകിച്ചും ഉത്തരപൂർവ്വദേശത്തെ പുതുതായി സ്ഥാപിതമായ വ്യവസായശാലകളിലെ തൊഴിലാളികൾ, വർദ്ധമാനമായതോതിൽ വിജയം കൈവരിക്കുകയുണ്ടായി.

1840-ൽ ആരംഭിച്ച ദശകത്തിലെ അവസാനവർഷങ്ങളിൽ അടിമത്വപ്രശ്നത്തിൻെറ ആവിർഭാവം രാഷ്ട്രീയകക്ഷികളുടേയും രാഷ്ട്രീയവേദികളുടേയും പുതിയ കൂട്ടുകെട്ടുകൾക്ക് കാരണമായിത്തുടങ്ങി. അടുത്ത ദശകത്തിൽ രൂപംകൊണ്ട പുതിയ സഖ്യംതന്നെ മഹത്തായ ഒരു പരിഷ്കരണസംരംഭമായിരുന്നു; തുടർന്നുവന്ന ആഭ്യന്തരയുദ്ധവേളയിലും പുനർനിർമ്മാണകാലത്തും ഈ സഖ്യത്തിനുണ്ടായ നാടകീയമായ വളർച്ച രാജ്യത്തിലെ എല്ലാവിഭാഗങ്ങളുടേയും സാമ്പത്തിക-സാമൂ

ഹ്യജീവിതത്തിന് രൂപഭേദം വരുത്തി. അടിമത്വം നിർമ്മാർജ്ജനം ചെയ്യപ്പെട്ടുവെന്നതുകൊണ്ടുമാത്രമല്ല ഈ വർഷങ്ങൾക്ക് പ്രാധാന്യമുള്ളതു്. നീഗ്രോകളെക്കൂടി പൂർണ്ണമായും സമത്വാടിസ്ഥാനത്തിലും, ചില പ്രദേശങ്ങളിൽ മിക്കവാറും അവർ മാത്രമായും, രാഷ്ട്രീയ-സാമ്പത്തികജീവിതത്തിൽ പങ്കെടുപ്പിക്കുന്നതിനു് പുനർനിർമ്മാണകുതുകികളായ റിപ്പബ്ലിക്കൻകാരുടെ, അലസിപ്പോയതാണെങ്കിലും, ദൃഢനിശ്ചയത്തോടുകൂടിയ പരിശ്രമങ്ങളുണ്ടായതിൻെറ പേരിലും ഈ വർഷങ്ങൾക്ക പ്രാധാന്യമുണ്ടു്. 1875-ഓടുകൂടി ചരക്കുല്പാദനവ്യവസായം ഉത്തരപ്രദേശങ്ങളിൽ ആധിപത്യം സ്ഥാപിച്ചു. സ്വതന്ത്രകുടിയിടങ്ങളുടെ പ്രചാരവും പുതിയ റെയിൽസൗകര്യങ്ങളും പടിഞ്ഞാറൻ പ്രദേശങ്ങളിൽ കർഷകരേയും ഇടയന്മാരേയും ഖനിപ്രവർത്തകരേയുംകൊണ്ടു് അതിവേഗം നിറയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇതിനെതിരെ, ദക്ഷിണപ്രദേശങ്ങൾ പ്രായേണ സാമ്പത്തികനിശ്ചലതയുടെ ഒരു ദീർഘകാലഘട്ടത്തിലേക്കു് പ്രവേശിക്കുകയാണുണ്ടായതു്. ആ ശതകത്തിൻെറ അന്ത്യത്തിൽ മാത്രമേ ഈ അവസ്ഥയിൽനിന്നും സാവധാനത്തിൽ ദക്ഷിണപ്രദേശങ്ങൾ ഉയർന്നുതുടങ്ങിയുള്ളു. ഈ സംഭവവികാസങ്ങൾ പഴയ പ്രശ്നങ്ങൾ ഊന്നിയുറപ്പിക്കുകയും പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയുംചെയ്തു. ഈ പ്രശ്നങ്ങളാണു് തുടർന്നുവന്ന പരിഷ്കരണപ്രസ്ഥാനങ്ങൾക്കു് ലക്ഷ്യങ്ങൾ നൽകിയതു്.

പൊതുവെ പറഞ്ഞാൽ, 1870-ൽ ആരംഭിച്ച ദശകത്തിലെ അവസാനവർഷങ്ങൾമുതൽ 1930-ൽ ആരംഭിച്ച ദശകത്തിൻെറ അവസാനംവരെ ഉണ്ടായിട്ടുള്ള തുടർച്ചയായ പരിഷ്കരണപ്രസ്ഥാനങ്ങൾക്കു് പൊതുവായ സവിശേഷതകളും കൂടുതൽ കൂടുതൽ ശക്തിയാർജ്ജിക്കുന്ന സ്വഭാവവും ഉണ്ടായിരുന്നു. ഈ പരിഷ്കരണശ്രമങ്ങൾ രാഷ്ട്രീയരൂപത്തിൽ സംഘടിപ്പിക്കുന്നതിനുള്ള പ്രധാന ഉത്തേജനം പശ്ചിമപ്രദേശങ്ങളിലെ കർഷകരിൽനിന്നാണാദ്യമുണ്ടായതു്. അല്പം കഴിഞ്ഞു് മററു അസംതൃപ്തഗ്രൂപ്പുകളും അവരോടു ചേരുകയുണ്ടായി. ആദ്യകാലത്തെ പോപ്പുലിസ്റ്റ്-പുരോഗമനകക്ഷികളും ഡെമോക്രാററിക്-റിപ്പബ്ലിക്കൻകക്ഷികളിലെ ലിബറൽവിഭാഗങ്ങളിലുള്ള സോഷ്യലിസ്റ്റ്-പുരോഗമനാശയക്കാരും അവരുടെ കൂടുതൽ വിപ്ലവകാരികളായ പിൻഗാമികളും വേർതിരിഞ്ഞുപോയവരും എല്ലാവരും തന്നെ, 1930-ൽ ആരംഭിച്ച ദശകത്തിലെ ന്യൂഡീൽ കാലഘട്ടത്തിൽ പ്രചാരത്തിലിരുന്നിരുന്ന വാക്കുകളിൽ, "പ്രത്യേകാവകാശം കുറഞ്ഞ" അമേരിക്കക്കാർക്കു് കൂടുതൽ സാമൂഹ്യനീതിയും സാമ്പത്തികക്ഷേമവും നേടുന്ന കാര്യത്തിൽ അടിസ്ഥാനപരമായി ഒരുപോലെ താല്പര്യമുള്ളവരായിരുന്നു.

"പ്രത്യേകാവകാശം കുറഞ്ഞവർ" എന്നതിനുള്ള നിർവ്വചനം വിഭാഗങ്ങൾതോറും ദശകങ്ങൾതോറും വ്യത്യസ്തമായിരുന്നു. വ്യവസായ വൽക്കൃതമായ വടക്കൻപ്രദേശങ്ങളിലും മദ്ധ്യപശ്ചിമപ്രദേശങ്ങളിലും പ്രധാനമായും വ്യാവസായികതൊഴിലാളികളായിരുന്നു പ്രത്യേകാവകാശം കുറഞ്ഞവർ. എന്നാൽ പിന്നീട്, തൊഴിലാളിയൂണിയനുകളിൽ താല്പര്യങ്ങൾ സംരക്ഷിതമല്ലാതിരുന്ന വൻകിട ഉല്പാദനവ്യവസായങ്ങളിലേയും മററു സംഘടിതവ്യവസായങ്ങളിലേയും തൊഴിലാളികളായിത്തീർന്നു പ്രാഥമികമായും "പ്രത്യേകാവകാശം കുറഞ്ഞവർ." കാർഷികപ്രാധാന്യമുള്ള പശ്ചിമപ്രദേശങ്ങളിലാകട്ടെ, നീതിപൂർവ്വകമായ വിലനിരക്കുകളും വരുമാനങ്ങളും ലഭിക്കുന്നില്ലെന്നു തോന്നിയിരുന്ന, പ്രധാനമായും കുടുംബകൃഷിത്തോട്ടങ്ങൾ നടത്തിക്കൊണ്ടിരുന്ന, കർഷകരാണ് ഈ സംജ്ഞയിൽ ഉൾപ്പെട്ടിരുന്നത്. ദക്ഷിണപ്രദേശങ്ങളിൽ രാഷ്ട്രീയമായി സജീവവും അസംതൃപ്തവുമായ വിഭാഗം ആദ്യം വെള്ളക്കാരായ ചെറുകിടകർഷകരായിരുന്നു. എന്നാൽ 1930-ൽ ആരംഭിച്ച ദശകത്തിൽ തെക്കൻനീഗ്രോകളുടെ ദുരിതങ്ങൾ ദക്ഷിണപ്രദേശങ്ങൾക്കുപുറത്തു മാത്രമല്ല, ദക്ഷിണസംസ്ഥാനങ്ങൾക്കകത്തുതന്നെയും വർദ്ധമാനമായ ആശങ്ക വളർത്താൻ തുടങ്ങി. ആയസേതരലോഹങ്ങളുടെ വിലനിരക്കുകൾ വളരെ ഇടിഞ്ഞിരുന്ന സന്ദർഭങ്ങളിൽ മലമ്പ്രദേശസംസ്ഥാനങ്ങളിലെ പ്രധാന ഖനിവ്യവസായങ്ങളാണ് ഗവമ്മെൻറിൻെറ സഹായം തേടിയത്. തങ്ങൾക്കു വേണ്ടത്ര ഗതാഗത-വൈദ്യുതസൗകര്യങ്ങൾ നൽകണമെന്ന് ശാന്തസമുദ്രതീരപ്രദേശത്തെ ബിസിനസ്സുകാരും കർഷകരും ഉപഭോക്താക്കളും ആവശ്യപ്പെട്ടതു് അവരുടെ സംയുക്തതാല്പര്യങ്ങളുടെ പേരിലായിരുന്നു.

പരിഷ്കരണഗ്രൂപ്പുകൾ സാധാരണയായി രണ്ടുതരം നിയമനിർമ്മാണം ആവശ്യപ്പെട്ടു. "പ്രത്യേകാവകാശം കുറഞ്ഞവ"രുടെ ചില അവകാശങ്ങൾ ഗവമ്മെൻറ് പ്രാബല്യത്തിൽ വരുത്തുകയോ, അഥവാ കൂടുതൽ പ്രബലഗ്രൂപ്പുകളുടെ അനീതിപരവും അനഭിലഷണീയവുമായ ശീലങ്ങളെ നിയന്ത്രിക്കുകയോ ആയിരുന്നു ഒരുതരം നിയമനിർമ്മാണത്തിൻെറ ഉദ്ദേശം. 1930-ലാരംഭിച്ച ദശകത്തിലെ തൊഴിലാളി-മാനേജ്മെൻറ് നിയമനിർമ്മാണം ഇക്കാര്യത്തിൽ ഒരു പ്രധാന ഉദാഹരണമാണ്. യഥേഷ്ടം തൊഴിലാളിയൂണിയനുകൾ സംഘടിപ്പിക്കാനും കൂട്ടായ വിലപേശൽ നടത്താനുമുള്ള തൊഴിലാളികളുടെ അവകാശങ്ങൾക്ക് ഈ നിയമനിർമ്മാണം നിയമസാധുത നൽകിയെന്നതിനുപുറമേ, ഈ അവകാശങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള ഭരണയന്ത്രവും ഏർപ്പെടുത്തുകയുണ്ടായി. നീഗ്രോകൾക്കെതി

രെയും മററു വംശീയ-മതന്യൂനപക്ഷങ്ങൾക്കെതിരെയുമുള്ള എല്ലാ തരം വിവേചനങ്ങളേയും നിരോധിക്കുന്നതിനു ശ്രമിക്കുന്ന, ഭാഗിക മായിമാത്രം ഇതുവരെ വിജയിച്ചിട്ടുള്ള, കേന്ദ്രനിയമനിർമ്മാണമാണ് സാമൂഹ്യരംഗത്തെ സംബന്ധിച്ചേടത്തോളം ഒരു ഉദാഹരണം. തീവ ണ്ടിചാർജ്ജുകളും ചീത്തവഴക്കങ്ങളും നിയന്ത്രിച്ചതും ട്രസ്ററുവിരുദ്ധ നിയമനിർമ്മാണവും ഇനിയും മററുചില ഉദാഹരണങ്ങളാണ്.

ദയനീയമായ സാമ്പത്തികനിലയോ, അഥവാ സാമ്പത്തിക മായി വിലപേശാൻ സ്വാഭാവികമായി ബലക്കുറവോ ഉള്ള ഗ്രൂപ്പുക ളുടെ താഴ്ന്ന വരുമാനനിലവാരങ്ങൾ, അഥവാ ക്ഷേമം, വളർത്താ നുള്ള ഗവമ്മെൻറുപരിപാടികളെയാണ് രണ്ടാമത്തെതരം നിയ മനിർമ്മാണം സാധാരണയായി ഉന്നംവെച്ചിരുന്നത്. കൂലിനിരക്ക്, തൊഴിൽസമയം, പ്രായാധിക്യംവന്നവരുടേയും ശേഷക്കാരുടേയും ഇൻഷുറൻസ്, ചേരിനിർമ്മാർജ്ജനത്തിനും താഴ്ന്ന വരുമാനഗ്രൂപ്പുക ളുടെ ഭവനനിർമ്മാണത്തിനുമുള്ള കേന്ദ്രസഹായം, പ്രത്യേക ഗ്രൂപ്പുക ളുടെ സാമ്പത്തികനില അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഫെഡറൽ-സ്റ്റേററ്-ലോക്കൽഗവമ്മെൻറുകളുടെ മററു പലതരം ചിലവിനങ്ങൾ എന്നിവസംബന്ധിച്ച നിയമനിർമ്മാണങ്ങൾ രണ്ടാ മത്തെ ഇനത്തിൽപെടും.

അമേരിക്കൻസമൂഹത്തിലെ അന്തസ്യൂതമായ ഈ സ്വയംവിമർശ നവും തൽഫലമായുള്ള പരിഷ്കാരങ്ങളും, സ്വാതന്ത്ര്യസമാരംഭസമ്പ്രദാ യത്തിൽ "ജനങ്ങളുടെ ദുരിതം" വദ്ധിക്കുമെന്നും ഗവമ്മെൻറ് "ഭര ണവർഗ്ഗത്തിൻെറ ഒരു കാര്യനിർവ്വഹണസമിതി മാത്രമാണെ"ന്നുമുള്ള മാർക്സിസ്റ്റുവാദങ്ങളെ ശക്തിയായി നിഷേധിക്കുന്നവയാണ്. വ്യവ സായത്തലവന്മാരുടെയും ക്രൂററൻ കോർപ്പൊറേഷനുകളുടെയും രാഷ്ട്രീ യ-സാമ്പത്തികാധികാരം മാർക്സിസ്റ്റ്സിദ്ധാന്തം വിവക്ഷിക്കുന്ന ത്രയും ഒരിക്കലും വളന്നിട്ടില്ല. അങ്ങിനെ അധികാരം വളരുന്നതു തട യാൻ കാഷിക-തൊഴിൽഗ്രൂപ്പുകളിൽ വേരൂന്നിയ ജനകീയപരിഷ്ക രണപ്രസ്ഥാനങ്ങൾ ഉപകരിച്ചുവെന്നതിനുപുറമെ, അമേരിക്കൻ സമ്പ്രദായത്തിലെ സ്ഥാപനപരമായ ന്യൂനതകൾ പരിഹരിക്കാനുള്ള യത്നത്തിൽ സ്വയം പങ്കാളികളാകാനാരംഭിക്കത്തക്കവിധം വ്യവസാ യികളുടെ ചിന്താഗതി വളരാൻ ഒന്നോ രണ്ടോ തലമുറമാത്രമേ കഴി യേണ്ടിയിരുന്നുമുള്ളു.

പരിഷ്കരണത്തിലേക്കുള്ള ഓരോചുവടുവെപ്പും അങ്ങേയററംവരെ എതിർത്ത വ്യക്തികളും ചെറിയവയും, എന്നാൽ സുശക്തവുമായ ഗ്രൂപ്പുകളും എല്ലാക്കാലത്തുമുണ്ടായിരുന്നു. പരിഷ്കരണത്തിൻെറപ്രത്യേ

കലക്ഷ്യങ്ങളും രീതികളും സംബന്ധിച്ച് കടുത്ത വിവാദങ്ങൾ പലപ്പോഴും ഉണ്ടായിട്ടുമുണ്ട്. ആവശ്യമാണെന്നും അഭിലഷണീയമാണെന്നും പരക്കെ ബോദ്ധ്യമായിരുന്ന പരിഷ്കരണങ്ങൾ തടയാനല്ല, മന്ദഗതിയിലാക്കാനും മയപ്പെടുത്താനും മാത്രമാണ് ഈ വിവാദങ്ങൾക്കുകഴിഞ്ഞത്. പരിഷ്കരണത്തിനും അഭിവൃദ്ധിക്കും പൂർണ്ണമായും അടിസ്ഥാനപരമായും എതിരായിരുന്ന ഒരു പ്രധാനഗ്രൂപ്പും അമേരിക്കൻസമൂഹത്തിലുണ്ടായിട്ടില്ല. വർദ്ധമാനമായ നീതിയിലും ക്ഷേമത്തിലും ഉടനടിയോ പിന്നീടോ പങ്കാളികളാകാൻ എല്ലാവർക്കും കഴിയുമാറ് പ്രധാനസാമൂഹ്യഗ്രൂപ്പുകൾക്കിടയിൽ സ്വാധീനശക്തി പര്യാപ്തമായ വിധം വിതരണംചെയ്യപ്പെട്ടിരുന്നു.

പരിഷ്കരണത്തിൻെറ അനിവാര്യത അംഗീകരിക്കുന്നതിലും പ്രായോഗികപരിഷ്കരണങ്ങൾക്കുള്ള കഴിവിലും അമേരിക്കൻസമൂഹത്തിലെ എല്ലാ പ്രധാനഗ്രൂപ്പുകൾക്കുമുള്ള പ്രധാനപരീക്ഷണം 1930-ൽ ആരംഭിച്ചദശകത്തിലെ സാമ്പത്തികത്തകർച്ചവേളയിൽ സംഭവിച്ചു. ഇടിയുന്ന വില്പനയും അപ്രത്യക്ഷമാകുന്ന ആസ്തികളും ബിസിനസ്സുകാരെ തളർത്തിക്കളഞ്ഞു. കർഷകർക്ക് അവരുടെ കൃഷിയിടങ്ങളുംവിപണികളുംനഷ്ടപ്പെട്ടുകൊണ്ടിരുന്നു പ്രത്യക്ഷത്തിൽ അനന്തമായ തൊഴിലില്ലായ്മ തൊഴിലാളികളെ അഭിമുഖീകരിച്ചു. വീടുനഷ്ടപ്പെട്ടവരും സമ്പാദ്യങ്ങളുണ്ടായിരുന്നവരും ബാങ്കുനിക്ഷേപങ്ങളും ഇൻഷുറൻസ് പോളിസികളും തുടച്ചുമാററപ്പെടുന്നത് നിസ്സഹായരായി നോക്കിനിന്നു. ഞെട്ടലുണ്ടാക്കുന്ന ഈ സംഭവവികാസങ്ങളത്രയുംചേർന്ന് നിരാശയുടെയും നിഷ്ഫലതയുടെയും ക്രോധത്തിൻെറയും ഒരു ബോധമാണ് ജനങ്ങളിൽ സംജാതമാക്കിയത്. വിശ്വാസം വീണ്ടുംവളർത്താൻ പ്രയോജനമില്ലാതെ അഭ്യർത്ഥനകൾ നടത്തുകയും ചിലവുകൾ വെട്ടിക്കുറച്ചും നികുതികൾ വർദ്ധിപ്പിച്ചും, ഉദ്ദേശപൂർവമല്ലാതെ, ഫലപ്രദമായ ആവശ്യത്തെ ലഘൂകരിക്കുകയും ചെയ്യുന്നതിൽക്കവിഞ്ഞ് ഒന്നും ചെയ്യാനില്ലാത്തപോലെയാണ് ഫെഡറൽ-സ്റ്റേററ്ഗവൺമെൻറുകളും തെല്ലിട വർത്തിച്ചത്. തുടർന്ന്, അമേരിക്ക അതിവേഗം തന്നെ ഫാസിസ്റ്റ് ഇററലിയുടെയോ നാസിജർമ്മനിയുടെയോ കമ്മ്യൂണിസ്ററുറഷ്യയുടെയോ സർവാധിപത്യമാർഗങ്ങൾ അനുവർത്തിക്കുമെന്ന് ചില നിരീക്ഷകന്മാർ വിശ്വാസപൂർവം പ്രവചിക്കുകയുണ്ടായി. എന്നാൽ ഇടതുപക്ഷത്തിൻെറയോ വലതുപക്ഷത്തിൻെറയോ ഇത്തരം വിപ്ലവകരമായ നിർദ്ദേശങ്ങൾ അമേരിക്കക്കാരിൽ നിസ്സാരമായ ഒരുവിഭാഗം മാത്രമാണ് ചെവിക്കൊണ്ടത്.

നിരാശരും ഭയചകിതരുമായിരുന്നെങ്കിലും മിക്കവാറും അമേരിക്കക്കാർ, മുഴുവൻ സാമ്പത്തിക-സാമൂഹ്യസമ്പ്രദായത്തിൻെറയും

അടിസ്ഥാനപരമായ ഒരു പുനസ്സംഘടനയെന്നതിനേക്കാൾ, സാമ്പത്തികത്തകർച്ചയുടെ പ്രത്യേക ദൂഷ്യഫലങ്ങൾ പരിഹരിക്കാനുള്ള സത്വരനടപടികളിലാണ് കൂടുതലും താൽപര്യം കാണിച്ചതു്. അങ്ങിനെ, കൃഷിക്കാർ കാർഷികവിലനിരക്കുകൾക്കു താങ്ങുനൽകുന്ന പരിപാടിയും ഋണപണയം അവസാനിപ്പിക്കുന്നതിന്നെതിരെയുള്ള സംരക്ഷണവും ആഗ്രഹിച്ചു. തൊഴിൽസൌകര്യങ്ങൾ സൃഷ്ടിക്കാനുതകുന്ന പൊതുമരാമത്തുപരിപാടികൾക്കും തൊഴിലില്ലായ്മ ഇൻഷുറൻസിനും ആശ്വാസത്തിനും വേണ്ടി തൊഴിലാളികൾ സമ്മർദ്ദം ചെലുത്തി. വീട്ടുപണയത്തിനു് ഉറപ്പുനൽകുന്നതിലാണു് വീട്ടുടമസ്ഥന്മാർക്കു താൽപര്യമുണ്ടായിരുന്നതു്. ബാങ്കുനിക്ഷേപങ്ങൾക്കു് കേന്ദ്ര ഇൻഷുറൻസ് ഏർപ്പെടുത്തുന്നതിലും കടപത്രവിപണികളിൽ ഗവണ്മെൻറ് മേൽനോട്ടം നടത്തുന്നതിലും സമ്പാദ്യക്കാരും തൽപ്പരരായിരുന്നു. ഇങ്ങിനെ വിഭിന്നവിഭാഗങ്ങൾ വ്യത്യസ്തമായ അടിയന്തിര നടപടികളിലാണ് താൽപര്യം കാണിച്ചിരുന്നതു്.

സാമ്പത്തികതകർച്ചകളുടെ സ്വഭാവത്തെക്കുറിച്ചുള്ള അപര്യാപ്തമായ ധാരണയും കാലഹരണംവന്ന പരിഹാരമാർഗങ്ങളും മുൻധാരണകളും ഉപേക്ഷിക്കാതിരിക്കലും ചേർന്ന് വേണ്ടത്ര ഫലപ്രദമാകുന്ന പുനരുദ്ധാരണനടപടികൾ സ്വീകരിക്കുന്നതിനെ തടസ്സപ്പെടുത്തുകയുണ്ടായെന്നതും വൻതോതിലുള്ള തൊഴിലില്ലായ്മ 1930-ലാരംഭിച്ച ദശകത്തിൻെറ അവസാനംവരേയും തുടർന്നുനിലനിന്നുവെന്നതും ശരിയാണ്. എന്നാൽ, പൂർണ്ണമായ പുനരുദ്ധാരണത്തിനു് കാലതാമസം വന്നുവെങ്കിലും അഭ്യന്തരയുദ്ധക്കാലത്തിനുശേഷം തുടങ്ങിവച്ചിരുന്ന പല സാമൂഹ്യ-സാമ്പത്തികപരിഷ്കരണപരിപാടികളും ന്യൂഡീൽ വർഷങ്ങളിൽ പൂർത്തിയാകുകയും ഫലദായകമായിത്തീരുകയും ചെയ്തു.

1930-ൽ ആരംഭിച്ച ദശകത്തിലെ സാമ്പത്തികത്തകർച്ചയുടെ ആഘാതത്തെത്തുടർന്ന്, മുൻകാലങ്ങളിൽ അസാദ്ധ്യമായിരുന്ന പരിഷ്ക്കരണങ്ങൾ താരതമ്യേന വേഗത്തിൽ സാദ്ധ്യമാകത്തക്കവിധം സൃഷ്ടിപരമായ പരിഷ്ക്കരണനടപടികൾക്കുള്ള ആവശ്യം വിപുലമായി അംഗീകരിക്കപ്പെടുകയും അവയോടുള്ള എതിർപ്പിന് ശക്തിക്ഷയിക്കുകയും ചെയ്തു. ഇതിനുപുറമെ 1940-ൽ ആരംഭിച്ച ദശകത്തിലേയും അടുത്ത ദശകത്തിലേയും ഗണ്യമായ സാമ്പത്തികവളർച്ചയില്ലായിരുന്നെങ്കിൽ ഈ പല പരിഷ്ക്കരണനടപടികളും വിജയിക്കുകയില്ലായിരുന്നു. തകർച്ചയുടെ അഗാധതയിൽനിന്നുള്ള സാമ്പത്തികവളർച്ചയുടെ പുനരാരംഭം കൂലിനിരക്കുകളിലും മററുവരുമാനങ്ങളിലും, നിശ്ചലമായ ദേശീയവരുമാനത്തിൻെറ പുനർവിതരണംകൊണ്ടു് സാധിക്കുന്നതി-

നേക്കാൾ വളരെക്കൂടുതൽ വർദ്ധനകളനുവദിക്കുകയുണ്ടായി. സാമ്പത്തികപ്രവർത്തനങ്ങളെ തളർത്തത്തക്കവിധത്തിൽ ദേശീയോൽപ്പന്ന വിതരണം സംബന്ധിച്ച് അഭ്യന്തരതർക്കങ്ങളും സംഘട്ടനങ്ങളും ഒഴിവാക്കാൻ വരുമാനത്തിലുള്ള ഉയർച്ച് അമേരിക്കയ്ക്കു കഴിവുനൽകുകയും ചെയ്തു.

അങ്ങിനെ, അമേരിക്കൻസമ്പദ്‌വ്യവസ്ഥ സത്വരമായ പരിണാമത്തിന്റെ ഒരു പ്രക്രിയയിലാണ് വർത്തിച്ചിട്ടുള്ളത്. ഒരു സന്ദർഭത്തിൽ വളരെ ഗൌരവമായിത്തോന്നിയ ചിലപ്രശ്നങ്ങൾ വളരെ വേഗം നിരർത്ഥകമായിത്തീരുകയും പിന്നീടുയർന്നുവന്ന വ്യത്യസ്തപ്രശ്നങ്ങൾ അവയുടെ പ്രാധാന്യത്തെ താഴ്ത്തിക്കളയുകയും ചെയ്തുകൊണ്ടിരിക്കത്തക്കവിധം പരിണാമം ചിലപ്പോൾ സത്വരമായിരുന്നു. അംഗീകരിക്കപ്പെട്ട ചില നയനങ്ങൾ—ഉദാഹരണത്തിനു്, തകർച്ച്യുടെയും യുദ്ധത്തിന്റെയും ഘട്ടങ്ങളിൽ കൈക്കൊള്ളപ്പെട്ടവ—താൽക്കാലികം മാത്രമായിരുന്നപ്പോൾ, മററുചില നയങ്ങൾക്ക് അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിൽ സ്ഥായിയായ ഒരാഘാതം ഏല്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

പരിവർത്തനം ഇനിയും അവസാനിച്ചിട്ടമില്ല. സാമ്പത്തിക-സാമൂഹ്യചക്രവാളങ്ങളിൽ പുതിയപ്രശ്നങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അവ നേരിടുന്നതിനുള്ള നയങ്ങൾ ആവിഷ്കരിക്കേണ്ടതുമുണ്ട്. നിലവിലുള്ളവയും മുൻകൂട്ടി കാണാൻ കഴിയുന്നവയുമായ കുറവുകളത്രയും പരിഹരിക്കേണ്ടതെങ്ങിനെയെന്ന് അറിയാമെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. ഉയർന്നുവരുന്ന ഈ പ്രശ്നങ്ങളുമായി പല പഴയ ആശയങ്ങളും പരിഹാരമാർഗ്ഗങ്ങളും പൊരുത്തപ്പെടുന്നില്ലെന്നതും പുതിയ സമീപനങ്ങൾ ആവശ്യമാണെന്നതും കാലഘട്ടത്തിന്റെ ഒരു വെല്ലുവിളിയാണ്.

ഭാവിയിൽ അഭിലഷണീയമായ ഒരു സാമൂഹ്യ-സാമ്പത്തിക ജീവിതമെന്താണെന്നതിന്റെ ഒരു പ്രതിരൂപം അനുക്രമം വളർത്തിയെടുക്കുന്നതാണ് ഈ പ്രശ്നങ്ങളുടെ പരിഹാരത്തിന് പ്രധാനമായി ചെയ്യേണ്ടതു്. സമൃദ്ധിയാണ് സാമ്പത്തികലക്ഷ്യമെന്നു പറയുന്നതു് വളരെയേറെ അസ്പഷ്ടമായിരിക്കും. ജീവിതം നിലനിൎത്താനാവശ്യമായ ഏററവും ചുരുങ്ങിയ നിലവാരത്തിൽനിന്ന് എല്ലാ വരുമാനങ്ങളും ഗണ്യമായി ഉയർത്തുന്നതു് കൂടുതൽ വ്യക്തവും അടിയന്തിരവുമായ ലക്ഷ്യമാണ്. രാജ്യത്തെ സാംസ്കാരികജീവിതത്തിൽ എല്ലാവർക്കും സ്രഷ്ടാത്മകമായി ഭാഗഭാക്കുകളാകാൻ കഴിയത്തക്കവിധം ഓരോരുത്തർക്കും വേണ്ടത്ര ഒഴിവുസമയവും പര്യാപ്തമായത്ര വിപുലമായ വിദ്യാഭ്യാസവും നൽകുന്നതു് നമുക്കു പ്രാപിക്കാവുന്ന മറെറാരു ലക്ഷ്യമാണ്.

എല്ലായിടത്തും കാണുന്ന അഭിനിവേശങ്ങളാണിവ. എന്നാൽ ഇവയ്ക്കുപുറമേ, ലോകത്തിലെ മററു ഭാഗങ്ങളേക്കാം അമേരിക്കയിൽ കൂടുതൽ സന്ദർഭങ്ങളിലും കൂടുതൽ ശക്തമായും പ്രകടിപ്പിക്കപ്പെട്ടിട്ടുള്ള മറെറാരു ലക്ഷ്യംകൂടിയുണ്ട്. സാമ്പത്തികസുരക്ഷിതത്വത്തിന്റേയും വ്യക്തിസ്വാതന്ത്ര്യത്തിന്റേയും ഒരു ബോധം അങ്കുരിപ്പിക്കുന്നതിന് എല്ലാ അമേരിക്കക്കാർക്കും വേണ്ടത്ര സ്വത്തുണ്ടായിരിക്കണമെന്നതാണ് ആ ലക്ഷ്യം. അമേരിക്കയുടെ ചരിത്രത്തിന്റെ ആദ്യകാലംമുതൽതന്നെ ഈ ലക്ഷ്യം തേടിത്തുടങ്ങിയതാണ്. 1862-ലെ ഹോംസ്റ്റേഡ് ആക്ട് ഈ ലക്ഷ്യത്തിന്റെ ഒരു പ്രധാന പ്രകാശനമായിരുന്നു. ഓരോ അമേരിക്കക്കാരനും, അയാൾക്കു താല്പര്യമുണ്ടെങ്കിൽ, അയാളുടെ കുടുംബാവശ്യങ്ങൾക്കു പര്യാപ്തമായത്രയും സ്വത്ത് കൈവശമുണ്ടായിരിക്കണമെന്നതാണ് ഈ നിയമത്തിന്റെ അന്തർലീനമായ സിദ്ധാന്തം. വ്യക്തിപരമായ സ്വത്തുടമസ്ഥതയിലൂടെ സാമ്പത്തികസുരക്ഷിതത്വമെന്ന ഈ ആദർശം അമേരിക്കയിലുണ്ടായിരുന്നുവെന്നതാണ്, ഒരുപക്ഷേ, ഗവമെൻറിന്റെ ആഭിമുഖ്യത്തിലുള്ള സാമൂഹ്യസുരക്ഷിതത്വനടപടികൾക്കുവേണ്ടിയുള്ള പ്രവത്തനങ്ങൾക്ക് യൂറോപ്പിലുണ്ടായതിനേക്കാൾ വളരെ താമസം വന്നതിനുള്ള കാരണങ്ങളിലൊന്ന്. ഗവമെൻറിന്റെ സാമൂഹ്യസുരക്ഷിതത്വനടപടികൾ പ്രാധാന്യമർഹിക്കുന്നവയാണെന്നും അടിയന്തിരവും ജീവസന്ധാരണപരവുമായ ആവശ്യങ്ങൾ നേരിടാൻ അവ പര്യാപ്തമായിരിക്കണമെന്നും, അതേസമയംതന്നെ സ്വകാര്യസ്വത്തിന്റെ വിതരണം വിപുലീകരിക്കുന്നതു് അത്യന്തം അഭിലഷണീയമായ, തുടരുന്ന ഒരു ലക്ഷ്യമായി നിലനിൽക്കുന്നുവെന്നും മിക്കവാറും അമേരിക്കക്കാർ ഇന്നു വിശ്വസിക്കുന്നുണ്ട്.

തുടൎന്നുവരുന്ന അദ്ധ്യായങ്ങളിൽ ഭാവിയിലെ പ്രശ്നങ്ങളേയും കൂടുതൽ അടിയന്തിരപ്രാധാന്യമുള്ള പ്രശ്നങ്ങളേയും ഞങ്ങൾ കൈകാര്യംചെയ്യുന്നതാണ്. സാമ്പത്തികവളച്ചയ്ക്കു പര്യാപ്തമായ ഒരു നിരക്കു നേടുക, സാമാന്യമായി പൂർണ്ണതൊഴിൽസാഹചര്യവും അഭികാമ്യമായതോതിൽ വിലസ്ഥിരതയും നിലനിത്തുക, കുത്തക തടയുക എന്നിവ അടിയന്തിരപ്രശ്നങ്ങളാണ്. ഇവയ്ക്കു പുറമേ വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം എന്നിവ ആധുനികസാങ്കേതികശാസ്ത്രത്തിന്റേയും അന്താരാഷ്ട്രീയപ്രശ്നങ്ങളുടേയും ആവശ്യാനുസരണം പൊരുത്തപ്പെടുത്തുന്നതിനും മൂലധനം, ചരക്കുകൾ, വിജ്ഞാനം എന്നിവയുടെ അന്താരാഷ്ട്രപ്രവാഹം പോഷിപ്പിക്കുന്നതിനും പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുകയും വളൎന്നുവരുന്ന ഒരു ലോകജനസംഖ്യയുടെ ആവശ്യത്തിനുതകുംവിധം ഇന്ധനശക്തിക്കും അസംസ്കൃതപദാ

ത്ഹങ്ങൾക്കും ഇന്നുള്ളവയ്ക്കുപകരം ഉപയോഗിക്കാവുന്ന മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നതിനും നമുക്കുള്ള കഴിവ് അഭിവൃദ്ധിപ്പെടുത്തേണ്ടതുമുണ്ടു്.

ഒരു സ്വതന്ത്രജനാധിപത്യസമൂഹത്തിന്റെ ചട്ടക്കൂട്ടിനകത്തു തന്നെ ഈ കടമകൾ നിർവ്വഹിക്കാൻ കഴിയുമെന്നും നിർവ്വഹിക്കപ്പെടുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. തങ്ങളുടെ സ്വന്തം പ്രവർത്തനമണ്ഡലങ്ങളിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ വകതിരിച്ചറിഞ്ഞു് നേരിടുന്നതിൽ അമേരിക്കൻകർഷകരും ബിസിനസ്സുകാരും തൊഴിലാളികളും പ്രത്യേക താല്പര്യമുള്ള മററു ഗ്രൂപ്പുകളും ഉദാസീനരോ ബലഹീനരോ ആയിത്തീരുന്നതിന്റെ യാതൊരു സൂചനയും ഞങ്ങൾ കാണുന്നില്ല. സ്വന്തം വ്യക്തിതാൽപര്യത്തെ മുൻനിർത്തി സാമ്പത്തികപരിഹാരം തേടുന്നതിനുള്ള അവകാശം ഉപയോഗിക്കുന്ന കാര്യത്തിൽ ഈ ഓരോ ഗ്രൂപ്പും സ്വന്തം സാമ്പത്തിക-രാഷ്ട്രീയശക്തിയുടെ സാമൂഹ്യമായി ഉത്തരവാദിത്വത്തോടുകൂടിയ ഉപയോഗവും ദുരുപയോഗവും തമ്മിൽ വേർതിരിച്ചു കാണുന്നതിനു് കനത്ത ചുമതലയാണു വഹിക്കുന്നതു്. പൊതുക്ഷേമത്തെ മുൻനിർത്തി അഭിലഷണീയമായ സാമ്പത്തികപ്രവർത്തനങ്ങൾക്കും പെരുമാററങ്ങൾക്കും മാനദണ്ഡങ്ങൾ വളർത്തിയെടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നങ്ങൾക്കുള്ള സ്വീകാര്യമായ പരിഹാരങ്ങൾ ആവിഷ്കരിക്കപ്പെടുമെന്നുള്ള വിശ്വാസം അമേരിക്കൻ ജനതയുടെ ഓജസ്സും രാഷ്ട്രീയ-സാമൂഹ്യസ്ഥാപനങ്ങളുടെ ആയമ്യതയും, ഇവയ്ക്കു പുറമേ രാജ്യത്തിന്റെ വികാസചരിത്രവും വളർത്തുന്നുണ്ടു്.

# സാമ്പത്തികവളർച്ചയിൽ സമതുലിതാവസ്ഥ IX

ഉൽപാദനക്ഷമതയെപ്പോലെതന്നെ സാമ്പത്തികവളർച്ചയും സ്ഥിരതയും ഏതെങ്കിലും "പ്രകൃതി"നിയമത്തിൽനിന്നും സ്വയമേവ സംഭവിക്കുന്നില്ല. സാങ്കേതികവിജ്ഞാനം, തൊഴിലാളികൾ, മാനേജ്മെൻറ്, മൂലധനം, പ്രകൃതിവിഭവങ്ങൾ, യുക്തമായ ഗവണ്മെൻറു നയങ്ങൾ എന്നിവയുടെ ചില സംയുക്തപ്രവർത്തനങ്ങൾ ഉല്പാദനക്ഷമതയുടെ വർദ്ധനയ്ക്കാവശ്യമാണ്. ഉൽപാദനക്ഷമതയിലുള്ള നേട്ടങ്ങൾ ഇവയ്ക്കുപുറമേ വിപണികളുടെ ക്രമമായ വികാസത്തേയും ആശ്രയിക്കുന്നുണ്ട്. ഗുരുതരമായ സാമ്പത്തിക ഏററയിറക്കങ്ങൾ, സ്ഥിരമായ വിലക്കയററം, ഘടനപരമായ ദൃഢത എന്നിവമൂലം വിപണികളുടെ അനുസ്യൂതമായ വികാസം തകരാറിലാകാം. അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ ഭാവി വളരെ ആശാവഹമാണെങ്കിലും സംഭവ്യമായ ഈ ത്രിവിധഭീഷണികൾമൂലം സാമ്പത്തികവളർച്ചയും സ്ഥിരതയും ഉണ്ടായിക്കൊള്ളുമെന്ന് ഉറപ്പിച്ചുകൂടാ. ഏററവും അടിയന്തിരമായ ദേശീയലക്ഷ്യങ്ങളും പൊതുക്ഷേമവും നേടുന്നതിന് ഏററവും മഹത്തായ സംഭാവനനൽകുന്ന പ്രത്യേകതരം ചരക്കുകളും സേവനങ്ങളും വികസിച്ചുവരുന്ന നമ്മുടെ സമ്പദ്‌വ്യവസ്ഥ സ്വയമേവ പ്രദാനം ചെയ്യുമെന്നും നമുക്കുറപ്പിക്കാൻ നിവൃത്തിയില്ല.

## ഉല്പാദനസാദ്ധ്യതയുടെ വളർച്ചയും അതിൻെറ ഉപയോഗവും

രാഷ്ട്രത്തിൻെറ ഉൽപാദനവിഭവങ്ങൾ ഉപയോഗിക്കുന്നതു സംബന്ധിച്ച തീരുമാനങ്ങളെടുക്കുന്നതിന് മൂന്നു മാർഗ്ഗങ്ങൾ അമേരിക്കൻസമ്പദ്‌വ്യവസ്ഥയിലുണ്ട്. (1) തങ്ങളുടെ പണം ചിലവാക്കി വാങ്ങുന്ന ചരക്കുകളുടെ തരം തിരഞ്ഞെടുത്തുകൊണ്ട് ഉപഭോക്താക്കൾ തീരുമാനമെടുക്കുന്നു. (2) ഭാവിയിലെ ഉൽപാദനത്തിനും സേവനങ്ങൾക്കും ആവശ്യമായ യന്ത്രോപകരണങ്ങളിലും മററു മൂലധനസാമഗ്രികളിലും ഇറക്കേണ്ട നിക്ഷേപത്തിൻെറ തരവും വലിപ്പവും വ്യവസായികൾ നിശ്ചയിക്കുന്നു. (3) നിയമനിർമ്മാണം, ബഡ്ജററ് എന്നിവയിലൂടെ പൊതുസേവനങ്ങളുടെ വലിപ്പവും സ്വഭാവവും ഫെഡറൽ-സ്റ്റേററ്-ലോക്കൽഗവണ്മെൻറുകളും നിർണ്ണയിക്കുന്നു.

ഈ മൂന്നു രീതികളും പരസ്പരം ബദ്ധമത്രെ. എന്തുകൊണ്ടെന്നാൽ, ഉപഭോഗത്തിനോ ബിസിനസ്സ്നിക്ഷേപങ്ങൾക്കോ ഗവമ്മെൻറുവക സേവനങ്ങൾക്കോ എന്തിന്നായാലും എല്ലാ ഉൽപാദനവും രാഷ്ട്രത്തിൻെറ തൊഴിൽസേനയാണു നിവ്ഹിക്കുന്നതു്. ഒരു പ്രത്യേക കാര്യത്തിനു്, ഉദാഹരണമായി ഉപഭോഗത്തിനു്, ഉപയോഗിക്കപ്പെട്ട ഉല്പാദനോപകരണങ്ങളും വിഭവങ്ങളും അതേസമയത്തുതന്നെ നിക്ഷേപത്തിനോ ഗവമ്മെൻറുവക സേവനങ്ങൾക്കോവേണ്ടി ഉപയോഗിക്കാൻ സാദ്ധ്യമല്ല. ഒരു സ്വതന്ത്രസമാരംഭസമ്പദ്‌വ്യവസ്ഥയിൽപോലും ഒരു രാഷ്ട്രം അതിൻെറ ഉൽപാദനവിഭവങ്ങളെ ഉപയോഗിക്കുന്ന രീതിയിൽ വ്യയപരിപാടികൾ, വായ്പാനടപടികൾ, മററു നയങ്ങൾ എന്നിവവഴി സ്വാധീനം ചെലുത്താൻ ഗവമ്മെൻറിനു കഴിയും. വിദേശനയത്തേയോ, അല്ലെങ്കിൽ അഭ്യന്തരമായ സാമ്പത്തിക-സാമൂഹ്യലക്ഷ്യങ്ങളേയോ മുൻനിത്തി ഉയന്ന മുൻഗണനയുള്ള പരിപാടികൾ നടപ്പാക്കപ്പെടുന്നുവെന്നു് ഉറപ്പുവരുത്താൻ സ്വാധികാരരാഷ്ട്രങ്ങളിൽ മാത്രമല്ല, ജനാധിപത്യരാജ്യങ്ങളിലും ഗവമ്മെൻറിനു് അധികാരവും മാർഗ്ഗങ്ങളുമുണ്ടു്. ഉപഭോക്താക്കളും ബിസിനസ്സ്മാനേജർമാരും എന്ന നിലയിൽ സാമ്പത്തികപെരുമാററങ്ങൾവഴിയും പൗരന്മാരെന്ന നിലയിൽ രാഷ്ട്രീയതിരഞ്ഞെടുപ്പവകാശംവഴിയും വ്യക്തികളാണു് അടിസ്ഥാനപരമായി ഈ തീരുമാനങ്ങളെടുക്കുന്നതു്. ഉപഭോക്താക്കളുടേയും ബിസിനസ്സുകാരുടേയും ഗവമ്മെൻറിൻേറയും ഈ തീരുമാനങ്ങളുടെ ഫലമായി 1960-ൽ 50440 കോടി ഡാളറിനുള്ള ചരക്കുകളും സേവനങ്ങളും ഉൽപാദിപ്പിക്കപ്പെട്ടു. അമേരിക്കൻജനത തങ്ങളുടെ വിഭവശേഷി വിഭാഗിച്ചു് ചിലവുചെയ്ത ചില പ്രധാന ഇനങ്ങൾ പരിശോധിക്കുന്നതു രസകരമാണു്.

രാഷ്ട്രത്തിൻെറ ചിലവുകളുടെ മൂന്നിലൊരുഭാഗത്തോളം ഭക്ഷണം, വസ്ത്രം, പാപ്പിടം എന്നീ അടിസ്ഥാനപരമായ ഇനങ്ങൾക്കായി വിനിയോഗിച്ചു. മറെറാരു പത്തുശതമാനം വീട്ടലങ്കാരങ്ങൾ, പലിശയടയ്ക്കൽ, സ്വകാര്യസേവനങ്ങൾ (ക്ഷൗരക്കടകൾ, നിയമസേവനങ്ങൾ, ഇൻഷുറൻസ് മുതലായവ) എന്നിവപോലുള്ള മററാവശ്യങ്ങൾക്കും ഉപയോഗിക്കപ്പെട്ടു. വിനോദങ്ങൾ, പുകവലിയും മദ്യപാനവും, ആഭരണങ്ങൾ തുടങ്ങിയ ആഭാട ഇനങ്ങൾക്കുവേണ്ടി ഉപഭോക്താക്കൾ ചിലവുചെയ്ത സംഖ്യ വിദ്യാഭ്യാസത്തിനും വൈദ്യശുശ്രൂഷയ്ക്കും മൊത്തം ചിലവുചെയ്യപ്പെട്ട (സ്കൂൾ-ആശുപത്രിനിമ്മാണത്തിനും നിലവിലുള്ളവയുടെ പ്രവത്തനങ്ങൾക്കും സ്വകാര്യ-പൊതുമേഖലകൾ നിവ്ഹിച്ച ചിലവുകളുൾപ്പെടെ) സംഖ്യയേക്കാൾ അല്പംമാത്രമേ

കുറവായിരുന്നുള്ളൂ. മുൻകാലനിയന്ത്രണങ്ങളെ തുടന്ന് വിദ്യാഭ്യാസം, അടിസ്ഥാനഗവേഷണം, വൈദ്യ-ആശുപത്രിശുശ്രൂഷ, വിഭവവികസനവും സംരക്ഷണവും തുടങ്ങിയ പ്രധാന മേഖലകളിൽ ഗുരുതരമായ ന്യൂനതകൾ വളന്നുവന്നിട്ടുണ്ട്. ഇവയിലെ ന്യൂനതകൾസംബന്ധിച്ച് ഇന്നു നടന്നുവരുന്ന ചച്ച്കളുടെ ഫലമായി സമീപകാലത്ത് അവയ്ക്കു ലഭിച്ചിരുന്നതിനേക്കാൾ ഉയന്ന മുൻഗണന ഭാവിയിൽ നൽകപ്പെട്ടേക്കാം. വിവിധ സ്വകാര്യ-പൊതുആവശ്യങ്ങൾക്കുവേണ്ടി വിഭവശേഷി പങ്കിടുന്നകാര്യത്തിൽ ഇതു് വ്യത്യാസങ്ങൾ വരുത്തും.

സാമ്പത്തികവളച്ച്യിലും വിഭവവിഭജനത്തിലുമുള്ള ദീർഘകാല പ്രവണതകളുടെ അടിസ്ഥാനത്തിൽ അടുത്ത ദശകത്തിലെ സാദ്ധ്യതകൾ തിട്ടപ്പെടുത്താൻ കഴിയും. 1960-ലെ വിലനിരക്കുകളിൽ

പട്ടിക - 12

പ്രധാന ഇനവിഭാഗങ്ങൾക്ക് രാഷ്ട്രത്തിൻെറ ചിലവുകൾ—1960-ൽ

| | | 100 കോടി ഡോളർ | മൊത്തത്തിൽ ശതമാനം |
|---|---|---|---|
| 1. | അടിസ്ഥാന ഉപഭോഗാവശ്യങ്ങൾ (ഭക്ഷണം, വസ്ത്രം, ഭവനം) | 161·4 | 32·0 |
| 2. | മററു് ഉപഭോഗാവശ്യങ്ങൾ (മററു ഗൃഹസാമഗ്രികൾ, വ്യക്തിപരമായ ആവശ്യങ്ങൾ മുതലായവ) | 54·5 | 10·8 |
| 3. | ഗതാഗതം | 40·7 | 8·1 |
| 4. | ഉപഭോക്താക്കളുടെ ആഡംബരങ്ങളും അല്ലാ ആഡംബരങ്ങളും | 41·8 | 8·3 |
| 5. | വിദ്യാഭ്യാസം (സ്വകാര്യവും പൊതുവും) | 23·2 | 4.6 |
| 6. | ഗവേഷണവും വികസനവും | 13.0 | 2·6 |
| 7. | വൈദ്യ-ആശുപത്രിശുശ്രൂഷ | 27·6 | 5·5 |
| 8. | സ്വകാര്യ മത-ക്ഷേമപ്രവത്തനങ്ങൾ | 4·7 | 0·9 |
| 9. | സ്വകാര്യമൂലധനനിക്ഷേപം (ഗവേഷണവും വികസനവും ഒഴികെ) | 72·4 | 14·3 |
| 10. | ദേശീയ സുരക്ഷിതത്വം (ഗവേഷണവും വികസനവും ഒഴികെ) | 40·4 | 8·0 |
| 11. | മററു ഗവമ്മെൻറ് പ്രവത്തനങ്ങൾ | 23·4 | 4·6 |
| 12. | അററ വിദേശമൂലധനനിക്ഷേപം | 1·5 | 0·3 |
| | ആകെ മൊത്തം ദേശീയോല്പന്നം (1) | 504·4 | 100·0 |

(1) കൂടുതൽ വിവരങ്ങൾക്കും വിശദീകരണത്തിനും അനുബന്ധം 21-ാം പട്ടിക കാണുക.

മൊത്തം ദേശീയോൽപാദനം 1970 ആകുന്നതോടെ 80000 കോടി ഡോളറിനോടടുക്കുന്നതാണ്. 1960-ൽ ഇതു് 50000 കോടി ഡോളറായിരുന്നു. അടുത്ത ദശകത്തിലെ സാമ്പത്തികനിണ്ണായക


ഘടകങ്ങളെന്ന പൊതുവേ ഗണിക്കപ്പെടാവുന്നവ 24-ാംപട്ടികയിൽ ചേർത്തിട്ടുണ്ട്. 1960-ൽ ഉൽപാദിപ്പിക്കപ്പെട്ടതിനേക്കാം 30000 കോടി ഡോളറിന്റെ കൂടുതൽ ചരക്കുകളും സേവനങ്ങളും 1970-ഓടെ ലഭ്യമാകാം എന്ന് അതു സൂചിപ്പിക്കുന്നു.

അമേരിക്കൻസമ്പദ്‌വ്യവസ്ഥയ്ക്ക് സാധിക്കാവുന്ന ഉല്പാദനം തിട്ടപ്പെടുത്തുന്ന കാര്യത്തിൽ പ്രയത്നസമയത്തിൽ ഉണ്ടാകാവുന്ന സങ്കോചം ഞങ്ങൾ കണക്കിലെടുത്തിട്ടുണ്ട്. കൂടുതൽ ഉല്പാദന ത്തിനോ കൂടുതൽ ഒഴിവുസമയത്തിനോ ഏതിനാണ് താരതമ്യേന

ചാർട്ട് - 12.

**മൊത്തം ദേശീയോൽപ്പന്നത്തിൽ 1960-70-ൽ പ്രാപിക്കാവുന്ന ലക്ഷ്യങ്ങൾ**

(1960-ലെ വിലനിരക്കുകളിൽ)




തൊഴിൽസേനയുടെ 4 ശതമാനത്തിൽ കൂടുതൽ വരാത്ത തൊഴിലില്ലായ്മ യാണ് "സാമാന്യം പൂർണ്ണതൊഴിൽ നിലവാര"ത്തിന്റെ നിർവ്വചനം.


*Source:* Based on data prepared by the staff of the National Economic Projections Series, National Planning Association, Washington, D. C.

അധികം മൂല്യം വ്യക്തികളും സമൂഹവും കല്പിക്കുന്നതു് എന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ മന്ദഗതിയിലോ കൂടുതൽ വേഗതയിലോ പ്രയത്നസമയത്തിൽ ലഘൂകരണം സംഭവിക്കുമെന്നു് അനുമാനിക്കേണ്ടതുണ്ടു്. തൊഴിൽസേനയിലെ വർദ്ധന, ഉല്പാദനക്ഷമതയുടെ നേട്ടങ്ങൾക്കു് നീതിപൂർവ്വമായ ഒരു നിരക്കു്, പ്രയത്നസമയത്തിലുണ്ടാകാവുന്ന പ്രവണത എന്നിവസംബന്ധിച്ചു് ന്യായമായ അനുമാനങ്ങളുടെ അടിസ്ഥാനത്തിൽ അമേരിക്കൻസമ്പദ്‌വ്യവസ്ഥയ്ക്കു് സാദ്ധ്യമാകാവുന്ന വളർച്ചനിരക്കു് പ്രതിവർഷം ഏതാണ്ടു് നാലരശതമാനമായിരിക്കുമെന്നു്, അഥവാ ദേശീയോൽപാദനത്തിൽ 1960-ൽ ആരംഭിച്ച ദശകത്തിലെ 50000 കോടി ഡോളറിൽനിന്നും ഉദ്ദേശം 80000 കോടി ഡോളറിലേക്കുള്ള വർദ്ധന (സ്ഥിരം വിലനിരക്കുകളിൽ) ഉണ്ടാകുമെന്നു് ഞങ്ങൾ കാണുന്നു. എന്നാൽ കഴിഞ്ഞകാലത്തെപ്പോലെ വർഷം രണ്ടരശതമാനം എന്ന നിരക്കിലാണു് സമ്പദ്‌വ്യവസ്ഥ ഇനിയും വളരുന്നതെങ്കിൽ 1970 ആകുന്നതോടെ ദേശീയോൽപാദനം കഷ്ടിച്ചു് 64000 കോടി ഡോളർവരെമാത്രമേ എത്തുകയുള്ളു. 1960-ൽ ആരംഭിച്ച ദശകത്തിലുണ്ടായതിനേക്കാൾ 14000 കോടി ഡോളർമാത്രമാണിതു്. ഈ നിലയിലാണെങ്കിൽ നമ്മുടെ അടിയന്തിരാവശ്യങ്ങൾ സാധിക്കാൻ വളരെയേറെ കാലം വേണ്ടിവരും.

എന്നാൽ, വർദ്ധിച്ച ഉൽപന്നത്തിനു് ആവശ്യം ഉണ്ടാകുമെങ്കിൽ മാത്രമേ 4½ ശതമാനം വളർച്ചനിരക്കു് യാഥാർത്ഥ്യമായിത്തീരുകയുള്ളു. ഇങ്ങിനെ ഒരു വളർച്ച ഉണ്ടാകുന്നപക്ഷം ഫെഡറൽ-സ്റ്റേററു്-ലോക്കൽ ഗവൺമെൻറുകൾക്കു്, നിലവിലുള്ള നികുതിനിരക്കുകളുടെ അടിസ്ഥാനത്തിൽ, 8000—9000 കോടി ഡോളർ കൂടുതൽ നികുതികളായി സ്വയമേവ പിരിഞ്ഞുകിട്ടുന്നതാണു്. സർക്കാർചിലവുകൾ ഗണ്യമായി വർദ്ധിപ്പിക്കുകയോ, അല്ലെങ്കിൽ നികുതിനിരക്കുകൾ കുറയ്ക്കുകയോ വേണ്ടിവരുമെന്നാണു് ഇതിനർത്ഥം. ഉപഭോഗത്തിനും മൂലധനരൂപീകരണത്തിനുമുള്ള സ്വകാര്യചിലവുകൾ കൂടുതൽ വർദ്ധിപ്പിക്കാൻ നികുതിലഘൂകരണനടപടി സൗകര്യം നൽകും. ഇവ രണ്ടും ഒരുമിച്ചുണ്ടാകാനാണു് സാദ്ധ്യത. ദീർഘകാല ഗവൺമെൻറുപരിപാടികളും സ്വകാര്യചിലവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നികുതിലഘൂകരണനടപടികളുംവഴി ഭാവിയിലെ വളർച്ചനിരക്കിനെമാത്രമല്ല, വർദ്ധിച്ച ഉല്പാദനത്തിന്റെ ഇനവിഹിതം നിശ്ചയിക്കുന്നതിനേയും സ്വാധീനിക്കാനുള്ള കരുക്കൾ യഥാർത്ഥത്തിൽ ഗവൺമെൻറിനുണ്ടു്. വിഭവശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനു് എന്തെല്ലാമാണു് ചെയ്യേണ്ടതെന്നും ഏതെല്ലാം ലക്ഷ്യങ്ങൾക്കാണു്

## മൊത്തം ദേശീയോല്പന്നത്തിൻെറ വളർച്ചയിൽ വർദ്ധനയും കുറവും വരുത്തുന്ന ഘടകങ്ങൾ

(1960—1970)




*Source:* **Based on Data prepared by the Staff of the National Economic Projections Series, National Planning Association, Washington, D. C.**

*Note:* **Graphic presentation first published in *Challenge*, June 1961, p. 37.**

ഏററവും മുന്തിയ മുൻഗണന നൽകേണ്ടതെന്നുമുള്ളതു സംബന്ധിച്ച പ്രമുഖ മാസികകളിലും പണ്ഡിതഗ്രന്ഥങ്ങളിലും കോൺഗ്രസ്സിലും പരസ്യമായ ചർച്ച ആരംഭിച്ചിട്ടുണ്ടെന്നുള്ളതു് ഒരു പ്രധാനസംഗതിയാണു്.

ഉൽപാദനത്തിലുണ്ടാകുന്ന 30000 കോടി ഡോളറിൻെറ വർദ്ധന 1970-ൽ ഏതെല്ലാം ലക്ഷ്യങ്ങൾ പ്രാപിക്കാൻ വിനിയോഗിക്കും?

അപ്പോഴേക്കും ജനസംഖ്യ 330 ലക്ഷംകണ്ടു് വർദ്ധിച്ചിരിക്കും. ഇന്നത്തെ ജീവിതനിലവാരങ്ങൾതന്നെ തുടരുന്നപക്ഷം 6500 കോടി ഡോളർ വർദ്ധിച്ച ജനസംഖ്യയുടെ ഉപഭോഗത്തിനു വേണ്ടിവരും.

മൊത്തം ഉൽപാദനത്തിൽ ഈ വദ്ധന നേടണമെങ്കിൽ തൊഴിൽ സേനയ്ക്കുപുറമേ യന്ത്രോപകരണങ്ങളിലും വദ്ധനവാവശ്യമായിത്തീരും. യന്ത്രങ്ങൾ, ഉപകരണങ്ങൾ, ഭവനനിമ്മാണം, വിദേശനിക്ഷേപങ്ങൾ എന്നിവയിലും വിദ്യാഭ്യാസസേവനങ്ങളിലും ഗവമ്മെൻറിൻെറ ആഭിമുഖ്യത്തിലല്ലാത്ത മററു സേവനങ്ങളിലും ആവശ്യമായിവരുന്ന വദ്ധനകൾക്ക് 1970-ഓടെ ദേശീയോല്പാദനത്തിൻെറ വാഷികവദ്ധനനിരക്ക് 1960-ലെ നിലവാരത്തിനേക്കാൾ പ്രതിവഷം ഉദ്ദേശം 3000—3500 കോടി ഡോളർ കൂടുതൽ ആവശ്യമായിരിക്കും. അതുകൊണ്ട് ജനസംഖ്യവദ്ധനവും യന്ത്രോപകരണങ്ങളിലും ഉല്പാദനക്കഴിവിലുമാവശ്യമായ വദ്ധനവുംമൂലം ദേശീയോല്പാദനത്തിനുള്ള ആവശ്യം ഏററവും ചുരുങ്ങിയത് 9500-10000 കോടി ഡോളർ ഉയരുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. വദ്ധിത ദേശീയോല്പാദനത്തിൽ ഇനിയും ഏതാണ്ട് 20000 കോടി ഡോളർ അവശേഷിക്കുന്നുണ്ട്. ചരക്കുകളുടേയും സേവനങ്ങളുടേയും പൊതു-സ്വകാര്യ ഉപയോഗങ്ങളിൽ ഉണ്ടാകുന്ന വദ്ധന നേരിടാൻ ഇത് ലഭ്യമാകും.

അവശേഷിക്കുന്ന ഈ 20000 കോടി ഡോളർ വദ്ധിതഉല്പാദനം വിനിയോഗിക്കാവുന്ന പല മാഗ്ഗങ്ങളുമുണ്ട്. ദേശീയസുരക്ഷിതത്വച്ചിലവുകൾക്കാവശ്യമായ നിലവാരത്തിൻെറ പ്രശ്നമാണ് ആദ്യത്തേതു്. സാദ്ധ്യമാകുന്ന ഉല്പാദനത്തിൻെറ വളച്ച്യോടെ ക്ഷേമകരമായ ഒരു ജീവിതനിലവാരത്തിനും മൂലധനനിക്ഷേപത്തിൻെറ അഭിലഷണീയമായ അളവിനും ഹാനിതട്ടാതെതന്നെ ദേശീയസുരക്ഷിതത്വച്ചിലവുകൾ വദ്ധിപ്പിക്കാമെന്നതിനു സംശയമില്ല. പക്ഷേ അന്താരാഷ്ട്രസംഘഷത്തിലുണ്ടായേക്കാവുന്ന അയവും തുടന്ന് ആയുധീകരണച്ചിലവുകളിലുണ്ടാകാവുന്ന കുറവും വിഭവങ്ങൾക്കുള്ള മററു വളരെയേറെ ആവശ്യങ്ങൾ കൂടുതൽ പയ്യാപ്തമായതോതിൽ നിവ്വഹിക്കുന്നതിന്ന് സൗകയ്യമുണ്ടാക്കുന്നതാണ്.

വിദ്യാഭ്യാസം, ആരോഗ്യം, ശാസ്ത്രീയഗവേഷണം, വിഭവസംരക്ഷണം (പ്രത്യേകിച്ചും ജലലഭ്യതയും ഉപയോഗവും), രാജപാതകളും വ്യോമവീഥികളും എന്നീ രംഗങ്ങളിലും മററു ഉപയോഗങ്ങൾക്കും കൂടുതലോ വികസിതമോ ആയ പരിപാടികൾ ആവശ്യമാണെന്ന് നാഷണൽ പ്ലാനിംഗ് അസോസിയേഷൻെറ നാഷണൽ എക്കണോമിക് പ്രൊജക്ഷൻ സീരീസുമായിച്ചേന്നു നടത്തിയ പഠനങ്ങൾ കാണിക്കുന്നുണ്ട്. ഈ ആവശ്യങ്ങൾക്ക് 6900 കോടി ഡോളർ (1960-ലെ വിലനിരക്കുകളിൽ) കൂടുതൽ ചിലവ് വഷംതോറും വേണ്ടിവരുന്നതാണ്. ഈ തുക അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ കഴിവിലൊ

തുണ്ടുന്നതാണ്. 1970-ഓടെ ദേശീയസുരക്ഷിതത്വച്ചിലവുകൾ അല്പം കുറയ്ക്കാമെങ്കിൽ ഈ ചിലവ് ആവശ്യമായിവരികയുംചെയ്യും. അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ ഭാവിവളർച്ചയ്ക്കും വികാസത്തിനുമുള്ള ഒരു ഉപാധിയെന്നനിലയിൽ ഇത്തരം ചിലവുകൾ ആവശ്യമാണ്. ഈ രംഗങ്ങളിലാണ് ഗവണ്മെൻറ്, പ്രത്യേകിച്ചും സംസ്ഥാന-പ്രാദേശികനിലവാരങ്ങളിലുള്ളവ, ഒരു പ്രധാന സ്വാധീനശക്തിയായിത്തീരുന്നത്.

അടുത്ത ദശകത്തിൽ ദേശീയസുരക്ഷിതത്വച്ചിലവുകളിൽ ലഘൂകരണം സാദ്ധ്യമാകുന്നപക്ഷം ജീവിതനിലവാരത്തിന് തീർച്ചയായും കൂടുതൽ വേഗത്തിൽ ഉയരാൻകഴിയും. 1970-ഓടെ ദേശീയോല്പാദനത്തിലുണ്ടാകുന്ന 20000 കോടി ഡോളർ വാർഷികവർദ്ധനവത്രയും തൊഴിലാളികളുടെയും മററു വരുമാനവിഭാഗങ്ങളുടെയും ജീവിതനിലവാരം ഉയർത്തുന്നതിനു ലഭ്യമായാൽ ആളോഹരിവരുമാനത്തിൽ $4\frac{1}{4}$ ശതമാനം വാർഷികവർദ്ധനവുണ്ടാകുന്നതിനു തുല്യമായിരിക്കുമത്. എന്നാൽ ഈ എല്ലാ കണക്കുകൂട്ടലുകളിലും ഉപഭോക്താക്കളിൽനിന്നും ഗവണ്മെൻറിൽനിന്നുമുണ്ടാകുന്ന വർദ്ധിച്ച ആവശ്യങ്ങൾക്കനുസൃതമായി യന്ത്രോപകരണങ്ങൾക്കും ബിസിനസ്‌നിക്ഷേപവികസനാവശ്യങ്ങൾക്കും ഉണ്ടാകാവുന്ന വർദ്ധിച്ച ആവശ്യങ്ങൾകൂടി പരിഗണിക്കേണ്ടതുണ്ട്. 1970-ൽ വിദേശമൂലധനനിക്ഷേപം വർദ്ധിക്കുമെന്നും വിഭാവനംചെയ്യണം.

ഉല്പാദനസാദ്ധ്യതയുടെ ഈ മഹത്തായ ഉയർച്ച ഈ വിവിധലക്ഷ്യങ്ങൾക്കെല്ലാംവേണ്ടി ഉപയോഗിക്കപ്പെടാനാണ് ഏററവും കൂടുതൽ സാദ്ധ്യതയുള്ളത്. യഥാർത്ഥകൂലികളിൽ തുടർച്ചയായി വർദ്ധനവരുത്തിക്കൊണ്ടും ദാരിദ്ര്യത്തിൻെറ അവശിഷ്ടങ്ങൾ തുടച്ചുനീക്കിക്കൊണ്ടും ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി അത് ഉപയോഗിക്കപ്പെടും. ഉല്പാദനത്തിൽ പ്രതീക്ഷിക്കപ്പെടുന്ന വർദ്ധനയും ആരോഗ്യസേവനങ്ങളുടെ അഭിവൃദ്ധി, വിദ്യാഭ്യാസവും പരിശീലനവും, ഗവേഷണം, പ്രകൃതിവിഭവങ്ങളുടെ സംരക്ഷണവും വികസനവും, ഗതാഗതം, ഉല്പാദനയന്ത്രോപകരണങ്ങൾ, വിദേശനിക്ഷേപം തുടങ്ങിയവയ്ക്ക് യുക്തമായ വിഹിതം നീക്കിവെക്കുന്നതിനുള്ള ആവശ്യവുമായി ആളോഹരിജീവിതനിലവാരത്തിൽ ഒരുപക്ഷേ ശരാശരി രണ്ടരശതമാനംവീതമുള്ള വാർഷികവർദ്ധന യോജിച്ചുപോകുന്നതാണെന്നു തോന്നുന്നു. ദേശീയസുരക്ഷിതത്വച്ചിലവുകൾ ഇനിയും വർദ്ധിപ്പിക്കേണ്ടതായി വരുന്നപക്ഷം ജീവിതനിലവാരത്തിലും ഗവണ്മെൻറിൻെറ പ്രതിരോധേതരസേവനങ്ങളിലുമുള്ള അഭിവൃദ്ധിനടപടികൾ മന്ദീഭവിപ്പിക്കേണ്ടിവരും.

ഉല്പാദനത്തിലുണ്ടാകുന്ന വർദ്ധനകളുടെ ഒരു വലിയഭാഗം പൊതു ഗതാഗതരംഗത്ത് കൂടുതൽ കാര്യക്ഷമത ഉണ്ടാക്കുന്നതടക്കമുള്ള നഗര പരിഷ്കരണനടപടികൾ, വിദ്യാഭ്യാസ-ആരോഗ്യരംഗങ്ങളിലുള്ള നടപടികൾ എന്നിവപോലുള്ള ഗവമ്മെൻറിൻെറയോ അർദ്ധപൊതു സ്ഥാപനങ്ങളുടെയോ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കണമെന്ന് അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. ശൂന്യാകാശപര്യവേഷണത്തിനുള്ള വിപുലമായ പരിപാടിഅടക്കം ശാസ്ത്രീയ-സാങ്കേതികഗവേഷണത്തിന് ഏററവും ഉയർന്ന മുൻഗണന നൽകണമെന്ന വിശ്വാസമാണ് മററു പലക്കുമുള്ളത്. കേവലം നിത്യവൃത്തിക്കാവശ്യമായ വരുമാനംമാത്രം നേടുന്നവരുടെ ജീവിതനിലവാരവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിഭവങ്ങൾ പ്രാഥമികമായും ഉപയോഗിക്കണമെന്ന അഭിപ്രായമാണ് ഇനിയും മററുചിലർ പ്രകടിപ്പിച്ചിട്ടുള്ളത്.

ഈ തർക്കങ്ങളുടെ സത്തയിലേക്ക് ഇറങ്ങിച്ചെന്ന് പരിശോധിക്കേണ്ട സന്ദർഭമിതല്ല. സാമ്പത്തികവളർച്ചയ്ക്കു താങ്ങായി ഒരു ദീർഘകാലനയം സ്വീകരിക്കുന്നതിൻേറയും ഉല്പാദനവർദ്ധനവ് ഏതെല്ലാം ഇനങ്ങൾക്കു ഉപയോഗിക്കപ്പെടണമെന്ന് പൊതുവേ തീരുമാനിക്കുന്നതിൻേറയും ആവശ്യകത അംഗീകരിക്കപ്പെടുന്നുവെന്നതാണ് അർത്ഥവത്തായകാര്യം. ഈ അംഗീകരണം പ്രധാനമാണ്. എന്നാൽ ആവശ്യമായ നയങ്ങൾ ആവിഷ്കരിക്കുന്നതും നടപ്പാക്കുന്നതും ഇപ്പോൾ ആരംഭിച്ചുവരുന്നതേയുള്ളുവെന്നും രേഖപ്പെടുത്തേണ്ടതുണ്ട്.

വർദ്ധിച്ച ഉല്പാദനത്തിന്, തീർച്ചയായും അടിയന്തിരസ്വഭാവമുള്ള, ഇനിയും അനേകം ആവശ്യമായ ഉപയോഗങ്ങൾ ഉണ്ടെന്നാണ് ഈ പരിഗണനകൾ കാണിക്കുന്നത്. വർദ്ധിച്ച ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിനുള്ള സൗകര്യക്കുറവുമൂലം അമേരിക്കൻസമ്പദ്‌വ്യവസ്ഥ വിഷമിക്കേണ്ടതില്ല. ആയുധീകരണച്ചിലവുകൾ തുടരുന്നതിനേയും സ്ഥിരമായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതിനേയുമാണ് അമേരിക്കയുടെ ഭാവിസമ്പന്നത ആശ്രയിച്ചിരിക്കുന്നതെന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ആയുധീകരണത്തിൻെറ ഉയർന്ന നിലവാരം അഭിലഷണീയമായ മററു ലക്ഷ്യങ്ങൾ നേടുന്നതിൻെറ ആവേശത്തെ മന്ദഗതിയിലാക്കുകയാണു ചെയ്യുന്നത്.

ഏതെങ്കിലും ഒരു ഇനത്തിലുള്ള ചിലവുകളിൽമാത്രം ഉണ്ടാകുന്ന ഗണ്യമായ മാററങ്ങൾ—ഉദാഹരണത്തിന് രാജ്യരക്ഷാച്ചിലവുകളിൽ പെട്ടെന്നുള്ള വർദ്ധനവോ കുറവോ—താല്ക്കാലികവൈഷമ്യങ്ങൾ സൃഷ്ടിച്ചേക്കാം. എങ്കിലും യുക്തമായ ബജററ്—ധനനയങ്ങൾവഴി ഈ

വിഷമതകൾ തരണംചെയ്യാൻകഴിയും. വളന്നുവരുന്ന ഒരു തൊഴിൽ സേനയുടെ സ്ഥിരവും ഉയന്നതുമായ തൊഴിൽനിലവാരം അഭിലഷണീയമായ ഒരു ലക്ഷ്യമാണെന്നതുകൊണ്ടുമാത്രമല്ല, അടിയന്തിരാവശ്യങ്ങൾ നിറവേററുന്നതിന്നു ചരക്കുകളുടെയും സേവനങ്ങളുടെയും വദ്ധിച്ച ഉല്പാദനം വേണമെന്നതുകൊണ്ടുമാണ് സാമ്പത്തികവികസനം ആവശ്യമായിരിക്കുന്നത്.

## സാമ്പത്തിക ഏററയിറക്കങ്ങൾ

ഒരു സ്വതന്ത്ര സമ്പദ്വ്യവസ്ഥയിൽ ഉണ്ടാകുന്ന ഗുരുതരവും നീണ്ടുനില്ക്കുന്നതുമായ സാമ്പത്തിക ഏററയിറക്കങ്ങൾ തടയാൻ കഴിയുമെന്നുള്ള ആശയം ചില ദശകങ്ങൾമുമ്പുവരെ, ഭൂകമ്പങ്ങൾ തടയാമെന്നതുപോലെ, അപ്രായോഗികമായി തോന്നിയിരുന്നു. വികസിച്ചുകൊണ്ടിരിക്കുന്നതും സ്വതന്ത്രവുമായ ഒരു സമ്പദ്വ്യവസ്ഥയ്ക്കു് അവശ്യംനേരിടേണ്ട ഒരു പ്രശ്നമായിരിക്കും സാമ്പത്തിക അരക്ഷിതത്വമെന്നായിരുന്നു സാമ്പത്തികശാസ്ത്രജ്ഞന്മാരുടെ ഏറെക്കാലത്തെ വിശ്വാസം. ഇടയ്ക്കിടെയുണ്ടാകുന്ന ഗുരുതരമായ ഈ ഏററയിറക്കങ്ങളുടെ ഫലമായി ദുരിതമനുഭവിക്കുന്നവരെ തൊഴിലില്ലായ്മവേതനമോ ഇൻഷ്വറൻസോവഴി സംരക്ഷിക്കുകയെന്നതുമാത്രമായിരുന്നു പരമമായി ആശിക്കാവുന്നത്.

മുൻകാലങ്ങളിലെ അംഗീകൃതവിപണിനിയമമനുസരിച്ച് ഉല്പാദനം വരുമാനത്തേയും, അതുവഴി ഉല്പാദിപ്പിക്കപ്പെടുന്ന ചരക്കുകൾക്കു് ആവശ്യത്തേയും സൃഷ്ടിക്കുന്നു. വില്പനയിലുള്ള വദ്ധന ലാഭം വളത്തുമെന്ന് വിലയുടെയും ഉല്പാദനച്ചിലവിന്റെയും ബന്ധങ്ങൾ തൊഴിലുടമയെ ബോദ്ധ്യപ്പെടുത്തുമ്പോൾ ഉല്പാദനം വികസിപ്പിക്കപ്പെടുമെന്നായിരുന്നു സിദ്ധാന്തം. സാമ്പത്തികപ്രവത്തനങ്ങൾ ചുരുങ്ങുമ്പോൾ അസംസ്കൃതപദാത്ഥങ്ങളുടെ വില കുറയും. തദ്വാരാ കൂലി-പലിശനിരക്കുകൾ കുറയും. താഴ്ന്നവിലയ്ക്കു കൂടുതൽ ചരക്കു വാങ്ങുന്നതിന്നു ഉപഭോക്താക്കൾക്കും കൂടുതൽ തൊഴിലാളികളെ വേലയ്ക്കെടുക്കുന്നതിന്നും കൂടുതൽ മൂലധനനിക്ഷേപങ്ങളിലേപ്പെടുന്നതിന്നും ഉല്പാദകക്കും ഈ സംഭവവികാസം പ്രചോദനംനൽകും. അങ്ങിനെ സാമ്പത്തികസങ്കോചം അതിവേഗം പരിഹരിക്കപ്പെടും.

വാസ്തവത്തിൽ ഈ പ്രക്രിയകൾ പുരാതനസിദ്ധാന്തമനുസരിച്ച് സാധാരണയായി പ്രവത്തിച്ചിട്ടില്ല. കൂലിനിരക്കുകളിലുള്ള വെട്ടിക്കുറയ്ക്കൽ തൊഴിലിലും ശമ്പളത്തുകയിലും ചരക്കുകൾക്കുള്ള ആവശ്യത്തിലും വദ്ധനവുണ്ടാക്കുന്നതിന്നുമുമ്പുതന്നെ പലപ്പോഴും ശമ്പ

ഉത്തേകയിൽ കുറവുവരുത്തുകയും ക്രയശേഷിയും വിപണികളും ചുരു ങ്ങുന്നതിനു ശക്തികൂട്ടുകയുമാണുണ്ടായിട്ടുള്ളതു്. തന്മൂലം കൂലിയി ലുള്ള ലാഘൂകരണം വിപണികൾ വിപുലീകരിക്കുന്നതിനുപകരം ലാഘൂ കരിച്ചു് സ്വന്തം ലക്ഷ്യത്തെത്തന്നെ പരാജയപ്പെടുത്തുവാൻമാത്ര മാണു് പര്യാപ്തമായിത്തീന്നതു്.

സാമ്പത്തികമാന്ദ്യം അനുഭവപ്പെട്ട ചില സന്ദർഭങ്ങളിൽ വ്യവ സായികൾ വിലനിരക്കുകൾ കുറയ്ക്കുകയും ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്തിട്ടില്ല. കാരണം, സാധനവിലയിൽ വരുന്ന കുറവു് ഉപഭോ ക്താക്കളിൽ കൂടുതൽ വാങ്ങാനുള്ള പ്രേരണ ചെലുത്തുമെന്നു് അവക്കു തീർച്ചയില്ലായിരുന്നു. അതുപോലെതന്നെ ഇത്തരം ഘട്ടങ്ങളിൽ, പലിശനിരക്കുകളിലുള്ള കുറവു് വ്യവസായികളിൽ കൂടുതൽ നിക്ഷേ പങ്ങൾ നടത്താനും പ്രേരണ ചെലുത്തിയിട്ടില്ല. വികസിതസാഹ ചര്യങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന കൂടുതൽ ചരക്കുകൾക്കു് വിപണി ലഭിക്കുമെന്നു് അവർ വിശ്വസിക്കാതിരുന്നതാണു കാരണം. ലാഭം ഉറപ്പുനൽകുന്ന വില—ഉല്പാദനച്ചിലവുബന്ധം വ്യാവസായികപ്രവ ത്തനങ്ങളുടെ വികാസത്തിനു് ഒരുപാധിയാണെന്നും എന്നാൽ, വിപ ണിയുടെ വികാസത്തെക്കുറിച്ചുള്ള വ്യവസായിയുടെ പ്രതീക്ഷയാണു് യഥാത്ഥപ്രേരണാശക്തിയെന്നും 1930-ൽ തുടങ്ങിയ ദശകത്തിലെ അനുഭവം വ്യക്തമാക്കി. സാമ്പത്തികത്തകച്ചയുടേതായ പ്രസ്തുത വഷങ്ങളിൽ വിപണിവികാസത്തെക്കുറിച്ചു് ഈ പ്രതീക്ഷയില്ലാ യിരുന്നു.

താല്ക്കാലികമായ തകരാറുകളുണ്ടെങ്കിലും വിപണികൾ ക്രമമായി വികസിക്കുമെന്ന പ്രതീക്ഷിക്കുന്നവിധമാണു് ചിലപ്പോൾ വ്യവസായ രംഗത്തെ പ്രതികരണം. മററു ചില സന്ദർഭങ്ങളിൽ, സാമ്പത്തികമായ നിശ്ചലത പ്രതീക്ഷിക്കുന്നവിധത്തിലുമാണു്. ഇതു് കുറേയൊക്കെ മാനസികവീക്ഷണങ്ങളുടെ ഒരു പ്രശ്നമാണു്. വ്യാപാരസംബന്ധമായ പരിഗണനകൾമാത്രമല്ലാത്ത മററുഘടകങ്ങളും ഇതിലുൾപ്പെടുന്നുണ്ടു്. ഉദാഹരണമായി, ഉപഭോക്താക്കൾ ചിലപ്പോൾ ധാരാളം വായ്പ വാങ്ങിപ്പോലും തങ്ങളുടെ ഉപഭോഗച്ചിലവുകൾ നിലനിത്തുകയോ, അല്ലെങ്കിൽ യഥാത്ഥത്തിൽ വർദ്ധിപ്പിക്കുകയോ ചെയ്യും. തൊഴിലി ലുള്ള സുരക്ഷിതത്വബോധവും വരുമാനവർദ്ധനവിലുള്ള പ്രതീക്ഷയു മാണു് ഈ നടപടിക്കു പ്രേരണനൽകുന്നതു്. മററു സന്ദർഭങ്ങളിൽ ഇതേ ഉപഭോക്താക്കൾതന്നെ തൊഴിലിൻെറ ഭാവിയിൽ സംശയ ഗ്രസ്തരാകുകയും കൂടുതൽ വായ്പ വാങ്ങുന്നതിനു മടിക്കുകയും ചെയ്യും. അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ ഭാവിക്ഷേമത്തെക്കുറിച്ചുള്ള വി ശ്വാസം, അതൊന്നുമാത്രമല്ലെങ്കിലും, സാമ്പത്തികപുരോഗതിയുടെ

അതിപ്രധാനമായ ഒരു നിണ്ണായകഘടകമാണ്. ദിർഘകാലസാമ്പത്തികസാദ്ധ്യതകൾ അനുകൂലമായി തോന്നാത്തപക്ഷം വ്യവസായികൾ പുതിയ യന്ത്രശാലകൾക്കും ഉപകരണങ്ങൾക്കുംവേണ്ടി കോടിക്കണക്കിനു പണം നിക്ഷേപിക്കുകയില്ല. അതുപോലെതന്നെ ജനങ്ങളും ഭവനനിമ്മാണത്തിനും ഉപഭോഗവസ്തുക്കൾക്കുംവേണ്ടി ഭാവിവരുമാനങ്ങളെ പണയപ്പെടുത്തുവാനും തയ്യാറാവുകയില്ല.

സാമ്പത്തികവികാസത്തിനാവശ്യമായ വിശ്വാസം നിലനിത്തുന്നതിന് വേണ്ടിവന്നാൽ ഗവമ്മെൻറുനടപടികൾവഴി ഗുരുതരമായ ഏറ്ററയിറക്കങ്ങൾ തടയപ്പെടുമെന്നു വ്യവസായികൾക്കും ജോലിക്കാക്കും ഉപഭോക്താക്കൾക്കും ബോദ്ധ്യമുണ്ടാകേണ്ടതു വളരെ പ്രധാനസംഗതിയാണ്. മററുപല രാജ്യങ്ങളിലുമെന്നപോലെതന്നെ, അനുസ്യൂതമായ സാമ്പത്തികവികാസത്തിനുതകുന്ന സാഹചര്യങ്ങൾ വളത്തുന്നതിനും സാരമായ ഏററയിറക്കങ്ങൾ ഫലപ്രദമായി തടയുന്നതിനും ഗവമ്മെൻറിനു ചുമതലയുണ്ടെന്ന് അമേരിക്കയിലും ജനങ്ങൾക്കു രീച്ച്യുണ്ടു്. 1946-ലെ തൊഴിൽനിയമത്തിൽ വ്യക്തമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ഈ നയത്തിന് രണ്ടു പ്രധാന രാഷ്ട്രീയകക്ഷികളുടെയും പിന്തുണയുണ്ടു്. തൊഴിൽനിയമം ഈ പുതിയ ചുമതലകൾ ഗവമ്മെൻറിൽ നിക്ഷേപിക്കുന്നതിനുപുറമേ, അവ പ്രയോഗത്തിൽവരുത്തുന്നതിന്നാവശ്യമായ ഭരണ-നിയമനിമ്മാണയന്ത്രവും ഏപ്പെടുത്തിയിട്ടുണ്ടു്. തൊഴിൽനിയമം അംഗീകരിക്കപ്പെട്ടതിനുശേഷമുള്ള പ്രവത്തനചരിത്രം പ്രോത്സാഹജനകമാണ്. രണ്ടാം ലോകയുദ്ധത്തിനുശേഷമുണ്ടായ അത്ഭുതകരമായ സാമ്പത്തികപുരോഗതിയും അടുത്ത ചില വഷങ്ങളായി വിലനിരക്കുകളിൽ താരതമ്യേന അനുഭവപ്പെടുന്ന സ്ഥിരതയും പ്രധാനമായും ഈ നിയമമനുസരിച്ചുള്ള പ്രവത്തനങ്ങളുടെ ഫലമാണെന്നു പറഞ്ഞുകൂടെങ്കിലും, തൊഴിൽനിയമം രൂപപ്പെടുത്തിയിട്ടുള്ള ഭരണയന്ത്രങ്ങളുടെ സഹായത്തോടെ ആവിഷ്കരിക്കപ്പെട്ട ഗവമ്മെൻറുനയങ്ങൾ ഇത്തരം ഒരു സ്ഥിതി സംജാതമാക്കുന്നതിൽ നിശ്ചയമായും ഒരു പങ്കുവഹിച്ചിട്ടുണ്ടു്.

അമേരിക്കയിലെ സാമ്പത്തികപുരോഗതിയുടെ ചരിത്രത്തിൽ സാമ്പത്തികവികാസത്തിനുവേണ്ടി പ്രവത്തിക്കുന്ന ഘടകങ്ങൾ താരതമ്യേന ശക്തമായിരുന്ന ചില സന്ദർഭങ്ങളും ബലഹീനമായിരുന്ന അവസരങ്ങളും ഉണ്ടായിട്ടുണ്ടു്. ഈ ഘടകങ്ങൾ ബലഹീനമായിരുന്ന 1930-ൽ തുടങ്ങിയ ദശകത്തിൽ സാമ്പത്തികവികസനത്തിനുള്ള പ്രവത്തനങ്ങൾക്ക് ഉത്തേജനംനൽകാൻ ഗവമ്മെൻറുനയങ്ങൾക്കു വിഷമമുണ്ടായിരുന്നു. നേരേമറിച്ച്, 1945 മുതൽ 1955 വരെ

വികസനഘടകങ്ങൾ ശക്തവും വിപണിവികാസത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ ഉയർന്നതുമായിരുന്നു.

രണ്ടാം ലോകയുദ്ധത്തിനു ശേഷം സാമ്പത്തികരംഗത്തെ പ്രവർത്തനങ്ങളിൽ കാണുന്ന ഈ വികാസത്തിന്, നിരവധി താല്ക്കാലികഘടകങ്ങൾക്കുപുറമേ, വളർച്ച്യുടേതായ നാലു പ്രവണതകൾകൂടി കാരണമാണ്. സാങ്കേതികപുരോഗതി, ജനസംഖ്യയിലും കുടുംബരൂപീകരണത്തിലുമുണ്ടായ അസാധാരണമായ ഉയർച്ച, നഗരപ്രാന്തങ്ങളിൽ ജനങ്ങളുടെ വൻതോതിലുള്ള പുനരധിവാസവും തൽഫലമായി ഭവനങ്ങൾക്കും അങ്ങാടികൾക്കും പൊതുജനങ്ങൾക്കാവശ്യമുള്ള സേവനങ്ങൾക്കും ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾക്കും ഉയർന്നുവന്ന വമ്പിച്ച ആവശ്യം, തവണ-വായ്പാ ആനുകൂല്യങ്ങൾ നൽകുന്നതുമൂലം ഈടുള്ള ഉപഭോഗവസ്തുക്കൾക്കും വീട്ടുസാമഗ്രികൾക്കുമുള്ള വിപണികളുടെ വളർച്ച എന്നിവയാണ് ആ നാലു പ്രവണതകൾ. ദേശീയപ്രതിരോധത്തിനും 1945 മുതൽ 1947-48 വരെയുള്ള ഹ്രസ്വമായ യുദ്ധാനന്തരനിരായുധീകരണകാലത്തിനുശേഷം പ്രതിരോധസജ്ജീകരണങ്ങൾ വിപുലീകരിക്കുന്നതിനുമുള്ള വർദ്ധമാനമായ ചിലവുകൾ സാമ്പത്തികവികാസത്തിനു പിന്നേയും ഉത്തേജനം നൽകിയിട്ടുണ്ട്. ദേശീയപ്രതിരോധത്തിനുള്ള ചിലവുകൾ ഉയർന്നുകൊണ്ടിരുന്നപ്പോൾമാത്രമല്ല, മറിച്ച് രണ്ടാം ലോകയുദ്ധത്തിനുശേഷവും, പിന്നീട് 1950-ൽ ആരംഭിച്ച ദശകത്തിൻെറ മദ്ധ്യകാലത്ത് കൊറിയയിലെ പുനരായുധീകരണത്തിനുശേഷവും പ്രതിരോധച്ചിലവുകൾ കുറച്ച സന്ദർഭങ്ങളിലും സ്വകാര്യമേഖലയിലെ സാമ്പത്തികപ്രവർത്തനങ്ങൾ വികസിച്ചുകൊണ്ടിരുന്നുവെന്നതു തറച്ചു പറയേണ്ടതുണ്ട്.

അനുസ്യൂതമായ സാമ്പത്തികവികാസത്തിനായി പ്രവർത്തിക്കുന്ന ശക്തമായ ഘടകങ്ങൾ നിലവിലുള്ളിടത്തോളം, യുക്തമായ വായ്പാനയങ്ങളും ധനനയങ്ങളും അംഗീകരിച്ചു ലഘുവായ ഏററയിറക്കങ്ങൾ ഫലപ്രദമായി ചെറുക്കാൻകഴിയും. അനുകൂലസാഹചര്യങ്ങളിൽ ഈ നയങ്ങൾ ഫലപ്രദമാണെന്ന് യുദ്ധാനന്തരകാലത്തെ അനുഭവം തെളിയിച്ചിട്ടുള്ളതാണ്.

പക്ഷേ, ദീർഘകാലസാമ്പത്തികവികാസത്തിനുള്ള ഈ സാഹചര്യങ്ങൾ എല്ലാക്കാലത്തും അനുകൂലമായി നിലനിൽക്കുമോ? വികാസത്തിനുവേണ്ടി അവിരാമമായി പ്രവർത്തിക്കുന്ന ഘടകങ്ങൾ അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിൽ ഉള്ളതുകൊണ്ട് ഉല്പാദന-തൊഴിൽരംഗങ്ങളിൽ ഇടയ്ക്കിടയ്ക്കുണ്ടാകുന്ന ഹ്രസ്വമായ ഏററയിറക്ക-

ങ്ങൾ തടയുന്ന കാര്യംമാത്രമേ ചിന്തിക്കേണ്ടതുള്ളുവെന്ന വിശ്വാസം ചിന്തകന്മാരിൽ വളരെയേറെ കാണാനുണ്ട്. യഥാർത്ഥത്തിൽ, അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ വികാസഗതിവേഗം 1950-ൽ ആരംഭിച്ച ദശകത്തിലെ മദ്ധ്യകാലത്തിനുശേഷം തൃപ്തികരമല്ല.

ഈ വസ്തുത രണ്ടു വ്യത്യസ്തവ്യാഖ്യാനങ്ങൾക്കു വഴിനൽകുന്നുണ്ട്. സാമ്പത്തികത്തകർച്ചകൾ, പ്രത്യേകിച്ചും 1958-59-ലേതു്, ചെറുക്കുന്നതിന്നാവിഷ്കരിക്കപ്പെട്ട നയങ്ങൾ അപര്യാപ്തമായിരുന്നുവെന്നതാണ് ഒരു വ്യാഖ്യാനം. നയങ്ങളുടെ അപര്യാപ്തതമൂലം തകർച്ചയിൽനിന്നുള്ള മോചനം സ്ഥായിയായില്ല. 1960-61-ൽ മറെറാരു തകർച്ച അതിവേഗമുണ്ടായി. ഈ രണ്ടു തകർച്ചകളും വളരെ അഗാധമോ ഗുരുതരമോ ആയിരുന്നില്ലെങ്കിലും അടുത്തടുത്തുണ്ടാകുന്ന രണ്ടു തിരിച്ചടികൾ വികാസഗതിയുടെ വേഗത കുറയുന്നതിനു കാരണമാകാതെതരമില്ല. ഈ വീക്ഷണമനുസരിച്ച്, ആന്തരികവികാസഘടകങ്ങൾക്കു ബലക്ഷയം സംഭവിച്ചുവെന്ന് അനുഭവം വ്യക്തമാക്കുന്നില്ല. സാമ്പത്തികചക്രത്തിൻെറ ചലനത്തിന്നെതിരേ കൂടുതൽ കാര്യക്ഷമമായ ഒരു നയം ഗവമ്മെൻറ് അംഗീകരിക്കുകമാത്രമേ ആവശ്യമുള്ളുവെന്നാണു വരുന്നതു്.

സാമ്പത്തികചക്രത്തിനു വിരുദ്ധമായ ഒരു നയം ഹ്രസ്വകാല ഏററയിറക്കങ്ങളെ സംബന്ധിച്ചേടത്തോളം ആവശ്യമായിരിക്കാമെങ്കിലും സാമ്പത്തികപുരോഗതിക്കത്യന്താപേക്ഷിതമായ ദൃഢമായ ഒരു ദീർഘകാലനയത്തിനുപകരമായി ഈ നയം അംഗീകരിക്കപ്പെട്ടുകൂടെന്നാണ് രണ്ടാമത്തെ വ്യാഖ്യാനം സൂചിപ്പിക്കുന്നതു്. അതിവേഗം സംഭവിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികമുന്നേററങ്ങൾ, പ്രത്യേകിച്ചും സ്വയംപ്രവർത്തകയന്ത്രത്തിൻെറ ആവിഷ്കരണം, ആളോഹരിഉല്പാദനത്തിൻെറ തോതു് ശീഘ്രതരം ഉയർത്താൻ കഴിവുനൽകുന്നവയാണ്. എങ്കിലും, ഉല്പാദനക്ഷമതയിലുള്ള ഈ നേട്ടങ്ങൾ സമൂഹത്തിനൊന്നാകെ അനുഭവവേദ്യമാകണമെങ്കിൽ തൊഴിൽ ലഭിക്കുന്നതിനുള്ള സൗകര്യങ്ങളും തൊഴിലിനുള്ള ആവശ്യവും ആനുപാതികമായി വളരേണ്ടതുണ്ട്. അടുത്ത ദശകത്തിൽ അനുഭവപ്പെടുമെന്ന് നാം ദീർഘദർശനം ചെയ്യുന്നവിധം സാങ്കേതികരംഗത്തു് സത്വരമായ മുന്നേററങ്ങൾ സംഭവിക്കുന്ന ഒരു കാലഘട്ടം സാമ്പത്തികരംഗത്തു് അതിവേഗത്തിലുള്ള പുരോഗതി സാദ്ധ്യമാക്കിത്തീർക്കും. പക്ഷേ, സാമ്പത്തികവികാസത്തിന്നനുകൂലമായ നയങ്ങളും ഇക്കാര്യത്തിലാവശ്യമാണ്.

ഈ നയങ്ങൾ വിജയകരമാകുന്നപക്ഷം, തകർച്ചനേരിടുന്നതിനും തകരാറുകളിൽനിന്നും മോചനം നേടുന്നതിനുമുള്ള ഹ്രസ്വകാലനട

പടികൾക്ക് കൂടുതൽ വിജയസാദ്ധ്യതയുണ്ടാകും. ഇതിനപ്പുറം, അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിലെ ഗൗരവതരമായ പ്രശ്നം ദീർഘകാലപുരോഗതിക്കുതകുന്ന ഘടകങ്ങളോടോ ഹ്രസ്വകാല ഏററയിറക്കങ്ങൾക്ക കാരണമാകുന്നവയോടോ ബന്ധപ്പെട്ടതെന്ന് ഖണ്ഡിതമായി നിശ്ചയിക്കാൻ ഇനിയും സാദ്ധ്യമല്ല. ഈ രണ്ടുതരം ഘടകങ്ങളും പ്രശ്നത്തിലുൾക്കൊള്ളുന്നുവെന്ന ഏകഊഹമാണ് അഭികാമ്യമെന്ന് ഞങ്ങൾ കരുതുന്നു. ദീർഘകാലസാമ്പത്തികപുരോഗതി ലക്ഷ്യമാക്കിക്കൊണ്ടുള്ള നയങ്ങളും ഹ്രസ്വകാല ഏററയിറക്കങ്ങൾ തടയുന്നതിനുള്ള നയങ്ങളും ഗവമ്മെൻറിൻെറ പരിഗണനയിലുണ്ടായിരിക്കണം.

ദീർഘകാലസാമ്പത്തികപുരോഗതിക്ക് സ്വീകരിക്കപ്പെടുന്ന നയം ഏതായാലുംശരി, തകച്ച്യ്ക്കുശേഷം ഉയച്ച് എന്ന ക്രമത്തിൽ ചുരുങ്ങിയ കാലത്തേക്കുമാത്രം അനുഭവപ്പെടുന്ന ഏററയിറക്കങ്ങൾ തുടൻ്ണ്ടായിക്കൊണ്ടിരിക്കും. എങ്കിലും വളരെ പ്രതികൂലമായ സാഹചര്യങ്ങളിൽപോലും സ്ഥിതിഗതികൾ 1930-ൽ തുടങ്ങിയ ദശകത്തിൽ സംഭവിച്ചതുപോലെ ഗുരുതരമായ ഒരു തകർച്ചയിലേക്ക് അധഃപതിക്കുന്നതു് വ്യവസായികളും തൊഴിലാളികളുമായി സഹകരിച്ച് കേന്ദ്രഗവമ്മെൻറിന് തടയാൻ കഴിയുമെന്നു വിശ്വസിക്കുന്നതിനു ന്യായമുണ്ട്. കഴിഞ്ഞ കാൽശതാബ്ദക്കാലത്തിനിടയിൽ അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിലേപ്പെടുത്തപ്പെട്ടിട്ടുള്ള അനേകം "മെത്തകൾ" അധോഗതിയുടെ ഗൗരവംകുറയ്ക്കാൻ സഹായകമായിരിക്കും.

മുൻകാലങ്ങളിൽ നമ്മുടെ സാമ്പത്തികജീവിതത്തിലെ ചില മേഖലകളിലുണ്ടായ അധോഗതിയുടെ ഫലമായി സമ്പദ്‌വ്യവസ്ഥയൊന്നാകെത്തന്നെ പലപ്പോഴും തകർച്ചസംഭവിച്ചിട്ടുണ്ട്. ബിസിനസ്സിൽ ഒരിക്കൽ അപായബോധം സൃഷ്ടിക്കപ്പെട്ടാൽ നിക്ഷേപകർ തങ്ങളുടെ നിക്ഷേപങ്ങളുടെ രക്ഷയെക്കുറിച്ച് ഭയന്ന് ബാങ്കുകളിൽനിന്നും പണം പിൻവലിക്കും. ബാങ്കുകളാകട്ടെ, അവ കൊടുത്തിട്ടുള്ള ചില വായ്പകളും തിരിച്ചുവിളിക്കാൻ നിർബ്ബന്ധിതമാകും. ഈ നടപടി മററു ബിസിനസ് രംഗങ്ങളിൽ ധനപരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ഏതാനുംചിലക്കനുഭവപ്പെടുന്ന സാമ്പത്തികവൈഷമ്യങ്ങൾ നിരവധി സ്ഥാപനങ്ങളിലേക്കും വ്യവസായങ്ങളിലേക്കും പരത്തുകയുംചെയ്യും. കേന്ദ്ര നിക്ഷേപ ഇൻഷ്വറൻസ് സമ്പ്രദായവും, വീട്ടുവായ്പാബാങ്കുകൾ, പരസ്പരസമ്പാദ്യബാങ്കുകൾ എന്നിവപോലുള്ള സ്ഥാപനങ്ങൾക്കു ബാധകമായ ഇൻഷ്വറൻസ് പരിപാടികളും തുടങ്ങിയവവഴി നിക്ഷേപ അരക്ഷിതത്വത്തെക്കുറിച്ചുള്ള ഭയം ഇന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

ഒരു വ്യവസായത്തിൽനിന്നും പിരിച്ചുവിടപ്പെട്ട തൊഴിലാളികൾ തങ്ങളുടെ ചിലവുകൾ കുറച്ച് അതുവഴി മററു വ്യവസായങ്ങളുടെ വിപണി ചുരുങ്ങുന്നതിനിടവരുത്തിയിട്ടുള്ള സന്ദർഭങ്ങളിലും സാമ്പത്തികതാകർച്ചകൾ വ്യാപകമായിത്തീരാറുണ്ട്. തൊഴിൽ നഷ്ടപ്പെട്ട ജോലിക്കാർക്ക് അവരുടെ അത്യാവശ്യച്ചിലവുകൾ നിർവഹിക്കുന്നതിലേക്കായി ചുരുങ്ങിയ ഒരു വരുമാനം ഉറപ്പുനൽകുന്ന തൊഴിലില്ലായ്മ ഇൻഷുറൻസ് സമ്പ്രദായംമൂലം ഇത്തരം ഒരു സംഭവവികാസം, തീരെ ഒഴിവാക്കപ്പെട്ടിട്ടില്ലെങ്കിലും, ഗണ്യമായി ലാഘവപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ, സാമൂഹ്യസുരക്ഷിതത്വാനുകൂല്യങ്ങൾ നൽകുന്നതിനുള്ള നിയമവ്യവസ്ഥ വരുമാനങ്ങൾ പൊതുവെ ഒരേനിലവാരത്തിൽ നിലനിർത്തുന്നതിനും തൊഴിലില്ലായ്മക്കാലത്ത് ജോലിയിൽനിന്നും വിരമിക്കാൻ നിശ്ചയിക്കുന്ന പ്രായംചെന്ന തൊഴിലാളികൾക്ക് തുടർന്നും വരുമാനമുണ്ടാകുന്നതിനുള്ള മാർഗ്ഗം നൽകുന്നതിനും സഹായകമാകുന്നു.

വിപണികൾ വീണ്ടും വികസിക്കാൻ തുടങ്ങിയിരിക്കുന്നുവെന്ന് വ്യവസായ ഉടമകൾക്ക് ബോദ്ധ്യമാകുന്നതുവരെ അവർ തങ്ങളുടെ വികസനപരിപാടികൾ കുറവുചെയ്ത് മൂലധനച്ചിലവുകൾ മറെറാരവസരത്തിലേക്ക് നീട്ടിവെക്കുന്നതാണ് മുൻകാലങ്ങളിൽ സാമ്പത്തിക ഏററയിറക്കങ്ങളെ മൂർച്ഛിപ്പിച്ചിരുന്ന മറെറാരു ഘടകം. ദീർഘകാലനിക്ഷേപാസൂത്രണസമ്പ്രദായം അംഗീകരിക്കപ്പെട്ടതോടെ വ്യവസായികളുടെ ഈ മനോഗതിക്ക് സാരമായ വ്യത്യാസം വന്നിട്ടുണ്ട്. വില്പനയിൽ ഹ്രസ്വകാല ഏററയിറക്കങ്ങൾ ഉണ്ടാകുന്നതിൻെറ അടിസ്ഥാനത്തിൽ വികസനപരിപാടികൾ കുറവുചെയ്യാനുള്ള പ്രവണത ദീർഘകാലനിക്ഷേപാസൂത്രണംവഴി ലഘൂകരിക്കപ്പെട്ടിരിക്കുന്നു. വ്യവസായികളുടെ ചിന്താഗതിയിൽ വന്നിട്ടുള്ള ഈ വ്യത്യാസം പ്രകടമാണ്. എങ്കിലും മൂലധനമിറക്കുന്നതിൽ ഹ്രസ്വകാല ഏററയിറക്കങ്ങൾ ഇനിയും തീരെ ഒഴിവാക്കപ്പെട്ടുകഴിഞ്ഞിട്ടില്ല.

നികുതിസമ്പ്രദായവും ഇപ്പോൾ ഏററയിറക്കങ്ങൾ തടയുന്ന ഒരു സ്വയംപ്രവർത്തകയന്ത്രംപോലെ പ്രവർത്തിച്ചുവരുന്നുണ്ട്. ലാഭവും വരുമാനവും കുറയുന്നതോടെ നികുതിപിരിവും കുറയുന്നു. മൊത്തവരുമാനം കുറയുന്നതോതനുസരിച്ച് ചിലവുചെയ്യാനുള്ള തുകയിൽ കുറവു സംഭവിക്കുന്നില്ലതാനും. ഗവമ്മെൻറിന് ഒരു കമ്മി നേരിടുന്നു. അപ്രത്യക്ഷമാകുന്ന ക്രയശേഷിയിലെ ഒരുഭാഗം സക്കാർവായ്പകൾമൂലം സൃഷ്ടിക്കാൻ കഴിയുന്ന പണമുപയോഗിച്ച് നികത്തപ്പെടുന്നതാണ്.

സമ്പദ്‌വ്യവസ്ഥയ്ക്കകത്തുതന്നെ സ്വയം പ്രവർത്തിക്കുന്ന ഈ "മെത്തകൾ" വളരെ ശുഭാപ്തിവിശ്വാസം വളർത്തിയിട്ടുണ്ട്. അതു

ശരിയാണുതാനും. എങ്കിലും ദീർഘകാലത്തേക്കു നിലനില്ക്കാവുന്ന ഗുരുതരമായ തകർച്ച തടയാൻ ഇവമാത്രം മതിയായെന്നുവരില്ല. സമ്പദ്ഘടനയിൽ സംഭവിച്ചിട്ടുള്ള മാററങ്ങളും 1929-'33 കാലത്തു് നിലവിലില്ലാതിരുന്ന നിയന്ത്രണഘടകങ്ങളും ഇപ്പോളുള്ളതുകൊണ്ടു് ഇനിയും ഒരു സാമ്പത്തികത്തകർച്ച ഉണ്ടാകാൻ സാദ്ധ്യമല്ലെന്നു് വിശ്വസിക്കുന്നതു് വിഡ്ഢിത്തമായിരിക്കും. ഒരു ജനാലയിലൂടെ പുറത്തേക്കുവീണു് പകുതിദ്ദൂരംവെച്ചു് വരാന്തയിൽതങ്ങി രക്ഷപ്പെടുന്ന ഒരു മനുഷ്യനെപ്പോലെയാണു് നമ്മുടെ ഇന്നത്തെ സ്ഥിതി. മൂന്നാം നിലയിലുള്ള ജാലകത്തിലൂടെ വീഴുന്ന ആ മനുഷ്യൻ രണ്ടാംനിലയിലുള്ള വരാന്തയിലാണു് തങ്ങുന്നതെങ്കിൽ സാരമായ പരിക്കുകളേൽക്കാതെ രക്ഷപെട്ടെന്നുവരും. എന്നാൽ അയാൾ ഇരുപതാമത്തെ നിലയിൽനിന്നുവീണു് പത്താമതുനിലയുടെ വരാന്തയിൽ തങ്ങിയാലോ? അയാൾ പകുതിദ്ദൂരം മാത്രമല്ലേ വീഴുകയുണ്ടായുള്ളുവെന്നതു് അത്ര ആശ്വാസകരമല്ലതന്നെ.

മററുപ്രകാരണത്തിൽ പറഞ്ഞാൽ, സമ്പദ്വ്യവസ്ഥയിലുള്ള "മെത്തകളെ" മാത്രം ആശ്രയിച്ചായിരിക്കരുതു് സ്ഥിരീകരണനയം. സാമ്പത്തികപ്രവത്തനങ്ങളിൽ സാരമായ ഒരു മാന്ദ്യം പൂണ്ണതോതിലുള്ള ഒരു അധഃപതനമാകുന്നതു തടയാൻ ആവശ്യമായ നടപടികളെടുക്കുന്നതിനു് ഗവമ്മെൻറു് ഒരുങ്ങിയിരിക്കണം. തകർച്ചനേരിടാനുള്ള ആയുധങ്ങൾ ഗവമ്മെൻറിൻെറ കൈവശം ഉണ്ടുതാനും.

ഗവമ്മെൻറിൻെറ ജാഗ്രത തകർച്ചകളുടെ ഭീഷണികളിൽമാത്രമായി ഒതുങ്ങിനില്ക്കരുതു്. സമ്പദ്വ്യവസ്ഥയിൽ ഏപ്പെടുത്തപ്പെട്ടിട്ടുള്ള, മാന്ദ്യം ലഘൂകരിക്കുന്ന സ്ഥിരീകരണയന്ത്രങ്ങൾതന്നെ പിന്നീടു് ഒരു പിടിച്ചുകയററത്തെയും കുഴയ്ക്കാവുന്നതാണു്. ഒരു മാന്ദ്യം ഒഴിവാക്കപ്പെട്ടുകഴിഞ്ഞാൽ പിന്നീടു് ഊഹപരമായ ഒരു കുതിച്ചുകയററം തടയുന്നതും, ആവശ്യമാണെങ്കിൽ സമ്പദ്വ്യവസ്ഥയുടെ പിടിച്ചുകയററത്തെ സഹായിക്കുന്നതും സാമ്പത്തികനയത്തിൻെറ കത്തവ്യമാണു്.

നാണയ-വായ്പാനയമാണു് സമ്പദ്വ്യവസ്ഥയെ നിയന്ത്രിക്കുന്നതിനു് ഏററവും എളുപ്പം എടുത്തുപയോഗിക്കാവുന്ന ആയുധം. മിക്കവാറും പുതിയ നിയമനിമ്മാണമില്ലാതെതന്നെ അതിവേഗം പ്രയോഗത്തിൽവരുത്താമെന്നതും സാഹചര്യങ്ങൾക്കനുയുക്തമായ വിധത്തിൽ രൂപപ്പെടുത്താൻ കഴിയുമെന്നതുമാണു് ഈ നയത്തിൻെറ മെച്ചം. സാമ്പത്തികപുരോഗതിക്കു സഹായകമായി യുക്തമായ ഒരു നാണയനയം അത്യന്താപേക്ഷിതമാണു്. ചരക്കുകൾക്കുള്ള ആവശ്യം അമിതമായി ഉയരുന്നതു നിയന്ത്രിക്കുന്നകാര്യത്തിൽ ഇതു് ഫലപ്രദ

മായിരിക്കുകയുംചെയ്യും. മററു സാഹചര്യങ്ങളിൽ ഈ നയത്തിൻെറ കഴിവ് പരിമിതമാണ്. നികുതി, വായ്പാസമ്പ്രദായം, ചിലവുനയങ്ങൾ എന്നിവയിൽ യുക്തമായ ഭേദഗതികൾവരുത്തി നാണയ-വായ്പാനയത്തെ ശക്തിപ്പെടുത്തുന്നതും അതിൻെറ വിജയത്തിനാവശ്യമാണ്.

സാമ്പത്തികമാന്ദ്യം ഉണ്ടാകുന്ന സന്ദർഭത്തിൽ നികുതിപിരിവുകൾ സ്വയം കീഴോട്ടിടിയാതിരിക്കയില്ല. എങ്കിലും ഉപഭോക്താക്കളുടെ ക്രയശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി നികുതിനിരക്കുകൾ കുറയ്ക്കുകയെന്ന നടപടി ഗവൺമെൻറിനു് സ്വീകരിക്കാം. കേന്ദ്രനികുതികൾ ഇന്നു് കൂടുതൽ ഉയർന്നതാണെന്നതും കൂടുതൽ വിപുലമായി അതു വീതിക്കപ്പെട്ടിരിക്കുന്നുവെന്നതുമാണ്, തീർച്ചയായും, 1930-ൽ തുടങ്ങിയ ദശകത്തിലേയും ഇപ്പോഴത്തേയും അവസ്ഥകൾ തമ്മിലുള്ള ഒരു പ്രധാന വ്യത്യാസം. ഇതുമൂലം ക്രയശേഷി ചുരുങ്ങുന്നതു തടയാൻ നികുതിനിരക്കുകുറയ്ക്കൽ ഫലപ്രദമായ ഒരു നടപടിയായിത്തീരുന്നു. 1930-ൽ തുടങ്ങിയ ദശകത്തിൽ ഈ സാദ്ധ്യത നിലവിലില്ലായിരുന്നു. ക്രയശേഷി വർദ്ധിപ്പിക്കുന്നതിനുപുറമേ, നികുതിയിളവുകൾ നൽകുന്നതുവഴി കൂടുതൽ മൂലധനനിക്ഷേപം നടത്താൻ വ്യവസായത്തെ പ്രേരിപ്പിക്കാവുന്നതാണ്. വിപണികൾ വീണ്ടും ലഭ്യമാകുമെന്നും ദീർഘകാലവികാസം തുടരുമെന്നുമുള്ള ബോദ്ധ്യം സൃഷ്ടിക്കപ്പെടുന്നപക്ഷം (1930-ൽ തുടങ്ങിയ ദശകത്തിൽ ഇതു സാദ്ധ്യമല്ലായിരുന്നു.) ഈ പ്രേരണകൾ ഫലംനൽകുകതന്നെ ചെയ്യും.

പൊതുക്കടമെടുപ്പും ധനനയത്തിൻെറ സുശക്തമായ ഒരു ഉപകരണമായിത്തീരാവുന്നതാണ്. സാമ്പത്തികപ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടക്കുന്ന സന്ദർഭങ്ങളിൽ സർക്കാർ കടപത്രങ്ങൾ പൊതുവിപണിയിലിറക്കാം. സ്വകാര്യമേഖലയിലെ വ്യവസായങ്ങൾക്ക് ലഭ്യമാകാവുന്ന നിധികൾക്കുവേണ്ടി മത്സരിക്കാനും വായ്പകൾ ഒട്ടൊക്കെ പരിമിതപ്പെടുത്താനും ഈ നടപടിമൂലം സാധിക്കും. മാന്ദ്യം നേരിടുന്ന ഘട്ടങ്ങളിൽ കേന്ദ്ര റിസർവ്ബാങ്കുകളുടെ വികസനാത്മകമായ ഒരു നാണയനയത്തിൻെറ പിൻബലമുള്ള ബാങ്കിങ് സമ്പ്രദായംവഴി ഗവൺമെൻറിൻെറ ചിലവുകളുടെ ഒരു ഭാഗം നിർവ്വഹിക്കാനുള്ള പണം സംഭരിക്കാൻ കഴിയും.

ഗവൺമെൻറിൻെറ വ്യയപരിപാടിയിലാണ് തകർച്ചയ്ക്കെതിരെ ഉപയോഗിക്കാവുന്ന മറെറാരായുധം. സ്വകാര്യമേഖല ദ്രുതഗതിയിൽ വികസിച്ചുകൊണ്ടിരിക്കുമ്പോൾ താരതമ്യേന അടിയന്തിരപ്രാധാന്യമില്ലാത്ത സർക്കാർവക നിർമ്മാണപദ്ധതികളുടെ നിർവ്വഹണം

മന്ദഗതിയിലാക്കുകയോ മററൊരവസരത്തിലേക്ക് നീട്ടിവെയ്ക്കുകയോ ചെയ്യാവുന്നതാണ്. മറിച്ച്, സാമ്പത്തികാധഃപതനം യഥാർത്ഥത്തിൽ നിലവിലുള്ളപ്പോഴോ, അല്ലെങ്കിൽ അതുണ്ടാകുമെന്ന ഭീഷണിയുള്ള ഘട്ടത്തിലോ പൊതുനിർമ്മാണപദ്ധതികളുടെ നിർവഹണത്തിൻെറ ആവേശം വർദ്ധിപ്പിക്കാം. ഈ നയം ഏററവും ഫലപ്രദമാകുന്നതിന് കേന്ദ്രനിലവാരത്തിൽ മുൻകൂട്ടിയുള്ള ആസൂത്രണവും സാംസ്ഥാനികവും പ്രാദേശികവുമായ ഗവൺമെൻറുകളുമായി ഉററ സഹകരണവും ആവശ്യമാണ്.

സമീപഭാവിയിൽ ഗണ്യമായവിധം നിരായുധീകരണം സാദ്ധ്യമാവുകയാണെങ്കിൽ കൂടുതൽ വിപുലവും ഹ്രസ്വകാലാടിസ്ഥാനത്തിലുള്ളതുമായ നീക്കുപോക്കുകൾ ആവശ്യമായിത്തീരും. നികുതി ഗണ്യമായി വെട്ടിക്കുറച്ച്, കേന്ദ്രച്ചിലവിൽവരുന്ന കുറവിൻെറ ഒരു ഭാഗം ഉപഭോക്താക്കൾക്ക് പകർന്നുകൊടുക്കാവുന്നതാണ്. ഫെഡറൽ-സ്റ്റേററ്-ലോക്കൽഗവൺമെൻറുകളുടെ ആഭിമുഖ്യത്തിലുള്ള അടിയന്തിരസ്വഭാവമുള്ളവയും പ്രതിരോധേതരവുമായ പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്താം. (സമീപവർഷങ്ങളിൽ ഇവയുടെ പുരോഗതി മന്ദഗതിയിൽ മാത്രമേ സാദ്ധ്യമായിരുന്നുള്ളു) വിദ്യാഭ്യാസം, പൊതുജനാരോഗ്യം, വിഭവസംരക്ഷണവും വികസനവും, നഗരപ്രാന്തങ്ങളുടെ പുനർനിർമ്മാണം, റോഡുകൾ, വ്യോമയാനസൗകര്യങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തൽ എന്നിവയ്ക്കുള്ള പരിപാടികൾ ഈ വിഭാഗത്തിൽപ്പെടുന്നു. ഗണ്യമായതോതിൽ നിരായുധീകരണം സാദ്ധ്യമാവുകയാണെങ്കിൽ നിരവധി വ്യവസായങ്ങളിലും അമേരിക്കയിലെ ചില പ്രദേശങ്ങളിലും ഉടച്ചുവാർക്കലുകൾ ആവശ്യമായിവരും. എന്നാൽ, അതിനാവശ്യമായ പദ്ധതികൾ മുൻകൂട്ടി തയാറാക്കുന്നപക്ഷം നിരായുധീകരണത്തിന് സാമ്പത്തികപരിഗണനകൾ ഒരു പ്രതിബന്ധമാകേണ്ടതില്ല. അമേരിക്കയുടെ സാമ്പത്തികപുരോഗതി സൈനികാവശ്യങ്ങളെ ആശ്രയിച്ചല്ലിരിക്കുന്നത്.

അഭ്യന്തരരംഗത്തെ സാമ്പത്തികവികാസത്തിൻെറ ഗതിവേഗത്തിൽ കുറവു സംഭവിക്കുന്ന ഘട്ടത്തിൽ വിദേശരാജ്യങ്ങളിലേക്ക്, പ്രത്യേകിച്ചും വ്യാവസായികവികസനത്തിൻെറ ആദ്യഘട്ടങ്ങളിൽ വർത്തിക്കുന്ന പ്രദേശങ്ങളിലേക്ക്, മൂലധനം കയററുമതിചെയ്യുന്നതിനേയും പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഈ നടപടി അമേരിക്കയിൽനിന്നു ചരക്കുകൾ വാങ്ങുന്നതിനുള്ള വിദേശരാജ്യങ്ങളുടെ ശേഷി നിലനിർത്തുകയും കയററുമതിക്കുള്ള ചരക്കുകൾ ഉല്പാദിപ്പിക്കുന്ന വ്യവസായങ്ങൾക്ക് സഹായകമായിത്തീരുകയുംചെയ്യും. 1930-ൽ തുടങ്ങിയ ദശകത്തിൽ അമേരിക്കയടക്കം പല രാജ്യങ്ങളും തൊഴിലില്ലായ്മ

"കയററുമതി"ചെയ്യാൻ ശ്രമിക്കുകയുണ്ടായി. അഭ്യന്തരവിപണി സംരക്ഷിക്കുന്നതിന് ഇറക്കുമതിനിയന്ത്രണവും കയററുമതി വർദ്ധിപ്പിക്കുന്നതിനുവേണ്ടി മത്സര്യബുദ്ധിയോടുകൂടി നാണയവില കുറയ്ക്കുക, സഹായധനം നൽകുക തുടങ്ങിയ നടപടികളുമായിരുന്നു ഈ ശ്രമം ഉൾക്കൊണ്ടതു്. ഇതിൻെറ ഫലം എല്ലാ രാജ്യങ്ങൾക്കും വിനാശകരമായി പരിണമിക്കുകയാണുണ്ടായതു്. സാമ്പത്തികരംഗത്തു് നീക്കുപോക്കുകൾ നടത്തുന്നതിനുള്ള ഭാരം ഒരു രാജ്യത്തുനിന്നു മറെറാന്നിലേയ്ക്കു് കൈമാറുകയെന്നതുമാത്രമായിരുന്നു ഈ വ്യാപാരനയങ്ങളുടെ ഉദ്ദേശം. തൊടുത്തുവിട്ട അസ്ത്രത്തിനു് സ്വയം ഇരയാകുന്നതായിരുന്നു മിക്കവാറും ഫലം. പൊതുവേയുള്ള ഒരു സാമ്പത്തികമാന്ദ്യത്തിൻെറ കെട്ടുതിയിൽനിന്നു് ഒരു രാജ്യത്തിനും ഫലപ്രദമായി ഒററപ്പെട്ടു് ഒഴിഞ്ഞുനിൽക്കാനാവില്ലെന്നു് അതിവേഗം വ്യക്തമായി. ഇത്തരം സാഹചര്യങ്ങളിൽ വ്യാവസായികമായി മുന്നേറിയ രാജ്യങ്ങൾ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന തങ്ങളുടെ കഴിവുകളുടെ ഒരു ഭാഗം അവികസിതരാജ്യങ്ങളുടെയും തങ്ങളുടെയും പരസ്പരനേട്ടത്തിനുവേണ്ടി ഉപയോഗിക്കാൻ ശ്രമിക്കുന്നപക്ഷം അതു കൂടുതൽ സൃഷ്ടിപരമായ ഒരു നടപടിയായിരിക്കും.

ദീർഘകാലസാമ്പത്തികപുരോഗതി, വ്യാപാരചക്രം, സാമ്പത്തികത്തകർച്ചകൾ, തൊഴിലില്ലായ്മ എന്നീ പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെട്ടുകഴിഞ്ഞിട്ടില്ല. താൻ എവിടെ ജോലിചെയ്യണം, എന്തുല്പാദിപ്പിക്കണം, എന്തെല്ലാം ഉപയോഗിക്കണം എന്നീ കാര്യങ്ങൾ ഓരോ വ്യക്തിയും സ്വതന്ത്രമായി നിശ്ചയിക്കുന്ന ഒരു സ്വതന്ത്ര സമ്പദ്‌വ്യവസ്ഥയിൽ സാമ്പത്തികമായ ഏററയിറക്കങ്ങൾ ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കും നീക്കുപോക്കുകൾ ആവശ്യമായിവരികയും ചെയ്യും. എന്നാൽ പ്രസ്തുത നീക്കുപോക്കുകൾ തകർച്ചയ്ക്കും വൻതോതിലുള്ള തൊഴിലില്ലായ്മയ്ക്കും കാരണമാകേണ്ടതില്ല. ഗുരുതരമായ സാമ്പത്തിക ഏററയിറക്കങ്ങൾ തടയുന്നതിനും അനസ്യൂതമായ സാമ്പത്തികവികാസം സാധിക്കുന്നതിനും ഗവമ്മെൻറ് നയങ്ങൾ കൈക്കൊള്ളുന്നതു് സ്വതന്ത്രവ്യാപാരവും സ്വതന്ത്രതൊഴിലുമെന്ന ആശയവുമായി തികച്ചും പൊരുത്തപ്പെട്ടുപോകുന്നുണ്ടെന്നു് അമേരിക്കൻജനത അംഗീകരിക്കുന്നുണ്ടു്. തകർച്ചകളെക്കുറിച്ച് മുൻകാലത്തുണ്ടായിരുന്ന നിരാശാത്മകമായ മനോഭാവത്തിൽനിന്നുമുള്ള അവസാനത്തെ വേർപെടലാണു് "പ്രകൃതിയെ സ്വന്തം വഴിനോക്കാൻ" അനുവദിക്കാതിരിക്കാനുള്ള തീരുമാനം. ഗുരുതരവും നീണ്ടുനിൽക്കുന്നതുമായ തകർച്ചകൾ അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിൽ സംഭവിച്ചുകൊള്ളണമെന്നില്ല. എന്നുവരികിലും, ബലഹീനമായ നയങ്ങളുടെ

ഫലമായി തകച്ച്കരം സംഭവ്യവുമാണ്. യുക്തമായ നയങ്ങരം നില നിത്താനും ആവിഷ്കരിക്കാനുമുള്ള ഒരു വെല്ലുവിളിയാണിതു്.

## വിലക്കയററപ്രശ്നം

സാമ്പത്തികത്തകച്ച്കരം ഒഴിവാക്കുന്നതു് സമതുലിതസാമ്പ ത്തികവളച്ച് നിലനിത്തുകയെന്ന കൂടുതൽ വലിയ കത്തവ്യത്തിൻെറ ഒരുവശം മാത്രമേയാകുന്നുള്ളു. നാണ്യവീപ്പാണ് മററൊരു വശം. തുടച്ച്യായ സാമ്പത്തികവികാസത്തിനുള്ള സാദ്ധ്യതയ്ക്കു മാത്രമല്ല, ഗണ്യമായവിഭാഗം ജനങ്ങളുടെ ക്ഷേമത്തിനും നാണ്യവീപ്പ് ഉപദ്രവ കരമാണ്. 1946-ലെ തൊഴിൽനിയമം സംബന്ധിച്ച് കോൺഗ്ര സ്സിൽനടന്ന ചച്ച്കളിൽ, പൂണ്ണതൊഴിൽനിലവാരം വളത്താനാവിഷ്ക രിക്കപ്പെടുന്ന നയങ്ങരം ആവത്തിക്കുന്ന ചിലവുകരംക്കും വിലക്കയററ ങ്ങരംക്കും കാരണമാകുമെന്ന് വാദിക്കപ്പെടുകയുണ്ടായി.

ഉല്പാദനക്ഷമതയിലുള്ള വദ്ധനവിനനുരൂപമായി കൂലിനിരക്കു കളിലുണ്ടാകുന്ന ഒരു വദ്ധന വിലസ്ഥിരീകരണവുമായി പൊരുത്തപ്പെ ടുമെന്നതിനുപുറമേ, ക്രയശേഷിയിലും ഉപഭോഗത്തിലും ആവശ്യ മായ വദ്ധന ഉറപ്പുനല്കുന്ന ഒരു മാഗ്ഗമെന്നനിലയിൽ അഭിലഷണീ യമായിരിക്കുമെന്നും പൊതുവേ അഭിപ്രായമുണ്ടായിരുന്നു. എങ്കിലും, പൂണ്ണതൊഴിൽസാഹചയ്യങ്ങളിൽ ഉല്പാദനക്ഷമതയുടെ നേട്ടങ്ങരംക്കു നുസരിച്ചുള്ളതിൽക്കവിഞ്ഞു് കൂലിവദ്ധനയും മററാനുകൂല്യങ്ങളും തൊഴിലാളികരം ആവശ്യപ്പെടുമെന്ന് പലരും ഭയപ്പെടുകയുണ്ടായി. അങ്ങിനെ സംഭവിക്കുന്നപക്ഷം അനുകൂലമായ വിപണിസാഹചയ്യ ങ്ങളിൽ, വദ്ധിച്ച തൊഴിൽചിലവുകളിലുള്ള നഷ്ടം നികത്തുന്ന തിനു്, ഒരുപക്ഷേ അതിൽ കൂടുതലും നേടുന്നതിനു് വില നിരക്കുകരം ഉയത്താൻകഴിയുമെന്ന പ്രതീക്ഷയോടെ മാനേജുമെൻറ് ആനുകൂല്യ ങ്ങളിൽ വദ്ധനകരം അനുവദിക്കുമെന്നായിരുന്നു അഭിപ്രായഗതി. അനുകൂലവിപണിസാഹചയ്യങ്ങളിൽ ബിസിനസ്സുകാർ വിലനിരക്കു കരം ഉയത്തുമെന്നും തുടന്നു് തൊഴിലാളികരം തദനുസരണം കൂലി വദ്ധന ആവശ്യപ്പെട്ട് നേടിയെടുക്കുമെന്നുമായിരുന്നു മററുള്ളവരുടെ ഭയം.

അതുകൊണ്ടു്, തുടരുന്ന അല്പം വിലക്കയററങ്ങളോടൊത്തു മാത്രമേ പൂർണ്ണതൊഴിൽനിലവാരം പുലത്താനാവൂ എന്ന നിഗമന ത്തിലാണ് ചില സാമ്പത്തികശാസ്ത്രജ്ഞന്മാരെത്തിയതു്. സ്ഥിരമോ, അനുകാലികമോ ആയ തൊഴിലില്ലായ്മയേക്കാരം ഭേദം തുടരുന്ന, മിതമായ ഒരു വിലക്കയററമാണെന്ന് ഒരു വിഭാഗത്തിനഭിപ്രായമു

ണ്ടായിരുന്നു. വിലക്കയററം തുടരുന്നതോടെ ഘടനപരമായ ചില അസമതുലങ്ങൾ വളൻവരുമെന്നും അനുസ്യൂതമായ സാമ്പത്തിക വളൎച്ചയ്ക്കു കുറച്ചു സ്ഥിരമോ, അഥവാ ചുരുങ്ങിയപക്ഷം അനുകാലികമോ ആയ തൊഴിലില്ലായ്മയുടെ നിയന്ത്രണം ആവശ്യമായിത്തീരുമെന്നും അല്ലാത്തപക്ഷം തുടൎച്ചയായ നാണ്യവീൎപ്പിൻെറ ദൂഷ്യഫലങ്ങൾ രാഷ്ട്രം സഹിക്കേണ്ടിവരുമെന്നും മറെറാരുവിഭാഗവും വാദിക്കുകയുണ്ടായി.

ഒന്നരദശകക്കാലത്തെ ഉയൎന്ന തൊഴിൽനിലവാരത്തിൻെറ അനുഭവങ്ങളുണ്ടായിട്ടും പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. ഉയൎന്ന തൊഴിൽ സാഹചൎയ്യങ്ങളിൽ ഏതെല്ലാംമാൎഗ്ഗങ്ങളിൽക്കൂടി തുടൎച്ചയായ വിലക്കയററം ഒഴിവാക്കാൻകഴിയുമെന്ന് നമുക്കിനിയും തീൎച്ചയില്ല. വിലനിരക്കുകൾ ഇന്ന് 1940-നുമുമ്പുണ്ടായിരുന്നവയേക്കാൾ ഏതാണ്ട് ഇരട്ടി ഉയൎന്നിരിക്കുന്നു. എന്നാൽ ഈ വൎദ്ധന പ്രധാനമായും രണ്ടാം ലോകയുദ്ധത്തിൻേറയും കൊറിയൻയുദ്ധാനന്തരമുണ്ടായ പുനരായുധീകരണത്തിൻേറയും ഫലമാണ്. 1951 വസന്തംമുതൽ 1961 വസന്തംവരെ ഉപഭോക്തൃവിലകളിലുണ്ടായ ഏതാണ്ട് 15 ശതമാനം പൊതുവൎദ്ധന, അക്കാലത്ത് പ്രതിരോധച്ചിലവുകൾ അത്രയും ഉയൎന്ന നിലയിലായിരുന്നുവെന്ന വസ്തുത പരിഗണിക്കുമ്പോൾ, സംഭ്രമജനകമല്ല. എങ്കിലും 1961 മുഴുവനും ഗവണ്മെൻറു ചിലവുകൾ തുല്യമായ ഉയൎന്നതോതിൽതന്നെ തുടൎന്നപ്പോൾപോലും, ഉപഭോക്തൃവിലക്കയററം സ്ഥിരമായി തുടരുകയുണ്ടായി. വിലസ്ഥിരീകരണ പ്രശ്നം ഇനിയും പരിഹരിക്കപ്പെട്ടുകഴിഞ്ഞിട്ടില്ലെന്നാണ് ഇതു കാണിക്കുന്നത്. കാർഷികവിലനിരക്കുകൾ അല്പം ഇടിഞ്ഞില്ലായിരുന്നുവെങ്കിൽ പൊതുവിലസൂചനക്കണക്കുകൾ തീൎച്ചയായും കൂടുതൽ ഉയരുമായിരുന്നു.

വിലക്കയററം പരിമിതപ്പെടുത്തുന്നകാൎയ്യത്തിൽ ഗവണ്മെൻറിൻെറ ധന-വായ്പാനയങ്ങൾ സഹായിച്ചിട്ടുണ്ട്. അത്തരം നിയന്ത്രണങ്ങളില്ലായിരുന്നുവെങ്കിൽ വിലക്കയററം, ഒരുപക്ഷേ, ഇതിലും കൂടുതലാകുമായിരുന്നു. ഗവണ്മെൻറിൻെറ ധനപരമായ ഇടപാടുകളിൽ കുറച്ചു മിച്ചം ലഭിക്കുകയുണ്ടായി. ട്രസ്ററുകണക്കുകളും ഗവണ്മെൻറു കോപ്പറേഷനുകളുമടങ്ങുന്നതും, എന്നാൽ നിധികൾ തമ്മിൽതമ്മിലുള്ളവയും രൊക്കമല്ലാത്തവയുമായ ഇടപാടുകൾ ഉൾപ്പെടാത്തതുമായ ഏകീകൃതനാണയബജററിൽ 1947-ൽ തുടങ്ങി 14 വൎഷങ്ങൾക്കിടയ്ക്ക് ഏഴ വൎഷങ്ങളിൽ മിച്ചമുണ്ടായിരുന്നു. ഏതാണ്ട് 400 കോടി ഡോളറായിരുന്നു ആ വൎഷങ്ങളിലെ "അററനേട്ടം." നികുതി കുറയ്ക്കുന്നതു് ചരക്കുകൾക്കുള്ള ആവശ്യവും തുടൎന്നു

സാമ്പത്തികവളർച്ചയുടെ നിരക്കും വർദ്ധിപ്പിക്കാൻ സഹായകമാകുമായിരുന്നെങ്കിലും, നാണ്യവീർപ്പുഭയനു് നികുതി കുറയ്ക്കുന്നതിനുവേണ്ടി ഉയർത്തപ്പെട്ട ആവശ്യങ്ങളെ സമീപവർഷങ്ങളിൽ ഗവൺമെൻറു് പലപ്പോഴും ശക്തിയായി ചെറുത്തിട്ടുണ്ടു്. ഗവണ്മെൻറിൻെറ നിയന്ത്രണാത്മകമായ വായ്പാനയവും അല്പം നിയന്ത്രണം ചെലുത്തിയിട്ടുണ്ടു്. സ്വകാര്യഭവനനിർമ്മാണച്ചിലവുകൾ താഴ്ത്തിനിർത്തുന്നതിൽ ഈ നയം പ്രത്യേകിച്ചും ഫലപ്രദമായിരുന്നു.

നിയന്ത്രണാത്മകമായ ഒരു വായ്പാനയത്തിൻെറ പ്രയോജനത്തേയും ഔചിത്യത്തേയും സംബന്ധിച്ചു് വളരെയേറെ തർക്കങ്ങൾ സമീപവർഷങ്ങളിലുണ്ടായിട്ടുണ്ടു്. അത്യധികം നിയന്ത്രണാത്മകമായ ഒരു വായ്പാനയം വിവിധസ്ഥാപനങ്ങളിൽ അതുല്യമായ ഫലങ്ങളാണുളവാക്കുന്നതു്. സ്വന്തമായ ധനശേഷി ഉപയോഗിക്കുന്നതിനു് അവയ്ക്കുള്ള കഴിവിനേയും പുറത്തുനിന്നുള്ള വായ്പ എത്രത്തോളം വാങ്ങണമെന്നതിനേയും ആശ്രയിച്ചിരിക്കും സ്ഥാപനങ്ങളിലുണ്ടാകുന്ന ഫലം. എങ്കിലും, വായ്പാനിയന്ത്രണമില്ലാത്തപക്ഷം നാണ്യവീർപ്പുസ്വഭാവത്തോടുകൂടിയ വിലക്കയററമല്ലാതെ മറെറാന്നും സംഭവിക്കാനില്ലെന്നാണു് നിലയെങ്കിൽ ഈ വാദം അവസാനത്തേതായിരിക്കുകയില്ല. ചില ചുററുപാടുകളിൽ ധന-വായ്പാനിയന്ത്രണനയങ്ങൾ ഗണ്യമായ തൊഴിലില്ലായ്മ സൃഷ്ടിച്ചുകൊണ്ടുമാത്രമേ സാമാന്യമായ ഒരു വിലസ്ഥിരീകരണം സാധിക്കുകയുള്ളുവെന്നതാണു് വിലക്കയററമുണ്ടാകുന്ന എല്ലാ സാഹചര്യങ്ങളിലും ഈ നയങ്ങൾ ഉപയോഗപ്പെടുത്തുന്നതിനെതിരെ ഉന്നയിക്കപ്പെടുന്ന ഗുരുതരമായ ഒരാക്ഷേപം ഗണ്യമായ തൊഴിലില്ലായ്മയാണു് ഫലമെങ്കിൽ ചികിത്സ രോഗത്തേക്കാൾ മോശമായിരിക്കും. വ്യവസായസ്ഥാപനങ്ങളും തൊഴിലാളിയൂണിയനുകളും വിപണിയിലുള്ള അവയുടെ ശക്തി ഉപയോഗിക്കുന്നതുമൂലം വിലനിരക്കുകളിലും ഉല്പാദനച്ചിലവുകളിലും ഉണ്ടാകുന്ന വർദ്ധനകൾ ചെറുക്കുന്നതിലെന്നതിനേക്കാൾ ആവശ്യത്തിലുള്ള വർദ്ധന പരിമിതപ്പെടുത്തുന്നതിലാണു് ധന-വായ്പാനടപടികൾ കൂടുതൽ ഫലപ്രദമാകുന്നതു്. ഈ കാരണങ്ങളാൽ, നാണ്യവീർപ്പു് മുൻകൂട്ടി തടുക്കുന്നതിനുള്ള ധന-വായ്പാനടപടികളുടെ കുറവു പരിഹരിക്കാവുന്ന നയങ്ങൾ രൂപപ്പെടുത്തിയെടുക്കണമെന്നു് ഗവണ്മെൻറിനകത്തും പുറത്തും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടു്. കൂടുതൽ ഫലപ്രദമായ കുത്തകവിരുദ്ധനയങ്ങൾ, അയവുള്ള ഇറക്കുമതിനയങ്ങൾ, വിലയേയും കൂലിയേയും സംബന്ധിച്ച ദേശീയനയങ്ങളുടെ കാര്യത്തിൽ മാനേജുമെൻറും തൊഴിലാളികളും തമ്മിൽ എന്തെങ്കിലുമൊരു കരാർ എന്നിവ വിലക്കയററത്തെ ചെറുക്കാനുള്ള അനുബ

സ്ഥനടപടികളായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പര്യാപ്തമായ സാമ്പത്തികവളർച്ചയുടേയും നീതിപൂർവ്വകമായ വിലസ്ഥിരീകരണത്തിൻേറയും ലക്ഷ്യങ്ങൾ നേടുന്നതിന് നേരിടേണ്ടിയിരിക്കുന്ന പ്രശ്നങ്ങളിവയാണ്.

## ചലനക്ഷമതയും ദൃഢതയും

അമേരിക്കൻസമ്പദ്വ്യവസ്ഥയുടെ ഉയരുന്ന ഉല്പാദനക്ഷമതയ്ക്കാവശ്യമായ സാഹചര്യങ്ങളിലൊന്ന് ഉയർന്നതോതിലുള്ള ചലനക്ഷമതയാണ്. മേലന്വേഷണവൈദഗ്ദ്ധ്യം, തൊഴിലാളികൾ, മൂലധനം എന്നിവ സന്ദർഭങ്ങളും ആവശ്യങ്ങളും ഉയർന്നുവരുന്നതനുസരിച്ച് കൃത്യമായി നീങ്ങണം. ഈ ചലനക്ഷമത ദൃഢതയ്ക്കു വഴങ്ങിക്കൊടുക്കാത്തതാകണമെന്നതാണ് അമേരിക്കൻസമ്പദ്വ്യവസ്ഥയുടെ ഭാവിവളർച്ചയെ അപായപ്പെടുത്താവുന്ന പ്രശ്നങ്ങളിലൊന്ന്. ഭൂപരമായ പ്രദേശങ്ങൾക്കിടയ്ക്കും ഒരു യന്ത്രശാലയിൽനിന്ന് മറെറാന്നിലേയ്ക്കും ഒരു പ്രത്യേക വൈദഗ്ദ്ധ്യത്തിൽനിന്ന്, അഥവാ തൊഴിലിൽനിന്ന് മറെറാന്നിലേയ്ക്കും മാറാൻ അമേരിക്കക്കാർക്ക് എത്രത്തോളം സാധിക്കുമെന്നതു്, സുസ്ഥാപിതവും സുരക്ഷിതവുമായ സമാരംഭങ്ങൾവിട്ട് പുതിയ പ്രവർത്തനരംഗങ്ങളിലേയ്ക്ക് മാറാനുള്ള വ്യവസായികളുടെ സന്നദ്ധത, മൂലധനത്തിൻെറ ചലനം എന്നിങ്ങിനെ സാമ്പത്തികചലനക്ഷമതയ്ക്ക് വിവിധവശങ്ങളാണുള്ളതു്.

കഴിഞ്ഞ 70 കൊല്ലങ്ങളായി അമേരിക്കൻസമ്പദ്വ്യവസ്ഥയുടെ ഒരു സവിശേഷതയായി വർത്തിച്ചിട്ടുള്ള ഭൂപരമായ ചലനസാദ്ധ്യത എല്ലായ്പ്പോഴും കലർപ്പില്ലാത്ത ഒരനുഗ്രഹമല്ല. "ഐശ്വര്യത്തിൽ പുളയ്ക്കുന്ന പട്ടണ"ങ്ങളോ "മുടിഞ്ഞ പട്ടണ"ങ്ങളോ ഒരു നല്ല സാമൂഹ്യജീവിതത്തിന് സഹായകമല്ല. ഒരിടത്തുനിന്നും മറെറാരിടത്തേക്കു കൂടെക്കൂടെ നീങ്ങിക്കൊണ്ടിരിക്കുന്ന തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും വീട്ടുടമസ്ഥതയുടേയോ സമൂഹത്തിൻെറ രാഷ്ട്രീയ-സാംസ്കാരിക-സാമൂഹ്യജീവിതത്തിലുള്ള പങ്കാളിത്തത്തിൻേറയോ മെച്ചങ്ങൾ സിദ്ധിക്കുകയില്ല. എങ്കിലും, ഫലത്തിലോരോതൊഴിലാളിക്കും സ്വന്തമായ മോട്ടോർവാഹനമുണ്ടെന്ന വസ്തുത താമസസ്ഥലത്തിനു മാററമില്ലാതെതന്നെ തൊഴിൽസ്ഥലത്തിന് അല്പം മാററങ്ങൾ വരുത്തുന്നതിന് സാദ്ധ്യത സൃഷ്ടിക്കുന്നുണ്ട്. ഒരു പ്രദേശത്തെ ഒരു വ്യവസായം തകരുകയാണെങ്കിൽ, അവിടെത്തന്നെ മററു വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുകയും ലഭ്യമായ മനുഷ്യശക്തി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നപക്ഷം, സാമൂഹ്യജീവിതത്തെ അതു് പ്രതികൂല

മായി ബാധിച്ചുകൊള്ളണമെന്നില്ല. ഇതാണ് പലപ്പോഴും സംഭവിക്കുന്നതും. ഇതിന്നെതിരെ, തുടർച്ചയായി അധഃസ്ഥിതാവസ്ഥയിൽ വർത്തിക്കുന്ന ചില പ്രദേശങ്ങളുണ്ട്. കൽക്കരിഖനികളും തടിശേഖരങ്ങളും ശോഷിച്ച പ്രദേശങ്ങൾ ഉദാഹരണങ്ങളായെടുക്കാം. ഇവയിൽ ചില പ്രദേശങ്ങളിൽ പുതിയവ്യവസായങ്ങളുടെ വികാസം അപര്യാപ്തമാണ്. തൊഴിലാളികൾ വളരെ സാവധാനംമാത്രമേ അവിടങ്ങളിൽനിന്നും മററു പ്രദേശങ്ങളിലേക്കു പോയിട്ടുള്ളു. തൽഫലമായി, രാജ്യത്തിൻെറ ഇതരഭാഗങ്ങൾക്ക് ഐശ്വര്യം കൂടുമ്പോൾ ഈ പ്രദേശങ്ങളിൽ താരതമ്യേന ഉയന്ന പ്രാദേശികതൊഴിലില്ലായ്മയാണ് ഉണ്ടായിട്ടുള്ളത്. ഒരു പുതിയ "ഫെഡറൽ ഏറിയ റീ ഡെവലപ്പ്മെൻറ് അഡ്മിനിസ്ട്രേഷൻ" ഏർപ്പെടുത്തിയതോടെ വിഷമകരമായ ഈ പ്രശ്നം കൈകാര്യംചെയ്യുന്നതിന് പ്രത്യേകനയങ്ങൾ ഉൽഘാടനംചെയ്തിട്ടുണ്ട്.

ഒരേ സമൂഹത്തിനകത്തുതന്നെയുള്ള ഒരു യന്ത്രശാലയിൽനിന്നും മററൊന്നിലേക്ക് മാറുന്നതിന് തൊഴിലാളികൾക്കു സൗകര്യങ്ങളുണ്ടാകുന്നതു് അഭിലഷണീയമാണ്. എന്നാൽ ഇക്കാര്യത്തിലും പൂർണ്ണമായ ചലനസാദ്ധ്യത, പൂർണ്ണമായ ദൃഢതയെപ്പോലെതന്നെ അനഭിലഷണീയമായിരിക്കും സ്ഥിരമായി ഒരിടത്തുതന്നെ തൊഴിൽനൽകുന്നതും ഒരു യന്ത്രശാലയിൽനിന്നു മററൊന്നിലേക്ക് തൊഴിലാളികളെ മാററുന്നതിനുള്ള ആവശ്യം കഴിയുന്നത്ര ലഘൂകരിക്കുന്നതുമാണ് സ്ഥാപനത്തിൻേറയും തൊഴിലാളികളുടേയും ദീർഘകാലതാല്പര്യങ്ങൾക്കു നല്ലതു്. തൊഴിലാളികളുടെ സേവനമൂപ്പവകാശങ്ങൾ, ഉറപ്പുനൽകപ്പെട്ട വാർഷികകൂലിനിരക്കുകൾ, തൊഴിലിൽനിന്ന് ഒഴിവാകുമ്പോഴുള്ള വേതനങ്ങൾ, മററാനുകൂല്യങ്ങൾ എന്നിവ ബിസിനസ് പ്രവത്തനങ്ങൾക്കു താല്ക്കാലികമായിമാത്രം ഇടിവുസംഭവിക്കുമ്പോൾ തൊഴിലാളികളെ സ്ഥാപനത്തിൽനിന്നും പിരിച്ചുവിടുന്നതിനുപകരം മാന്ദ്യഘട്ടത്തിലും തൊഴിൽസേനയെ നിലനിത്താനുള്ള പ്രേരണയാണ് സ്ഥാപനത്തിനു നല്കുക. ശമ്പളത്തൊഴിലാളികളുടെ (വെള്ളക്കോളർ) സംഖ്യ കൂലിത്തൊഴിലാളികളുടെ (നീലക്കോളർ) സംഖ്യയേക്കാൾ വളരെ വേഗം വദ്ധിക്കുന്നുവെന്ന വസ്തുത തൊഴിൽസേനയുടെ ചലനസാദ്ധ്യതയെ അനിവാര്യമായും ലഘൂകരിക്കുന്നു.

എന്നാൽ മാനേജർമാരും തൊഴിലാളികളും അവരുടെ വൈദഗ്ദ്ധ്യങ്ങൾ കൂടുതൽ മെച്ചപ്പെട്ടനിലയിൽ ഉപയോഗിക്കാവുന്ന മററു തൊഴിൽസൗകര്യങ്ങൾ ഒരിക്കലും അന്വേഷിക്കാത്തവിധം ഒരു സ്ഥാപനത്തോടു ബന്ധിതരാണെങ്കിൽ ഉല്പാദനക്ഷമത കുറയുന്ന

താണ്. തൊഴിലാളിയോ മാനേജരോ തൊഴിൽ മാറുമ്പോൾ അവരുടെ പെൻഷൻഅവകാശങ്ങൾ നഷ്ടപ്പെടുന്ന ചില സ്വകാര്യപെൻഷൻപദ്ധതികൾക്കു ഈ ഫലമുണ്ട്. ഈ അപകടം വേണ്ടപോലെ ബോദ്ധ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മാത്രമല്ല, അതു തരണംചെയ്യുന്നതിന് വിവിധ നിർദ്ദേശങ്ങളുണ്ടായിട്ടുമുണ്ട്. ചില പെൻഷൻപദ്ധതികൾ, ഉദാഹരണത്തിന് കോളേജ്അദ്ധ്യാപകരുടെ റിട്ടയർമെൻറ് സമ്പ്രദായം, ഇപ്പോൾത്തന്നെ ജീവനക്കാർക്ക് സ്ഥിരമായ പെൻഷൻ അവകാശങ്ങൾ ഉറപ്പുകൊടുക്കുന്നു. ഒരു തൊഴിൽവിട്ട് മറെറാന്നിലേയ്ക്ക് മാറിയാലും അവർക്ക് ഈ അവകാശങ്ങൾ നഷ്ടപ്പെടുന്നില്ല. ഗവമ്മെൻറിൻെറ സാമൂഹ്യസുരക്ഷിതത്വപരിപാടിയനുസരിച്ചുള്ള ആനുകൂല്യങ്ങളേയും തൊഴിൽമാററം ബാധിക്കുന്നില്ല. എങ്കിലും ഇന്ന് പല സ്വകാര്യപെൻഷൻപദ്ധതികളും ചലനക്ഷമതയെ കഠിനമായി പരിമിതപ്പെടുത്തുന്നുണ്ട്.

വിപണിയുടെ മാറിവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് തങ്ങളുടെ പ്രത്യേകതരം തൊഴിലുകൾ മാററുവാൻ പലർക്കുമുള്ള സന്നദ്ധതയാണ് അമേരിക്കൻസമ്പദ്വ്യവസ്ഥയുടെ ലക്ഷണങ്ങളിൽപ്പെട്ട മറെറാരുതരം ചലനക്ഷമത. ഒരുവ്യക്തി ജീവിതകാലം മുഴുവൻ മാററമില്ലാത്ത ഒരു പ്രത്യേകതൊഴിലിൽതന്നെ ഉറച്ചുനില്ക്കാൻ നിശ്ചയിക്കുന്നതു് അമേരിക്കയിൽ അപൂവ്മാണ്—ഇതു് ഇതരരാജ്യങ്ങളിലേക്കാൾ ചുരുക്കമാണ് അമേരിക്കയിൽ. പരിശീലനംലഭിച്ച എൻജിനിയർമാർ ബിസിനസ് സ്ഥാപനങ്ങളിൽ നിവ്ാഹകോദ്യോഗസ്ഥന്മാരുടെ സ്ഥാനങ്ങൾ സ്വീകരിക്കുന്നതും സാങ്കേതികപ്രവത്തകന്മാർ സവ്കലാശാലാഅദ്ധ്യാപകരാകുന്നതും വിദഗ്ദ്ധതൊഴിലാളികൾ മേൽനോട്ടചുമതലകൾ ഏറെറടുക്കുന്നതും അമേരിക്കയിൽ അസാധാരണമല്ല. എങ്കിലും മിക്കവാറും തൊഴിലുകൾക്കു കൂടുതൽ ഔപചാരികമായ പരിശീലനം ആവശ്യമാകുന്നതോടെ, മുമ്പ് പ്രത്യേകവൈദഗ്ദ്ധ്യം നേടിയതരം തൊഴിലുകളിൽനിന്നു മാറാൻ ജനങ്ങൾക്കു കൂടുതൽ വൈമനസ്യമുണ്ടായേക്കാം. സാങ്കേതികയുഗത്തിൻെറ ഒരനിവാര്യതയായിരിക്കാമിതു്.

സ്വയംപ്രവത്തകസമ്പ്രദായം അതിവേഗം സ്വീകരിക്കപ്പെടുന്നതോടെ ഈ പ്രവണതകൾ സുശക്തമാകും. ആധുനിക സാങ്കേതികരീതിയുടെ ഫലമായി ജോലിയിൽനിന്നും ഒഴിവാക്കപ്പെട്ടതരം തൊഴിലാളികൾക്കിടയിൽ സ്ഥായിയായ തൊഴിലില്ലായ്മയും മററുതരം തൊഴിലാളികളുടെ ദൗർലഭ്യവും ഇപ്പോൾത്തന്നെ തെളിഞ്ഞുകാണാവുന്നതാണ്. സ്വയംപ്രവത്തകസമ്പ്രദായത്തിൻെറ പ്രാരംഭഘട്ടത്തിൽ

യന്ത്രങ്ങൾമൂലം തൊഴിലാളികൾ ഒഴിവാക്കപ്പെടുന്നതുമൂലമുള്ള തൊഴിലിടിവ് പുതിയ ഉപകരണങ്ങളുടെ ഉല്പാദനത്തിനും സംരക്ഷണജോലികൾക്കും കൂടുതൽ തൊഴിലാളികൾക്കുള്ള ആവശ്യത്തിന് നികത്താൻ കഴിയും. എങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ നോക്കുമ്പോൾ, തൊഴിൽസേനയിൽ തത്തുല്യമായ മാററങ്ങളോടുകൂടി പുതിയ വ്യവസായശാഖകളും സേവനശാഖകളും രൂപംകൊണ്ട് ഗണ്യമായി വികസിക്കുകയോ, വേലസമയം തദനുസൃതമായി ലഘൂകരിക്കപ്പെടുകയോ ചെയ്യാത്തപക്ഷം ഗുരുതരമായ സാങ്കേതികതൊഴിലില്ലായ്മയായിരിക്കും ഫലം.

ഈ കാരണത്താൽ, സാങ്കേതികശാസ്ത്രത്തിൻേറതായ ഒരു യുഗത്തിൽ തൊഴിൽപരമായ ചലനസാദ്ധ്യത നിലനിർത്തുന്നതിനു വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള സൗകര്യങ്ങൾക്കു വലിയ പ്രാധാന്യമുണ്ടാകും. സ്വയംപ്രവർത്തകസമ്പ്രദായം സുപ്രധാനമാകുന്ന വ്യവസായങ്ങളിൽ തൊഴിലാളികൾക്കു പുനഃപ്പരിശീലനം നല്കുന്നതിനുള്ള പരിപാടികൾ ചില വ്യവസായസ്ഥാപനങ്ങളും തൊഴിലാളിയൂണിയനുകളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. സ്വയംപ്രവർത്തകസമ്പ്രദായത്തിൻെറ പുരോഗതിമൂലമോ മററു കാരണങ്ങളാലോ വൈദഗ്ദ്ധ്യത്തിനു കാലഹരണംവരുന്ന തൊഴിലാളികൾക്ക് പുനഃപ്പരിശീലനം നൽകുന്ന ഒരു പരിപാടിക്ക് കേന്ദ്രഗവമ്മെൻറ് പിന്തുണനൽകുന്നു. ഇവയ്ക്കു പുറമെ, വേലസമയത്തിലെ ലഘൂകരണംനല്കുന്ന സൗകര്യം ഉപയോഗപ്പെടുത്തി ഗണ്യമായ ഒരുവിഭാഗം തൊഴിലാളികൾ തൊഴിൽപരമായ മുന്നേററത്തിനോ, നിലവിലുള്ള തൊഴിലിൽനിന്നു മാറുന്നതിനോ സ്വയം തയ്യാറാകുന്നതിനുവേണ്ടി പ്രത്യേകപരിശീലനത്തിൽ പങ്കെടുക്കുന്നുമുണ്ട്. സായുധസേനയിലെ പ്രായപരിചയം വന്നവർക്ക് സൗജന്യമായ അക്കാദമിപരിശീലനത്തിന് സൗകര്യം നല്കപ്പെട്ടുവെന്ന വസ്തുത, വ്യക്തിപരമായ സാമ്പത്തികനില പരിഗണിക്കാതെതന്നെ തങ്ങളുടെ തൊഴിൽപരമായ താല്പര്യങ്ങളനുവർത്തിക്കാൻ ഒരു തലമുറയെയമുഴവൻ പ്രോത്സാഹിപ്പിക്കുകയുണ്ടായി ഇതിനു പുറമെ, കോളേജ്‌വിദ്യാർത്ഥികൾക്കും ഗ്രാജ്വേററ്‌വിദ്യാർത്ഥികൾക്കും ഭാവിയിലെ ഉദ്യോഗസംബന്ധവും സാങ്കേതികവും ബിസിനസ്സ് സംബന്ധവുമായ തൊഴിലുകൾക്ക് സ്വയം തയ്യാറെടുക്കുന്നതിനുവേണ്ടി സ്വകാര്യ-ഗവമ്മെൻറ്‌നിധികളിൽനിന്നും ധാരാളം വിദ്യാർത്ഥിവേതനങ്ങളും വായ്പകളും നല്കുന്നുമുണ്ട്.

അവസാനമായി, സമതുലിതസാമ്പത്തികവളർച്ചയ്ക്കു മൂലധനത്തിൻെറ ഉയന്നതോതിലുള്ള ചലനക്ഷമതയും അത്യാവശ്യമാണ്.

ഞങ്ങൾ മുമ്പു ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, കടപ്പത്രവിപണികൾ, നിക്ഷേപനിധികൾ, പെൻഷൻനിധികൾ, ഇൻഷുറൻസ് കമ്പനികൾ, ബാങ്കുകൾ, ധനപരമായ മററു സ്ഥാപനങ്ങൾ എന്നീ മൂലധനവിപണിയിലെ ആധുനികസ്ഥാപനങ്ങൾ നിക്ഷേപമൂലധനത്തിനു നിരവധി മാർഗ്ഗങ്ങൾ നൽകുന്നുണ്ട് ഏററവും ഫലദായകമായ നിക്ഷേപങ്ങളിലേക്കു മൂലധനത്തെ തിരിച്ചുവിടാൻ അവ സഹായിക്കുന്നുമുണ്ട്. എങ്കിലും മൂലധനചലനക്ഷമത ഇനിയും പരിപൂർണ്ണമാക്കാൻ കഴിഞ്ഞിട്ടില്ല. പെൻഷൻനിധികളും നിക്ഷേപനിധികളും വിപണിയിലെ ഏററവുംകൂടുതൽ സുരക്ഷിതത്വമുള്ള കടപ്പത്രങ്ങളിൽ പണം നിഃക്ഷേപിക്കുന്നതിനായിരിക്കും സ്വാഭാവികമായും അനുകൂലമായിരിക്കുക. മൂലധനലഭ്യതയുടെ വിതരണത്തിൽ ഇന്നുള്ള പ്രവണതകളെ ഇതു കട്ടപ്പിക്കുകയേയുള്ളു.

കോർപ്പറേഷനുകളുടെ വികസനത്തിനുള്ള മൂലധനത്തിൻെറ മുഖ്യമായ ഉറവ് , തേമാനനിധികളും വിതരണംചെയ്യപ്പെടാത്ത ലാഭങ്ങളുമടങ്ങുന്ന സ്വന്തം അഭ്യന്തരനിധികളാണ്. കോർപ്പറേഷൻെറ സ്വന്തം ഉപയോഗത്തിനുവേണ്ടിയാണ് സാധാരണഗതിയിൽ ഇവ നിലനിർത്തിപ്പോരുന്നത്. എങ്കിലും, സമൃദ്ധിയായി മൂലധനശേഖരമുള്ള ചില കമ്പനികൾ മൂലധനമാവശ്യമുള്ള മററു സ്ഥാപനങ്ങളെ ലയിപ്പിച്ചെടുത്ത് ലഭ്യമായ നിക്ഷേപമൂലധനത്തിൻെറ ചലനക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ട്. ധനപരമായ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തി, അനുകൂലവ്യവസ്ഥകളിന്മേൽ വായ്പ നൽകുന്ന സമ്പ്രദായം കൃഷകർ, ചെറുതും വളർന്നുവരുന്നതുമായ ബിസിനസ് സ്ഥാപനങ്ങൾ, അധഃസ്ഥിതസമൂഹങ്ങൾ തുടങ്ങിയ പ്രത്യേകഗ്രൂപ്പുകളിലേക്കും മേഖലകളിലേക്കും വ്യാപിപ്പിച്ചിട്ടുമുണ്ട്.

ഒരു സചേതനസമ്പദ്‌വ്യവസ്ഥയിൽ മാനേജുമെൻറ്, തൊഴിലാളികൾ, മൂലധനം എന്നിവയിൽ ഒരളവിൽ ചലനക്ഷമത നിലനിർത്തേണ്ടതു് പ്രധാന കാര്യമാണ്. വിദേശീയവും തദ്ദേശീയവുമായ മാത്സര്യത്തിൽനിന്നും സംരക്ഷണംനൽകി തുടർച്ചയായ ലാഭങ്ങൾ ബിസിനസ്‌മാനേജുമെൻറിനും ഒരേ തൊഴിലിൽത്തന്നെ എല്ലാക്കാലത്തും തുടരുന്നതിനു തൊഴിലാളികൾക്കും സംഭവ്യമായ നഷ്ടങ്ങളിൽനിന്നു സംരക്ഷണം മൂലധനത്തിനും ഉറപ്പുനൽകപ്പെടുന്നപക്ഷം അതു് സാമ്പത്തികവളർച്ചയുടെ വീര്യത്തെ ഹനിക്കും. പരിപൂർണ്ണ സുരക്ഷിതത്വം ശവക്കുഴിയിൽമാത്രമേ കിട്ടുവെന്നുപറയാറുണ്ട്. ഒരു സജീവ സമ്പദ്‌വ്യവസ്ഥയിൽ ലാഭസമ്പ്രദായം നൽകുന്ന പ്രേരണകൾ നിലനിർത്തുന്നതിനും അമിതമായ അപകടങ്ങളിൽനിന്ന്

വ്യക്തികളെ സംരക്ഷിക്കുന്നതിനുമിടയ്ക്കു് ഒരു സമതുലിതാവസ്ഥ നേടേണ്ടതാവശ്യമാണു്.

അടുത്ത ദശകത്തിലോമററോ അമേരിക്കൻസമ്പദ്വ്യവസ്ഥയ്ക്കു് സമൃദ്ധിയുടേതായ ഒരു യുഗത്തിന്റെ ഉമ്മറപ്പടിയിലെത്താനും അതു കടക്കാനുംകഴിയുമോ എന്നതു് സാമ്പത്തികവും സാമ്പത്തികേതരവും പൊതുമേഖലയുടെയും സ്വകാര്യമേഖലയുടെയുമായ അനേകം തീരുമാനങ്ങളേയും പ്രവർത്തനങ്ങളേയും ആശ്രയിച്ചാണിരിക്കുന്നതു്. പര്യാപ്തമായ ഒരു വളർച്ചനിരക്കു് നിലനിർത്തുന്നതും തകർച്ച, നാണ്യവീർപ്പു്, ഘടനാപരമായ ദൃഢത എന്നിവ തടയുന്നതുമാണു് ഈ വാഗ്ദാനം നിറവേററുന്നതിനുള്ള ഏററവും പ്രധാന സാമ്പത്തികോപാധികൾ. 1930-ൽ ആരംഭിച്ച ദശകത്തിന്നെതിരെ ഇന്നു്, സൃഷ്ടാത്മകവും നിഷേധാത്മകവുമായ ഈ കൃത്യങ്ങളുടെ സ്വഭാവം കൂടുതൽ മനസ്സിലാക്കപ്പെട്ടുന്നുണ്ടു്. ഫലപ്രദമായ നയങ്ങളും പരിപാടികളും സ്വീകരിക്കാനുള്ള കഴിവും സന്നദ്ധതയും മുൻകാലത്തേക്കാൾ വളരെ കൂടുതലുമാണു്. യുദ്ധം ഒഴിവാക്കാമെങ്കിൽ, സമീപഭാവിയിൽതന്നെ അമേരിക്കൻസമ്പദ്വ്യവസ്ഥ നൽകുന്ന വാഗ്ദാനങ്ങൾ കൂടുതൽ കൂടുതൽ സാധിതമാകാതിരിക്കുന്നതിനു് കാരണമൊന്നുമില്ല.

# ജീവിതനിലവാരങ്ങളും വരുമാനവിതരണവും X

ഗണ്യമായി അഭിവൃദ്ധിപ്പെട്ട ജീവിതനിലവാരങ്ങൾക്കുവേണ്ടി മിക്ക രാജ്യങ്ങളിലേയും ജനങ്ങൾക്കുള്ള ശക്തവും വദ്ധമാനവുമായ അഭിലാഷം ഇക്കാലത്തെ അതിപ്രധാനമായ ഒരു സംഭവവികാസമാണ്. ആ കാരണംകൊണ്ടുതന്നെ "ഉയന്നുവരുന്ന പ്രതീക്ഷകളുടെ വിപ്ലവം" എന്നാണതിനെ വിളിക്കുന്നതു്. ജനങ്ങളിൽ ഭൂരിപക്ഷത്തിനു ദാരിദ്ര്യവും സമൂഹത്തിൻെറ മുകൾതട്ടിലുള്ള ഒരു പ്രാമാണിക ന്യൂനപക്ഷത്തിനുമാത്രം സാമാന്യമായ ക്ഷേമവും എന്ന നില ഒരനിവാര്യതയാണെന്ന വിശ്വാസമത്രേ ഈ ശതകത്തിനുമുമ്പുവരെ മനുഷ്യരാശി പുലത്തിയിരുന്നതു്. എന്നാൽ ഇപ്പോൾ ലോകത്തിലെല്ലായിടത്തുമുള്ള ജനങ്ങളും ഈ വീക്ഷണത്തെ തിരസ്കരിക്കുന്നു. പകരം, അന്തസ്സുള്ള ഒരു ജീവിതനിലവാരവും ആരോഗ്യവും വിദ്യാഭ്യാസവും എല്ലാവക്കും ലഭിക്കണമെന്നും ലഭിക്കാൻ സാധിക്കുമെന്നും അവർ വിശ്വസിക്കുന്നു. ഈ ലക്ഷ്യം നേടുന്നതിനുള്ള പ്രവത്തനങ്ങൾ പല രാജ്യങ്ങളിലും, പ്രത്യേകിച്ചും അമേരിക്കയിൽ, വളരെ മുന്നോട്ടുപോയിട്ടുണ്ടു്. എന്നിട്ടും, അമേരിക്കയിൽപ്പോലും, ദാരിദ്ര്യത്തിൻെറ ഒരവശിഷ്ടപ്രശ്നം ഇപ്പോഴും നിലവിലുണ്ടു്.

ഉയന്നുവരുന്ന പ്രതീക്ഷാവിപ്ലവത്തിൻെറ ലക്ഷ്യം അമേരിക്കയിൽ മററു രാജ്യങ്ങളിലുള്ളതിനേക്കാൾ ഉയന്നതാണ്. കൂടുതൽ സമ്പന്നമായ ഗ്രൂപ്പുകൾ അനുഭവിക്കുന്നതിൽനിന്നും അളവിലല്ലാതെ ഗുണത്തിൽ സാരമായ വ്യത്യാസമില്ലാത്ത ഒരു ജീവിതനിലവാരമാണ് ഇന്നു് അമേരിക്കൻതൊഴിലാളികളും കർഷകരും പ്രതീക്ഷിക്കുന്നതു്. പലരും യഥാത്ഥത്തിൽ അതു നേടിയിട്ടുമുണ്ടു്. ഈ അത്ഥത്തിൽ അമേരിക്ക അതിവേഗം "ഇടനിലക്കാരുടെ" ഒരു രാഷ്ട്രമായിത്തീന്നുകൊണ്ടിരിക്കുകയാണ്. വഗ്ഗപരമായ വ്യത്യാസങ്ങൾ ഇപ്പോഴും അവശേഷിക്കുന്നുണ്ടെങ്കിലും അവ, കഴിഞ്ഞകാലങ്ങളിലുണ്ടായിരുന്നതുപോലെയോ പല രാജ്യങ്ങളിലും ഇപ്പോഴും നിലവിലുള്ള വ്യത്യാസങ്ങളെപ്പോലെയോ, ദൃഢമോ അപകർഷകരമോ അല്ല.

എല്ലാവരേയും ഏററവും താഴ്ന്നനിലവാരത്തിലേക്കു് ഇറക്കിക്കൊണ്ടല്ല, മറിച്ചു് എല്ലാവക്കും കൂടുതൽ നൽകിക്കൊണ്ടാണ് അമേരിക്കയിൽ ഒരു വഗ്ഗരഹിതസമൂഹത്തിനോടുള്ള സമീപനം

ഉണ്ടായതു്. താഴ്ന്നവരുമാനവിഭാഗങ്ങൾക്ക് ആനുപാതികമായ കൂടുതൽ വർദ്ധനയാണു് ലഭിച്ചിട്ടുള്ളതു്. അതേസമയം, വളരെയധികം ഉയർന്ന വരുമാനങ്ങളുടേയും സമ്പത്തുകളുടേയും വളർച്ച നിയന്ത്രിക്കപ്പെട്ടിരിക്കുകയാണു്. എല്ലാവർക്കും വരുമാനസമത്വമെന്ന സാമൂഹ്യസിദ്ധാന്തത്തേയും ഈ സംഭവവികാസത്തേയും കൂട്ടിക്കുഴയ്ക്കരുതു്. ആ ആശയത്തിന് അമേരിക്കയിൽ ഒരുകാലത്തും വളരെ പ്രചാരം ലഭിക്കുകയുണ്ടായിട്ടില്ല. അതിനേക്കാൾ ഉപരി, എല്ലാവർക്കും അവസരസമത്വമാണു്, പ്രത്യേകിച്ചും വിദ്യാഭ്യാസത്തിനും ഉല്പാദനകരവും തൃപ്തികരവുമായ തൊഴിലുകൾക്കുമുള്ള അവസരസമത്വമാണു്, അമേരിക്കക്കാർ പ്രാഥമികമായും നേടിയിട്ടുള്ളതു്.

രണ്ടാംലോകയുദ്ധത്തിനുശേഷം അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ വളർച്ചയാണു് ജീവിതനിലവാരത്തിലെ സാരമായ ഉയർച്ചയ്ക്കു് ഏറിയതും കാരണം. അനുസ്യൂതമായ സമതുലിത സാമ്പത്തിക വളർച്ചയ്ക്കുള്ള അതിൻെറ കഴിവു് അമേരിക്ക സാക്ഷാൽക്കരിക്കുന്ന പക്ഷം അമേരിക്കയിലെ ശരാശരി കുടുംബത്തിൻെറ ജീവിതനിലവാരം 1970 ആകുന്നതോടെ ഇന്നത്തെ നിലവാരത്തിൻെറ ഏതാണ്ടു് മൂന്നിലൊന്നു് ഉയർന്നിരിക്കണം. മാത്രമല്ല, അന്താരാഷ്ട്രസംഘർഷത്തിൽ അയവുവരികയും ആയുധീകരണഭാരം പരിമിതപ്പെടുകയും ചെയ്യുകയാണെങ്കിൽ അതിലും വേഗത്തിലും ദാരിദ്ര്യം മിക്കവാറും നീക്കാൻ സാദ്ധ്യമായിത്തീരണം. എന്നാൽ അമേരിക്കയിലെ അവശിഷ്ടദാരിദ്ര്യം നിർമ്മാർജ്ജനംചെയ്യാനാവശ്യമായ സാമ്പത്തികവളർച്ചയോടൊത്തുതന്നെ വരുമാനവിതരണം കൂടുതൽ മെച്ചപ്പെടുത്താൻ പ്രത്യേകമായി ആവിഷ്കരിക്കപ്പെട്ട ഉചിതമായ നയങ്ങളും ആവശ്യമാണു്. കേന്ദ്ര-സംസ്ഥാന-പ്രാദേശികനികുതിസമ്പ്രദായങ്ങളിൽ നീക്കുപോക്കുകൾ; അവശർക്കു സൗകര്യങ്ങൾ വളർത്തുന്നതിനുവേണ്ടി പരിശീലനം, ആരോഗ്യം, സാമൂഹ്യസഹായം എന്നിവയ്ക്കുള്ള പരിപാടികളിൽ അഭിവൃദ്ധികൾ; അടുത്തടുത്തുവരുന്ന ഒരു ഭൗതികസമൃദ്ധിയുടെ ആവശ്യങ്ങളുമായി നമ്മുടെ നഗരപ്രാന്തങ്ങളും വിദ്യാഭ്യാസസമ്പ്രദായങ്ങളും മററു സാമൂഹ്യസ്ഥാപനങ്ങളും പൊരുത്തപ്പെടുത്തൽ എന്നിവ അത്തരം യുക്തമായ നയങ്ങളിൽ പെടുന്നവയാണു്.

## ദാരിദ്ര്യത്തിൻെറ അവശിഷ്ടം

വരുമാനത്തിലുള്ള പര്യാപ്തതയുടേയും അപര്യാപ്തതയുടേയും അന്താരാഷ്ട്രമാനദണ്ഡങ്ങളൊന്നുംതന്നെ ഇതുവരെ പൊതുവെ അംഗീകരിക്കപ്പെട്ടിട്ടില്ലെങ്കിലും തൃപ്തികരമായ ഒരു ജീവിതനിലവാരമെന്നു് അമേരിക്കക്കാർ കണക്കാക്കുന്നതിൽ താഴെമാത്രം വരുമാന

മാണ് അമേരിക്കയിലെ നിരവധി കുടുംബങ്ങൾക്കുള്ളത്. സ്റ്റാൻഡേർഡ് വരുമാനത്തിൽനിന്ന് താഴ്ന്ന വരുമാനമുള്ള ഗ്രൂപ്പു കളെ ഉയർത്തുന്നതിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. പക്ഷേ, അന്താ രാഷ്ട്രജീവിതനിലവാരത്തിൻെറ അടിസ്ഥാനത്തിലല്ലാതെ അമേരി ക്കൻനിലവാരത്തിൻെറ അടിസ്ഥാനത്തിലളന്നാൽ, നഗരപ്രദേശങ്ങ ളിലും ഗ്രാമപ്രദേശങ്ങളിലും ഇപ്പോഴും അല്പം ദാരിദ്ര്യം അവശേഷി ക്കുന്നുണ്ട്. 1959-ൽ ഒട്ടാകെ കാർഷികേതരകുടുംബങ്ങളിൽ ഏതാണ്ട് 48 ലക്ഷം, അഥവാ 12 ശതമാനം, കുടുംബങ്ങൾക്ക് 3000 ഡോള റിനുതാഴെമാത്രമാണ് മൊത്തം പണവരുമാനം ഉണ്ടായിരുന്നത്. ഇതിനുപുറമേ, ഒട്ടാകെ കാർഷികകുടുംബങ്ങളിൽ 12 ലക്ഷത്തിന് അഥവാ ഏതാണ്ട് 27 ശതമാനത്തിന്. 2000 ഡോളറിനു താഴെയായിരുന്നു പണവരുമാനം. ഒററപ്പെട്ടുനില്ക്കുന്ന 40 ലക്ഷം വ്യക്തികൾക്കും, അഥവാ ഈ വിഭാഗത്തിൽപെട്ടവരിൽ ഏതാണ്ട് 38 ശതമാനത്തിനും, 2000 ഡോളറിനുതാഴെമാത്രമാണ് വരുമാനമു ണ്ടായിരുന്നത്.

എങ്കിലും, അമേരിക്കയിലെ ദാരിദ്ര്യത്തിൻെറ ഈ അവശിഷ്ട പ്രശ്നം മുമ്പുണ്ടായിരുന്നതിൽനിന്ന് ഇന്നു വ്യത്യസ്തമാണ്. കഴിഞ്ഞ ദശകംവരേയോ മറേറാ, കായികാദ്ധ്വാനം ചെയ്യുന്ന മിക്കവാറും തൊഴിലാളികളുടെ കൂലിവരുമാനം അഭിലഷണീയമായ ഒരു ജീവിത നിലവാരത്തിന് തികഞ്ഞിരുന്നില്ല. ഇന്ന് ശരാശരി കൂലിവരുമാന ങ്ങൾ ജീവസന്ധാരണനിലവാരത്തേക്കാൾ വളരെ ഉയർന്നിരിക്കുന്നു. കൂലി സമ്പാദിക്കുന്ന ഒന്നിലധികം അംഗങ്ങളുള്ള കുടുംബങ്ങൾ പല പ്പോഴും ഇടത്തരം വരുമാനവിഭാഗങ്ങളിലാണുപെടുന്നത്. ആദായ കരമല്ലാത്ത കാർഷികവൃത്തി, സാമ്പത്തികമായി തീരെ അധോനില യിലുള്ള പ്രദേശങ്ങൾ, ചില വയഃഗ്രൂപ്പുകൾ, മുഴവൻസമയമോ സ്റ്റാൻഡേർഡ് കൂലിനിരക്കുകളിലോ ഗൃഹനാഥന്മാർക്ക് പല കാരണ ങ്ങളാലും ജോലിയെടുക്കാൻകഴിയാത്ത കുടുംബങ്ങൾ എന്നീ പ്രത്യേക സ്ഥിതിഗതികളിലാണ് അവശിഷ്ടദാരിദ്ര്യം കാണപ്പെടുന്നത്.

3000 ഡോളറിൽ താഴെ വാർഷികവരുമാനമുള്ള കാർഷികേ തരകുടുംബങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ കഴിഞ്ഞകാലത്തെ ദാരിദ്ര്യവും അമേരിക്കയിൽ ഇന്നവശേഷിക്കുന്ന ദാരിദ്ര്യവും തമ്മി ലുള്ള ഈ വ്യത്യാസങ്ങൾ വ്യക്തമാകും. അവയിൽ പകുതിയിലധികം കുടുംബങ്ങളുടെ തലവന്മാർ സുഖക്കേട്, ശാരീരികതകരാറുകൾ, പ്രായാധിക്യം, കഴിവുകേട് അല്ലെങ്കിൽ തൊഴിലന്വേഷിക്കാനുള്ള മടി എന്നിവമൂലം ജോലി ചെയ്തിരുന്നില്ല. ഈ കുടുംബങ്ങളുടെ മിക്ക വാറും 35 ശതമാനത്തിൻേറയും തലവന്മാർ അറുപത്തിയഞ്ചോ

അതിൽക്കൂടുതലോ വയസ്സ് പ്രായമുള്ളവരായിരുന്നു. മററു കുടുംബങ്ങളുടെ കാര്യത്തിൽ, അവയുടെ തലപ്പത്തുള്ളവർ പലപ്പോഴും, കുട്ടികളെ പുലർത്താനുണ്ടായിരുന്ന വിധവകളോ, വിവാഹമോചനം നേടിയ സ്ത്രീകളോ, ഭർത്താക്കന്മാരിൽനിന്നും അകന്നുതാമസിക്കുന്ന ഭാര്യമാരോ ആയിരുന്നു. മുഴുവൻസമയതൊഴിലോ, അല്ലെങ്കിൽ സ്റ്റാൻഡേർഡ് വേതനനിരക്കുകളോ നേടാൻ സമയമില്ലാത്തവരോ, പരിശീലനമില്ലാത്തവരോ അല്ലെങ്കിൽ കഴിവില്ലാത്തവരോ ആയിരുന്നു അവരത്രയും. നഗരങ്ങളിലെ പല താഴ്ന്ന വരുമാനകുടുംബങ്ങളും അമേരിക്കയിലെ സാമ്പത്തികമായി അല്പവികസിതപ്രദേശങ്ങളിൽനിന്നും സമീപകാലത്തു് കുടിയേററംനടത്തിയവർ (പ്രത്യേകിച്ചും പോർട്ടോ റീക്കോക്കാർ) അടങ്ങുന്നതായിരുന്നു. നഗരങ്ങളിലെ സാധാരണ തൊഴിലുകൾക്കാവശ്യമായ വൈദഗ്ദ്ധ്യങ്ങൾ അപൂർവമായാണവർക്കുണ്ടായിരുന്നതു്. അങ്ങിനെ, പ്രത്യേകവും വ്യക്തിപരവുമായ വിവിധ തകരാറുകളുടെ ഫലമായി ഉത്ഭവിച്ച തൊഴിൽ കണ്ടെത്താനുള്ള വൈഷമ്യമാണു് ഇന്നു് നഗരപ്രദേശങ്ങളിൽ കാണപ്പെടുന്ന ദാരിദ്ര്യത്തിനു പ്രധാനകാരണം.

ദാരിദ്ര്യത്തിൻെറ ഈ അവശിഷ്ടസങ്കേതങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനു് പൊതുവായ സാമ്പത്തികവളർച്ചയെമാത്രം അവലംബിച്ചുകൂടാ. നമ്മുടെ നികുതിസമ്പ്രദായം, സാമ്പത്തികസാമൂഹ്യ പരിപാടികൾ—പ്രത്യേകിച്ചും ജീവിക്കാനാവശ്യമായ വരുമാനം നേടാനുള്ള കഴിവു വർദ്ധിപ്പിക്കാനും വിവേചനം ഒഴിവാക്കാനും ആവിഷ്കരിക്കപ്പെട്ടവ—എന്നിവവഴിയും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന ജീവിതരീതിക്കനുസരിച്ചു് നമ്മുടെ സ്ഥാപനപരമായ ഘടനരീതികൾ പൊരുത്തപ്പെടുത്തിയും ക്രിയാത്മകമായ നടപടികളെടുക്കാൻ കഴിയും.

## നികുതിചുമത്തൽ

അമേരിക്കയിൽ ഇന്നു നിലവിലുള്ള ആദായനികുതിയുടെ അടിസ്ഥാനപരമായ ലക്ഷണം ജനങ്ങളിൽ ഒരു ചെറിയ ശതമാനത്തിൻെറമേൽമാത്രം അതു ചുമത്തപ്പെട്ടിരുന്ന സ്ഥാനത്തു് വരുമാനം നേടുന്ന മിക്കവാറും ജനങ്ങളുടെമീതെ ചുമത്തപ്പെടുന്നതായി മാറിയിരിക്കുന്നുവെന്നതാണു്. 1939-ൽ തൊഴിൽസേനയിലെ ഉദ്ദേശം 7 ശതമാനംപേരാണു് നികുതിചുമത്തപ്പെടാവുന്ന കേന്ദ്ര ആദായനികുതികണക്കുകൾ സമർപ്പിച്ചതു്. വരുമാനവർദ്ധനവിൻേറയും യുദ്ധകാലത്തെ വ്യക്തിപരമായ നികുതിഒഴിവുകളുടെയും ഫലമായി 1959

ആയപ്പോഴേക്കും ഇതു് 65 ശതമാനത്തിലധികമായി ഉയൎന്നു. നികുതിച്ചുമത്തലിനു വിധേയരാകുന്ന വരുമാനക്കാരുടെ സംഖ്യ വാസ്തവത്തിൽ ഈ ശതമാനക്കണക്കു സൂചിപ്പിക്കുന്നതിനേക്കാരം ഉയൎന്നതാണു്. കാരണം, അനേകം ദമ്പതികൾ കൂട്ടായ നികുതിക്കണക്കുകളാണു് സമൎപ്പിക്കുന്നതു്.

വ്യക്തികളിൽ ചുമത്തപ്പെടുന്ന കേന്ദ്രആദായനികുതിനിരക്കുകൾ നികുതിവിധേയമായ ഏറ്റവും താഴ്ന്നവരുമാനത്തിന്മേൽ 20 ശതമാനം തുടങ്ങി ഏറ്റവും ഉയൎന്ന വിഭാഗത്തിന്മേൽ 90 ശതമാനത്തിലുപരിവരെയായി ഉയൎന്നുപോകുന്നുണ്ടു്. എങ്കിലും വരുമാനങ്ങളുടെ ഒരു ചെറിയ ഭാഗം മാത്രമാണു് ഉയൎന്ന നികുതിനിരക്കിനു വിധേയമാകുന്നതെന്നതിനാൽ ഫലപ്രദമായ ശരാശരി നികുതിഭാരം താഴ്ന്നതാണു്. കൂടാതെ, അനേകം വരുമാനങ്ങൾ നികുതികളിൽനിന്നു് ഒഴിവാക്കപ്പെട്ടിട്ടുണ്ടു്; പലതരം വരുമാനങ്ങൾക്കും പ്രത്യേകനിരക്കുകളാണുള്ളതും. (മൂലധനനേട്ടങ്ങൾക്കുള്ള നിരക്കുകൾ ഉദാഹരണങ്ങളാണു്.) മൊത്തം വരുമാനത്തിൽ നികുതി അടയ്ക്കപ്പെടുന്നതിന്റെ യഥാൎത്ഥ അനുപാതത്തെ ഇവ കുറയ്ക്കുന്നു. എങ്കിലും, ഒരുലക്ഷവും അതിൽ കൂടുതലും ഡോളർ വരുമാനമുള്ളവർ അവരുടെ മൊത്തംവരുമാനങ്ങളുടെ 40—50 ശതമാനം കേന്ദ്രഗവമ്മെന്റിനു നികുതിനൽകുമ്പോൾ 4000—5000 ഡോളർ വരുമാനമുള്ളവർ യഥാൎത്ഥത്തിൽ ഏതാണ്ടു് 8 ശതമാനം നൽകുന്നുണ്ടെന്നാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്. ഇതിനുപുറമെ പല സംസ്ഥാനങ്ങളും ചില നഗരങ്ങളും, അവയുടെ നികുതികൾ പൊതുവേ കേന്ദ്രഗവമ്മെൻറ് ചുമത്തുന്നവയെപ്പോലെ അത്രതന്നെ ക്രമപ്രവൃദ്ധമല്ലെങ്കിലും, ആദായനികുതികൾ ചുമത്തുന്നുണ്ടു്.

പ്രത്യക്ഷവും പരോക്ഷവുമായനികുതികളും ഫെഡറൽ-സ്റ്റേററ്-ലോക്കൽ ഗവമ്മെൻറുകളുടെ നികുതികളും എല്ലാം പരിഗണിച്ചാൽ 2000 ഡോളറിനുതാഴെ വരുമാനമുള്ള വ്യക്തികളുടെയും കുടുംബങ്ങളുടെയും മീതെ 25 ശതമാനവും 6000—8000 ഡോളർ വരുമാനമുള്ളവരുടെമേൽ ഏതാണ്ടു് 24 ശതമാനവും 15000 ഡോളറിൽക്കൂടുതൽ വരുമാനമുള്ള വ്യക്തികളുടെയും കുടുംബങ്ങളുടെയുംമേൽ 35 ശതമാനത്തിൽ കൂടുതലും നികുതിഭാരം ചുമത്തപ്പെടുന്നുണ്ടെന്നാണു് കണക്കു്. ഏററവും ഉയൎന്ന വരുമാനവിഭാഗത്തിൽ ആദായത്തിന്റെ പകുതിയിലധികവും എല്ലാ തലങ്ങളിലുമുള്ള ഗവമ്മെൻറുകളുടെയും നികുതിച്ചുമത്തൽവഴി പിരിച്ചെടുക്കുന്നുണ്ടു്. ഉപഭോഗചരക്കുകളുടെ വിലകളിലും വാടകകളിലും ഉൾക്കൊണ്ടിട്ടുള്ള തീരുവനികുതികളും ഭൂസ്വത്തുനികുതികളും കാൎയ്യമായടങ്ങുന്നവയാണു് ഏററവും താഴ്ന്ന വരുമാന

വിഭാഗത്തിലെ കുടുംബങ്ങൾ നൽകുന്ന നികുതികൾ. ദാരിദ്ര്യവും സാമ്പത്തികാരക്ഷിതത്വവും ചെറുക്കുന്നതിനുവേണ്ടി പ്രത്യേകമായി ആവിഷ്കരിക്കപ്പെട്ടിട്ടുള്ള ഗവമ്മെൻറിൻെറ വിവിധ ആശ്വാസ-വ്യയ പരിപാടികളുടെ ഗുണഭോക്താക്കൾ കൂടുതലായും ഏററവും താഴ്ന്ന വരുമാനവിഭാഗത്തിൽപ്പെട്ടവരാണെന്ന വസ്തുത ഓക്കേണ്ടതുണ്ട്.

നേരത്തേ ചൂണ്ടിക്കാട്ടിയതുപോലെ 1920-ൽ ആരംഭിച്ച ദശകത്തിനുശേഷം ജനതതിയിലെ ഏററവും ധനികരായ 5 ശതമാനത്തിൻെറ വരുമാനം ശരാശരിവരുമാനത്തേക്കാൾ കുറഞ്ഞതോതിലാണ് വദ്ധിച്ചിട്ടുള്ളത്. ഈ വിഭാഗത്തിൻെറ വരുമാനത്തിലധികവും നികുതിചുമത്തപ്പെടുന്നതിനുമുമ്പുള്ള ബിസിനസ്ലാഭങ്ങളിൽ നിന്നുണ്ടാകുന്നതാണ്. കൂലിയിലുള്ള ഉയച്ച്യോടൊപ്പംതന്നെ ബിസിനസ്ലാഭങ്ങളും ഉയന്നിട്ടുണ്ട്. എങ്കിലും, കോപ്പറേഷൻനികുതികളും വ്യക്തിപരമായ നികുതികളും എസ്റ്റേററ്നികുതികളും എല്ലാം ചേന്ന് ഏററവും ധനികരായ അമേരിക്കക്കാക്ക് സ്വതന്ത്രമായി ഉപയോഗിക്കാവുന്ന വരുമാനങ്ങളുടെ ഉയച്ച്യ പരിമിതപ്പെടുത്തിയിരിക്കുന്നു.

പരോക്ഷനികുതികൾക്ക് (തീരുവ-വില്പനനികുതികൾ) മററു രാജ്യങ്ങളിലേതിനേക്കാൾ വളരെ ചെറിയ ഒരു ഭാഗമാണ് അമേരിക്കയിൽ കേന്ദ്രഗവമ്മെൻറിൻെറ നികുതിസമ്പ്രദായത്തിലുള്ളത്. പക്ഷേ സ്റ്റേററ്-ലോക്കൽഗവമ്മെൻറുകളുടെ നികുതിസമ്പ്രദായങ്ങളിൽ ആനുപാതികമായി വളരെക്കൂടുതൽ പ്രാധാന്യം അവയ്ക്കുണ്ട്. അതുകൊണ്ട് നികുതിസമ്പ്രദായത്തെ ഒന്നാകെ ക്രമപ്രവൃദ്ധമാക്കണമെങ്കിൽ ഫെഡറൽ-സ്റ്റേററ്-ലോക്കൽഗവമ്മെൻറുകൾതമ്മിലുള്ള ധനപരമായ ബന്ധങ്ങൾ രീച്ച്യായും പരിഷ്കരിക്കേണ്ടിവരും.

സാമ്പത്തികമായി ശുഷ്കാന്തിപൂവ്വമുള്ള മേലന്വേഷണം, മൂലധനനിക്ഷേപത്തിനും പ്രവത്തനത്തിനുമുള്ള പ്രേരണകൾ എന്നിവയിൽ അനഭിലഷണീയമായ ഫലമുണ്ടാക്കത്തക്കവിധം ഭാരമേറിയതാണ് ബിസിനസ്ലാഭങ്ങളിന്മേലും ഉയന്ന വരുമാനവിഭാഗങ്ങളുടെ വ്യക്തിവരുമാനങ്ങളിന്മേലും ചുമത്തപ്പെടുന്ന നികുതികളെന്നു ചില നിരൂപകന്മാർ വിശ്വസിക്കുന്നു. ഇതിനെതിരെ കഴിഞ്ഞ ദശകത്തിൽ നിലവിലുണ്ടായിരുന്ന താരതമ്യേന ഉയന്ന നികുതികൾ വളരെ ഉയന്നതും, നിലനില്ക്കുന്നതുമായ ഒരു നിക്ഷേപനിരക്കുണ്ടാകുന്നതിനെ തടയുകയുണ്ടായിട്ടില്ലെന്നും സാമ്പത്തികപ്രവത്തനങ്ങൾക്കും മിച്ചംവെപ്പിനും നിക്ഷേപത്തിനും പൊതുവായ പ്രേരണക്കുറവ് അനുഭവപ്പെട്ടിട്ടില്ലെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും ബിസിനസ്

ലാഭങ്ങളിന്മേലും വ്യക്തിപരമായ ഉയന്ന വരുമാനങ്ങളിന്മേലും ചുമത്തപ്പെട്ടിട്ടുള്ള നികുതിനിരക്കുകൾ, ഒരുപക്ഷേ ഏററവും ഉയന്ന പരിധിയെ സമീപിച്ചുകൊണ്ടാണിരിക്കുന്നതു്. ആ പരിധിക്കപ്പുറം നികുതിനിരക്കുകൾക്കു് മാനേജുമെൻറിലും നിക്ഷേപപ്രേരണകളിലുമുണ്ടാകുന്ന പ്രതികൂലമായ ഫലം അവയ്ക്കു വരുമാനവിതരണത്തിലുണ്ടാകാവുന്ന അഭിലഷണീയമായ ഫലത്തേക്കാൾ ഘനമേറിയതായിരിക്കും.

കൂടുതൽ ധനികരുടെമേൽ നികുതിചുമത്തപ്പെടുന്ന രീതികൾ മെച്ചപ്പെടുത്തുന്നതിനു ധാരാളം സാദ്ധ്യതകളുണ്ടു്. ഉയന്ന വിഭാഗങ്ങളിലുള്ള വ്യക്തിവരുമാനങ്ങളിന്മേൽ ചുമത്തപ്പെടുന്ന നികുതിനിരക്കുകൾ, പ്രത്യേക ഒഴിവുകൾ യഥാത്ഥത്തിൽ സ്വീകരിക്കാൻ വ്യക്തികൾ നിർബ്ബന്ധിതരാകത്തക്കവിധം ഉയന്നവയാണു്. ആദായനികുതിസമ്പ്രദായത്തിൻെറ ബലക്ഷയത്തിലേക്കാണിതു നയിച്ചിട്ടുള്ളതു്. ചില പ്രത്യേക വരുമാനഒഴിവുകളും രക്ഷാമാർഗ്ഗങ്ങളും നീക്കിക്കൊണ്ടും എസ്റ്റേററു്നികുതി കൂടുതൽ ഫലപ്രദമാക്കിക്കൊണ്ടും ഉയന്ന നികുതിനിരക്കുകൾ കുറയ്ക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണു്. ഈ നിർദ്ദേശമനുസരിച്ച് അതേവിഭാഗങ്ങൾ ഏതാണ്ടു് ഇന്നു കൊടുത്തുവരുന്ന അതേതുകകൾതന്നെ തുടന്നും നൽകിക്കൊണ്ടിരിക്കും. പക്ഷേ, കൂടുതൽ നീതിപൂർവ്വകവും സമീകൃതവുമായ രീതിയിലായിരിക്കുമെന്നു മാത്രം.

മൊത്തം ദേശീയവരുമാനത്തിൻെറ ഏററവും വലിയഭാഗം താഴ്ന്നതും ഇടത്തരവുമായ വരുമാനവിഭാഗങ്ങൾക്കു ലഭിക്കുന്നു എന്നതുകൊണ്ടു് ഗവമ്മെൻറിൻെറ ഭീമമായ വ്യയപരിപാടികൾക്കാവശ്യമായ പണം ഏററവും ധനികരുടെമേൽമാത്രം ചുമത്തപ്പെടുന്ന നികുതികളിൽനിന്നു ലഭിച്ചേക്കുകയില്ലെന്നാണുവരുന്നതു്. കേന്ദ്ര-സംസ്ഥാന-പ്രാദേശികഗവമ്മെൻറുകളുടെ മൊത്തം വാർഷികച്ചിലവുകൾ (സാമൂഹ്യസുരക്ഷിതതച്ചിലവുകളുൾപ്പെടെ) 14000 കോടിയിലധികമായിരിക്കുമ്പോൾ ഇരുപതിനായിരവും അതിൽക്കൂടുതലും ഡോളർ വരുമാനങ്ങളുടെ കണക്കുകൾ സമർപ്പിക്കുന്നവരുടെ, നികുതി നൽകുന്നതിനുമുമ്പുള്ള വാർഷികവരുമാനങ്ങൾ ഒട്ടാകെ 3000 കോടി ഡോളർ മാത്രമാണെന്നാണു് കണക്കാക്കപ്പെട്ടിട്ടുള്ളതെന്നവസ്തുത ഇതു തെളിയിക്കുന്നുണ്ടു്.

സാമ്പത്തികവളർച്ചയോടുകൂടി കേന്ദ്രഗവമ്മെൻറിൻെറ നികുതിവരുമാനം അതിൻെറ ചിലവുകളേക്കാൾ കൂടുതലുയരാൻ സാദ്ധ്യതയുണ്ടു്—പ്രത്യേകിച്ചും ആയുധീകരണഭാരം പരിമിതപ്പെടുത്താൻ കഴിഞ്ഞാൽ. നികുതിനിരക്കിൽ സാരമായ കുറവുവരുത്തുന്നതിനു്

അപ്പോൾ സാധിക്കും. അത്തരം ഒരു നികുതിലഘൂകരണത്തിൽ താഴ്ന്ന വരുമാനവിഭാഗങ്ങളുടെ ആദായങ്ങളിന്മേലുള്ള നികുതികളിലും തീരുവനികുതികളിലുമുള്ള ലഘൂകരണവും തീർച്ചയായും ഉൾപ്പെടുന്നതാണ്. തൽഫലമായി, മിക്കവാറും അമേരിക്കക്കാരുടെ യഥേഷ്ടം ചിലവുചെയ്യാവുന്ന വരുമാനം വർദ്ധിക്കുന്നതാണ്. എന്നാൽ, പ്രതിരോധേതരപരിപാടികളെ സംബന്ധിച്ചേടത്തോളം സംസ്ഥാന-പ്രാദേശികഗവർമ്മെൻറുകളുടെ ചിലവുകളിൽ പരമാവധി വർദ്ധന ഉണ്ടായിക്കഴിഞ്ഞിരിക്കുന്നുവെന്നും ഈ ഗവർമ്മെൻറുകൾക്ക് നികുതിവഴിയുള്ള ധനാഗമമാർഗ്ഗങ്ങൾ കേന്ദ്രഗവർമ്മെൻറിനുള്ളവയേക്കാൾ കൂടുതൽ പരിമിതമാണെന്നുമുള്ള വസ്തുതയിൽനിന്ന് ഒരു പ്രശ്നം ഉദിക്കുന്നു. കേന്ദ്രനികുതികൾ ലഘൂകരിക്കപ്പെട്ടുമ്പോൾ സംസ്ഥാന-പ്രാദേശികനികുതികൾ ഉയർത്തപ്പെട്ടുകയാണെങ്കിൽ മൊത്തം നികുതിസമ്പ്രദായത്തിൻെറ ക്രമപ്രവൃദ്ധത കുറഞ്ഞുപോകും. അതുകൊണ്ട് ഫെഡറൽ-സ്റ്റേററ്-ലോക്കൽഗവർമ്മെൻറുകൾക്കിടയ്ക്കുള്ള പ്രവർത്തനങ്ങളുടെയും വരുമാനമാർഗ്ഗങ്ങളുടെയും നിലവിലുള്ള വിഭജനത്തെ സംബന്ധിച്ചേടത്തോളം ഒരു പുനഃപരിശോധന ആവശ്യമായിവരുമെന്നുതോന്നുന്നു. ഇതിനുവേണ്ടി ഒരു പ്രത്യേകകമ്മീഷൻ ഏർപ്പെടുത്തപ്പെട്ടിട്ടുണ്ട്.

നികുതിഘടനയുടെ എല്ലാ വശങ്ങളും പരിഗണിക്കുമ്പോൾ നികുതിസമ്പ്രദായത്തെ ഗണ്യമായതോതിൽ കൂടുതൽ ക്രമപ്രവൃദ്ധമാക്കുന്നതുകൊണ്ട് വരുമാനങ്ങളിലുള്ള അസമത്വം സാരമായി കൂടുതൽ ലഘൂകരിക്കാൻ കഴിയുകയില്ലെന്ന് വ്യക്തമാണെന്നു തോന്നുന്നു. വരുമാനവിതരണത്തിലുള്ള അഭിവൃദ്ധികൾ പ്രാഥമികമായി, നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും വരുമാനസ്തൂപികയുടെ അടിത്തട്ടിലുള്ളവരുടെ ഉല്പാദനക്ഷമതയും സമ്പാദ്യശക്തിയും വർദ്ധിപ്പിക്കാനുതകുന്ന തുടർച്ചയായ സാമ്പത്തികവികസനത്തേയും വർദ്ധിച്ച സൗകര്യങ്ങളും സേവനങ്ങളും നൽകുന്നതിനേയും ആശ്രയിച്ചാണിരിക്കുന്നത്.

## സാമ്പത്തിക-സാമൂഹ്യ-ക്ഷേമപരിപാടികൾ

സാമ്പത്തികവളർച്ച് നൽകുന്ന കൂടുതൽ വിഭവങ്ങളുടെയും ഇടത്തരം-ഉയർന്ന വരുമാനങ്ങളിന്മേൽ കനത്ത നികുതികൾ ചുമത്തപ്പെടുന്നതിൻെറയും ഗുണങ്ങൾ അനുഭവിക്കുന്ന പ്രധാനവിഭാഗം താഴ്ന്നവരുമാനങ്ങളുള്ള, എണ്ണത്തിൽ പെരുകിയ ഗ്രൂപ്പുകളാണ്. തീർച്ചയായും, വരുമാനപുനർവിതരണം സംബന്ധിച്ചുള്ള നയങ്ങൾ ഉയർന്ന വരുമാനനിലവാരത്തിലുള്ളവരെ കീഴോട്ടിറക്കുന്നതിനേക്കാൾ

താഴ്ന്നനിലവാരത്തിലുള്ളവരെ മേലോട്ട് എത്തിക്കുന്ന ലക്ഷ്യം വെച്ചുകൊണ്ട് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളവയാണ്.

സമീപകാലത്തെ സാമ്പത്തികവികാസങ്ങളും പ്രത്യേക ഗവൺമെൻറുപരിപാടികളും "യഥാർത്ഥ"വരുമാനങ്ങൾ വിവിധമാർഗ്ഗങ്ങളിൽക്കൂടി വർദ്ധിപ്പിക്കുന്നതിന് താഴ്ന്നവരുമാനകുടുംബങ്ങൾക്കുള്ള കഴിവ് വളർത്തുന്നതിനു സഹായിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, വികസിച്ചുവരുന്ന അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിൽ സ്ത്രീകൾക്കുള്ള മുഴുവൻസമയ–ഭാഗികസമയതൊഴിൽസൗകര്യങ്ങൾ വളർന്നുകൊണ്ടാണിരിക്കുന്നത്. പുരുഷന്മാർക്കും സ്ത്രീകൾക്കുമിടയ്ക്കു് വേതനങ്ങളിലുള്ള അസമത്വം ലഘുവായിക്കൊണ്ടിരിക്കുന്നുമുണ്ട്. സ്ത്രീകൾ ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിവരുന്നു. തൊഴിൽസേനയിൽ പതിനാലും അതിൽ കൂടുതലും വയസ്സുപ്രായമുള്ള സ്ത്രീകളുടെ അനുപാതം 1940-നും 1960-നുമിടയ്ക്കു് 26 ശതമാനത്തിൽനിന്നും ഏതാണ്ട് 36 ശതമാനമായി ഉയർന്നിട്ടുണ്ട്. ചെറിയ കുട്ടികളെ പകൽസമയത്ത് പരിപാലിക്കാനുള്ള വർദ്ധിച്ച സൗകര്യങ്ങളും അദ്ധ്വാനം കുറയ്ക്കുന്ന ഗൃഹോപകരണങ്ങൾ വാങ്ങാൻ മിക്കവാറും കുടുംബങ്ങൾക്കുള്ള കഴിവുംമൂലം സ്ത്രീകൾക്ക് പ്രവൃത്തിയെടുക്കാൻ ഇപ്പോൾ കൂടുതൽ സൗകര്യങ്ങളുണ്ട്.

രോഗം, പ്രായാധിക്യം, കുടുംബത്തിൽ വരുമാനംനേടിയിരുന്നവൻെറ മരണം, ശാരീരികമായ അയോഗ്യത, തൊഴിൽനഷ്ടം, മററ് അർഹതയുളവാക്കുന്ന കാരണങ്ങൾ എന്നിവയുടെ ഫലമായി ദുരിതത്തിൽ പെടുന്നവരെ സഹായിക്കുന്നതിനുള്ള അടിയന്തിരവും സ്ഥിരവുമായ പരിപാടികൾ നടപ്പാക്കാൻ ഫെഡറൽ–സ്റ്റേററ് ഗവൺമെൻറുകൾ ഏറെറടുത്തിരിക്കുന്ന വിവിധ ചുമതലകളിലാണ് മററു് ഉദാഹരണങ്ങൾ കാണാവുന്നത്. എങ്കിലും, ദേശീയവരുമാനത്തിൻെറ ശതമാനക്കണക്കനുസരിച്ച് സാമൂഹ്യ ഇൻഷുറൻസിനുള്ള ചിലവ് അമേരിക്കയിൽ മററു ചില വ്യാവസായികരാജ്യങ്ങളിലുള്ളതിനേക്കാൾ കുറവാണ്. (അനുബന്ധം 22-ാംപട്ടിക നോക്കുക).

തൊഴിലില്ലായ്മ ഇൻഷുറൻസും സാമൂഹ്യസഹായപരിപാടികളും ബാധകമായ ജനങ്ങളുടെ എണ്ണത്തിൽ ക്രമമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നതിനുപുറമെ, വാണിജ്യപരമായി നടത്തപ്പെടുന്ന ആരോഗ്യ–ആശുപത്രിപദ്ധതികളും ബിസിനസ്സ്ഥാപനങ്ങൾ, തൊഴിലാളിയൂണിയനുകൾ, ജീവകാരുണ്യസംഘടനകൾ എന്നിവ ധനസഹായം നൽകി നടത്തപ്പെടുന്ന, അതിവേഗം വർദ്ധിച്ചുകൊണ്ടി

പട്ടിക - 13

സ്വകാര്യ-പൊതു ഇൻഷ്വറൻസ്-പെൻഷൻ പരിപാടികൾ 1940—1960

(ബാധകമായിട്ടുള്ള ജനങ്ങളുടെ സംഖ്യ—ദശലക്ഷക്കണക്കിൽ)

| | 1939/40 | 1949/50 | 1959/60 |
|---|---|---|---|
| ഗവമ്മെൻറുപരിപാടികൾ: | | | |
| പ്രായാധിക്യംവന്നവക്കും ശേഷക്കാക്കുമുള്ള ഇൻഷ്വറൻസ് | 35.4 | 46.4 | 75 0[1] |
| തൊഴിലില്ലായ്മ ഇൻഷ്വറൻസ് | 25.1 | 34.8 | 47.0[1] |
| ഗവ: ജീവനക്കാരുടെ തൊഴിൽവിരാമസമ്പ്രദായങ്ങൾ (കേന്ദ്രം-സംസ്ഥാനം-പ്രാദേശികം) | 2 0 | 4 4 | 4.1 |
| റെയിൽറോഡ് തൊഴിൽവിരാമ സമ്പ്രദായം | 1 2 | 1.4 | 0 9 |
| സ്വകാര്യപരിപാടികൾ: | | | |
| പെൻഷൻപദ്ധതികൾ | 3.7 | 8 6 | 20.2 |
| സംഘ ലൈഫ് ഇൻഷ്വറൻസ് | ലഭിച്ചിട്ടില്ല | 19.4 | 42.1 |
| ആശുപത്രിസേവനങ്ങൾ | 12 3 | 76.6 | 127.9 |
| ശസ്ത്രക്രിയാസഹായങ്ങൾ | 5 4 | 54.2 | 116.9 |
| സാധാരണ വൈദ്യസേവനങ്ങൾ | 3.0 | 21.6 | 82.6 |
| പ്രമുഖ വൈദ്യസേവനങ്ങൾ | ലഭ്യമല്ല | 0.1 | 21.8 |
| വരുമാനനഷ്ടം. | ലഭ്യമല്ല | 37.8 | 43.2 |

(1) കൊല്ലത്തിൽ ഏതെങ്കിലുമൊരു സമയത്ത്, ഈ പരിപാടികൾക്ക് അർഹമായ തൊഴിലിൽ ഏപ്പെട്ടിരുന്ന എല്ലാവരേയും ഉൾക്കൊള്ളുന്നുണ്ട്.

*Source:* Institute of Life Insurance. U. S. Department of Health, Education, and Welfare, Social Security Bulletin, and Annual Statistical Supplement, 1959; Source Book of Health Insurance Data, 1960, Health Insurance Institute, New York.

രിക്കുന്ന പെൻഷൻ-സാമൂഹ്യക്ഷേമപരിപാടികളും നൽകുന്ന ആനുകൂല്യങ്ങൾക്ക് അനേകംപേർ അർഹരുമാണ്.

ഗവമ്മെൻറും സ്വകാര്യ ഏജൻസികളും നടത്തുന്ന ഇൻഷ്വറൻസ്-പെൻഷൻപരിപാടികളിൽ ഭീമമായ വളച്ച് ഉണ്ടായിട്ടുണ്ടെങ്കിൽക്കൂടി, നിലവിലുള്ള ആനുകൂല്യപദ്ധതികൾ ജീവിതത്തിൽ നേരിടുന്ന അനേകം സാമൂഹ്യ-സാമ്പത്തിക-ശാരീരികഅപായങ്ങൾക്കെതിരെ വേണ്ടത്ര സംരക്ഷണം ഇനിയും നൽകുന്നില്ല. എങ്കിലും കൂലിനിരക്കുകൾ, ബിസിനസ്നിക്ഷേപങ്ങൾ, ഗവമ്മെൻറു

സേവനങ്ങൾ എന്നിവയിലുണ്ടാകുന്ന വർദ്ധനകളുമായി സമതുലിതമായ ഒരു ബന്ധത്തിൽ ഗവൺമെൻറിൻെറയും സ്വകാര്യഏജൻസികളുടെയും നിലവിലുള്ള ഏർപ്പാടുകളും വികസിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. ഉല്പാദനക്ഷമതയുടെ ഉയർച്ച തുടരുന്നതനുസരിച്ച് അമേരിക്കൻസമ്പദ്‌വ്യവസ്ഥയിൽ അമിതമായ ആയാസമില്ലാതെ തന്നെ ഈ പരിപാടികൾ കൂടുതൽ ജനങ്ങൾക്ക് ബാധകമാകത്തക്ക വിധം വിപുലീകരിക്കാനും അവ നൽകുന്ന ആനുകൂല്യങ്ങൾ കൂടുതൽ പര്യാപ്തമാക്കാനും കഴിയും.

പട്ടിക – 14

വൈദ്യശുശ്രൂഷയും സ്വകാര്യ ആരോഗ്യഇൻഷുറൻസും

| വർഷം | മൊത്തം ചിലവുകൾ (100 കോടി ഡോളറിൽ) | ആളോഹരി ചിലവുകൾ (ഡോളറിൽ) | മൊത്തം ദേശീയോല്പന്നത്തിൽ ശതമാനക്കണക്ക് |
|---|---|---|---|
| 1948 | 7.65 | 52.68 | 2.3 |
| 1949 | 7.91 | 53.02 | 2.4 |
| 1950 | 8.65 | 57.50 | 2.4 |
| 1951 | 9.35 | 60.59 | 2 4 |
| 1952 | 10.10 | 65.84 | 2.5 |
| 1953 | 10.99 | 68.91 | 2.6 |
| 1954 | 11.84 | 74.45 | 2.8 |
| 1955 | 12.84 | 79.09 | 2.9 |
| 1956 | 14.29 | 86.42 | 3.1 |
| 1957 | 15.49 | 91.99 | 3.3 |
| 1958 | 16.76 | 97.77 | 3.6 |
| 1959 | 18.32 | 104.93 | 3.7 |

*Source:* U. S. Department of Health, Education, and Welfare, Social Security Bulletin, December 1960.

വ്യക്തികളുടെ നിയന്ത്രണങ്ങൾക്കപ്പുറം പ്രധാനമായും സാമ്പത്തികഘടകങ്ങളുടെ ഫലമായി ദാരിദ്ര്യം നിലനിൽക്കുന്ന രംഗങ്ങളിൽ ആ സാഹചര്യങ്ങൾ പരിഹരിക്കാൻ പ്രത്യേക ഗവൺമെൻറുപരിപാടികൾ നടപ്പിലാക്കുന്നുണ്ട്. കൂടുതൽ നിലം, മെച്ചപ്പെട്ട വിത്തുകളും വളങ്ങളും, യാന്ത്രികോപകരണങ്ങൾ, സാങ്കേതികോപദേശം എന്നിവ ആർജ്ജിക്കാനോ, അല്ലെങ്കിൽ ഭാഗികസമയമോ, മുഴുവൻ സമയമോ ഉള്ള വ്യാവസായികതൊഴിലുകളിലേക്കു മാറാനോ സഹായിച്ചുകൊണ്ട്

ലാഭകരമായി കാർഷികവൃത്തി നടത്താത്തവരുടെ പുനരധിവാസത്തിന് ആവിഷ്കരിക്കപ്പെട്ടിട്ടുള്ള പ്രത്യേക ഗവർമ്മെൻറുപരിപാടികൾ ഇവയിലുൾപ്പെടുന്നു.

അമേരിക്കയിലെ സാമ്പത്തികമായി പിന്നോക്കംനില്ക്കുന്ന ഭാഗങ്ങളിലോ വ്യവസായങ്ങളുടെ സ്ഥാനങ്ങളിലും ഉപഭോക്താക്കളുടെ അഭിരുചികളിലും താരതമ്യേന പുതിയ ബദൽസാധനങ്ങൾ, ഉല്പന്നങ്ങൾ, അല്ലെങ്കിൽ ഉല്പാദനസാങ്കേതികരീതികൾ തുടങ്ങിയവയിൽനിന്നുള്ള മാത്സര്യത്തിലും സംഭവിക്കുന്ന വ്യത്യാസങ്ങൾമൂലം സാമ്പത്തിക ജീവിതം അധോനിലയിലിരിക്കുന്ന പ്രാദേശികസമൂഹങ്ങളിലോ ജീവിക്കുന്ന കുടുംബങ്ങളും പ്രത്യേക പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. മുൻകാലങ്ങളിൽ ഈ അധഃസ്ഥിതകേന്ദ്രങ്ങൾ കേവലം പ്രാദേശിക പ്രശ്നങ്ങളായാണ് കണക്കാക്കപ്പെട്ടിരുന്നത്. അവശരായ തൊഴിലാളികളെ, തൊഴിലില്ലായ്മ ഇൻഷുറൻസിനും പൊതുസഹായപരിപാടികൾക്കും അവരർഹരാകുന്നിടത്തോളം, സഹായിക്കാൻ മാത്രമാണ് ഗവർമ്മെൻറിനു കഴിഞ്ഞിരുന്നത്. ഇത്തരം ചില പ്രദേശങ്ങളിൽ ബിസിനസ്സുകാർ സ്വയംസന്നദ്ധവും സഹകരണാത്മകവുമായ അടിസ്ഥാനത്തിൽ അവരുടെ വിഭവശേഷി കേന്ദ്രീകരിച്ച് ഉപയോഗിക്കപ്പെടാതെകിടക്കുന്ന നിലവിലുള്ള സൗകര്യങ്ങളെ പുതിയ ഉപയോഗങ്ങൾക്കുതകിയവയാക്കിയിട്ടുണ്ട്. എങ്കിലും മിക്കവാറും പ്രദേശങ്ങളിലും സ്ഥലത്തെ പരിശ്രമങ്ങൾകൊണ്ടുമാത്രം പ്രശ്നങ്ങൾ പരിഹരിക്കാനാവില്ല. അതുകൊണ്ടു, സമീപവർഷങ്ങളിൽ പുതിയ വ്യവസായങ്ങളെയും തൊഴിൽസൗകര്യങ്ങളെയും ആകർഷിക്കുന്നതിന് അധഃസ്ഥിതപ്രദേശങ്ങളെ സഹായിക്കാൻ കേന്ദ്രഗവർമ്മെൻറിന് അധികാരം നൽകിയിട്ടുണ്ട്.

അവസാനമായി, വരുമാനമാർജ്ജിക്കാനും ഉപഭോഗത്തിനുമുള്ള കഴിവ് വളർത്തുന്നതിന് അനേകം അമേരിക്കക്കാരെ പരോക്ഷമായി സഹായിക്കുന്ന ഗവർമ്മെൻറുനയങ്ങളുമുണ്ട്. പൊതുവിദ്യാഭ്യാസം, തൊഴിൽപരിശീലനം, പൊതുജനാരോഗ്യവും ശുചീകരണവും, ഉല്ലാസസൗകര്യം, ചിലവുകുറഞ്ഞ ഭവനനിർമ്മാണം, പ്രായപരിചയംവന്നിട്ടുള്ളവർക്കുള്ള എല്ലാതരം ആനുകൂല്യങ്ങളും എന്നിവയുടെയും മററു പലതിൻെറയും കാര്യത്തിൽ സൗജന്യമായോ ധനസഹായത്തിൻെറ രൂപത്തിലോ ഗവർമ്മെൻറുനൽകുന്ന സേവനങ്ങളും സൗകര്യങ്ങളും ഈ നയങ്ങളിലുൾപ്പെടുന്നു. വംശം, ലിംഗഭേദം, മതം അഥവാ ജ
സ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങൾ
നുള്ള നടപടികളും വരുമാനങ്ങളും ജീവിതനിലവാരങ്ങള
ഉപകരിക്കുന്നവയാണ്.

## സ്വകാര്യജീവകാരുണ്യപ്രവർത്തനങ്ങൾ

ഫെഡറൽ-സ്റ്റേററ്-ലോക്കൽഗവമ്മെൻറുകളുടെ ധനസഹായത്തോടെ നടത്തപ്പെടുന്ന പലതരം പരിപാടികൾക്കുപുറമേ, ജീവിതനിലവാരങ്ങളുയർത്താനും ജീവിതം ഗുണതരമാക്കാനുമാവിഷ്കരിക്കപ്പെട്ടിട്ടുള്ള, സ്വകാര്യ്യഏജൻസികൾ ധനസഹായംനൽകുന്ന മററു നിരവധി പ്രവത്തനങ്ങളുമുണ്ട്. 1956-ൽ മൊത്തം 750 കോടി ഡോളറിലുപരിയും അതിനുശേഷം ക്രമപ്രവൃദ്ധവുമായ ചിലവുകൾ ഉണ്ടായിട്ടുള്ള ഈ പ്രവത്തനങ്ങൾ സ്വകാര്യ്യജീവകാരുണ്യപ്രവത്തനങ്ങളെന്ന പേരിലാണ് ഒന്നാകെ അറിയപ്പെടുന്നതു്. മതം, സാമൂഹ്യക്ഷേമം, ആരോഗ്യം, വിദ്യാഭ്യാസം, ശാസ്ത്രീയഗവേഷണം, കലകൾ തുടങ്ങിയ രംഗങ്ങളിൽ സ്വകാര്യ്യലാഭേതരസ്ഥാപനങ്ങളേയും പ്രവത്തനങ്ങളേയും താങ്ങുന്നതിനുവേണ്ടി വ്യക്തികളും ബിസിനസ് കോപ്പറേഷനുകളും നൽകുന്ന സംഭാവനകളും സ്വകാര്യ്യഫൗണ്ടേഷനുകളും ധമ്മട്രസ്ററുകളും നിവ്വഹിക്കുന്ന ചിലവുകളും സ്വകാര്യ്യജീവകാരുണ്യപ്രവത്തനങ്ങളിൽപ്പെടുന്നവയാണ്.

സ്വകാര്യ്യജീവകാരുണ്യപ്രവത്തനങ്ങളുടെ വ്യാപ്തിയും വൈവിധ്യവും അമേരിക്കൻസമ്പ്രദായത്തിലെ തനിപ്പെട്ട സ്വഭാവവിശേഷമാണ്. ദാനം മുഖ്യമായും ധനികരുടെമാത്രമായ പ്രവത്തനമല്ല. ക്ഷേമാരോഗ്യവിദ്യാഭ്യാസപ്രവത്തനങ്ങൾക്കുവേണ്ടി ഫലത്തിൽ എല്ലാ അമേരിക്കൻകുടുംബങ്ങളും സംഭാവന നൽകുന്നുണ്ട്. പ്രാദേശികക്ഷേമഏജൻസികൾക്കും ആശുപത്രികൾക്കും രാജ്യവ്യാപകമായ ആരോഗ്യസംഘടനകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, വിദ്യാത്ഥിവേതനപരിപാടികൾ എന്നിവയ്ക്കും കാഴ്ചബംഗ്ലാവുകൾക്കും സാംസ്കാരികപ്രവത്തനങ്ങൾക്കും പ്രകൃതിശാസ്ത്രത്തിലും സാമൂഹ്യശാസ്ത്രത്തിലുമുള്ള ഗവേഷണസ്ഥാപനങ്ങൾക്കും ബിസിനസ് കോപ്പറേഷനുകൾ നൽകുന്ന സംഭാവനകളുടെ വളച്ച്യയാണ് ഏതാണ്ട് 1950-നു ശേഷമുണ്ടായിട്ടുള്ള ഗണനാഹമായ ഒരു സംഭവവികാസം.

മററു രാജ്യങ്ങളിൽ സക്കാരിൽനിന്നോ പള്ളിദാനങ്ങളിൽനിന്നോ ലഭിക്കുന്ന ധനസഹായത്തെ ആശ്രയിക്കുന്ന പല സ്ഥാപനങ്ങൾക്കും പ്രവത്തനങ്ങൾക്കും അമേരിക്കയിൽ പൂണ്ണമായോ ഭാഗിക...ം ധനസഹായം ലഭിക്കുന്നതു് വ്യക്തികളുടേയും ബിസിനസ് ...ങ്ങളുടേയും സ്വമേധയായുള്ള അത്തരം സംഭാവനകളിൽ ... കൂടാതെ, അമേരിക്കയിൽ സ്വമേധയാ സംഭാവന ...ിപ്രേരണകൾവഴി ഉദ്ദേശപൂവ്വം പ്രോത്സാഹിപ്പിക്ക

പട്ടിക - 15

അമേരിക്കയിൽ സ്വകാര്യജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള മതിപ്പുധനാഗമമാർഗ്ഗങ്ങളും ഇനവിഹിതങ്ങളും, 1956

| | ഡോളർ, ദശലക്ഷക്കണക്കിൽ | മൊത്തത്തിൽ ശതമാനം |
|---|---|---|
| **ധനാഗമമാർഗ്ഗങ്ങൾ:** | | |
| വ്യക്തികളിൽ നിന്നുള്ള സംഭാവനകൾ | 5172 | 69 |
| ബിസിനസ് കോർപ്പൊറേഷനുകളിൽനിന്നു സംഭാവനകൾ | 510 | 7 |
| ധർമ്മാവശ്യങ്ങൾക്കുള്ള ഒസ്യത്തുകൾ | 237 | 3 |
| സ്വകാര്യഫൗണ്ടേഷനുകൾ (1) | 600 | 8 |
| മൂലധനത്തിൽ നിന്നുള്ള വരുമാനങ്ങൾ (ഫൗണ്ടേഷനുകളൊഴികെ) | 1000 | 13 |
| ആകെ | 7519 | 100 |
| **ഇനവിഹിതം:** | | |
| മതസ്ഥാപനങ്ങൾ (പള്ളിയുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ-ക്ഷേമപ്രവർത്തനങ്ങളടക്കം) | 3760 | 50 |
| പൊതുക്ഷേമസ്ഥാപനങ്ങൾ (അഭ്യന്തരവും വിദേശീയവും) | 1730 | 23 |
| വിദ്യാഭ്യാസം (പ്രഥമികമായും ഉയർന്ന വിദ്യാഭ്യാസം) | 977 | 13 |
| ആരോഗ്യസ്ഥാപനങ്ങൾ | 676 | 9 |
| ഫൗണ്ടേഷനുകളുടെ പുതിയ ദാനങ്ങൾ | 226 | 3 |
| പലവക ആവശ്യങ്ങൾ | 150 | 2 |
| ആകെ | 7519 | 100 |

(1) മററു ഇനങ്ങളിൽ ചേർക്കപ്പെട്ടിട്ടുള്ളതും എന്നാൽ ഫൗണ്ടേഷനുകൾവഴി നൽകപ്പെട്ടിട്ടുള്ളതുമായ തുകകളുടെ ഇരട്ടിപ്പുകണക്ക് ഒഴിവാക്കിയിട്ടുണ്ട്.

*Source:* F. Emerson Andrews, Philanthropic Foundations, Russell Sage Foundation, New York, 1955, p 18; revised by author to 1956 estimates.

പ്പെടുന്നുമുണ്ട്. നിർവ്യാജമായ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് സംഭാവനയായി നല്കപ്പെടുന്ന വരുമാനവിഭാഗത്തിന്മേൽ, സംഭാവനകൾ മററുതരത്തിൽ നികുതിചുമത്തലിന് വിധേയമാകാവുന്ന അവരുടെ മൊത്തം വരുമാനത്തിന്റെ 20 ശതമാനത്തിലധികമാകാത്തപക്ഷം, വ്യക്തികൾ കേന്ദ്രആദായനികുതി കൊടുക്കുന്നില്ല. (മതപ

രമായ പ്രവത്തനങ്ങൾക്കും മററു ചില നിശ്ചിതവിദ്യാഭ്യാസപ്രവത്തനങ്ങൾക്കും സംഭാവനനല്കപ്പെടുന്നപക്ഷം മറെറാരു 10 ശതമാനം വരുമാനവും നികുതിയിൽനിന്നു് ഒഴിവാക്കപ്പെട്ടിട്ടുണ്ട്.) കേന്ദ്രഗവമ്മെൻറിൻെറ കോപ്പൊറേഷൻ ആദായനികുതിക്കു് വിധേയമാകുന്നതിനുമുമ്പു് ബിസിനസ്കോപ്പൊറേഷനുകൾക്കു" അവയുടെ അററവരുമാനത്തിൻെറ അഞ്ചുശതമാനംവരെ സംഭാവന നൽകാവുന്നതാണ്.

തീരുമാനങ്ങളെടുക്കുന്നകാൎയ്യത്തിലും മുൻകയ്യെടുക്കുന്നതിലും സ്വകാൎയ്യവും വികേന്ദ്രീകൃതവുമായ സ്വഭാവം നിലനിത്തുന്നതിനും പ്രാദേശികഗ്രൂപ്പുകളുടേയും സമൂഹങ്ങളുടേയും സ്വാശ്രയശീലം ഉയത്തിപ്പിടിക്കുന്നതിനും വ്യക്തികളുടേയും കോപ്പൊറേഷനുകളുടേയും സംഭാവനകൾ സഹായകമാണെന്നതുകൊണ്ടു് അവയെ നികുതികളിൽനിന്നു് ഒഴിവാക്കുന്നതു് ഇന്നു് ന്യായീകരിക്കപ്പെടുന്നുണ്ട്. ഈ സമ്പ്രദായം സ്വാതന്ത്ര്യത്തേയും വൈവിദ്ധ്യത്തേയും പ്രോത്സാഹിപ്പിക്കുകയും ശാസ്ത്രം, വിദ്യാഭ്യാസം, ക്ഷേമം എന്നിവയിൽ ഫലദായകമാകാവുന്ന പുതിയ ആശയങ്ങൾക്കു പിന്തുണ ലഭിക്കുന്നതിനുള്ള സാദ്ധ്യതകൾ വദ്ധിപ്പിക്കുകയും ചെയ്യുന്നു. അങ്ങിനെ, ഗവമ്മെൻറിൻെറ പരിപാടികൾക്കും പ്രവത്തനങ്ങൾക്കും ആവശ്യമായ ഒരു പൂരകമെന്ന നിലയിൽ അമേരിക്കയിലെ ജീവിതനിലവാരവും ജീവിതത്തിൻെറ ഗുണവും അഭിവൃദ്ധിപ്പെടുത്തുന്നതിനു് സുപ്രധാനമായൊരു സംഭാവനയാണു് സ്വകാൎയ്യജീവകാരുണ്യപ്രവത്തനങ്ങൾ നല്കുന്നതു്.

## മാറുന്ന ജീവിതരീതികൾ

കഴിഞ്ഞ രണ്ടു ദശകങ്ങളിൽ ജീവിതനിലവാരത്തിലുണ്ടായിട്ടുള്ള അഭൂതപൂവ്വമായ ഉയച്ചയുടേയും ജനസംഖ്യയിലും വ്യവസായത്തിലുമുണ്ടായ സത്വരമായ വളച്ചയുടേയും സംയുക്തഫലമായി അമേരിക്കക്കാരുടെ ജിവിതരീതികളിൽ കാൎയ്യമായ വ്യത്യാസങ്ങളുണ്ടായിട്ടുണ്ട്. ജനങ്ങൾ താമസിക്കുകയും പ്രവത്തിയെടുക്കുകയുംചെയ്യുന്ന സ്ഥാനത്തിലുണ്ടായിട്ടുള്ള വ്യത്യാസങ്ങൾ ഇവയിൽ ഒട്ടും അപ്രധാനമല്ല. തൊഴിൽശാലകളും വസതികളും നഗരങ്ങൾക്കുപുറത്തു് ഗ്രാമപ്രദേശങ്ങളിൽ മാററിസ്ഥാപിക്കപ്പെട്ടുവരികയാണു്. റോഡുകൾക്കു് അഭിവൃദ്ധിയും ഓരോ നാലു് അമേരിക്കൻകുടുംബങ്ങളിലും മൂന്നിനും ഓരോ മോട്ടോർവാഹനത്തിൻെറ ഉടമസ്ഥതയും ഉണ്ടായതോടെ തൊഴിൽസ്ഥലത്തിനു സമീപത്തുതന്നെ താമസിക്കേണ്ടതായ ആവശ്യം ജനങ്ങൾക്കൊരിക്കലുമില്ല. തുടന്നു്, നഗരപ്രാന്തങ്ങളിലും സമീപത്തുള്ള

ഗ്രാമപ്രദേശങ്ങളിലും വസതികേന്ദ്രങ്ങൾ കൂണുകൾപോലെ വളന്നിട്ടുണ്ട്. ഇതിനെതിരെ, നഗരങ്ങളുടെ വളച്ച, ഉണ്ടായിട്ടുണ്ടെങ്കിൽ തന്നെ, വളരെ മന്ദഗതിയിൽമാത്രമാണ്. ഉദാഹരണത്തിന് ന്യൂയോക്ക്നഗരത്തിലെ ജനസംഖ്യ 1950-നും 1960-നുമിടയ്ക്ക് 1,40,000-ലുപരികണ്ട് യഥാത്ഥത്തിൽ ചുരുങ്ങി. കുടുംബങ്ങൾ നഗരപ്രാന്തങ്ങളിലേയ്ക്കു മാറിയതാണ് ഇതിനു പ്രാഥമികകാരണം.

ജീവിതത്തിൻേറയും പ്രവത്തിയുടേയും ഘടനയിലുള്ള ഈ മാററം ജീവിതസൗകര്യങ്ങളിലും പ്രവത്തനസാഹചര്യങ്ങളിലും കായ്യമായ അഭിവൃദ്ധിയുണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഈ മാററം, പ്രത്യേകിച്ചും നഗരങ്ങൾക്കും തലസ്ഥാനപ്പ്രദേശങ്ങൾക്കും വലിയ വിഷമതകൾ സൃഷ്ടിച്ചിട്ടുമുണ്ട്. ഹൈവേനിമ്മാണപരിപാടികൾ തുടച്ചയായുണ്ടെങ്കിൽക്കൂടി, റോഡുകൾ വാഹനനിബിഡമാകത്തക്കവിധം അത്രയധികം തൊഴിലാളികൾക്ക് മോട്ടോർവാഹനങ്ങൾ സ്വന്തമായി വാങ്ങാൻകഴിയുമെന്നും പൊതുഗതാഗതസൗകര്യങ്ങളുടെ നവീകരണം അവഗണിക്കപ്പെട്ടുവെന്നുമുള്ള വസ്തുതയിൽനിന്നാണ് ഭാഗികമായി ഈ വിഷമതകൾ ഉണ്ടാകുന്നതു്.

നഗരങ്ങൾ നൽകുമെന്നു പ്രതീക്ഷിക്കപ്പെടുന്ന സേവന-സൗകര്യങ്ങൾക്കുള്ള ചിലവുകളും തുകയും ഉയരുന്നതനുസരിച്ച് താരതമ്യേന പര്യാപ്തമായ വേഗതയിൽ വരുമാനങ്ങളുയത്താൻ നഗരങ്ങൾക്കു കഴിഞ്ഞിട്ടില്ല. ഇപ്പോൾത്തന്നെ അമേരിക്കയിലെ നഗരങ്ങൾ അവയുടെ കടമകൾ വീണ്ടും നിവ്വഹിക്കുന്നതിൻെറയും കാലാനുസൃതമല്ലാത്തവയോ അപര്യാപ്തമോ ആയ തെരുവുകൾ, കെട്ടിടങ്ങൾ, സേവനങ്ങൾ എന്നിവയുടെ പരിഷ്കരണം, മുനിസിപ്പൽസ്ഥാപനങ്ങളുടേയും ധനപരമായ വശങ്ങളുടേയും പുനരാവിഷ്കരണം എന്നിവയുടേയും ഗുരുതരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതാണ്. വരുംവഷങ്ങളിൽ ഇവ കൂടുതൽ ഗുരുതരമായിരിക്കുകയുംചെയ്യും. മുനിസിപ്പൽസ്ഥാപനങ്ങളുടേയും ധനപരമായ വശങ്ങളുടേയും പുനരാവിഷ്കരണപ്രശ്നം പ്രത്യേകം പ്രാധാന്യമുള്ളതാണ്. പഴയ നഗരങ്ങളേയും പുതിയ, വികസിച്ചുവരുന്ന നഗരപ്രാന്തങ്ങളേയും ബാധിക്കുന്ന പുതിയ ഭരണസംവിധാനങ്ങളും ധനപരമായ ഏപ്പ്പാടുകളും രൂപപ്പെടുത്തുന്നതു് ഈ പ്രശ്നത്തിൻെറ പരിഹാരത്തിലടങ്ങുന്നു.

ഉയന്നുവരുന്ന പ്രശ്നങ്ങൾ മുൻകൂട്ടി കാണുന്നതിലും അവയെ നേരിടുന്നതിനു ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിലും നഗരഗവമ്മെൻറുകളും പ്രാദേശികരാഷ്ട്രീയഗ്രൂപ്പുകളും വേണ്ടത്ര തിടുക്കം കാണിച്ചിട്ടില്ല. ഗവമ്മെൻറിൻെറ ഭാഗത്തുനിന്നു വേണ്ടത്ര

ഉത്സാഹം ഉണ്ടാകാത്തതുകൊണ്ടു് അനേകം പ്രദേശങ്ങളിലെ സ്വകാര്യഗ്രൂപ്പുകൾ ഈ പ്രശ്നങ്ങളും അവയുടെ സ്വഭാവവും വ്യാപ്തിയും പഠിക്കാനും പ്രായോഗികമായ പരിഹാരങ്ങൾ ആവിഷ്കരിക്കാനും ആരംഭിച്ചിട്ടുണ്ടു്. വളൎന്നുവരുന്ന ഈ നഗരപുനർവികസനപ്രസ്ഥാനങ്ങൾ സാധാരണയായി പരസ്പരം സഹകരിക്കുന്ന ബിസിനസ്സുകാർ, തൊഴിലാളിയൂണിയൻപ്രവൎത്തകർ, വിദ്യാലയങ്ങളും മററു സാമൂഹ്യസ്ഥാപനങ്ങളും നിൎവ്വഹിക്കേണ്ട കടമകളുടെ വലിപ്പത്തിലോ സ്വഭാവത്തിലോ വന്നിട്ടുള്ള കാൎയ്യമായ വ്യത്യാസങ്ങൾമൂലം അവയ്ക്കുണ്ടാകുന്ന പ്രശ്നങ്ങൾക്കു് പരിഹാരംതേടുന്നതിൽ സജീവമായിത്തീരുന്ന ഉദ്യോഗസ്ഥന്മാർ എന്നിവരടങ്ങുന്നതാണു്.

അമേരിക്കക്കാരുടെ ജീവിതരീതിയിൽ ഇക്കാലത്തുണ്ടായിട്ടുള്ള മറെറാരു പ്രധാനവ്യത്യാസം സമ്പദ്‌വ്യവസ്ഥയുടെ വളരെയേറെ വൎദ്ധിച്ചിട്ടുള്ള ഉല്പാദനക്ഷമതയുടേയും സ്വയംപ്രവൎത്തകസമ്പ്രദായത്തിൻെറ വ്യാപ്തിയുടേയും പ്രത്യക്ഷഫലമാണു്. കഴിഞ്ഞകാലത്തേക്കാൾ വളരെ കുറച്ചുസമയംമാത്രമേ ജോലിക്കുവേണ്ടി അമേരിക്കക്കാർ ഇപ്പോൾ ചിലവഴിക്കേണ്ടതുള്ളു. അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ വളൎച്ച തുടരുന്നതനുസരിച്ചു് കൂടുതൽ കൂടുതൽ ഒഴിവുസമയം അവൎക്കുണ്ടാകുമെന്നുള്ളതിനും തൎക്കമില്ല.

നിലവിലുള്ളതുപോലെ വേലസമയം ആഴ്ചയിൽ ശരാശരി 40 മണിക്കൂറായി കുറയ്ക്കപ്പെട്ടതിൻെറയും പല ജോലികളുടെയും കായികമായ ആയാസവും മനഃക്ലേശവും ലഘൂകരിക്കപ്പെട്ടതിൻെറയും ഫലമായി തൊഴിൽദിവസം ഇപ്പോൾതന്നെ മൂന്നിലൊന്നു വേലസമയം, മൂന്നിലൊന്നു് ഒഴിവുസമയം, മൂന്നിലൊന്നു് ഉറക്കം എന്ന വിധത്തിൽ പൊതുവെ വിഭജിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. 40 മണിക്കൂറിൽ കുറവുമാത്രം മുഴുവൻസമയതൊഴിൽവാരമുള്ള വ്യവസായങ്ങളിൽ പ്രത്യേകിച്ചും, പല തൊഴിലാളികളും ഭാഗികമായ ഉപതൊഴിലുകൾ സ്വീകരിച്ചു് വരുമാനം വൎദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടു്. എന്നാൽ "യഥാൎത്ഥ"കൂലികൾ തുടൎന്നും വൎദ്ധിച്ചുവരുന്നതനുസരിച്ചു് ഈ വഴക്കത്തിൻെറ പ്രചാരം കുറയുന്നതാണു്. ഇരട്ടത്തൊഴിലുകൾ അനഭിലഷണീയമാക്കത്തക്കവിധം ഉല്പാദനക്ഷമതയുടെ വളൎച്ച തീൎച്ചയായും ഉയൎന്നതായിത്തീരാം. അതുകൊണ്ടു്, സാമ്പത്തികമായി ഉല്പാദനകരമായ ജോലിക്കുവേണ്ടി വിനിയോഗിക്കപ്പെടാത്ത ഉണൎച്ചസമയം വൎദ്ധിക്കുകതന്നെ ചെയ്യും. ഒരുപക്ഷേ ദിവസത്തിൻെറ 40 ശതമാനമോ കൂടുതലോവരെ ഈ ഉണൎച്ചസമയം നീണ്ടുനിന്നേക്കാം. ഇതിനുപുറമേ, കൂടുതൽ ദീൎഘമായ തൊഴിലവധികളും പുനഃപരിശീലനകാലങ്ങളുംവഴിയും, ഒരുപക്ഷേ, നിലവിലുള്ള 5 ദിവസസ്റ്റാൻഡേർഡ്

തൊഴിൽവാരം നാലുദിവസമാക്കി ഇനിയും കുറയ്ക്കുന്നതുവഴിയും ഒഴിവു സമയത്തിൽ ഇനിയും കൂടുതൽ വർദ്ധന ഉണ്ടാകുന്നതാണ്.

ചരിത്രത്തിലുടനീളം മാനവരാശിയുടെ ഒരു ചെറിയ, പ്രത്യേകാനുകൂല്യം ലഭിച്ച വിഭാഗത്തിനുമാത്രമാണ് സ്രഷ്ടാത്മകമായ സങ്കല്പങ്ങളോ വിശ്രമവേലകളോ അനാവർത്തിക്കാൻ സമ്പത്തും സമയവും ഉണ്ടായിരുന്നിട്ടുള്ളത്. കലകളിലും സാഹിത്യത്തിലും ശാസ്ത്രങ്ങളിലും അഭിരുചികൾ വളർത്താൻകഴിഞ്ഞിരുന്ന അത്തരം "ഉദാസീനവർഗ്ഗങ്ങൾ" ഉണ്ടായിരുന്നതുമൂലമാണ് പരിഷ്കാരത്തിന്റെ മുന്നേറ്റങ്ങളേധികവും ഉണ്ടായിട്ടുള്ളത്. മിക്കവാറും പാശ്ചാത്യസമൂഹങ്ങളിലെന്നപോലെ അമേരിക്കയിലേയും ബഹുജനങ്ങളുടെ നിത്യജീവിതം പരമ്പരാഗതമായി ജോലിചെയ്യുന്നതിനും ഭൗതികാവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനുള്ള പോരാട്ടത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ളതായിരുന്നു. എന്തെങ്കിലും ഒഴിവുസമയം കിട്ടിയിരുന്നെങ്കിൽതന്നെ അതു വീണ്ടും ജോലിചെയ്യുന്നതിന് കഴിവുവീണ്ടെടുക്കാനുള്ള . വിശ്രമസമയമായാണ് കണക്കാക്കപ്പെട്ടിരുന്നത്. ഇപ്പോൾ ആദ്യമായി, ഒഴിവ് ജനങ്ങൾക്കാകെ ഒരു സംഭവ്യത—ഒരു പ്രശ്നവും—ആയിവരുന്നു.

സാരമായി കുറഞ്ഞ വേലസമയവും തൽഫലമായ കൂടുതൽ ഒഴിവുസമയവും അനുഭവിക്കാൻ പാശ്ചാത്യപരിഷ്കാരം സാംസ്കാരികമായി സന്നദ്ധമാണോ എന്ന കാര്യത്തിൽ ചില സന്ദേഹങ്ങൾ പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. തൊഴിൽസമയത്തെ ഒരാളുടെ പ്രവർത്തനങ്ങൾ ഏറെക്കുറെ അയാളെ ഏല്പിക്കുന്ന കൃത്യങ്ങളാണ് നിർണ്ണയിക്കുന്നത്. ഒഴിവുസമയത്തെ സംബന്ധിച്ചേടത്തോളവും ഒരു പരിധിവരെ അയാളുടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും ആവശ്യങ്ങളും അവയോടുള്ള കടപ്പാടുകളുമാണ് അയാളുടെ പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നത്. എങ്കിലും, ഒഴിവുസമയം എങ്ങിനെ ഉപയോഗിക്കണമെന്നു നിശ്ചയിക്കുന്ന കാര്യത്തിൽ തൊഴിൽസമയത്തിലുള്ളതിനേക്കാൾ തരംതിരിവിനുള്ള കൂടുതൽ സ്വാതന്ത്ര്യം അയാൾക്കുണ്ട്. തീരുമാനമെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം എല്ലായ്പോഴും ആ സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗസാദ്ധ്യതകൂടി ഉൾക്കൊള്ളുന്നു.

മുൻകാലങ്ങളിൽ തൊഴിൽവാരം കുറയ്ക്കുന്നകാര്യം പരിഗണിക്കപ്പെട്ടിട്ടുള്ള സന്ദർഭങ്ങളിലെല്ലാം, കൂടുതൽ ഒഴിവുസമയം എന്നതിന്റെ ഫലം മദ്യശാലകൾ, നൃത്തശാലകൾ, ചൂതാട്ടം അഥവാ കുടുംബകലഹം എന്നിവയിൽ കൂടുതൽ സമയം വിനിയോഗിക്കുകമാത്രമായിരിക്കുമെന്ന് ആരെങ്കിലും ആശങ്ക പ്രകടിപ്പിക്കുകയുണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ ഭയം മിക്കവാറും അടിസ്ഥാനരഹിതമാണെന്നാണ്

തെളിഞ്ഞിട്ടുള്ളത്. പല തൊഴിലാളികളും മററു തൊഴിലുകൾകൂടി സ്വീകരിച്ചുവെന്നതാണ് ഭാഗികമായി ഇതിനു കാരണം. എന്നാൽ അതിലുംകൂടുതൽ പ്രാധാന്യമർഹിക്കുന്നത്, സമ്പാദ്യം വർധിച്ചുകൊണ്ടിരുന്നപ്പോഴും തൊഴിലാളിയുടെ ജീവിതരീതി വ്യത്യാസപ്പെട്ടുകൊണ്ടിരുന്നപ്പോഴുമാണ് തൊഴിൽവാരത്തിൽ ലഘൂകരണം സംഭവിച്ചുകൊണ്ടിരുന്നതെന്ന വസ്തുതയാണ്. ഉദാഹരണത്തിനു് സ്വന്തമായ ഒരു ഭവനത്തിലേയ്ക്കു് നീങ്ങിയതോടെ തൊഴിലാളി തോട്ടങ്ങൾ വളർത്തുന്നതിലും ഗൃഹാഭിവൃദ്ധിപ്രവർത്തനങ്ങളിലും തൻെറ ഒഴിവുസമയം ആനന്ദകരവും ക്രിയാത്മകവുമായി ഉപയോഗിക്കുന്നതിനുള്ള പ്രേരണകൾ കാണുകയുണ്ടായി.

"തന്നെത്താൻ ചെയ്യുക" എന്ന സംരംഭം യുദ്ധാനന്തരവർഷങ്ങളുടെ ആദ്യകാലത്തു് ഉപഭോഗചരക്കുകളിലുണ്ടായ ദൗർലഭ്യത്തിൻേറയോ, കൂടുതൽ സമീപകാലത്തു് സേവനച്ചിലവുകൾ ഉയരുന്നതിൻേറയോ പ്രതികരണംമാത്രമായിരുന്നില്ല. വിപുലമായതോതിൽ ജനങ്ങൾക്കു് വീടുകൾ സ്വന്തമായുണ്ടാകുന്നതിനോടും വർധിച്ച ഒഴിവുസമയത്തിനോടുമുള്ള പൊരുത്തപ്പെടലുംകൂടിയാണ് ആ പ്രസ്ഥാനം. തോർസ്റ്റീൻവെബ്ളെൻെറ വാക്കുകളിൽ "തൊഴിൽപ്രൗഢിക്കുള്ള നൈസർഗ്ഗികവാസന" അഥവാ സ്വന്തം കൈകൊണ്ടുള്ള സൃഷ്ടിപരമായ പ്രവർത്തനത്തിലൂടെയുണ്ടാകുന്ന ആത്മപ്രകാശനത്തിനുള്ള ആഗ്രഹം വിപുലമായി തൃപ്തിപ്പെടുത്താനുള്ള ഒരു ശ്രമംകൂടിയാണത്. പുറമെ, സ്വന്തം മനോരഥമനുസരിച്ചുള്ള ജോലികൾ, കരകൗശലപ്രവർത്തനങ്ങൾ എന്നിവയിലും കായികവിനോദങ്ങളുടെയും വീട്ടിനു വെളിയിലുള്ള വിനോദങ്ങളുടെയും പല രൂപങ്ങളിലും ഒഴിവുസമയപരിപാടികൾ അത്ഭുതാവഹമായി വികസിച്ചിട്ടുണ്ട്. അതതുകാലത്തു് അസംഖ്യം താൽക്കാലികതാമസക്കാരും മീൻപിടിത്തക്കാരും പ്രകൃതിപ്രേമികളും തിങ്ങിനിറയുന്ന വിശാലമായ ദേശീയ-സാംസ്ഥാനിക ആരാമങ്ങളിലും വിഹാരത്തിനും കായികവിനോദങ്ങൾക്കും ആവശ്യമായ ഉപകരണങ്ങളുടെ വികസിതവില്പനയിലും ഇതിൻെറ സൂചനകൾ കൃത്യമായിക്കാണാം.

സംഗീതം, നാടകം, പുസ്തകങ്ങൾ എന്നിവയുടെ ആസ്വാദനവും രചനയും, കലകൾ, സാഹിത്യം, ശാസ്ത്രങ്ങൾ എന്നിവയിലെ അനൗദ്യോഗികഭാഗഭാഗിത്വം തുടങ്ങി ഒഴിവുസമയത്തിൻെറ കൂടുതൽ ഭാവനാത്മകമായ ഉപയോഗങ്ങൾക്കുള്ള സാദ്ധ്യതയെക്കുറിച്ച് ചില അമേരിക്കക്കാർക്ക് അല്പം നിരാശയാണുള്ളത്. കാരണമില്ലാതെയല്ല താനും. അവരുടെ അഭിപ്രായത്തിൽ വിനോദവാർത്താവിനിമയരംഗങ്ങളിലുള്ള കൂററൻവ്യവസായങ്ങൾക്കു് വിപുലവും, ക്രമപ്രവൃദ്ധവുമായ

ആസ്വാദകവൃന്ദം ഉണ്ടാകുന്നതിനെത്തുടന്ന് കൂടുതൽ കൂടുതൽ സാംസ്കാരികപരിപാടികൾ ബുദ്ധിയിലും അഭിരുചിയിലും ഏററവും താഴെക്കിടയിലുള്ള ജനസാമാന്യത്തെ ആകർഷിക്കാൻ തയ്യാറാക്കപ്പെട്ട "വിലകുറഞ്ഞ" വയായിരിക്കുമെന്ന അപകടമുണ്ട്. സിനിമകൾ, റേഡിയോ–ടെലിവിഷൻപരിപാടികൾ, പ്രചാരമുള്ള മാസികകൾ, വത്തമാനപ്പത്രങ്ങൾ എന്നിവയിൽ പലപ്പോഴും കാണപ്പെടുന്ന സാംസ്കാരികാധഃപതനത്തിൻെറ ലക്ഷണങ്ങൾ അവരെടുത്തുകാണിക്കുന്നു. വിപുലമായ പരസ്യവേലയുടെ ചില രീതികളുടെ ഫലമായി അഭിരുചികൾ ദൂഷിച്ചുപോയേക്കാമെന്ന് അവർ മുന്നറിയിപ്പു നൽകുന്നുമുണ്ട്.

എന്നാൽ, സാംസ്കാരികവളച്ചയ്ക്കുള്ള സൗകര്യങ്ങൾ കൂടുതൽ കൂടുതൽ അമേരിക്കക്കാർ ഉപയോഗപ്പെടുത്തിവരുന്നുണ്ടെന്നതിൻെറ പ്രോത്സാഹജനകമായ സൂചനകളും രാജ്യത്തുടനീളം കാണാനുണ്ട്. ഉദാഹരണത്തിന്, റേഡിയോവും ടെലിവിഷനുംവഴി ഒപ്പേറകൾ, സിംഫണികൾ, നാടകങ്ങൾ എന്നിവ, "ക്ലാസിക്കൽ" സംഗീതം, നാടകങ്ങൾ, കോമഡികൾ എന്നിവ മുമ്പൊരിക്കലും കേൾക്കുകപോലും ചെയ്യിട്ടില്ലാത്തവരോ അവയെ പുച്ഛിച്ചു തള്ളിയിരുന്നവരോ ആയ വമ്പിച്ച ലക്ഷം എത്തിയിരിക്കുന്നു. സാഹിത്യം, കല, ചരിത്രം, ശാസ്ത്രം, പൊതുക്കാര്യങ്ങൾ എന്നിവസംബന്ധിച്ചുള്ള പരിപാടികൾ സാമാന്യമായി കൂടുതൽ കൂടുതൽ അമേരിക്കക്കാരുടെ താല്പര്യങ്ങളെ ഉദ്ദീപിപ്പിക്കുന്നു. സ്വകാര്യധനസഹായവും പൊതുജനപിന്തുണയുമുള്ള സ്വരവാദ്യവൃന്ദങ്ങളും സംഗീതസംഘങ്ങളുമുള്ള നഗരങ്ങളും പട്ടണങ്ങളും രാജ്യത്തുടനീളം ഇപ്പോൾതന്നെയുണ്ട്. അവയുടെ എണ്ണം വദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. കാര്യക്ഷമമായ സംഗീതോപകരണങ്ങളുടെയും ദീർഘനേരം സംഗീതധാരയൊഴുക്കുന്ന റിക്കാർഡുകളുടെയും വില്പനയും ഭീമമായി ഉയന്നുകൊണ്ടാണിരിക്കുന്നതു്. കൂടുതൽ കൂടുതൽ നഗരങ്ങൾക്ക് സ്വന്തമായ പണ്ടകശാലാതിയറ്ററുകളുണ്ട്. നാടകകലയിൽ താല്പര്യമുള്ളതുകൊണ്ടുമാത്രം പ്രദശനം നടത്തുന്ന നാടകസംഘങ്ങൾ അസംഖ്യമാണ്. അനേകം അമേരിക്കക്കാർ ഉപജീവനമാഗ്ഗമെന്ന നിലയിലല്ലാതെ ആത്മസംതൃപ്തിക്കുവേണ്ടി ചിത്രരചന നടത്തുകയോ ശില്പവേലകളിലേപ്പെടുകയോ ചെയ്യുന്നു. വാരാന്ത്യങ്ങളിലും മുടക്കുദിവസങ്ങളിലും കാഴ്ചബംഗ്ലാവുകളിലേക്കും ചിത്രശാലകളിലേയ്ക്കും അവർ തള്ളിക്കയറുകയും ചെയ്യുന്നു. കടലാസുചട്ടയിട്ട നല്ല നോവലുകൾക്കും പണ്ഡിതഗ്രന്ഥങ്ങൾക്കുമുള്ള വിപുലമായ, വളന്നുകൊണ്ടിരിക്കുന്ന വില്പന കഴിഞ്ഞ ദശകത്തിലെ പ്രധാന സാംസ്കാരികപുരോഗതികളിലൊന്നാണ്. അമേരിക്കയിലെ

ജനകീയസംസ്കാരത്തെ യഥാൎത്ഥത്തിൽ പരിശോധിക്കാൻ മിനക്കെടുന്ന ഏതൊരാളും അതു് എല്ലായ്പോഴും ഉൽകൃഷ്ടമല്ലെങ്കിൽപ്പോലും സജീവവും വൈവിദ്ധ്യമാൎന്നതുമാണെന്നു് കാണുന്നതാണു്.

എന്നിരുന്നാലും, വരുന്നദശകങ്ങളിൽ അമേരിക്കക്കാരെ അഭിമുഖീകരിക്കുന്ന മഹത്തായ വെല്ലുവിളികളിലൊന്നു്, അവരുടെ വിദ്യാഭ്യാസസമ്പ്രദായം കൂടുതൽ കൂടുതൽ ശാസ്ത്രജ്ഞന്മാരേയും സാങ്കേതിക പ്രവൎത്തകരേയും വിദഗ്ദ്ധതൊഴിലാളികളേയും പരിശീലിപ്പിക്കുന്നതിനുമാത്രമല്ല, അടുത്തടുത്തുവരുന്ന സമൃദ്ധിയുടേതായ യുഗത്തിൽ സാംസ്കാരികവളൎച്ചയ്ക്കും സൃഷ്ട്യുന്മുഖമായ വിഹാരപ്രവൎത്തനങ്ങൾക്കുമുള്ള വികസിച്ചുവരുന്ന സൗകൎയ്യങ്ങളിൽ പങ്കെടുക്കുന്നതിനു് വ്യക്തികളുടെ കഴിവുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയും സജ്ജീകരിക്കുന്നതെങ്ങനെയെന്നാണു്.

---

ജീവിതനിലവാരങ്ങൾ പൊതുവേ മെച്ചപ്പെടുത്തുന്നതും താഴ്ന്ന വരുമാനകുടുംബങ്ങളുടെ നിലവാരം ഉയൎത്തുന്നതും അമേരിക്കയിൽ അംഗീകൃതസാമൂഹ്യലക്ഷ്യങ്ങളാണെന്നുമാത്രമല്ല, സാമ്പത്തികാവശ്യങ്ങൾകൂടിയാണു്. അമേരിക്കൻവ്യവസായം വളരുന്ന വൻവിപണികളെ ആശ്രയിച്ചാണിരിക്കുന്നതു്. സാമൂഹ്യമായി അഭിലഷണീയമാണെങ്കിൽപോലും ഉയൎന്ന വരുമാനഗ്രൂപ്പുകളുടെ ഉയരുന്ന ഉപഭോഗം വികസിച്ചുവരുന്ന വ്യാവസായികക്കഴിവിനു വേണ്ടത്ര വിപണിവിസ്തൃതി സൃഷ്ടിക്കുകയില്ല.

ഉല്പാദനക്ഷമത ഉയൎത്തുന്നതിനാണു് മറേറതിനെക്കാളും മുൻഗണന നൽകേണ്ടതെന്നും പൊതുക്ഷേമവികസനത്തിനു് ദ്വിതീയപ്രാധാന്യംമാത്രമാണുള്ളതെന്നും ചിലപ്പോൾ നിർദ്ദേശങ്ങളുണ്ടായിട്ടുണ്ടു്. യഥാൎത്ഥത്തിൽ ഇവ രണ്ടും പരസ്പരം പൊരുത്തപ്പെടാത്ത വ്യത്യസ്തമാൎഗ്ഗങ്ങളല്ല; പരസ്പരപൂരകങ്ങളായ ആവശ്യങ്ങളാണു്. ആരോഗ്യകരമായ ഒരു ജനാധിപത്യത്തിൽ ക്ഷേമനടപടികൾ ഉല്പാദനക്ഷമത പോഷിപ്പിക്കുന്നതിന്നത്യാവശ്യമാണു്. ഉല്പാദനക്ഷമതയിലുള്ള വളൎച്ചയാകട്ടെ, എല്ലാവരുടേയും ക്ഷേമം വികസിപ്പിക്കാൻ സഹായകമായിത്തീരുകയുംചെയ്യുന്നു. മററൊന്നിനെ അവഗണിച്ചു് ഒന്നിനുമാത്രം പ്രാധാന്യംകൊടുക്കുമ്പോഴാണു കുഴപ്പമുണ്ടാകുന്നതു്. അതുകൊണ്ടാണു് ഉയരുന്ന ഉല്പാദനക്ഷമതയും വൎദ്ധമാനമായ ക്ഷേമവും തമ്മിൽ ആവശ്യമായ സമതുലിതബന്ധം നിലനിൎത്താൻ

ബിസിനസ്സുകാർ, യൂണിയനംഗങ്ങൾ, കൃഷകർ, ഗവണ്മെൻറുദ്യോഗസ്ഥന്മാർ എന്നിവരുടെയെല്ലാം ഭാഗത്തുനിന്നും സാമൂഹ്യോത്തരവാദിത്വമുള്ളതും പരസ്പരസഹകരണാത്മകവുമായ ഒരു മനോഭാവം അത്യാവശ്യമായിരിക്കുന്നതു്. അല്ലാത്തപക്ഷം സാമ്പത്തികവളർച്ച മന്ദഗതിയിലാകുന്നു. തുടൻ്, ഉയൻ്നുവരുന്ന ജീവിതനിലവാരത്തിനുള്ള അനുസ്യൂതമായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനു നിശ്ചലമായ ദേശീയവരുമാനത്തിൻെറ പുനർവിതരണത്തിനുള്ള, ഏറ്റെക്കുറെ പ്രയോജനശൂന്യമായ, ശ്രമങ്ങൾക്കുമാത്രമേ കഴിയുകയുള്ളു. സാമൂഹ്യസംഘർഷത്തെ ഉത്തേജിപ്പിക്കുകയും ദേശീയസമ്പദ്‌വ്യവസ്ഥയ്ക്കു കൂടുതൽ നാശത്തിനു കാരണമാകുകയും മാത്രമായിരിക്കും അററഫലം.

ഉല്പാദനക്ഷമതയിൽ സാരമായ വളർച്ചയും ജീവിതനിലവാരങ്ങളിൽ ഗണ്യമായ വർദ്ധനയും അമേരിക്ക ഒരേസമയത്തു നേടിയിട്ടുണ്ടു്. ഇവതമ്മിൽ ഉചിതമായ ഒരു സമതുലിതാവസ്ഥ നിലനിർത്തുകയും സാമ്പത്തികവളർച്ച തുടരുകയുംചെയ്യുന്നപക്ഷം, അപര്യാപ്തമായ വരുമാനങ്ങളുടെ ഫലമായുണ്ടാകുന്ന ദാരിദ്ര്യം അടുത്ത ദശകത്തിലോ അതിനുമുമ്പുതന്നേയോ അമേരിക്കൻസമൂഹത്തിൽ ഒരു പ്രധാനപ്രശ്നമല്ലാതായിത്തീരുമെന്നു വിശ്വസിക്കാൻ എല്ലാ ന്യായങ്ങളുമുണ്ടു്.

# അമേരിക്കൻവ്യവസായത്തിൽ സാമ്പത്തികശക്തികേന്ദ്രീകരണം XI

അമേരിക്കൻസമ്പദ്‌വ്യവസ്ഥയിൽ ഉല്പാദനക്ഷമതയുടെ നിലവാരം ഉയർത്തുന്നതിൽ വലുതും ചെറുതുമായ കോർപ്പറേഷനുകൾക്കും അവയുടെ മാനേജുമെൻറുകൾക്കുമുള്ള അതിപ്രധാനമായ പങ്ക് ഒന്നാംഭാഗത്തിൽ ചർച്ചചെയ്തു. എന്നാൽ വലിയ കോർപ്പറേഷനുകളുടെ സാങ്കേതികവും മേലന്വേഷണപരവുമായ നേട്ടങ്ങൾക്കുവേണ്ടി ജനാധിപത്യത്തേയും സ്വാതന്ത്ര്യമാത്സര്യത്തേയും സംബന്ധിച്ചുള്ള അമേരിക്കൻ ആദർശങ്ങൾ ബലികഴിക്കപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യം സമാധാനമാരായാതെ നാം വിടുകയാണുണ്ടായതു്. ഇതു് ഒരു പുതിയ ചോദ്യമല്ല. അമേരിക്കയുടെ ചരിത്രത്തിലുടനീളം പല സന്ദർഭങ്ങളിലും ജനങ്ങൾ ഈ ചോദ്യമുന്നയിക്കുകയും വിവിധ നിയമനിർമ്മാണങ്ങളിലൂടെ സമാധാനം തേടുകയുമുണ്ടായിട്ടുണ്ട്.

സാമ്പത്തികമായും രാഷ്ട്രീയമായും തീരുമാനങ്ങളെടുക്കുന്നതിൽ, ജനാധിപത്യത്തിൻെറ നിലനില്പിന്നത്യാവശ്യമായ വികേന്ദ്രീകരണവുമായി സാമ്പത്തികശക്തികേന്ദ്രീകരണം പൊരുത്തപ്പെട്ടുപോകയില്ലെന്നു ചില അമേരിക്കക്കാർ ഇന്നു വിശ്വസിക്കുന്നു. ദേശീയശക്തിയും ദേശീയസമ്പത്തും എന്ന ഹാമിൽട്ടൻെറ ആദർശവും വ്യക്തിസ്വാതന്ത്ര്യവും വ്യക്തിപരമായ ഉത്തരവാദിത്വവും എന്ന ജെഫേഴ്സൻെറ ആദശവും തമ്മിൽ പ്രത്യക്ഷത്തിലുള്ള സംഘട്ടനത്തെ, മററെല്ലാററിനേക്കാളുമുപരി, കേന്ദ്രീകരണപ്രശ്നം നാടകീയമായി അവതരിപ്പിക്കുകയാണു ചെയ്യുന്നതു്. എങ്കിലും, ഭാഗികമായി മാത്രം പരസ്പരവിരുദ്ധമായ ഈ തത്വങ്ങളുടെ പ്രായോഗികമായ അനുരഞ്ജനം ആരംഭിച്ചെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

## കേന്ദ്രീകരണത്തിൻെറ തോതു്

അമേരിക്കൻവ്യവസായരംഗത്തു് വൻകിട കോർപ്പറേഷനു് യഥാർത്ഥത്തിലെത്രത്തോളം ആധിപത്യം ഉണ്ടു്? സാമ്പത്തികശക്തികേന്ദ്രീകരണത്തെ അളക്കുന്നതിനു പല വ്യത്യസ്തരീതികളും ആവിഷ്കരിക്കപ്പെട്ടിട്ടുണ്ടു്.

ഏററവും മികച്ച ഒരു നൂറു ചരക്കുല്പാദനക്കമ്പനികളെസംബന്ധിച്ചുള്ള കണക്കുകളിലാണു് വലിയ കോർപ്പറേഷനുകളുടെ

ആപേക്ഷികപ്രാധാന്യത്തിൻെറ അളവുകളിലൊന്നു കാണപ്പെട്ടുന്നതു്. 1947-ൽ നൂറു വൻകിട ചരക്കുല്പാദനകോർപ്പറേഷനുകളാണു് എല്ലാ ചരക്കുനിർമ്മാണവ്യവസായങ്ങളുടേയും മൊത്തം ഉല്പാദനത്തിൻെറ 23 ശതമാനം ഉല്പാദിപ്പിച്ചതു്. 1954 ആയപ്പോഴേക്കും അത്രയും കമ്പനികളുടെ ഉല്പാദനം 30 ശതമാനമായും 1960-ൽ 35 ശതമാനത്തിലേറെയായും ഉയൎന്നു.

"കേന്ദ്രീകരണത്തിൻെറ അനുപാതം" ചിത്രീകരിക്കാനാണു് മററൊരു അളവുരീതി ശ്രമിക്കുന്നതു്. ഒരു വ്യവസായത്തിലുള്ള ഏററവുംമികച്ച നാലു കമ്പനികൾചേൎന്നു് വ്യവസായത്തിൻെറ ആകെ ചരക്കുകയററുമതിയുടെ 50 ശതമാനമോ അതിൽക്കൂടുതലോ നിൎവ്വഹിക്കുന്നുണ്ടെങ്കിൽ ശക്തികേന്ദ്രീകരണത്തിൻെറ ഒരു ഉയൎന്ന അനുപാതമാണതെന്നു പറയുന്നതു് ഒരു വഴക്കമായിരിക്കുന്നു. ഈ അനുപാതം 20 – 50 ശതമാനംമാത്രമുള്ള വ്യവസായങ്ങളാണു് ഇടത്തരം ശക്തികേന്ദ്രീകരണമുള്ള വ്യവസായങ്ങൾ. താഴ്ന്ന നിലവാരത്തിൽമാത്രം ശക്തികേന്ദ്രീകരണമുള്ള വ്യവസായ്ങ്ങൾ 20 ശതമാനത്തിൽതാഴെ അനുപാതമുള്ളവയാണു്. ഉദാഹരണത്തിനു്, മോട്ടോർ വാഹനവ്യവസായം ഉയൎന്ന ശക്തികേന്ദ്രീകരണമുള്ള ഒരു വ്യവസായമായാണു കണക്കാക്കപ്പെടുന്നതു്. ആ വ്യവസായത്തിലുള്ള ഏററവും വലിയ നാലു കോർപ്പറേഷനുകൾ അമേരിക്കയിൽ മോട്ടോർവാഹനകയററുമതിയുടെ (യാത്രക്കാൎക്കുള്ള വാഹനങ്ങൾ, ട്രക്കുകൾ, വാഹനഘടകങ്ങൾ എന്നിവ അടക്കം) 75 ശതമാനവും ഉല്പാദിപ്പിക്കുന്നുവെന്ന വസ്തുതയാണു് ഈ തിട്ടപ്പെടുത്തലിനടിസ്ഥാനം. ഉയൎന്ന കേന്ദ്രീകരണമുള്ള വ്യവസായങ്ങൾ മൊത്തം ഉല്പാദനക്കയററുമതിയിൽ അവയ്ക്കുള്ള ഓഹരി 1947-നും 1954-നുമിടയ്ക്കു് 25.7 ശതമാനത്തിൽനിന്നും 26.9 ശതമാനമായി വൎദ്ധിപ്പിക്കുകയുണ്ടായി. മിതമെങ്കിലും ഇതു് ഒരു വൎദ്ധനതന്നെയാണു്.

വൻകിടകോർപ്പറേഷനുകളുടെ പ്രാധാന്യവും ഉയൎന്ന കേന്ദ്രീകരണമുള്ള വ്യവസായങ്ങളുടെ അനുപാതങ്ങളും സമീപവൎഷങ്ങളിൽ അല്പം ഉയൎച്ച കാണിക്കുന്നുണ്ടെങ്കിലും ഉയൎന്ന കേന്ദ്രീകരണമുള്ള വ്യവസായങ്ങളുടെ എണ്ണം ഗണ്യമായി വൎദ്ധിച്ചിട്ടില്ല. വൻകിടവ്യവസായസ്ഥാപനങ്ങൾക്കു മുന്തിയ പ്രാധാന്യമുണ്ടായിരിക്കുകയും കേന്ദ്രീകരണത്തിൽ ഒരു ഉയൎന്ന അനുപാതം എല്ലായ്പോഴും ഉണ്ടായിരിക്കുകയുംചെയ്തിരുന്ന വ്യവസായങ്ങളാണു്, താഴ്ന്ന കേന്ദ്രീകരണനിരക്കുകളുണ്ടായിരുന്നവയേക്കാൾ കൂടുതൽവേഗം വളൎന്നതെന്ന വസ്തുത പ്രത്യക്ഷത്തിലുള്ള ഈ വിരോധാഭാസത്തെ വിശദീകരിക്കുന്നുണ്ടു്.

അങ്ങിനെ, സാമ്പത്തികശക്തികേന്ദ്രീകരണം സമീപവഷങ്ങളിൽ ലഘുവായി വളരുകയോ, അതോ വ്യത്യാസമില്ലാതെ തുടരുകയോ ചെയ്യുന്നതെന്നുള്ളതുസംബന്ധിച്ച തീരുമാനം ഭാഗികമായി അളവുരീതിയെ ആശ്രയിച്ചാണിരിക്കുന്നതു്. എന്തായാലും വ്യത്യാസം വളരെ ഗണ്യമല്ല.

അമേരിക്കൻ വ്യവസായരംഗത്തു വൻകിടകോപ്പ്റേഷനുകൾക്കു് ഈ ആപേക്ഷികപ്രാധാന്യമുണ്ടെങ്കിലും, ഉയന്ന കേന്ദ്രീകരണമുള്ളവയിലെന്നതിനേക്കാൾ, ഏറക്കുറേ വികേന്ദ്രീകൃതമായ വ്യവസായങ്ങളിലാണു് മിക്കവാറും തൊഴിലാളികൾ ഇപ്പോഴും ജോലിചെയ്യുന്നതു്. താഴ്ന്ന കേന്ദ്രീകരണമുള്ള വ്യവസായങ്ങളിൽ 63 ലക്ഷം തൊഴിലാളികൾ 1954-ൽ വേലചെയ്തിരുന്നു. ചരക്കുല്പാദനവ്യവസായത്തിലെ മൊത്തംതൊഴിലാളികളുടെ ഏതാണ്ടു നാല്പതുശതമാനമാണിതു്. ഇടത്തരം കേന്ദ്രീകരണമുള്ള വ്യവസായങ്ങൾ 57 ലക്ഷം, അഥവാ ചരക്കുല്പാദനവ്യവസായങ്ങളിലെ മൊത്തം ജീവനക്കാരിൽ 36 ശതമാനം, തൊഴിലാളികളെയാണു ജോലിക്കേപ്പെടുത്തിയിരുന്നതു്. 39 ലക്ഷം തൊഴിലാളികൾ, അഥവാ 24 ശതമാനം, ഉയന്ന കേന്ദ്രീകരണമുള്ള വ്യവസായങ്ങളിലും ജോലിയെടുത്തിരുന്നു. അങ്ങിനെ ചരക്കുല്പാദനവ്യവസായങ്ങളിലെ തൊഴിലാളികളിൽ ഏതാണ്ടു് മുക്കാൽഭാഗവും താഴ്ന്ന-ഇടത്തരം കേന്ദ്രീകരണമുള്ള വ്യവസായങ്ങളിലാണു ജോലിയെടുക്കുന്നതു്.

തുണി-നെയ്ത്തുവ്യവസായങ്ങൾ, മരംസംബന്ധമായ വ്യവസായങ്ങൾ, അച്ചടിവ്യവസായം എന്നിവയിൽ ഗണ്യമായ ശക്തികേന്ദ്രീകരണം ഉണ്ടായിട്ടില്ല. കൂടാതെ, ചില സേവനവ്യവസായങ്ങളിൽ ചെറിയ വ്യാവസായികഘടകങ്ങൾക്കാണു മുന്തിയ പ്രാധാന്യമുള്ളതു്. ഉദാഹരണത്തിനു്, ഈ രാജ്യത്തിലെ ഹൈവേകളിലുടനീളം ഏതാണ്ടു് 41000 മോട്ടലുകളുണ്ടു്. (വാഹനങ്ങളിൽ സഞ്ചരിക്കുന്നവക്കു വാഹനങ്ങൾ പാക്കുചെയ്യാനുള്ള സൗകര്യങ്ങളോടുകൂടി തങ്ങാവുന്ന ചെറിയ ഹോട്ടലുകളാണു് മോട്ടലുകൾ.) മൊത്തം സേവനസ്ഥാപനങ്ങളിൽ 50 ശതമാനത്തിലുപരിവരുന്ന 5 ലക്ഷത്തിൽപ്പരം സ്ഥാപനങ്ങൾ സ്വന്തമായ തൊഴിൽചെയ്യുന്ന വ്യക്തികൾമാത്രമാണു നടത്തുന്നതു്. അങ്ങിനെ "സ്വന്തം മേലാള"നായിത്തീരണമെന്നാഗ്രഹമുള്ളവക്കു് അമേരിക്കയിൽ ഇനിയും ധാരാളം സാഹചര്യങ്ങളുണ്ടു്.

ഏതാനും വലിയ കോപ്പറേഷനുകൾ അമേരിക്കൻവ്യവസായരംഗത്തിൽ ആധിപത്യംവഹിക്കുന്നുവെന്ന അതിശയോക്തിപരമായ അഭിപ്രായത്തെ ഈ കണക്കുകൾ നിഷേധിക്കുന്നുണ്ടു്. എന്നുവരി

കിലും, ഏററവും സജീവമായി പ്രവത്തിക്കുന്ന വ്യവസായങ്ങളിൽ വലിയ കോപ്പ്പോറേഷനുകൾ സുപ്രധാനമാണെന്നും ഈ വ്യവസായങ്ങളിൽ ഏതാനും കോപ്പ്പോറേഷനുകൾ തമ്മിലുള്ള മത്സരം നിരവധി ഉല്പാദകക്കിടയിലുള്ള മത്സരത്തേക്കാൾ തീക്ഷ്ണമാണെന്നുമുള്ള വസ്തുത നിലനില്ക്കുന്നു. യഥാത്ഥത്തിൽ ആശങ്ക ഉളവാക്കുന്ന ഒരു സ്ഥിതിവിശേഷമാണിതു്.

## കേന്ദ്രീകരണത്തെക്കുറിച്ചു് ആശങ്കയ്ക്കുള്ള കാരണങ്ങൾ

മത്സരാധിഷ്ഠിതമായ ഒരു സ്വതന്ത്ര സമ്പദ്‌വ്യവസ്ഥയിൽ ഒരു സ്ഥാപനം ഏതെങ്കിലും വ്യവസായത്തിൽ പ്രാമാണ്യം നേടാൻ ഇടയില്ലെന്നാണു് സ്വകാര്യസംരംഭത്തെ സംബന്ധിച്ചുള്ള മുൻകാലത്തെ അംഗീകൃതസിദ്ധാന്തം. വികസനം സാദ്ധ്യമാകത്തക്കവിധത്തിൽ ഒരു കോപ്പ്പോറേഷൻ ലാഭകരമാണെങ്കിൽ പ്രതിയോഗികൾ ആ വ്യവസായരംഗത്തു് പ്രവേശിക്കാനിടയുണ്ടു്. ഇതിനു പുറമേ, ഒരു വ്യവസായസ്ഥാപനത്തിനു് ഒരു ഉത്തമപരിമാണമുണ്ടെന്നും ആ പരിധിക്കപ്പുറം സ്ഥാപനത്തിന്റെ കാര്യക്ഷമത ഇടിയുകയും ഉല്പാപനച്ചിലവുകൾ വദ്ധിക്കുകയും ചെയ്യുമെന്നുമായിരുന്നു ധാരണ. അങ്ങിനെ സ്വതന്ത്രവും പരസ്പരം മത്സരിക്കുന്നവയുമായ സ്ഥാപനങ്ങളുള്ള ഒരു സമ്പ്രദായം വികേന്ദ്രീകൃതസാമ്പത്തികശക്തിയുള്ള ഒരു സമ്പ്രദായമായി പരിഗണിക്കപ്പെട്ടിരുന്നു.

ചില യൂറോപ്യൻരാജ്യങ്ങളിൽ ഒരു പ്രത്യേക വ്യവസായത്തിലെ സ്ഥാപനങ്ങൾ തമ്മിലുള്ള കാർട്ടൽകരാറുകൾവഴി വ്യവസായമാത്സര്യത്തിന്റെ തീക്ഷ്ണത ലഘൂകരിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ അമേരിക്കയിൽ ഇത്തരം വ്യാപാരനിയന്ത്രണം തടയുന്നതിനുവേണ്ടി ട്രസ്ററുവിരുദ്ധനിയമങ്ങൾ ആവിഷ്കരിക്കപ്പെട്ടു. നിയമം അനുവദിക്കുന്ന ചുരുക്കം ചില പ്രത്യേക ഇനങ്ങളിൽ മാത്രമേ കാർട്ടൽ നിലവിലുള്ളു. തന്നെത്താൻ കെട്ടിപ്പൊക്കുന്ന പ്രതിബന്ധങ്ങൾവഴിപോലും വികസനത്തിനുള്ള തങ്ങളുടെ പോരാട്ടത്തെ പരിമിതപ്പെടുത്താനിഷ്ടപ്പെടാത്ത അമേരിക്കൻ വ്യവസായികളുടെ ചേതനപ്രകഷത്തിനെതിരാണു് കാർട്ടലുകളുടെ പ്രവത്തനം. 1930-ൽ ആരംഭിച്ച ദശകത്തിലെ സാമ്പത്തികസമുദ്ധാരണനടപടികളുടെ ആദ്യഘട്ടങ്ങളിൽ വിവിധ വ്യവസായങ്ങളിൽ സൃഷ്ടിക്കപ്പെട്ട, കാർട്ടലുകൾപോലെയുള്ള കരാറുകൾ ഉപേക്ഷിക്കപ്പെട്ടു എന്നതുതന്നെ ഈ പ്രതികരണത്തിനു തെളിവാണു്. ഇത്തരം കൂട്ടുകെട്ടുകളോടുള്ള എതിർപ്പായിരുന്നു ഈ സംഘടനകളെ സുപ്രീംകോടതി നിയമവിരുദ്ധമാക്കിയതു് ബിസിനസ്

വൃത്തങ്ങൾക്കകത്തും പുറത്തും പൊതുവേ ശ്ലാഘിക്കപ്പെട്ടതിനു പ്രധാന കാരണം.

അമേരിക്കയിൽ കാർട്ടലുകൾ ഫലത്തിലില്ലെന്നതുകൊണ്ട് അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിൽ മത്സരം നടക്കുന്നതു ക്ലാസിക്കൽ സിദ്ധാന്തമനുസരിച്ചാണെന്നർത്ഥമില്ല. ക്ലാസിക്കൽപ്രതീക്ഷകൾക്കു വിരുദ്ധമായി ഏററവും പ്രധാനപ്പെട്ട ചില വ്യവസായങ്ങളിൽ ഏതാനും വളരെ വലിയ സ്ഥാപനങ്ങൾ വിപണിയിൽ ആധിപത്യം വഹിക്കുന്നുണ്ട്. ഈ കൂററൻസ്ഥാപനങ്ങളുടെ സുരക്ഷിതത്വത്തെ വെല്ലുവിളിക്കുന്ന നവാഗതർ വളരെ ക്ലേശങ്ങൾ നേരിടുകയും ചെയ്യുന്നു.

ഈ കൂററൻസ്ഥാപനങ്ങൾ സാമ്പത്തികമാത്സര്യത്തിൽ വിജയികളായിത്തീരുകയും ഉല്പാദനക്ഷമതയുടെ വളർച്ചയ്ക്കു് അത്യധികം സംഭാവനനൽകുകയും ചെയ്യുന്നുണ്ടെങ്കിൽ എന്തുകൊണ്ടാണ് അവ ആശങ്കയ്ക്കു കാരണമാകുന്നതു് എന്ന ചോദ്യം ഉദിക്കുന്നു. ഇതിനു് ചുരുങ്ങിയതു് അഞ്ചു പ്രധാന കാരണങ്ങളാണ് ഉന്നയിക്കപ്പെടുന്നതു്:

1. ഒരു വ്യവസായത്തിൽ പരസ്പരം മത്സരിക്കുന്ന അനേകം സ്ഥാപനങ്ങളുള്ള കാലത്തോളം യഥാർത്ഥത്തിലുള്ള കുത്തകയില്ലെങ്കിലും ഏതാനുംപേർക്കിടയിലുള്ള മത്സരത്തിനു നിരവധിപേർക്കിടയിലുള്ള മത്സരത്തിൽനിന്നും വ്യത്യസ്തമായ ഒരു സ്വഭാവമാണുള്ളതു്. ഏതാനും പ്രമുഖസ്ഥാപനങ്ങളുള്ള ഒരു വ്യവസായത്തിലെ വിലനിരക്കുകൾ—"ഭരിത"വിലകളെന്നാണിവ വിളിക്കപ്പെടുന്നതു്—നൂററുകണക്കിനു പ്രതിയോഗികൾ നിർണ്ണയിക്കുന്ന വിലകൾപോലെയായിരിക്കുകയില്ല. അതുകൊണ്ട്, മററുവിധത്തിൽ മത്സരാടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടുന്ന നിലവാരത്തേക്കാൾ ഉപരിയായി വിലനിരക്കുകൾ നിലനിത്താനോ ഉയത്താനോ പ്രമുഖസ്ഥാപനങ്ങൾക്കു് സൗകര്യങ്ങളുണ്ട്.

2. ഏതാനും നൂറു വലിയ വ്യവസായസ്ഥാപനങ്ങളുടെ മൂലധനനിക്ഷേപങ്ങൾ സ്വകാര്യമൊത്തംനിക്ഷേപങ്ങളുടെ ഒരു വലിയ ഭാഗമായിരിക്കും. ഇവയെയും "ഭരിത"നിക്ഷേപങ്ങളെന്നു വിളിക്കാവുന്നതാണ്. ബിസിനസ്സ്മാനേജർമാരുടെ പ്രതീക്ഷകളാണ് അധികവും നിക്ഷേപങ്ങൾ നിർണ്ണയിക്കുന്നതു്. നിക്ഷേപങ്ങൾക്കാകട്ടെ, സാമ്പത്തികപ്രവത്തനത്തിൻെറ യഥാർത്ഥ നിലവാരത്തിൽ വലിയ സ്വാധീനവുമുണ്ട്.

3. കൂററൻ സ്ഥാപനങ്ങൾമൂലം അനേകായിരം നിർവാഹകോദ്യോഗസ്ഥന്മാരും എൻജിനീയർമാരും ശാസ്ത്രജ്ഞന്മാരും മററു ജീവന

ക്കാരും, ഇവക്കുപുറമേ, "സ്വതന്ത്രരെ"ന്നു വിളിക്കപ്പെടുന്ന ആയിര ക്കണക്കിനു വ്യാപാരികളും ദശലക്ഷക്കണക്കിനു് ഉപഭോക്താക്കളും ഒരു സ്ഥാപനത്തിൻെറ ആശ്രിതരായിത്തീരുന്നു. തൽഫലമായി ഒരു വ്യക്തി ജോലിചെയ്യാനാഗ്രഹിക്കുന്ന സ്ഥാപനങ്ങളിലും ഒരു വ്യാപാരി വിൽക്കാനാഗ്രഹിക്കുന്ന ഉൽപന്നങ്ങളിലും ഒരു ഉപഭോക്താവു് വാങ്ങാനാഗ്രഹിക്കുന്ന ചരക്കുകളിലും തരംതിരിവിനുള്ള സാദ്ധ്യതകൾ ലഘുവായിത്തീരുന്നു.

4. ചെറുകിടസ്ഥാപനങ്ങൾക്കു് ഉൽപാദനകാര്യത്തിൽ കൂടുതൽ കാര്യക്ഷമത ആർജ്ജിക്കാൻ കഴിയുമെങ്കിൽപോലും അവ വിപണിയിൽ പ്രവേശിക്കുന്നതിനു തടസ്സമുണ്ടാക്കാൻ കുററൻസ്ഥാപനങ്ങൾക്കു് കഴിഞ്ഞേക്കും. ചെറിയ പ്രതിയോഗികൾക്കു് ധനപരമായി കഴിയാത്തത്രയും വിപുലമായ തോതിൽ പരസ്യവേല നടത്തിയും "താൽക്കാലിക" വിലയുദ്ധങ്ങൾവഴിയും വ്യാപാരികളുമായി പ്രത്യേകമായ കരാറുകളുണ്ടാക്കിയും മററും പലവിധം വലിയ വ്യവസായസ്ഥാപനങ്ങൾ അവയുടെ ധനപരമായ മേന്മ ഉപയോഗിക്കുന്നു. ഇതിനുപുറമേ, കണ്ടുപിടുത്താവകാശങ്ങൾ കേന്ദ്രീകരിക്കുന്ന ഏർപ്പാടുകളുമുണ്ടു്. സുസ്ഥാപിതമായ നിരവധി സ്ഥാപനങ്ങൾക്കു് മററുള്ളവരുടെ കണ്ടുപിടുത്താവകാശങ്ങൾ പരസ്പരം ഉപയോഗിക്കാൻ അനുവദിക്കുന്നതും അതേ അവകാശം ഒരു നവാഗതനു് നിഷേധിക്കുന്നതുമാണു് ഈ സമ്പ്രദായം. ട്രസ്ററുവിരുദ്ധനിയമങ്ങൾ പ്രാബല്യത്തിൽ വരുത്തിയതുവഴി സാമ്പത്തികശക്തിയുടെ ഇത്തരം ദുരുപയോഗസാദ്ധ്യതകൾ, സമ്പൂർണ്ണമായല്ലെങ്കിലും ഏറിയതും പരിമിതപ്പെട്ടിരിക്കുന്നു.

5. രാഷ്ട്രീയശക്തി അമിതമായി ചെലുത്തുന്നതിനുള്ള സാദ്ധ്യതകളും സാമ്പത്തികശക്തികേന്ദ്രീകരണത്തിൽ അന്തർലീനമാണു്.

## വലിപ്പവും കുത്തകയും

ശക്തിയുടെ മറെറല്ലാരൂപങ്ങളേയുംപോലെതന്നെ സാമ്പത്തികശക്തിയും സദുപയോഗത്തിനും ദുരുപയോഗത്തിനുമുള്ള സാദ്ധ്യതകൾക്കൊള്ളുന്നുണ്ടു്. വലിയ വ്യവസായസ്ഥാപനങ്ങളുടെ പ്രയോജനം, ഉയന്ന കാര്യക്ഷമത, വളരുന്ന ഉൽപാദനക്ഷമത എന്നീ ഗുണങ്ങൾ സമ്പദ്‌വ്യവസ്ഥയ്ക്കു് നഷ്ടപ്പെടുത്താതെതന്നെ ശക്തിയുടെ ദുരുപയോഗത്തെ ചെറുക്കുന്നതായിരിക്കും സ്വാഭാവികമായും ഏററവും ഉത്തമമായ നയം. പക്ഷേ ദുരുപയോഗങ്ങളെ ഒഴിവാക്കാനുള്ള

ശ്രമത്തിൽ വലിയ സ്ഥാപനങ്ങളുടെ പ്രശ്നങ്ങളെ കുത്തകസ്ഥാപനങ്ങളുടെ പ്രശ്നനങ്ങളുമായി കൂട്ടിക്കുഴയ്ക്കാനുള്ള ഒരു പ്രവണതയാണുണ്ടായിട്ടുള്ളത്. ഈ പ്രശ്നനങ്ങൾ പരസ്പരം ബന്ധപ്പെട്ടവയാണെങ്കിലും അവ ഏകരൂപമല്ല. പരമ്പരാഗതമായ ചിന്താരീതി അനുസരിച്ച്, ഒരേ വിപണിയെത്തന്നെ നിരവധി ഉൽപാദകന്മാർ ഉപാസിക്കുകയും ലാഭസാദ്ധ്യതയുള്ള മുഴുവൻ ഉൽപാദനവും വിപണിയിൽ ചിലവാകത്തക്കവിധത്തിൽ ഓരോരുത്തരും തങ്ങളുടെ ഉല്പന്നങ്ങൾ മററുള്ളവരുടെ വിലനിരക്കുകളേക്കാൾ താഴ്ന്നവിലയ്ക്ക് വില്ക്കാൻ ശ്രമിക്കുകയും ചെയ്യുന്നപക്ഷം കുത്തകകൾ തടയപ്പെടും. ചെറുകിടവ്യാപാരമടക്കം പല വ്യവസായങ്ങളിലും ഇത്തരത്തിലുള്ള ഊർജ്ജസ്വലമായ വിലമത്സരം നിലനില്ക്കുന്നുവെന്നു മാത്രമല്ല, സമീപദശകങ്ങളിൽ, ഒരുപക്ഷേ, കൂടുതൽ ശക്തിയാർജ്ജിക്കുകയും ചെയ്തിട്ടുണ്ടെന്നും ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചില വ്യവസായങ്ങളിൽ മത്സരം, വിലനിരക്കുകളിലെന്നതിനേക്കാൾ, ഉല്പന്നങ്ങളുടെ ഗുണം. രൂപം, വായ്പാവ്യവസ്ഥകൾ എന്നിവയിലുള്ള വ്യത്യാസങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് രൂപാന്തരപ്പെട്ടിട്ടുമുണ്ട്.

ഇതിനുപുറമേ മറെറാരുതരം മത്സരം രൂപംകൊണ്ടുവരുന്നുണ്ട്. ഹൈവേ–വ്യോമഗതാഗതത്തിൽനിന്നും റെയിൽഗതാഗതം, ആ വ്യവസായത്തിലെ ഉയന്ന തോതിലുള്ള കേന്ദ്രീകരണമുണ്ടായിട്ടുപോലും, നേരിടുന്ന ഫലപ്രദമായ മത്സരമാണത്. വിദ്യുഛക്തിപ്രസരണകമ്പികൾ നൽകുന്നതിനുവേണ്ടി ചെമ്പും അലുമിനിയവും തമ്മിലുള്ള മത്സരമാണത്. അലുമിനിയം, കൂടുതൽ ലാഘവമുള്ള മററു ലോഹങ്ങൾ എന്നിവയിൽനിന്നും ഉരുക്ക് ഇപ്പോൾതന്നെ നേരിട്ടുകൊണ്ടിരിക്കുന്നതും റേഡിയോപ്രസരംമൂലം കൂടുതൽ ശക്തിനേടുന്ന പ്ലാസ്റ്റിക്കിൽനിന്നും ഉടനേതന്നെയോ പിന്നീടോ നേരിടാനിരിക്കുന്നതുമായ മത്സരമാണത്. ന്യൂക്ലിയർശക്തിയിൽനിന്ന് എണ്ണയും വാതകവും നേരിടാനിരിക്കുന്ന മത്സരമാണത്. ചെയിൻസ്റ്റോറുകൾ, സഹകരണപീടികകൾ, തപാൽവഴി വ്യാപാരംനടത്തുന്ന സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് ചെറുകിട വ്യാപാരികൾ നേരിടുന്ന മത്സരമാണത്. സാങ്കേതികമുന്നേററങ്ങൾക്കോ മേലന്വേഷണരീതികളിലെ പരിഷ്കരണങ്ങൾക്കോ ഏററവും ഫലപ്രദമായി വളത്താവുന്ന മത്സരവുമാണത്.

സാമ്പത്തികചരിത്രത്തിൽ ഏററവും നാടകീയമായ ഒരു വിലകുറയ്ക്കൽ ഉണ്ടായത്—ഫോർഡിൻെറ "മോഡൽ ടി" വൻതോതിൽ ഉല്പാദനം ആരംഭിച്ചപ്പോൾ—പരമ്പരാഗതമായ അത്ഥത്തിലുള്ള

മത്സരത്തിൻെറ ഫലമായല്ല, സാങ്കേതികവും മേലന്വേഷണപരവുമായ പരിഷ്കരണത്തിൻെറ ഫലമായിരുന്നു. ഇത്തരത്തിലുള്ള മത്സരം ഫലപ്രദമാണ്. പക്ഷേ ദീർഘകാലാടിസ്ഥാനത്തിൽ മാത്രമേ അതിനു പ്രാധാന്യമുള്ളു. ഏതെങ്കിലും ഒരു പ്രത്യേകസമയത്ത് ചില വ്യവസായങ്ങൾക്ക്—ഉദാഹരണത്തിന് ഉരുക്കിനോ രാസപദാർത്ഥങ്ങൾക്കോ—വ്യാപകമായ ഒരു മേഖലയിൽ വിലകൾ നിശ്ചയിക്കാൻ ഇപ്പോഴും കഴിയുമെന്നതു ശരിയാണ്. പ്രത്യേകിച്ചും ആവശ്യങ്ങൾക്ക് താരതമ്യേന ഏററക്കുറവില്ലാത്ത വ്യവസായങ്ങളിൽ മാത്സര്യത്തിനാവശ്യമായ കൃത്യമായ വിലനിരക്കുകളേക്കാൾ ഉയന്ന വിലനിരക്കുകൾ നിശ്ചയിച്ച് ലാഭങ്ങൾ വർദ്ധിപ്പിക്കാൻ, അഥവാ ചുരുങ്ങിയപക്ഷം ലാഭങ്ങൾ കുറയ്ക്കാതിരിക്കാനെങ്കിലും, സ്ഥാപനങ്ങൾക്കു കഴിയും. എങ്കിലും അത്തരം വ്യവസായങ്ങളിൽ, പിന്നീട് തങ്ങളുടേതിനുപകരം ഉപയോഗിക്കാവുന്ന ഉല്പന്നങ്ങൾ രൂപപ്പെടുത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന പരിധിക്കപ്പുറം വിലകൾ ഉയർത്തപ്പെടുകയില്ല. ഉല്പാദനച്ചിലവ് താഴ്ന്ന നിലവാരത്തേയും പകരം ഉപയോഗിക്കപ്പെടാവുന്ന ഉല്പന്നങ്ങളുടെ മത്സരം ഉയന്ന നിലവാരത്തേയും നിജപ്പെടുത്തുന്ന ഈ വ്യവസായങ്ങളിലെ വിലനിരക്കുകൾ കമ്പോളസാഹചര്യങ്ങൾ സ്വയമേവ നിശ്ചയിക്കുന്നവയല്ല ബിസ്സിനസ് ഭരണവിഭാഗത്തിൻെറ തീരുമാനങ്ങളാണ് അവ നിശ്ചയിക്കുന്നത്. "ഭരിത" വിലകൾ എന്നു സാമ്പത്തികശാസ്ത്രജ്ഞന്മാർ പറയുമ്പോൾ അവരുദ്ദേശിക്കുന്നതതാണ്.

സാമ്പത്തികമായി നിർണ്ണയിക്കപ്പെടുന്ന പരിധികൾക്കകത്ത് യഥാർത്ഥ വില നിജപ്പെടുത്തുന്ന കാര്യത്തിൽ വിലനയത്തിന് പൊതുജനാഭിപ്രായത്തിലും എടുക്കപ്പെടാവുന്ന ട്രസ്ററുവിരുദ്ധനടപടികൾ, കൂട്ടായ വിലപേശൽ, ദീർഘകാല വിപണിസാദ്ധ്യതകൾ തുടങ്ങിയവയിലുമുണ്ടാകാവുന്ന പ്രത്യാഘാതങ്ങളടക്കം മററു നിരവധിഘടകങ്ങൾ കൂടി ഉത്തരവാദിത്വമുള്ള ബിസ്സിനസുകാർ പരിഗണിക്കേണ്ടതുണ്ട്. അങ്ങിനെ, വലിയ വ്യവസായസ്ഥാപനങ്ങൾക്ക് പ്രാധാന്യമുള്ള ഒരു സമ്പദ്‌വ്യവസ്ഥ, സ്വകാര്യകുത്തക തടയുന്നതും മത്സരസമ്പ്രദായം നിലനിത്തുന്നതുംമാത്രം പ്രധാന ലക്ഷ്യങ്ങളായി എണ്ണിയകാലത്തുണ്ടായിരുന്ന പ്രശ്നങ്ങളിൽനിന്നും വ്യത്യസ്തമായ സാമ്പത്തികനയപ്രശ്നങ്ങൾ ഉളവാക്കുന്നു. ആ വ്യത്യാസങ്ങളും നയരൂപീകരണത്തെ അവ എങ്ങിനെ ബാധിക്കുന്നുവെന്നും ആലോചിക്കുന്നതിനുമുമ്പ് അമേരിക്കയുടെ ട്രസ്ററുവിരുദ്ധ നിയമനിർമ്മാണത്തിൻെറ വികാസചരിത്രത്തിലേക്ക് ചുരുക്കത്തിലൊന്നു കണ്ണോടിക്കുന്നത് ഉപയോഗപ്രദമായേക്കും.

## ട്രസ്ററുവിരുദ്ധ നിയമനിർമ്മാണം

പുതിയ ഭരണഘടനയിൽ കുത്തകവിരുദ്ധമായ ഒരു നിബന്ധനകൂടി അമേരിക്കക്കാർ ഉൾപ്പെടുത്തണമെന്ന് 1787-ൽ ജെഫേഴ്സൻ ഉൽബോധിപ്പിച്ചു. കേന്ദ്രട്രസ്ററുവിരുദ്ധനിയമനിർമ്മാണം അവസാനമായി അംഗീകരിക്കപ്പെട്ടതിനു വളരെമുമ്പുതന്നെ പല സംസ്ഥാനങ്ങളിലും അവയുടെ നിയമസംഹിതികൾ ട്രസ്ററുവിരുദ്ധവും കുത്തകവിരുദ്ധവുമായ നിയമങ്ങൾ ഉൾക്കൊണ്ടിരുന്നു പക്ഷേ, കുത്തകശീലങ്ങൾക്കുള്ള തടകളെന്നതിനേക്കാൾ സാമ്പത്തികശക്തിയുടെ കേന്ദ്രീകരണത്തിൽ ജനങ്ങൾക്കുണ്ടായിരുന്ന ഭയത്തിന്റെ പ്രകടനമെന്ന നിലയിലായിരുന്നു ഈ സംസ്ഥാനനിയമങ്ങൾക്ക് കൂടുതൽ പ്രാധാന്യം. 1890-ൽ കോൺഗ്രസ് "ഷെർമാൻട്രസ്ററുവിരുദ്ധ നിയമം" പാസ്സാക്കിയതിനുശേഷം മാത്രമാണ് കുത്തകശീലങ്ങളെ ചെറുക്കുന്നതിന്നാവശ്യമായ അധികാരം കേന്ദ്രഗവമ്മെൻറ് സ്വായത്തമാക്കാൻ തുടങ്ങിയത്. 1914-ലെ ക്ലേററൺ ട്രസ്ററുവിരുദ്ധനിയമം, 1950-ലെ ലയനവിരുദ്ധനിയമം എന്നിവയടക്കം കൂടുതൽ നിയമങ്ങൾവഴി മാറിവരുന്ന സാഹചര്യങ്ങളും പ്രശ്നങ്ങളുമനുസരിച്ച് ശക്തിപ്പെടുത്തുകയും പരിഷ്കരിക്കുകയും ചെയ്തുവന്നിട്ടുണ്ട്. ഒരു വ്യവസായത്തിൽ മത്സരം ഗണ്യമായി കുറയ്ക്കുവാനോ, ഒരു ഉല്പന്നത്തിന്റെ വില്പനയിൽ വിപണിയിൽ ആധിപത്യം സ്ഥാപിക്കുന്നതിനോ, അല്ലെങ്കിൽ ഉല്പാദനച്ചിലവിൽ വർദ്ധനവില്ലാതെതന്നെ വിലനിരക്കുകൾ ഉയർത്തുന്നതിനോ വലിയ കോർപ്പൊറേഷനുകൾ ഒററയ്ക്കോ കൂട്ടായോ എടുക്കുന്ന നടപടികൾപോലുള്ള "വ്യാപാരനിയന്ത്രണദുശ്ശീലങ്ങൾ" തടയാൻ പ്രാഥമികമായി ആവിഷ്കരിക്കപ്പെട്ടവയാണ് 1890-ലേയും 1914-ലേയും ട്രസ്ററുവിരുദ്ധ നിയമങ്ങൾ. ആദ്യം 1890-ലെ നിയമം കോടതികൾ കർശനമായി പാലിച്ചിരുന്നില്ല. ആ നൂററാണ്ടവസാനിച്ചതിനുശേഷമുണ്ടായ അനേകം സുപ്രീംകോടതി തീരുമാനങ്ങൾ കൂടുതൽ കർശനമായ പ്രയോഗത്തിന്റെ ആരംഭം കുറിച്ചു. 1914-ലെ നിയമം അവ വിപുലപ്പെടുത്തുകയുംചെയ്തു. അതിനുശേഷം, പ്രതിയോഗികളെ നിർമ്മാജ്ജനംചെയ്യാൻ ഒരു ഉല്പാദകൻ പരിശ്രമിക്കുകയോ, അല്ലെങ്കിൽ വിപണിയിൽ ആധിപത്യം സ്ഥാപിക്കാൻ മററു രീതികളിൽ ശ്രമിക്കുകയോ ചെയ്തിട്ടുള്ള കേസ്സുകളിൽ പ്രത്യേകിച്ചും, ട്രസ്ററുവിരുദ്ധനിയമങ്ങൾ കൂടുതൽ ഫലപ്രദമായി പ്രാബല്യത്തിൽ വരുത്തപ്പെട്ടിട്ടുണ്ട്. ഉല്പന്നങ്ങൾക്കു കുത്തകാടിസ്ഥാനത്തിലുള്ള വില യഥാർത്ഥത്തിൽ നിശ്ചയിക്കപ്പെട്ടതിന്റെ തെളിവുകളുണ്ടാകുന്നതിനുമുമ്പുപോലും നിയമപരമായ നടപടികൾ എടുത്ത ചില സന്ദർഭങ്ങളുണ്ട്.

യഥാൎത്ഥത്തിലുള്ള വ്യാപാരനിയന്ത്രണത്തെ നിരോധിക്കാനല്ല, അതിനുള്ള സാദ്ധ്യത തടയാനാണ് ട്രസ്റ്റുവിരുദ്ധനിയമങ്ങൾ സംവിധാനം ചെയ്തിട്ടുള്ളതു് എന്ന മട്ടിൽ ഇവ കുറെയൊക്കെ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ടു്. ലയനങ്ങളിലോ, ഒരു വലിയ കോൎപ്പൊറേഷന്റെ വലിപ്പത്തെ അതിന്റെ വ്യവസായത്തേയോ വിപണിയേയോ അപേക്ഷിച്ചു് കൂടുതൽ വൎദ്ധിപ്പിക്കുന്നതിനുള്ള മററു രീതികളിലോ അത്തരം ഒരു വ്യാപാരനിയന്ത്രണസാദ്ധ്യത ഉണ്ടാകാവുന്നതാണു്. 1950-ലെ ലയനവിരുദ്ധനിയമം ട്രസ്റ്റുവിരുദ്ധനിയമത്തിന്റെ ഈ ഉപയോഗത്തെ സ്ഥിരപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. രണ്ടാംലോകയുദ്ധത്തിനുശേഷം വലിയ കോൎപ്പൊറേഷനുകൾക്കിടയിൽ വളൎന്നുവന്ന ലയനങ്ങളുടെ പ്രതികരണമായാണു് ലയനവിരുദ്ധനിയമം അംഗീകരിക്കപ്പെട്ടതു്. സമീപകാലത്തെ ഈ ബിസ്സിനസ് ലയനങ്ങൾ പുതിയ പ്രശ്നങ്ങളുയൎത്തുകയും ട്രസ്റ്റുവിരുദ്ധനയത്തിന്റെ ലക്ഷ്യങ്ങളേയും ഭരണത്തേയും സംബന്ധിച്ചു് പഴയ തൎക്കങ്ങൾ വീണ്ടും കുത്തിപ്പൊക്കുകയും ചെയ്തിട്ടുണ്ടു്.

സാമ്പത്തികകാരണങ്ങളേയോ സുരക്ഷിതത്വത്തേയോ മുൻനിൎത്തി അനിയന്ത്രിതമായ സ്വകാൎയ്യമാത്സൎയ്യത്തിനു വിട്ടുകൊടുക്കാൻ നിവൃത്തിയില്ലാത്ത അനേകം വ്യവസായങ്ങളുണ്ടു്. റെയിൽവേ, ഹൈവേ, ജലഗതാഗതം എന്നിവയും ടെലഫോൺ, ടെലഗ്രാഫ്, റേഡിയോ, ടെലിവിഷൻ എന്നീ വാൎത്താവിനിമയോപാധികളുംപോലുള്ള പൊതുപ്രയോജനവ്യവസായങ്ങളാണവ. പല രാജ്യങ്ങളിലും ഈ വ്യവസായങ്ങളിലെല്ലാം, അഥവാ മിക്കവാറും വ്യവസായങ്ങളിൽ, ഗവൎമ്മെൻറു് കുത്തക സ്ഥാപിക്കപ്പെട്ടിട്ടുള്ളപ്പോൾ അമേരിക്കയിൽ അവയിലധികവും സ്വകാൎയ്യസ്ഥാപനങ്ങൾ ഗവൎമ്മെൻറിന്റെ മേൽനോട്ടത്തിൽ നടത്തിക്കൊണ്ടിരിക്കുന്നവയാണു്. മുനിസിപ്പാലിററികൾ നടത്തുന്ന ചില പൊതുഗതാഗതഏൎപ്പാടുകൾ, കേന്ദ്രതപാൽ സമ്പ്രദായം, സാധാരണയായി വിവിധോദ്ദേശനദീവികസനപദ്ധതികളുടെ ഭാഗമെന്ന നിലയിൽ വൈദ്യുതോല്പാദനത്തിനും വിതരണത്തിനും സൎക്കാർ ഉടമയിലുള്ള ചില ഏൎപ്പാടുകൾ എന്നിവ ഇക്കാൎയ്യത്തിൽ അപവാദങ്ങളാണു്.

സ്വകാൎയ്യഉടമയിലുള്ള പൊതുപ്രയോജനസ്ഥാപനങ്ങളുടെമേൽ കേന്ദ്ര-സംസ്ഥാനഗവൎമ്മെൻറു് നിയന്ത്രണങ്ങളേൎപ്പെടുത്തുന്നതു് ഈ വ്യവസായങ്ങളിൽ ഉപദ്രവകരമായിത്തീരാവുന്ന മത്സരത്തെ നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കൾക്കു പൎയ്യാപ്തമായ സേവനം ഉറപ്പുവരുത്തുന്നതിനുമാണു്. ഇതിനുപകരമുണ്ടാകാവുന്ന ഗവൎമ്മെൻറു് ഉടമ

സ്ഥതയും നിയന്ത്രണവുമായി താരതമ്യപ്പെടുത്തുമ്പോൾ സ്വകാര്യഉട മയിലുള്ള പൊതുപ്രയോജനസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഗവ ൺമെൻറിനുള്ള അത്തരം മേൽനോട്ടത്തിനു നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്. ഒരു വശത്ത്, വലിയ ഗവൺമെൻറുസ്ഥാപനങ്ങൾ ഒഴിവാക്കുന്നത് ഒരു നേട്ടമായാണ് മിക്കവാറും അമേരിക്കക്കാർ കാണുന്നത്. മറുവ ശത്ത് നിയന്ത്രണഏജൻസികളുടെ തീരുമാനങ്ങളെ സ്വാധീനിക്കാൻ വിവിധസ്വകാര്യതാല്പര്യങ്ങൾ പലപ്പോഴും ശ്രമിക്കുന്നുവെന്ന ഒരു ദൂഷ്യവും ഗവൺമെൻറിന്റെ മേൽനോട്ടസമ്പ്രദായത്തിനുണ്ട്. ചില സന്ദർഭങ്ങളിൽ നിയന്ത്രണഏജൻസികൾ ഗതാഗതം, വാർത്താവിനി മയം, ഇന്ധനശക്തി എന്നീ വ്യവസായരംഗങ്ങളിൽ വ്യത്യസ്തമായ ഇര ട്ടിപ്പുശ്രമങ്ങൾ തടയുന്നുണ്ടെന്നതിനുപുറമേ സുസ്ഥാപിതകമ്പനികളെ ആശാസ്യമായ മത്സരത്തിൽനിന്നു രക്ഷിക്കുന്നുണ്ടെന്നും ആക്ഷേപ മുണ്ട്. എങ്കിലും നിയന്ത്രണഏജൻസികളിലുള്ള ഇത്തരം ന്യൂനത കൾ കോൺഗ്രസ്സിന്റേയും പൊതുജനങ്ങളുടേയും വിമർശനത്തിനും ആ വിമർശനങ്ങളുടെ അടിസ്ഥാനത്തിലുള്ള തിരുത്തലിനും വിധേയ മാണ്. പൊതുപ്രയോജനസ്ഥാപനങ്ങളെ കൈകാര്യംചെയ്യുന്നതി നുള്ള വിവിധരീതികളുടെ ഗുണദോഷങ്ങൾ എന്തൊക്കെയായാലും അനിയന്ത്രിതമായ സ്വകാര്യനടത്തിപ്പിനേയോ അല്ലെങ്കിൽ ഈ വ്യവസായങ്ങളുടെ ദേശവല്ക്കരണത്തേയോകാൾ കൂടുതലായി അമേരി ക്കക്കാർ ഇഷ്ടപ്പെട്ടിട്ടുള്ളത് സ്വകാര്യഉടമയിലുള്ളവയും സ്വകാര്യ ഏജൻസികൾ നടത്തുന്നവയുമായ കോർപ്പൊറേഷനുകളിൽ ഗവ ൺമെൻറിനുള്ള മേൽനോട്ടത്തെയാണ്.

## കോർപ്പൊറേഷൻഘടനയും പ്രവർത്തനവും

കോർപ്പൊറേഷൻരൂപത്തിലുള്ള വ്യവസായസ്ഥാപനങ്ങളുടേയും ബിസിനസ്‌മാനേജ്മെൻറിന്റെയും സ്വഭാവത്തിൽ സമീപകാല ത്തുണ്ടായിട്ടുള്ള പ്രധാന വ്യത്യാസങ്ങളെത്തുടർന്ന് ട്രസ്റ്റുവിരുദ്ധ മനോഭാവങ്ങളുടേയും ബിസിനസ്‌പ്രവർത്തനങ്ങളിലുള്ള ഗവൺമെൻറ് നിയന്ത്രണങ്ങളുടേയും അധിഷ്ഠാനതത്വശാസ്ത്രം ഇന്നു പുനപ്പരിശോ ധിക്കപ്പെട്ടുവരുന്നുണ്ട്.

അമേരിക്കൻസമ്പദ്‌വ്യവസ്ഥയിൽ കോർപ്പൊറേഷന്റെ സൃഷ്ടി പരമായ പങ്കിന്റെ വർദ്ധമാനമായ അംഗീകരണത്തെത്തുടർന്ന് കോർപ്പൊറേഷന്റെ വലിപ്പത്തെ നിയന്ത്രിക്കാനും "വൈപുല്യത്തെ" ത്തന്നെ പരിമിതപ്പെടുത്താനും ട്രസ്റ്റുവിരുദ്ധനിയമങ്ങൾ ഉപയോ ഗിക്കണമെന്ന ആവശ്യം മുൻകാലങ്ങളിലേക്കാൾ കുറവാണ് ഇന്ന്

ഉന്നയിക്കപ്പെടുന്നത്. വലിയ കോർപ്പൊറേഷനുകൾ അമേരിക്കയിൽ തുടർന്ന് നിലനില്ക്കാനുള്ളവയാണെന്ന വസ്തുതയോട് തൊഴിലാളിയൂണിയനുകളടക്കമുള്ള പൊതുജനങ്ങൾ പൊരുത്തപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. എങ്കിലും ട്രസ്റ്റുവിരുദ്ധനിയമനിർമ്മാണങ്ങൾക്ക് പ്രാധാന്യം കുറയണമെന്നു ഇതിനർത്ഥമില്ല.

കോർപ്പൊറേഷനുകളുടെ വലിപ്പത്തെക്കുറിച്ച് പൊതുജനാഭിപ്രായത്തിൽ ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന ഗണ്യമായ മാററത്തിനു നിരവധി ഘടകങ്ങൾ കാരണമാണ്. ഏതാനുംപേർക്കിടയിലുള്ള മത്സരം വളരെപ്പേർതമ്മിലുള്ള മത്സരത്തേക്കാൾ തീവ്രമായിരിക്കാമെന്നതിനുള്ള വർദ്ധമാനമായ അംഗീകരണവും വ്യവസായാന്തരീയമാത്സര്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള വർദ്ധമാനമായ ബോധവും മാത്രമല്ല ഇന്നുള്ളത്. ഓരോ വ്യാവസായികഘടകത്തിൽനിന്നും ഉയൎന്ന അളവിലുള്ള ഉല്പാദനത്തിന്റെയും സാധാരണയായി ചരക്കുകളുടെ ഓരോ ഏകകത്തിനും താരതമ്യേന കുറഞ്ഞ ലാഭനിരക്കുകളുടേയും അടിസ്ഥാനത്തിലുള്ള, വൻതോതിൽ ഉപഭോഗത്തിനുവേണ്ടിയുള്ള വൻതോതുല്പാദനമെന്നാണ് വലിയ കോർപ്പൊറേഷനുകൾ അൎത്ഥമാക്കുന്നതെന്നു ബോദ്ധ്യമുണ്ടായിട്ടുള്ളതുമൂലം ഒരു സ്ഥാപനത്തിന്റെ വലിപ്പംതന്നെ ഉപഭോക്താക്കളുടെ ചൂഷണത്തിനു കാരണമാകുമെന്നുണ്ടായിരുന്ന വിശ്വാസം ഇന്നു കുറഞ്ഞിട്ടുണ്ട്. കോർപ്പൊറേഷൻ ഉടമസ്ഥന്മാരോ മാനേജർമാരോ കുത്തകലാഭങ്ങളിൽനിന്ന് വ്യക്തിപരമായി കണക്കിലേറെ സ്വത്ത് ആൎജ്ജിക്കുമെന്നുണ്ടായിരുന്ന ഭയവും ഇന്നു വളരെ അപൂർവ്വമാണ്. ഇതിനുപുറമേ ഫലത്തിലെല്ലാസാമൂഹ്യഗ്രൂപ്പുകളിലുമുള്ള അമേരിക്കക്കാൎക്കിടയിൽ വരുമാനത്തിലും സമ്പത്തിലുമുള്ള കൂടുതൽ സമീകൃതമായ വിതരണം വലിയ കോർപ്പൊറേഷനുകളുടെ വളൎച്ചയോടൊത്തുപോയിട്ടുണ്ട്. ഉല്പാദനകേന്ദ്രീകരണത്തോടൊപ്പം എണ്ണം കുറഞ്ഞുകുറഞ്ഞുവരുന്ന സ്വകാൎയ്യവ്യക്തികളിൽ സമ്പത്തിന്റെ കേന്ദ്രീകരണവും സംഭവിക്കുമെന്നുണ്ടായിരുന്ന ധാരണ തെററാണെന്ന് കോർപ്പൊറേഷനുകളുടെ, പ്രത്യേകിച്ചും വലിയ കോർപ്പൊറേഷനുകളുടെ, ഉടമസ്ഥത വളരെയധികം ഓഹരിയുടമകൾക്കിടയിൽ വ്യാപിച്ചാണ് കിടക്കുന്നതെന്നവസ്തുത തെളിയിക്കുന്നുണ്ട്. കൂടാതെ വലിയകോർപ്പൊറേഷനുകളുടെ താരതമ്യപ്രാധാന്യം വൎദ്ധിച്ചുകൊണ്ടിരുന്നപ്പോൾ ധനികൎക്ക് സ്വതന്ത്രമായി ഉപയോഗിക്കാവുന്ന മൊത്തംവരുമാനത്തിന്റെ ശതമാനം ഇടിയുകയുമായിരുന്നു.

വലിയസ്ഥാപനങ്ങളേക്കാൾ കൂടുതലായി ചെറിയ സ്ഥാപനങ്ങൾ തൊഴിലാളികളോട് മനുഷ്യത്വത്തോടെ പെരുമാറുമെന്നുള്ള

പഴയ വിശ്വാസത്തിനും ഇപ്പോൾ സാധ്യത കുറവാണ്. നീതിപൂർവ്വമായ കൂലിനിരക്കും അനുകൂലതൊഴിൽസാഹചര്യങ്ങളും നേടുന്നതിനുള്ള തൊഴിലാളികളുടെ കഴിവ് ഇന്നു സ്ഥിതിചെയ്യുന്നത് മാനുഷികപരിഗണനകളുള്ള തൊഴിൽദായകരുടെ അനിശ്ചിതമായ കൃപാകാരുണ്യങ്ങളെ ആശ്രയിച്ചല്ല. സുശക്തമായ തൊഴിലാളിയൂണിയനുകളുടെ വിലപേശാനുള്ള ശേഷി, മിക്കവാറും ബിസിനസ്മാനേജ്മെൻറുകളുടെ സാമൂഹ്യോത്തരവാദിത്വമുള്ള തൊഴിൽബന്ധനയങ്ങൾ, ഗവമ്മെൻറ് നിയമങ്ങൾവഴി പ്രാബല്യത്തിൽ വരുത്തപ്പെട്ടിട്ടുള്ള ഏററവുംകുറഞ്ഞ നിലവാരങ്ങൾ എന്നിവയുടെ കൂടുതൽ ഉറച്ച അടിസ്ഥാനമാണ് അതിനുള്ളത്. പൊതുവേ വലിയ കോർപ്പൊറേഷനുകളിലെ കൂലിനിരക്കുകളും തൊഴിൽസാഹചര്യങ്ങളും ചുരുങ്ങിയപക്ഷം ചെറിയ കോർപ്പൊറേഷനുകളുടെയത്രയും തൃപ്തികരമാണ്. വലിയ കോർപ്പൊറേഷനുകൾക്ക് ധാരാളം ധനശേഷിയും ഗ്രൂപ്പ്ഇൻഷുറൻസിനുള്ള അവയുടെ മെച്ചങ്ങളുംമൂലം തൊഴിലാളികൾക്ക് തൊഴിലിൽനിന്നു വിരമിക്കുമ്പോഴുള്ള പെൻഷൻ, ആരോഗ്യസേവനങ്ങൾ തുടങ്ങിയവപോലുള്ള മററാനുകൂല്യങ്ങൾ സാധാരണയായി ചെറിയ കോർപ്പൊറേഷനുകളിലേക്കാൾ കൂടുതലുമാണ്.

വലിപ്പത്തോടുള്ള മനോഭാവങ്ങളിൽ ഉണ്ടായിട്ടുള്ള ഈ മാററങ്ങൾ കുത്തകവിരുദ്ധനിയമങ്ങൾ വ്യാഖ്യാനിക്കുന്നകാര്യത്തിൽ കോടതി തീരുമാനങ്ങളിൽ അല്പം വ്യത്യാസങ്ങൾവരുത്തിയിട്ടുണ്ട്. ഇനിയും കൂടുതൽവ്യത്യാസങ്ങൾ ഉണ്ടാകാനിടയുമുണ്ട്.

ട്രസ്റ്റ്വിരുദ്ധനടപടിയുടെ ആവശ്യം തീരുമാനിക്കുന്നതിനു രണ്ടു മാനദണ്ഡങ്ങളാണ് എപ്പോഴും ഉപയോഗിക്കപ്പെട്ടിട്ടുള്ളത്—ഘടനപരമായ നിലവാരവും പ്രവത്തനനിലവാരവും. കോപ്പൊറേഷൻെറ വലിപ്പം, ലയനങ്ങൾ, മററുതരത്തിൽ കോപ്പൊറേഷനുകൾ തമ്മിലുള്ള ബന്ധങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടതാണ് ഘടനപരമായ മാനദണ്ഡം. വളരെ വലിയവയും വിപണിയുടെ ഒരു വലിയ ഭാഗത്തിനു ചരക്കുകൾ നൽകുകയോ ആ വലിയ ഭാഗത്തെ നിയന്ത്രിക്കുകയോ ചെയ്യുന്നവയുമായ കോപ്പൊറേഷനുകൾ കുത്തകരീതിയിൽ പ്രവത്തിച്ചിരിക്കാനിടയുണ്ടെന്ന അനുമാനമാണ് ഘടനപരമായ മാനദണ്ഡത്തെ മുൻനിത്തി ട്രസ്റ്റ്വിരുദ്ധനടപടികളെടുക്കുന്നതിന്നടിസ്ഥാനം. അങ്ങിനെ ഘടനപരമായ മാനദണ്ഡത്തിൽമാത്രം വിശ്വാസമപ്പിക്കുന്നതു് ഉല്പാദനത്തിൻേറയോ സംഘടനയുടേയോ മേന്മയിലൂടെ തങ്ങളുടെ സാമ്പത്തികശക്തി വളത്തിയെടുത്തിട്ടുള്ള കോപ്പൊറേഷനുകളെ ശിക്ഷിക്കാനുള്ള പ്രവണത കാണിക്കുന്നു. ഈ പ്രവണത ചിലപ്പോൾ ഫലത്തിൽ, വാസ്തവത്തിലുള്ള കുത്തകശീലങ്ങൾ

ക്കെതിരെയല്ല, മറിച്ച് കേവലമായ വലിപ്പത്തിനെതിരെയുള്ള ട്രസ്റ്റുവിരുദ്ധ നടപടികൾക്കു കാരണമായിട്ടുണ്ട്.

ഒരു കോർപ്പൊറേഷൻ വലിയതാണെന്നതുകൊണ്ടുമാത്രം, അതിൻെറ സാമ്പത്തികശക്തി ദുരുപയോഗപ്പെടുത്താത്തകാലത്തോളം, ചീത്തയായിരിക്കണമെന്നില്ലെന്നാണ് മേൽ വാദഗതിക്കെതിരെ കൂടുതൽ സമീപകാലത്തു് ഉന്നയിക്കപ്പെട്ടിട്ടുള്ള വാദം. പ്രവർത്തനമാനദണ്ഡത്തെയാണ് ഈ വീക്ഷണം ഊന്നുന്നതു്. അതായതു്, സാമ്പത്തികശക്തി യഥാർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്നതു് സൃഷ്ടിപരമായാണോ ഹാനികരമായാണോ എന്നാണ് പരിശോധന. അവസാനതീർപ്പു കല്പിക്കുന്നതിന്ന് നിരവധി പ്രയാസങ്ങൾ ഈ പരിശോധന സൃഷ്ടിക്കുമെങ്കിൽക്കൂടി, പ്രവർത്തനപരിശോധനയ്ക്കു വർദ്ധമാനമായ പ്രാധാന്യം നൽകപ്പെടാനിടയുണ്ടെന്നാണ് ഞങ്ങൾക്കുതോന്നുന്നതു്. സാമ്പത്തികശക്തിയുടെ സൃഷ്ടിപരമായ ഉപയോഗത്തേയും ഹാനികരമായ ദുരുപയോഗത്തേയും വേർതിരിച്ചറിയുന്നതിനുള്ള പ്രായോഗികമാനദണ്ഡങ്ങൾ രൂപപ്പെടുത്തുന്നതാണ് ഇനിയും നിർവ്വഹിക്കപ്പെടേണ്ട കാര്യങ്ങളിലൊന്ന്. അത്തരം മാനദണ്ഡങ്ങൾ വളർത്തിയെടുക്കുന്നതോടെ വലുതായതുകൊണ്ടുമാത്രം അതു ദോഷകരമാണെന്നു ധ്വനിപ്പിക്കുന്ന ഘടനപരമായ മാനദണ്ഡത്തിൻെറ ആപേക്ഷികപ്രാധാന്യം, ഒരുപക്ഷേ, ഇനിയും കുറഞ്ഞുപോകും.

കോർപ്പൊറേഷനുകളുടെ വലിപ്പത്തിനു നേരെയുള്ള മനോഭാവങ്ങൾ ഇങ്ങിനെ മാറുന്നതുകൊണ്ടു് ഘടനപരമായ മാനദണ്ഡത്തെ കോടതികൾ അപ്രധാനമായി വീക്ഷിക്കുന്നുവെന്നർത്ഥമില്ല. സമീപകാലത്തുമാത്രമാണ് ജനറൽ മോട്ടോഴ്സിൻെറ ഓഹരികൾ ഉപേക്ഷിക്കാൻ ഡ്യൂപോണ്ടു് എന്ന സ്ഥാപനത്തോടു് കോടതി കല്പിച്ചതു്. ജനറൽ മോട്ടോഴ്സിൽ അമിതമായ സ്വാധീനം ഡ്യൂപോണ്ടുകാർ ചെലുത്തുന്നുണ്ടെന്നു് സുപ്രീംകോടതി ആരോപിച്ചില്ല. ജനറൽ മോട്ടോഴ്സുമായുള്ള ബന്ധം ദുരുപയോഗിക്കപ്പെടാൻ കഴിയുമെന്നായിരുന്നു കോടതിയുടെ അഭിപ്രായം. യഥാർത്ഥത്തിലുള്ള പ്രവർത്തനമാനദണ്ഡമല്ല, ഘടനപരമായ മാനദണ്ഡമാണ് കോടതി ഇക്കാര്യത്തിൽ സ്വീകരിച്ചതു്. എന്നിരുന്നാലും, കുത്തകവിരുദ്ധനടപടികളിൽ മാനദണ്ഡങ്ങൾക്കുള്ള പ്രാധാന്യം വർദ്ധമാനമായതോതിൽ പ്രവർത്തനമാനദണ്ഡത്തിലേയ്ക്കു്, അതായതു് സാമ്പത്തികശക്തിയുടെ യഥാർത്ഥത്തിലുള്ള ദുരുപയോഗത്തിലേയ്ക്കു്, മാറുവാനിടയുണ്ടു്. പൊതുതാല്പര്യത്തിന് ഏതാണ് നല്ലതെന്നും ഏതാണ് ചീത്തയെന്നും സംബന്ധിച്ച് "കോർപ്പൊറേഷൻപ്രവർത്തനങ്ങളുടെ അലിഖിതമായ ചട്ടങ്ങൾ" ഇപ്പോൾതന്നെ സാവധാനത്തിൽ രൂപംകൊണ്ടുവരുന്നുണ്ടു്.

കോർപ്പൊറേഷനുകൾ ബിസിനസ്‌രംഗത്തു പ്രവർത്തിക്കുന്നതു് ലാഭംനേടാനാണല്ലോ. ലാഭംനേടുന്നുവെന്നതിനർത്ഥം അവയുടെ ഉല്പന്നങ്ങൾ കാര്യക്ഷമമായി ഉല്പാദിപ്പിക്കുകയും വില്ക്കുകയുംചെയ്യുന്നുവെന്നാണ്. എങ്കിലും ലാഭങ്ങളും കോർപ്പൊറേഷനുകളുടെ പ്രവർത്തനസ്വഭാവവും നിർണ്ണയിക്കുന്നതോ നിർണ്ണയിക്കേണ്ടതോ ഉല്പാദനത്തിലും വില്പനയിലുമുള്ള കാര്യക്ഷമതമാത്രമല്ല. ലാഭം ഉണ്ടാക്കുന്നതിന് ജീവനക്കാരുമായും പൊതുജനങ്ങളുമായും നല്ല ബന്ധങ്ങൾ ആവശ്യമാണെന്നു കോർപ്പൊറേഷൻമാനേജർമാർ വർദ്ധമാനമായതോതിൽ മനസ്സിലാക്കിവരുന്നുണ്ടു്. നല്ല പൊതുജനബന്ധം വളർത്തുന്നതിനു തങ്ങളുടെ പ്രവർത്തനങ്ങൾ സമ്പദ്‌വ്യവസ്ഥയിലൊന്നാകെയുണ്ടാക്കുന്ന പ്രത്യാഘാതത്തെ കോർപ്പൊറേഷനുകൾ പരിഗണിക്കേണ്ടതു് ആവശ്യമാക്കിത്തീർക്കുന്നുമുണ്ടു്. ട്രസ്‌റ്റുവിരുദ്ധനിയമങ്ങൾ നടപ്പാക്കാൻ ചുമതലപ്പെട്ട ഗവമ്മെൻറ് ഏജൻസികൾ നിയമലംഘനങ്ങൾ പ്രത്യക്ഷമാകുമ്പോൾ നടപടിയെടുക്കുമെന്നതു ശരിയാണ്. എന്നാൽ സാമ്പത്തികശക്തിയുടെ ദുരുപയോഗം കുറയ്ക്കുന്നതിന് കോർപ്പൊറേഷനുകൾ പൊതുജനനിരീക്ഷണത്തിനു കഴിയുംവിധം പരസ്യമായി പ്രവർത്തിക്കുന്നുവെന്നതിനും തുല്യപ്രാധാന്യമാണുള്ളതു്. പൊതുജനങ്ങളുടേയും കോൺഗ്രസ്സിൻേറയും സൂക്ഷ്മമായ പരിശോധന—ഉദാഹരണത്തിന് വിലനയത്തിൻെറ കാര്യത്തിൽ—പലപ്പോഴും കോടതികൾവഴിയുള്ള ട്രസ്‌റ്റുവിരുദ്ധ നടപടികളേക്കാൾ ഫലപ്രദമാകാവുന്നതാണ്. തീർച്ചയായും, അമേരിക്കയിലെ വലിയ സ്വകാര്യകോർപ്പൊറേഷനുകളുടെ പ്രവർത്തനങ്ങൾ ചിലപ്പോൾ ദേശവൽകൃതവ്യവസായങ്ങളുള്ള ചില രാജ്യങ്ങളിലെ സർക്കാർകോർപ്പൊറേഷനേക്കാൾ സശ്രദ്ധം വീക്ഷിക്കപ്പെടുന്നുണ്ടു്.

കോർപ്പൊറേഷൻ മാനേജുമെൻറിൻെറതന്നെ സ്വഭാവത്തിലുണ്ടായിട്ടുള്ള, നാം മുമ്പു ചർച്ചചെയ്ത, വ്യത്യാസങ്ങളാണ് ദുരുപയോഗങ്ങൾ കുറയ്ക്കുന്നതിന് മററുള്ളവയേക്കാൾ, ഒരുപക്ഷേ, കൂടുതൽ പ്രധാനം. ഒരു ജീവിതമാർഗ്ഗമെന്ന നിലയിൽ ബിസ്സിനസ് മാനേജുമെൻറിൻെറ വളർച്ചയും പ്രത്യേകം ഒരു വാഴ്ചയും ഉള്ള ഒരു സ്ഥാപനമെന്നനിലയിൽ ആധുനികകോർപ്പൊറേഷനുകളുടെ പരിണാമവും ചില പഴയ "വ്യവസായത്തലവന്മാ"ക്കു് ഉണ്ടായിരുന്ന "പൊതുജനങ്ങൾ പോയി തുലയട്ടെ" എന്ന മനോഭാവം അപ്രത്യക്ഷമാകുന്നതിനു കാരണമായിട്ടുണ്ടു്. ബിസിനസ്‌നിർവ്വഹണസമ്പ്രദായത്തിൽ സാമൂഹ്യോത്തരവാദിത്വമുള്ള മനോഭാവങ്ങൾ പുലർത്താൻ കോർപ്പൊറേഷനുകൾക്കും അവയുടെ മാനേജർമാക്കും ശക്തിയായ സമ്മർദ്ദം ഇന്നനുഭവപ്പെടുന്നുണ്ടു്. പക്ഷേ സൃഷ്ടിപരമായ ഈ പ്രവണതകളെ ഭാഗിക

മായി നിഷ്ഫലമാക്കാവുന്ന സമ്മർദ്ദങ്ങൾ ആധുനിക കോപ്പ്റേഷൻ തന്നെ ഒരു സ്ഥാപനമെന്നനിലയിൽ ഉണ്ടാക്കുന്നു. സംഘം ചേർന്ന് ലേലത്തിൽ പങ്കെടുക്കുന്നതിന് ചില വൈദ്യുതോപകരണകമ്പനികൾ തമ്മിൽ ഈയ്യിടെയുണ്ടായ ഗൂഢാലോചന ഇതിനു തെളിവാണ്. സ്വന്തം പദവിയിലും ഭാവിയിലെ ഉദ്യോഗക്കയററങ്ങളിലും താല്പര്യമുള്ള കമ്പനിഉദ്യോഗസ്ഥന്മാർ കോപ്പ്റേഷനുകളിൽ തങ്ങൾ ചുമതല വഹിക്കുന്ന വിഭാഗങ്ങൾക്കുള്ള വിപണികളും ലാഭങ്ങളും വർദ്ധിപ്പിച്ചുകൊണ്ടോ, ചുരുങ്ങിയപക്ഷം അതേപടി നിലനിത്തിക്കൊണ്ടോ "മിടുക്കന്മാരാ"ണെന്ന് കാണിക്കുന്നതിനുണ്ടായ സമ്മർദ്ദമായിരുന്നു ഈ ഗൂഢാലോചനയുടെ ഘടകങ്ങളിലൊന്ന്.

അങ്ങിനെ, കൂററൻ വ്യവസായസ്ഥാപനങ്ങൾ അവയുടെ ശക്തി ദുരുപയോഗിക്കുന്നതിനെതിരെ പ്രവത്തിക്കുന്ന പ്രധാന ഘടകങ്ങളുണ്ടെങ്കിലും കുത്തകസ്വഭാവത്തോടുകൂടിയ ദുരുപയോഗത്തിനുള്ള സാഹചര്യങ്ങളും പ്രേരണകളും ഇപ്പോഴുമുണ്ട്. പ്രത്യേകിച്ചും കൂടുതൽ സ്ഥാപനങ്ങൾക്ക് വിപണിയിലേക്കുള്ള പ്രവേശനം ദുഷ്കരമാക്കിക്കൊണ്ട് അനിഷ്ടകരവും അസഹ്യവുമായ മാത്സര്യസമ്മർദ്ദങ്ങൾ ഒഴിവാക്കുന്നതിനും സാമ്പത്തികശക്തി രാഷ്ട്രീയലക്ഷ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതിനുമുള്ള ആഗ്രഹങ്ങളിൽനിന്നും മനുഷ്യപ്രകൃതിയുടേയും സമൂഹത്തിൻേറയും സ്വഭാവത്തിലുള്ള നൈസർഗ്ഗികമായ ന്യൂനതകളുടെ ബഹിർസ്ഫുരണങ്ങളിൽനിന്നുമാണ് ഈ പ്രേരണകളുണ്ടാകുന്നത്. കോപ്പ്റേഷൻസ്ഥാപനങ്ങളുടെ സൃഷ്ടിപരമായ പങ്കിനേയും മിക്കവാറും കോപ്പ്റേഷൻ മാനേജർമാക്കുള്ള വർദ്ധമാനമായ ഉത്തരവാദമനോഭാവത്തേയും അംഗീകരിക്കുമ്പോൾതന്നെ, കോപ്പ്റേഷനുകളുടെ പ്രവത്തനങ്ങൾ ഗവമ്മെൻറ് ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നതും സാമ്പത്തികശക്തിയുടെ ദുരുപയോഗമുണ്ടാകുമ്പോൾ ഇടപെടുന്നതും ആവശ്യമായിത്തന്നെയിരിക്കും.

കാര്യക്ഷമതയുള്ള വൻവ്യവസായസ്ഥാപനങ്ങളെ, ദുരുപയോഗിക്കപ്പെടാൻ "ഇടയുള്ള" സാമ്പത്തികശക്തികേന്ദ്രീകരണത്തെ അവ പ്രതിനിധാനം ചെയ്യുന്നുവെന്നതുകൊണ്ടുമാത്രം, ചെറുഘടകങ്ങളാക്കുന്ന ഒരു ട്രസ്റ്റുവിരുദ്ധനയത്തെ ഇന്ന് അപൂർവ്വം അമേരിക്കർ മാത്രമേ അനുകൂലിക്കുകയുള്ളൂ. നേരേമറിച്ച്, സാമ്പത്തികശക്തിയുടെ യഥാർത്ഥ ദുരുപയോഗത്തെ തടയാനുള്ള ഉപകരണമെന്നനിലയിലുള്ള ഗവമ്മെൻറിൻെറ ട്രസ്റ്റുവിരുദ്ധചുമതലകൾ ഒഴിവാക്കണമെന്ന് അഭിലഷിക്കുന്ന അമേരിക്കക്കാരും അപൂർവ്വമായിരിക്കും. ഒരു ജനാധിപത്യരാജ്യത്ത് അധികാരവും ഉത്തരവാദിത്വവും ഒന്നിച്ചു

പോകണമെന്ന മിക്കവാറും ബിസിനസ്സ്നേതാക്കന്മാരടക്കം ഭൂരിപക്ഷം അമേരിക്കക്കാരും അംഗീകരിക്കുന്നുണ്ട്. ഇന്നത്തെ വലിയ കോപ്പറേഷനുകളിൽ ഓഹരിയുടമകളായ വ്യക്തികളുടെ നേരിട്ടുള്ള നിയന്ത്രണം പലപ്പോഴും ബലഹീനവും നിഷ്ഫലവുമാണ്. ഓഹരിവില വർദ്ധിപ്പിക്കുകയും തൃപ്തികരമായ ലാഭം നൽകുകയും ചെയ്യുന്നതിനു കഴിവുള്ള കാര്യക്ഷമവും ഉത്തരവാദിത്വപൂർണ്ണവുമായ ഒരു മാനേജുമെൻറ് സ്ഥാപനത്തിനുണ്ടെന്ന വിശ്വാസമില്ലെങ്കിൽ അതിൽ ആരും പണം നിക്ഷേപിക്കുകയില്ലെന്നുള്ളതു ശരിയാണ്. എന്നുവരികിലും, ഗവമ്മെൻറിൻെറ ട്രസ്ററുവിരുദ്ധനയങ്ങളും പൊതുജനങ്ങളുടെ സൂക്ഷ്മപരിശോധനയും ഇല്ലാത്തപക്ഷം തങ്ങളെത്തന്നെയല്ലാതെ മററാരേയും കണക്കു ബോദ്ധ്യപ്പെടുത്താതെ സ്വന്തം കോപ്പറേഷനുകളുടെ ശക്തി ഉപയോഗിക്കാൻ മാനേജർമാക്ക് പലപ്പോഴും കഴിയുന്നതാണ്. ഈ മാഗ്ഗങ്ങളിൽക്കൂടി കോപ്പറേഷനുകളുടെ ശക്തിവിനിയോഗം അത്യന്തികമായി അമേരിക്കൻജനതയുടെ മുമ്പിൽ ന്യായീകരിക്കപ്പെടേണ്ടതായി വരുന്നുണ്ട്.

## ചെറുകിട ബിസിനസ്സ് സംബന്ധിച്ച നയങ്ങൾ

ട്രസ്ററുവിരുദ്ധനയം ശക്തിയുടെ ദുരുപയോഗത്തെ തടയുന്നതിനാവിഷ്കരിക്കപ്പെട്ട, അടിസ്ഥാനപരമായി നിഷേധാത്മകമായ ഒരു നയമാണ്. ഇതിനു വിപരീതമായി, ചെറുതും ഇടത്തരവുമായ ബിസിനസ്സ്സ്ഥാപനങ്ങളുടെ പ്രശ്നങ്ങളോട് ക്രിയാത്മകമായ നയങ്ങളും നടപടികളുംകൊണ്ടാണു മല്ലിടേണ്ടതു്. പക്ഷേ ഇവ പ്രാഥമികമായും ബിസിനസ്സുകാരുടെതന്നെ ചുമതലയാണ്. മാത്സര്യസാഹചര്യങ്ങളിലുണ്ടാകുന്ന മാററങ്ങൾ പ്രതികൂലമായി ബാധിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് ആവശ്യമായ മുൻനിന്ന പ്രവത്തനത്തിൻേറയും പ്രവത്തനവീര്യത്തിൻേറയും വിടവുകൾ നികത്താനും അവയെ പരിപോഷിപ്പിക്കുവാനും മാത്രമേ ഗവമ്മെൻറിൻെറ പരിപാടികൾക്കു കഴിയൂ. അങ്ങിനെ ചെയ്യുവാനേ പാടുള്ളുതാനും.

മാത്സര്യത്തെ അതിജീവിക്കുന്നകാര്യത്തിൽ ചെറുതും ഇടത്തരവുമായ ബിസിനസ്സ്സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങളുണ്ടാകുന്നതു വിവിധഘടകങ്ങളുടെ ഫലമായാണ്. ഈ ഘടകങ്ങൾക്ക് ഒററയ്ക്കോ കൂട്ടായോ ഒരു സ്ഥാപനത്തിന് അതിൻെറ വ്യവസായത്തിൽതന്നെയുള്ള മാത്സര്യനിലയിൽ ഗുരുതരമായ അധഃപതനം വരുത്താൻ കഴിയും. വലിയ കോപ്പറേഷനുകൾക്കുള്ള പ്രത്യേക

മെച്ചങ്ങളിൽനിന്നാണ് ഇവിയിൽ ചല ഘടകങ്ങളുണ്ടാകുന്നതു്. എന്നാൽ വലിയ കോപ്പ്റേഷനുകളിൽനിന്നു നേരിടുന്ന മത്സരവു മായി യാതൊരു ബന്ധവുമില്ലാത്ത, പല ചെറിയ സ്ഥാപനങ്ങളു ടേയും ദുരവസ്ഥയ്ക്കു കാരണമായ മററു ഘടകങ്ങളുമുണ്ടു്. സ്വന്തം ഉല്പന്നങ്ങളെയോ ഉല്പാദനരീതികളെയോ പഴഞ്ചനാക്കിത്തീക്കുന്ന സാങ്കേതികപരിഷ്കരണങ്ങൾ സ്വയം ഏറ്റെടുത്താൻ പല സ്ഥാപന ങ്ങളും, ചിലപ്പോൾ അവയിലെ തൊഴിലാളികളും പ്രകടിപ്പിക്കുന്ന വൈമനസ്യമാണ് ഒരുപക്ഷേ ഏററവും സ്വാധീനമുള്ള ഘടകം. ക്രുററൻപ്രതിയോഗികളില്ലാത്ത വ്യവസായങ്ങളിൽപോലും ദുരവ സ്ഥയ്ക്ക് ഒരു കാരണമിതാണ്. ഉപഭോക്താക്കളുടെ അഭിരുചിക ളിലും സ്ഥലപരമായ ഘടകങ്ങളിലും വരുന്ന വ്യത്യാസങ്ങളും സാര മായ ഫലങ്ങളുളവാക്കുന്നുണ്ടു്: പരുത്തിത്തുണിവ്യവസായം, പുരുഷ ന്മാക്കുള്ള തൊപ്പിവ്യവസായം എന്നിവ ഉദാഹരണങ്ങളാണ്. ഇറ ക്കുമതികളിൽനിന്നുള്ള മത്സരത്തിൻെറ പ്രാധാന്യം താരതമ്യേന ലഘു വത്രെ. കാരണം, താണക്കൂലിക്കാരായ വിദേശതൊഴിലാളികളിൽ നിന്നുണ്ടാകുന്നതെന്നാരോപിക്കപ്പെടുന്ന പ്രതികൂലമായ ഫലം ചില പ്പോൾ യഥാത്ഥത്തിൽ ഉത്ഭവിക്കുന്നതു് പിന്നണിയിൽ വത്തിക്കുന്ന തങ്ങളുടെ ഉല്പാദനക്ഷമതയെയോ കാലാനുസൃതമല്ലാതായിത്തീന്ന ഉല്പ ന്നങ്ങളെയോ, അല്ലെങ്കിൽ കാലഹരണംവന്ന വില്പന-വിതരണരീതിക ളെയോ മെച്ചപ്പെടുത്താൻ ചില അമേരിക്കൻസ്ഥാപനങ്ങൾക്കുള്ള സന്നദ്ധതയില്ലായ്മയിൽനിന്നോ കഴിവുകേടിൽനിന്നോ ആണ്.

കാലാനുസൃതമല്ലാത്ത ഉല്പന്നങ്ങളും രീതികളും ഉപേക്ഷിക്കാ നുള്ള സ്വന്തം വൈമനസ്യത്തിൽനിന്നു് ചെറുതും ഇടത്തരവുമായ സ്ഥാപനങ്ങളുടെ മാത്സയ്യനില അധഃപതിക്കുന്നിടത്തോളം അവ യുടെ പ്രശ്നം പരിഹരിക്കുന്നതിനു ഗവമ്മെൻറിന് യാതൊന്നും ചെയ്യാ നില്ലെന്ന കായ്യം വ്യക്തമാണ്. ഈ കായ്യത്തിൽ വായ്പകൾ, സഹാ യധനങ്ങൾ, സംരക്ഷണച്ചുങ്കങ്ങൾ, മററുതരത്തിലുള്ള സഹായങ്ങൾ എന്നിവപോലുള്ള ഗവമ്മെൻറുനടപടികൾ രോഗനിദാനത്തിനല്ല, ലക്ഷണങ്ങൾക്കുമാത്രമുള്ള ചികിത്സയായിരിക്കും. ഇത്തരം നടപടി കൾ സാധാരണയായി ഒഴിവാക്കണമെന്നാഗ്രഹിക്കുന്ന വൈഷമ്യങ്ങളെ സ്ഥായിയാക്കുകയേയുള്ളു. വിജ്ഞാനവിതരണനടപടികളായിരിക്കും ഇവയിൽ ഫലപ്രദമാകുക. ഇതിനു വിപരീതമായി, ആവശ്യമായ വ്യത്യാസങ്ങൾ വരുത്താൻ തെയ്യാറുള്ളവയും എന്നാൽ ധനശേഷിയോ പ്രവത്തനസ്വാതന്ത്ര്യമോ ഇല്ലാത്തവയുമായ മററു പല ചെറിയ സ്ഥാപനങ്ങളുമുണ്ടു്. ഇത്തരം സ്ഥാപനങ്ങൾക്കു് സ്വന്തം മുൻനിന്ന പ്രവത്തനവും പ്രവത്തനതാല്പയ്യവും ഫലപ്രദമാക്കുന്നതിനാവശ്യമായ

ഘടകങ്ങളിലുള്ള വിടവുനികത്താൻ ഗവമ്മെൻറ് നൽകുന്ന ധനപരവും സാങ്കേതികവുമായ സഹായങ്ങൾക്ക കഴിയും.

വലിയ സ്ഥാപനങ്ങളോടുള്ള മത്സരത്തിൽ ചെറിയ ബിസിനസ്സ്ഥാപനങ്ങൾ നേരിടുന്ന ചില വിഷമങ്ങൾ തരണംചെയ്യുന്നതിനു പൊതുവെ അവയെ സഹായിക്കാൻ ഗവമ്മെൻറിൻെറ നയങ്ങൾക്കും കഴിയും. നിണ്ണായകമായ ദൗർബല്യം ധനപരമാണ്. വളൻവരുമെന്നു പ്രതീക്ഷിക്കപ്പെടുന്ന ബിസിനസ്സ്ഥാപനങ്ങൾക്ക് അനുകൂലമായ വ്യവസ്ഥകളിൽ വായ്പ ലഭ്യമാക്കുന്നതിനു നിരവധി പരിപാടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ഈ പരിപാടികളുടെ ഫലം പ്രോത്സാഹജനകമാണ്. എന്നാൽ ചെറിയ ബിസിനസ്സ്ഥാപനങ്ങൾക്ക വായ്പ ലഭ്യമാക്കുന്നതിനുള്ള ഏററവും യുക്തമായ രൂപം കണ്ടെത്തിക്കഴിഞ്ഞുവെന്ന് ഇനിയും പറയാൻ സാദ്ധ്യമല്ല. നിലവിലുള്ള അർദ്ധഗവമ്മെൻറ് കാഷികവായ്പാസംഘടനകൾക്ക സമാന്തരമായി ചെറിയ ബിസിനസ്സ്ഥാപനങ്ങൾക്കുള്ള നിരവധി അർദ്ധഗവമ്മെൻറ് വായ്പാസംഘടനകൾ ആവശ്യമായേക്കും. അത്തരം ധനസ്ഥാപനങ്ങൾ ഏപ്പെടുത്തുന്നതിനുള്ള നിയമനിമ്മാണം 1958-ൽ അംഗീകരിക്കപ്പെട്ടു. നിരവധിസ്ഥാപനങ്ങൾ ഇപ്പോൾ പ്രവത്തനത്തിലുമുണ്ട്.

മററുചില ബലഹീനതകളെ സംബന്ധിച്ചേടത്തോളം അവ പരിഹരിക്കുന്നതിന് ചെറിയ ബിസിനസ്സ്ഥാപനങ്ങൾതന്നെ സ്വന്തമായ മാഗ്ഗങ്ങൾ കണ്ടെത്തുന്നുണ്ട്. ഉദാഹരണത്തിന്, വലിയ കോപ്പറേഷൻ നടത്തുന്നതുപോലെ അത്രയും വിപുലമായി ഗവേഷണ-വികസനപരിപാടികളിലേപ്പെടാൻ ചെറിയ ബിസിനസ്സ്ഥാപനങ്ങൾക്ക കഴിയാത്തതിനെത്തുടൻ് ഉപദേശകസ്ഥാപനങ്ങൾ ഏപ്പെടുത്തപ്പെട്ടുവരുന്നു. വിപുലമോ ദീർഘകാലാടിസ്ഥാനത്തിലുള്ളതോ ആയ ഗവേഷണപരിപാടികൾ വേണമെന്നുണ്ടെങ്കിലും അവ നടത്താൻ പ്രാപ്തിയില്ലാത്ത ചെറിയ കമ്പനികൾക്ക് ഈ ഉപദേശകസ്ഥാപനങ്ങൾ അവയുടെ സൗകര്യങ്ങളും കഴിവും ലഭ്യമാക്കിത്തീക്കുന്നു. ഇതിനുപുറമേ, ചില സംസ്ഥാനഗവമ്മെൻറുകളും ബിസിനസ്സുകാരുടെ ചില സന്നദ്ധസംഘടനകളും ചെറിയ ബിസിനസ്സ്ഥാപനങ്ങൾക്കുവേണ്ടി "സാങ്കേതികസഹായപരിപാടികൾ" സ്വീകരിച്ചിട്ടുമുണ്ട്.

പരസ്പരമുള്ള ലയനമാണ് ചെറിയ ബിസിനസ്സ്ഥാപനങ്ങൾ ചെറുപ്പത്തിൻെറ ദൗർബല്യം തരണംചെയ്യാൻ ആരായുന്ന മറെറാരു രീതി. ഈ പ്രസ്ഥാനം കഴിഞ്ഞ ദശകത്തിലെ വലിയ കോപ്പറേ

ഷനുകളുടെ പ്രസിദ്ധതരമായ ലയനങ്ങളിൽനിന്നും വ്യതിരിക്തമത്രേ. ചെറിയ സ്ഥാപനങ്ങളുടെ ഇത്തരം ലയനത്തിൽ ഘടകകമ്പനികളുടെ വ്യക്തിത്വം നഷ്ടപ്പെടുന്നില്ല. പുതിയ സംയോഗത്തിന്റെ ചട്ടക്കൂട്ടിനകത്തു് ഒരളവിൽ പ്രവൎത്തനസ്വാതന്ത്ര്യം ഓരോ ഘടകസ്ഥാപനവും നിലനിൎത്തിപ്പോരുകയും ചെയ്യുന്നു. കൂടുതൽ നീതിപൂൎവകമായ പലിശനിരക്കുകളിൽ കൂടുതൽ മൂലധനം ലഭിക്കുന്നതിനു് വലിപ്പം കൂട്ടിയ സ്ഥാപനത്തിനു് കഴിവുണ്ടാകുന്നതിൽ ഇത്തരം പല ലയനങ്ങളും വിജയിച്ചിട്ടുണ്ടു്. മാത്രമല്ല, ലയനങ്ങൾ പുതിയ സംയുക്ത സ്ഥാപനങ്ങൾക്കു് മററുരീതികളിൽ പുതിയശക്തി നൽകിയിട്ടുമുണ്ടു്.

സർവോപരി, കൂററൻസ്ഥാപനങ്ങളുടെമീതെ ചെറിയ ബിസിനസ്സ്ഥാപനങ്ങൾ സ്വന്തം മേന്മതെളിയിച്ചിട്ടുള്ള പ്രധാന പ്രവൎത്തനരംഗങ്ങളുണ്ടു്. അത്തരത്തിൽ മേന്മ നേടാവുന്ന മണ്ഡലങ്ങൾ തേടിപ്പിടിച്ചാണു് കഴിഞ്ഞ കാലങ്ങളിൽ ചെറിയ ബിസിനസ്സ്ഥാപനങ്ങൾ അവയുടെ വൈഷമ്യങ്ങളെ അതിജീവിച്ചിട്ടുള്ളതു്. ചെറുതും ഇടത്തരവും ബിസിനസ്സ്ഥാപനങ്ങളുടെ ഭാവി പ്രാഥമികമായി വ്യക്തികളുടെ ബുദ്ധിവൈഭവത്തേയും ശുഷ്കാന്തിയേയും ആശ്രയിച്ചുകൂടിയാണിരിക്കുന്നതു്. സൎക്കാർസഹായം ഈ വിശേഷതകൾക്കു പകരമാവുകയില്ല, അവയ്ക്കു പിന്തുണ നൽകുകയേ ഉള്ളു.

---

അങ്ങിനെ, സാമ്പത്തികശക്തി ദുരുപയോഗിക്കുന്നതു തടയുന്നതിനുള്ള നയങ്ങൾ വ്യത്യാസപ്പെടുത്തിയും ചെറിയ സ്ഥാപനങ്ങളെ സഹായിക്കുന്നതിനു പുതിയ നടപടികളെടുത്തും അമേരിക്കൻജനത തുടൎച്ചയായ സാമ്പത്തികവളൎച്ചയേയും, സ്വാതന്ത്ര്യത്തിന്റേയും മുൻനിന്നപ്രവൎത്തനത്തിന്റേയും സംരക്ഷണത്തേയും ക്രമേണ അനുരഞ്ജിപ്പിച്ചുകൊണ്ടിരിക്കുകയാണു്. ഈ പ്രക്രിയയിൽ വലിയ കമ്പനികളുടെ സ്വഭാവത്തിലും പ്രവൎത്തനഫലങ്ങളിലും ചെറിയ സ്ഥാപനങ്ങളുടെ മാത്സര്യനിലയിലും കഴിഞ്ഞ രണ്ടു ദശകങ്ങളിലുണ്ടായിട്ടുള്ള ദൂരവ്യാപകമായ വ്യത്യാസങ്ങളുടെ വെളിച്ചത്തിൽ "കുത്തകമുതലാളിത്ത"ത്തെ സംബന്ധിച്ചുള്ള പഴയ സങ്കേതങ്ങളുടെ സാധുത അതിവേഗം നഷ്ടപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. ഏതെല്ലാം പുതിയ മനോഭാവങ്ങളും നയങ്ങളുമാണു് ആവിൎഭവിക്കാവുന്നതെന്നു് ഈ പുനരായുള്ള വിലയിരുത്തലിൽ വിശദമായി ദീൎഘദൎശനംചെയ്യാൻ ഇനിയും സമയമായിട്ടില്ല. എന്നാൽ ഒരേസമയത്തുതന്നെ ഓഹരിയുടമകൾ,

ജീവനക്കാർ, ഉപഭോക്താക്കൾ എന്നിവരുടെ ദീർഘകാലാവശ്യങ്ങൾ തൃപ്തിപ്പെടുത്തുകയും വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിനും സാമ്പത്തികവളർച്ചയ്ക്കും സംഭാവനനൽകുകയും ചെയ്യാൻകഴിവുള്ള ബിസിനസ് പ്രവർത്തനരീതികൾ ഇനിയും വിശദമാക്കുന്നതു് സുപ്രധാനകാര്യമാണു്. സാമ്പത്തികവളർച്ചയുടെ ഒരു വാഹകമെന്നനിലയിൽ, സാമ്പത്തികശക്തി ഉപയോഗിക്കുന്നതിനു് അത്തരം പ്രവർത്തനചട്ടങ്ങളുടെ കൂടുതൽ പൂർണ്ണമായ വികസനവും പ്രായോഗികമായ പ്രകടനവും ഏററവും പ്രധാനമായ ഒരു ഉപാധിയാണു്.

# അമേരിക്ക അന്താരാഷ്ട്ര സമ്പദ്‌വ്യവസ്ഥയിൽ

# XII

45612

അന്താരാഷ്ട്രസാമ്പത്തികക്രമത്തിന്റെ സാഹചര്യങ്ങളിലും പ്രവണതകളിലും ലോകത്തിലെ മററെല്ലാ രാജ്യങ്ങളേക്കാളും ഏററവും കൂടുതൽ സ്വാധീനം ചെലുത്തുന്നതു് അമേരിക്കയാണു്. അസംസ്കൃത പദാർത്ഥങ്ങളും വ്യാവസായികോല്പന്നങ്ങളും ലോകത്തിലേയ്ക്കുവെച്ചു് ഏററവും കൂടുതൽ ഇറക്കുമതിചെയ്യുന്നതും കയററുമതിചെയ്യുന്നതും അമേരിക്കയാണു്. പല രാജ്യങ്ങൾക്കും ഏററവും വലിയ വിപണിയും ചരക്കുകൾ ലഭിക്കുന്ന ഉറവിടവും അമേരിക്കയാണു്. ചില രാജ്യങ്ങളുടെ കയററുമതികളിൽ പകുതിയിലധികവും സ്വീകരിക്കുന്നതും അവയുടെ ഇറക്കുമതികളിൽ സിംഹഭാഗം നൽകുന്നതും അമേരിക്കയാണു്. മറേറതൊരു രാജ്യത്തുള്ളവരേക്കാളും കൂടുതൽ മൂലധനം അമേരിക്കൻ വ്യവസായികൾ വിദേശത്തു നിക്ഷേപിക്കുന്നുണ്ടു്. അതുപോലെ, മററുരാജ്യങ്ങളിലുള്ളവർ, അവരുടെ സ്വന്തംരാജ്യത്തെ ഒഴിച്ചുനിർത്തിയാൽ, മററു വിദേശരാജ്യങ്ങളിൽ നിക്ഷേപിക്കുന്നതിനേക്കാൾ കൂടുതൽ മൂലധനം അമേരിക്കയിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. ഇതര രാജ്യങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതിക്കുവേണ്ടിയോ, കമ്മ്യൂണിസ്റ്റ്ആക്രമണത്തിനും അട്ടിമറിക്കും എതിരെ അവയുടെ പ്രതിരോധം ശക്തിപ്പെടുത്തുന്നതിനുവേണ്ടിയോ—നേരിട്ടോ അന്താരാഷ്ട്രസംഘടനകൾവഴിയോ—അവയ്ക്കു് ഏററവും കൂടുതൽ ധനസഹായം നൽകുന്നതു് അമേരിക്കയാണു്. അന്താരാഷ്ട്രവ്യാപാരത്തിലും ഇതരരാജ്യങ്ങളുടെ നാണയശേഖരങ്ങളിലും ലോകത്തിലേയ്ക്കുവെച്ചു് ഏററവും പ്രധാനനാണയം അമേരിക്കൻ ഡോളറാണു്.

എന്നാൽ അമേരിക്കയുടെ ഭാഗത്തുനിന്നുംനോക്കിയാൽ, ഈ ബന്ധത്തിന്റെ മറുവശം ഇതിനു നിരക്കുന്നതല്ല. അന്താരാഷ്ട്രസമ്പദ്‌വ്യവസ്ഥയ്ക്കു് അമേരിക്കൻ സമ്പദ്‌വ്യവസ്ഥയോടുള്ള ഏതാണ്ടത്രയും ആശ്രിതത്വം അമേരിക്കൻ സമ്പദ്‌വ്യവസ്ഥയ്ക്കു് അന്താരാഷ്ട്ര സമ്പദ്‌വ്യവസ്ഥയോടുണ്ടായിട്ടില്ല. ഉദാഹരണത്തിനു്, 1960-ൽ അമേരിക്കയുടെ കയററുമതികളും ഇറക്കുമതികളും ലോകത്തിലെ മൊത്തം കയററുമതികളുടേയും ഇറക്കുമതികളുടേയും യഥാക്രമം $17\frac{1}{2}$ ശതമാനവും $13\frac{1}{2}$ ശതമാനവുമായിരുന്നുവെങ്കിലും അമേരിക്കയുടെ മൊത്തം ദേശീയോല്പാദനത്തിലുള്ള അവയുടെ അനുപാതങ്ങൾ യഥാക്രമം 6 ഉം 5 ഉം ശതമാനത്തിൽ താഴെമാത്രമായിരുന്നു. വിദേ

ശത്തെ അമേരിക്കൻ സ്വകാര്യദീർഘകാലനിക്ഷേപങ്ങൾ 1960-ൽ 400 കോടി ഡോളറിലധികമായിരുന്നപ്പോൾ—മൊത്തം അന്താരാഷ്ട്ര സ്വകാര്യദീർഘകാലനിക്ഷേപങ്ങളുടെ പകുതിയിൽക്കൂടുതലാണിതു്—അതു് അതേവർഷത്തിൽ അമേരിക്കയ്ക്കകത്തുണ്ടായ മൊത്തം സ്വകാര്യനിക്ഷേപത്തിന്റെ $5\frac{1}{2}$ ശതമാനം മാത്രമായിരുന്നു.

അമേരിക്കയും ഇതരലോകരാജ്യങ്ങളും തമ്മിൽ പരസ്പരസാമ്പത്തികാശ്രിതത്വത്തിലുള്ള ഈ അതുല്യത 19-ാംശതകത്തിലും ഗണ്യമായതോതിൽ ഒന്നാംലോകയുദ്ധംവരെയും ഇംഗ്ലണ്ടും അന്താരാഷ്ട്ര സമ്പദ്‌വ്യവസ്ഥയും തമ്മിലുണ്ടായിരുന്നതിനു് പ്രകടമായും വിരുദ്ധമാണു്. പ്രസ്തുതവർഷങ്ങളിൽ ഇംഗ്ലണ്ടു് ലോകസാമ്പത്തികക്രമത്തിന്റെ നേതാവായിരുന്നു. ഇംഗ്ലണ്ടു് ഉല്പാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്തിരുന്ന ചരക്കുകളുടേയും സേവനങ്ങളുടേയും ഒരു വലിയ ഭാഗത്തെയാണു് ഇംഗ്ലണ്ടിന്റെ വിദേശവ്യാപാരം പ്രതിനിധാനം ചെയ്തിരുന്നതു്. ബ്രിട്ടന്റെ മിച്ചംവെപ്പിന്റേയും മൂലധനശേഖരത്തിന്റെയും വളർച്ചയിൽ വിദേശമൂലധനനിക്ഷേപത്തിനു് ഒരു പ്രധാന പങ്കാണുണ്ടായിരുന്നതും. അന്താരാഷ്ട്രവ്യാപാരം മുഴുവനും ഫലത്തിൽ ബ്രിട്ടീഷ്മൂലനാണയത്തിന്റെ — പവൻ സ്റ്റെർലിങ്ങിന്റെ — അടിസ്ഥാനത്തിലായിരുന്നു 19-ാംശതകത്തിലെ സ്വർണ്ണമാനസമ്പ്രദായത്തിന്റെ സ്വയംപ്രവർത്തനമധികവും ബാങ്കു് ഓഫ് ഇംഗ്ലണ്ടു്, ലണ്ടൻ നാണയവിപണി, ലോകമാകെയുള്ള ബ്രിട്ടീഷുബാങ്കുകൾ, ഇൻഷ്വറൻസ്കമ്പനികൾ എന്നിവയെ ആശ്രയിച്ചാണു് നടന്നിരുന്നതു്. ഒരർത്ഥത്തിൽ, 19-ാംശതകത്തിലെ സ്വതന്ത്രമായി വ്യാപാരം നടത്തുന്ന സുസംഘടിത ലോകസാമ്പത്തികക്രമം തടസ്സമില്ലാതെ പ്രവർത്തിച്ചതിനു് എന്തെങ്കിലും കാരണമുണ്ടെങ്കിൽ, അതു് ലോകത്തിലെ മററു രാജ്യങ്ങൾ ഇംഗ്ലണ്ടിനെയെന്നതിനേക്കാൾ ഇംഗ്ലണ്ടു് മററുരാജ്യങ്ങളെ സാമ്പത്തികമായി കൂടുതൽ ആശ്രയിച്ചിരുന്നുവെന്നതാണു്.

സമകാലീന അന്താരാഷ്ട്രസാമ്പത്തികക്രമത്തിന്റെ പ്രവർത്തനം യുദ്ധാനന്തരകാലത്തെ ആദ്യവർഷങ്ങളെ അപേക്ഷിച്ചു് കൂടുതൽ ഗണ്യമായി അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെങ്കിലും ഗൗരവപൂർണ്ണവും തുടർന്നുവരുന്നവയുമായ പല പ്രശ്നങ്ങളും ഇനിയും അവശേഷിക്കുന്നുണ്ടു്. കമ്യൂണിസ്റ്റേതരലോകത്തിലെ ഏററവും ബൃഹത്തും ഏററവും സമ്പന്നവും പ്രബലവുമായ രാഷ്ട്രമെന്നനിലയിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു് ആവശ്യമായ നേതൃത്വവും വിഭവശേഷിയും നൽകാൻ, മുഴുവനല്ലെങ്കിലും, മികച്ച ഉത്തരവാദിത്വം അമേരിക്കയ്ക്കുണ്ടു്. പൊതുവേ പറഞ്ഞാൽ, മൂന്നു പ്രധാനവൈഷമ്യങ്ങളാണു് അന്താരാഷ്ട്രസാമ്പത്തികക്രമത്തെ അഭിമുഖീകരിക്കുന്നതു്.

* ദേശീയാതിർത്തിക്കപ്പുറത്തേക്ക് ചരക്കുകളുടെയും സേവനങ്ങളുടെയും പ്രവാഹത്തെ നിയന്ത്രിക്കുന്ന ചുങ്കങ്ങളും മററു തടസ്സങ്ങളും; പ്രാഥമികോല്പന്നങ്ങളിലുള്ള ലോകവ്യാപാരത്തിൻെറ വളർച്ചയുടെ മന്ദഗതിയും അസ്ഥിരതയും; നിലവിലുള്ള അന്താരാഷ്ട്രനാണയവിനിമയഏർപ്പാടുകളുടെ അപര്യാപ്തതകൾ എന്നിവമൂലം അന്താരാഷ്ട്രവ്യാപാരത്തിൻെറ വികാസവും ഗുണങ്ങളും പരിമിതമായിരിക്കുകയാണ്.

* പെരുകുന്ന ജനതതിയുടെയും ഉയരുന്ന ഉപഭോഗപ്രതീക്ഷകളുടെയും ആവശ്യങ്ങൾ നേരിടത്തക്കവിധം സാമ്പത്തിക-സാമൂഹ്യ പുരോഗതി നേടുന്നതിന് ഏഷ്യ, ആഫ്രിക്ക, ലാററിൻഅമേരിക്ക എന്നിവിടങ്ങളിലെ അല്പവികസിതരാജ്യങ്ങൾക്ക് ആവശ്യമായ മുഴുവൻ വിഭവശേഷിയും കയററുമതികൾവഴി സമ്പാദിക്കാനോ സ്വകാര്യവിദേശനിക്ഷേപങ്ങൾവഴി ആർജ്ജിക്കാനോ കഴിയുന്നില്ല.

* അഭ്യന്തരമായ കമ്യൂണിസ്റ്റ് അട്ടിമറിപ്രവർത്തനങ്ങൾക്കും പുറത്തുനിന്നുള്ള കമ്യൂണിസ്റ്റ് ആക്രമണത്തിനുമെതിരെ സ്വയം രക്ഷിക്കുന്നതിന് അമിതമായ സമ്പത്തികഭാരമാണ് വികസിതവും വികസിച്ചുവരുന്നതുമായ പല രാജ്യങ്ങളുടെയുംമീതെ സോവിയററ്യൂണിയൻെറയും കമ്യൂണിസ്ററുചൈനയുടേയും സാമ്രാജ്യദുഷ്പ്രഭുത്വപദമോഹങ്ങൾ അടിച്ചേല്പിക്കുന്നതു്.

അമേരിക്കൻസമ്പദ്വ്യവസ്ഥയും അന്താരാഷ്ട്രസമ്പദ്വ്യവസ്ഥയുംതമ്മിൽ പൊരുത്തമില്ലാത്ത ബന്ധം പ്രധാനപ്പെട്ട ഈ അന്താരാഷ്ട്രപ്രശ്നങ്ങൾ നേരിടുന്നകാര്യത്തിൽ അമേരിക്കയിൽനിന്നു പ്രതീക്ഷിക്കപ്പെടുന്ന നേതൃത്വവും വിഭവങ്ങളും നല്കുന്നതിന് അമേരിക്കയുടെ സന്നദ്ധതയ്ക്കും കഴിവിനും പരിമിതികളേർപ്പെടുത്തുന്നുണ്ടു്. അമേരിക്കൻസമ്പദ്വ്യവസ്ഥയുടെ വീക്ഷണകോണിൽക്കൂടി നോക്കുമ്പോൾ കാണപ്പെടുന്ന രീതിയിൽ ഈ പ്രശ്നങ്ങൾ വിവരിക്കുകയും ഇവയോടു മല്ലടിക്കുന്നതിനുവേണ്ടി സഖ്യരാഷ്ട്രങ്ങളും സുഹൃൽരാഷ്ട്രങ്ങളുമായി സഹകരിച്ച് അമേരിക്ക ആവിഷ്കരിച്ചിട്ടുള്ള പ്രധാനനയങ്ങളും പരിപാടികളും രേഖപ്പെടുത്തുകയുമാണ് ഈ അദ്ധ്യായത്തിൽ ഞങ്ങൾ ചെയ്യുന്നതു്. അന്താരാഷ്ട്രീയമായ വൈഷമ്യങ്ങളുടെ സാമ്പത്തികവശങ്ങളെയാണ് ഇവിടെ ഊന്നിപ്പറയേണ്ടിവരുന്നതെങ്കിലും, മനുഷ്യരാശിയുടെ മുഴുവൻ ഭാവിസംബന്ധിച്ചിടത്തോളം അവയ്ക്കു അത്യധികം രാഷ്ട്രീയ-നയതന്ത്രപ്രാധാന്യമുണ്ടെന്നകാര്യം വിസ്മരിക്കാൻപാടില്ല


അമേരിക്കയും അന്താരാഷ്ട്രസാമ്പത്തികക്രമവും തമ്മിലുള്ള അതുല്യത മൗലികമായും ഉത്ഭവിക്കുന്നത് മുൻഅദ്ധ്യായങ്ങളിൽ നാം വിവരിച്ചതുപോലെയുള്ള അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ സ്വഭാവത്തിൽനിന്നാണ്. ദേശീയമെന്നതിനേക്കാൾ ഭൂഖണ്ഡവ്യാപകമായ സ്വഭാവമാണ് അമേരിക്കൻസമ്പദ്‌വ്യവസ്ഥയ്ക്കുള്ളത്. പ്രകൃതിവിഭവങ്ങളുടെ വ്യാപ്തിയിലും വിവിധത്വത്തിലും; ജനസംഖ്യയുടെ വലിപ്പത്തിലും വൈവിധ്യത്തിലും ഉല്പാദനക്ഷമതയിലും; ചരക്കുകൾ, പണം, മനുഷ്യശക്തി എന്നിവയ്ക്കു ഗണ്യമായുള്ള അഭ്യന്തരചലനസ്വാതന്ത്ര്യത്തിലും അമേരിക്ക സ്വയം ഒരു ഭൂഖണ്ഡംതന്നെയാണ്. സോവിയററ്യൂണിയൻമാത്രമാണ് അമേരിക്കയെ ഇക്കാര്യത്തിൽ വിദൂരതയിൽ സമീപിക്കുന്നത്. അമേരിക്കക്കാർ സ്വന്തം സമ്പദ്‌വ്യവസ്ഥയുടെ വലിപ്പം, സമ്പത്ത്, ചേതനപ്രകർഷം എന്നിവയിൽനിന്നാർജ്ജിച്ചിട്ടുള്ള നേട്ടങ്ങൾ കാലക്രമേണ ജനങ്ങൾക്കു വർദ്ധമാനമായതോതിൽ നൽകാൻ യൂറോപ്യൻ പൊതുവിപണിക്കു കഴിഞ്ഞേക്കുമെങ്കിലും, ബ്രിട്ടനും ചുററുംകിടക്കുന്ന ചില യൂറോപ്യൻരാജ്യങ്ങളും അതിൽ ചേർന്നാൽപോലും, അമേരിക്കൻ സമ്പദ്‌വ്യവസ്ഥയ്ക്കുള്ളതുപോലെയത്രയും സ്വയംപര്യാപ്തതയും അഭ്യന്തരക്രയശേഷിയും യൂറോപ്യൻ പൊതുവിപണിക്കുണ്ടാവുന്നില്ല.

അസംസ്കൃതവും അർദ്ധസംസ്കൃതവുമായ പദാർത്ഥങ്ങളുടെ കാര്യത്തിൽ മാത്രമല്ല, സംസ്കൃതവ്യാവസായികോല്പന്നങ്ങളുടെ കാര്യത്തിലും ഒരേസമയംതന്നെ ലോകത്തിലേക്കുവച്ച് ഏററവും വലിയ ഇറക്കുമതിരാജ്യവും കയററുമതിരാജ്യവും എന്ന അതിപ്രധാനമായ പദവി അമേരിക്കയ്ക്കുണ്ടെന്നുള്ളതാണ് അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ ഭൂഖണ്ഡവ്യാപകമായ സ്വഭാവത്തിന്റെ ഫലങ്ങളിലൊന്ന്. വ്യാവസായികോല്പന്നങ്ങളുടെ ഏററവും മികച്ച കയററുമതിയും അസംസ്കൃതപദാർത്ഥങ്ങളുടെ ഏററവും മികച്ച ഇറക്കുമതിയും നിർവ്വഹിക്കുന്ന രാജ്യമാവുകയെന്നതാണ് വ്യാവസായികമായി പുരോഗമിച്ച രാജ്യങ്ങൾക്കുള്ള സാധാരണ അന്താരാഷ്ട്രവ്യാപാരഘടന. അല്പവികസിതരാജ്യങ്ങൾക്കുള്ള ഘടന നേരേ മറിച്ചാണ്. അസംസ്കൃതപദാർത്ഥങ്ങളുടെ ഏററവും മികച്ച കയററുമതിയും വ്യാവസായികോല്പന്നങ്ങളുടെ ഏററവും മികച്ച ഇറക്കുമതിയും നിർവ്വഹിക്കുന്നതാണവയുടെ ഘടന.

20-ാംശതകംവരെ അമേരിക്കൻസമ്പദ്‌വ്യവസ്ഥ പ്രാഥമികമായി കാർഷികവും വ്യാവസായികവുമായ അസംസ്കൃതപദാർത്ഥങ്ങൾ കയററുമതിചെയ്യുകയും വ്യാവസായികോൽപന്നങ്ങൾ ഇറക്കുമതിചെ

ചാർട്ട് - 14.

## അന്താരാഷ്ട്രവ്യാപാരഘടനകൾ, 1959.




(1) നിർമ്മാണം പകുതി പൂർത്തിയായ ചരക്കുകളും ഉൾപ്പെടെ.

*Source:* Yearbook of International Trade Statistics 1959, United Nations, New York, 1960.

യ്യുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ വ്യാവസായികോൽപാദനം പ്രാഥമികോല്പന്നങ്ങളുടെ ഉല്പാദനത്തോടൊപ്പമെത്തുകയും അതിനെ ഗണ്യമായി അതിക്രമിക്കുകയും ചെയ്തപ്പോൾപോലും അമേരിക്കൻ സമ്പദ്‌വ്യവസ്ഥ കാഷികോല്പന്നങ്ങളുടേയും, അതിലും കുറഞ്ഞ വ്യാപ്തിയിൽ, വ്യാവസായിക അസംസ്കൃതപദാർത്ഥങ്ങളുടേയും ഒരു വലിയ കയററുമതിരാജ്യമായിത്തന്നെ തുടൎന്നുപോന്നു. അമേരിക്കക്കാരുടെ ആവശ്യങ്ങൾക്കു വേണ്ടതിനേക്കാൾ കൂടുതൽ നൽകുന്ന അമേരിക്കൻ കാഷികരംഗത്തെ ഉല്പാദനക്ഷമത ധാന്യങ്ങൾ, മാംസം, മററു ഭക്ഷ്യങ്ങൾ, കാലിത്തീററി, പരുത്തി, പുകയില തുടങ്ങിയ കാഷികപദാർത്ഥങ്ങൾ മിച്ചംവരുന്നതു് മററു ലോകരാജ്യങ്ങൾക്കു നൽകുന്ന ഒരു രാജ്യമായിത്തീരാൻ അമേരിക്കയ്ക്കു കഴിവുനൽകിയിട്ടുണ്ടു്. അമേരിക്കൻ വ്യവസായം വൎദ്ധമാനമായതോതിൽ ലോഹങ്ങളുടേയും ധാതുപദാർത്ഥങ്ങളുടേയും ഇറക്കുമതികളെ ആശ്രയിക്കുന്നുണ്ടെങ്കിലും ചില വ്യാവസായിക അസംസ്കൃതസാധനങ്ങളുടേയും ഇന്ധനപദാർത്ഥങ്ങളുടേയും കയററുമതികൾ ഇപ്പോഴും പ്രാധാന്യമർഹിക്കുന്നുണ്ടു്. വികസിച്ചുവരുന്ന ലോകാവശ്യങ്ങളെ നേരിടാൻ ഡോളർമേഖലയിൽ പെടാത്ത തുറകളിൽനിന്നുള്ള ചരക്കുകൾക്കു് കഴിയാതെവന്നിട്ടുള്ള സന്ദർഭങ്ങളിലെല്ലാം അസംസ്കൃതവും അൎദ്ധസംസ്കൃതവുമായ ഈ പദാർത്ഥങ്ങളുടെ അമേരിക്കൻ കയററുമതികൾ അതിവേഗത്തിലും ഗണ്യമായും ഉയൎന്നിട്ടുണ്ടു്. അതേസമയത്തുതന്നെ, വ്യാവസായികോല്പന്നങ്ങളുടെ കയററുമതികൾ കൂടുതലാവുകപോലും ചെയ്തിട്ടുണ്ടു്; വളൎച്ച തുടൎന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്കുള്ള അമേരിക്കൻ കയററുമതികളുടേയും അവിടങ്ങളിൽനിന്നുള്ള ഇറക്കുമതികളുടേയും ഘടനയിൽ ലോകവ്യാപാരത്തിൽ അമേരിക്കൻസമ്പദ്‌വ്യവസ്ഥയ്ക്കുള്ള ദ്വിവിധസ്വഭാവം വ്യക്തമായിക്കാണാം. വികാസം കുറഞ്ഞ പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അമേരിക്ക അവയിൽനിന്നു് പ്രധാനമായി പ്രാഥമികോല്പന്നങ്ങൾ ഇറക്കുമതിചെയ്യുന്നതും അവയിലേക്കു് പ്രധാനമായി വ്യാവസായികോല്പന്നങ്ങൾ കയററുമതിചെയ്യുന്നതുമായ ഒരു പുരോഗമിച്ച വ്യാവസായികരാജ്യമാണു്. എന്നാൽ വ്യാവസായികരാഷ്ട്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, അവ, കേവലമായ വാക്കുകളിൽ, അമേരിക്കൻ വ്യാവസായികോല്പന്നങ്ങളുടെ മികച്ച ഇറക്കുമതിക്കാരാണെങ്കിലും, വ്യാവസായികചരക്കുകളുടെ ഇറക്കുമതിരാജ്യമാകുന്നതിനാണു് അമേരിക്കയുടെ പ്രവണത.

ഇറക്കുമതികളും കയററുമതികളും മൊത്തത്തിൽ പറയുമ്പോൾ മാത്രമാണു് അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിൽ താരതമ്യേന കുറഞ്ഞ


പ്രാധാന്യമുള്ളവയായിത്തീരുന്നത്. കാപ്പി, കൊക്കോ, പ്രകൃതിജന്യമായ റബ്ബർ, കട്ടിനാരുകൾ, വാഴപ്പഴം എന്നിവയും ചിലതരം കട്ടിമരങ്ങളും സസ്യഎണ്ണകളുംപോലുള്ള ഉഷ്ണമേഖലയിലെ കാർഷികോല്പന്നങ്ങൾ അമേരിക്കയിൽ മിതമായ ചിലവിൽ ഉല്പാദിപ്പിക്കാൻ സാധിക്കുകയില്ല. മാങ്കനീസ്, ക്രോം, നിക്കൽ, ചെമ്പ്, ബോക്സൈററ്, ടിൻ, വജ്രങ്ങൾ എന്നീ ആയസേതരലോഹങ്ങളും ധാതുക്കളും അമേരിക്കയിലില്ലാത്തവയോ, അഥവാ നീതിപൂർവ്വകമായ ചിലവിൽ വേണ്ടത്ര ലഭിക്കാത്തവയോ ആണ്. ഇതിനെതിരെ, ഏതാനും അമേരിക്കൻ വ്യവസായങ്ങൾ കയററുമതിയെ പ്രധാനമായും ആശ്രയിക്കുന്നവയാണ്. ചലച്ചിത്രങ്ങൾ, ചിലതരം വ്യാവസായിക-കാർഷികയന്ത്രങ്ങൾ എന്നിവയും മററനേകം ചരക്കുകളും ഇതിന് ഉദാഹരണമായെടുക്കാം.

വ്യാവസായികോല്പന്നങ്ങളുടെ കയററുമതികൾ കഴിഞ്ഞദശകത്തിൽ മൊത്തം അമേരിക്കൻ കയററുമതികളുടെ 60 ശതമാനത്തോളമായിരുന്നുവെങ്കിലും ഏററവും മന്ദമായി വളർന്നിട്ടുള്ള വിഭാഗം അതാണ്. ആ മുഴുവൻ ദശകത്തിലുംകൂടി 8 ശതമാനം മാത്രമാണ് വർദ്ധനവുണ്ടായത്. അമേരിക്കൻകയററുമതികളിൽ ഏററവും വേഗം വളർന്നുവന്നിട്ടുള്ള ഇനം മൂന്നുവിഭാഗങ്ങളിലുംവെച്ച് ഏററവും ചെറിയതായ, അർദ്ധസംസ്കൃതപദാർത്ഥങ്ങളുടേയും നിർമ്മാണം പകുതി പൂർത്തിയായ വ്യാവസായികോല്പന്നങ്ങളുടേയുമാണ്. ഈ വിഭാഗത്തിൽ 150 ശതമാനത്തോളം കയററുമതിവർദ്ധനവുണ്ടായി. അസംസ്കൃതപദാർത്ഥങ്ങൾ കയററുമതിയുടെ വലിപ്പത്തിലും വളർച്ചനിരക്കിലും ഇടത്തരത്തിലാണു പെടുന്നത്. 1950-ൽ ആരംഭിച്ച ദശകത്തിലാകെ 20 ശതമാനമാണതിൻെറ കയററുമതി വർദ്ധിച്ചത് അസംസ്കൃതപദാർത്ഥങ്ങളുടേയും നിർമ്മാണം പകുതി പൂർത്തിയായ വ്യാവസായികോല്പന്നങ്ങളുടേയും ഇറക്കുമതികൾ അമേരിക്കയുടെ ദേശീയോല്പാദനത്തിൻെറ വളർച്ചയുടെ ഏതാണ്ട് തുല്യനിരക്കിൽതന്നെ വളർന്നിട്ടുണ്ട്. നിർമ്മാണം പൂർത്തിയായ വ്യാവസായികോല്പന്നങ്ങളുടെ ഇറക്കുമതികൾ 150 ശതമാനംകണ്ടും വർദ്ധിച്ചിട്ടുണ്ട്.

## വ്യാപാരപ്രശ്നങ്ങളും നയങ്ങളും

സമീപവർഷങ്ങളിൽ വർദ്ധമാനപ്രാധാന്യമുള്ള ചില പ്രശ്നങ്ങൾ ലോകത്തിൻെറ ഇതരഭാഗങ്ങളുമായുള്ള അമേരിക്കൻ വ്യാപാരത്തിൻെറ ഘടനയിൽ അന്തർലീനമായിട്ടുണ്ട്. എന്നിരുന്നാലും, വിദേശത്തു വ്യാപാരംചെയ്യുന്നതിൽ സാധാരണഗതിയിലുള്ള വാണി

## ചില തിരഞ്ഞെടുത്ത രാജ്യങ്ങളുമായി അമേരിക്കയുടെ വിദേശവ്യാപാരഘടന, 1959.




(1) നിർമ്മാണം പകുതി പൂർത്തിയായ പല ചരക്കുകളും ഉൾപ്പെടെ.

*Source:* Yearbook of International Trade Statistics, 1959, United Nations, New York, 1960.

ജ്യപരമായ അപായങ്ങളും പ്രയാസങ്ങളുംമാത്രം അഭിമുഖീകരിക്കുന്ന അമേരിക്കൻ വിദേശവ്യാപാരത്തിന്റെ വലിയ ഒരു ഭാഗത്തിനെതിരെ, അമേരിക്കൻ ഇറക്കുമതികളും കയററുമതികളും നേരിടുന്ന വിഷമതകളെക്കുറിച്ച് അവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുവഴി അതിശയോക്തിപരമായ ഒരു ധാരണസൃഷ്ടിക്കാൻ ഞങ്ങളാഗ്രഹിക്കുന്നില്ല. ഗണപരമായി നോക്കിയാൽ അമേരിക്കൻ വിദേശവാണിജ്യത്തിലുള്ള പ്രത്യേക പ്രശ്നമേഖലകൾ ഒന്നാകെയുള്ളതിന്റെ ഒരു ചെറിയഭാഗം മാത്രമാണ്. എങ്കിലും മൂന്നു കാരണങ്ങളാൽ അവ പ്രാധാന്യമർഹിക്കുന്നു ഒന്നാമതായി, അവയിലുൾപ്പെടുന്ന തല്പരവിഭാഗങ്ങൾ, പ്രത്യേകിച്ചും ഇറക്കുമതിരംഗത്തുള്ളവ, സുസംഘടിതരും ശബ്ദമുയർത്തുന്നവരും രാഷ്ട്രീയമായി സ്വാധീനശക്തിയുള്ളവരുമാണ്. രണ്ടാമതായി, അമേരിക്കൻ ഇറക്കുമതികളുടേയും കയററുമതികളുടേയും നിലവാരങ്ങളിൽ ഉണ്ടാകുന്ന താരതമ്യേന നിസ്സാരമായ മാററങ്ങൾപോലും അമേരിക്കയുടെ വിദേശപണമിടപാടുകളുടെ സമതുലിതാവസ്ഥയെ സാരമായി ബാധിച്ചേക്കാം. മൂന്നാമതായി, അമേരിക്കയുമായുള്ള വ്യാപാരം വളരെ പ്രധാനമാണെന്നതുകൊണ്ട് പല രാജ്യങ്ങളും, അമേരിക്ക സ്വന്തം കയററുമതി-ഇറക്കുമതിപ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് എടുക്കുന്ന നടപടികളുടെ വെളിച്ചത്തിലാണ് അമേരിക്കയെക്കുറിച്ച് വിധിയെഴുതുന്നത്. മററു രാജ്യങ്ങളുടെ മനോഭാവത്തിന് ഒന്നാകെയുള്ള അമേരിക്കൻ വിദേശനയത്തിന്റെ ഫലോല്പാദകത്വത്തിൽ സുപ്രധാനമായ ബന്ധങ്ങളുണ്ട്.

അന്താരാഷ്ട്രവ്യാപാരത്തെ സംബന്ധിച്ചുള്ള ക്ലാസിക്കൽസിദ്ധാന്തമനുസരിച്ച് ഓരോ രാജ്യവും താരതമ്യേന സുകരമായ ചരക്കുകളും സേവനങ്ങളും ഉല്പാദിപ്പിക്കുകയും വിദേശത്ത് അതു സ്വതന്ത്രമായി വിററഴിക്കുകയും ചെയ്യുന്നപക്ഷം ഒരു ലോകവ്യാപാരക്രമത്തിലെ എല്ലാ അംഗരാഷ്ട്രങ്ങൾക്കും അതു ഗുണകരമായിരിക്കും ഇറക്കുമതികൾക്കും കയററുമതികൾക്കുമുള്ള പ്രതിബന്ധങ്ങൾ താരതമ്യേന ലഘുവാണെങ്കിൽ അന്താരാഷ്ട്രവ്യാപാരത്തിൽനിന്നുള്ള നേട്ടങ്ങൾ കാലക്രമത്തിൽ അതിൽ പങ്കെടുക്കുന്ന എല്ലാ രാജ്യങ്ങൾക്കും ന്യായമായി സിദ്ധിക്കും—ഓരോ രാജ്യവും കുറഞ്ഞ ചിലവിലും കൂടുതൽ സമർത്ഥമായും ഉല്പാദിപ്പിക്കാവുന്ന ചരക്കുകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ. ഇതാണ് പ്രസ്തുത സിദ്ധാന്തത്തിന്റെ വാദഗതി.

താരതമ്യമെച്ചത്തിന്റെ ഈ തത്വമനുസരിച്ച് രാജ്യങ്ങൾക്കിടയിലുള്ള സ്വതന്ത്രവ്യാപാരം തദ്ദേശസമ്പദ്‌വ്യവസ്ഥകളുടെ ഘടനയിലും സാഹചര്യങ്ങളിലും തുടർച്ചയായ, ചിലപ്പോൾ വളരെ തീക്ഷ്ണമായ മാററങ്ങൾ അനിവാര്യമാക്കിത്തീർക്കുന്നു. എന്നാൽ 19-ാംശ

തകത്തിൽ താരതമ്യേന ഹ്രസ്വമായ ഒരു കാലഘട്ടത്തിലൊഴിച്ച്, ഇത്തരം മാററങ്ങൾക്ക് വഴങ്ങിക്കൊടുക്കാൻ അന്താരാഷ്ട്രവ്യാപാരക്രമത്തിലെ മിക്ക അംഗരാഷ്ട്രങ്ങളും സന്നദ്ധരായിരുന്നില്ല. 19-ാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽപോലും അമേരിക്ക, ജർമ്മനി, ഫ്രാൻസ് തുടങ്ങി പുതുതായി വ്യവസായവല്ക്കരണത്തിലേർപ്പെട്ടിരുന്ന രാജ്യങ്ങൾക്ക്, അക്കാലത്ത് കൂടുതൽ പുരോഗതി നേടിയിരുന്ന ബ്രിട്ടീഷ് വ്യവസായികളുടെ മത്സരത്തിന്നെതിരെ തങ്ങളുടെ "ശിശു"വ്യവസായങ്ങളെ" സംരക്ഷിക്കുന്നതത്യാവശ്യമായി തോന്നുകയുണ്ടായി. ഭാഗികമായി താരിപ്പുസംരക്ഷണങ്ങൾവഴി ഈ രാജ്യങ്ങൾ വ്യവസായവൽകൃതമായതോടെ, ജർമ്മനിയിലെയും അമേരിക്കയിലെയും ജപ്പാനിലെയും കൂടുതൽ കാര്യക്ഷമതയുള്ള വ്യവസായികളുടെ മത്സരത്തിൽനിന്ന് തങ്ങളുടെ ചില പഴയ, കാര്യക്ഷമതകുറഞ്ഞ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി സ്വതന്ത്രവ്യാപാരം ഉപേക്ഷിക്കാൻ, മറിച്ച്, ബ്രിട്ടീഷുകാരും പ്രേരിതരാവുകയുണ്ടായി.

രണ്ടു ലോകയുദ്ധങ്ങൾക്കുമിടയ്ക്കു്, പ്രത്യേകിച്ചും 1930-ൽ ആരംഭിച്ച ദശകത്തിലെ ഭീകരമായ സാമ്പത്തികത്തകർച്ചയുടെ ആഘാതത്തിനുശേഷം, അന്താരാഷ്ട്രവ്യാപാരത്തിലേർപ്പെട്ടിരുന്ന പ്രായേണ എല്ലാ പ്രമുഖരാഷ്ട്രങ്ങളും അവയുടെ ശോഷിച്ചുവന്ന അഭ്യന്തരവിപണിയെ വിദേശ ചരക്കുകളുടെ മത്സരത്തിൽനിന്നു സംരക്ഷിക്കുന്നതിനുള്ള ശ്രമത്തിൽ ഇറക്കുമതി തടസ്സങ്ങൾ കൂടുതൽ കർശനമാക്കി. അങ്ങിനെ, താരതമ്യ മെച്ചതത്വത്തിന്റെ സിദ്ധാന്തപരമായ സാധ്യത അംഗീകരിക്കുമ്പോൾതന്നെ ഫലത്തിലെല്ലാരാജ്യങ്ങളും കഴിഞ്ഞ നൂറു സംവത്സരങ്ങളായി സ്വന്തം വ്യവസായവല്ക്കരണത്തെ പോഷിപ്പിക്കുന്നതിനോ, പുതിയ ഉല്പാദകരുടെ മത്സരത്തിൽനിന്ന് തങ്ങളുടെ പഴയ കാര്യക്ഷമത കുറഞ്ഞ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനോ, അല്ലെങ്കിൽ സാമ്പത്തികത്തകർച്ചവേളയിൽ ഇറക്കുമതികൾക്ക് സ്വന്തം അഭ്യന്തരോല്പാദനനിലവാരങ്ങളിലുണ്ടാകാവുന്ന പ്രതികൂലപ്രത്യാഘാതത്തെ ലഘൂകരിക്കുന്നതിനോവേണ്ടി ഇറക്കുമതികളിൽ നിയന്ത്രണം ഏർപ്പെടുത്തുകയുണ്ടായിട്ടുണ്ട്.

അമേരിക്ക അതിന്റെ ചരിത്രത്തിലെല്ലാക്കാലത്തും ഇവയിൽ ഒന്നോ കൂടുതലോ ആവശ്യങ്ങളെ മുൻനിർത്തി ഇറക്കുമതികളിൽ പല നിയന്ത്രണങ്ങൾ ചുമത്തിയിട്ടുണ്ട്. 1860-നുശേഷം അമേരിക്കൻ താരിപ്പുനിരക്കുകൾ 1930-ലെ സ്മൂട്ട്ഹാവ്ലി നിയമത്തിൽ വ്യവസ്ഥചെയ്യപ്പെട്ടിട്ടുള്ള പരമകാഷ്ഠയിലെത്തുന്നതുവരെ, രണ്ടുപ്രാവശ്യത്തെ താല്ക്കാലിക പിൻവാങ്ങലൊഴിച്ച്, കാലാകാലത്തിൽ വർദ്ധിപ്പിച്ചുവെങ്കിലും 1934-നുശേഷം താരിപ്പുനിരക്കുകൾ വർദ്ധിപ്പിക്കാ

ന്നുള്ള ഈ പ്രവണത മറിച്ചായിട്ടുണ്ട്. പ്രസിഡണ്ട് ഫ്രാങ്ക്ലിൻ ഡി. റൂസ്‌വെൽട്ട് ഏർപ്പെടുത്തിയ പരസ്പരവ്യാപാരക്കരാർ പരിപാടിയനുസരിച്ച്, നിശ്ചിത അമേരിക്കൻ കയററുമതിചരക്കുകളിന്മേലുള്ള ഇറക്കുമതിത്തീരുവകൾ തത്തുല്യമായി കുറവുചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ മററു രാജ്യങ്ങളുമായി ഉണ്ടാക്കപ്പെട്ട കരാറുകൾവഴി പല പ്രത്യേക താരിപ്പുനിരക്കുകളും ഒഴിവാക്കപ്പെട്ടുകയോ സാരമായി കുറവുചെയ്യപ്പെട്ടുകയോ ഉണ്ടായി. പരസ്പരവ്യാപാരക്കരാർനിയമം കോൺഗ്രസ്സ് കാലാകാലം പുതുക്കിക്കൊണ്ടിരുന്നു. ഈ നിയമമനുസരിച്ച് താരിപ്പുനിരക്കുകൾ അധികാരപ്പെടുത്തപ്പെട്ട ശതമാനനിരക്കുകളിലും മററുരാജ്യങ്ങൾ അമേരിക്കയ്ക്കുനൽകുന്ന ഉഭയാനുകൂല്യങ്ങൾക്കു പകരമായും കുറവുചെയ്യാനുള്ള അധികാരം പ്രസിഡണ്ടിനു നൽകപ്പെട്ടിരിക്കുന്നു.

എന്നാൽ 1940-ൽ ആരംഭിച്ച ദശകത്തിലെ അവസാനവർഷങ്ങൾക്കുശേഷം, പ്രത്യേകിച്ചും "അപമയരേഖ" ഭേദഗതി, "രക്ഷാവകുപ്പ്" എന്നറിയപ്പെട്ടുന്നവയിലൂടെ ഈ അധികാരത്തിന്റെ പ്രയോജനം അല്പം ലഘൂകരിക്കപ്പെട്ടിട്ടുണ്ട്. "അപായരേഖ" ഭേദഗതിയും "രക്ഷാവകുപ്പും" അനുസരിച്ച്, വിദേശമത്സരത്തിന്റെ ഫലമായി ക്ഷതമേററുവെന്നോ, അഥവാ പ്രതികൂലമായി ബാധിക്കപ്പെടാൻ ഇടയുണ്ടെന്നോ വിശ്വസിക്കുന്ന അമേരിക്കൻ വ്യവസായികൾക്ക് നിർദ്ദിഷ്ട താരിപ്പുലഘൂകരണങ്ങളെ തടയാനോ, അല്ലെങ്കിൽ മുമ്പ് കുറവുചെയ്യപ്പെട്ട നിരക്കുകളിൽത്തന്നെ വർദ്ധനകൾ നേടാനോ കഴിയും. കൂടാതെ, താരിപ്പുവർദ്ധനകൾ വിദേശമത്സരത്തെ തൃപ്തികരമായവിധത്തിൽ പരിമിതപ്പെടുത്താതിരിക്കുകയോ, അല്ലെങ്കിൽ ദേശീയപ്രതിരോധത്തിന്റെയോ മറേറാ പരിഗണനകൾ ഉൾക്കൊള്ളുകയോ ചെയ്യുന്ന തുണിച്ചരക്ക്, ഈയം, തുത്തനാകം, പഞ്ചസാര തുടങ്ങി ചിലതരം ഇറക്കുമതികളിന്മേൽ ക്വോട്ടാ നിയന്ത്രണങ്ങളേർപ്പെടുത്താൻ കോൺഗ്രസ്സ് അധികാരം നൽകിയിട്ടുമുണ്ട്.

അനേകം അമേരിക്കൻവ്യവസായങ്ങളിൽ, ഈടുനില്ക്കുന്ന ഉപഭോഗചരക്കുകൾപോലെ പ്രത്യേകിച്ചും വൻതോതിലുള്ള ഉല്പാദനരീതികൾക്കു പ്രാമുഖ്യമുള്ളവയിൽ, തദ്ദേശവിപണിയിൽ വിദേശത്തുനിന്നു മത്സരമുണ്ടാകുമെന്ന് അമേരിക്കൻവ്യവസായികൾ ഭയപ്പെടുന്നില്ല. മററു രാജ്യങ്ങൾ ഡോളർമേഖലയിൽനിന്നുള്ള ഇറക്കുമതികൾക്കെതിരെ വിവേചനം കാണിക്കാത്തപക്ഷം ഈ വ്യവസായങ്ങൾക്കു അവയുടെ കൂടുതൽഉല്പന്നങ്ങൾ വിദേശവിപണിയിൽ വില്ക്കാമെന്നു തീർച്ചയായും പ്രതീക്ഷിക്കാം. നേരേമറിച്ച്, അഭ്യന്തരവിപണിയിൽ വിദേശമത്സരം തീക്ഷ്ണമായിട്ടുള്ള ചില വ്യവസായങ്ങളുമുണ്ട്.

പ്രയത്നശക്തി കൂടുതൽ ഉൾക്കൊള്ളുന്നവയോ, താരതമ്യേന ചെറുകിടയോ, അല്ലെങ്കിൽ വൻതോതിൽ ഉല്പാദിപ്പിക്കപ്പെടാത്ത, പ്രത്യേക വൈദഗ്ദ്ധ്യമാവശ്യമുള്ള ഉല്പന്നങ്ങളോ സങ്കീർണ്ണമായ യന്ത്രോപകരണങ്ങളോ ഉല്പാദിപ്പിക്കുന്നവയോ ആണ് ആ വ്യവസായങ്ങൾ. പലതരം തുണിച്ചരക്കുകൾ, വാച്ചുകൾ, ചീനപ്പാത്രങ്ങൾ, ചില രാസപദാർത്ഥങ്ങൾ എന്നിവയും എഞ്ചിനീയറിംഗ്-തൊഴിൽ ഘടകങ്ങൾക്ക് കൂടുതൽ പ്രാധാന്യമുള്ള, പ്രത്യേക വൈദഗ്ദ്ധ്യമാവശ്യമുള്ള വലിയ വൈദ്യുതയന്ത്രോപകരണങ്ങളും മററു ഘനയന്ത്രോപകരണങ്ങളും ഈ വ്യവസായങ്ങളിൽപെടുന്നു. ഇവയിലും ഈദൃശവ്യവസായങ്ങളിലുമുള്ള അമേരിക്കൻഉല്പാദകർ താരിപ്പുവർദ്ധനകൾ, ക്വോട്ടാനിയന്ത്രണങ്ങൾ ഗവമ്മെൻറിൻെറ സംഭരണകരാറുകളിൽ മുൻഗണന എന്നിവയിലൂടെയും മററു മാർഗ്ഗങ്ങളിലൂടെയും യഥാർത്ഥത്തിലുള്ളതോ ഭീഷണി നേരിടുന്നതോ ആയ വിദേശമത്സരത്തിനെതിരെ സംരക്ഷണം ഇപ്പോൾ തന്നെ നേടുകയോ, അല്ലെങ്കിൽ നേടാൻ തുടച്ചയായി ശ്രമിക്കുകയോ ചെയ്തിട്ടുണ്ട്.

അമേരിക്കയുടെ ഇറക്കുമതിതടസ്സങ്ങളിൽ ഭാവിയിൽ ലഘൂകരണങ്ങളുണ്ടാകാനുള്ള സാദ്ധ്യത പല കാരണങ്ങളാലും അനിശ്ചിതമാണ്. മററു വലിയ വ്യാവസായികരാജ്യങ്ങളുടേതിനോട് താരതമ്യപ്പെടുത്തുമ്പോൾ ഈ തടസ്സങ്ങൾ ഇപ്പോൾതന്നെ താഴ്ന്നവയാണ്. അമേരിക്കൻ താരിപ്പുനിരക്കുകളിൽ സുഗമമോ, അല്ലെങ്കിൽ വിവാദരഹിതമോ ആയ പ്രായേണ എല്ലാ ലഘൂകരണങ്ങളും പരസ്പരവ്യാപാരക്കരാർ പരിപാടിയനുസരിച്ച് ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ നിരക്കുകൾ കുറവുചെയ്യപ്പെട്ടിട്ടില്ലാത്ത ഇനങ്ങളെ സംബന്ധിച്ചേടത്തോളം വില നിലവാരങ്ങളിലും ഉപഭോക്താക്കളുടെ അഭിരുചികളിലുമുള്ള ദീർഘകാലവ്യത്യാസങ്ങൾവഴി അവ പലപ്പോഴും ഫലശൂന്യമാക്കപ്പെട്ടിട്ടുമുണ്ട്. അതുകൊണ്ട് ഇറക്കുമതിതീരുവകൾ ഭാവിയിൽ ഇനിയും കുറവുചെയ്യപ്പെടുന്നപക്ഷം തദ്ദേശവിപണിയിൽ വിദേശമാത്സര്യത്തിൻെറ തോത് കൂടുതൽ കൂടുതൽ ഗണ്യമായി വർദ്ധിക്കാനാണിടയുള്ളത്. അത്തരത്തിൽ ഇറക്കുമതികളിൽനിന്നുള്ള വർദ്ധിച്ച മാത്സര്യം താഴെപ്പറയുന്ന ഉപാധികളിൽമാത്രം സാമ്പത്തികമായും രാഷ്ട്രീയമായും അമേരിക്കയ്ക്കു സ്വീകാര്യമായിരിക്കും. (എ) വിദേശ മത്സരം പ്രതികൂലമായി ബാധിക്കുന്ന ഉല്പാദകർ—തൊഴിലുടമകളും തൊഴിലാളികളും—സ്വന്തനിലയിലോ, അല്ലെങ്കിൽഗവമ്മെൻറിൻെറ സഹായത്തോടുകൂടിയോ ആവശ്യമായ നീക്കുപോക്കുകൾ നടത്താൻ സന്നദ്ധരായിരിക്കുകയും അവക്കതിനു കഴിവുണ്ടായിരിക്കുകയുംചെയ്യുക. (ബി) അമേരിക്കൻ കയററുമതികളിൽ വർദ്ധനവുണ്ടാകുന്നതിനു തത്തു

ല്യമായ സൗകര്യങ്ങൾ വിദേശവിപണികളിൽ നൽകപ്പെടുകയും അമേരിക്കൻ കയററുമതിക്കാർ ആ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ സന്നദ്ധരായിരിക്കുകയും കഴിവുള്ളവരായിരിക്കുകയും ചെയ്യുക.

തദ്ദേശവിപണിയിലെ വർദ്ധിച്ച വിദേശമാത്സര്യവുമായി പൊരുത്തപ്പെട്ടുപോകാൻ അമേരിക്കനുല്പാദകർക്ക് പല മാർഗ്ഗങ്ങളുമുണ്ട്. ഇറക്കുമതിച്ചുങ്കം കുറച്ചാൽപോലും സാധനങ്ങളുടെ വിലയുടെയോ ഗുണത്തിൻേറയോ അടിസ്ഥാനത്തിലുള്ള മത്സരത്തെ നേരിടുന്നതിന് അമേരിക്കൻഉല്പാദകനു കഴിയത്തക്കവിധം പല വ്യവസായങ്ങളിലും ഉല്പാദനക്ഷമതയോ ഉല്പന്നഗുണമോ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും. പക്ഷേ, മുൻകാലങ്ങളിൽ ഇറക്കുമതികൾ പ്രതികൂലമായി ബാധിച്ച ചില അമേരിക്കൻവ്യവസായങ്ങളും സ്ഥാപനങ്ങളും പ്രായോഗികമായ അത്തരം നടപടികൾക്ക് വേണ്ടത്ര സന്നദ്ധതയോ പാടവമോ കാണിച്ചിട്ടില്ല. എന്നാൽ മററു ചിലവയിൽ സാധിക്കാവുന്നത്ര ഉല്പാദനക്ഷമത ഉയർത്താൻ വ്യവസായങ്ങൾക്കും സംരംഭങ്ങൾക്കും സ്വയം സജ്ജീകരിക്കാവുന്നതിൽക്കവിഞ്ഞ ഗവേഷണവും മൂലധനവും ഭരണപരവും സാങ്കേതികവുമായ പ്രയോഗജ്ഞാനവും ആവശ്യമായിത്തീരും.

അമേരിക്കനുല്പാദകരുടെ ഉല്പാദനക്ഷമതയിൽ പ്രായോഗികമായി സാധിക്കാവുന്ന എന്തെങ്കിലും വർദ്ധനകൊണ്ടു് നികത്താനാവാത്തവിധം താരതമ്യേന വലിയ മെച്ചങ്ങൾ വിദേശഉല്പാദകർക്കുള്ള ചില വ്യവസായങ്ങളുമുണ്ടു്. വളരെ താഴ്ന്ന കൂലിനിരക്കുകളും കുറഞ്ഞവിലയ്ക്കുലഭിക്കുന്ന അസംസ്കൃതപദാർത്ഥങ്ങളും വിശേഷവിധികളായുള്ള രാജ്യങ്ങളിൽനിന്നുവരുന്ന ചില ഉല്പന്നങ്ങളുടെകാര്യത്തിൽ ഇതു് പ്രത്യേകിച്ചും ശരിയാണ്. ഇവയിൽ താരതമ്യമെച്ചത്തിൻെറ തത്വം നിഷ്കൃഷ്ടമായി പ്രയോഗത്തിൽ വരുത്തുന്നതിന് അഭ്യന്തരമായ തൊഴിൽ—വിഭവശേഷി മററുതരം ഉല്പാദനങ്ങളിലേക്ക് തിരിച്ചുവിടുകയും അതിനുശേഷം ഈ ഉല്പന്നങ്ങൾക്കുള്ള ആവശ്യം നേരിടുന്നതിന് ഇറക്കുമതികളെമാത്രം അമേരിക്കൻസമ്പദ്‌വ്യവസ്ഥ ആശ്രയിക്കുകയും ചെയ്യേണ്ടതായിവരും. കഴിഞ്ഞ 30 വർഷങ്ങളിൽ വളരെയേറെ ഉല്പന്നങ്ങളുടെ കാര്യത്തിൽ ഇത്തരം യാതനാപൂർണ്ണമായ നീക്കുപോക്കുകളാണ് യഥാർത്ഥത്തിൽ സ്വീകരിക്കപ്പെട്ടതു്. വളരെക്കാലമായി തങ്ങളേറ്റെടുത്തിരുന്ന തൊഴിലുകൾ കുറവുചെയ്യുന്നതിനേയും നിറുത്തിവെയ്ക്കുന്നതിനേയും തൊഴിലുടമകളും തൊഴിലാളികളും പലപ്പോഴും എതിർക്കുകയുണ്ടായി എന്നതു് ആർക്കും മനസ്സിലാക്കാവുന്ന കാര്യമാണ്. ഇറക്കുമതിമത്സരവുമായി ബന്ധമില്ലാതെതന്നെ തദ്ദേശസമ്പദ്‌വ്യവസ്ഥയിലെ മാററങ്ങളുടെ ഫലമായി മററു വ്യവസായ

ങ്ങളും തൊഴിൽസൗകര്യങ്ങളും ഇടിഞ്ഞുകൊണ്ടിരുന്ന, രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ഈ എതിർപ്പിനു ശക്തികൂടിയിട്ടുമുണ്ട്. ഇടിഞ്ഞുകൊണ്ടിരുന്നവയോ പുരോഗതി നിലച്ചവയോ ആയ ഇതേ വ്യവസായങ്ങളും സ്ഥാപനങ്ങളും അധഃസ്ഥിതപ്രദേശങ്ങളുംതന്നെയാണ് നിർദ്ദിഷ്ട താരിപ്പുലഘൂകരണത്തിൽനിന്നുള്ള ഒഴിവുകൾക്കും ഒരിക്കൽ വർദ്ധിപ്പിക്കപ്പെട്ട താരിപ്പുനിരക്കുകൾ വീണ്ടും വർദ്ധിപ്പിക്കുന്നതിനും പുതിയ കസ്റ്റംസ് നിയന്ത്രണങ്ങൾക്കും ഗവൺമെൻറിന്റെ സംഭരണത്തിൽ മുൻഗണനകളും ("അമേരിക്കൻ ചരക്കുകൾ വാങ്ങുക" എന്ന നയം) മററു രീതികളിലുള്ള സംരക്ഷണവും പിന്തുണയും നേടുന്നതിനുംവേണ്ടി ഏററവും സജീവമായി പ്രവർത്തിച്ചിട്ടുള്ളതും വിജയം കൈവരിച്ചിട്ടുള്ളതും.

പ്രായോഗികമാകാവുന്ന ഇടങ്ങളിൽ ഉല്പാദനക്ഷമതയിലുള്ള വർദ്ധനകളിലൂടെ സ്വന്തം മത്സരശേഷി മെച്ചപ്പെടുത്തുക, അല്ലെങ്കിൽ മൂലധനവും തൊഴിലും മററുതരം ഉല്പാദനത്തിനും രാജ്യത്തിന്റെ ഇതരഭാഗങ്ങളിലുള്ള തൊഴിൽസൗകര്യങ്ങളിലേക്കും തിരിച്ചുവിടുക എന്നിങ്ങനെ ഇറക്കുമതിമത്സരത്തെ നേരിടുന്നതിനുള്ള രണ്ടുതരം നീക്കുപോക്കുനടപടികൾക്കും വ്യവസായങ്ങൾ, സ്ഥാപനങ്ങൾ, തൊഴിലാളികൾ, അധഃസ്ഥിതസമൂഹങ്ങൾ എന്നിവയ്ക്കു കഴിവുണ്ടാക്കുന്നതിന് സഹായം നൽകുന്നതിനുള്ള വിവിധനിർദ്ദേശങ്ങൾ സമീപവർഷങ്ങളിലുണ്ടായിട്ടുണ്ട്. നീക്കുപോക്കുനടപടികൾക്ക് പലതരത്തിലുള്ള സഹായങ്ങൾ നൽകുന്നതിന് വ്യവസ്ഥകളുൾക്കൊള്ളുന്ന അനേകം ബില്ലുകൾ കഴിഞ്ഞ ദശകത്തിൽ കോൺഗ്രസ്സിൽ അവതരിപ്പിച്ചുവെങ്കിലും ഇതുവരെ ഒന്നുംതന്നെ പാസ്സാക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഇറക്കുമതിമത്സരവുമായി പൊരുത്തപ്പെടുന്നതിന് ചില വ്യവസായങ്ങൾക്കും അധഃസ്ഥിത സമൂഹങ്ങൾക്കും, 9-ാംഅദ്ധ്യായത്തിൽ വിവരിച്ചതുപോലെ, ലോക്കൽ—സ്റ്റേററ്—ഫെഡറൽ ഗവൺമെൻറുകൾ ഏർപ്പെടുത്തിയിട്ടുള്ള അധഃസ്ഥിത പ്രദേശപരിപാടികൾ വഴി അല്പം സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. അമേരിക്കൻ ഇറക്കുമതി തടസ്സങ്ങളിൽ ഭാവിയിൽ ലഘൂകരണങ്ങളുണ്ടാകുന്നതിനുള്ള സാദ്ധ്യത, ഫലത്തിലെല്ലാ അമിതസംരക്ഷണങ്ങളും ഇതിനകംതന്നെ ഒഴിവാക്കപ്പെട്ടുകഴിഞ്ഞിട്ടുള്ളനിലയ്ക്ക്, വർദ്ധിത ഇറക്കുമതിമത്സരം പ്രതികൂലമായി ബാധിക്കുന്ന വ്യവസായങ്ങൾക്കും ഉല്പാദകർക്കും സമൂഹങ്ങൾക്കും നീക്കുപോക്കുനടപടികൾക്കുള്ള ഫലപ്രദമായ സഹായപരിപാടി അംഗീകരിക്കുന്നതിനെ വളരെയേറെ ആശ്രയിച്ചാണിരിക്കുന്നത്.

അമേരിക്കൻ കയററുമതികൾക്ക് ലോകവിപണിയിൽ കൂടുതൽ സന്ദർഭങ്ങൾ നൽകുന്നതും ദുഷ്കരമായിട്ടുണ്ട്. യുദ്ധത്തിനു തൊട്ടുപിറ

കെവന്ന പുനർനിർമ്മാണ—പുനരുദ്ധാരണവർഷങ്ങളിൽ യൂറോപ്പിലേക്കും ജപ്പാനിലേക്കുമുള്ള അമേരിക്കൻ കയററുമതികളുടെ അളവ് നിശ്ചയിച്ചിരുന്നത് വിലപരിഗണനകളേയും താരിപ്പുതടസ്സങ്ങളേയും കാൾ കൂടുതൽ ജനങ്ങൾക്കു ഭക്ഷണംനൽകുന്നതിനും യുദ്ധംമൂലം നാമാവശേഷമായിത്തീർന്നിരുന്ന സമ്പദ്‌വ്യവസ്ഥകൾ വീണ്ടും ഉയർത്തിക്കൊണ്ടുവരുന്നതിനും ആവശ്യമായിരുന്ന വൻതോതിലുള്ള അമേരിക്കൻഭക്ഷണം, ഇന്ധനങ്ങൾ, മൂലധനോപകരണങ്ങൾ എന്നിവയ്ക്ക് പണം നൽകാനുള്ള കഴിവ് ആ രാജ്യങ്ങൾക്കില്ലായിരുന്നുവെന്ന വസ്തുതയാണ്. അതുപോലെതന്നെ, ലാററിൻഅമേരിക്കയിലേയും ഏഷ്യയിലേയും ആഫ്രിക്കയിലേയും അല്പവികസിതരാജ്യങ്ങളും, വേണ്ടത്ര ഡോളർ അവയുടെ കൈവശമുണ്ടെങ്കിൽ, കൂടുതൽ അമേരിക്കൻ കയററുമതിച്ചരക്കുകൾ തീർച്ചയായും വാങ്ങുമായിരുന്നു. എന്നാൽ 1950–ൽ ആരംഭിച്ച ദശകത്തിന്റെ മദ്ധ്യത്തിൽ യൂറോപ്യൻപുനരുദ്ധാരണപരിപാടി പൂർത്തിയായതോടെ, 1957–ലെ സൂയസ്‌കുഴപ്പം അവസാനിച്ചതിനുശേഷം പ്രത്യേകിച്ചും, ലോകവിപണിയിൽ അമേരിക്കൻ കയററുമതികളുടെ മാത്സര്യനില ഗണ്യമായി വ്യത്യാസപ്പെട്ടുവന്നിട്ടുണ്ട്.

യൂറോപ്യൻവ്യവസായം രണ്ടാംലോകയുദ്ധത്തിന്റെ കെടുതികളെ തരണംചെയ്തിട്ടുണ്ടെന്നുമാത്രമല്ല, ഉല്പാദനക്ഷമതയിലും ഉല്പാദനത്തിലും വ്യാവസായികോജ്ജ്വസ്വലതയിലും പുതിയ നിലവാരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഇതു് കുറേയൊക്കെ മാർഷൽപദ്ധതിക്കു കീഴിൽ അമേരിക്കൻ മനോഭാവങ്ങളിൽനിന്നും ശീലങ്ങളിൽനിന്നും പഠിച്ച പാഠങ്ങളുടെ ഫലമാണ്. ഭാഗികമായി, യൂറോപ്യൻ പൊതുവിപണിയുടെ രൂപീകരണത്തേയും അതിന്റെ പുരോഗതിയേയും തുടർന്നുള്ള ഫലമാണിതു്. യൂറോപ്യൻപൊതുവിപണി അതിന്റെ അംഗരാജ്യങ്ങളിൽ സാമ്പത്തികസാഹചര്യങ്ങൾ വിപുലപ്പെടുത്തുകയും ഉല്പാദകരുടെ മത്സരവീര്യത്തെ ഉത്തേജിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നതാണതിനു കാരണം. സ്വന്തം കയററുമതികൾ പോഷിപ്പിക്കുന്നതിനുവേണ്ടി യൂറോപ്യൻഗവമ്മെൻറുകൾ അംഗീകരിച്ച ചില പ്രത്യേക പരിപാടികളുടേയും നടപടികളുടേയും, ഒരുപക്ഷേ 1949–ലെ നാണയപരിഷ്കാരത്തിനുശേഷം, ഡോളറിനെ അപേക്ഷിച്ച് യൂറോപ്യൻകറൻസികളുടെ കൈമാററവിലയിൽ വരുത്തിയ ലഘൂകരണത്തിന്റെയും ഫലമായുമാണ് ഭാഗികമായി യൂറോപ്യൻ വ്യവസായത്തിനു് നേട്ടങ്ങളുണ്ടായിട്ടുള്ളതു്.

ഇന്നു് യൂറോപ്യൻ ഉല്പാദകന്മാർ, പ്രത്യേകിച്ചും പൊതുവിപണിയിലെ അംഗരാജ്യങ്ങളിലുള്ളവർ, യൂറോപ്പിനകത്തും ലോകത്തിന്റെ

ഇതരഭാഗങ്ങളിലും പുതിയ വിപണികൾ നേടുന്നതിന് ഊർജ്ജസ്വല മായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വിലകൾ, ഉല്പന്നഗുണം, ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കും അഭിരുചികൾക്കും ഉചിതമായ പ്രതികരണം, വില്പനയ്ക്കുശേഷമുള്ള സേവനങ്ങൾ, പകരം ഭാഗങ്ങ ളുടെ ലഭ്യത, വായ്പാസൗകര്യങ്ങൾ, കപ്പൽ ഗതാഗത-ഇൻഷുറൻസ് ചിലവുകൾ എന്നിവയിലും അന്താരാഷ്ട്രവ്യാപാരത്തിൻെറ മററു വശ ങ്ങളിലും യൂറോപ്പിലെയും ജപ്പാനിലേയും വ്യവസായികൾക്കും കയററു മതിക്കാർക്കും അമേരിക്കയിലെ വ്യവസായികളോടും കയററുമതിക്കാ രോടും മത്സരിക്കാൻ മാത്രമല്ല, കഴിഞ്ഞ ഏതാനും വർഷങ്ങളായി ചില രംഗങ്ങളിൽ മത്സരിച്ചു ജയിക്കാനും കഴിഞ്ഞിട്ടുണ്ട്.

യൂറോപ്യൻരാജ്യങ്ങളുടെയും ജപ്പാൻേറയും കയററുമതിക്കഴിവുക ളുടെ പുനരുദ്ധാരണം സ്വാഗതാർഹമായ ഒരു സംഭവവികാസമാണ്. അമേരിക്കയേക്കാൾ വളരെ കൂടുതലായി ഈ രാജ്യങ്ങൾ അവയുടെ സമ്പദ്‌വ്യവസ്ഥകളുടെ സുസ്ഥിതി നിലനിർത്തുന്നതിന് വിദേശവ്യാ പാരത്തെ ആശ്രയിക്കുന്നുണ്ട്. ജനങ്ങൾക്കു തൃപ്തികരമായ ജീവിതനി ലവാരം നൽകുന്നതിനും ലോകത്തിലെ അല്പവികസിതരാജ്യങ്ങളെ സഹായിക്കുന്നതിനുള്ള കർത്തവ്യത്തിൽ പങ്കുചേരുന്നതിനും കമ്യൂ ണിസ്റ്റ് ആക്രമണത്തിനും അട്ടിമറിക്കുമെതിരെ സ്വയം സംരക്ഷിക്കു ന്നതിനും അവയ്ക്കു കഴിയണമെങ്കിൽ അവയുടെ സമ്പദ്‌വ്യവസ്ഥക ളുടെ വളർച്ചയും വിദേശവ്യാപാരത്തിൻെറ വർദ്ധനയും തുടർന്നുകൊണ്ടിരി ക്കണം. അതുകൊണ്ടു് അവയുടെ സാമ്പത്തികപുരോഗതി അമേരി ക്കയുടെ താല്പര്യത്തിനനുസൃതമാണ്. മത്സരത്തിലേർപ്പെടുന്നതിൽ അവയ്ക്കുള്ള പുതിയ ഊർജ്ജസ്വലത, അതുപോലുള്ള നടപടികളെടു ക്കാൻ അമേരിക്കൻ ഉല്പാദകർക്ക് അതു ഉത്തേജനംനൽകുന്നേട ത്തോളം, അമേരിക്കൻ സമ്പദ്‌വ്യവസ്ഥയ്ക്കു് നേരിട്ട് മെച്ചംനേടുന്ന തിന് സഹായകവുമായേക്കും.

എന്നിരുന്നാലും, ലോകകയററുമതിവ്യാപാരത്തിൻെറ ഭാവി വളർച്ചയിൽ അമേരിക്കയ്ക്കു ഒരു പങ്കു ലഭിക്കണമെന്നതു് തുല്യപ്രാധാ ന്യമുള്ള ഒരു സംഗതിയാണ്. ലാററിൻഅമേരിക്ക, ഏഷ്യ, ആഫ്രിക്ക എന്നിവയുടെ സാമ്പത്തിക-സാമൂഹ്യവികാസത്തെ സഹായിക്കുന്ന തിനും ലോകത്തിൻെറ വിവിധഭാഗങ്ങളിലുള്ള സഖ്യരാഷ്ട്രങ്ങളു ടേയും സുഹൃൽരാഷ്ട്രങ്ങളുടേയും പ്രതിരോധപ്രവർത്തനങ്ങളെ സഹാ യിക്കുന്നതിനും അമേരിക്കയ്ക്കുള്ള കഴിവ് ദീർഘകാലാടിസ്ഥാനത്തിൽ അമേരിക്കൻ വിദേശഇടപാടുകണക്കുകളിൽ സാമാന്യമായ ഒരു സമ തുലിതാവസ്ഥ നിലനിർത്തുന്നതിനെ നേരിട്ടാശ്രയിച്ചാണിരിക്കുന്നതു്.

അമേരിക്കൻഗവമ്മെൻറിൻെറ എല്ലാവിധ സഹായപരിപാടികളുമനുസരിച്ചുള്ള തുകകൾ വിദേശരാജ്യങ്ങൾക്കു കൊടുക്കുന്നതിനും അമേരിക്കയുടെ സ്വകാര്യമൂലധനനിക്ഷേപങ്ങളും അവയിൽനിന്നു തിരിച്ചടയ്ക്കപ്പെട്ട സമ്പാദ്യങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ തട്ടിക്കഴിക്കുന്നതിനും 1957 വരെ ഇറക്കുമതികൾക്കുമീതെയുള്ള അമേരിക്കയുടെ കയററുമതിമിച്ചം മിക്കവാറും പര്യാപ്തമായിരുന്നു. അതിനുശേഷമിങ്ങോട്ട് ചരക്കുവ്യാപാരത്തിലുള്ള കയററുമതിമിച്ചം വേണ്ടത്ര ഉയന്ന നിലയിലല്ല. ഇതിനെത്തുടൎന്നുള്ള പ്രത്യാഘാതങ്ങൾ മററൊരു ഖണ്ഡികയിൽ വിശദീകരിക്കപ്പെടുന്നതാണ്. എങ്കിലും, അമേരിക്കൻ വിദേശസഹായച്ചിലവുകളിലും വിദേശസ്വകാര്യമൂലധനനിക്ഷേപത്തിലും ഒരു ഉയന്ന നിലവാരത്തിൻെറ ആവശ്യം നോക്കെത്താവുന്ന ഭാവിയിലും തുടരുന്നതാണ്. അമേരിക്കൻ കയററുമതികളും തുടൎന്നു വദ്ധിക്കുന്നില്ലെങ്കിൽ സാമ്പത്തിക-പ്രതിരോധസഹായത്തിനുള്ള ഈ അവശ്യപരിപാടികൾ തുടൎന്നു നിർവ്വഹിക്കാനുള്ള അമേരിക്കയുടെ കഴിവിനു സാരമായ ഹാനി സംഭവിച്ചേക്കാം.

പ്രശ്നം പ്രധാനമായും അമേരിക്കൻ വ്യാവസായിക ചരക്കുകയററുമതിയുടെ ഭാവിസംബന്ധിച്ചുള്ളതാണ്. ലോകത്തിൽവച്ച് ഏററവും ബൃഹത്തും ഏററവും മത്സരാധിഷ്ഠിതവുമായ അമേരിക്കൻ സമ്പദ്‌വ്യവസ്ഥയ്ക്കകത്തു പ്രവത്തിക്കുന്നതിനുള്ള സങ്കേതങ്ങൾ വിജയകരമായി സ്വാധീനമാക്കിയിട്ടുള്ള ചില അമേരിക്കൻവ്യവസായികൾക്ക് ലോകവിപണിയുടെ യുക്തമായ ഒരു പങ്കിനുവേണ്ടിയുള്ള മത്സരത്തിൽ പ്രയാസങ്ങളുള്ളതായി തോന്നുന്നതെന്തുകൊണ്ട്? ഈ അപാംഗത്യത്തിനു പല വ്യാഖ്യാനങ്ങളുമുണ്ടാകാം.

മുൻകാലങ്ങളിൽ മൂലധനസാന്ദ്രതയ്ക്കു പ്രാധാന്യമുണ്ടായിരുന്ന മിക്കവാറും അമേരിക്കൻവ്യവസായങ്ങളുടെ ഉല്പാദനക്ഷമത യൂറോപ്പിലേയും ജപ്പാനിലേയും പ്രയത്നസാന്ദ്രതയ്ക്കു പ്രാധാന്യമുണ്ടായിരുന്ന വ്യവസായങ്ങളുടേതിനേക്കാൾ അനേകം മടങ്ങ് ഉയന്നതായിരുന്നു. തന്മൂലം കൂലിച്ചിലവുകളിലുള്ള വ്യത്യാസം അഗണ്യമായിരുന്നു. യൂറോപ്യൻരാജ്യങ്ങളിലെയും അതിലുംകൂടുതൽ ജപ്പാനിലേയും കൂലിത്തോതുകൾ കഴിഞ്ഞദശകത്തിൽ ഉയൎന്നുകൊണ്ടിരുന്നപ്പോൾതന്നെ പുതിയ യന്ത്രോപകരണങ്ങളിലുള്ള നിക്ഷേപവും കൂടുതൽ കാര്യക്ഷമമായ മേലന്വേഷണ-വിതരണരീതികൾ ഏർപ്പെടുത്തലും ഈ രാജ്യങ്ങളിൽ കൂടുതൽ വേഗത്തിൽ വദ്ധിച്ചുകൊണ്ടാണിരുന്നത്. തൽഫലമായി ഉല്പാദനക്ഷമതകളിലുള്ള വ്യത്യാസം ചുരുങ്ങിവന്നു. ചില വ്യവസായങ്ങളിൽ വ്യത്യാസം തീരെ ഇല്ലാതായിട്ടുമുണ്ട്. വ്യവസായത്തിൽ പുതിയ മൂലധനനിക്ഷേപത്തിൻെറ ഒരു ഉയന്ന നിരക്ക് യൂറോപ്പിൽ

തുടൻറം ഉണ്ടായിക്കൊണ്ടിരിക്കുന്നപക്ഷം കൂലിച്ചിലവുകളിലുള്ള വ്യത്യാസം, അതു തുടൻറം കുറഞ്ഞുകൊണ്ടിരിക്കുന്ന സ്ഥിതിയിൽമാത്രമാണെങ്കിൽപോലും കയററുമതിവിപണികളിൽ അമേരിക്കയുടെ വ്യാവസായികോല്പന്നങ്ങൾക്ക് മത്സരവില നിശ്ചയിക്കുന്നകാര്യത്തിൽ കൂടുതൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കാനിടയുണ്ട്.

പല അമേരിക്കൻ കമ്പനികൾക്കും അവയുടെ കയററുമതി ബിസിനസ്സിനോടുള്ള മനോഭാവമാണ് പ്രസ്തുത അസാംഗത്യത്തിനു കാരണമായ മറെറാരു ഘടകം. ബഹുഭൂരിപക്ഷം അമേരിക്കൻ വ്യാവസായികസ്ഥാപനങ്ങളേയും സംബന്ധിച്ചേടത്തോളം അവയുടെ കയററുമതികൾ മൊത്തം വില്പനകളുടെ ഒരു നേരിയ അംശംമാത്രമേ ആകുന്നുള്ളു. അതിനാൽ, കയററുമതിവിഭാഗത്തിലെ ഉദ്യോഗസ്ഥന്മാരുടെ കഴിവ്, വിപണനകാര്യക്ഷമത എന്നിവയുടെ കാര്യത്തിൽ അഭ്യന്തരവിപണനത്തിനു ചുമതലപ്പെട്ടവരിൽ ചെലുത്തുന്നതിനേക്കാൾ കുറവു ശ്രദ്ധപതിപ്പിക്കാനുള്ള ഒരു പ്രവണതയാണുണ്ടായിട്ടുള്ളതു്. മുൻനിന്നപ്രവത്തനത്തിനും പ്രവത്തനപരമായ വ്യതിയാനങ്ങൾക്കുമുള്ള സ്വാതന്ത്ര്യത്തിൽ കയററുമതിവിഭാഗങ്ങൾക്ക് മാനേജുമെൻറുകൾ നൽകുന്ന അധികാരവും അഭ്യന്തരവിപണനവിഭാഗങ്ങൾക്കുള്ളതിനേക്കാൾ വളരെ ചുരുങ്ങുന്നമട്ടാണ്. പുറമേ, സ്വന്തം അഭ്യന്തരവിപണിയുടെ സ്വഭാവത്തെ രൂപപ്പെടുത്തുന്ന സാമ്പത്തിക-സാംസ്കാരിക സാഹചര്യങ്ങളുമായി അമേരിക്കക്കാർ സ്വാഭാവികമായും മററു രാജ്യങ്ങളിലെ സാഹചര്യങ്ങളുമായുള്ളതിനേക്കാൾ കൂടുതൽ പരിചിതരാണ്.

കയററുമതിവിപണികളിലെ വദ്ധിച്ച മാത്സര്യത്തേയും യൂറോപ്പിലും ജപ്പാനിലുമുള്ള പുതിയ, ആകഷകമായ നിക്ഷേപസൗകര്യങ്ങളേയും തുടൻ് ഉല്പന്നങ്ങൾ വിദേശത്തു ഉൽപാദിപ്പിക്കുന്നതിനുള്ള ഒരു പ്രവണതയും നിരവധി അമേരിക്കൻകമ്പനികൾക്കുണ്ടായിട്ടുണ്ട്. ചില ഉൽപന്നങ്ങളുടെ കാര്യത്തിൽ അമേരിക്കൻ കമ്പനികൾ യൂറോപ്പിൽ അവയുടെതന്നെ വ്യവസായശാലകൾ സ്ഥാപിച്ചിട്ടുണ്ട്. മററുചില ഉൽപന്നങ്ങളുടെ കാര്യത്തിൽ അമേരിക്കൻകമ്പനികൾ നിലവിലുള്ള യൂറോപ്യൻസ്ഥാപനങ്ങളുമായി പങ്കാളിത്തത്തിലേപ്പെടുകയോ, അല്ലെങ്കിൽ ലൈസൻസ് കരാറുകളിലേപ്പെടുകയോ ചെയ്തിട്ടുണ്ട്. യൂറോപ്യൻ പൊതുവിപണിയുടേയും ബന്ധപ്പെട്ട രാജ്യങ്ങളുടേയും താരിപ്പുതടസ്സങ്ങൾക്കകത്തുതന്നെ പ്രവത്തിക്കുന്നതിൻെറ മെച്ചങ്ങൾ ഈ കമ്പനികൾക്കു ലഭിക്കുന്നതിനുപുറമേ, യൂറോപ്പിലുൽപാദിപ്പിക്കപ്പെടുന്ന ചരക്കുകളുടെ ഉൽപാദനച്ചിലവിലുള്ള കുറവ് ഉപയോഗപ്പെടുത്തി കൂടുതൽ സൗകര്യപൂവ്വം ലോക

ത്തിൻെറ മററുഭാഗങ്ങളിലേക്ക് ചരക്കുകൾ കയററുമതിചെയ്യാൻ അവയ്ക്കു കഴിയുന്നുമുണ്ട്. ഇതിനുപുറമേ, പല അമേരിക്കൻകമ്പനികളും, മുമ്പ് അമേരിക്കയിൽനിന്നും കയററുമതിചെയ്യപ്പെട്ടിരുന്ന ചരക്കുകൾ ഉൽപാദിപ്പിക്കുന്നതിനുവേണ്ടി അൽപവികസിതരാജ്യങ്ങളിൽ സ്വന്തം വ്യവസായശാഖകളോ സഹായകമ്പനികളോ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. അമേരിക്കയിൽനിന്നു പതിവായി കയററിഅയയ്ക്കപ്പെടുന്ന യന്ത്രഭാഗങ്ങളുടേയും ഘടകങ്ങളുടേയും അർദ്ധസംസ്കൃതപദാർത്ഥങ്ങളുടേയും അവസാന കൂട്ടിയിണക്കൽപ്രവർത്തനങ്ങളോ പൂർത്തീകരണപ്രവർത്തനങ്ങളോ നടത്തുകയാണ് പലപ്പോഴും ഈ സ്ഥാപനങ്ങൾ ചെയ്യുന്നതു്. കഴിഞ്ഞ ദശകത്തിൽ അമേരിക്കൻ കയററുമതികളിൽ ഈ വിഭാഗത്തിലുണ്ടായിട്ടുള്ള സത്വരമായ വളർച്ച്യ്ക്ക് ഭാഗികമായി കാരണമായ ഒരു പ്രവണതയാണിതു്.

അവസാനമായി, അമേരിക്കൻവ്യാവസായിക ചരക്കുകൾക്കെതിരെ പല രാജ്യങ്ങളും തുടൻ പുലർത്തിവരുന്ന വിവേചനവും പ്രത്യേകം പ്രസ്താവ്യമാണ്. ചില ഇനങ്ങളിൽ താരിപ്പുതടസ്സങ്ങൾ നിരോധകമാംവിധം ഉയൻതന്നെയിരിക്കുന്നു. മററു ചിലതിൽ, ക്വാട്ടാനിയന്ത്രണങ്ങളോ വിദേശനാണയകൈമാററനിയന്ത്രണങ്ങളോ ആണ് അമേരിക്കനുല്പന്നങ്ങൾക്കെതിരെ വിവേചനത്തിനുള്ള പ്രധാന കരുക്കൾ. യൂറോപ്പിൻെറയും ജപ്പാൻെറയും സാമ്പത്തികപുനരുദ്ധാരണം, നാണയപരിവർത്തനസാദ്ധ്യതയുടെ ഗണ്യമായ ഉദ്ധാരണം, അതിലുംകുറഞ്ഞ വ്യാപ്തിയിൽ വ്യാപാരക്കരാർ പരിപാടിയനുസരിച്ച് പരസ്പരമുള്ള താരിപ്പുലഘൂകരണങ്ങൾ എന്നിവയെത്തുടൻ് ഇത്തരം വിവേചനങ്ങൾ സമീപവർഷങ്ങളിൽ ഗണ്യമായി ലാഘവപ്പെട്ടിട്ടുണ്ട്. എങ്കിലും അല്പവികസിതരാജ്യങ്ങളിലും പശ്ചിമയൂറോപ്പിലും ഗണ്യമായ വിവേചനം ഇപ്പോഴും അവശേഷിക്കുന്നു. വിദേശനാണയദൗർലഭ്യവും വളൻവരുന്ന സ്വന്തം "ശിശുവ്യവസായങ്ങ"ളെ സംരക്ഷിക്കുന്നതിനുള്ള താല്പര്യവുമാണ് അല്പവികസിതരാജ്യങ്ങളുടെ വിവേചനത്തിനു കാരണം. പശ്ചിമയൂറോപ്പിൽ സംരക്ഷണകാരണങ്ങളെ മുൻനിത്തിയും, ഒരുവശത്തു് പൊതുവിപണിരാജ്യങ്ങൾക്കിടയിലുള്ള വ്യാപാരത്തിലെ ഇടിഞ്ഞുകൊണ്ടിരിക്കുന്ന നിരക്കുകളും മറുവശത്തു് ലോകത്തിൻെറ ഇതരഭാഗങ്ങളിൽനിന്നുള്ള അവയുടെ ഇറക്കുമതികളുടെ നിരക്കുകളും തമ്മിലുള്ള വ്യത്യാസത്തെ തുടൻുള്ള ഫലമായുമാണ് ഇത്തരം വിവേചനങ്ങൾ പുലർത്തപ്പെടുന്നതു്.

ഇവയും മററു ഘടകങ്ങളുംചേൻ് സമീപവർഷങ്ങളിൽ അമേരിക്കയുടെ നിർമ്മാണം പൂർത്തിയായ വ്യാവസായിക ചരക്കുകയററുമതി

കളുടെ വളച്ച്നിരക്ക് അപൎയ്യാപ്തമാക്കിത്തീൎത്തിട്ടുണ്ട്. ഇവയിൽ ചില സംഭവവികാസങ്ങൾ അഭേദ്യമോ അല്ലെങ്കിൽ മുമ്പ് സൂചിപ്പിച്ചതുപോലെ അഭിലഷണീയമോ തന്നെയായ ജീവിതസത്യങ്ങളാണ്. എന്നാൽ മററുള്ളവയുടെ കാൎയ്യത്തിൽ പ്രവൎത്തിക്കാൻ സന്നദ്ധതയും ഊൎജ്ജസ്വലതയുമുണ്ടെങ്കിൽ അവയുടെ പരിഹാരം അമേരിക്കൻ വ്യവസായത്തിൻെറ കഴിവിൽപെട്ടതാണ്. സ്വന്തം അഭ്യന്തരവിപണിയുടെ മത്സരസ്വഭാവം നേരിടാനുള്ള കഴിവ് ബഹുഭൂരിപക്ഷം അമേരിക്കൻവ്യവസായികൾക്കുമുള്ളനിലയ്ക്ക്, വിദേശത്തെ വൎദ്ധിച്ച മാത്സൎയ്യത്തെ നേരിടുന്നതിനാവശ്യമായ നടപടികൾ അവർ യഥാകാലം എടുക്കുമെന്നകാൎയ്യത്തിൽ സംശയത്തിനവകാശമില്ല. കയററുമതിവിഭാഗങ്ങളിലെ ഉദ്യോഗസ്ഥന്മാരേയും പ്രവൎത്തനരീതിയേയും മെച്ചപ്പെടുത്തുന്നതിനും വളരെക്കൂടുതൽ ഊൎജ്ജസ്വലതയോടും ഭാവനയോടുംകൂടി കയററുമതിവിപണിവികസനപ്രവൎത്തനങ്ങളിലേർപ്പെടാനും അമേരിക്കൻബിസിനസ്സ്സ്ഥാപനങ്ങൾക്ക തീൎച്ചയായും കഴിവുണ്ട്. അമേരിക്കൻ സമ്പദ്വ്യവസ്ഥയിൽ കൂടുതൽ പൎയ്യാപ്തമായ ഒരു വളൎച്ച്നിരക്ക നേടുന്നതിനു വൎദ്ധമാനമായ വ്യാവസായികോല്പാദനക്ഷമതയും ആവശ്യമാണ്. അമേരിക്കയിലെ വ്യവസായമാനേജുമെൻറിനും തൊഴിലാളികൾക്കും കൂടുതൽ ഉത്തരവാദിത്വബോധം ഉണ്ടാകുന്നതു് അമേരിക്കൻ ഉല്പാദനച്ചിലവുകളും വിലനിരക്കുകളും ലോകവിപണിയിലെ പ്രതിയോഗികളുടേതുമായി വളരെയേറെ പൊരുത്തമില്ലാതാകുന്നതു തടയാൻ സഹായകമാകും. കൂടാതെ, അമേരിക്കൻഗവമ്മെൻറ് ഈയിടെ വ്യാവസായികചരക്കുകളുടെ കയററുമതികൾ പ്രോത്സാഹിപ്പിക്കുന്നതിലേക്ക് അതിൻെറ നയങ്ങളും പരിപാടികളും മെച്ചപ്പെടുത്താൻ തുടങ്ങിയിട്ടുമുണ്ട്. വിദേശസഹായഗ്രാൻറുകളും വായ്പകളും നൽകുന്നതിനേ അമേരിക്കൻചരക്കുകളും സേവനങ്ങളും നിശ്ചിതതോതിൽ വാങ്ങുന്നതുമായി ബന്ധിച്ചുകൊണ്ടായിരുന്നു ഇതുവരെ ഗവമ്മെൻറ് നേരിട്ടുനൽകിയിട്ടുള്ള അധികം സഹായവും. വിദേശവിപണികളിൽ അമേരിക്കൻ ഉല്പന്നങ്ങൾക്കു പ്രചരണംനൽകുന്നതിനും വിവിധരീതികളിൽ അമേരിക്കൻ കയററുമതിക്കാരെ സഹായിക്കാനും കൂടുതൽ ശക്തിമത്തായ ഒരു കയററുമതിവികസനപരിപാടിക്കുവേണ്ടി ഗവമ്മെൻറിൻെറ വാണിജ്യവകുപ്പിനു് ഈയ്യിടെയായി കൂടുതൽതുകകൾ കോൺഗ്രസ് അനുവദിച്ചുവരുന്നുണ്ട്. വിദേശത്തെ ക്രേതാക്കൾക്ക് അമേരിക്കൻകയററുമതിക്കാർ അനുവദിക്കാവുന്ന വാണിജ്യവായ്പ വൎദ്ധിപ്പിക്കുന്നതിനും അതിനു സംരക്ഷണംനൽകാനുമുള്ള നിൎദ്ദേശങ്ങൾ പരിഗണനയിലുണ്ട്. ഇത്തരം കാൎയ്യങ്ങളിൽ യൂറോപ്യൻഗവമ്മെൻറുകളും ജപ്പാൻ

ഗവമ്മെൻറും അവരുടെ കയററുമതിക്കാക്ക് നിരവധികൊല്ലങ്ങളായി നൽകിവരുന്ന ചിലതരം സഹായങ്ങൾ അമേരിക്കൻഗവമ്മെൻറും നൽകാൻ തുടങ്ങുകയാണ്.

അമേരിക്കൻവ്യാവസായികചരക്കുകളുടെ കയററുമതിക്ക് ഉത്തേജനംനൽകുന്ന പ്രശ്നം താരതമ്യേന സമീപകാലത്ത് ഉയൎന്നുവന്നതാണ്. എന്നാൽ അമേരിക്കൻകയററുമതികളുടെ മററൊരുവിഭാഗത്തിൻെറ—കാൎഷികപദാൎത്ഥങ്ങളുടെ—കാൎയ്യം ഗവമ്മെൻറും ഉല്പാദകരും വളരെക്കാലമായി നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്. സ്വന്തം ഉയൎന്ന ജീവിതനിലവാരംപുലൎത്താൻ ആവശ്യമുള്ളതിൽ കവിഞ്ഞ ഗോട്ടിധാന്യങ്ങളും മററു ഭക്ഷ്യധാന്യങ്ങളും, കാലിത്തീററി, പരുത്തി, പുകയില, കായ്കനികൾ എന്നിവയും മററു കാൎഷികോല്പന്നങ്ങളും അമേരിക്ക ഉല്പാദിപ്പിക്കുന്നുണ്ട്. അമേരിക്കയിൽ ആവശ്യം കഴിച്ചു മിച്ചംവരുന്ന ഉല്പന്നങ്ങൾ വാങ്ങുന്നകാൎയ്യത്തിൽ മററു രാജ്യങ്ങളുടെ സന്നദ്ധതയില്ലായ്മയോ കഴിവില്ലായ്മയോ ആണു വൈഷമ്യം. പശ്ചിമയൂറോപ്പിൽ ഏറെക്കാലമായി ഏററവുംകൂടുതൽ സംരക്ഷണം ലഭിച്ചുവരുന്ന സാമ്പത്തികപ്രവൎത്തനങ്ങളിലൊന്നാണ് കൃഷി. സ്വന്തം ഉല്പാദനവും മററുരാജ്യങ്ങളിൽനിന്ന് മുൻഗണനാകരാറുകളനുസരിച്ചു വാങ്ങുന്നതും ചേൎത്തതിനുശേഷവും പോരാതെവരുന്ന ഭാഗം തികയ്ക്കുന്നതിന്നാവശ്യമായേടത്തോളം മാത്രമാണ് യൂറോപ്യൻ രാജ്യങ്ങൾ അമേരിക്കൻ കാർഷികോല്പന്നങ്ങൾ ഇറക്കുമതിചെയ്യുന്നത്. ജനസംഖ്യയുടെ വളൎച്ച അഭ്യന്തരഭക്ഷ്യോല്പാദനനിലവാരത്തെ അതിക്രമിച്ചിട്ടുള്ള ലോകത്തിലെ അല്പവികസിതഭാഗങ്ങളിൽ, പ്രത്യേകിച്ചും തെക്കുകിഴക്കനേഷ്യയിലും ലാററിൻഅമേരിക്കയിലും, ഏററവുംകുറഞ്ഞ ജീവസന്ധാരണനിലവാരത്തിനുമീതേ ഉപഭോഗം ഉയൎത്തുന്നതിനും, ചില രാജ്യങ്ങളിൽ ജീവസന്ധാരണനിലവാരംതന്നെ സാദ്ധ്യമാക്കുന്നതിനും കൂടുതൽ ഭക്ഷ്യധാന്യഇറക്കുമതികൾ ഗണ്യമായി ആവശ്യമാണ്. ആവശ്യം തീക്ഷ്ണമാണെങ്കിലും, അമേരിക്കൻകാൎഷികോല്പന്നങ്ങൾ വാങ്ങുന്നതിനുവേണ്ട വിദേശനാണയവും ഭക്ഷണമാവശ്യമുള്ള ജനങ്ങൾക്ക് അതു വാങ്ങാൻ കഴിവുനൽകുന്ന അഭ്യന്തരക്രയശേഷിയും ഈ രാജ്യങ്ങൾക്കില്ല.

പല അല്പവികസിതരാജ്യങ്ങൾക്കും അവയുടെ ഭക്ഷ്യഇറക്കുമതികളിലുള്ള അപൎയ്യാപ്തത നികത്തുന്നതിനുവേണ്ടി അമേരിക്ക ഗ്രാൻറുകളായും അതതു രാജ്യങ്ങളുടെതന്നെ നാണ്യങ്ങളിൽ വില നൽകുന്നതിനുള്ള വ്യവസ്ഥകളിന്മേൽ വായ്പകളായും ധാരാളം അമേരിക്കൻ കാൎഷികഭക്ഷ്യധാന്യമിച്ചങ്ങൾ ലഭ്യമാക്കുന്നുണ്ട്. അടുത്തകാലത്തു പുനസ്സംഘടിപ്പിക്കപ്പെട്ട, "സമാധാനത്തിനുവേണ്ടി ഭക്ഷണം" എന്ന

ഈ പരിപാടി പല രാജ്യങ്ങളേയും അവയുടെ അപര്യാപ്തമായ പോഷകാഹാരനിലവാരങ്ങൾ മെച്ചപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്. എന്നാൽ ഈ രാജ്യങ്ങളിലേക്കുള്ള അമേരിക്കൻകാർഷികോല്പന്നങ്ങളുടെ വൻതോതിലുള്ള കയററുമതി ചിലപ്പോൾ മററുരാജ്യങ്ങളുടെ സാധാരണഗതിയിലുള്ള വാണിജ്യകയററുമതികൾക്കു പ്രതിബന്ധമായിത്തീരുന്നു. മാത്രമല്ല, തദ്ദേശനാണയനിധികൾ ക്രമാതീതമായി കൂടുന്നതു് അവയുടെ യുക്തമായ ഉപയോഗവും നാണ്യവീർപ്പും സംബന്ധമായ ഗുരുതരപ്രശ്നങ്ങൾ ഉയർത്തുന്നുമുണ്ട്. ഈ ശതകത്തിലെ അവശേഷിക്കുന്ന വർഷങ്ങളിൽ ഉണ്ടാകാവുന്ന ലോകജനസംഖ്യാവർദ്ധനവിൻെറ വെളിച്ചത്തിൽ അമേരിക്കൻകാർഷികരംഗത്തിൻെറ നിസ്തുലമായ ഉൽപ്പാദനക്ഷമത മനുഷ്യരാശിക്കാകെ അനുഭവിക്കാവുന്ന ഒരു പ്രധാന ആസ്തിയാണ്. വിതരണപ്രശ്നമാണ്, അതായതു് വേണ്ടത്ര ക്രയശേഷിയില്ലാത്ത രാജ്യങ്ങൾക്കു വർദ്ധമാനമായതോതിൽ ആവശ്യമായിവരുന്ന ഇറക്കുമതി ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിനു് എങ്ങിനെ കഴിവുണ്ടാക്കാമെന്ന പ്രശ്നമാണ് പരിഹരിക്കപ്പെടേണ്ടതായിട്ടുള്ളതു്. "സമാധാനത്തിനുവേണ്ടി ഭക്ഷണം" എന്ന പരിപാടി ഈ പ്രശ്നത്തിൻെറ പരിഹാരത്തിലേക്കുള്ള ഒരു ചുവടുവെപ്പാണ്. എന്നാൽ വരുംവർഷങ്ങളിൽ ഇനിയും വളരെക്കൂടുതൽ പുരോഗതി നേടേണ്ടതാവശ്യമാണ്.

ചുരുക്കത്തിൽ വരുന്ന ദശകത്തിൽ ലോകത്തിൻെറ ഇതരഭാഗങ്ങളിലേയ്ക്കു് കയററുമതി വർദ്ധിപ്പിക്കുന്നതിനുള്ള അമേരിക്കയുടെ കഴിവു് ഭാഗികമായി സ്വകാര്യവിഭാഗത്തിൻെറ നടപടികളേയും ഒരുഭാഗം അമേരിക്കൻഗവൺമെൻറു് എടുക്കാൻ തയ്യാറുള്ളതും എടുക്കാൻ കഴിയുന്നതുമായ നയങ്ങളുടെയും പരിപാടികളുടെയും തരങ്ങളേയും ആശ്രയിച്ചാണിരിക്കുന്നതു്. അമേരിക്കൻ കയററുമതികൾ, പ്രത്യേകിച്ചും വ്യാവസായികോല്പന്നങ്ങളുടെ കയററുമതികൾ, ലോകവിപണിയുടെ വളർച്ചയുടെ ഏറെക്കുറെ സമീകൃതമായൊരനുപാതത്തിൽ വർദ്ധിക്കണമെങ്കിൽ ഡോളർമേഖലയിൽനിന്നുള്ള ചരക്കുകൾക്കെതിരെയുള്ള അവശിഷ്ടവിവേചനം, തീരെ ഉപേക്ഷിക്കുന്നില്ലെങ്കിൽക്കൂടി, ലഘൂകരിക്കാനെങ്കിലും മററു ഗവൺമെൻറുകളെ പ്രേരിപ്പിക്കുന്നതിന്നു് അമേരിക്കൻഗവൺമെൻറു് കൂടുതൽ തീവ്രമായി യത്നിക്കേണ്ടിതായിവരും. അന്താരാഷ്ട്രവ്യാപാരത്തിൻെറ മെച്ചങ്ങളിൽ സമീകൃതമായ പങ്കു ലഭിക്കുകയും പ്രതികൂലഫലങ്ങൾ കഴിയുന്നത്ര കുറയ്ക്കുകയും ചെയ്യാൻ കഴിയുന്നതിന്നു് അമേരിയ്ക്കകത്തും മററു രാജ്യങ്ങളുമായി സഹകരിച്ച് വിദേശത്തും പുതിയ സമീപനങ്ങൾ ആവശ്യമാണ്.

സ്വകാര്യനിക്ഷേപകരെ സംബന്ധിച്ചേടത്തോളം മൂലധനം വിദേശത്തു നിക്ഷേപിക്കുന്നതിന്റെ ആവശ്യമോ അതിനുള്ള പ്രവണതയോ, 1914-നുമുമ്പ് ബ്രിട്ടീഷുകാൎക്കുണ്ടായിരുന്നതുപോലെയുള്ള തോതിൽ ആപേക്ഷികമായി അമേരിക്കയിൽ ഒരിക്കലും ഉണ്ടായിട്ടില്ല. 19-ാംശതകത്തിന്റെ മദ്ധ്യത്തോടെ ബ്രിട്ടീഷ്സമ്പദ്വ്യവസ്ഥ അഭ്യന്തരമായ ഭക്ഷ്യ-അസംസ്കൃതപദാൎത്ഥലഭ്യതയുടെ അടിത്തറ അനുവദിക്കുന്നതിലും വളരെക്കൂടുതൽ ഉയൎന്നുകഴിഞ്ഞിരുന്നു. പ്രഥമമായി സ്വന്തം വ്യവസായങ്ങൾക്കുവേണ്ടിയും പിന്നീട് മററു രാജ്യങ്ങളുടെ വ്യവസായങ്ങൾക്കുവേണ്ടിയും അസംസ്കൃതപദാൎത്ഥങ്ങളുടെ വിദേശലഭ്യത വികസിപ്പിക്കുന്നതിലേയ്ക്കു് കൂടുതൽ കൂടുതൽ തുകകൾ നിക്ഷേപിക്കുന്നതും ആവശ്യമായിരുന്നു. പല രീതികളിലുമുള്ള അഭ്യന്തരമൂലധനനിക്ഷേപത്തേയും അപേക്ഷിച്ച് കൂടുതൽ ഉയൎന്ന ലാഭം ആൎജ്ജിക്കാനുള്ള സൗകൎയ്യങ്ങൾ ഈ ആവശ്യങ്ങൾ നൽകിയതിനെത്തുടൎന്ന് ലണ്ടൻനാണയവിപണിയിലൂടെ ബ്രിട്ടീഷ്നിക്ഷേപകരിൽനിന്നു മാത്രമല്ല, മററു യൂറോപ്യൻരാജ്യങ്ങളിലെ ധനികരായ വ്യക്തികളിൽ നിന്നും മൂലധനനിധികൾ വിദേശത്തേയ്ക്കു് ഒഴുകുകയുണ്ടായി. സൎവ്വവ്യാപിയായിരുന്ന ബ്രിട്ടീഷ്നാവികസേനയുടെ സംരക്ഷണത്തിൻ കീഴിൽ 19-ാംശതകത്തിലെ ശാന്തമെന്നു തോന്നിയ ലോകാന്തരീക്ഷത്തിൽ വിദേശനിക്ഷേപങ്ങൾ തദ്ദേശനിക്ഷേപങ്ങളേക്കാൾ കൂടുതൽ നഷ്ടസംഭവ്യതയുള്ളതാണെന്നു വിശ്വസിക്കപ്പെട്ടിരുന്നില്ല.

ഇന്ന് അമേരിക്കൻനിക്ഷേപകൎക്ക് അഭ്യന്തരരംഗത്തുതന്നെ ലാഭകരമായ നിക്ഷേപങ്ങൾക്ക് ധാരാളം സൗകൎയ്യങ്ങളുണ്ട്. വിദേശത്ത് കാൎഷിക-അസംസ്കൃതപദാൎത്ഥങ്ങൾ ലഭിക്കാവുന്ന തുറകൾ വികസിപ്പിക്കുന്നതിനുള്ള ആവശ്യകത ധാതുക്കൾ, ലോഹങ്ങൾ, ഉഷ്ണമേഖലയിലെ കാൎഷികോല്പന്നങ്ങൾ എന്നീ താരതമ്യേന കുറവിനങ്ങളിൽ മാത്രമാണ് ഇപ്പോഴുമുള്ളതു്. കൂടുതൽ പ്രധാനമായി, തദ്ദേശനിക്ഷേപത്തിനുള്ള സുരക്ഷിതത്വം വിദേശത്തു നിക്ഷേപിക്കപ്പെടുന്ന മൂലധനത്തിനുള്ളതിനേക്കാൾ വളരെയേറെയാണ്. യുദ്ധം, വിപ്ലവം, തീവ്രദേശീയത എന്നിവയിലുള്ള അപായങ്ങളോടൊപ്പം ചരക്കുകളുടേയും പണത്തിന്റേയും സ്വതന്ത്രമായ പ്രവാഹത്തിൽ നിലവിലുള്ള നിയന്ത്രണങ്ങൾകൂടി ചേൎന്ന് സ്വന്തം നിധികൾ വിദേശത്തു നിക്ഷേപിക്കുന്നതിൽ സ്വകാര്യനിക്ഷേപകരെ നിരുത്സാഹപ്പെടുത്തുന്നുണ്ട്. വിദേശത്തെ അമേരിക്കൻസ്വകാര്യനിക്ഷേപം മറേറതൊരു രാജ്യക്കാരുടേതിനേക്കാളും കൂടുതലാണെങ്കിലും തങ്ങളുടെ

സാമ്പത്തികവളർച്ച ത്വരിപ്പിക്കാൻ ഇപ്പോൾ പാടുപെടുന്ന അനേകം രാഷ്ട്രങ്ങളുടെ മൊത്തം മൂലധനാവശ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ അതു വളരെ ലഘുവാണ്.

സ്വകാര്യ അമേരിക്കൻവിദേശനിക്ഷേപത്തിന്റെ ഏറിയ ഭാഗവും കനഡയിലും ലാററിൻഅമേരിക്കയിലുമാണ്, പ്രത്യേകിച്ചും പെട്രോളിയംവ്യവസായത്തിലും ചരക്കുല്പാദനവ്യവസായങ്ങളിലും വിദേശത്തു മൂലധനം നിക്ഷേപിക്കുന്നതിന് അമേരിക്കക്കൊൾള്ള പ്രേരണകളുടെ പരിമിതിയും നിക്ഷേപത്തിന് പശ്ചിമാർദ്ധഗോളത്തിൽ താരതമ്യേന കൂടുതലുള്ള സുരക്ഷിതത്വവും ഈ കേന്ദ്രീകരണം വ്യക്തമായി തെളിയിക്കുന്നുണ്ട്. മററുള്ളയിടങ്ങളിലും, മദ്ധ്യപൂർവദേശത്ത് പ്രധാനമായും പെട്രോളിയം വ്യവസായത്തിലും, പശ്ചിമയൂറോപ്പിൽ പ്രത്യേകിച്ചും പൊതുവിപണിയുടെ പുരോഗതിയെത്തുടർന്ന് ചരക്കുല്പാദനവ്യവസായങ്ങളിലും സ്വകാര്യഅമേരിക്കൻനിക്ഷേപം കേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണ്.

രണ്ടാംലോകയുദ്ധത്തിനുശേഷം വിദേശത്ത് കൂടുതൽ അമേരിക്കൻസ്വകാര്യനിക്ഷേപത്തിന് ഉത്തേജനം നൽകാൻ അമേരിക്കൻ

പട്ടിക – 16

അമേരിക്കയിലെ സ്വകാര്യവിഭാഗം വിദേശത്തു നേരിട്ടു നടത്തുന്ന മൊത്തം മൂലധനനിക്ഷേപം, 1960-ൽ

| വ്യവസായം | കനഡ | ലാററിൻ അമേരിക്ക | പശ്ചിമ യൂറോപ്പ് | മററു രാജ്യങ്ങൾ | ആകെ | വ്യവസായത്തിന്റെ ശതമാനനിരക്ക് |
|---|---|---|---|---|---|---|
| | (100 കോടി ഡോളർകണക്കിൽ) | | | | | |
| പെട്രോളിയം | 2 7 | 3 3 | 1·7 | 3·3 | 10.9 | 33 |
| ഖനനവും അയിർ പാകപ്പെടുത്തലും | 1·3 | 1 3 | (1) | ·3 | 3·0 | 9 |
| ചരക്കുല്പാദനം | 4 8 | 1·6 | 3 8 | 1 0 | 11·2 | 34 |
| വ്യാപാരം | ·6 | ·8 | ·7 | .3 | 2·4 | 8 |
| പൊതുജനോപയോഗസേവനങ്ങൾ | ·6 | 1 2 | (1) | ·7 | 2·5 | 8 |
| പലവക | 1.1 | 1·1 | ·3 | ·2 | 2·7 | 8 |
| ആകെ | 11.2 | 9·2 | 6 6 | 5·7 | 32·7 | 100 |
| ശതമാനനിരക്ക് പ്രദേശാടിസ്ഥാനത്തിൽ | 34 | 28 | 20 | 18 | 100 | |

(1) 500 ലക്ഷം ഡോളറിൽ താഴെ.

കുറിപ്പ്—ഭിന്നിതങ്ങൾ ഒഴിവാക്കിയിട്ടുള്ളതുകൊണ്ട് വിശദമായ കണക്കുകൾ മൊത്തം തുകയുമായി യോജിച്ചുകൊള്ളണമെന്നില്ല.

*Source:* U. S. Department of Commerce, Survey of Current Business, August 1961.

ഗവമ്മെൻറ് പല രീതികളിലും ശ്രമിച്ചിട്ടുണ്ട്. പ്രത്യേക നികുതി ആനുകൂല്യങ്ങൾ നൽകുക, സമ്പാദ്യങ്ങളും മൂലധനവും ഡോളറാക്കി മാററുന്നതിനുള്ള ഉറപ്പ്, വിദേശത്തെ നിക്ഷേപസൗകര്യങ്ങളിൽ താല്പര്യമുള്ളവക്കുവേണ്ടി വിജ്ഞാനവിതരണസൗകര്യങ്ങൾ എന്നിവ ഇവയിലുൾപ്പെടുന്നു. ഇവയ്ക്കുപുറമേ ഗവമ്മെൻറ് മററുരാജ്യങ്ങളുമായി നിക്ഷേപക്കരാറുകളുണ്ടാക്കിയിട്ടുമുണ്ട്. ഓരോ രാജ്യവും മററു രാജ്യങ്ങളിൽനിന്നുള്ള നിക്ഷേപകക്ക് പെരുമാററസമത്വം നൽകാനും സമ്പാദ്യങ്ങളിന്മേൽ നികുതിഇരട്ടിപ്പ് ഒഴിവാക്കാനും സ്ഥാപനങ്ങൾ കണ്ടുകെട്ടപ്പെടുകയോ ദേശവൽക്കരിക്കപ്പെടുകയോ ചെയ്യുന്നപക്ഷം യുക്തമായ നഷ്ടപരിഹാരം നൽകാനും ഈ കരാറനുസരിച്ച് രാജ്യങ്ങൾ പ്രതിജ്ഞചെയ്യുന്നു. എങ്കിലും ഇത്തരം ഉടമ്പടികൾ ഇപ്പോഴും വളരെ കുറവാണ്.

മററു രാജ്യങ്ങൾ സ്വകാര്യവിദേശനിക്ഷേപങ്ങൾക്ക് യുദ്ധാനന്തരമുള്ള ആദ്യവഷങ്ങളിൽ നൽകിയിരുന്നതിനേക്കാൾ കൂടുതൽ അനുകൂലമായ സാഹചര്യങ്ങൾ ഇപ്പോൾ നൽകിവരുന്നുണ്ട്. കൊളോണിയൽഭരണകാലത്തെ നിർഭാഗ്യകരമായ അനുഭവങ്ങൾമൂലമോ, അല്ലെങ്കിൽ സിദ്ധാന്തപരമായ ദേശീയതയുടേയും സോഷ്യലിസത്തിൻേറയും എതിർപ്പുകൾമൂലമോ ആദ്യം സ്വകാര്യവിദേശനിക്ഷേപകരെ സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്ന പുതുതായി സ്വാതന്ത്ര്യം നേടിയ പല രാജ്യങ്ങളുടേയുംകാര്യത്തിൽ ഇതു് പ്രത്യേകിച്ചും ശരിയാണ്. വികസനമൂലധനത്തിനുള്ള അടിയന്തിരമായ ആവശ്യവും ആഭ്യന്തരതുറകളിൽനിന്നോ മററു ഗവമ്മെൻറുകൾ, അന്താരാഷ്ട്ര സംഘടനകൾ എന്നിവയിൽനിന്നോ വേണ്ടത്ര തുക ലഭിക്കുന്നതിനുള്ള പ്രയാസവുമാണ് കൂടുതൽ സൗഹാദ്ദപരമായ ഈ മനോഭാവത്തിനു് ഭാഗികമായ കാരണം. ഉത്തരവാദിത്വപൂവ്മുള്ള സ്വകാര്യ അമേരിക്കൻനിക്ഷേപം ആവശ്യമായ മൂലധനവും സാങ്കേതികവും മേലന്വേഷണപരവുമായ വിജ്ഞാനവും ലഭിക്കുന്നതിനു് കാര്യക്ഷമമായ ഒരു മാഗ്ഗമാണെന്നതിനുപുറമെ വലിയ ഒരു വിഭാഗം ജനങ്ങൾക്ക് കൂടുതൽ സാമ്പത്തിക-സാമൂഹ്യക്ഷേമം നൽകാനുള്ള കഴിവ് അതിൻെറ പ്രവത്തനങ്ങൾക്കുണ്ടെന്നും പല അല്പവികസിതരാജ്യങ്ങളിലും വളന്നുവരുന്ന അംഗീകരണത്തിൽനിന്നുമാണ് ഭാഗികമായി ഈ മനോഭാവം സംജാതമായിട്ടുള്ളതു്. തദ്ദേശവ്യവസായങ്ങളുടെ വികാസത്തെ ഉത്തേജിപ്പിക്കുന്നതിലും അതതു രാജ്യങ്ങളിലെ ജനങ്ങളെ സാങ്കേതികവും മേലന്വേഷണപരവുമായ ജോലികളിൽ പരിശീലിപ്പിക്കുന്നതിലും അവക്ക് ആ സ്ഥാനങ്ങളിലേയ്ക്കു് ഉദ്യോഗക്കയററം കൊടുക്കുന്നതിലും ജീവനക്കാരുടേയും അവരുടെ കുടുംബങ്ങളു

ടേയും ജീവിതനിലവാരങ്ങളും ആരോഗ്യ-വിദ്യാഭ്യാസനിലവാരങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിലും അമേരിക്കൻകമ്പനികൾക്ക് സമീപവൎഷങ്ങളിലുണ്ടായിട്ടുള്ള നേട്ടങ്ങൾ പല രാജ്യങ്ങളിലും "ചൂഷണ"സാദ്ധ്യതയെക്കുറിച്ചുള്ള ആശങ്കകളകററുന്നതിനും "സാമ്രാജ്യത്വ"ത്തെക്കുറിച്ചുള്ള ആരോപണങ്ങൾ നിഷേധിക്കുന്നതിനും മുഖ്യമായി സഹായിച്ചിട്ടുണ്ട്.

മററു രാജ്യങ്ങളിൽനിന്നും കൂടുതലായുള്ള ഈ സ്വീകരണമനോഭാവവും വിദേശനിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള അമേരിക്കൻഗവൺമെൻറിൻെറ ശ്രമങ്ങളുമുണ്ടെങ്കിലും വിദേശത്തു നിക്ഷേപിക്കപ്പെടുന്ന മൂലധനം 19-ാംശതകത്തിൽ ചെയ്തിരുന്നതുപോലെ ഒരു പങ്ക് ഇനി വഹിക്കാനിടയില്ല. സ്വകാൎയ്യമൂലധനകയററുമതികളുടെ മൊത്തം വ്യാപ്തി വളരെ കുറഞ്ഞ ഒരു തോതിലുള്ളതാണെന്നു മാത്രമല്ല സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതിക്ക് അത്യന്താപേക്ഷിതമായ ചിലതരം പ്രവൎത്തനരംഗങ്ങളിൽ സ്വകാൎയ്യനിധികൾ സാധാരണയായി നിക്ഷേപിക്കപ്പെടുന്നില്ല. 19-ാംശതകത്തിൽ സംഭവിച്ചിരുന്നതിനു നേരേവിപരീതമായി, ഒരു രാജ്യത്തിൻെറ അടിസ്ഥാനപരമായ ഗതാഗതസൗകൎയ്യങ്ങൾ, പൊതുപ്രയോജനഏൎപ്പാടുകൾ, ആരോഗ്യ-വിദ്യാഭ്യാസസേവനങ്ങൾ എന്നിവ, മിക്കവാറും ഇന്നു സ്വകാൎയ്യമൂലധനമുപയോഗിച്ച് നടത്തപ്പെടാനിടയില്ല. എന്നാൽ കൃഷി, ഖനനം, ചരക്കുല്പാദനം, വിതരണം എന്നീ രംഗങ്ങളിൽ സ്വകാൎയ്യമൂലധനനിക്ഷേപത്തെ ഉത്തേജിപ്പിക്കുന്നതിനു് ഇത്തരം സൗകൎയ്യങ്ങളും സേവനങ്ങളും മുൻ ഉപാധികളുമാണ്.

20-ാംശതകത്തിൻെറ മദ്ധ്യകാലത്ത് അന്താരാഷ്ട്രമൂലധനപ്രവാഹം നിൎവ്വഹിക്കേണ്ട കൃത്യത്തിൻെറ ഒരു ഭാഗം മാത്രമാണ് സ്വകാൎയ്യ അമേരിക്കൻ നിക്ഷേപകൎക്ക് നിൎവ്വഹിക്കാൻ കഴിയുന്നതു്. വികസനമൂലധനത്തിൻെറ പൎയ്യാപ്തമായതോതിലുള്ള ഒരു പ്രവാഹം എങ്ങിനെ നേടാൻ കഴിയുമെന്നുള്ളതാണ് അമേരിക്കയേയും മൂലധനം ഇറക്കുമതിചെയ്യുന്ന രാജ്യങ്ങളേയും സംബന്ധിച്ചിടത്തോളം അടുത്ത ഒരു ദശകത്തിൽ നിലനിൽക്കുന്ന ഏററവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നു്.

## വിദേശസഹായപരിപാടികളും നയങ്ങളും

രണ്ടാംലോകയുദ്ധം അവസാനിച്ചതിനുശേഷം അമേരിക്കൻഗവൺമെൻറു് മററു രാജ്യങ്ങൾക്ക് യുദ്ധംമൂലം താറുമാറായ സമ്പദ്‌വ്യവസ്ഥകൾ വീണ്ടും കെട്ടിപ്പടുക്കുന്നതിനാവശ്യമായ ചരക്കുകളും സേവനങ്ങളും വാങ്ങാനും ദേശീയപ്രതിരോധം മെച്ചപ്പെടുത്താനും സാമ്പ

ത്തികവളച്ച് തഴപ്പിക്കാനും അവയ്ക്കു കഴിവുണ്ടാക്കുന്നതിനുവേണ്ടി ഏതാണ്ട് 8000 കോടി ഡോളർ സഹായം നൽകിയിട്ടുണ്ട്. അസാധാരണമായ രീതിയിൽ സഹായം ലഭിക്കാതെ ഈ ആവശ്യങ്ങൾ നിറവേററാൻ വേണ്ടത്ര വിഭവശേഷി പല രാജ്യങ്ങൾക്കും നൽകാൻ ചരക്കുകളുടെ സാധാരണഗതിയിലുള്ള അന്താരാഷ്ട്രവ്യാപാരവും മൂലധനപ്രവാഹവും അപര്യാപ്തമായിരുന്നതുകൊണ്ടാണ് ഗവമ്മെൻറ് നൽകുന്ന വായ്പകളും ഗ്രാൻറുകളും ആവശ്യമായി വന്നതു്. ഗവമ്മെൻറ് നേരിട്ടു നൽകിയ ധനസഹായങ്ങൾക്കു പുറമേ, ഐക്യരാഷ്ട്ര ഏജൻസികൾ, അന്താരാഷ്ട്രനാണയനിധി, അന്താരാഷ്ട്രപുനർനിർമ്മാണവികസനബാങ്ക്, അമേരിക്കൻസ്റ്റേററുകളുടെ സംഘടന (ഒ. എ. എസ്.) എന്നീ അന്താരാഷ്ട്രസംഘടനകൾക്ക് അന്താരാഷ്ട്ര ഉപയോഗത്തിലേയ്ക്കായി അമേരിക്കൻഗവമ്മെൻറ് 500 കോടിയില്പരം ഡോളർ സംഭാവന നൽകിയിട്ടുമുണ്ട്.

ഇത്രയും വലിയതുകകൾ സഖ്യരാഷ്ട്രങ്ങൾക്കും സുഹൃൽ രാഷ്ട്രങ്ങൾക്കും നൽകുന്നതിന് വിവിധ കാരണങ്ങളാലാണ് അമേരിക്കക്കാർ സന്നദ്ധരായതു്. അമേരിക്കയുടെ സുരക്ഷിതത്വത്തേയും സമ്പൽസമൃദ്ധിയേയും സംബന്ധിച്ചേടത്തോളം പ്രാധാന്യമുള്ള രാജ്യങ്ങളിൽ സാമ്പത്തികത്തകർച്ചയോ അല്ലെങ്കിൽ കമ്മ്യൂണിസ്റ്റാക്രമണങ്ങളോ അട്ടിമറിപ്രവത്തനങ്ങളോ തടയുന്നതിൽ നേരിട്ടുള്ള ദേശീയതാല്പര്യമാണ് ഏററവും സ്പഷ്ടമായ കാരണം. എന്നാൽ ഈ സ്വാത്ഥതാല്പര്യലക്ഷ്യത്തോടുകൂടി ലോകത്തിൻെറ ഏതുഭാഗത്തും പ്രകൃത്യാ ഉണ്ടാകുന്നതോ മനുഷ്യനിമ്മിതമോ ആയ കെടുതികൾ അനുഭവിക്കുന്നവരെ സഹായിക്കാനും അമേരിക്കയുടെ സമ്പത്തും വൈദഗ്ദ്ധ്യങ്ങളും അൽപവികസിതരാജ്യങ്ങളുമായി പങ്കിടാനുമുള്ള മാനുഷികമായ പ്രേരണയും സംയോജിച്ചിട്ടുണ്ട്.

യുദ്ധത്തിനു തൊട്ടുപിറകെ വന്ന വഷങ്ങളിൽ അമേരിക്കയിൽ നിന്നു വൻതോതിൽ സഹായം ലഭിച്ച യൂറോപ്യൻരാജ്യങ്ങൾ 1950-ൽ ആരംഭിച്ച ദശകത്തിലെ ആദ്യവഷങ്ങളിൽ ഗണ്യമായ സാമ്പത്തിക പുനരുദ്ധാരണവും അഭ്യന്തരരാഷ്ട്രീയസ്ഥൈര്യവും നേടിയിട്ടുണ്ട്. 19-ാംനൂററാണ്ടിൽ ഒരു രാഷ്ട്രത്തിൻെറ ഭദ്രമായ ദേശീയആസ്തിക്യത്തിന് വ്യാവസായികവും വാണിജ്യപരവുമായ മേന്മ, സൈനികമേൽക്കോയ്മ, കൊളോണിയൽഭരണം, രാഷ്ട്രീയമായി ബലഹീനവും സാമ്പത്തികമായി മൂകവുമായ തൊഴിലാളിവഗ്ഗം എന്നീ ഘടകങ്ങൾ മുൻ ഉപാധികളായിരുന്നു. എന്നാൽ പശ്ചിമയൂറോപ്പിൽ ഇന്ന് ഈ ഘടകങ്ങളുടെ ആവശ്യം തീരെ ഇല്ലാതായിട്ടുണ്ട്; അല്ലെങ്കിൽ അടുത്തുതന്നെ ആവശ്യമില്ലാതായിത്തീരുമെന്നുറപ്പുണ്ട്. രണ്ടാം

ലോകയുദ്ധത്തിനുശേഷം ഈ രാജ്യങ്ങൾ അവയുടെ രാഷ്ട്രീയ-സാമ്പത്തികജീവിതം ഒരു പുതിയ അടിസ്ഥാനത്തിൽ വീണ്ടും കെട്ടിപ്പടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വിഭക്തപരമാധികാരത്തിന്റേയും ഏകീകൃതവിപണികളുടേയും പുതിയ രൂപങ്ങൾ ഇത്തരം പുതിയ ഏർപ്പാടുകളിൽ പങ്കുചേരാൻ സന്നദ്ധതയും കഴിവുമുള്ള യൂറോപ്യൻരാജ്യങ്ങൾക്ക് കൂടുതൽ സുരക്ഷിതത്വവും കൂടുതൽ ഉയർന്ന ഉൽപാദനക്ഷമതയും ജീവിതനിലവാരങ്ങളും ഇപ്പോൾത്തന്നെ സുസാദ്ധ്യമാക്കുന്നു. യൂറോപ്യൻരാജ്യങ്ങളുടെ കൂടുതൽ പൂർണ്ണമായ ഐക്യത്തിനുള്ള ശ്രമങ്ങൾ വിജയിക്കുമോ എന്നതു് മുൻകൂട്ടി കാണാൻ സാദ്ധ്യമല്ല. എങ്കിലും അതിന്റെ ഫലം നന്മയോ തിന്മയോആകട്ടെ, ജനാധിപത്യസമൂഹങ്ങളുടെ മുഴുവൻ ഭാവിയെ സംബന്ധിച്ചേടത്തോളവും വിധിനിർണ്ണായകമായിരിക്കും. അതിനാൽ ഇത്തരം ഏകീകരണത്തിൽ അമേരിക്കയ്ക്കു സജീവമായ താൽപര്യമുണ്ടു്. മാത്രമല്ല, പല രീതികളിലും അമേരിക്ക അതിനെ പ്രോത്സാഹിപ്പിച്ചിട്ടുമുണ്ടു്.

ഏഷ്യ, ആഫ്രിക്ക, ലാററിൻഅമേരിക്ക എന്നിവിടങ്ങളിലെ പല കമ്മ്യൂണിസ്റ്റേതരരാജ്യങ്ങളും പശ്ചിമയൂറോപ്പിലെ രാജ്യങ്ങളെക്കാൾ കൂടുതൽ അഗാധമായ പരിവർത്തനത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണ്. പാശ്ചാത്യവ്യാപാരത്തിന്റെയും ആശയങ്ങളുടെയും ആഘാതംമൂലം നൂററാണ്ടുകൾ പഴകിയ സാമൂഹ്യ-സാമ്പത്തിക പ്രവർത്തനസമ്പ്രദായങ്ങളിൽനിന്നു് ഉണർന്നെഴുന്നേററിട്ടുള്ള ഈ രാജ്യങ്ങൾക്കു് അവയുടെ പഴയ ജീവിതരീതികളിലേക്കുതന്നെ ഇനി തിരിച്ചുപോകാൻ കഴിവോ സന്നദ്ധതയോ ഇല്ല. ഇവയിൽ ചില രാജ്യങ്ങൾ ഈയിടെയായി രാഷ്ട്രീയസ്വാതന്ത്ര്യം നേടിയിട്ടുണ്ടു്. ജനങ്ങളുടെ ജീവിതനിലവാരങ്ങൾ ഉയർത്തുന്നതിനുവേണ്ടി തങ്ങളുടെ സാമ്പത്തികവളർച്ച ത്വരിപ്പിക്കാൻ പ്രായേണ എല്ലാ രാജ്യങ്ങളും ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ നിലവിലുള്ള സാമ്പത്തികസമ്പ്രദായങ്ങളിലും പരമ്പരാഗതമായ സാംസ്കാരികമൂല്യങ്ങളിലും സ്ഥാപനങ്ങളിലും ദൂരവ്യാപകമായ മാററങ്ങളുണ്ടാകാതെ മിക്കവാറും അല്പവികസിതരാജ്യങ്ങളിൽ ഉയരുന്ന ഉല്പാദനക്ഷമതയോ കൂടുതൽ ഉയർന്ന ജീവിതനിലവാരങ്ങളോ നേടാൻ കഴിയുകയില്ല. പക്ഷേ, പരിണാമപരമായ അത്തരം വ്യത്യാസങ്ങൾ ദുഷ്കരമാണ്; അതിനു കാലതാമസമുണ്ടുതാനും.

കൂടാതെ, ഇവയിൽ പല രാജ്യങ്ങളുടെ കാര്യത്തിലും രണ്ടു പ്രധാനഘടകങ്ങൾ സാമൂഹ്യപരിവർത്തനപ്രക്രിയ സങ്കീർണ്ണമാക്കുന്നുണ്ടു്. ഏതുവിധവും തങ്ങളുടെ ആധിപത്യം വിപുലീകരിക്കുന്നതിന് റഷ്യയും കമ്മ്യൂണിസ്റ്റ്ചൈനയും നടത്തുന്ന അവിരാമശ്രമങ്ങളാണ്

ഒന്ന്. പാശ്ചാത്യവൈദ്യശാസ്ത്രമുറകളും സാമ്പത്തിക–സാങ്കേതിക രീതികളും ഏറ്റെടുത്തതിനെത്തുടർന്ന് ജനസംഖ്യയിലുള്ള സത്വരമായ വർദ്ധനനിരക്കാണ് രണ്ടാമത്തെ ഘടകം. തൽഫലമായി കമ്മ്യൂണിസ്റ്റ് ആക്രമണത്തിനും അട്ടിമറിക്കുമെതിരെ പര്യാപ്തമായ പ്രതിരോധവും ജനസംഖ്യയുടെ വളർച്ചയ്ക്കുമീതെ ഉല്പാദനത്തിന്റെ വർദ്ധനയും ഒരേസമയത്തുതന്നെ സാദ്ധ്യമാക്കുന്നതിന് വിഭവങ്ങളുടെ വികസനവും വിനിയോഗവും മതിയാംവിധം ത്വരിതപ്പെടുത്തേണ്ടതുണ്ട്.

മഹത്തായ ഈ പ്രക്രിയയിലേർപ്പെട്ടിട്ടുള്ള കമ്മ്യൂണിസ്റ്റേതര രാജ്യങ്ങളിലാണ് ലോകജനസംഖ്യയുടെ ഏതാണ്ട് പകുതിയും. ഈ ഭൂഗോളത്തിലവശേഷിക്കുന്ന, ഇതുവരെ ചൂഷണംചെയ്യപ്പെട്ടിട്ടില്ലാത്ത പ്രകൃതിവിഭവങ്ങളുടെ ഏററവും വലിയ സംഭരണവും ഈ രാജ്യങ്ങളിലാണുള്ളത്. ഇത്രയും വിപുലമായതോതിൽ ഉണ്ടാകുന്ന മാററങ്ങളുടെ ഫലം ഈ രാജ്യങ്ങളിലെ ജനങ്ങൾക്കും അമേരിക്കയ്ക്കും പ്രമുഖപ്രാധാന്യമുള്ളതാകാതിരിക്കാൻ സാദ്ധ്യമല്ല. ഈ പ്രക്രിയയിൽ അമേരിക്കയ്ക്കുള്ള താല്പര്യം ഭാവിയിലെ ഇറക്കുമതിആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന അസംസ്കൃതവിഭവങ്ങളുടെ പര്യാപ്തമായ വികസനം ഉറപ്പുവരുത്തുന്നതിൽമാത്രമായി ഒതുങ്ങുന്നില്ല. കൂടുതൽ പ്രധാനമായി, അല്പവികസിതരാജ്യങ്ങളുടെ താഴ്ന്ന ഉല്പാദനക്ഷമത, ജീവിതനിലവാരങ്ങൾ എന്നിവയും വ്യവസായവല്ക്കരണത്തിന്റെ പാതയിൽ വളരെയേറെ മുന്നോട്ടുപോയിട്ടുള്ള രാജ്യങ്ങളിലെ ഉയർന്ന ഉല്പാദനക്ഷമതയും ജീവിതനിലവാരങ്ങളും തമ്മിലുള്ള ഭീമമായ അന്തരം ലഘൂകരിക്കേണ്ടതിന്റെ പ്രാധാന്യമുള്ളതുകൊണ്ട് ഈ രാജ്യങ്ങളുടെ ഭാവിയിൽ അമേരിക്കക്കാർക്ക് ജീവൽപ്രധാനമായ താല്പര്യമാണുള്ളത്. വളർന്നുവരുന്ന സമ്പൽസമൃദ്ധിയുള്ള അപൂർവ്വം രാജ്യങ്ങൾക്കും ദാരിദ്ര്യവും ജനപ്പെരുപ്പവുമായി ദയനീയമായി പോരാടിക്കൊണ്ടിരിക്കുന്ന അനേകം രാജ്യങ്ങൾക്കും ഇടയ്ക്കുള്ള വിടവ് വിപുലമാക്കാൻ അനുവദിക്കപ്പെടുന്ന ഒരു ലോകത്തിൽ സാർവ്വദേശീയ രാഷ്ട്രീയ–സാമ്പത്തികക്രമത്തിന്റെ ഒരു പുതിയ സമ്പ്രദായവും കെട്ടിപ്പടുക്കാൻ സാദ്ധ്യമല്ല.

അങ്ങിനെ യൂറോപ്യൻരാഷ്ട്രങ്ങളിലും അല്പവികസിതരാജ്യങ്ങളിലും ഇന്നു നടന്നുവരുന്ന പരിവർത്തനങ്ങളിൽ അമേരിക്കയ്ക്ക് ജീവൽപ്രധാനമായ താല്പര്യമാണുള്ളത്. ഈ പരിവർത്തനങ്ങൾ പൊതുവേ പാശ്ചാത്യസമൂഹത്തിന്റേയും പ്രത്യേകിച്ച് അമേരിക്കൻജനാധിപത്യത്തിന്റേയും നിലനില്പിനെയും പുരോഗതിയെയും ഭീഷണിപ്പെടുത്തുകയില്ലെന്നാണ് പ്രതീക്ഷ. അമേരിക്കൻസമൂഹത്തിന്റെ സവി

ശേഷതകളായ മൂല്യങ്ങളും സ്ഥാപനങ്ങളും മററു രാജ്യങ്ങൾ അപ്പാടെ സ്വീകരിക്കുകയോ പകത്തുകയോ ചെയ്യുമെന്ന പ്രതീക്ഷിക്കുന്നുവെന്ന് ഇതിന്നത്ഥമില്ല. മററുള്ളവക്കുണ്ടാകണമെന്ന തങ്ങളാഗ്രഹിക്കുന്ന സാമ്പത്തിക-സാമൂഹ്യസമ്പ്രദായങ്ങൾ ഇന്നതായിരിക്കണമെന്ന് അനുശാസിക്കാൻ അമേരിക്കക്കാക്ക് പ്രായോഗികമായി സാദ്ധ്യമല്ല, അങ്ങിനെ ചെയ്യാൻ ധാമ്മികമായി പാടില്ലതാനും. മറിച്ച്, ഈ ഉത്തിഷ്ഠസമൂഹങ്ങളുടെ മനോഭാവങ്ങളും സ്ഥാപനങ്ങളും, അവ എത്ര തന്നെ വ്യത്യസ്തമാണെങ്കിലും, അമേരിക്കക്കാക്ക് അവയുമായി സമാധാനപരമായി സഹവത്തിക്കാനും പരസ്പരനേട്ടങ്ങളോടെ വ്യാപാരം നടത്താനും സാവ്ദേശീയ രാഷ്ട്രീയ-സാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സൃഷ്ടിപരമായി സഹകരിച്ചു പ്രവത്തിക്കാനും കഴിയുന്നവിധത്തിലുള്ളതായിരിക്കണമെന്നമാത്രമേ താല്പര്യമുള്ളൂ.

ലോകത്തിലെല്ലായിടത്തുമുള്ള രാജ്യങ്ങളിൽ ഇപ്പോൾ രൂപം കൊണ്ടുവരുന്ന പുതിയ മനോഭാവങ്ങളും സ്ഥാപനങ്ങളും ആ രാജ്യങ്ങളിലെ ജനങ്ങൾ അവരുടെ രാഷ്ട്രീയവും സാമ്പത്തികവുമായ കഴിവുകളുടെയും സാംസ്കാരികസാദ്ധ്യതകളുടെയും പരിമിതികൾക്കകത്ത് സ്വയമേവ എടുക്കുന്ന തീരുമാനങ്ങളുടെ ഫലമായിരിക്കും; അങ്ങിനെ ആയിരിക്കുകയും വേണം. ഈ ഘടകങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അമേരിക്കയുടെ വിദേശ-സാമ്പത്തികപ്രവത്തനങ്ങൾ ഗണനപരമായി, കൂടിയാൽ, ഒരു സാധാരണ പ്രാധാന്യംമാത്രമുള്ളതാണ് എന്നുവരികിലും രണ്ടുതരത്തിൽ അവയ്ക്കു ഗണ്യമായ പ്രാധാന്യമുണ്ടായിരിക്കാം.

ധനവിഭവങ്ങളുടെയും സാങ്കേതികവൈദഗ്ദ്ധ്യത്തിൻേറയും ഒരു വദ്ധന ഈ രാജ്യങ്ങൾക്കു നൽകുന്നതാണ് ഒന്നാമത്തേതു്. ഈ വദ്ധന ചെറുതായിരിക്കാമെങ്കിലും പലപ്പോഴും സാമ്പത്തികവികസനപരിപാടികളുടെ വിജയാപജയങ്ങൾക്കിടയ്ക്കു് നിണ്ണായകമായ വ്യത്യാസംവരുത്താൻ അതിനു കഴിയും. അമേരിക്കക്കാക്കും ഇതര ജനവിഭാഗങ്ങൾക്കും ഇവിടെയും മററു രാജ്യങ്ങളിലും ഇരുവിഭാഗക്കാരെ സംബന്ധിച്ചേടത്തോളവും അത്ഥഗഭ്വും അതിപ്രധാനവുമായ യഥാത്ഥ ജീവിതസാഹചര്യങ്ങളിൽ സൗഹാദ്ദപൂവ്വമായും സൃഷ്ടിപരമായും ഒരുമിച്ചു ജീവിക്കാനും പ്രവത്തിക്കാനും ഈ വിദേശസാമ്പത്തികപ്രവത്തനങ്ങൾ പ്രദാനംചെയ്യുന്ന ധാരാളം സൗകര്യങ്ങളാണ് രണ്ടാമത്തേതു്. വിപുലമായ വ്യത്യാസങ്ങളോടുകൂടിയ വംശീയവും ചരിത്രപരവുമായ പശ്ചാത്തലങ്ങളുള്ള ജനങ്ങൾക്കിടയിൽ തുടച്ചയായ, പ്രായോഗികമായ ദൈനംദിനബന്ധങ്ങളാണ് പരസ്പരവിശ്വാസവും ധാരണയും വളരുന്നതിനും വൈദഗ്ദ്ധ്യങ്ങൾ പരസ്പരം ഗ്രഹിക്കു

ന്നതിനും, സ്വയം സന്നദ്ധമായരീതിയിൽ സാംസ്കാരികതടസ്സങ്ങൾക്ക പ്പുറത്തേയ്ക്ക് സാങ്കേതികരീതികൾ സ്വീകരിക്കപ്പെടുന്നതിനും ഏററവും ഉത്തമമായ, ഒരുപക്ഷേ ഏകമായ മാർഗ്ഗം. ഈ രീതിയിൽ അമേരിക്കക്കാക്ക് ഗവമ്മെൻറിൻേറയും സമ്പദ്‌വ്യവസ്ഥയുടേയും രംഗങ്ങളിൽ പ്രവർത്തനത്തിലിരിക്കുന്ന ജനാധിപത്യത്തിൻെറ നിദർശനങ്ങളെന്നനിലയിൽ സേവനം നൽകാൻ കഴിയും.

ഈ രാജ്യങ്ങളുടെ സാമ്പത്തികവികാസവും സാമൂഹ്യപരിവർത്തനവും ക്ഷിപ്രസാദ്ധ്യമോ സത്വരം മുഴമിക്കാവുന്നതോ അല്ല. അതുകൊണ്ട് ഈ പ്രക്രിയയിലുള്ള അമേരിക്കയുടെ താല്പര്യവും പങ്കാളിത്തവും ഭാവിയിലും തുടരാനിടയുണ്ട്. അമേരിക്കയുടെ വിദേശസാമ്പത്തികപ്രവർത്തനങ്ങൾ ഉടനടി വരുന്ന അപായങ്ങളെ തടയാനല്ലാതെന്നതിനേക്കാൾ ദീർഘകാലപ്രായോഗികലക്ഷ്യങ്ങൾ നേടുന്നതിലേക്ക പ്രാഥമികമായി ഊന്നിയ അമേരിക്കൻ വിദേശനയത്തിൻെറ തുടർച്ചയായ, അഭേദ്യമായ ഒരു ഭാഗമായി ഗണിക്കപ്പെടണം.

വികസനപ്രശ്നങ്ങളുടേയും ഭാവുകങ്ങളുടേയും സ്വഭാവംസംബന്ധിച്ച് ഈ വർദ്ധിതധാരണയുടെ വെളിച്ചത്തിൽ അമേരിക്കയുടെ വിദേശസഹായപരിപാടി 1961-ൽ പുനസ്സംഘടിപ്പിക്കപ്പെട്ടു. ലക്ഷ്യങ്ങളിലും പ്രവർത്തനരീതികളിലും ഭേദഗതികൾ വരുത്തി. സാമ്പത്തികവളർച്ചയും സാമൂഹ്യപരിവർത്തനവും മൊത്തം വികസനപ്രക്രിയയുടെ അവശ്യഘടകങ്ങളാണെന്ന് അംഗീകരിച്ചുകൊണ്ട് കാർഷിക പരിഷ്കരണങ്ങൾ, ആരോഗ്യ-വിദ്യാഭ്യാസരംഗങ്ങളിൽ പര്യാപ്തമായ നിലവാരങ്ങൾ, പട്ടണത്തിലും ഗ്രാമപ്രദേശങ്ങളിലും മെച്ചപ്പെട്ട ഭവനങ്ങൾ, കൂടുതൽ സമീകൃതവും ക്രമപ്രവൃദ്ധവുമായ നികുതിസമ്പ്രദായങ്ങൾ, തൊഴിലാളികളും തൊഴിലുടമകളും തമ്മിൽ മെച്ചപ്പെട്ട ബന്ധങ്ങൾ, മററു പരിഷ്കാരങ്ങൾ എന്നിവയും ഇതുവരെ തേടിയ, തികച്ചും സാമ്പത്തികമായ ലക്ഷ്യങ്ങളും നേടുന്നതിന് ഏഷ്യ, ആഫ്രിക്ക, ലാററിൻഅമേരിക്ക എന്നിവിടങ്ങളിലെ രാജ്യങ്ങൾക്ക് സഹായംനൽകാനാണ് അമേരിക്കൻ വിദേശസഹായപ്രവർത്തനങ്ങൾ ശ്രമിക്കുന്നതു്. മുമ്പ് മാഷൽപദ്ധതിക്കാലത്തെപ്പോലെ ദീർഘകാലലക്ഷ്യങ്ങൾ നിർവ്വചിക്കാനും ഹ്രസ്വകാലപ്രവർത്തനപരിപാടികൾക്കുവേണ്ടി വിഭവശേഷി കാര്യക്ഷമമായി വീതിക്കാനുമുള്ള രാജ്യാടിസ്ഥാനത്തിലുള്ള ആസൂത്രണസമ്പ്രദായം വികസനതന്ത്രത്തിലെ ഏററവും പ്രധാന ഘടകമായി പുനരവരോധിക്കപ്പെട്ടിട്ടുണ്ട്. വിവിധ വിദേശസഹായപ്രവർത്തനങ്ങൾ പ്രത്യേകം പ്രത്യേകം ഏജൻസികളുടെ മേൽനോട്ടത്തിൽ നടത്തുന്നതിനു് സമീപവർഷങ്ങളിലുണ്ടായിരുന്ന പ്രവണത മാററി 1961-ലെ പുനസ്സംഘടന ഈ പ്രവർത്തനങ്ങളത്രയും

അഭ്യന്തരഭരണവകുപ്പിൻെറ പൊതുവായ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന "അന്താരാഷ്ട്രവികസനത്തിനുള്ള ഏജൻസി"യിൽ (AID) വീണ്ടും സംയോജിപ്പിച്ചിട്ടുണ്ട്. രാജ്യാടിസ്ഥാനത്തിലുള്ള പരിപാടികൾ നിർവ്വഹിക്കുന്നതിന് സഹായകമായി ദീർഘകാല സഹായബാദ്ധ്യതകൾ ഏറെറടുക്കാൻ കോൺഗ്രസ് ഈ പുതിയ ഏജൻസിയെ അധികാരപ്പെടുത്തിയിട്ടുമുണ്ട്.

ഈ പരിപാടിയുടെ ലക്ഷ്യങ്ങൾ നേടുന്നതിന് പര്യാപ്തമായ തുകകൾ അനുവദിക്കാൻ കോൺഗ്രസ് സന്നദ്ധമായിരിക്കുകയും നടപടികൾക്ക് പൊതുവെ അമേരിക്കൻജനത തുടന്ന് പിന്തുണനൽകുകയും ചെയ്യുന്നപക്ഷം വരുംവർഷങ്ങളിൽ ഈ മാററങ്ങൾ അമേരിക്കൻവിദേശസഹായപ്രവർത്തനങ്ങളുടെ പ്രയോജനത്തെ ഗണ്യമായി വർദ്ധിപ്പിക്കാതിരിക്കയില്ല. പക്ഷേ കർത്തവ്യം വളരെ ഭാരമേറിയതാണ്. അതനുസരിച്ചുള്ള ജോലികൾ വിജയകരമായി നിർവ്വഹിക്കപ്പെടുമെന്ന് ഉറപ്പുവരുത്താൻ അമേരിക്കൻസംഭാവനകൾ ഒററയ്ക്ക് അപര്യാപ്തമാണ്. സാമ്പത്തികവും സാമൂഹ്യവുമായ ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി പശ്ചിമയൂറോപ്യൻരാജ്യങ്ങളും ജപ്പാനും മററു രാഷ്ട്രങ്ങളും, ചില പ്രദേശങ്ങളിൽ താരതമ്യേന ഉയന്നതോതിൽ, സഹായം നൽകിക്കൊണ്ടിരിക്കുന്നുണ്ട്. ഏഷ്യയ്ക്കും ആഫ്രിക്കയ്ക്കും ലാററിൻഅമേരിക്കയ്ക്കും മൊത്തം നൽകപ്പെടുന്ന സഹായം അടുത്ത ദശകത്തിൽ പ്രതീക്ഷയനുസരിച്ച് ഫലവത്താകണമെങ്കിൽ വികസിതരാജ്യങ്ങളുടെ ഈ ശ്രമങ്ങൾ ഇനിയും വർദ്ധിപ്പിക്കുകയും കൂടുതൽ ഭദ്രമായി കൂട്ടിയിണക്കുകയും വേണം.

## അമേരിക്കയുടെ വിദേശഇടപാടുകണക്കും അന്താരാഷ്ട്രനാണയക്രമവും

വ്യാപാരം, നിക്ഷേപം, സഹായം എന്നിങ്ങനെയുള്ള അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ എല്ലാ വിദേശപ്രവർത്തനങ്ങൾക്കും നാണയരൂപങ്ങളുണ്ട്. മററു രാജ്യങ്ങൾക്കും അവയിൽനിന്നിങ്ങോട്ടുമുണ്ടാകുന്ന വിവിധതരത്തിലുള്ള കൊള്ളൽകൊടുക്കലുകളിലാണ് നാണയാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാകുന്നത്. ഇടപാടുകണക്കുപത്രത്തിൽ ഇവ സൗകര്യപൂർവ്വം ചുരുക്കമായി രേഖപ്പെടുത്തപ്പെടുന്നു. ലോകത്തിൻെറ ഇതരഭാഗങ്ങളുമായി അമേരിക്കൻ സമ്പദ്‌വ്യവസ്ഥയ്ക്കുള്ള ബന്ധങ്ങളുടെ സ്വഭാവവും പ്രാധാന്യവും ഈ പത്രത്തിൽ ഒററനോട്ടത്തിൽ മനസ്സിലാക്കാം. അമേരിക്കൻസമ്പദ്‌വ്യവസ്ഥയ്ക്കും അന്താരാഷ്ട്രസമ്പദ്‌വ്യവസ്ഥയ്ക്കും ഇടയ്ക്കുള്ള ഇടപാടുപ്രവാഹത്തിലെ അനിയന്ത്രിതമായ മിച്ചങ്ങളോ കമ്മികളോ രേഖ

പ്പെട്ടത്തുന്ന, "കുളിരും പനിയും അളക്കുന്ന" ഒരുതരം ഉഷ്ണമാപിനി യന്ത്രമാണ് ഈ ഇടപാട്ടുകണക്കുപത്രം.

രണ്ടാംലോകയുദ്ധത്തിനുശേഷം ലോകത്തിലെ ഇതരഭാഗങ്ങളുമായുള്ള അമേരിക്കയുടെ ചരക്കുവ്യാപാരത്തിലും സേവനങ്ങൾ കൈമാറുന്നതിലും സാധാരണയായി വിഭിന്ന അളവിലുള്ള മിച്ചമാണുണ്ടായിട്ടുള്ളത്. 1940-ൽ ആരംഭിച്ച ദശകത്തിലെ അവസാനവർഷങ്ങളിൽ അമേരിക്കയിൽനിന്നും സ്വകാര്യവിദേശനിക്ഷേപം വീണ്ടും ആരംഭിച്ചതോടെ ആ ആവശ്യത്തിനുള്ള മൂലധനത്തിന്റെ വിദേശത്തേക്കുള്ള പ്രവാഹം അത്തരം നിക്ഷേപങ്ങളിൽനിന്നുള്ള സമ്പാദ്യങ്ങളുടേയും അമേരിക്കയിലേയ്ക്കു് ചെറിയ തോതിലുള്ള, എന്നാൽ വളർന്നുവരുന്ന വിദേശസ്വകാര്യനിക്ഷേപത്തിന്റേയും ഇങ്ങോട്ടുള്ള പ്രവാഹത്തേക്കാൾ സാധാരണയായി കൂടുതലാണ്. (അനുബന്ധം 17-ം 18-ം പട്ടികകൾ നോക്കുക.) കൂടാതെ, ഗവമ്മെൻറിന്റെ എല്ലാവിധ വിദേശസഹായപരിപാടികളനുസരിച്ചും അന്താരാഷ്ട്രസംഘടനകൾക്കു് കൂടെക്കൂടെ നൽകപ്പെടുന്ന സംഭാവനകളുടെ രൂപത്തിലും പുറത്തേക്കു പിന്നേയും ധനപ്രവാഹങ്ങളുണ്ടായിട്ടുണ്ട്.

1940-ൽ ആരംഭിച്ച ദശകത്തിൽ മുഴുവനും അമേരിക്കയുടെ ഇടപാട്ടുകണക്ക് മിച്ചമാണ് കാണിച്ചിരുന്നത്. അമേരിക്കയിലേയ്ക്കുള്ള കയററുമതികളിൽനിന്നുണ്ടായ സമ്പാദ്യങ്ങളേയും അമേരിക്കയിൽനിന്നും ലഭിച്ച സഹായത്തുകകളേയും അധികരിക്കുന്ന തുകയ്ക്കു് വിദേശരാജ്യങ്ങൾ അമേരിക്കൻചരക്കുകളും സേവനങ്ങളും വാങ്ങിയതാണ് ഇതിനു കാരണം. തുടർന്ന് അമേരിക്കയുമായുള്ള ധനപരമായ കണക്കുകൾ തങ്ങളുടെ സ്വർണ്ണം-ഡോളർ ശേഖരങ്ങൾ ഉപയോഗിച്ച് ഒതുക്കിത്തീക്കാൻ പല രാജ്യങ്ങളും നിർബന്ധിതരായിത്തീർന്നു. തൽഫലമായി അമേരിക്കയുടെ സ്വർണ്ണശേഖരം 1949-ൽ അഭൂതപൂർവ്വമായി 2400 കോടി ഡോളറിനുമേൽ ഉയർന്നു. മാർഷൽപദ്ധതിക്കാലത്തു് യൂറോപ്പിന്റെ കയററുമതിക്കഴിവിനുണ്ടായ പുനരുത്ഥാനത്തേയും 1950-ൽ അല്പവികസിതരാജ്യങ്ങൾക്കു് വൻതോതിലുള്ള അമേരിക്കൻസഹായത്തിന്റെ ആരംഭത്തേയും തുടർന്ന് അമേരിക്കയുടെ ഇടപാട്ടുകണക്കിൽ വർഷംതോറും ലഘുവായ ഒരു കമ്മി പ്രത്യക്ഷപ്പെട്ടു. ഇതു് പല യൂറോപ്യൻരാജ്യങ്ങളേയും അവയുടെ സ്വർണ്ണം—ഡോളർശേഖരം വീണ്ടും ഉയർത്തിത്തുടങ്ങാൻ പ്രാപ്തരാക്കി. 1957-ൽ സൂയസ്കുഴപ്പം അവസാനിച്ചതിനുശേഷം "സാധാരണനിലയിലുള്ള" അന്താരാഷ്ട്രസാമ്പത്തികസാഹചര്യങ്ങൾ വീണ്ടും നിലവിൽ വന്നതോടെ അമേരിക്കയുടെ ഇടപാട്ടുകണക്കിൽ വലിയ കമ്മികൾ ഉണ്ടായിട്ടുണ്ട്. സ്വർണ്ണം വൻതോതിൽ വിദേശത്തേയ്ക്കൊഴുകുകയുംചെയ്തു.

പട്ടിക - 17

## അമേരിക്കയുടെ വിദേശഇടപാടുശിഷ്ടങ്ങൾ, 1956-1960

( ദശലക്ഷം ഡോളർ കണക്കിൽ )

| | കലണ്ടർ വർഷങ്ങൾ | | | | |
|---|---|---|---|---|---|
| | 1956 | 1957 | 1958 | 1959[1] | 1960 |
| എ. ഗവമ്മെൻറ് ധനംനൽകി നടത്തിയ ഇടപാടുകൾ | | | | | |
| 1. സൈനികപരിപാടികൾ (അററ) | – 2656 | – 2654 | – 2973 | – 2653 | – 2518 |
| 2. സാമ്പത്തികസഹായ പരിപാടികൾ കൊടുത്തതു് (അററ)[2] | – 535 | – 866 | – 895 | – 706 | – 847 |
| 3. പലിശ—മൂലധനം പിരിവുകൾ | + 673 | + 864 | + 851 | +1359 | + 951 |
| 4. മററു എല്ലാഗവമ്മെൻറിടപാടുകളും (അററ) | – 526 | – 552 | – 477 | – 789 | – 707 |
| ആകെ | – 3042 | – 3208 | – 3494 | – 2789 | – 3121 |
| ബി. ഗവമ്മെൻറ് ധനസഹായമില്ലാതെയുള്ള സ്വകാര്യ ഇടപാടുകൾ | | | | | |
| 1. ചരക്കുവ്യാപാരം (അററ) | +2242 | +3613 | + 926 | – 1404 | +2005 |
| 2. സ്വകാര്യമൂലധനവും സമ്പാദ്യങ്ങളും (അററ) | – 573 | – 499 | – 229 | + 401 | – 610 |
| 3. രേഖപ്പെടുത്തപ്പെട്ടിട്ടുള്ള മററെല്ലാ സ്വകാര്യ ഇടപാടുകളും (അററ) | – 768 | – 557 | – 1084 | – 1365 | – 1532 |
| ആകെ | + 901 | +2567 | – 387 | – 2368 | – 137 |
| സി. അമേരിക്കൻ വിദേശമൂലധനനിക്ഷേപം (യു. എസ്. ഗവമ്മെൻറ് കടപ്പത്രങ്ങളിലൊഴികെ) (അററ) | + 530 | + 361 | + 24 | + 548 | + 327 |
| ഡി. തെററുകളും വിട്ടുപോയിട്ടുണ്ടാകാവുന്നതും (അററ) | + 643 | + 748 | + 380 | + 783 | – 905 |
| ഇ. അററകമ്മി ("+" മിച്ചം) | – 968 | + 468 | – 3477 | – 3826 | – 3836 |

1 1959 ൽ അന്താരാഷ്ട്രനാണയനിധിക്കു സംഭാവനനൽകിയ 13750 ലക്ഷം ഡോളറിൻെറ ആഘാതം ഉൾപ്പെടുത്തിയിട്ടില്ല.

2 അമേരിക്കൻ സാമ്പത്തികപരിപാടിയുടെ ഇടപാടുകളിൽ അവ നേരിട്ടു ധനസഹായം നൽകി നടന്നിട്ടുള്ള ചരക്കുകളുടേയും സേവനങ്ങളുടേയും കയററുമതികൾ കൂടി ചേർത്തിട്ടുണ്ട്.

Source: അനുബന്ധം 19-ാം പട്ടിക കാണുക.

1956 മുതൽ 1960 വരെയുള്ള അമേരിക്കയുടെ ഇടപാടുകണക്കുകൾ 17-ാംപട്ടിക ചുരുക്കത്തിൽ അവതരിപ്പിക്കുന്നുണ്ട്. (ഈ വർഷങ്ങളിലെ വിശദമായ കണക്കുകൾ അനുബന്ധം 19-ാംപട്ടികയിൽ കാണാം) ചുരുക്കത്തിലുള്ള ഈ പട്ടികയും വിശദരൂപത്തിലുള്ള അനുബന്ധപട്ടികയും തയ്യാറാക്കപ്പെട്ടിരിക്കുന്നതു് സാധാരണഗതിയിലുള്ള സ്വകാര്യ-സാമ്പത്തികപ്രവർത്തനങ്ങളുടെ ഫലമായുള്ള വ്യാപാര-ധനഇടപാടുകളും അമേരിക്കൻഗവർമ്മെൻറിൻെറ പ്രവർത്തനങ്ങളുടെയും പരിപാടികളുടെയും ഫലമായുള്ള ഇടപാടുകളും തമ്മിലുള്ള വ്യത്യാസങ്ങൾ വ്യക്തമാക്കുന്നവിധത്തിലാണു്. സമീപവർഷങ്ങളിൽ വ്യത്യസ്തരീതികളിലുള്ള പൊതു-സ്വകാര്യ ഇടപാടുകളുടെ ഫലമായി അമേരിക്കൻഇടപാട്ടകണക്കുകളിലുണ്ടായിട്ടുള്ള വലിയ കമ്മികളുടെവ്യാപ്തി പ്രത്യേകമായി കണക്കാക്കാൻ ഈ രീതിയനുസരിച്ചു കഴിയും. വിദേശസഹായപരിപാടിയാണു് ഈ കമ്മികൾക്കു് മുഴുവനായോ അല്ലെങ്കിൽ പ്രധാനമായോ കാരണമെന്നുള്ള വാദം ചോദ്യംചെയ്യപ്പെടാവുന്നതാണു്. കാരണം, വിദേശസഹായങ്ങൾ മററു രാജ്യങ്ങളിലേയ്ക്കു് തുകകൾ കൈമാററം നടത്തുക മാത്രമല്ല ചെയ്യുന്നതു്, കൂടുതൽ കയററുമതികൾക്കു് അതു വഴിതെളിക്കുന്നുമുണ്ടു്. ഇതിനുപുറമേ, 17-ാംപട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെ, സാമ്പത്തികസഹായപരിപാടികൾ മൂലമുള്ള അററകമ്മി 1960-ലെ ഒന്നാകെയുള്ള ഇടപാടുകണക്കിലെ അററകമ്മിയുടെ നാലിലൊരുഭാഗത്തിൽ താഴെമാത്രമായിരുന്നു.

സമീപവർഷങ്ങളിലുണ്ടായ സ്വർണ്ണത്തിൻെറ ബഹിർപ്രവാഹത്തിനുശേഷവും അമേരിക്കയുടെ നാണയശേഖരങ്ങൾ, 1950-ൽ ആരംഭിച്ച ദശകത്തിലെ ആദ്യവർഷങ്ങളിലുണ്ടായതുപോലെയുള്ള ചെറിയകമ്മികൾ ആശങ്കാജനകമല്ലാത്തവിധം ഉയർന്നതന്നെയാണിരിക്കുന്നതു്. പക്ഷേ 1958-1960-ലെപ്പോലെ സ്ഥിരമായി തുടരുന്ന വലിയ കമ്മികൾ അമേരിക്കയ്ക്കും വിദേശത്തുള്ള സഖ്യരാഷ്ട്രങ്ങൾക്കും സുഹൃൽരാഷ്ട്രങ്ങൾക്കും ആശങ്കയുളവാക്കുന്ന ഒരു സംഗതിയാണു്. അടിസ്ഥാനപരമായ വൈഷമ്യങ്ങളുടെ ഫലങ്ങൾ താൽക്കാലിക ഊഹപ്രവർത്തനങ്ങൾ ഊതിവീർപ്പിച്ചുകാണിക്കുമെന്നതുകൊണ്ടു് പ്രത്യേകിച്ചും, വലിയ കമ്മികൾ ആശങ്കയ്ക്കു കാരണമായിത്തീരുന്നു.

അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ വീക്ഷണകോണിൽ അതിൻെറ തദ്ദേശീയപ്രാധാന്യംമാത്രംവെച്ചുനോക്കിയാൽ ഇടപാടുകണക്കിൽ തുടർച്ചയായി വലിയ കമ്മി ഉണ്ടാകുന്നതു് അഭ്യന്തരസ്ഥിതിഗതികളും വിദേശസാമ്പത്തികസാഹചര്യങ്ങളും തമ്മിൽ പൊരുത്തക്കേടുവന്നു എന്നതിൻെറ ഒരു സൂചനയാണു്. അന്താരാഷ്ട്രനിലവാര

ത്തോട്ട താരതമ്യപ്പെട്ടുത്തുമ്പോൾ അഭ്യന്തരഉല്പാദനച്ചിലവുകളുടേയും വിലകളുടേയും നിലവാരങ്ങളിലാണ് സാധാരണയായി ഇത്തരമൊരു പൊരുത്തക്കേട്ട കാണുന്നത്. ഹ്രസ്വകാലസാമ്പത്തിക ഏററയിറക്കങ്ങൾക്ക കാരണമാകുന്ന ഘടകങ്ങളിൽനിന്നോ, ഘടനപരമായ ദീർഘകാലമാററങ്ങളിൽനിന്നോ, അല്ലെങ്കിൽ ഇവയുടെ സംയുക്തഫലമായോ ആണ് പൊരുത്തക്കേട്ടകൾ ഉത്ഭവിക്കുന്നത്. ഇതിനു കാരണമായ പ്രത്യേകഘടകങ്ങളെ അടിസ്ഥാനപ്പെട്ടത്തി ഏററയിറക്കങ്ങൾക്കെതിരായ നടപടികളെടുത്തോ, ഉല്പാദനക്ഷമതയിൽ വദ്ധനകളും സമ്പദ്വ്യവസ്ഥയുടെ ഘടനയിൽ വ്യത്യാസങ്ങളുംവരുത്തിയോ, ദേശീയനാണയത്തിൻെറ വിദേശകൈമാററനിരക്കകളിൽ നീക്കുപോക്കുകൾനടത്തിയോ മററു രീതികളിലോ പൊരുത്തക്കേട്ടകൾ സിദ്ധാന്തപരമായി പരിഹരിക്കാൻ കഴിയും. ഒരു പ്രത്യേകസന്ദർഭത്തിൽ സാമ്പത്തികമായി സാദ്ധ്യമാകുന്നതും രാഷ്ട്രീയമായി പ്രായോഗികവും ഏതാണെന്നതിനെ അടിസ്ഥാനപ്പെട്ടത്തിയാണ് യുക്തമായ എതിർനടപടികൾ സാധാർണയായി നിശ്ചയിക്കപ്പെടുന്നത്.

എന്നാൽ ഇടപാട്ടകണക്കിൽ സ്ഥിരമായുണ്ടാകുന്ന ഒരു വലിയ കമ്മി അതിൻെറ തദ്ദേശീയവശത്തെമാത്രം മുൻനിർത്തി വീക്ഷിക്കാൻ, പ്രത്യേകിച്ചും അമേരിക്കയ്ക്കു സാദ്ധ്യമല്ല. അന്താരാഷ്ട്രനാണയക്രമത്തിൻേറയും അതിൽ അമേരിക്കൻഡോളറിനുള്ള പങ്കിൻേറയും സ്വഭാവംമൂലം അത്തരം കമ്മികൾക്ക് അന്താരാഷ്ട്രീയാടിസ്ഥാനത്തിലുണ്ടാകുന്ന ഫലങ്ങൾ അവ പരിഹരിക്കുന്നതിനുള്ള എതിർനടപടികളുടെ രീതികളിൽ പരിമിതികൾ ഏല്പ്പെട്ടുത്തുന്നുണ്ട്. ഇതിൽ അന്തർലീനമായിരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനു നിലവിലുള്ള അന്താരാഷ്ട്രനാണയക്രമത്തിൻെറ പ്രധാന സവിശേഷതകൾ ചുരുക്കത്തിലെങ്കിലും പരിഗണിക്കേണ്ടതാവശ്യമാണ്.

രണ്ടുലോകയുദ്ധങ്ങൾക്കുമിടയ്ക്കുള്ള കാലംതൊട്ട് ഇന്നുവരെ അന്താരാഷ്ട്രസമ്പദ്വ്യവസ്ഥയ്ക്ക് "സ്വർണ്ണവിനിമയം" അല്ലെങ്കിൽ "പ്രധാന കറൻസി" എന്നു പലവിധത്തിൽ വിളിക്കപ്പെടുന്ന ഒരു നാണയക്രമമാണു തുടർന്നുവരുന്നത്. രാജ്യങ്ങൾ അവയുടെ അററ ഇടപാട്ടശിഷ്ടങ്ങൾ സ്വർണ്ണത്തിലോ, അല്ലെങ്കിൽ സാർവ്വത്രികമായി പ്രിയപ്പെട്ടതോ ഗവമ്മെൻറുകൾക്കും സ്വകാര്യ്യബിസിനസ്സുകാക്കും വിശ്വാസമുള്ളതോ ആയ ഒരു കറൻസിയിലോ പരസ്പരം കൊടുത്തു തീക്കുന്ന ഒരു ഏർപ്പാടിനെയാണ് ഈ വാക്കുകൾ സൂചിപ്പിക്കുന്നത്. രണ്ടാംലോകയുദ്ധത്തിനുശേഷം അമേരിക്കൻഡോളറും, അതിലും ചുരുങ്ങിയ തോതിൽ പവൻസ്റ്റെർലിങ്ങുമായിത്തീർന്നു പ്രധാന കറൻസികൾ. മററു രാജ്യങ്ങൾ പരസ്പരമുള്ള അവയുടെ അന്താരാഷ്ട്ര

കണക്കുകളും അമേരിക്കയും ബ്രിട്ടനുമായി അവയ്ക്കുള്ള കണക്കുകളും തെക്കിത്തീർക്കുന്നതിന്ന് ഈ കറൻസികളാണ് ഉപയോഗിക്കുന്നത്. മററു രാജ്യങ്ങൾ ഡോളറിലും സ്റ്റെർലിങ്ങിലുമുള്ള അവയുടെ നാണയ ശേഖരങ്ങളുടെ വ്യത്യസ്തഅനുപാതങ്ങൾ സ്വന്തം കേന്ദ്രബാങ്കുകളിലോ, അല്ലെങ്കിൽ ന്യൂയോർക്കിലും ലണ്ടനിലുമുള്ള ബാങ്കുകളിലോ സൂക്ഷിക്കുകയുംചെയ്യുന്നു. ലോകത്തിലെല്ലായിടത്തുമുള്ള സ്വകാര്യബാങ്കർമാരും ബിസിനസ്സ്ഥാപനങ്ങളും, പ്രത്യേകിച്ച് അന്താരാഷ്ട്രവ്യാപാരത്തിലേർപ്പെട്ടിട്ടുള്ളവർ, താല്ക്കാലികമായി ഉപയോഗിക്കപ്പെടാതെകിടക്കുന്ന അവരുടെ നിധികൾ ന്യൂയോർക്കിലും ലണ്ടനിലും ബാങ്കുകളിൽ സൂക്ഷിക്കുകയോ, അല്ലെങ്കിൽ ഹ്രസ്വകാലകടപ്പത്രങ്ങളിൽ നിക്ഷേപിക്കുകയോ ചെയ്യുന്നു.

പവൻസ്റ്റെർലിങ്ങ് സ്വയം സ്വർണ്ണമായി മാററപ്പെടുന്നവ്യവസ്ഥ 1931-ൽ ബ്രിട്ടൻ ഉപേക്ഷിക്കുന്നതുവരെ ബലഹീനമായ രൂപത്തിലാണെങ്കിലും നിലനിന്നുപോന്ന 19-ാംശതകത്തിലെ സ്വർണ്ണമാന വ്യവസ്ഥയിൽനിന്നു മുളച്ചുവന്നതാണ് ഈ പ്രധാന കറൻസീസമ്പ്രദായം. സ്വർണ്ണമാനവ്യവസ്ഥയനുസരിച്ച് എല്ലാ അന്താരാഷ്ട്രഇടപാടുശിഷ്ടങ്ങളും സിദ്ധാന്തപരമായി സ്വർണ്ണത്തിലാണ് കൊടുത്തുതീർത്തിരുന്നത്. സ്വർണ്ണശേഖരമാണ് ഒരു രാജ്യത്തിൻെറ നാണയ ശേഖരമായി കണക്കാക്കപ്പെട്ടിരുന്നതും. പ്രായോഗികമായി കറൻസികളിലാണ്, സ്റ്റെർലിങ്ങ് സ്വതന്ത്രമായി സ്വർണ്ണമാക്കി മാററാമായിരുന്നതുകൊണ്ട് പ്രധാനമായും സ്റ്റെർലിങ്ങിലാണ് അന്താരാഷ്ട്രഇടപാടുശിഷ്ടങ്ങൾ പലപ്പോഴും തെക്കിയിരുന്നത്.

യുദ്ധങ്ങൾക്കിടയിൽ പ്രധാനമായും രണ്ടു കാരണങ്ങളാൽ സ്വർണ്ണമാനവ്യവസ്ഥ ഭേദഗതിചെയ്യപ്പെട്ടു. ഒന്നാമതായി, വികസിതലോകവ്യാപാരത്തിന്നാവശ്യമായേടത്തോളം ദ്രവണത അതിന്നില്ലായിരുന്നു. അതായത്, ലോകവ്യാപാരത്തിൻെറ അളവും തുടന്ന് അന്താരാഷ്ട്ര ഇടപാടുകളും ലോകത്തിലെ സ്വർണ്ണലഭ്യതയേക്കാൾ വളരെക്കൂടുതൽ വേഗത്തിൽ വളരുകയുണ്ടായി. തൽഫലമായി യുദ്ധങ്ങൾക്കിടയ്ക്കുള്ള കാലമായപ്പോഴേയ്ക്കും ഇടപാടുകണക്കുകൾ തെക്കുവാനുള്ള ഒരു ഉപാധിയെന്നനിലയിൽ തുടരാനാവാത്തവിധം സ്വർണ്ണലഭ്യത ചുരുങ്ങി.

രണ്ടാമത്തെ പ്രധാന കാരണമാണ് കൂടുതൽ മൗലികമായിരുന്നത്. അഭ്യന്തരസാമ്പത്തികസാഹചര്യങ്ങളും വെളിനാടുകളിലേതുമായുള്ള പൊരുത്തക്കേടുകൾ തിരുത്തുന്നതിൽ സ്വർണ്ണമാനം ഒരു സ്വയംശിക്ഷണസമ്പ്രദായം രാജ്യങ്ങളുടെമേൽ അടിച്ചേല്പിക്കുന്നു. ദേശീയസാമ്പത്തികനയങ്ങളിൽ നീക്കുപോക്കുനടപടികൾ നിശ്ചയി

ക്കുന്നതിനുള്ള സ്വാതന്ത്ര്യം അതു നൽകിയിരുന്നില്ല. വലിയ ഒരു ഇടപാടുശിഷ്ടമുണ്ടാകുന്ന രാജ്യത്തിനു സ്വർണ്ണം സ്വയമേവ നഷ്ടപ്പെട്ടും. ഈ നഷ്ടം ആ രാജ്യത്തിന്റെ ദേശീയകറൻസിയുടെ മൂല്യാടിസ്ഥാനത്തെ ചുരുക്കുകയും അങ്ങിനെ തദ്ദേശനാണയലഭ്യത സങ്കോചിപ്പിക്കുകയും ചെയ്യും. തൽഫലമായി പലിശനിരക്കുകൾ ഉയരുന്നതും തദ്ദേശബിസിനസ്പ്രവർത്തനങ്ങൾ ഇടിഞ്ഞു് വിലനിരക്കുകളും തൊഴിൽനിലവാരവും താഴുന്നതുമാണു്. ഈ സംഭവവികാസങ്ങൾ തദ്ദേശീയമായി എത്രതന്നെ അരോചകമാണെങ്കിലും (ഉയന്ന പലിശനിരക്കുകൾമൂലം) വിദേശത്തുനിന്നും ഹ്രസ്വകാലനിക്ഷേപങ്ങളെ ആകർഷിച്ചുകൊണ്ടും (തദ്ദേശ ആവശ്യങ്ങളുടെ ഇടിവുമൂലം) ഇറക്കുമതികൾ കുറയ്ക്കുമ്പോൾതന്നെ (താഴ്ന്ന വിലനിരക്കുകൾമൂലം) വർദ്ധമാനമായതോതിൽ കയററുമതികളെ ഉത്തേജിപ്പിച്ചുകൊണ്ടും ഈ സംഭവവികാസങ്ങൾ സ്വയമേവ വിദേശഇടപാടുകളിലെ സമതുലനക്കുറവു് പരിഹരിച്ചിരുന്നു.

സ്വർണ്ണമാനസമ്പ്രദായം 19-ാംശതകത്തിലെ അതിന്റെ ശുദ്ധരൂപത്തിൽ വിദേശവ്യാപാരബന്ധങ്ങളിലെ പൊരുത്തക്കേടുകൾ സ്വയമേവ ശരിപ്പെടുത്തിയിരുന്നുവെങ്കിലും തദ്ദേശസാമ്പത്തികപ്രവർത്തനങ്ങളുടേയും തൊഴിലിന്റേയും നിലവാരങ്ങളെ ഗണ്യമായി ഹനിച്ചുകൊണ്ടാണു് അങ്ങിനെ ചെയ്തിരുന്നതു്. 20-ാംശതകത്തിന്റെ ആദ്യദശകങ്ങളായപ്പോഴേയ്ക്കും ഈ പ്രക്രിയ ലോകത്തിലെ പ്രമുഖ ജനാധിപത്യരാഷ്ട്രങ്ങളിൽ രാഷ്ട്രീയമായി സ്വീകാര്യമല്ലാതായിത്തീർന്നു. പ്രായപൂത്തിവോട്ടവകാശസമ്പ്രദായം രാജ്യങ്ങൾതോറും വ്യാപിച്ചുകൊണ്ടിരുന്നു. അതോടൊപ്പംതന്നെ ജനങ്ങളുടെ സാമ്പത്തികസുരക്ഷിതത്വവും ക്ഷേമവും സാരമായി അഭിവൃദ്ധിപ്പെടുത്തേണ്ടതാണെന്നും അതിനു കഴിയുമെന്നുമുള്ള ബോധവും വളർന്നുവന്നിരുന്നു. കൂടാതെ 1914 മുതൽ രണ്ടു ലോകയുദ്ധങ്ങളും അവയ്ക്കിടയിലുണ്ടായ ഭീകരമായ സാമ്പത്തികത്തകച്ചയും ധനപരമായ വിഭവങ്ങൾ സംഘടിപ്പിച്ചൊരുക്കാനും പ്രത്യേകദേശീയാവശ്യങ്ങൾക്കുവേണ്ടി വീതിക്കാനും ഗവമ്മെണ്ടുകളിൽ വദ്ധിച്ച ഉത്തരവാദിത്വമാണു് ഏല്പിച്ചതു്. അന്താരാഷ്ട്രവിപണിയിലെ ഘടകങ്ങളുടെ അപ്രതിഹതമായ പ്രവർത്തനങ്ങളും സ്വർണ്ണമാനവ്യവസ്ഥയുടെ കശനമായ നിയന്ത്രണങ്ങളുംവഴി തൊഴിൽ, വരുമാനവിതരണം എന്നിവയുടെ നിലവാരങ്ങളും ജീവിതനിലവാരവും സ്വയമേവ നിർണ്ണയിക്കപ്പെടുന്നതിനു വിട്ടുകൊടുക്കാൻ ദേശീയഗവമ്മെണ്ടുകൾക്കു് ക്രമേണ നിവ്വാഹമില്ലാതായിത്തീന്നു. ദേശീയകറൻസികൾക്കു ഒരു പ്രത്യേക നാണയാടിസ്ഥാനം ഉപേക്ഷിക്കുന്നതായിരുന്നു ആദ്യത്തെ പ്രധാനമാററം. പണ

ത്തിന്റേയും വായ്പയുടേയും അളവ്, പലിശനിരക്ക്, ഗവൺമെണ്ടു ചിലവുകളുടെ നിലവാരം എന്നിവയിന്മേൽ കൂടുതൽ നിയന്ത്രണം നൽകാൻ പര്യാപ്തമായ, വിശ്വസ്തതയുടെ അടിസ്ഥാനത്തിലുള്ള ഒരു നാണയക്രമത്തിലേയ്ക്കു് വർദ്ധമാനമായ തോതിൽ രാജ്യങ്ങൾ മാറുകയുണ്ടായി. അഭ്യന്തരമായ വിഷമതകൾ പരിഹരിക്കുന്നതിനു സ്വർണ്ണമാനസമ്പ്രദായത്തിന്റെ കർക്കശമായ നിയന്ത്രണാത്മകത്വത്തിന്റെ സ്ഥാനത്തു് സാമൂഹ്യമായി സ്വീകാര്യമായ പരിഹാരനടപടികളെടുക്കാൻ ഈ സംഭവവികാസം സാദ്ധ്യമാക്കിത്തീർത്തു.

ഫലത്തിൽ, യുദ്ധങ്ങൾക്കിടയ്ക്കുള്ള കാലത്തു് രൂപംകൊണ്ട പ്രധാന കറൻസിസമ്പ്രദായം, വിശ്വസ്തനാണയസമ്പ്രദായം അഭ്യന്തരരംഗത്തു് അനുവദിച്ചിരുന്നതുപോലെ, വിദേശനാണയബന്ധങ്ങൾക്കുമീതെ ബോധപൂർവ്വമുള്ള നിയന്ത്രണമേർപ്പെടുത്തുന്നതിനു് രാജ്യങ്ങൾക്കു കഴിവുനൽകുന്ന ഒരു രീതിയാണു്. ഇടപാടുശിഷ്ടങ്ങൾ കൊടുത്തുതീർക്കുന്നതിനുള്ള മറെറാരു ഉപാധിയെന്നനിലയിലും `നാണയശേഖരങ്ങളായും ഡോളറും സ്റ്റെർലിങ്ങും ഉപയോഗിക്കുന്നതുവഴി സ്വർണ്ണലഭ്യതയുടെ കുറവു നികത്തിക്കൊണ്ടു് പ്രധാന കറൻസിസമ്പ്രദായം അന്താരാഷ്ട്ര ദ്രവണത വർദ്ധിപ്പിച്ചു. ഒരു രാജ്യത്തിന്റെ അന്താരാഷ്ട്രകണക്കുകളിൽ വരുന്ന പൊരുത്തക്കേടുകൾ ശരിപ്പെടുത്തുന്നതിനു കൂടുതൽ വിവേചനസ്വാതന്ത്ര്യവും ആയമൃതയും അതനുവദിക്കുകയും ചെയ്തു. എന്നാൽ സ്വർണ്ണത്തിന്റെ കുറവുനികത്താൻ ഉപയോഗിക്കപ്പെട്ട കറൻസികൾ തദ്ദേശകറൻസികളായുള്ള രണ്ടു രാജ്യങ്ങൾക്കു് ഈ പുതിയ സമ്പ്രദായം ചില പ്രശ്നങ്ങൾ ഉയർത്തുകയുണ്ടായി, ഇപ്പോഴും ഉയർത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടു്.

പ്രധാന കറൻസികളുടെ ലഭ്യതയും പ്രിയവും സാമാന്യമായി സമതുലിതമായിരുന്ന ഘട്ടങ്ങൾ ഹ്രസ്വവും വിരളവുമാണു്. യുദ്ധത്തിനു തൊട്ടുപിറകേ ഡോളർദൗർലഭ്യം അനുഭവപ്പെട്ട വർഷങ്ങളിൽ മിക്കവാറും എല്ലാ രാജ്യങ്ങളുടേയും ഡോളറിനുള്ള ആവശ്യം വിദേശവ്യാപാരംവഴി സമ്പാദിക്കാനോ, സ്വന്തം ശേഖരത്തിൽനിന്നെടുക്കാനോ, അല്ലെങ്കിൽ അന്താരാഷ്ട്ര-പൊതു-സ്വകാര്യവായ്പാസ്ഥാപനങ്ങളിൽനിന്നു് കടം വാങ്ങാനോ കഴിയുമായിരുന്നതിനെ ഗണ്യമായി അധികരിക്കുകയുണ്ടായി. അമേരിക്കയുടെ വിദേശസഹായഗ്രാൻറുകളും വായ്പകളും ഡോളർദൗർലഭ്യം ലഘൂകരിക്കാനും ഈ രാജ്യങ്ങൾക്കു്, പ്രത്യേകിച്ചും പശ്ചിമയൂറോപ്യൻരാഷ്ട്രങ്ങൾക്കു്, പര്യാപ്തമായ ഇറക്കുമതിനിലവാരങ്ങൾ നിലനിർത്താൻ കഴിവുണ്ടാക്കുവാനും സഹായകമായിത്തീർന്നു.

ഇതിന്നെതിരെ, 1957-നുശേഷം അമേരിക്കയുടെ ഇടപാട്ടു കണക്കിലുണ്ടായിരുന്ന വലിയ കമ്മി അന്താരാഷ്ട്രസമ്പ്രദായത്തിൽ ഡോളറുകൾ ഫലത്തിൽ സമൃദ്ധമായിരുന്നുവെന്നും പല യൂറോപ്യൻ രാജ്യങ്ങളിലേയും ഗവമ്മെൻറുകളുടേയും സ്വകാര്യവിഭാഗത്തിൻേറയും കൈവശം ഡോളർശേഖരം ഗണ്യമായി വർദ്ധിച്ചുവെന്നുമാണ് സൂചിപ്പിച്ചത്. ഒരു പ്രത്യേകഘട്ടത്തിൽ യൂറോപ്പിലെ കേന്ദ്രബാങ്കുകളും സ്വകാര്യബാങ്കർമാരും ബിസിനസ്സുകാരും വർദ്ധമാനമായ ഡോളർതുകകൾ കൈവശംവച്ചുകൊണ്ടിരിക്കുന്നതിന് വൈമനസ്യമുള്ളവരായി തങ്ങളുടെ പക്കലുള്ള ഏതാനും ഡോളറുകൾ സ്വർണ്ണമാക്കിമാററാൻ തുടങ്ങി. സ്വയം വർദ്ധമാനമായ ഒരു ഫലമാണ് ഇത്തരം നടപടിയ്ക്കുള്ളത്. ഡോളറുകൾ സ്വർണ്ണമാക്കിമാററാൻ തുടങ്ങുന്നതോടെ സ്വർണ്ണത്തിനുള്ള ആവശ്യം വർദ്ധിക്കുകയും ലണ്ടൻ സ്വർണ്ണവിപണിയിൽ സ്വർണ്ണത്തിൻെറ വില ഔൺസിനു 35 ഡോളർ എന്ന ഔദ്യോഗിക നിരക്കിനു മുകളിലേയ്ക്ക് കയറുകയും ചെയ്യുന്നു. (മററു ഗവമ്മെണ്ടുകൾ ആവശ്യപ്പെടുന്നതനുസരിച്ച് അമേരിക്കൻട്രഷറി ഡോളറുകൾ സ്വതന്ത്രമായി സ്വർണ്ണമാക്കി മാററുന്ന നിരക്കാണ് ഔൺസിനു 35 ഡോളർ). ഉദാഹരണത്തിനു ഡോളറിൻെറ സുസ്ഥിതിക്കെതിരെയുള്ള ഒരു കിംവദന്തിയും തങ്ങളുടെ കയ്യിരുപ്പുഡോളറിൻെറ സുരക്ഷിതത്വത്തെ സംബന്ധിച്ച് ബാങ്കർമാക്കും ബിസിനസ്സുകാക്കും ആശങ്കയും ചേന്ന് 1960 ഒക്ടോബറിൽ സ്വർണ്ണത്തിൻെറ കമ്പോള വില ഔൺസിനു 40 ഡോളറിലുപരിയായി ഉയത്തുകയുണ്ടായി. അമേരിക്കയുടെ ഇടപാട്ടുകണക്കിലുള്ള കമ്മി ഈ സന്ദർഭത്തിൽ സംഭ്രമകരമാംവിധം ഉയന്നതായിരുന്നു. ഇതേസമയത്തുതന്നെ യൂറോപ്പിലെ കേന്ദ്രബാങ്കുകൾ അവയുടെ ഡോളർശേഖരങ്ങൾ അമേരിക്കൻട്രഷറിയിൽ സ്വർണ്ണമായും മററു കറൻസികളായും മാററിക്കൊണ്ടുമിരുന്നു. അമേരിക്കയുടെ സ്വർണ്ണശേഖരത്തിൽ വലിയ ഒരു ഒലിപ്പായിരുന്നു ഇവയുടെ ഫലം.

ബ്രിട്ടൻെറ ഇടപാട്ടുകണക്കിൽ ഉണ്ടായ ആവത്തികകമ്മികളെ ത്തുടന്ന്, രണ്ടാമത്തെ പ്രധാന കറൻസിയായ സ്റ്റെർലിങ്ങിന് ഇത്തരത്തിലുള്ള വിഷമതകൾ കൂടുതൽ ഗുരുതരമായ നിലയിലും കൂടുതൽ സന്ദർഭങ്ങളിലും യുദ്ധാനന്തരകാലമത്രയും അനുഭവമായിട്ടുണ്ട് ആ സന്ദർഭങ്ങളിൽ സ്റ്റെർലിങ്ങ് മററു കറൻസികളായി മാററുന്നതിനുള്ള ആവശ്യങ്ങൾ നേരിടാൻ ബാങ്ക് ഓഫ് ഇംഗ്ലണ്ടിന് കഴിവുണ്ടാക്കുന്നതിനുവേണ്ടി അതിന് അന്താരാഷ്ട്രസംഘടനകളും മററു ഗവമ്മെൻറുകളും കേന്ദ്രബാങ്കുകളും അടിയന്തിരധനസഹായങ്ങൾ നൽകേണ്ടതായി വന്നിട്ടുമുണ്ട്.

അങ്ങിനെ, അന്താരാഷ്ട്രനാണയക്രമം അന്യൂനമായി പ്രവൎത്തിക്കാനാവാത്തവിധത്തിൽ പ്രധാന കറൻസികൾ പലപ്പോഴും വളരെ ദുർലഭമോ അല്ലെങ്കിൽ അത്യധികം സുലഭമോ ആയിരുന്നുവെന്നാണ് യുദ്ധാനന്തരകാലത്തെ അനുഭവം. 1944-ൽ ബ്രെട്ടൺവുഡ്സ് സമ്മേളനത്തിൽവെച്ച് ആദ്യമായി വിഭാവനംചെയ്യപ്പെട്ട "അന്താരാഷ്ട്രനാണയനിധി" പ്രധാന കറൻസിസമ്പ്രദായത്തിൻെറ ഈ ന്യൂനത പരിഹരിക്കുന്നതിനുവേണ്ടിയുള്ളതാണെന്നാണ് കരുതപ്പെട്ടന്നതു്. മററു പ്രവൎത്തനങ്ങളുടെകൂട്ടത്തിൽ, അന്താരാഷ്ട്രഇടപാടുബാദ്ധ്യതകൾ തീൎക്കുന്നതിന് ധനശേഷി അപൎയ്യാപ്തമായ രാജ്യങ്ങൾക്ക് ആവശ്യമായ ഡോളറുകളും കറൻസികളും നാണയനിധി നൽകുന്നു. ചില സാഹചൎയ്യങ്ങളിൽ സ്വൎണ്ണവും നൽകിയേക്കാം. സ്റ്റെർലിങ്ങും ഡോളറും സ്വൎണ്ണമോ തത്സമയം ആവശ്യമുള്ള മററു കറൻസികളോ ആക്കി മാററുന്നതിന് ബ്രിട്ടനും അമേരിക്കയ്ക്കും അതിയായ സമ്മൎദ്ദം അനുഭവപ്പെടുന്ന ഘട്ടങ്ങളിൽ അന്താരാഷ്ട്രനാണയനിധിക്ക് ആ പ്രധാന കറൻസി രാജ്യങ്ങളുടെ സഹായത്തിനെത്താവുന്നതാണ്. സ്വൎണ്ണശേഖരത്തിന്മേൽ 1959-60 കാലത്തു് നീണ്ടുനിന്ന വലിവുണ്ടായിട്ടുപോലും അമേരിക്കയ്ക്ക് അന്താരാഷ്ട്രനാണയനിധിയുടെ സഹായം ഇതുവരെ ഉപയോഗപ്പെടുത്തേണ്ടതായി വന്നിട്ടില്ല. നേരേമറിച്ച്, യുദ്ധാനന്തരകാലത്തെ ആവൎത്തിച്ചുവന്നിരുന്ന സ്റ്റെർലിങ്ങ് കുഴപ്പങ്ങളുടെ ഘട്ടങ്ങളിൽ ബ്രിട്ടന് ഈ നിധിയിൽനിന്ന് ഗണ്യമായ സഹായം ലഭിക്കുകയുണ്ടായിട്ടുണ്ട്. ഈ കടമകൾ നിൎവ്വഹിക്കുന്നതിന് കഴിവുണ്ടാക്കുന്നതിലേയ്ക്ക് നിധിയുടെ ധനശേഷി സമീപവൎഷങ്ങളിൽ പല പ്രാവശ്യവും വൎദ്ധിപ്പിക്കേണ്ടതായി വന്നു. ഡോളറിന്മേലും സ്റ്റെർലിങ്ങിന്മേലും ഊഹപരമായ "തള്ളിക്കയററങ്ങളെ" അതിജീവിക്കുന്നതിനുവേണ്ടി പ്രധാന കറൻസിരാജ്യങ്ങളെ സഹായിക്കുന്നതിന് പ്രത്യേകമായ അനുബന്ധവായ്പകൾ ഏൎപ്പെടുത്തപ്പെട്ട 1961-ലാണ് ഏററവും ഒടുവിൽ നിധിയുടെ ധനശേഷി വൎദ്ധിപ്പിച്ചതു്.

മിക്കവാറും ദേശീയഗവൎമ്മെൻറുകളും കേന്ദ്ര-സ്വകാൎയ്യബാങ്കർമാരും പ്രധാന കറൻസിസമ്പ്രദായത്തെ തുടൎന്നും അനുകൂലിക്കുമ്പോൾ തന്നെ കഴിഞ്ഞ ഏതാനും വൎഷങ്ങളായി അതു് രണ്ടു വ്യത്യസ്തരീതികളിൽ വൎദ്ധമാനമായ വിമൎശനത്തിന് വിധേയമായിട്ടുണ്ട്. ഒരു രാജ്യത്തിൻെറ വിദേശസമതുലനത്തിൻെറ ആവശ്യങ്ങൾക്കനുസരിച്ച് ദേശീയ സാമ്പത്തികനയങ്ങളെ പൊരുത്തപ്പെടുത്തുന്നതിനുള്ള നടപടികളിൽ അത്യധികം വിവേചനസ്വാതന്ത്ര്യം ഈ സമ്പ്രദായം നൽകുന്നുണ്ടെന്ന വിശ്വാസത്തെ മുൻനിൎത്തി അന്താരാഷ്ട്രബാങ്കിന് സമൂഹത്തിനകത്തുള്ള കൂടുതൽ യാഥാസ്ഥിതികമായ വിഭാഗം ഇതിനെ വിമ

ശിക്കുന്നു. ഇടപാടുകണക്കിൽ ഭീമമോ, നീണ്ടുനിൽക്കുന്നതോ ആയ കമ്മി അനുഭവപ്പെടുമ്പോൾ സമ്പദ്‌വ്യവസ്ഥകളെ സങ്കോചിപ്പിക്കാൻ രാജ്യങ്ങളെ പ്രേരിപ്പിക്കുന്ന സ്വർണ്ണമാനസമ്പ്രദായത്തിന്റെ സ്വയമേവയുള്ള കർശനനിയന്ത്രണങ്ങളെയാണ് ഫലത്തിൽ അവർ കൂടുതൽ ഇഷ്ടപ്പെടുന്നതു്.

നിധിയിൽനിന്നു ലഭ്യമാകുന്ന അനുബന്ധസഹായമുണ്ടെങ്കിൽ പോലും ദീർഘകാലദ്രവണപ്രശ്നം ഉണ്ടാകാതെ തരമില്ലെന്നാണ് മറെറാരു വിമർശകവിഭാഗത്തിന്റെ വാദം. ലോകവ്യാപാരത്തിന്റെ വർദ്ധനവിനേക്കാൾ വളരെ മന്ദമായ നിരക്കിലാണ് ലോകത്തിലെ സ്വർണ്ണലഭ്യത വളർന്നുവന്നിട്ടുള്ളതെന്നും അതങ്ങിനെ തുടരാനാണിടയുള്ളതെന്നും അവർ ചൂണ്ടിക്കാണിക്കുന്നു. അങ്ങിനെ, പ്രധാനകറൻസികൾക്കും നിധിയുടെ അനുബന്ധസഹായങ്ങൾക്കും കൂടുതൽ കൂടുതൽ വലിയ പങ്ക് വഹിക്കേണ്ടതായിവരും. എന്നാൽ അന്താരാഷ്ട്ര വ്യാപാരത്തിന്റെ നിലവാരത്തിനനുസരിച്ചുള്ള ധനശേഷി നൽകാൻ ഈ രണ്ടുഘടകങ്ങളും അപര്യാപ്തമായേക്കുമെന്നാണ് വാദം. ഇതിനുപുറമേ, പ്രധാന കറൻസികളിൽ വിശ്വാസമില്ലാതെവരുന്ന, വർദ്ധമാനമായി കൂടുതൽ ഗുരുതരമായ പ്രതിസന്ധിഘട്ടങ്ങൾ ഉണ്ടാകുമെന്നും അമേരിക്കയുടേയും ബ്രിട്ടന്റേയും നാണയശേഖരങ്ങളിന്മേൽ നിയന്ത്രിക്കാനാവാത്തവിധം ശക്തിയായ വലിവുകൾക്ക് അതു കാരണമായിത്തീരുമെന്നും ഈ വിമർശകന്മാർ ഭയപ്പെടുന്നുണ്ട്.

വിശ്വാസം നിലനിർത്തുന്നതിനുള്ള ശ്രമങ്ങളിൽ രണ്ടു പ്രധാന കറൻസിരാജ്യങ്ങളും അഭ്യന്തര സാമ്പത്തികനയങ്ങൾ തിരഞ്ഞെടുക്കുന്നതിൽ അമിതമായ നിയന്ത്രണങ്ങൾക്ക് വിധേയമായിത്തീരാനുള്ള സാദ്ധ്യതയുണ്ട്. ബ്രിട്ടനെസംബന്ധിച്ചേടത്തോളം ഇതു ശരിക്കും അനുഭവഗോചരമായി. കയററുമതികൾ ഉത്തേജിപ്പിക്കുന്നതിനും ഇറക്കുമതികൾ കുറയ്ക്കുന്നതിനും അങ്ങിനെ സ്റ്റെർലിങ്ങിലുള്ള വിശ്വാസം നിലനിർത്തുന്നതിനുംവേണ്ടി അഭ്യന്തരമൂലധനനിക്ഷേപത്തേയും ഉപഭോക്താക്കളുടെ ആവശ്യത്തേയും ഇടയ്ക്കിടയ്ക്ക് നിയന്ത്രിക്കേണ്ടിവന്നതാണ് ഒന്നാംലോകയുദ്ധത്തിനുശേഷം ബ്രിട്ടനിൽ സാമ്പത്തികവളർച്ചയുടെ നിരക്ക് അപര്യാപ്തമാകുന്നതിന് ഭാഗികമായ കാരണം. യുദ്ധങ്ങൾക്കിടയ്ക്കുള്ളകാലത്തു് സ്റ്റെർലിങ്ങിനെ ഒരു പ്രധാന കറൻസിയായി നിലനിർത്തുന്നതിനുള്ള ശ്രമത്തിൽ ഗണ്യമായ തൊഴിലില്ലായ്മയും നിശ്ചലമായ ജീവിതനിലവാരവും സഹിക്കാൻ ബ്രിട്ടീഷുജനത സന്നദ്ധരായിരുന്നു. എന്നാൽ രണ്ടാംലോകയുദ്ധത്തിനുശേഷം ഇതിന് അവർ വർദ്ധമാനമായതോതിൽ വൈമുഖ്യമാണ് കാണിച്ചിട്ടുള്ളതു്. മാത്രമല്ല, ഉയരുന്ന ജീവിതനിലവാരങ്ങൾക്ക

വേണ്ടി അവർ ചെലുത്തിക്കൊണ്ടിരിക്കുന്ന സമ്മർദ്ദമാണ് കൂടെക്കൂടെ സ്റ്റെർലിങ്ങിനുണ്ടാകുന്ന ബലക്ഷയത്തിന് ഒരു കാരണം. ഡോളർ ഒരു പ്രധാന കറൻസിയായി നിലനിർത്താൻ ജീവിതനിലവാരങ്ങൾ നിയന്ത്രിച്ചും സാമ്പത്തികവളർച്ചയുടെ നിരക്ക് അപര്യാപ്തമായ തോതിലേക്ക് ചുരുക്കിയുംമാത്രമേ സാദ്ധ്യമാകൂ എങ്കിൽ അതിന് അമേരിക്കക്കാർ ബ്രിട്ടീഷുകാരേക്കാൾ അസന്നദ്ധരായിരിക്കാനേ ഇടയുള്ളു. പ്രത്യേകിച്ചും വിദേശപൊരുത്തക്കേടുകൾ പരിഹരിക്കുന്നതിന് സാമൂഹ്യമായി സ്വീകാര്യമായ മാർഗ്ഗങ്ങൾ (ഉദാഹരണത്തിന്, കയററുമതിവ്യവസായങ്ങളുടെ ഉല്പാദനക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക) ലഭ്യമായിരിക്കേ, അഭ്യന്തരസമ്പദ്വ്യവസ്ഥയുടെ സങ്കോചവും തൊഴിലില്ലായ്മവർദ്ധനവുമാണ് ഡോളർ പ്രധാന കറൻസിയായി ഏതുവിധവും നിലനിർത്തുന്നതിൻെറ ഫലമെങ്കിൽ അതിനുള്ള സന്നദ്ധത പിന്നേയും കുറവായിരിക്കും.

പ്രധാന കറൻസിസമ്പ്രദായത്തേയുംകടന്ന് ഈ കോട്ടങ്ങളും അപായങ്ങളും ഏററവും ലഘൂകരിക്കുന്നതോ അല്ലെങ്കിൽ തീരെ ഒഴിവാക്കുന്നതോ ആയ ഒരു പുതിയ സമ്പ്രദായത്തിലേക്ക് മാറുന്നതിനുള്ള പല നിർദ്ദേശങ്ങളുമുണ്ടായിട്ടുണ്ട്. ഒരു അന്താരാഷ്ട്ര കറൻസിശേഖര സമ്പ്രദായത്തിനായി യേൽസർവ്വകലാശാലയിലെ പ്രൊഫസർ റോബർട്ട് ട്രിഫിൻ ഉന്നയിച്ചിട്ടുള്ളതാണ് ഏററവും പ്രഖ്യാതമായ ഒരു നിർദ്ദേശം. ട്രിഫിൻെറ നിർദ്ദേശം ഫലത്തിലിതാണ്: ഡോളറിൻേറയും സ്റ്റെർലിങ്ങിൻേറയുംസ്ഥാനത്ത് അന്താരാഷ്ട്ര ഇടപാടുകൾക്കുള്ള ഉപാധിയെന്നനിലയിലും ദേശീയനാണയശേഖരങ്ങളുടെ രൂപമെന്നനിലയിലും ഒരു പുതിയ അന്താരാഷ്ട്ര കറൻസി ഏർപ്പെടുത്തണം. ഒരു അന്താരാഷ്ട്രസംഘടന, ഒരുപക്ഷേ അന്താരാഷ്ട്രനാണയനിധി, അത്തരം ഒരു അന്താരാഷ്ട്രകറൻസിസമ്പ്രദായത്തിൻെറ ഭരണം നടത്തേണ്ടതായിവരും. ആവശ്യാനുസരണം നാണയത്തിൻേറയും വായ്പയുടേയും അന്താരാഷ്ട്രലഭ്യത വികസിപ്പിക്കുകയോ ചുരുക്കുകയോ ചെയ്യാനുള്ള വിവേചനാധികാരത്തോടുകൂടിയ ഒരുതരം അന്താരാഷ്ട്രകേന്ദ്രബാങ്കാക്കി നിധിയെ മാററുന്നതുമുതൽ ഏറെക്കുറെ ഒരു വിദേശസമതുലിതാവസ്ഥ നിലനിർത്തുവാനും സ്വർണ്ണമാനസമ്പ്രദായത്തിൻേറതുപോലെയുള്ള നാണ്യവീർപ്പുണ്ടാക്കാവുന്ന ഘടകങ്ങളെ നിയന്ത്രിക്കുവാനും രാജ്യങ്ങളുടെമീതേ സ്വയം സമ്മർദ്ദം ചെലുത്തുന്ന, അത്രതന്നെ അനുവദനീയമല്ലാത്ത ഏർപ്പാടുകൾവരെയുള്ള സാദ്ധ്യതകൾ ഈ നിർദ്ദേശത്തിലടങ്ങുന്നുണ്ട്.

യൂറോപ്യൻ പൊതുവിപണിരാജ്യങ്ങൾ അന്തിമമായി ഒരുതരം പൊതുനാണ്യമാത്രയുള്ള ഒരു യൂറോപ്യൻ നാണയശേഖരസമ്പ്രദായം

ഏല്പ്പെടുത്താനുള്ള സാദ്ധ്യതകൾ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അത്തരം ഒരു സമ്പ്രദായത്തിന്റെ, പ്രത്യേകിച്ച് ബ്രിട്ടനുംകൂടി അതിൽ അംഗമാണെങ്കിൽ, നിലവിലുള്ള അന്താരാഷ്ട്രനാണയഏർപ്പാടുകളുടെ ചില ന്യൂനതകൾ തരണംചെയ്യാൻകഴിയും. കൂടാതെ യൂറോപ്യൻ സമ്പ്രദായത്തിൽ ചേരുന്നതിന് അമേരിക്കയ്ക്കു ശക്തിയായ പ്രേരണയുമുണ്ടാകും. അങ്ങിനെ, യൂറോപ്യൻസമ്പ്രദായത്തെ അററ്ലാൻറിക് സമൂഹത്തിലാകെ വ്യാപിപ്പിക്കുകയോ, അല്ലെങ്കിൽ ട്രിഫിന്റെ നിർദ്ദേശമനുസരിച്ച് പുനസ്സംഘടിപ്പിക്കപ്പെട്ട അന്താരാഷ്ട്രനാണയനിധിയുമായി ലയിപ്പിക്കുകയോ ആയിരിക്കും തുടർന്ന് സംഭവിക്കുന്നത്.

പ്രധാന കറൻസിസമ്പ്രദായത്തിന്റെ ന്യൂനതകൾ അവസാനം എങ്ങനെ തരണംചെയ്താലും അമേരിക്കയുടെ ഇടപാടുകണക്കിലുള്ള വലിവുകൾ ലഘൂകരിക്കുന്നതായിരിക്കും അതിന്റെ ഫലം. പക്ഷേ സ്വന്തം വിദേശക്കണക്കുകൾ സാമാന്യമായ ഒരു സമതുലിതാവസ്ഥയിൽ നിലനിർത്തുന്നതിനുള്ള നടപടികൾ എടുക്കേണ്ട ആവശ്യത്തിൽ നിന്ന് അമേരിക്ക ഒരുതരത്തിലും ഒഴിവാക്കപ്പെടുകയില്ല. എങ്കിലും അങ്ങിനെ നടപടികളെടുക്കുന്നതിന് കൂടുതൽ സാവകാശവും നയങ്ങൾ തിരഞ്ഞെടുക്കുന്നതിന് കുറച്ചുകൂടി സ്വാതന്ത്ര്യവും അമേരിക്കയ്ക്കു ലഭിക്കും. ഉദാഹരണത്തിന്, ഉല്പാദനക്ഷമതയും കയററുമതിയും ഉത്തേജിപ്പിക്കുന്ന നടപടി സമതുലിതാവസ്ഥ പുനഃസ്ഥാപിക്കുന്നതിന്, സങ്കോചകമായ ഒരു നാണയനയമോ ഇറക്കുമതിലഘൂകരണമോ എടുക്കുന്നതിനേക്കാൾ കൂടുതൽ സമയമെടുക്കും. യുക്തമായ സാഹചര്യങ്ങളിൽ ഡോളറിന്റെ കൈമാററനിരക്കിൽ നീക്കുപോക്കു വരുത്തുന്നകാര്യവും പരിഗണിക്കപ്പെടാവുന്നതാണ്. മററു രാജ്യങ്ങളുടെ കൈവശം വൻതോതിൽ ഡോളർശേഖരമുണ്ടായിരിക്കുകയും വിദേശ ഗവൺമെണ്ടുകളുടേയും സ്വകാര്യവിഭാഗത്തിന്റേയും കൈവശമുള്ള അത്തരം ശേഖരങ്ങളുടെ വില നിലനിർത്തുന്നതിനുള്ള പ്രായോഗികമായ ആവശ്യവും ധാർമ്മികമായ ബാദ്ധ്യതയും ഉണ്ടായിരിക്കുകയും ചെയ്യുന്ന ഈ അവസരത്തിൽ ഡോളറിന്റെ കൈമാററനിരക്ക് കുറയ്ക്കാനുള്ള സാദ്ധ്യത പ്രായേണ ശൂന്യമാണ്. കൂടുതൽസമയവും കൂടുതൽ പ്രവർത്തനസ്വാതന്ത്ര്യവും ഉപയോഗപ്പെടുത്തി ലോകരാഷ്ട്രീയ-സാമ്പത്തികസ്ഥിതിഗതികൾ ആവശ്യപ്പെടുന്ന വിദേശസഹായചിലവുകൾക്കും മററു വിദേശച്ചിലവുകൾക്കും സമാനമായവിധത്തിൽ ഒരു കയററുമതിമിച്ചം നിലനിർത്തുന്നതിന്നാവിഷ്കരിക്കപ്പെടുന്ന, ജനാധിപത്യമൂല്യങ്ങൾക്കനുസരിച്ചുള്ള നയങ്ങളും പരിപാടികളും അമേരിക്ക അംഗീകരിക്കുന്നത് തുടർന്നും ആവശ്യമായിരിക്കും.

## അമേരിക്കൻ വിദേശനയവും അന്താരാഷ്ട്രസഹകരണവും

എല്ലാ സ്വാതന്ത്ര്യജനവിഭാഗങ്ങളുടേയും സുരക്ഷിതത്വത്തിനും പുരോഗതിക്കും ഉതകുന്ന ലോകസാമ്പത്തിക-രാഷ്ട്രീയക്രമം കെട്ടിപ്പടുക്കുന്നതിന് ഇനിയും വളരെയേറെ ചെയ്യാനുണ്ടെന്നാണ് അന്താരാഷ്ട്ര സമ്പദ്‌വ്യവസ്ഥയിൽ അമേരിക്ക അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങളെക്കുറിച്ച് മേൽചേർത്ത വിവരണം സൂചിപ്പിക്കുന്നത്. തുടർന്നുവരുന്ന ഈ കർത്തവ്യത്തിൽ അമേരിക്കൻജനതയ്ക്ക് അവരുടെ ബലവും സമ്പൽപ്രതാപവും താരതമ്യേനയുള്ള പ്രവർത്തനസ്വാതന്ത്ര്യവുംമൂലം ഒരു പ്രത്യേക ബാദ്ധ്യതയാണുള്ളത്. വ്യാപാരത്തിലും മൂലധനനിക്ഷേപത്തിലും പര്യാപ്തമായ നിലവാരങ്ങൾ സാദ്ധ്യമാക്കാൻ അന്താരാഷ്ട്രസമ്പദ്‌വ്യവസ്ഥയുമായി അമേരിക്കൻസമ്പദ്‌വ്യവസ്ഥയെ കൂടുതൽ പൂർണ്ണമായി സംയോജിപ്പിക്കുന്നതാണ് ഈ കർത്തവ്യത്തിന്റെ സാമ്പത്തികവശം. 1914-നു മുമ്പുള്ള കാലഘട്ടത്തിൽ മറഞ്ഞുമാഞ്ഞ സാഹചര്യങ്ങൾ പുനർജ്ജീവിപ്പിക്കാനുള്ള "പിൻതിരിപ്പൻ"ശ്രമങ്ങളിലൂടെ ഇതു നിർവ്വഹിക്കാൻ സാദ്ധ്യമല്ല. നിലവിലുള്ള യാഥാർത്ഥ്യങ്ങളും ഭാവിയിലെ ആവശ്യങ്ങളും അംഗീകരിക്കുകയും ലോകമാകെ മാറിവരുന്ന മൂല്യങ്ങളേയും പ്രതീക്ഷകളേയും വേണ്ടപോലെ കണക്കിലെടുക്കുകയും ചെയ്യുന്ന മാർഗ്ഗങ്ങളിൽക്കൂടിമാത്രമേ അതു സാദ്ധ്യമാവുകയുള്ളൂ.

രണ്ടാംലോകയുദ്ധംവരെ ഒററപ്പെട്ടുനില്ക്കാനുള്ള ഒരു പ്രവണതയാണ് അമേരിക്കയ്ക്കുണ്ടായിരുന്നത്. 20-ാംശതകത്തിന്റെ ഉത്തരാർദ്ധത്തിലെ പുതിയ സാഹചര്യങ്ങളോട് അമേരിക്കൻ വിദേശനയത്തെ പൊരുത്തപ്പെടുത്തുന്നതിൽ ഇന്നുവരെയുള്ള പുരോഗതി അത്ഭുതകരമാംവിധം സത്വരവും ദൂരവ്യാപകവുമാണെന്നു കാണാം. എന്നാൽ ഈ മാററങ്ങൾ കാലത്തിന്റെ ആവശ്യങ്ങൾ നേരിടാൻ പര്യാപ്തമാണോ എന്ന ചോദ്യം അവശേഷിക്കുന്നു. ദേശീയത്വത്തിന്റേയും പരമാധികാരത്തിന്റേയും പരമ്പരാഗതമായ ആശയങ്ങളുടെ അടിസ്ഥാനത്തിൽത്തന്നെ ചിന്തിക്കാനുള്ള ഒരു പ്രവണതയാണ് അമേരിക്കക്കാർക്ക് ഇന്നുമുള്ളത്. അന്താരാഷ്ട്രസഹകരണം, പങ്കാളിത്തം, വിഭക്തപരമാധികാരം എന്നിവയുടെകാര്യത്തിൽ മററു രാജ്യങ്ങൾക്കു പുതിയ സമീപനങ്ങൾ ഉചിതമാണെന്ന് അമേരിക്കക്കാർ കരുതുന്നെങ്കിലും സൃഷ്ടിപരമായ ഈ ആശയങ്ങളിൽ അന്തർലീനമായ യുക്തി സ്വന്തം ചുമതലകളുടേയും ആവശ്യങ്ങളുടേയും കാര്യത്തിൽ പൂർണ്ണമായി പ്രയോഗിക്കാൻ അവരിതുവരെ സന്നദ്ധരായിട്ടില്ല. അന്താരാഷ്ട്ര വൈഷമ്യങ്ങൾ മന്ദഗതിയിൽ പരിഹരിക്കപ്പെടുന്നതിൽ അമേരിക്ക

ക്കാർ അത്യധികം അക്ഷമരുമാണ്. ഒരു രാഷ്ട്രത്തിന്റെ അതിർത്തികൾക്കപ്പുറത്തുള്ള പ്രശ്നങ്ങൾ കൈകാര്യംചെയ്യാൻ രാഷ്ട്രത്തിനകത്തുള്ളവയേക്കാൾ കൂടുതൽ വിഷമം, പ്രത്യേകിച്ചും ജനാധിപത്യരീതികൾമാത്രം അനുവർത്തിക്കാൻ ഒരു രാജ്യം ദൃഢപ്രതിജ്ഞമാണെങ്കിൽ, സ്വാഭാവികമായുണ്ടെന്ന വസ്തുത അവർ പലപ്പോഴും അംഗീകരിക്കുന്നില്ല. അവസാനമായി, സോവിയററ്-ചൈനീസ് കമ്യൂണിസ്ററുകളുടെ സാമ്രാജ്യദുർമോഹങ്ങളാണ് സമകാലീനലോകപ്രശ്നങ്ങൾക്ക ഏകകാരണമെന്ന് കരുതുന്ന അബദ്ധത്തിൽ അമേരിക്കക്കാർ പലപ്പോഴും ചാടുന്നുമുണ്ട്. റഷ്യയുടേയോ കമ്യൂണിസ്റ്റ് ചൈനയുടേയോ ആക്രമണത്തിന്റേയും അട്ടിമറിയുടേയും ഭീഷണി കടുത്തതും ഉദ്ദണ്ഡവുമാണെങ്കിലും ഐന്ദ്രജാലികമായി അതൊഴിവാക്കപ്പെട്ടാലും ദൃഢമൂലവും വിഷമകരവുമായ അന്താരാഷ്ട്രപ്രശ്നങ്ങൾ പിന്നേയും അവശേഷിക്കുന്നതാണ്. പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇന്നത്തേക്കാൾ സാവകാശവും അടിയന്തിരനേട്ടങ്ങൾക്ക കുറവു പ്രാധാന്യവും നല്കിക്കൊണ്ട് ശ്രമിക്കാമെന്ന വ്യത്യാസംമാത്രമേ ഉണ്ടാവുകയുള്ളു. തീർച്ചയായും, കമ്യൂണിസ്റ്റ് ശല്യം ഏറിയതും ലോകജനസംഖ്യയിലും പ്രതീക്ഷകളിലും കഴിവുകളിലുമുള്ള കൂടുതൽ മൌലികമായ മാററങ്ങളുടേയും പ്രവണതകളുടേയും പരിണിതഫലമാണ്, പ്രാഥമിക കാരണമല്ല. കമ്യൂണിസത്തിനു വളരാനുള്ള സാഹചര്യങ്ങളും ഉപാധികളും ഇവയാണു നല്കുന്നത്. കമ്യൂണിസമാകട്ടെ, അന്തർലീനമായിരിക്കുന്ന ഈ പ്രശ്നങ്ങളെ അടിയന്തിരപ്രാധാന്യത്തിന്റെ ഉച്ചകോടിയിലേക്ക് ഉയർത്തുകയും ചെയ്യുന്നു.

നിലവിലുള്ള അന്താരാഷ്ട്രസമ്പ്രദായത്തിന്റേയും അതു നേരിടുന്ന അപകടങ്ങൾ ഒഴിക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികളുടേയും സ്വഭാവം അമേരിക്കക്കാർ കൂടുതൽ സ്പഷ്ടമായി മനസ്സിലാക്കിവരുന്നുണ്ട്. അവരുടെ ധാരണ മെച്ചപ്പെടുന്നതനുസരിച്ച്, ആവശ്യമായ നയങ്ങൾ സ്വീകരിക്കുന്നതിനും വേണ്ടത്ര ഊർജ്ജസ്വലതയോടും കാര്യക്ഷമതയോടുംകൂടി അവ നടപ്പിലാക്കുന്നതിനുമുള്ള അവരുടെ സന്നദ്ധതയും കഴിവും വർദ്ധിക്കുന്നതാണ്. ഇവ വളരെ പ്രധാനമാണെങ്കിലും വരുംവർഷങ്ങളിൽ അമേരിക്കയുടെ വിദേശനയങ്ങൾ കാലത്തിന്റെ ആവശ്യങ്ങൾക്ക പര്യാപ്തമായിരിക്കുമെന്ന് ഉറപ്പുവരുത്താൻ ഈ മാററങ്ങൾകൊണ്ടുമാത്രം മതിയാവുകയില്ല. വർദ്ധിച്ച വിദേശവ്യാപാര-നിക്ഷേപങ്ങളിൽനിന്നും വികസിതവിദേശസഹായത്തിൽനിന്നും അഭിവൃദ്ധമായ അന്താരാഷ്ട്രനാണയഏർപ്പാടുകളിൽനിന്നും സ്വയം ആർജ്ജിക്കുന്ന നേട്ടങ്ങളുടെ സുശക്തമായ പ്രേരണകളും അമേരിക്കയിലെ ജനങ്ങൾക്കുണ്ടായിരിക്കണം.

ഈ പ്രയോജനങ്ങൾ ഉണ്ടാകുന്നതിൻേറയും അംഗീകരിക്കപ്പെടുന്നതിൻേറയും വ്യാപ്തിയാണ് വിദേശത്തുള്ള തങ്ങളുടെ സഖ്യരാഷ്ട്രങ്ങളുടേയും സുഹൃൽരാഷ്ട്രങ്ങളുടേയും സമ്പദ്‌വ്യവസ്ഥകളുമായി സ്വന്തം സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ഫലപ്രദമായി സംയോജിപ്പിക്കുന്നതിന് അമേരിക്കക്കാരെടുത്തേക്കാവുന്ന നടപടികളുടെ പരിമിതികൾ നിശ്ചയിക്കുന്നത്.

ഈ ലക്ഷ്യം നേടുന്നതിൽ അമേരിക്കൻസമൂഹത്തിലെ പ്രമുഖ ഗ്രൂപ്പുകൾക്കുള്ള അടിയന്തിരവും പ്രത്യക്ഷവുമായ സ്വാർത്ഥതാല്പര്യങ്ങളെ അന്താരാഷ്ട്രസമ്പ്രദായത്തിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിലുള്ള താല്പര്യം സ്ഥിരമായി അതിക്രമിച്ചിരുന്നുവെന്ന വസ്തുതയാണ് അമേരിക്കൻനയത്തിൻെറ വികസനത്തിന് യഥാർത്ഥത്തിലുണ്ടായിരുന്ന ഒരു പ്രധാന വിഷമം. നാം കണ്ടതുപോലെ, അമേരിക്കൻ സമ്പദ്‌വ്യവസ്ഥയും അന്താരാഷ്ട്രസമ്പദ്‌വ്യവസ്ഥയും തമ്മിലുള്ള ഏകമുഖമായ ബന്ധംമൂലമാണ് ഈ വീഴ്ച ഭാഗികമായി ഉണ്ടായിട്ടുള്ളത്. വിദേശവ്യാപാരത്തിനും വിദേശനിക്ഷേപത്തിനുമുള്ള അമേരിക്കയുടെ ആവശ്യം അമേരിക്കയുമായി വ്യാപാരംചെയ്യുന്നതിനും അമേരിക്കയിൽനിന്നും പൊതു-സ്വകാര്യമൂലധനം ലഭിക്കുന്നതിനും വെളിനാട്ടുകൾക്കുള്ള ആവശ്യത്തേക്കാൾ വളരെ കുറവാണ്. അമേരിക്കയും വിദേശത്തുള്ള സഖ്യരാഷ്ട്രങ്ങളും സുഹൃൽരാഷ്ട്രങ്ങളും തമ്മിലുള്ള രാഷ്ട്രീയവും നയതന്ത്രപരവുമായ ബന്ധവും ഈ വീഴ്ചയ്ക്ക് കുറെയൊക്കെ നിദാനമാണ്. ഒന്നാംലോകയുദ്ധത്തിനുശേഷം സർവ്വാധിപത്യാക്രമണത്തിനും അട്ടിമറിക്കുമെതിരെ ഇതരലോകരാഷ്ട്രങ്ങളുടെ മുഴുവൻ സമാധാനവും സുരക്ഷിതത്വവും മൗലികമായി അമേരിക്കയുടെ സാമ്പത്തികവും സൈനികവുമായ ബലത്തെ ആശ്രയിച്ചാണിരിക്കുന്നത്. എന്നാൽ അമേരിക്കയുടെ സ്വന്തം സമാധാനവും സുരക്ഷിതത്വവും സഖ്യരാഷ്ട്രങ്ങളുടേയും സുഹൃൽരാഷ്ട്രങ്ങളുടേയും സാമ്പത്തിക-സൈനികശക്തിയെ ഏതാണ്ടത്രതന്നെ ആശ്രയിക്കുന്നില്ല.

അമേരിക്കൻസ്വാർത്ഥതാല്പര്യത്തിൻെറ വളർച്ച് ആ താല്പര്യങ്ങൾ വിജയിക്കുന്നതിനുള്ള ഉപാധികളുമായി കൂടുതൽകൂടുതൽ അടുക്കുന്നതോടെ അമേരിക്കൻവിദേശനയങ്ങളിലാവശ്യമായ മാററങ്ങൾ, ഇപ്പോൾ ദുഷ്കരമെങ്കിലും വരുംവർഷങ്ങളിൽ കൂടുതൽ സുഗമമാകുന്നതാണ്. ഇന്നുതന്നെ അമേരിക്ക സാമ്പത്തികമായും രാഷ്ട്രീയമായും ലോകത്തിലെ ഇതരരാജ്യങ്ങളെ കഴിഞ്ഞകാലത്തേക്കാൾ കൂടുതൽ ആശ്രയിക്കേണ്ടതായിവരുന്നുണ്ട്. 1960-ൽ ആരംഭിച്ച ദശകത്തിൽ വർദ്ധമാനമായതോതിൽ ഈ ആശ്രിതത്വം വളരുകയുംചെയ്യും. അമേരിക്കയിലെ പ്രകൃതിവിഭവങ്ങളുടെ ക്ഷയം, അമേരിക്കൻജീവിതനില

വാരത്തിന്റെ തുടച്ചയായ വർദ്ധന, അഭ്യന്തരരംഗത്തു് ഉല്പാദനക്ഷമതയുടേയും ഉല്പാദനക്കഴിവിന്റേയും വളച്ച് എന്നീ ഘടകങ്ങൾ യൂറോപ്യൻ പൊതുവിപണിയുടേയും അതുപോലുള്ള മററു കൂട്ടുകെട്ടുകളുടേയും പുരോഗതിയുമായിച്ചേർന്നു് അമേരിക്കൻജനതയ്ക്കു് വിദേശവ്യാപാരത്തിനും നിക്ഷേപത്തിനുമുള്ള പ്രാധാന്യം വർദ്ധിപ്പിക്കുന്നതാണു്. കമ്മ്യൂണിസ്ററുരാഷ്ട്രങ്ങളുടെ ശക്തിവർദ്ധനവും ഏഷ്യയിലേയും ആഫ്രിക്കയിലേയും കമ്മ്യൂണിസ്റ്റേതരരാജ്യങ്ങൾക്കുണ്ടാകുന്ന സ്വതന്ത്രമായ പ്രതിരോധപ്രവർത്തനങ്ങൾക്കുള്ള വർദ്ധമാനമായ സ്വാതന്ത്ര്യവും കഴിവും പശ്ചിമയൂറോപ്പിലേയും ലാററിൻഅമേരിക്കയിലേയും സഖ്യ-സുഹൃൽരാഷ്ട്രങ്ങളുടെമീതെ അമേരിക്കയ്ക്കുള്ള രാഷ്ട്രീയവും നയതന്ത്രപരവുമായ ആശ്രിതത്വം വർദ്ധിപ്പിക്കുന്നതാണു്. ഉൽകൃഷ്ടമായ ഒരു ലോകരാഷ്ട്രീയ-സാമ്പത്തികക്രമം പടുത്തുയർത്തുന്നതിലേയ്ക്കു് കൂടുതൽ ഫലപ്രദമായ സംഭാവന നൽകാവുന്ന നയങ്ങളും പരിപാടികളും സ്വീകരിക്കുന്നതിനു് അമേരിക്കൻജനതയ്ക്കും ഗവർമ്മെൻറിനുമുള്ള വിഷമങ്ങൾ ഈ പ്രവണതകൾ ലഘൂകരിക്കും.

ഇതുവരെ അമേരിക്കയ്ക്കു് അന്താരാഷ്ട്രസംയോജനത്തിന്റെ അടിത്തട്ടിലുള്ള ദുർഗ്ഗമമായ ധ്വനികൾ അഭിമുഖീകരിക്കേണ്ടിവന്നിട്ടില്ല. സ്വന്തം പ്രശ്നങ്ങളേക്കാൾ സഖ്യരാഷ്ട്രങ്ങളുടേയും സുഹൃൽരാഷ്ട്രങ്ങളുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അമേരിക്ക അവയോടു ഫലവത്തായി സഹകരിച്ചിട്ടുണ്ടു്. എന്നാൽ അന്താരാഷ്ട്ര സഹകരണത്തിൽ അമേരിക്കയ്ക്കും വർദ്ധമാനമായ ഒരു താല്പര്യമുണ്ടെന്നവസ്തുത കൂടുതൽകൂടുതൽ വ്യക്തമായി വരുന്നുണ്ടു്. അമേരിക്കൻതാരിഫ്തടസ്സങ്ങൾ താഴ്ത്തുന്നതിലും അമേരിക്കൻ കയററുമതികൾ വർദ്ധിപ്പിക്കുന്നതിലും അന്താരാഷ്ട്രനാണയ ഏർപ്പാടുകൾ നന്നാക്കുന്നതിലും ഉൾക്കൊള്ളുന്ന പ്രയാസങ്ങൾ അമേരിക്കയുടെ ഏകപക്ഷീയമായ നടപടികൾകൊണ്ടുമാത്രം തരണംചെയ്യാനാവില്ല. ജനങ്ങൾക്കിടയിലും കോൺഗ്രസ്സിലും ഈ ബോധം വളർന്നുവരുന്നതനുസരിച്ചു്, പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും പൊതുവായ വിദേശശത്രുക്കൾക്കെതിരെയുള്ള സംരക്ഷണത്തിലും അററ്ലാൻറിക്സമൂഹത്തിലെ രാഷ്ട്രങ്ങളെ കൂടുതൽ അടുത്തു ബന്ധിപ്പിക്കുന്നതിന്നാവിഷ്കരിക്കപ്പെടുന്ന സ്ഥാപനപരമായ വിവിധ ഏർപ്പാടുകളിൽ പങ്കുചേരാൻ അമേരിക്കയ്ക്കു കൂടുതൽ സന്നദ്ധതയും കഴിവും ഉണ്ടാകുന്നതാണു്. അതുപോലെതന്നെ, വികസിതവും വികസ്വരവുമായ എല്ലാ കമ്മ്യൂണിസ്റ്റേതരരാജ്യങ്ങളുടെയും പൊതുവായ വിഷമതകൾ പരിഹരിക്കുന്നതിനുള്ള കൂടുതൽ വിശാലവും, എന്നാൽ കൂടുതൽ ആയമൃവുമായ ഏർപ്പാടുകളിൽ അമേരിക്ക കൂടുതൽ ഫലപ്രദ

മായി പങ്കെടുക്കുന്നതുമാണ്. ആശാപൂർണ്ണവും സ്വാഷ്ട്യുന്മുഖവുമായ ഈ പ്രവണതകൾമൂലം എല്ലാ ജനങ്ങൾക്കും സുരക്ഷിതമായ സ്വാതന്ത്ര്യവും വർദ്ധമാനമായ ക്ഷേമവും ഒരുകാലത്ത് അനുഭവിക്കാൻകഴിയുന്ന മെച്ചപ്പെട്ട ഒരു ലോകം കെട്ടിപ്പടുക്കുന്നതിനുള്ള അമേരിക്കയുടെ ഉത്തരവാദിത്വം നവീനവും കൂടുതൽ ആവേശകരവും കൂടുതൽ ഊർജ്ജസ്വലവുമായ മാർഗ്ഗങ്ങളിലൂടെ അന്തിമമായി നിർവ്വഹിക്കപ്പെടുകതന്നെ ചെയ്യും.

# അമേരിക്കൻ സമ്പദ്‌വ്യവസ്ഥ —
# സ്വഭാവവും ഭാവിയും XIII

പല വശങ്ങളിൽനിന്നും ഞങ്ങൾ അമേരിക്കൻസമ്പദ്‌വ്യവസ്ഥ അവലോകനംചെയ്തു. പ്രസ്താവ്യനേട്ടങ്ങൾ ഞങ്ങൾ ചൂണ്ടിക്കാണിക്കുകയും ന്യൂനതകളും അപരിഹൃതപ്രശ്നങ്ങളും ചർച്ച്ചെയ്യുകയുമുണ്ടായി. ഒരു ജനാധിപത്യരാജ്യത്തു ശോഭിക്കുന്ന ജാഗ്രത്തായ വിമർശനം നിർമ്മാണപരമായ പരിഹാരങ്ങൾക്കും പ്രതിവിധികൾക്കും ഉത്തേജനം നൽകിയിട്ടുണ്ടെന്നതാണ്, ഒരുപക്ഷേ, അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ ഏററവുംപ്രധാന നേട്ടം.

അനേകം മാററങ്ങൾക്കു വിധേയമായിക്കൊണ്ടാണ് അമേരിക്കൻസമ്പദ്‌വ്യവസ്ഥയ്ക്കു് ഇന്നത്തെ രൂപമുണ്ടായിട്ടുള്ളതു്. ഇരുപത്തിയഞ്ചോ അമ്പതോ കൊല്ലങ്ങൾക്കുമുമ്പുണ്ടായിരുന്നതിൽനിന്നും വളരെ വിഭിന്നമാണതു്. പക്ഷേ സാമൂഹ്യവിപ്ലവങ്ങളിൽക്കൂടി കടന്ന രാജ്യങ്ങളിലെപ്പോലെ ഭൂതകാലത്തേതിൽനിന്നും തീക്ഷ്ണമായ ഒരു വ്യതിയാനം അമേരിക്കയിലുണ്ടായിട്ടില്ല. പരമ്പരാഗതസ്ഥാപനങ്ങളെ പുതിയ കൃത്യങ്ങൾ നിർവ്വഹിക്കത്തക്കവിധം പൊരുത്തപ്പെടുത്തുകയാണ് അമേരിക്കയിലുണ്ടായിട്ടുള്ളതു്. ഇവിടെ രൂപംകൊണ്ടുവരുന്ന സാമ്പത്തിക-സാമൂഹ്യസമ്പ്രദായം, മുതലാളിത്തമെന്നോ സോഷ്യലിസമെന്നോ മാമൂൽപേരുകൾകൊണ്ടു് അതിനെ വിശേഷിപ്പിക്കാൻ ശ്രമിക്കുന്ന ഒരു നിരീക്ഷകനെ കുഴയ്ക്കുന്ന സ്വതന്ത്രവ്യാപാരമുതലാളിത്തത്തിൻെറയോ സോഷ്യലിസത്തിൻെറയോ ഏതെങ്കിലും "ശുദ്ധ" നിയമങ്ങളനുസരിച്ചല്ല അമേരിക്കൻസമ്പദ്‌വ്യവസ്ഥ പ്രവർത്തിക്കുന്നതു്. എന്നുവരികിലും അതു ഫലവത്തായി, ഒരുപക്ഷേ ഈ രണ്ടു "ശുദ്ധ"സമ്പ്രദായങ്ങൾക്കു കഴിയുന്നതിനേക്കാളും ഫലവത്തായി പ്രവർത്തിക്കുന്നുണ്ടു്.

ഈ ഉപസംഹാരത്തിൽ അമേരിക്കൻസാമ്പത്തികസമ്പ്രദായത്തിൻെറ സ്വഭാവം ചുരുക്കത്തിൽ പ്രതിപാദിക്കാനാണ് ഞങ്ങളുദ്യമിക്കുന്നതു്. ഒരർത്ഥത്തിൽ ഇതു് അസാദ്ധ്യമായൊരു കൃത്യമാണ്. കാരണം, അമേരിക്കൻസമ്പ്രദായത്തിൻെറ ഏററവും സവിശേഷമായ സ്വഭാവം അതു നിശ്ചലമല്ല, മറിച്ചു് ഭാഗികമായി പരസ്പരവിരുദ്ധമായ അനേകം പ്രേരണകളാൽ ചലിപ്പിക്കപ്പെടുന്ന ജീവ

ത്തായ ഒരു സമ്പ്രദായമാണെന്നതാണ്. എങ്കിലും കഴിഞ്ഞകാലത്ത് അതിനെ ചലിപ്പിച്ചിട്ടുള്ള ചില വിശേഷതകൾ നിരീക്ഷിക്കുന്നതു വഴി ഭാവിയിൽ അമേരിക്കൻസമ്പദ്വ്യവസ്ഥ ചരിക്കാനിടയുള്ള മാറ്റങ്ങൾ തിരിച്ചറിയാൻകഴിയും.

## അമേരിക്കൻ വ്യക്തിനിഷ്ഠയും ഗവർമ്മെൻറിൻെറ പങ്കും

പീടികകളിലും വ്യവസായശാലകളിലും, ഓഫീസുകളിലും പരീക്ഷണശാലകളിലും, വീടുകളിലും കൃഷിത്തോട്ടങ്ങളിലും ജോലിയെടുക്കുന്ന ജനങ്ങൾക്ക് വ്യക്തികളെന്നനിലയിൽ അമേരിക്കൻസമ്പ്രദായത്തിൻെറ അവിഭാജ്യമായ ഒരു ഘടകമാണ് തങ്ങളെന്ന തോന്നലുണ്ടെന്നതാണ്, ഒരുപക്ഷേ, അമേരിക്കൻസമ്പദ്വ്യവസ്ഥയിലെ ഏററവും മൗലികമായ വസ്തുത. ബിസിനസ്മാനേജർമാർ, തൊഴിലാളികൾ, അല്ലെങ്കിൽ ഗവമ്മെൻറുദ്യോഗസ്ഥന്മാർ ഇവരിലാരെങ്കിലും അമേരിക്കൻസമ്പ്രദായത്തിൻെറ ഏകചലനശക്തിയാണെന്നോ അഥവാ അതിൻെറ ഏററവും പ്രധാനപ്പെട്ട ഘടകങ്ങളാണെന്നപോലുമോ കണക്കാക്കപ്പെടുന്നില്ല. ഓരോരുത്തക്കും അവനവൻേറതായ, അത്യന്താപേക്ഷിതമായ കത്തവ്യം നിവ്ഹിക്കാനുണ്ട്. ആ കത്തവ്യംമുകളിൽനിന്നും അടിച്ചേല്പിക്കപ്പെടുന്നതല്ലതാനും. അതു് ക്രമേണ രൂപംകൊണ്ടുവരുന്നതും വിമശനത്തിനും മാററത്തിനും വിധേയവുമാണ്.

ജോലിയിലും ദൈനംദിനപ്രവത്തനങ്ങളിലും അമേരിക്കൻജനത തേടുന്നതു് സ്വന്തം സുഖവും തങ്ങളുടെ കുടുംബങ്ങളുടെ സൗഖ്യവുമാണ്. എന്നാൽ അങ്ങനെ സ്വന്തംപുരോഗതി തേടുന്നതുവഴി ഒരു പൊതുലക്ഷ്യത്തേയും, ഓരോരുത്തരുടേയും വീക്ഷണമനുസരിച്ചുള്ള സമൂഹതാല്പര്യങ്ങൾക്കൂടി, തങ്ങൾ പരിസേവിക്കുന്നുണ്ടെന്ന് അവക്ക് ബോദ്ധ്യമുണ്ട്. ചിലപ്പോളൊക്കെ പരസ്പരം ഏററുമുട്ടുന്ന ഈ പ്രേരണകൾ "വഗ്ഗ"സംഘട്ടനത്തിലേയ്ക്കൊന്നും വഴിതെളിക്കുന്നില്ല. അതിനുപകരം തൊഴിലാളി-മാനേജുമെൻറു് ബന്ധങ്ങളിലെന്നപോലെ നേരിട്ടോ, അല്ലെങ്കിൽ ദൈനംദിനരാഷ്ട്രീയപ്രവത്തനങ്ങൾ വഴി പരോക്ഷമായോ അവ ഏറെക്കുറെ ഫലപ്രദമായി ഒതുക്കിത്തീക്കപ്പെടുകയാണ് ചെയ്യുന്നതു്. പരസ്പരവിരുദ്ധമായ താല്പര്യങ്ങളേയും അഭിനിവേശങ്ങളേയും കൂട്ടിനിത്തുന്ന രൂഢമൂലമായ ഒരു ബന്ധത്തെ അടിസ്ഥാനമാക്കിയുള്ളതാണ് അമേരിക്കൻസമ്പ്രദായമെന്നതുകൊണ്ടാണ് ഇതു സാദ്ധ്യമാകുന്നതു്. നിവ്വചിക്കാൻ പ്രയാസമുള്ളതാണെങ്കിലും ഈ ബന്ധമാണ് അമേരിക്കൻജനാധിപത്യത്തിൻെറ അന്തസ്സത്ത.

അമേരിക്കൻസമ്പദ്വ്യവസ്ഥയുടെ ഏററവും ദുർഗ്രഹമായ സ്വഭാവം അതു് വ്യക്തിസ്വാതന്ത്ര്യത്തേയും മുൻനിന്ന പ്രവത്തനത്തേയും സംഘടനാപരമായ, ഉയൎന്നതോതിലുള്ള മേലനേഷണവുമായി സംയോജിപ്പിക്കുന്നുവെന്നതാണു്. ഉപരിപ്ലവമായി ലക്ഷ്യങ്ങളിലോ മനോഭാവങ്ങളിലോ അടിസ്ഥാനപരമെന്നുതോന്നുന്ന ഒരു വൈരുദ്ധ്യം അമേരിക്കൻജീവിതരീതിയിൽ അന്തരഞ്ജിപ്പിക്കപ്പെട്ടുന്നു. കഴിഞ്ഞ ശതകത്തിലെ വ്യവസായവൽക്കരണത്തിനും നഗരവൽക്കരണത്തിനുംശേഷവും പണ്ടുണ്ടായിരുന്ന അതിർത്തിമനോഭാവത്തിന്റെ ചില ഘടകങ്ങൾ തുടൎന്നു നിലനിന്നുവരുന്നുണ്ടു്. സുശക്തമായൊരു സ്വാശ്രയബോധത്തെ ആവശ്യംവരുമ്പോൾ കൂട്ടായയത്നങ്ങളിൽ ഏതുസമയത്തും പങ്കുചേരാനുള്ള സന്നദ്ധതയുമായി ഈ അതിർത്തിമനോഭാവം സംയോജിപ്പിച്ചിട്ടുണ്ടു്. ഈ രണ്ടുമാനസികനിലകളും അമേരിക്കൻസമ്പദ്വ്യവസ്ഥയിൽ ഇപ്പോഴും സൃഷ്ടിപരമായി പ്രാധാന്യമുള്ളവയാണു്. ഏററവും വലിയ വ്യവസായശാലയിലോ ഓഫീസിലോപോലും തൊഴിലാളി വ്യക്തിത്വമുള്ള ഒരാളായിത്തന്നെ ഗണിക്കപ്പെട്ടുന്നു. അയാൾ എപ്പോഴും മിസ്റ്റർ സ്മിത്തോ, അല്ലെങ്കിൽ മിസ്റ്റർ ജോൺസോ ആണു്; "ബിൽ" എന്നോ "ബോബ്"എന്നോമാത്രമാകാനാണു് കൂടുതൽ സാദ്ധ്യത. വ്യക്തിയോടുള്ള സ്ഥായിയായൊരു ആദരവാണതു് പ്രതിഫലിപ്പിക്കുന്നതു്. അമേരിക്കൻതൊഴിലാളികളുടെ ഉയൎന്ന ഉല്പാദനക്ഷമതയ്ക്കു് ഭാഗികമായി കാരണമിതാണു്.

അയവില്ലാത്ത സിദ്ധാന്തങ്ങളിൽ അധിഷ്ഠിതമായ പരിഹാരമാൎഗ്ഗങ്ങളുടെ അഭാവവും വൈഷമ്യങ്ങൾ നേരിടുമ്പോൾ യുക്തമായ വസ്തുതകളുടെയും യഥാൎത്ഥപോംവഴികളുടെയും വെളിച്ചത്തിൽ അവ കൈകാൎയ്യംചെയ്യുന്നതിനുള്ള പരീക്ഷണമനോഭാവവും ഈ പുസ്തകത്തിലുടനീളം ഞങ്ങൾ ഊന്നി പ്രസ്താവിച്ചിട്ടുണ്ടു്. ഗവമ്മെണ്ടിന്റേയും സ്വകാൎയ്യവിഭാഗത്തിന്റേയും ചുമതലകൾ തമ്മിൽ വേർതിരിക്കുന്ന അയവുള്ള സീമരേഖ ഇക്കാര്യത്തിൽ ഒരു ഉദാഹരണമാണു്. അമേരിക്കൻസ്വകാൎയ്യസമാരംഭത്തിന്റെ നേട്ടങ്ങളിൽ ആകൃഷ്ടരാകുന്ന വിദേശസന്ദൎശകന്മാർ കൃഷി, ഭവനനിൎമ്മാണം, സാമൂഹ്യസുരക്ഷിതത്വം, അല്ലെങ്കിൽ സാമ്പത്തികവളൎച്ചയും സ്ഥിരീകരണവും എന്നീ രംഗങ്ങളിൽ ഗവമ്മെണ്ടു് വഹിക്കുന്ന പ്രധാനഭാഗംകണ്ടു് പലപ്പോഴും അമ്പരന്നിട്ടുണ്ടു്. അമേരിക്കക്കാൎക്കിടയിൽ ഗവമ്മെണ്ടിന്റെ ശരിയായ കടമസംബന്ധിച്ചു് സജീവമായ വാദപ്രതിവാദങ്ങൾ നടക്കുന്നുണ്ടു്. പക്ഷേ, ഒരു സ്വതന്ത്ര്യസമാരംഭസമ്പ്രദായത്തിൽ വ്യക്തികളിൽ പരമാവധി വിശ്വാസമൎപ്പിക്കപ്പെടേണ്ടതുണ്ടെന്നും പൊതുക്ഷേമത്തിന്റെ താല്പൎയ്യത്തെ മുൻനിൎത്തി ആവശ്യവും സന്ദർഭവും

ഉണ്ടാകുമ്പോൾ ഗവമ്മെണ്ടു് ഫലപ്രദമായ നടപടികൾ എടുക്കേണ്ടതുണ്ടെന്നുമുള്ള അടിസ്ഥാനതത്വത്തിൽ വിയോജിപ്പ് അദൃഷ്ടപൂവ്വമത്രേ.

ചില രാജ്യങ്ങളിൽ "ഭരണകൂടം" ജനങ്ങളിൽനിന്നും ദേശീയസമൂഹത്തിലെ മററു സ്ഥാപനങ്ങളിൽനിന്നും ഭിന്നമായ, അവയ്ക്കതീതമായ പ്രത്യേക ആസ്തിത്വമുള്ള ഒന്നായാണ് കണക്കാക്കപ്പെടുന്നതു്. മറെറന്തിനേക്കാളും മുൻഗണനാവകാശമുള്ളതും സ്വന്തമായ താല്പര്യങ്ങളും ലക്ഷ്യങ്ങളുമുള്ളതുമായ ഒരു ഉയന്നതരം ജീവിയായി "ഭരണകൂടം" വീക്ഷിക്കപ്പെടുന്നു. സവ്വാതിശായിയായ ഈ ഭരണകൂടത്തിൻെറ ഗോചരമായ ലൗകികരൂപമെന്നനിലയിൽ ഗവമ്മെണ്ടാണ് ഈ രാജ്യങ്ങളിൽ അതിൻെറ അധികാരങ്ങളും പ്രത്യേകാവകാശങ്ങളും എടുത്തുപയോഗിക്കുന്നതു്. അതിനു കീഴ്‌വണങ്ങാൻ ജനങ്ങൾ ബാദ്ധ്യസ്ഥരുമാണ്. ഇത്തരം ധാരണകളും മനോഭാവങ്ങളും അമേരിക്കൻജീവിതത്തിൽ തികച്ചും ഒഴിവാണ്. അമേരിക്കക്കാരുടെ ചിന്തയും സംസാരവും ഗവമ്മെണ്ടിനെക്കുറിച്ച്മാത്രമാണ്, ഭരണകൂടത്തെക്കുറിച്ചല്ല. മററു രാജ്യങ്ങളിൽ ഭരണകൂടത്തിന്നാരോപിക്കപ്പെടുന്ന മഹത്വം അമേരിക്കയിൽ ഒരത്ഥത്തിലും ഗവമ്മെണ്ടിൽ ആരോപിക്കപ്പെടുന്നില്ലതാനും. ഇവിടെ സമൂഹത്തിൻെറ ഒരു സ്ഥാപനം മാത്രമാണ് ഗവമ്മെണ്ടു്. മാത്രമല്ല, ജനങ്ങളുടെ ഒരു സേവകനായാണ് അതു സാധാരണയായി കണക്കാക്കപ്പെടുന്നതും. അതിൻെറ അധികാരാവകാശങ്ങൾ നിയമംമൂലം ക്ലിപ്തപ്പെടുത്തപ്പെട്ടിരിക്കുന്നു. അതിൻെറ നയങ്ങളും പ്രവത്തനങ്ങളും ഏറിയതും രൂപംകൊള്ളുന്നതു്, ഗവമ്മെണ്ടിനുണ്ടെന്നു പറയപ്പെടുന്ന സ്വതന്ത്രമായ താല്പര്യങ്ങളിൽനിന്നെന്നതിനേക്കാൾ പരസ്പരം ഏററടിക്കുന്ന ഗ്രൂപ്പുതാല്പര്യങ്ങളിൽനിന്നാണ്.

സാമ്പത്തികപ്രക്രിയയിൽ ഗവമ്മെണ്ടുപങ്കിൻെറ വ്യാപ്തി കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ ഉള്ള നിദ്ദേശങ്ങൾക്ക് സാധാരണയായി നിയമനിമ്മാണം ആവശ്യമാണ്. നിയമനിമ്മാണ-ഭരണനിവ്വഹണപ്രക്രിയകളുടെ പരസ്പരതുലനവും തടകളും ഇവയ്ക്കുപുറമേ പലപ്പോഴം തുടന്നുണ്ടാകുന്ന നീതിന്യായപുനപ്പരിശോധനയും അവ അതിജീവിക്കേണ്ടതുണ്ടെന്നാണിതിന്നത്ഥം. കൂടാതെ ഗവമ്മെണ്ടിൻെറ നയങ്ങളേയും പരിപാടികളേയും അനുകൂലിക്കാനും പ്രതികൂലിക്കാനുമുള്ള മൗലികമായ ജനാധിപത്യാവകാശം എല്ലാ പൗരന്മാക്കമുണ്ടു്. പല പ്രത്യേക തല്പരഗ്രൂപ്പുകളും അവയിലെ അംഗങ്ങളുടെ താല്പയ്യത്തെ മുൻനിത്തി നിയമനിമ്മാണ-ഭരണനിവ്വഹണനടപടികളെ സ്വാധീനിക്കുന്നതിനുവേണ്ടി സംഘടനകൾ രൂപീകരിച്ചിട്ടുമുണ്ടു്.

ഈ സംഘടനകൾ അവയുടെ സാമ്പത്തികശക്തി ദുരുപയോഗിക്കാനുള്ള സാദ്ധ്യത ലഘൂകരിക്കുന്നതിനുവേണ്ടി ഇത്തരം ഉപശാലസംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്ന നിയമങ്ങൾ കോൺഗ്രസ് അംഗീകരിച്ചിട്ടുണ്ട്. എന്നുവരികിലും, ജനാധിപത്യപ്രക്രിയയിൽ ഗവമ്മെണ്ടിൻേറയും സ്വകാര്യവിഭാഗത്തിൻേറയും സ്വതന്ത്രമായ തീരുമാനങ്ങളിൽ സാമാന്യം തൃപ്തികരമായ ഒരു പൊരുത്തം അമേരിക്കൻ ജനാധിപത്യം ഉറപ്പുനൽകുന്ന ചില സുപ്രധാനമാർഗ്ഗങ്ങൾ ഇവയും ഇത്തരം ഭരണഘടനപരവും സംഘടനപരവുമായ മററു ഏർപ്പാടുകളുമാണ്.

സാമ്പത്തികപ്രവർത്തനം വ്യക്തിയുടെ അവകാശമാണെന്നും പൊതുതാല്പര്യത്തിൻെറപേരിൽ ഗവമ്മെണ്ടിനതു നിയന്ത്രിക്കാമെന്നും നിർദ്ദിഷ്ടവും പരിമിതവുമായ രീതികളിൽ മാത്രമേ ഗവമ്മെണ്ടിന് സ്വന്തമായ സാമ്പത്തികപ്രവർത്തനങ്ങൾ ഏറെറടുക്കാവൂ എന്നുമുള്ള ബോദ്ധ്യത്തിൽ നിഷ്പ്രമാദമായി അധിഷ്ഠിതമാണ് ഫെഡറലും സാംസ്ഥാനികവുമായ എല്ലാ ലിഖിതഭരണഘടനകളും. സാമ്പത്തികരംഗത്തിൽ ഗവമ്മെണ്ടിൻെറ അധികാരങ്ങളും നടപടികളും വർഷങ്ങളായി, പ്രത്യേകിച്ചും 20-ാംശതകത്തിലെ അഭൂതപൂർവ്വമായ സ്ഥിതിഗതികളുടെ പ്രതികരണമായി, വളൎന്നുവെന്നതു് പരമാർത്ഥംതന്നെ. പക്ഷേ അതിൻെറ പ്രവർത്തനം ഇപ്പോഴും അവശിഷ്ട--പിന്തുണസ്വഭാവങ്ങളോടുകൂടിയതുമാത്രമാണ്. അരങ്ങിൻെറ നടുക്ക് ആടുന്നതു് വികേന്ദ്രീകൃതസ്വകാര്യസംരംഭംതന്നെയാണ്. ഈ ബന്ധത്തിൽ മൗലികമായ ഒരു മാററം വരുത്താനുള്ള മനോഭാവം അമേരിക്കക്കാക്കിടയിൽ ഇന്നില്ലതാനും.

മാനേജർമാർ, കൃഷിക്കാർ, തൊഴിലാളികൾ, ഉപഭോക്താക്കൾ എന്നെല്ലാമുള്ള നിലയിൽ സ്വന്തം തീരുമാനങ്ങളെടുക്കാനാണ് അമേരിക്കക്കാർ ഇഷ്ടപ്പെടുന്നതെന്നതിൽ സംശയമില്ല. എങ്കിലും, ചില നിയന്ത്രണങ്ങളില്ലാതെ സങ്കീർണ്ണമായ ഒരാധുനികസമൂഹത്തിനു പ്രവർത്തിക്കാനാവുകയില്ലെന്ന് അവർ അംഗീകരിക്കുന്നുമുണ്ട്. ഉദാഹരണത്തിന്, ഒരു മോട്ടോർകാർ ഓടിക്കുന്നവനോട് എപ്പോഴാണ്, എവിടേയ്ക്കാണ് കാർ ഓടിക്കേണ്ടതെന്ന് ആരെങ്കിലും നിർദ്ദേശിച്ചാൽ അയാൾ ചൊടിക്കും. എന്നാൽ അധികം മുറുമുറുപ്പുകൂടാതെ അയാൾ മോട്ടോർവാഹനനിയന്ത്രണസമ്പ്രദായം അനുസരിക്കും. കാരണം, ഈ നിയന്ത്രണങ്ങളില്ലെങ്കിൽ ഗതാഗതക്കുഴപ്പം സംഭവിക്കുമെന്ന് അയാൾക്കു ബോദ്ധ്യമുണ്ട്. ഗതാഗതം തിരിപ്പിക്കാൻ ട്രാഫിക്‌വിളക്കുകളുടെ എണ്ണം കൂട്ടണമോ കുറയ്ക്കണമോ എന്നു വലിയ തർക്കമുണ്ടാകാം എന്നാൽ ഗവമ്മെണ്ടു ഏർപ്പാടിലുള്ള ട്രാഫിക്

വിളക്കുകൾ ഉപയോഗപ്രദമാണെന്നും ഡ്രൈവർമാരുടെ സ്വന്ത ഉത്തരവാദിത്വബോധവും സ്വാശ്രയശീലവുമായി അതു് പൊരുത്തപ്പെട്ടുമെന്നുമുള്ള തത്വത്തിൽ യാതൊരു വിയോജിപ്പുമില്ല. ഇതുതന്നെയാണു് സ്വകാര്യസാമ്പത്തികപ്രവർത്തനങ്ങളുടെ പല പ്രധാന വശങ്ങളും ഗവമ്മെണ്ടു് നിയന്ത്രിക്കുന്നതുസംബന്ധിച്ചുള്ള മനോഭാവവും.

## ആസൂത്രണം—അമേരിക്കൻസമ്പദ്‌വ്യവസ്ഥയിൽ

ഒരു "ആസൂത്രിതസമ്പദ്‌വ്യവസ്ഥ"യുടെ എതിരായിട്ടാണു് അമേരിക്കൻസമ്പദ്‌വ്യവസ്ഥ ഗണിക്കപ്പെടുന്നതെങ്കിലും ആസൂത്രണത്തെക്കുറിച്ചു് ഇവിടെ ധാരാളം ചർച്ചകൾ നടക്കുന്നതു് അമേരിക്കയെ സംബന്ധിച്ചു് ആശയക്കുഴപ്പത്തിനു് മറെറാരു കാരണമാണു്. ഉല്പാദനം, മൂലധനനിക്ഷേപം, ഉപഭോഗം എന്നിവയുടെ കാര്യത്തിൽ മുഖ്യതീരുമാനങ്ങൾ ഒരു കേന്ദ്രഅധികാരി എടുക്കുന്ന ഒന്നാണു് ഒരാസൂത്രിതസമ്പദ്‌വ്യവസ്ഥയെന്നാണു് നിയമേനയുള്ള സങ്കല്പം. കേന്ദ്രഅധികാരി ഏതാനും വർഷങ്ങളിലേയ്ക്കുള്ള ഒരു സാമ്പത്തിക പദ്ധതി നിശ്ചയിക്കുന്നു. ഉല്പാദന-വിതരണരംഗങ്ങളിലെ വ്യാവസായികമാനേജർമാർ ആ പദ്ധതി അനുസരിച്ചു പ്രവർത്തിക്കണം. അങ്ങിനെ അവർ ഭരണകൂടത്തിൻെറ പ്രവർത്തനോപകരണങ്ങളായി മാറുന്നു. പദ്ധതികൾക്കൊത്തു പ്രവർത്തിക്കാതിരുന്നാൽ ഗുരുതരമായ ശിക്ഷയ്ക്കു് മാനേജർമാർ വിധേയരാകും. ഈ രീതി തീർച്ചയായും അമേരിക്കൻസമ്പ്രദായത്തിനു തീരെ എതിരാണു്.

എന്നാൽ, ആധികാരികമായ ഒരു കേന്ദ്രപദ്ധതി ഇല്ലെന്നതുകൊണ്ടു് അമേരിക്കൻസമ്പദ്‌വ്യവസ്ഥയിൽ ആസൂത്രണത്തിനു സാദ്ധ്യതയില്ലെന്നത്ഥമില്ല. ബിസിനസ്സുകാർ ഇന്നു് അവരുടെ നിക്ഷേപതീരുമാനങ്ങളെടുക്കുന്നതു് വിപണിയിലെ ഹ്രസ്വകാലഗതിവിഗതികളെമാത്രം അടിസ്ഥാനപ്പെടുത്തിയല്ലെന്നും ദീർഘകാലസാദ്ധ്യതകളെ വലിയമാനമായതോതിൽ കണക്കിലെടുത്തുകൊണ്ടാണെന്നുമുള്ള വസ്തുതയുടെ പ്രാധാന്യം ഞങ്ങൾ ഊന്നിപ്പറഞ്ഞിട്ടുണ്ടു്. സ്വന്തം ഉല്പന്നങ്ങൾക്കു ഭാവിയിൽ ലഭിക്കാവുന്ന വിപണികളെക്കുറിച്ചു് ശരിയായ ഒരു ധാരണയില്ലാതെ ഒരു നിശ്ചിതകാലത്തേയ്ക്കു് പരമാവധി ലാഭങ്ങൾ എന്നിവപോലുള്ള ലക്ഷ്യങ്ങൾ പിന്തുടരാൻ ബിസിനസ്സിനു സാധിക്കുകയില്ല. ഒരു സംഘം ഉല്പന്നങ്ങൾക്കു ലഭിക്കാവുന്ന ഭാവിവിപണികൾ സമ്പദ്‌വ്യവസ്ഥയുടെ ഒന്നാകെയുള്ള ഭാവിവളച്ച്ചയുമായി ബന്ധപ്പെട്ടനിലയിൽ ഏററവും ഉത്തമമായി തിട്ടപ്പെടുത്താൻ കഴിയും. കഷികരുടെ സാമ്പത്തികതീരുമാനങ്ങളുടെ കാര്യത്തിലും

ഇതേ പരിഗണനകൾ ബാധകമാണ്. അതുപോലെതന്നെ സമ്പദ്‌വ്യവസ്ഥയ്ക്കൊന്നാകെ സാധിക്കാവുന്ന വളർച്ചയും അതിന്റെ ആവശ്യങ്ങളും തിട്ടപ്പെടുത്തി ഓരോ പരിപാടിയും പ്രത്യേകമായി ആസൂത്രണം ചെയ്യാതെ തൊഴിലാളിനേതാക്കൾക്ക് കൂലിനിരക്ക സംബന്ധിച്ച നയം രൂപപ്പെടുത്താനോ, ഗവർമ്മെണ്ടിനു കാർഷിക-ജല-വൈദ്യുത വികസനങ്ങളേയും സാമൂഹ്യസുരക്ഷിതത്വം, സാമ്പത്തികസ്ഥിരീകരണം അല്ലെങ്കിൽ ദേശീയപ്രതിരോധപരിപാടികൾ എന്നിവയേയും തിട്ടപ്പെടുത്താനോ കഴിയുകയില്ല.

ഭാവിസാമ്പത്തികവളർച്ചയുടെ കൃത്യമായ ആവേഗം, സ്വയം പ്രവർത്തനസമ്പ്രദായത്തിന്റേയും മററു സാങ്കേതികപുരോഗതികളുടേയും ഫലങ്ങൾ, ഉപഭോഗത്തെ അപേക്ഷിച്ച് ഏററവും ഉത്തമമായ മൂലധനരൂപീകരണനിരക്ക് ഇവ ഓരോന്നും സംബന്ധിച്ച് ബിസിനസ്സുകാർക്കിടയിലും തൊഴിലാളിയൂണിയനുകളിലും കാർഷികസംഘടനകളിലും ഗവർമ്മെണ്ടിലുമുള്ള ആസൂത്രണക്കാർ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടായിരിക്കാം. ഈ അഭിപ്രായവ്യത്യാസങ്ങൾ വിവാദവിഷയങ്ങളാകുന്നു. ഒരു പരിധിവരെ അവ ജനാധിപത്യപ്രക്രിയകൾക്ക് സത്തനല്കുന്ന പൊതുവിവാദങ്ങളിലേക്ക് നയിക്കുകയും ചെയ്യുന്നു. എന്നാൽ ബിസിനസ്സിലോ, തൊഴിൽരംഗത്തോ, കാർഷികരംഗത്തോ, ഗവർമ്മെണ്ടിലോ ഏതു രംഗത്തിലുള്ളവനാണെങ്കിലും ഓരോ നിർണ്ണേതാവും സ്വന്തം തീരുമാനങ്ങൾ ആസൂത്രണംചെയ്യേണ്ടതിന്റെ ആവശ്യം സംബന്ധിച്ച് അഭിപ്രായവ്യത്യാസമില്ല. ഈ വിവിധ നിർണ്ണേതാക്കളുടേയും പദ്ധതികളെ സാമാന്യമായി പരസ്പരം പൊരുത്തപ്പെടുത്തണമെന്നതു സംബന്ധിച്ചും ഗവർമ്മെണ്ടിന് അതിന്റെ സാമ്പത്തിക-ധനനയങ്ങൾവഴി സമതുലിതസാമ്പത്തികവളർച്ചയുടെ പ്രക്രിയയ്ക്കകത്ത് അത്തരം പൊരുത്തത്തെ പ്രോത്സാഹിപ്പിക്കുന്ന ചുമതലയുണ്ടെന്നതിനെക്കുറിച്ചും അത്ര അഭിപ്രായാന്തരമില്ല.

ആസൂത്രണം കേന്ദ്രനിയന്ത്രിതസമ്പദ്‌വ്യവസ്ഥകളുടെ ഒരു കുത്തകയല്ല. ജനാധിപത്യസ്ഥാപനങ്ങളുള്ള, ഫലപ്രദമായി പ്രവർത്തിച്ചുവരുന്ന ഒരു സ്വതന്ത്ര സമാരംഭ-സ്വതന്ത്രതൊഴിൽ സമ്പദ്‌വ്യവസ്ഥയിലും ആസൂത്രണം തുല്യപ്രാധാന്യമുള്ള ഒരു അവശ്യഘടകമാണ്. എന്നാൽ കേന്ദ്രനിയന്ത്രിതസമ്പദ്‌വ്യവസ്ഥകളിലും സ്വതന്ത്രസമ്പദ്‌വ്യവസ്ഥകളിലും ആസൂത്രണരീതികൾ തികച്ചും വ്യത്യസ്തമത്രെ. കേന്ദ്രനിയന്ത്രിതസമ്പദ്‌വ്യവസ്ഥയ്ക്ക് ഒരു പ്രമാണരേഖ ആവശ്യമാണ്. ഉല്പാദകർക്കുള്ള ഏതാനും അയവില്ലാത്ത നിർദ്ദേശങ്ങളായിരിക്കും അതിലുൾക്കൊള്ളുന്നത്. നേരേമറിച്ച്, ഒരു ജനാധി

പത്യരാജ്യത്തിലെ ആസൂത്രണത്തിൽ ഓരോ കൃഷിക്കാരനും ബിസിനസ്സുകാരനും തൊഴിലാളിനേതാവിനും, അല്ലെങ്കിൽ ഓരോ ഗവമെമ്മണ്ടു വ്യവസായസ്ഥാപനത്തിലെ ഉദ്യോഗസ്ഥനും ഗവമ്മെണ്ടോ, അല്ലെങ്കിൽ ആസൂത്രണത്തിനു യോഗ്യതയുള്ള സ്വകാര്യഗവേഷണസംഘടനകളോ ലക്ഷ്യങ്ങൾ തിട്ടപ്പെടുത്തിയ, സമ്പദ്‌വ്യവസ്ഥയ്ക്കാകെയുള്ള വിശാലമായ ഒരു ചട്ടക്കൂട്ടിന്നകത്തു് തനിക്കുത്തരവാദിത്വമുള്ള പ്രവത്തനങ്ങൾക്കു സ്വന്തം ലക്ഷ്യങ്ങൾ നിശ്ചയിക്കാൻ സാധിക്കുന്നു. കൂടാതെ, ഈ സ്വകാര്യനിർണ്ണേതാക്കളുടെ സാമ്പത്തികാസൂത്രണം എത്രത്തോളം മെച്ചപ്പെടുന്നുവോ അത്രയും കുറവായിരിക്കും കേന്ദ്രീകൃതാസൂത്രണത്തിനുള്ള ആവശ്യം.

സാദ്ധ്യമാകുന്ന സാമ്പത്തികവളച്ച്യുടെ സാമാന്യരൂപം ഗവമ്മെണ്ടിനകത്തും പുറത്തും. തിട്ടപ്പെടുത്താമെങ്കിൽ വികേന്ദ്രീകൃത സാമ്പത്തികാസൂത്രണത്തിന് അതു വളരെ സഹായകമായിരിക്കും. വിവിധ നിർണ്ണേതാക്കൾക്കു് അതു് മാർഗ്ഗദർശിയായിരിക്കും. എന്നാൽ താൻ പിന്തുടരാനിഷ്ടപ്പെടുന്ന ലക്ഷ്യങ്ങൾ 'തിരഞ്ഞെടുക്കുന്നതു് നിർണ്ണേതാവിൻെറമാത്രം ചുമതലയാണു്. മുഴുവൻ സമ്പദ്‌വ്യവസ്ഥയുടേയും ഭാവിവളച്ച്യെ പൊതുവെ അടിസ്ഥാനമാക്കിയാണു് സ്വകാര്യവിഭാഗവും ഗവമ്മെണ്ടും തീരുമാനങ്ങളെടുക്കുന്നതു് എന്നതുകൊണ്ടാണു് അവയുടെ തീരുമാനങ്ങളിൽ ആവശ്യമായ പൊരുത്തം ഒരളവിൽ സാദ്ധ്യമാകുന്നതു്. എന്നാൽ സാമ്പത്തികവളച്ച്യ്ക്കു് അഭിലഷണീയമായ കൃത്യമായ നിരക്കുസംബന്ധിച്ചു് അഭിപ്രായം ഏകകണ്ഠമാണെന്നോ, അങ്ങിനെ ആയിരിക്കണമെന്നോ ഇതിനത്ഥമില്ല. അതിലുമുപരി, സാമ്പത്തികപ്രവത്തനങ്ങൾക്കു് ഉത്തരവാദിത്വങ്ങളേപ്പെടുത്തുകയും നടപടികൾക്കു മാർഗ്ഗനിർദ്ദേശം നല്കുകയുംചെയ്യുന്ന സാമ്പത്തികപ്രവത്തനനിലവാരങ്ങളുടെ ചില മാനദണ്ഡങ്ങൾ സാവധാനത്തിൽ, എന്നാൽ ഉറപ്പായി, ദീർഘകാലാടിസ്ഥാനത്തിൽ പൊതുവെ അംഗീകരിക്കപ്പെട്ടുവരുന്നുണ്ടു്.

ഒരു സ്വകാര്യസമാരംഭസമ്പദ്‌വ്യവസ്ഥയിൽ ആസൂത്രണത്തിനുപയോഗിക്കപ്പെടുന്ന വിവിധരീതികൾ ഇവിടെ വിശദമായി ചച്ച്ചെയ്യാൻ സാദ്ധ്യമല്ല. അമേരിക്കൻസമ്പദ്‌വ്യവസ്ഥയ്ക്കു് കേന്ദ്രാസൂത്രണം അപരിചിതമാണെങ്കിലും സ്വകാര്യവിഭാഗത്തിൻേറയും ഗവമ്മെണ്ടിൻേറയും ആഭിമുഖ്യത്തിലുള്ള ആസൂത്രണം ധാരാളം നടന്നുവരുന്ന ഒരു സമ്പദ്‌വ്യവസ്ഥയാണതെന്നു് ഊന്നിപ്പറയാൻമാത്രമാണു് ഞങ്ങളാഗ്രഹിക്കുന്നതു്. ഇത്തരം ആസൂത്രണം അമേരിക്കൻസമ്പ്രദായത്തിൻെറ സ്വാതന്ത്ര്യത്തിനും കാര്യക്ഷമതയ്ക്കും തീച്ച്യായും അത്യാവശ്യമാണു്. സ്വകാര്യഗ്രൂപ്പുകളുടേയും സംഘടനകളുടേയും ഗവമ്മെണ്ടു

സ്ഥാപനങ്ങളുടേയും ജനാധിപത്യപരമായ ഇത്തരം ആസൂത്രണത്തെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയുമാണ് നാഷണൽ പ്ലാനിംഗ് അസോസിയേഷൻെറ പ്രമുഖ ലക്ഷ്യങ്ങളിലൊന്ന്.

## 1930-ൽ ആരംഭിച്ച ദശകത്തിലെ തകർച്ചയും 1960-ൽ ആരംഭിച്ച ദശകത്തിലെ വളർച്ചയും

ഇതുവരെ ഞങ്ങളെ അനുഗമിച്ച വായനക്കാരൻെറ മനസ്സിൽ, ഒരുപക്ഷേ, ആകുലപ്പെടുത്തുന്ന ഒരു ചോദ്യം ഒളിഞ്ഞിരിക്കുന്നുണ്ടാകാം. അമേരിക്കൻ സാമ്പത്തികസമ്പ്രദായം ഇന്നു നല്ലനിലയിൽ പ്രവത്തിക്കുന്നുണ്ടെന്ന് അയാൾക്കു ബോദ്ധ്യമായിരിക്കും. എന്നാൽ 1930-ൽ ആരംഭിച്ച തകർച്ചവേളയിൽ അതെന്തുകൊണ്ട് ഇതേ ഫലങ്ങൾ ഉണ്ടാക്കിയില്ല! അന്നു പല സാമ്പത്തികശാസ്ത്രജ്ഞന്മാരും നിലവിലുള്ള സ്ഥിതിഗതികളിൽ എന്തുകൊണ്ട് സാമ്പത്തികനിശ്ചലത്വം പ്രതീക്ഷിക്കാമെന്നു വിശദീകരിക്കുന്ന തിരക്കിലായിരുന്നു. അതിനെതിരെ അവരിന്നുചെയ്യുന്നത്, തുടർച്ചയായ ക്ഷേമം അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ നൈസർഗ്ഗികമായ ഒരു വിശേഷതയാണെന്ന് വിശദീകരിക്കുകയാണ്. ഒററരാത്രികൊണ്ട് അമേരിക്ക വീണ്ടും സാമ്പത്തികനിശ്ചലാവസ്ഥയിലേക്ക് തിരിച്ചുപോകുകയില്ലെന്നതിന് എന്താണുറപ്പ്?

ഈ നിർണ്ണായകമായ ചോദ്യം ഉന്നയിക്കേണ്ടതുതന്നെയാണ്. അമേരിക്കൻ സമ്പദ്‌വ്യവസ്ഥ സാമ്പത്തികത്തകച്ചകൾക്കതീതമായിരിക്കുന്നുവെന്നു വിശ്വസിക്കുന്നതുപോലെ അപായകരമായി മററൊന്നില്ല. പക്ഷേ 1930-ൽ ആരംഭിച്ചതും 1960-ൽ ആരംഭിച്ചതുമായ ദശകങ്ങൾതമ്മിൽ നിർണ്ണായകമായ വ്യത്യാസങ്ങളുണ്ട്. ആദ്യത്തെ കാലഘട്ടത്തിലെ സക്കാർനടപടികൾ അടുക്കും ചിട്ടയുമില്ലാത്തവയായിരുന്നു. പരിഷ്കരണവും ഉദ്ധാരണവും ഉൾക്കൊണ്ട ഈ സമ്മിശ്രപരിപാടി സംശയവും അവിശ്വാസവും—പ്രത്യേകിച്ച് വ്യാപാരവൃത്തങ്ങളിൽ—ഉളവാക്കി. എന്നാൽ ഇന്നു സമ്പദ്‌വ്യവസ്ഥയ്ക്ക് അതിൻെറ ഘടനയിൽത്തന്നെ ചില തടകളും "മെത്ത"കളുമുണ്ട്. സാമ്പത്തികാധഃപ്പതനം ലഘൂകരിക്കാനുള്ള പ്രവണത അവയ്ക്കുണ്ട്. ഗവമ്മെൻറ്—ഭരണനിർവ്വഹണവിഭാഗവും കോൺഗ്രസ്സും—ആവശ്യമായിവരുമ്പോൾ ഉടനടി തകച്ചവിരുദ്ധനടപടികൾ കൈക്കൊള്ളുംവിധം സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. മൂന്നാമത്തെ ഒരു ഘടകമാണ് ഏററവും പ്രധാനം: അതായതു്, ഗവമ്മെൻറിൻെറ ഭാഗത്തുനിന്നും തകച്ച തടയുന്നതിനുള്ള നടപടികൾ ഉണ്ടാകുമെന്ന്

മിക്കവാറും സ്വകാര്യഗ്രൂപ്പുകളും പൊതുജനങ്ങളും ഇന്ന പ്രതീക്ഷിക്കു ന്നുണ്ടെന്നതിനപുറമേ, ഗവണ്മെൻറിൻെറ നടപടികൾക്കു പിന്തുണ നൽകാൻ അവർ ഒരുക്കവുമാണ്. സാമ്പത്തികാധഃപ്പതനമുണ്ടാവു കയോ, സാമ്പത്തികവളർച്ചയുടെ നിരക്ക് അപര്യാപ്തമാവുകയോ ചെയ്യുമ്പോൾ നടപടിയെടുക്കുന്നതിന് ഗവണ്മെൻറിൻെറ ചുമതല സംബന്ധിച്ച ഈ ധാരണയിലുള്ള യോജിപ്പിനെത്തുടന്ന്, കൂടുതൽ അടിയന്തിരമോ വിഭാവനയിലുള്ളവയോ ആയ വിഭാഗീയതാല്പര്യങ്ങൾ നേടുന്നതിനുവേണ്ടി ഗ്രൂപ്പുകൾ നടത്തുന്ന ദ്രോഹകരമായ പ്രവത്തന ങ്ങൾക്കെതിരേ ആവശ്യമായ നടപടികൾ സത്വരം സ്വാഗതംചെയ്യ പ്പെട്ടും. ഈ കാരണങ്ങളാൽ സാമ്പത്തികഭാവി സംബന്ധിച്ചേട ത്തോളം വളരെ വധിച്ച വിശ്വാസമാണ് അമേരിക്കക്കാക്കുള്ളതു്. സാമ്പത്തികവികസനം അനുസ്യൂതമായി നടത്താനോ, നിത്തിവെ ക്കപ്പെട്ട പരിപാടികൾ വീണ്ടും തുടങ്ങാനോ സ്വകാര്യസമ്പദ്വ്യവ സ്ഥയ്ക്കു കൂടുതൽ സൗകര്യം ഭാവിയെക്കുറിച്ചുള്ള ഈ വിശ്വാസം നൽകുന്നുണ്ടു്.

അങ്ങിനെ, തുടർച്ചയായ സാമ്പത്തികനിശ്ചലാവസ്ഥയെക്കുറി ച്ചുള്ള ഭയം ശക്തമായിരുന്ന 1930-ൽ ആരംഭിച്ച ദശകത്തിലേ തിന്നുവിരുദ്ധമായി, 1960-ൽ ആരംഭിച്ച ദശകം സാമ്പത്തികസമൃദ്ധി യുടേതായ ഒരു നവയുഗത്തിൻെറ കവാടമായിട്ടാണു വീക്ഷിക്കപ്പെട്ടു ന്നതു്. ഈ ശതകത്തിൻെറ മദ്ധ്യത്തോടെ, പ്രസിഡൻറ് റൂസ്വെൽട്ട് അദ്ദേഹത്തിൻെറ രണ്ടാം ഉൽഘാടനപ്രസംഗത്തിൽ വിവരിച്ച "ഭവനരഹിതവും വസ്ത്രരഹിതവും പോഷകരഹിതവു"മായി രുന്ന "മൂന്നിലൊന്നു രാഷ്ട്ര"ത്തിൻെറ സാമ്പത്തികപോരായ്മകൾ ദൂരീകരിക്കുന്നതിൽ അമേരിക്ക വളരെയേറെ മുന്നോട്ടുപോയിട്ടുണ്ടു്. ദാരിദ്ര്യത്തിൻെറയും സാമ്പത്തികദുരിതത്തിൻെറയും പ്രശ്നങ്ങൾ ഇന്നു ക്രമമായി തരണംചെയ്യപ്പെട്ടുവരുന്നു. ഇനിയും നിലനിൽക്കുന്നവയെ സംബന്ധിച്ചേടത്തോളം സമയത്തിൻെറ പ്രശ്നംമാത്രമേയുള്ളു. സമ്പ ദ്വ്യവസ്ഥയുടെ ഭാവിവളർച്ചയും മെച്ചപ്പെട്ട പ്രവത്തനരീതികളും ഈ പ്രശ്നങ്ങൾക്കു നിശ്ചയമായും പരിഹാരം സുസാദ്ധ്യമാക്കും. യുദ്ധമൊഴിവാക്കപ്പെടാമെങ്കിൽ അടുത്ത ഒന്നോ രണ്ടോ ദശകങ്ങൾ ക്കകംതന്നെ സവ്വക്കും ഭൗതികസമൃദ്ധി നേടുന്നതിനുള്ള കഴിവ് അമേ രിക്കയ്ക്കുണ്ടു്.

അമേരിക്കയ്ക്കു് അതിൻെറ കഴിവുകളുടെ ഈ വെല്ലുവിളി നേരിടാനാവുമെന്നു വിചാരിക്കുക. എങ്കിൽ 1970-ഓടെ ഒരു ശരാ ശരികുടുംബത്തിൻെറ ഉപഭോഗനിലവാരം ഇന്നുള്ളതിൻെറ 30 ശത മാനം ഉയരും. രാജ്യത്തിൻെറ ഉല്പാദനക്കഴിവ് മൊത്തം ഉല്പന്ദന

ത്തിൽ 60 ശതമാനം വർദ്ധനയ്ക്കു പര്യാപ്തമായതായിരിക്കും. പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കാനും വികസിപ്പിക്കാനും, ആവശ്യമായ സാമൂഹ്യസൗകര്യങ്ങൾ നൽകാനും വിദ്യാഭ്യാസം, ആരോഗ്യം, പ്രായംചെന്നവർക്കുള്ള ശുശ്രൂഷ എന്നിവ മെച്ചപ്പെടുത്താനും വളർന്നുവരുന്ന ചുമതലകൾ കൂടുതൽ പര്യാപ്തമായവിധം നിർവ്വഹിക്കാൻ അങ്ങിനെ അമേരിക്കക്കാർക്കു കഴിയുന്നതാണ്.

ദാരിദ്ര്യവും സാമ്പത്തികദുരിതങ്ങളുടെ ഫലമായുള്ള മാനുഷിക ക്ലേശങ്ങളും നിർമ്മാർജ്ജനംചെയ്തുകഴിഞ്ഞാൽപോലും അമേരിക്കൻ സമൂഹം അതിൻെറ പ്രധാന പ്രശ്നങ്ങൾ പരിഹരിച്ചുകഴിഞ്ഞിരിക്കണമെന്നില്ല. നേരേമറിച്ചാണു വസ്തുതകൾ. സമീകൃതസാമ്പത്തികവളർച്ച നേടുന്നതിലും അമിതമായ ശക്തികേന്ദ്രീകരണം തടയുന്നതിലും അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ മററു അടിയന്തിരവും, എന്നാൽ താരതമ്യേന കൂടുതൽ പരിചിതവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിലും കൈവന്ന നേട്ടങ്ങൾക്കുപുറമേ ഇപ്പോഴും തുടർന്നുവരുന്ന ന്യൂനതകളും ഞങ്ങൾ മുൻഅദ്ധ്യായത്തിൽ റിപ്പോർട്ടുചെയ്തിട്ടുണ്ട്. ഈ ലക്ഷ്യങ്ങൾ സംബന്ധിച്ച വർദ്ധമാനമായ യോജിപ്പാണുള്ളതു്. സാമ്പത്തികപ്രവർത്തനങ്ങളുടെ അഭിലഷണീയമായ മാനദണ്ഡങ്ങൾ ഇനിയും വികസിക്കുന്നതനുസരിച്ച് ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളും രീതികളും പുരോഗമിക്കും. ഈയിടെ മാത്രം സ്പഷ്ടമായി ആവിർഭവിക്കാനും അടിയന്തിരസ്വഭാവം നേടാനും തുടങ്ങിയ, സമീപകാലത്തു രൂപംപൂണ്ട പ്രശ്നങ്ങളും ഞങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. വരുംവർഷങ്ങളിൽ അവയുടെകാര്യത്തിൽ വൈഷമ്യമേറിയ അനേകം തീരുമാനങ്ങളും നടപടികളും ആവശ്യമായിവരും. ഉദാഹരണത്തിനു്, ജനപ്പെരുപ്പത്തേയും വ്യവസായവികസനത്തേയും അമേരിക്കയിൽ പുരോഗമിച്ചുവരുന്ന ദാരിദ്ര്യനിർമ്മാർജ്ജന നടപടികളേയുംതുടർന്നു് നമ്മുടെ നഗരങ്ങളും തലസ്ഥാനപ്രദേശങ്ങളും വിദ്യാഭ്യാസസമ്പ്രദായം, മററു സാമൂഹ്യസ്ഥാപനങ്ങൾ എന്നിവയും പൊരുത്തപ്പെടുത്തുന്നതിലടങ്ങുന്ന, ഇനിയും ഭാഗികമായിമാത്രം മനസ്സിലാക്കാൻകഴിഞ്ഞിട്ടുള്ള ആവശ്യങ്ങളും പ്രശ്നങ്ങളുമുണ്ടു്. പാശ്ചാത്യരാഷ്ട്രങ്ങളെ ഏകീകരിക്കാനും അല്പവികസിതരാജ്യങ്ങളുടെ സാമ്പത്തിക-സാമൂഹ്യപരിവർത്തനം പുരോഗമിപ്പിക്കുന്നതിനും കമ്മ്യൂണിസ്റ്റ് സാമ്രാജ്യത്വത്തിൻെറ വെല്ലുവിളി നേരിടുന്നതിനും അവയ്ക്കു സഹായംനൽകുന്നതിനു കൂടുതൽ നിർമ്മാണപരമായ നേതൃത്വവും കൂടുതൽ സുലഭമായതോതിൽ വിഭവങ്ങളും നൽകുന്നകാര്യത്തിൽ ഇനിയും വളരെയേറെ ചെയ്യാനുണ്ടു്. ജനങ്ങളുടെ പരിശീലനത്തിനും എല്ലാതരം ശാസ്ത്രീയ-സാങ്കേതികഗവേഷണങ്ങൾക്കുമുള്ള സൗകര്യങ്ങൾ

നൽകുന്നതിനും വളർന്നുവരുന്ന ആവശ്യങ്ങൾ നേരിടേണ്ടതായിവരും. ശൂന്യാകാശഗവേഷണം മനുഷ്യരാശിക്കാകെ തുറന്നുകൊടുക്കുന്ന, വിഭാവനാതീതമായ സാദ്ധ്യതകൾ (നന്മയുടേം തിന്മയുടേം) വരുംവർഷങ്ങളിൽ അമേരിക്കൻ വിഭവശേഷിയിലും വൈദഗ്ദ്ധ്യങ്ങളിലും അനിവാര്യമായും ആഘാതമുണ്ടാക്കും.

## ജീവിതത്തിൻെറ ഭാവിസ്വഭാവം

ഇത്തരം അനേകം ഗുരുതരപ്രശ്നങ്ങൾ അമേരിക്ക അഭിമുഖീകരിക്കുമ്പോൾത്തന്നെ സങ്കീർണ്ണവും അമ്പരപ്പിക്കുന്നവയുമായ പുതിയ വൈഷമ്യങ്ങൾ അമേരിക്ക നേരിടുന്നുണ്ട്. ദാരിദ്ര്യനിർമ്മാർജ്ജനത്തിലേയ്ക്കുള്ള പുരോഗതിതന്നെയാണ് അധികവും ഈ പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ഗുണപരമായ ഭൗതികസമൃദ്ധിയുടെ ഒരു യുഗത്തിൽ ജീവിതത്തിൻെറ ഗുണപരമായ വശം സംബന്ധിച്ചുള്ളവയാണ് പരസ്പരബന്ധമുള്ള ഈ പുതിയ പ്രശ്നങ്ങൾ. ആ നിലയിൽ സാമ്പത്തികവിഷമതകൾ മാത്രമല്ല അവയിലടങ്ങുന്നത്. ഒരു സമൃദ്ധസമൂഹത്തിൻെറ സവിശേഷതകളായ സാമൂഹ്യവും മനശ്ശാസ്ത്രപരവും ധാർമ്മികവുമായ പ്രശ്നങ്ങളും വർദ്ധമാനമായതോതിൽ ഉയർത്തപ്പെടുന്നതാണ്. വർദ്ധിച്ചുവരുന്ന വിശ്രമസമയം സൃഷ്ട്യുന്മുഖമായി ഉപയോഗിക്കുന്നതും അനുരൂപതയ്ക്കും ഐകരൂപ്യത്തിനുമുള്ള സമ്മർദ്ദങ്ങളുടെമുമ്പിൽ വ്യക്തിപരമായ സ്രഷ്ടാത്മകതചത്തെ ശക്തിപ്പെടുത്തുന്നതും ഗുണപരമായ ഈ പ്രശ്നങ്ങളിൽ പ്രാധാന്യമർഹിക്കുന്നു.

ഉല്പാദനക്ഷമതയുടെ അനുസ്യൂതമായ വളർച്ചയേയും സ്വയംപ്രവർത്തനസമ്പ്രദായത്തിൻെറ കൂടുതൽ ശക്തിയായ പ്രചാരത്തേയും തുടർന്ന് ചുരുങ്ങിച്ചുരുങ്ങിവരുന്ന തൊഴിൽസമയവും ശാരീരിക-മാനസികക്ലേശങ്ങളുംകൊണ്ട് വൻതോതിൽ ചരക്കുകളും സേവനങ്ങളും ഉല്പാദിപ്പിക്കാൻ അമേരിക്കക്കാർക്കു കഴിയുന്നതാണ്. കഴിഞ്ഞകാലാനുഭവങ്ങളുടെ വെളിച്ചത്തിൽ നോക്കിയാൽ ആവശ്യമായ സമയവും ധനശേഷിയുമുണ്ടെങ്കിൽ തങ്ങൾക്കു വ്യക്തിപരമായി താല്പര്യമുള്ള ഏതു വിശ്രമവേളപ്രവർത്തനങ്ങളിലും അമേരിക്കക്കാർ അത്യുത്സാഹത്തോടെ വ്യാപൃതരാകാൻ മനസ്സുള്ളവരാണെന്നതിന് ധാരാളം തെളിവുകളുണ്ട്. ഈ പ്രവർത്തനങ്ങൾ തിരിഞ്ഞുപോകുന്ന ചില മാർഗ്ഗങ്ങൾ ഞങ്ങൾ ചർച്ചചെയ്യുകയുണ്ടായി. സാംസ്കാരികവും വിഹാരപരവുമായ പ്രവർത്തനങ്ങളും കരകൗശലവേലകളും വളരെയേറെ വിവിധരൂപങ്ങളിൽ ക്രമമായും പ്രോത്സാഹജനകമായും വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നതിന് സംശയമില്ല. എങ്കിലും ഭാവിയെസംബന്ധിച്ചേട

ത്തോളം തൊഴിൽചെയ്യാതിരിക്കുന്ന സമയം വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തിരഞ്ഞെടുക്കുന്നതിന് വർദ്ധിച്ചുകൊണ്ടിരിക്കുന്ന സൗകര്യങ്ങളും കൂടുതൽ സ്വാതന്ത്ര്യവും പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിലേയ്ക്കു് നിർമ്മാണപരമായ പ്രവർത്തനങ്ങളുടെ പുതിയ രൂപങ്ങൾ അമേരിക്കക്കാർ വളർത്തിയെടുക്കേണ്ടതായിവന്നേക്കും. അമേരിക്കക്കാർക്ക് പുതുതായി കരഗതമാകുന്ന വിശ്രമവേളകൾ വ്യക്തിപരമായി സംതൃപ്തിജനകവും സാമൂഹ്യമായി ദോഷകരമല്ലാതെ പ്രയോജനപ്രദവുമായ പ്രവർത്തനങ്ങൾക്കായി തികച്ചും ഉപയോഗിക്കാൻ അവരെ സന്നദ്ധരാക്കാനും പ്രാപ്തരാക്കാനും അമേരിക്കക്കാരുടെ താല്പര്യങ്ങൾ വളർത്തിയെടുക്കുന്നതാണ് അമേരിക്കൻസമൂഹത്തിന്, പ്രത്യേകിച്ചും വിദ്യാഭ്യാസസമ്പ്രദായത്തിന് നേരിടാനുള്ള ഒരു വെല്ലുവിളി.

ജനപ്പെരുപ്പം, ജീവിതനിലവാരങ്ങൾ ഉയർത്താനുള്ള ശ്രമങ്ങൾ, തുടർന്നുവരുന്ന അന്താരാഷ്ട്രസംഘർഷങ്ങൾ എന്നിവയുടെ സമ്മർദ്ദങ്ങളോടുകൂടി ആധുനികവ്യാവസായികസമ്പദ്‌വ്യവസ്ഥകളുടെ സങ്കീർണ്ണതയിൽനിന്നും പരസ്പരാശ്രിതത്വത്തിൽനിന്നുമാണ് അനുരൂപതയുടേയും ഐകരൂപ്യത്തിൻേറയും വർദ്ധിതമായ അപകടമുണ്ടാകുന്നത്. 20-ാം ശതകത്തിൻെറ മദ്ധ്യകാലത്തെ ഉഗ്രവും മാറിക്കൊണ്ടിരിക്കുന്നവയുമായ സാഹചര്യങ്ങളെ ഫലവത്തായി എതിരിടുന്നതിന് സ്വന്തം വലിപ്പം വർദ്ധിപ്പിക്കുന്നതിനും ചുമതലകൾ വികസിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ സാമ്പത്തികമായി കാര്യക്ഷമമാക്കുന്നതിനും ഗവർമ്മെൻറസ്ഥാപനങ്ങൾ, സ്വകാര്യബിസിനസ്‌കോർപ്പറേഷനുകൾ, തൊഴിലാളിയൂണിയനുകൾ എന്നിവയും സർവ്വകലാശാലകളും മററു സ്വകാര്യസ്ഥാപനങ്ങളുംപോലും നിർബന്ധിതമായിത്തീർന്നിട്ടുണ്ട്.

ഈ പ്രവണതകളുടെ പ്രധാനഫലത്തിൻെറ തെളിവാണ് വില്യം വൈററ് സംബോധനംനൽകിയ "സംഘടനക്കാര"ൻെറ ആവിർഭാവം. പുതിയതോ ആചാരവിരുദ്ധമോ ആയ ആശയങ്ങൾ പ്രചരിപ്പിച്ചോ, പ്രകടമായനിലയിൽ വ്യക്തിനിഷ്ഠയോടെ പെരുമാറിയോ സംഘടനയുടെ തടസ്സമില്ലാത്ത പ്രവർത്തനത്തെ അലങ്കോലപ്പെടുത്തുകയില്ലെന്ന് മേലുദ്യോഗസ്ഥന്മാരേയും സഹപ്രവർത്തകരേയും ബോദ്ധ്യപ്പെടുത്തുന്നതിലാണ് "സംഘടനക്കാര"ൻെറ വിജയം സ്ഥിതിചെയ്യുന്നത്. അതേസമയം ഇടത്തരക്കാരുടേയും നഗരപ്രാന്തനിവാസികളുടേയും ജീവിതനിലവാരങ്ങൾ വലിയൊരു ഭൂരിപക്ഷം അമേരിക്കക്കാരിലേയ്ക്കും വ്യാപിച്ചതും പ്രാദേശികസാമൂഹ്യരീതികളോട് അനുരൂപതയാർജ്ജിക്കാനുള്ള പ്രേരണകളും വ്യക്തിത്വത്തിനും സ്രഷ്ടാത്മകത്വത്തിനും വളരാനുള്ള സാദ്ധ്യത ലഘൂകരിക്കുന്നുമുണ്ട്. അതുകൊണ്ട്

വ്യക്തിത്വം നഷ്ടപ്പെടുത്താതെതന്നെ സാമൂഹ്യജീവിതത്തിൽ വ്യക്തിപരമായ അഭിലാഷങ്ങളുടെ സാക്ഷാൽക്കാരം തേടാൻ ജനങ്ങൾക്കു കഴിയുന്ന പുതിയ മാർഗ്ഗങ്ങൾ രൂപപ്പെടുത്തുകയാണ് അടുത്തടുത്തുവരുന്ന ഭൗതികസമൃദ്ധിയുടേതായ യുഗത്തിൽ ഏററവും പ്രധാനമായ ഒരു കർത്തവ്യം.

കൂട്ടതൽ അനുരൂപതയും ഐകരൂപ്യവും ഉണ്ടാക്കുന്നതിനുള്ള പ്രവണതയെ ചെറുത്തു തോല്പിക്കാൻ കഴിവുള്ള സവിശേഷതകൾ അമേരിക്കൻസമൂഹത്തിനുണ്ട്. അമേരിക്കയിൽ മിക്കവാറും എല്ലാവരും പരസ്പരബന്ധമില്ലാത്ത നിരവധി ഗ്രൂപ്പുകളിലും സംഘടനകളിലും ഉൾപ്പെടുന്നവരാണ്. വ്യവസായശാല, ഓഫീസ്, തൊഴിലാളിയൂണിയൻ, പള്ളി, രാഷ്ട്രീയകക്ഷി, സാമൂഹ്യക്ലബ്ബ്, സമീപത്തുള്ള സാംസ്കാരിക-കായികവിനോദസംഘടനകൾ ഇവയിലോരോന്നിനും അതിൻെറ അംഗങ്ങളുടെ ക്രമീന്മേൽ സ്വന്തമായ അവകാശമുണ്ട്. സംഘടനയുടെ പ്രവർത്തനപരിപാടികളിൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനു് അവ പരസ്പരം മത്സരിക്കുകയുംചെയ്യുന്നു. ഇത്തരം സംഘടനകളിൽ ചേരുന്നതുതന്നെ, ഒരർത്ഥത്തിൽ, സാമൂഹ്യജീവിതത്തിൽ സജീവമായി പങ്കെടുക്കുന്നതിൻെറ അഭിലഷണീയതയെക്കുറിച്ചുള്ള പൊതുധാരണയ്ക്കു അനുരൂപത പ്രകടിപ്പിക്കുന്ന ഒരു നടപടിയാണ്. എന്നിരുന്നാലും, ഏതെങ്കിലുമൊരു പ്രത്യേകപള്ളി, രാഷ്ട്രീയകക്ഷി, തൊഴിലാളിയൂണിയൻ, അല്ലെങ്കിൽ തൊഴിൽഗ്രൂപ്പ് എന്നിവയിൽ ഉദ്ദേശപൂർവ്വം പങ്കെടുക്കുന്നതിൽനിന്നു് ഒരു സംഘടനയിൽ ഉൾപ്പെടുന്നവനാണ് താനെന്നു് ഓരോ വ്യക്തിക്കും ഉണ്ടാകുന്ന ശക്തിയായ ബോധം അനുരൂപതയുടെ അനഭിലഷണീയരീതികളെ ചെറുക്കാനുള്ള വ്യക്തികളുടെ ആത്മധൈര്യത്തെ പലപ്പോഴും ശക്തിപ്പെടുത്തുന്നുണ്ട്. അതേസമയംതന്നെ, പരസ്പരം മത്സരിക്കുന്ന സംഘടനാക്രമങ്ങൾ മനോഭാവങ്ങളിലും താല്പര്യങ്ങളിലും വൈവിദ്ധ്യം ഉറപ്പുവരുത്താനും അങ്ങിനെ അമിതമായ ഐകരൂപ്യത്തിനുള്ള സമ്മർദ്ദങ്ങളെ എതിരിടാനും സഹായിക്കുന്നു.

വ്യക്തിനിഷ്ഠസംബന്ധിച്ചുള്ള അമേരിക്കയുടെ പരമ്പരാഗതമായ ആദർശത്തിൻെറ വെളിച്ചത്തിൽമാത്രമേ ഈ പ്രവണതകളുടെ കാര്യത്തിൽ അമേരിക്കയുടെ ആശങ്ക മനസ്സിലാക്കാൻ കഴിയുകയുള്ളൂ. അപായങ്ങളെക്കുറിച്ച് വർദ്ധമാനമായ ബോധത്തിൽനിന്നുണ്ടാകുന്ന പ്രതിരോധശക്തി, മിക്കവാറും അമേരിക്കക്കാർക്ക് തുറന്ന മനഃസ്ഥിതിയും പരീക്ഷണമനോഭാവവും ഉണ്ടാകുന്നത്, ബിസിനസ്കോർപ്പൊറേഷനുകൾ, തൊഴിലാളിയൂണിയനുകൾ, മററു വലിയ സംഘടനകൾ എന്നിവയും വളൎന്നുവരുന്ന സാമൂഹ്യോത്തരവാദിത്വബോധം,

ഗവമ്മെണ്ട് ജനങ്ങളുടെ ഒരു സേവകൻമാത്രമാണെന്നും അധിപനല്ലെന്നുമുള്ള സാവ്വത്രികമായ ബോദ്ധ്യം എന്നിവയേയും മററു നിരവധി സ്ഥാപനങ്ങളേയും മൂല്യങ്ങളേയും ആശ്രയിച്ചായിരിക്കും അമേരിക്കൻ സമൂഹത്തിലെ വ്യക്തിപരമായ സ്രഷ്ടാത്മകത്വത്തിൻെറ ഭാവി സ്ഥിതിചെയ്യുന്നതു്. അമേരിക്കൻസമൂഹത്തിൻെറ ഈ സവിശേഷതകൾ നിലനില്ക്കുന്ന കാലത്തോളം വരുംദശകങ്ങളിൽ ഉണ്ടാകാവുന്ന കൂടുതൽ ദുർഗ്ഗമമായ സ്ഥിതിഗതികളിൽ വ്യക്തിത്വത്തേയും സമൂഹത്തേയും സമഞ്ജസമായി ബന്ധിപ്പിക്കുന്നതിനു് പുതിയ, കൂടുതൽ ഫലപ്രദമായ മാർഗ്ഗങ്ങൾ അമേരിക്കക്കാർ കാലക്രമത്തിൽ കണ്ടെത്തുമെന്നു ആശിക്കാവുന്നതാണു്.

## മാർക്സിസ്ററുസിദ്ധാന്തവും അമേരിക്കൻസമ്പ്രദായവും

കമ്യൂണിസത്തിൻെറ ശക്തി അധികഭാഗവും മാർക്സിസ്റ്റുസിദ്ധാന്തത്തിലുള്ള അതിൻെറ അവിതക്കിതമായ വിശ്വാസമാണു്. പല മാർക്സിസ്റ്റുവീക്ഷണങ്ങളും പുനഃപ്പരിശോധനക്കു വിധേയമായിട്ടുണ്ടെങ്കിലും ശിഷ്യന്മാരുടെ അചഞ്ചലമായ ഭക്തിക്കു് അടിസ്ഥാനപരമായ ഒരു വിശ്വാസം അത്യന്താപേക്ഷിതമാണു്. "മുതലാളിത്ത"വും അതിനോടു ബന്ധപ്പെട്ടതെന്നാരോപിക്കപ്പെടുന്ന "കൊളോണിയൽ സാമ്രാജ്യത്വ"വും നാശഗത്തത്തിൻെറ വക്കിലാണെന്നും കമ്യൂണിസ്റ്റുകാർ, ഇന്നത്തെ പ്രയാസങ്ങളുണ്ടെങ്കിൽകൂടി, ഭാവിയുടെ തരംഗങ്ങൾക്കു മീതെ സവാരിചെയ്യുന്നവരാണെന്നുമാണു് ഈ വിശ്വാസം. സുനിശ്ചിതമായ ലോകഭാഗധേയമനുസരിച്ചു് മുന്നേറുന്ന ഒരു സൈന്യത്തിൻെറ മുന്നണിവിഭാഗമാണു് തങ്ങളെന്ന ദൃഢമായ ബോദ്ധ്യമാണു് കമ്യൂണിസ്റ്റുകാക്കുള്ളതു്.

അമേരിക്കൻസമ്പ്രദായം സാങ്കേതികവും മേലന്വേഷണപരവുമായി വളരെ പുരോഗമിച്ചിട്ടുണ്ടെന്ന വസ്തുത കമ്യൂണിസ്റ്റുകാർ നിഷേധിക്കുന്നില്ല. ഇക്കാര്യത്തിൽ അമേരിക്കയുടെ നേട്ടങ്ങളിൽനിന്നും തങ്ങൾക്കു പഠിക്കാനുണ്ടെന്നും അതിന്നാഗ്രഹമുണ്ടെന്നും അവർ തുറന്നു സമ്മതിക്കുന്നുണ്ടു്. എങ്കിലും, ഒരു സ്വാതന്ത്ര്യസമാരംഭസമ്പ്രദായത്തിൽ ഈ നേട്ടങ്ങൾ എത്രകണ്ടു് ശീഘ്രം ഉണ്ടാകുന്നുവോ അതിൻെറ അവസാനതകച്ച് അത്രയും അടുത്തുവരുന്നുവെന്നാണു് അവരുടെ ബോദ്ധ്യം. സാങ്കേതികനേട്ടങ്ങൾ എവിടെ രൂപംകൊണ്ടവയാണെങ്കിലും ശരി, അവയ്ക്കു ശാശ്വതമായ പ്രത്യുല്പാദനപ്രയോജനം ഉണ്ടാക്കാൻ കമ്യൂണിസ്റ്റുകാക്കുമാത്രമേ കഴിയൂവെന്നു് അവർ വിശ്വസിക്കുന്നു.

മാർക്സിസ്ററുസിദ്ധാന്തമനുസരിച്ച് "പ്രകൃതിനിയമങ്ങളു"ടെ അനിവാര്യതമൂലം മുതലാളിത്തം അന്തിമമായി നാശമടയാനുള്ളതാണ്. താർക്കികമെന്ന് അവക്കുതോന്നുന്ന താഴെക്കാണുന്നരീതിയിൽ ഇതു സംഭവിക്കുമെന്നാണ് കമ്യൂണിസ്റ്റുകാർ വാദിക്കുന്നതു്.

1) സാങ്കേതികമുന്നേററങ്ങളുടെ ഫലമായി വലിയ സ്ഥാപനങ്ങൾക്ക് ചെറിയവയുടെമീതെ ആധിപത്യം ഉണ്ടാകുന്നു.

2) തുടർന്നുണ്ടാകുന്ന മൂലധനകേന്ദ്രീകരണത്തോടൊപ്പം സമ്പത്തും വരുമാനവും ന്യൂനപക്ഷംവ്യക്തികളിൽ കേന്ദ്രീകരിക്കുന്നു. ഇടത്തരക്കാരെ ക്രമേണ സ്വത്തും ഭൂമിയുമില്ലാത്ത തൊഴിൽശക്തിമാത്രമുള്ള ഒരു വർഗ്ഗമായി മാററുന്നതിനും അപൂർവ്വം സമ്പന്നർക്കും അസംഖ്യം ദരിദ്രർക്കുമിടയ്ക്കു് വളർന്നുവരുന്ന വിടവുണ്ടാകുന്നതിനും ഇതു് വഴിതെളിക്കുന്നു.

3) അനിവാര്യമായും നിലനില്ക്കുന്ന തൊഴിലില്ലായ്മ തൊഴിലാളികളെ ചൂഷണംചെയ്യുന്നതിന് തൊഴിലുടമകളെ അനുവദിക്കുകയും ബഹുജനങ്ങളുടെ തുടർച്ചയായ പാപ്പരത്വത്തിന് കാരണമാകുകയും ചെയ്യുന്നു.

4) ഉയർന്നുവരുന്ന ഉല്പാദനക്ഷമതയും ചുരുങ്ങിവരുന്ന ബഹുജനക്രയശേഷിയും വിപണികളും മുതലാളിത്തത്തെ രക്ഷപ്പെടാനാകാത്ത വിനാശഗർത്തത്തിലേക്കു നയിക്കുന്നു. ഉല്പാദനത്തെ ആയുധങ്ങളിലേക്കും അന്താരാഷ്ട്ര സാമ്രാജ്യത്വസാഹസപ്രവർത്തനങ്ങൾക്കും തിരിച്ചുവിട്ടുകൊണ്ടു് വിനാശത്തെ താല്ക്കാലികമായി ഒഴിച്ചുനിർത്താമെന്നുമാത്രമേയുള്ളൂ.

അമേരിക്കൻസമ്പദ്‌വ്യവസ്ഥ യഥാർത്ഥത്തിലുള്ളതിൻെറ ഒരു പരിശോധന ഈ മാർക്സിസ്റ്റുവാദത്തെ ഓരോ ചുവടുവെപ്പിലും നിഷേധിക്കുന്നുണ്ടെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നതു്. 19-ാംശതകത്തിൽ നിലവിലുണ്ടായിരുന്ന സാമ്പത്തികസ്ഥിതിഗതികളുടെ വെളിച്ചത്തിലും അവയ്ക്കു് സ്വതന്ത്രവ്യാപാരസിദ്ധാന്തത്തിൻെറ അടിസ്ഥാനത്തിൽ നല്കപ്പെട്ട വ്യാഖ്യാനത്തിനുമറുപടിയായുമാണ് മാർക്സിസ്റ്റുസിദ്ധാന്തം ആവിഷ്കരിക്കപ്പെട്ടതു്. നിലവിലുള്ള അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ കാര്യത്തിൽ ഈ സിദ്ധാന്തം പ്രയോഗിക്കുന്നതിൽ യാതൊരു ഔചിത്യവുമില്ല. എങ്കിലും ഒരടിസ്ഥാനതത്വമെന്ന നിലയിൽ കമ്യൂണിസ്റ്റുകാർക്ക് അതു് ഉപേക്ഷിക്കാൻ നിർവ്വാഹമില്ലല്ലോ.

വ്യവസായത്തിൻെറ ചില ശാഖകളിൽ വലിയ സ്ഥാപനങ്ങളുടെ ആധിപത്യത്തിന് സാമ്പത്തികമുന്നേററങ്ങൾ കാരണമായിട്ടു

ണ്ടെന്നതു ശരിയാണ്. എന്നാൽ എല്ലാരംഗങ്ങളിലും ഇങ്ങനെ സംഭവിച്ചിട്ടില്ല. മാർക്സിസ്റ്റ് സിദ്ധാന്തത്തിനു വിരുദ്ധമായി, വ്യാവസായികകഴിവിലും മൂലധനത്തിലുമുള്ള കേന്ദ്രീകരണത്തിൻെറ തോതു് വരുമാനത്തിൻേറയും സമ്പത്തിൻേറയും വളൎന്നുവരുന്ന അസമത്വവുമായി ഒത്തുപോയിട്ടില്ല. ചെറുതും ഇടത്തരവും വ്യവസായസ്ഥാപനങ്ങൾ പല പ്രവൎത്തനരംഗങ്ങളിലും അവയുടെ മുന്തിയ കഴിവു് തെളിയിച്ചിട്ടുണ്ടു്. ഇടത്തരക്കാർ തൊഴിലാളികളായി മാറിയിട്ടില്ല. നേരെമറിച്ചു്, "അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ"ന്നു് മാർക്സിസ്റ്റുകാർ വിളിക്കാനിഷ്ടപ്പെടുന്ന വിഭാഗത്തിൻെറ പദവി മിക്കവാറും അമേരിക്കക്കാരുൾപ്പെടുന്ന, വളൎന്നുവരുന്ന ഇടത്തരം വിഭാഗത്തിൽ അധികവും ലയിക്കത്തക്കവിധം ഉയൎത്തപ്പെട്ടിരിക്കുകയാണു്. അമേരിക്കൻജനതയുടെ സമ്പദ്‌വ്യവസ്ഥ പാപ്പരത്വത്തിലേക്കല്ല ജനങ്ങളെ നയിച്ചിട്ടുള്ളതു്. മറിച്ചു്, അവരെ, അമേരിക്കയിലെ എല്ലാ ജനങ്ങളേയുംതന്നെ സമൃദ്ധിയുടെ പടിവാതില്ക്കലാണു് എത്തിച്ചിട്ടുള്ളതു്. വ്യക്തിപരമായ വരുമാനവും സമ്പത്തും ന്യൂനപക്ഷത്തിൻെറ കൈവശം വൎദ്ധമാനമായി കേന്ദ്രീകരിക്കുന്നതിനുപകരം ജീവിതസൌകൎയ്യങ്ങളുടെ വിപുലീകരണവും എല്ലാവൎക്കും കൂടുതൽ സംതൃപ്തിയുമാണു് സൃഷ്ടിച്ചിട്ടുള്ളതു്.

വൻതോതിലുള്ള തൊഴിലില്ലായ്മ സാങ്കേതികപുരോഗതിയുടെ ഒരു അനിവാൎയ്യതയല്ലതാനും. ഒരു സ്വതന്ത്രസമാരംഭസമൂഹത്തിനു്, ആവശ്യമായ ദൃഢനിശ്ചയമുണ്ടെങ്കിൽ, ഭീകരമായ തകൎച്ചകളും വൻതോതിലുള്ള തൊഴിലില്ലായ്മയും തടയാൻ സാധിക്കുമെന്നാണു് സിദ്ധാന്തപരമായ ഉൾക്കാഴ്ചകളും കഴിഞ്ഞ രണ്ടു ദശകങ്ങളിലെ പ്രായോഗികാനുഭവങ്ങളും സൂചിപ്പിക്കുന്നതു്. പരമാവധി തൊഴിൽ നിലനിൎത്തുകയെന്ന നയം അവലംബിക്കാൻ അമേരിക്കൻഗവൎമ്മെൻറു് ദൃഢപ്രതിജ്ഞമാണു്. ഈ ബാദ്ധ്യത ഏറെറടുത്തുകൊണ്ടുള്ള ഗവൎമ്മെൻറുനടപടിക്കു് രണ്ടു പ്രമുഖ രാഷ്ട്രീയകക്ഷികളുടെയും ബിസിനസ്, കൃഷി, തൊഴിലാളികൾ എന്നീ വിഭാഗങ്ങളിലെ നേതാക്കളുടേയും സാമാന്യമായി പൊതുജനങ്ങളുടേയും അംഗീകരണം ലഭിച്ചിട്ടുണ്ടു്. ഈ ബാദ്ധ്യത നിറവേററുന്നതിനുള്ള സാങ്കേതികരീതികൾ മെച്ചപ്പെടുത്തുന്നതിനു് തുടൎച്ചയായ ശ്രമങ്ങൾ നടക്കുന്നുമുണ്ടു്.

അഭ്യന്തരരംഗത്തെ സാമ്പത്തികത്തകൎച്ചയുടെ ഭീഷണി അമേരിക്കൻഗവൎമ്മെൻറിനെ ആക്രമണത്തിൻേറയും സാമ്രാജ്യത്വത്തിൻേറയും നയം സ്വീകരിക്കാൻ പ്രേരിപ്പിച്ചിട്ടില്ല. നേരെമറിച്ചു്, കൊളോണിയൽസമ്പ്രദായം അവസാനിപ്പിക്കുന്നതിൽ അമേരിക്ക നിൎമ്മാണപരമായ ഒരു പങ്കു് വഹിച്ചിട്ടുണ്ടു്. അമേരിക്ക സൗജന്യമായി നൽകുന്ന

സഹായങ്ങൾ ഏഷ്യ, ആഫ്രിക്ക, ലാററിൻഅമേരിക്ക എന്നിവിടങ്ങളിലെ അല്പവികസിതരാജ്യങ്ങളിൽ സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതി വളർത്തുന്നതിനുള്ള ഊന്നുവടിയായി ഉപയോഗിച്ചിട്ടുമുണ്ട്.

വൻതോതിലുള്ള ആയുധീകരണം ലോകസ്ഥിതിഗതികളുടെ പ്രകൃതംമൂലം ജനാധിപത്യരാജ്യങ്ങളുടെമീതേ അടിച്ചേല്പിക്കപ്പെട്ടിരിക്കുന്ന ഒരാവശ്യമാണ്. അതു് യഥാർത്ഥത്തിൽ ഒരു ഭാരമാണ്, മിച്ചോല്പാദനം വിനിയോഗിക്കാനുള്ള കൃത്രിമമാർഗ്ഗമല്ല. ആയുധീകരണത്തിൽ ലഘൂകരണത്തിനു് സാദ്ധ്യമാവുകയും ഉല്പാദനവിഭവങ്ങൾ നിർമ്മാണപരമായ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതിനു് സ്വതന്ത്രമാക്കുകയും ചെയ്യുന്നതുവരെ മാററിവെയ്ക്കപ്പെട്ടിട്ടുള്ള, അഭ്യന്തരമായും അന്താരാഷ്ട്രീയമായും വളരെയേറെ അഭികാമ്യമായ അനേകം കൃത്യങ്ങളുണ്ടു്.

അങ്ങിനെ, അമേരിക്കയുടെ അനുഭവങ്ങൾ മാർക്സിസ്റ്റ്സിദ്ധാന്തത്തിൽ പ്രത്യക്ഷപ്പെടുന്ന യുക്തിയിലെ പ്രമാദങ്ങൾ പ്രകടമാക്കുന്നു. ഈ സാമ്പത്തികാനുഭവത്തേയും, വ്യക്തിസ്വാതന്ത്ര്യവും സ്വാശ്രയശീലവും സംബന്ധിച്ചുള്ള ജഫേഴ്സന്റെ ആശയം മനുഷ്യന്റെ ആത്മാവിൽ അലിഞ്ഞുചേർന്നതാണെന്ന ഞങ്ങളുടെ ബോദ്ധ്യത്തേയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ് അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ പ്രായോഗികവും ധാർമ്മികവുമായ മൂല്യത്തെക്കുറിച്ചുള്ള ഞങ്ങളുടെ വിശ്വാസം. ഉല്പാദനത്തിലും മേലന്വേഷണത്തിലുമുള്ള കാര്യക്ഷമതയിൽ ഏതു് ആധികാരികസമ്പ്രദായത്തേക്കാളും കൂടുതൽ വാഗ്ദാനം ദീർഘകാലാടിസ്ഥാനത്തിൽ അമേരിക്കൻസമ്പ്രദായം നൽകുന്നുണ്ടെന്നു് ഞങ്ങൾക്കു ബോദ്ധ്യമുണ്ടു്. ഏതു സർവ്വാധിപത്യസമ്പ്രദായത്തേക്കാളും കൂടുതൽ സ്വാതന്ത്ര്യവും സ്വന്തമായ ഉത്തരവാദിത്വവും അമേരിക്കൻസമ്പ്രദായം പ്രദാനംചെയ്യുന്നുണ്ടെന്നും ഞങ്ങൾക്കറിയാം

## അമേരിക്കൻ സാമ്പത്തികസമ്പ്രദായത്തിനു് എന്തു പേരു് ചേരും?

പരമ്പരാഗതമായ ആശയരൂപങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാൻശ്രമിക്കുന്ന നിരീക്ഷകനെ കുഴയ്ക്കുന്ന ഈ അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെ എങ്ങനെ നിർവ്വചിക്കാം?

സ്വകാര്യ ഉടമയിലുള്ള, സ്വകാര്യവിഭാഗത്താൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങൾവഴി ലാഭം ആർജ്ജിക്കാനുള്ള അഭിലാഷമാണു് അമേരിക്കയുടെ സാമ്പത്തികവളർച്ചയ്ക്കു് പ്രേരണനൽകുന്ന ഘടകങ്ങളി

ലൊന്നു് എന്നുള്ളേടത്തോളം അമേരിക്കൻസമ്പ്രദായം മുതലാളിത്ത സമ്പ്രദായമാണു്. സ്വതന്ത്രമായ സമാരംഭവും സ്വതന്ത്രരായ തൊഴിലാളികളും സ്വതന്ത്രരായ ഉപഭോക്താക്കളും അടങ്ങുന്ന ഒരു സമ്പ്രദായമാണതു്. ഒരു വ്യവസായിക്കു് തന്നിഷ്ടംപോലെ പ്രവർത്തിക്കാൻ കഴിയുന്നതും തൊഴിലാളികളും ഉപഭോക്താക്കളും ചൂഷണംചെയ്യപ്പെടുകയും സാമ്പത്തികപ്രവർത്തനത്തിൻെറ മുഴുവൻ നേട്ടങ്ങളും മുതലുടമകൾ നേടുകയും ചെയ്യുന്നതുമായ ഒരേർപ്പാടാണു് മുതലാളിത്തസമ്പ്രദായമെങ്കിൽ അമേരിക്കയുടേതു് ഒരു മുതലാളിത്തസമ്പദ്‌വ്യവസ്ഥയല്ല. വ്യവസായിയുടെ താല്പര്യങ്ങൾക്കുവേണ്ടിമാത്രം പ്രവർത്തിക്കുന്ന ഒരു ഗവമ്മെൻെറന്നാണു് മുതലാളിത്തമെന്നതിൻെറ വിവക്ഷയെങ്കിൽ അമേരിക്കൻസമ്പ്രദായം മുതലാളിത്തസമ്പ്രദായമല്ല. "മുതലാളിത്തം" എന്ന സംജ്ഞകൊണ്ടു് 19-ാംശതകത്തിലെ സ്വതന്ത്രവ്യാപാരസമ്പ്രദായത്തെയാണു് അർത്ഥമാക്കുന്നതെങ്കിൽ അമേരിക്കൻ സമ്പ്രദായം ഒരു മുതലാളിത്തസമ്പ്രദായമല്ല.

ഭരണകൂടം എല്ലാ വ്യവസായശാലകളുടെയും, അഥവാ മിക്കവാറും വ്യവസായശാലകളുടെയും ഉടമസ്ഥത വഹിക്കുന്നതും നടത്തുന്നതും, എന്താണുല്പാദിപ്പിക്കേണ്ടതെന്നും ഏതെല്ലാം പുതിയ വ്യവസായശാലകളാണു് സ്ഥാപിക്കേണ്ടതെന്നും എന്തു കൂലിനിരക്കാണു് നൽകേണ്ടതെന്നും മററും മററും ഭരണകൂടം നിശ്ചയിക്കുന്നതുമായ ഒരു സമ്പ്രദായമെന്നാണു് സോഷ്യലിസത്തിൻെറ നിർവ്വചനമെങ്കിൽ അമേരിക്കയുടേതു് ഒരു സോഷ്യലിസ്റ്റ് സമ്പ്രദായമല്ല. സാമ്പത്തിക-സാമൂഹ്യജീവിതത്തിൽ നിർണ്ണായകമായ ഒരു പങ്കു് ഭരണകൂടം വഹിക്കുന്ന ഒരു ഏർപ്പാടാണു് സോഷ്യലിസം എന്ന വാക്കുകൊണ്ടു് ഉദ്ദേശിക്കപ്പെടുന്നതെങ്കിൽ' അമേരിക്കൻസമ്പ്രദായം ഒരു സോഷ്യലിസ്റ്റ് സമ്പ്രദായമല്ല. എന്നാൽ വ്യക്തിസ്വാതന്ത്ര്യം, മാനുഷികക്ഷേമം, സാമ്പത്തിക സുരക്ഷിതത്വം എന്നിവയുടെ അഭിലഷണീയമായ ലക്ഷ്യങ്ങളും നിലവാരങ്ങളും ജനാധിപത്യരീതിയിൽ നേടുന്ന ഒരു സമ്പ്രദായത്തെയാണു് സോഷ്യലിസമെന്ന സംജ്ഞ സൂചിപ്പിക്കുന്നതെങ്കിൽ അമേരിക്കയെ ഒരു സോഷ്യലിസ്റ്റ് സമൂഹമെന്നു വിളിക്കാം. ഈ ലക്ഷ്യങ്ങൾ കഴിയുന്നത്രയും നേടുന്നതിനു് ഗവമ്മെൻറു് സ്വകാര്യസമ്പദ്‌വ്യവസ്ഥയെ സഹായിക്കുകയും സ്വകാര്യവിഭാഗത്തിനുനേടാൻ കഴിയാത്ത അവശിഷ്ടലക്ഷ്യങ്ങൾ നേടുന്നതിനു് ആവശ്യമായ പരിപാടികൾ ഏറെറടുത്തു നടത്തുകയും ചെയ്യുമെന്നു് അമേരിക്കൻജനത പ്രതീക്ഷിക്കുന്നുണ്ടു്. തീർച്ചയായും, ഈ അർത്ഥത്തിൽ അമേരിക്ക കമ്മ്യൂണിസ്റ്റ്‌രാഷ്ട്രങ്ങളേക്കാൾ കൂടുതൽ ജനാധിപത്യസോഷ്യലിസ്റ്റ് അടിസ്ഥാനത്തിലുള്ള ഒരു രാഷ്ട്രമാണു്!

അമേരിക്കൻസമ്പ്രദായത്തിൽ പൊതുവും സ്വകാര്യവുമായ എല്ലാ സ്ഥാപനങ്ങളും പൊതുക്ഷേമത്തെ പരിസേവിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. അത്തരം ഒരു സമ്പ്രദായത്തിൽ സ്വകാര്യ സമാരംഭം ഒരു അന്തിമലക്ഷ്യമല്ല ഗവമ്മെൻറിൽനിന്ന് ഏററവും കുറവു നിയന്ത്രണത്തോടുകൂടി ജനങ്ങളുടെ ആവശ്യങ്ങളെ പരിസേവിക്കുന്നതിനുള്ള ഏററവും ഫലപ്രദമായ സംഘടനാരീതിയാണത്. അത്തരം ഒരു സമ്പ്രദായത്തിൽ ഗവമ്മെൻറും ഒരു അന്തിമലക്ഷ്യമല്ല; മറിച്ച്, സ്വകാര്യസമാരംഭത്തിന് പര്യാപ്തമായതോതിൽ നിവഹിക്കാൻ സാദ്ധ്യമല്ലാത്ത കൃത്യങ്ങൾ നിവഹിക്കുന്നതിന് സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഒരു സ്ഥാപനംമാത്രമാണത്.

അങ്ങിനെ അമേരിക്കൻസമ്പ്രദായം, വാക്കുകളുടെ ചരിത്രപരമായ അത്ഥത്തിൽ, മുതലാളിത്തമോ സോഷ്യലിസമോ അല്ല. ഈ തലക്കെട്ടുകളിൽ അതിനെ തരംതിരിക്കാൻ സാദ്ധ്യമല്ലതന്നെ. കാരണം, അതിൽ ഭരണകൂടത്തിനോ, സ്വകാര്യബിസിനസ്സിനോ, അല്ലെങ്കിൽ മറേറതെങ്കിലും ഒരു പ്രത്യേക ഗ്രൂപ്പിനോ ആധിപത്യമില്ല. പൊതുവും സ്വകാര്യവുമായ എല്ലാ സ്ഥാപനങ്ങളും വളരെയേറെ സ്വയംനിണ്ണയത്വത്തോടും സ്വന്തമായ ഉത്തരവാദിത്വത്തോടുംകൂടി അവയുടെ കടമകൾ നിവഹിക്കുന്നുണ്ട്.

അപ്പോൾ, ആരാണ് അമേരിക്കൻസമ്പദ്വ്യവസ്ഥയുടെ അധിപൻ? അവസാന അപഗ്രഥനത്തിൽ, എന്താണ് ഉത്തരവാദിത്വപൂണ്ണമായ പ്രവത്തനമെന്ന് വിധിക്കുന്നതിനുള്ള മാനദണ്ഡം നൽകുന്നതാരാണ്? ഈ അതിപ്രധാനചോദ്യത്തിന് സമാധാനംനൽകാൻ പ്രയാസമാണ്. അതുകൊണ്ടുതന്നെയാണ് അമേരിക്കൻസമ്പ്രദായത്തെ കൃത്യമായി നിവ്ചിക്കാൻ പ്രയാസമുള്ളതും. ജനാധിപത്യരാഷ്ട്രീയപ്രക്രിയകളിലൂടെയും പ്രകടിതമായ പൊതുജനാഭിപ്രായങ്ങളിലൂടെയും അസംഖ്യം സ്വകാര്യഗ്രൂപ്പുകളിലൂടെയും സംഘടനകളിലൂടെയും, വ്യക്തിപരമായി ഉപഭോക്താക്കളെന്നനിലയിൽ എല്ലാ അമേരിക്കരുടേയും മനോഭാവങ്ങളിലൂടെയും പ്രകാശിപ്പിക്കപ്പെടുന്ന അമേരിക്കൻജനതയുടെ ദേശീയതാല്പയ്യങ്ങളെ അമേരിക്കൻ സാമ്പത്തികസമ്പ്രദായം പരിസേവിക്കുന്നുവെന്നുപറഞ്ഞാൽ ഒരുപക്ഷേ പരമാത്ഥത്തോട് ഏററവും അടുത്തുവന്നേക്കും.

"ദേശീയതാല്പയ്യം", അതെത്രതന്നെ അസ്പഷ്ടവും അയവുള്ളതുമായ ഒരാശയരൂപമാണെങ്കിലും, കഴിഞ്ഞ കാലത്തേക്കാൾ കൂടുതൽ മൂത്തമായിട്ടുണ്ട്. ഉപഭോഗത്തിൻെറയും ഭവനസൗകയ്യങ്ങളുടെയും അഭിലഷണീയമായ നിലവാരങ്ങൾ, അല്ലെങ്കിൽ സാമ്പത്തികവികസ

നത്തിന് അഭിലഷണീയമായ ഒരു നിരക്ക് എന്നിവപോലുള്ള സാമ്പത്തികമാനദണ്ഡങ്ങൾ വളർത്തിയെടുക്കുന്നതിനുള്ള ഏതു ശ്രമത്തിനുമെതിരെ സ്വതന്ത്രവ്യാപാരസമ്പ്രദായത്തിന്റെ പ്രണേതാക്കൾ നെററിചുളിച്ചിരുന്നു. ഓരോരുത്തരും അവനവന്റെ സ്വന്തം താല്പര്യംമാത്രം അനുവർത്തിക്കുന്നപക്ഷം ഏററവും ഉത്തമമായ സാമ്പത്തികഫലം ഉണ്ടായിക്കൊള്ളുമെന്നാണവർ വാദിച്ചിരുന്നത്. ജോലിയെടുക്കാൻ കഴിവും സന്നദ്ധതയുമുള്ളവക്കെല്ലാം തൊഴിൽ; തൊഴിൽനില, ഉല്പാദനം, വിലനിരക്കുകൾ എന്നിവയിൽ സാരമായ ഏററയിറക്കങ്ങൾ ഒഴിവാക്കൽ; പര്യാപ്തമായ കൂലിനിരക്കുകൾ, ഭവനസൗകര്യങ്ങൾ, പോഷകാഹാരം, ആരോഗ്യസേവനങ്ങൾ എന്നിവ; ശാസ്ത്രത്തിന്റേയും സാങ്കേതികത്വത്തിന്റേയും മുന്നേററങ്ങളെ ഉപയോഗപ്പെടുത്തുന്നതും അഭ്യന്തരരംഗത്ത് ദാരിദ്ര്യം നിർമ്മാജ്ജനംചെയ്യാൻ കഴിവുനൽകുന്നതും ലോകപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സഹകരണയത്നങ്ങളെ പിന്തുണയ്ക്കുന്നതുമായ ഒരു സാമ്പത്തികവളച്ച്നിരക്ക് എന്നിവപോലെ അഭിലഷണീയസാമ്പത്തികപ്രവത്തനനിലവാരങ്ങളെക്കുറിച്ചുള്ള വ്യക്തമായ ആശയങ്ങൾ ഇന്നു രൂപംകൊണ്ടുവരുന്നുണ്ട്. വ്യക്തികളോ സംഘടിതഗ്രൂപ്പുകളോ അനിയന്ത്രിതമായി സ്വാത്മതാല്പര്യം അനുവത്തിക്കുന്നതുകൊണ്ട് അഭിലഷണീയമായ സാമ്പത്തികഫലം അനിവാര്യമായി ഉണ്ടായിക്കൊള്ളുമെന്ന ധാരണയേയില്ലാതായിരിക്കുന്നു. ദേശീയതാല്പര്യത്തിന്റെ ആവശ്യകതകളെ പരിസേവിക്കുന്നവിധത്തിൽ വ്യക്തികളും സംഘടിതഗ്രൂപ്പുകളും അവയുടെ സ്വാത്മതാല്പര്യങ്ങൾ അനുവത്തിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

ദേശീയതാല്പര്യങ്ങളുടെ ആവശ്യങ്ങളിൽ ഒരുഭാഗം മാത്രമേ നിയമരൂപത്തിലായിക്കഴിഞ്ഞിട്ടുള്ളു. ചിലത് ഇപ്പോഴും "അലിഖിതനിയമങ്ങളു"ടേയും പാരമ്പര്യങ്ങളുടേയും രൂപത്തിലോ, അല്ലെങ്കിൽ രാഷ്ട്രീയവും സാമ്പത്തികവുമായ തീരുമാനങ്ങളെടുക്കാൻ സ്വാതന്ത്ര്യമുള്ള പുരുഷന്മാരുടേയും സ്ത്രീകളുടേയും വ്യക്തിപരമായ വിവേചനങ്ങളുടെ രൂപത്തിലോ ആണ്. വലിയ വ്യവസായസ്ഥാപനങ്ങളേയും വലിയ തൊഴിലാളിയൂണിയനുകളേയും വലിയ ഗവമ്മെൻറുസ്ഥാപനങ്ങളേയും ഉപയോഗപ്രദമായ സ്ഥാപനങ്ങളെന്ന നിലയിൽ പൊതുജനങ്ങൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ ഇവയിലേതെങ്കിലും ഒരു വിഭാഗം ജനങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ ജീവിതത്തെ നിർണ്ണയിക്കാൻ അവരാഗ്രഹിക്കുന്നില്ല. പ്രസ്തുത വ്യവസായങ്ങളുടേയും തൊഴിലാളിയൂണിയനുകളുടേയും ഗവമ്മെൻറുസ്ഥാപനങ്ങളുടേയും ചുമതല വഹിക്കുന്നവക്ക് ജനങ്ങളുടെ ഈ മനോഭാ

വത്തെക്കുറിച്ച് ബോധമുണ്ട്; അതിനെ കൂടുതൽകൂടുതൽ ആദരിക്കാൻ അവർ പഠിച്ചുവരുന്നുമുണ്ട്. അങ്ങിനെ, ഉദാഹരണത്തിന്, ട്രസ്റ്റുവിരുദ്ധനിയമം സാമ്പത്തികശക്തിയുടെ സാദ്ധ്യമായ മുഴുവൻ ദുരുപയോഗങ്ങൾക്കും ബാധകമാണെങ്കിലും അല്ലെങ്കിലും പൊതുതാല്പര്യത്തിനെതിരെ പ്രവർത്തിക്കുന്ന ബിസിനസ്കോർപ്പൊറേഷനുകൾക്ക് "അലിഖിതനിയമം" തീർച്ചയായും ശിക്ഷനിശ്ചയിച്ചിട്ടുണ്ട്. ഉല്പന്നങ്ങളുടെ വില്പനയേയോ, ആവശ്യമായ ഉദ്യോഗസ്ഥന്മാരുടെ തിരഞ്ഞെടുപ്പിനേയോ പ്രതികൂലമായി ബാധിച്ചേക്കാവുന്നവിധം പ്രതികൂലപ്രചരണത്തിന്റെ രൂപത്തിലായിരിക്കാം ശിക്ഷ. കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിലുള്ള അന്വേഷണങ്ങളുടേയോ, അല്ലെങ്കിൽ ഒരു ജനാധിപത്യരാജ്യത്തു നിലവിലുള്ള, ജനകീയപ്രാതികൂല്യം പ്രകടിപ്പിക്കുന്ന മററു പലതരം രീതികളുടേയോ രൂപത്തിലായിരിക്കാം ശിക്ഷ നൽകപ്പെടുന്നതു്. അതുപോലെതന്നെ ഗവൺമെൻറിന്റെ അപര്യാപ്തമായ നടപടിയിയോ, അല്ലെങ്കിൽ ഗവൺമെൻറധികാരത്തിന്റെ അമിതമായ വിപുലീകരണത്തിലോ ജനങ്ങൾക്കുണ്ടാകുന്ന അസംതൃപ്തി തിരഞ്ഞെടുപ്പുഫലത്തിൽ കൃത്യമായി പ്രതിഫലിക്കുകയുംചെയ്യുന്നു.

ആദ്യമായ ഒരു ഘടനയാണിതു്. ചില അലിഖിതനിയമങ്ങൾ വളരെ സാവധാനം മൂർത്തമായിത്തീരുകയും ജനാധിപത്യചർച്ചയുടെ പ്രക്രിയയ്ക്കുശേഷം ലിഖിതനിയമങ്ങളുടെ ഔപചാരികരൂപം കൈക്കൊള്ളുകയുംചെയ്യുന്നു. എന്നാൽ നിയമങ്ങൾ ഈ ഘടനയുടെ ഏററവും പ്രധാനവശമല്ല. ഒരുതരത്തിൽ, ഇവ ഘടന നന്നായി പ്രവർത്തിക്കാതിരുന്നിട്ടുള്ള സന്ദർഭങ്ങൾ ചൂണ്ടിക്കാണിക്കുകമാത്രമാണു് ചെയ്യുന്നതു്. സ്വകാര്യവ്യവസായസ്ഥാപനങ്ങൾ അവയുടെ സാമ്പത്തികശക്തി അല്പമെങ്കിലും ദുരുപയോഗപ്പെടുത്തിയിട്ടില്ലെങ്കിൽ ട്രസ്റ്റുവിരുദ്ധനിയമങ്ങൾ ഉണ്ടാകുമായിരുന്നില്ല. താഴ്ന്ന കൂലിനിരക്കുകൾ ഉണ്ടായിരുന്നില്ലെങ്കിൽ കൂലി-തൊഴിൽസമയനിയമം ഉണ്ടാകുമായിരുന്നില്ല. ഗുരുതരമായ സാമ്പത്തികത്തകർച്ച ഉണ്ടായിട്ടില്ലെങ്കിൽ, ഒരുപക്ഷേ, തൊഴിൽനിയമവും ഉണ്ടാകുമായിരുന്നില്ല. പൊതുതാല്പര്യത്തിന്റെ ആവശ്യകതകളെ സ്വകാര്യഗ്രൂപ്പുകൾ അനുസരിക്കുന്നേടത്തോളം നിയമനിർമ്മാണത്തിന്റേയും ഗവൺമെൻറു് മാനദണ്ഡങ്ങൾ നിയമംമൂലം ഏർപ്പെടുത്തുന്നതിന്റേയും ആവശ്യം കുറവായിരിക്കും.

അങ്ങിനെ, അമേരിക്കയിൽ രൂപംകൊണ്ടുവരുന്ന സാമ്പത്തികസമ്പ്രദായം വിവിധ "ശുദ്ധ"സാമ്പത്തികസമ്പ്രദായങ്ങളുടെയും സ്വഭാവങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. വ്യക്തികളുടെ ആവശ്യങ്ങളേയും മൂല്യങ്ങളേയും ഒരു സങ്കീർണ്ണസമൂഹത്തിന്റെ ആവശ്യകതകളും ആധുനിക

സാങ്കേതികത്വത്തിൻെറ സാദ്ധ്യതകളുമായി അനുരഞ്ജിപ്പിക്കുന്നതിനുള്ള കഴിവു നൽകുമെന്നു് അമേരിക്കൻസമ്പ്രദായം ഉറപ്പുനൽകുകയുംചെയ്യുന്നുണ്ടു്.

അമേരിക്കയിൽ ഒരു പ്രത്യേകരൂപത്തിലുള്ള സാമ്പത്തിക-സാമൂഹ്യസംഘടന രൂപംകൊണ്ടുവരുന്നുവെന്നു് അഭിപ്രായമുള്ളവർ അതിനു് അനേകം പുതിയ പേരുകൾ നിർദ്ദേശിച്ചിട്ടുണ്ടു്. "സാമ്പത്തികജനാധിപത്യം" എന്ന പേരു് പൊതുതാല്പര്യത്തിൻെറ ആവശ്യങ്ങൾക്കു് അമേരിക്കൻസമ്പ്രദായത്തിലുള്ള പ്രതികരണാത്മകത്വത്തെ നല്ലപോലെ ധ്വനിപ്പിക്കുന്നുണ്ടാകാം. എന്നാൽ "സാമ്പത്തികജനാധിപത്യ"മെന്ന പേരിനു്, മാനേജ്മെൻറു് കൈക്കൊള്ളുന്ന നയങ്ങൾ രൂപപ്പെടുത്തുന്നതിൽ തൊഴിലാളികൾക്കു പ്രത്യേകതരത്തിലുള്ള ഒരു പങ്കാളിത്വമെന്നുകൂടി അർത്ഥമുള്ളതായി കണക്കാക്കപ്പെടുന്നുണ്ടു്. ആ വിഷയമല്ല നാമിവിടെ ചർച്ചചെയ്യുന്നതു്. മുതലാളിത്തരീതികളിലൂടെ എല്ലാവരുടേയും ക്ഷേമത്തിനും അന്തസ്സിനുംവേണ്ടിയാണു് അമേരിക്കൻസമ്പ്രദായം യത്നിച്ചുകൊണ്ടിരിക്കുന്നതെന്ന വിശ്വാസത്തിൽ "ജനകീയമുതലാളിത്തം" എന്ന പേരു നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടു്. അമേരിക്കൻസമ്പ്രദായം അപൂർവംപേർക്കു മാത്രമല്ല, ഫലത്തിലെല്ലാജനങ്ങൾക്കും ഗുണകരമാണെന്ന ധാരണ ഈ സംജ്ഞ ശരിക്കും ഉളവാക്കുന്നു എന്നാൽ, സാമാന്യവരുമാനമുള്ള ദശലക്ഷക്കണക്കിനു് അമേരിക്കക്കാർ കൂററൻ കോർപ്പറേഷനുകളുടെ ഓഹരിഉടമകളാണെന്ന വസ്തുത പരാമർശിക്കുന്നതിനും "ജനകീയമുതലാളിത്തം" എന്ന സംജ്ഞ ചിലപ്പോൾ ഉപയോഗിക്കപ്പെടുന്നുണ്ടു്. ശരിയാണു്. പക്ഷേ ഓഹരിഉടമസ്ഥതമാത്രം ജനങ്ങളെ, വാക്കിൻെറ പരമ്പരാഗതമായ അർത്ഥത്തിൽ, "മുതലാളി"മാരാക്കുന്നില്ല. മാത്രമല്ല, നാം കണ്ടതുപോലെ, അമേരിക്കൻസമാരംഭസമ്പ്രദായത്തിനു് "മുതലാളിത്ത"മെന്നു ചരിത്രപരമായി മുദ്രയടിക്കപ്പെട്ടിട്ടുള്ള സമ്പ്രദായവുമായി അത്രവളരെ സമാനതയുമില്ല. എന്തു പേരു തിരഞ്ഞെടുത്താലും, അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ പ്രധാനസവിശേഷതയെ, വ്യക്തിസ്വാതന്ത്ര്യത്തിൻെറയും സാമൂഹ്യോത്തരവാദിത്വത്തിൻെറയും വിശിഷ്ടസംയോഗത്തെ, കൃത്യമായി പ്രകാശിപ്പിക്കാൻ ആ പേരിനു കഴിയണം.

അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ പ്രധാന സവിശേഷതകൾ അമേരിക്കയ്ക്കു തനിപ്പെട്ടതാണെന്നു സൂചിപ്പിക്കാൻ ഞങ്ങൾ ഒരുതരത്തിലും ഉദ്ദേശിക്കുന്നില്ല. സ്വകാര്യസമാരംഭസമ്പദ്‌വ്യവസ്ഥകൾ അമേരിക്കയിലെന്നപോലെ പരിവർത്തനങ്ങൾക്കു വിധേയമായിത്തീർന്നിട്ടുള്ള മററു രാജ്യങ്ങളിൽ ആദ്യമായി രൂപംകൊണ്ടവയാണു്

അതിൻെറ പല പ്രധാന വിശേഷതകളും. ഈ ഒരു വിശേഷണ ത്തോടുകൂടിമാത്രം, ശരിയായി വിവരിക്കുന്ന ഒരു നാമധേയംലഭിക്കാൻ കഴിയാത്തതുകൊണ്ടു്, അമേരിക്കൻസമ്പ്രദായത്തെ "അമേരിക്കൻ ജനതയുടെ സമ്പദ്വ്യവസ്ഥ" എന്നു വിളിക്കാമെന്നു് ഞങ്ങൾ നിർദ്ദേശിക്കുന്നു.

## അമേരിക്കൻജനതയുടെ സമ്പദ്വ്യവസ്ഥ— അതു് കയററുമതിക്കുള്ളതാണോ?

അമേരിക്കൻജനതയുടെ സമ്പദ്വ്യവസ്ഥ, അതിൻെറ നേട്ടങ്ങളിലും സ്വന്തം അഭിവൃദ്ധികൾ അതു നേടുന്ന പ്രവൎത്തനരീതികളിലും ഗണ്യമായ അഭിമാനത്തോടുകൂടി ഞങ്ങൾ വിവരിക്കുകയുണ്ടായി. എന്നാൽ എന്താണു്, അങ്ങിനെ എന്തെങ്കിലുമുണ്ടെങ്കിൽ, മററു രാജ്യങ്ങൾക്കു് അമേരിക്കയുടെ ഈ അനുഭവത്തിൽനിന്നു പഠിക്കാനുള്ളതു്? അമേരിക്കൻസമ്പ്രദായം മുഴുവനായോ, ഭാഗികമായോ കയററുമതിക്കുള്ളതാണോ?

അമേരിക്കൻസമ്പ്രദായത്തിനു് സാൎവ്വജനീനവും തനിപ്പെട്ടതുമായ വിശേഷതകളുണ്ടു്. ഒരുവശത്തു്, മനുഷ്യരാശിയ്ക്കാകെ പൊതുവായ പല മൗലികമൂല്യങ്ങളും അഭിനിവേശങ്ങളും അതു പ്രകാശിപ്പിക്കുകയും ലോകത്തിൻെറ മറേറതുഭാഗത്തും പ്രയോഗത്തിലിരിക്കുന്നതോ പ്രയോഗയോഗ്യമോ ആയ സാമ്പത്തികരീതികൾ അതു ഉപയോഗിക്കുകയും ചെയ്യുന്നു. മറുവശത്തു്, ഈ മൂല്യങ്ങൾ മൂൎത്തരൂപം കൊള്ളുന്ന പ്രത്യേകസ്ഥാപനങ്ങളുടെ വളൎച്ചയിൽ, അവ ക്രമേണ രൂപംകൊണ്ടിട്ടുള്ള പാശ്ചാത്യസമൂഹത്തിൻെറ പ്രത്യേകസംസ്കാരങ്ങളും പാരമ്പൎയ്യങ്ങളും ഭൂമിശാസ്ത്രപരമായ ഒരു പ്രത്യേകസാഹചൎയ്യം നിർബന്ധപൂൎവ്വം നല്കുന്ന സാദ്ധ്യതകളും ഏൎപ്പെടുത്തുന്ന പരിമിതികളും വളരെയേറെ സ്വാധീനം ചെലുത്തിയിട്ടുണ്ടു്.

സ്വാതന്ത്ര്യം, നീതി, ക്ഷേമം എന്നിവയുടെ മൂല്യങ്ങൾ അമേരിക്കക്കാരെപ്പോലെ നേടാൻ ശ്രമിക്കുന്ന മററു രാഷ്ട്രങ്ങൾക്കു് ഈ ലക്ഷ്യങ്ങൾ നേടുന്നതിലേയ്ക്കു് അമേരിക്ക അനുവൎത്തിച്ച രീതികളുടെ പ്രത്യേകതകളായ പല മനോഭാവങ്ങളും സാങ്കേതികരീതികളും സ്വന്തം സാഹചൎയ്യങ്ങളിൽ ഉപയോഗിക്കാവുന്നതാണു്. ഉദാഹരണത്തിനു്, അമേരിക്കയിലെ വികേന്ദ്രീകൃതവും സ്വകാൎയ്യവുമായ തീരുമാനമെടുക്കൽരീതിയിൽനിന്നുണ്ടാകുന്ന ഉൾക്കാഴ്ചയ്ക്കും മുൻനിന്ന പ്രവൎത്തനത്തിനുമുള്ള സ്വാതന്ത്ര്യവും വൈവിദ്ധ്യവും പല രാജ്യങ്ങളും

വിലമതിക്കുന്നുണ്ട്. ജോലിയോടും തൊഴിലഭിമാനത്തോടും, പരിഷ്കരണത്തോടും വ്യവസായസ്ഥാപനത്തോടും, വർഗ്ഗവ്യത്യാസങ്ങളെന്നു പറയപ്പെടുന്നവയുണ്ടെങ്കിലും ഇല്ലെങ്കിലും പരസ്പരം സഹായിക്കുന്നതിനോടും സഹകരിക്കുന്നതിനോടും പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശമെന്ന നിലയിൽ പാരമ്പര്യസിദ്ധാന്തങ്ങളേക്കാൾ കൂടുതൽ അനുഭവത്തോടും അമേരിക്കക്കാർ പുലർത്തുന്ന മനോഭാവങ്ങൾ മററു രാജ്യങ്ങൾക്കു യോജിച്ചവയും വ്യത്യസ്തതോതുകളിൽ അവയുക്കുതന്നെയുള്ള വിശേഷതകളുമാണ്. അതുപോലെതന്നെ, അമേരിക്കൻ ഉല്പാദനരീതികളും മേലന്വേഷണരീതികളും, അവ കാര്യക്ഷമമാണെന്നതുകൊണ്ട്, സാമ്പത്തികഘടനയുടെ അനേകം വിവിധരൂപങ്ങളിൽ ലോകമാകെ വ്യാപിച്ചുവരുന്നുണ്ട്.

അമേരിക്കയുടെ അനുഭവത്തിന് മററു രാജ്യങ്ങൾക്ക് രണ്ടുതരത്തിൽ വമ്പിച്ച പ്രാധാന്യമുണ്ട്:

1) നിശ്ചലമായ ദേശീയവരുമാനത്തെ പുനർവിതരണംചെയ്യുന്നതിനുള്ള, അധികവും നിഷ്ഫലമായ ശ്രമങ്ങൾക്കെതിരെ, സതതമായ സാമ്പത്തികവളർച്ച് എല്ലാ ജനങ്ങളുടേയും സാമ്പത്തികക്ഷേമം വർദ്ധിപ്പിക്കുന്നതിനും സമൂഹത്തിൽ ഉയർന്നതോതിൽ സാമൂഹ്യനീതി നേടുന്നതിനും ആവശ്യമായ സാഹചര്യങ്ങൾ നൽകുന്നുണ്ടെന്ന് അമേരിക്കൻഅനുഭവം വ്യക്തമാക്കുന്നു.

2) വ്യക്തിസ്വാതന്ത്ര്യം, മുൻനിന്ന പ്രവർത്തനം, സ്വന്തമായ ഉത്തരവാദിത്വം എന്നിവ ബലികഴിക്കാതെതന്നെ ഗണ്യമായ സാമ്പത്തികവളർച്ച് സാധിക്കാമെന്ന് അതു വ്യക്തമാക്കുന്നു.

സാമ്പത്തികക്ഷേമം, സാമൂഹ്യനീതി, വ്യക്തിസ്വാതന്ത്ര്യം എന്നീ ഭാഗികമായി പരസ്പരവിരുദ്ധമായ മൂന്നു മാനുഷികാദർശങ്ങളെ ചരിത്രത്തിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നവിധം അമേരിക്കൻ സമൂഹം ഫലത്തിൽ അനുരഞ്ജിപ്പിച്ചുകൊണ്ടാണിരിക്കുന്നത്. ഈ അനുരഞ്ജനം ഒരിക്കലും പൂർണ്ണമാവുകയില്ല. പക്ഷേ മററെല്ലാ രാജ്യങ്ങളിലും സാധിച്ചിട്ടുള്ളതിലുപരി അമേരിക്ക ഇക്കാര്യത്തിൽ മുന്നോട്ടു പോയിട്ടുണ്ട്. ഭാവിയിൽ ഇനിയും പുരോഗമിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്യുന്നുണ്ട്. ഇത്രയും ഗണ്യമായ ഒരനുരഞ്ജനം സാധിക്കാമെന്നുള്ള വസ്തുത തീർച്ചയായും മനുഷ്യരാശിക്കാകെ മഹത്തായ പ്രാധാന്യമുള്ള ഒരു സന്ദേശമാണ്. വ്യത്യസ്തസാംസ്കാരിക-സാഹചര്യപരിമിതികളും സാദ്ധ്യതകളുമുള്ള രാജ്യങ്ങളിൽ സ്വകാര്യസമാരംഭത്തിൻെറ ചില പ്രത്യേക അമേരിക്കൻസ്ഥാപനരൂപങ്ങൾ സ്വന്തം പാരമ്പര്യ

ങ്ങൾക്കു ചേർന്നതല്ലെന്നോ നിലവിലുള്ള സാഹചര്യങ്ങൾക്ക് അസംഗതമാണെന്നോ വരാം. പാശ്ചാത്യസാംസ്കാരികപാരമ്പര്യത്തിൽ വളരെ ഉയർന്നതോതിൽ വ്യവസായവൽക്കരിക്കപ്പെട്ടിട്ടുള്ള ഒരു രാജ്യത്തും, തികച്ചും വ്യത്യസ്തമായ സാംസ്കാരികപശ്ചാത്തലമുള്ള, കാർഷികപ്രധാനമായ മറെറാരു രാജ്യത്തും നീതീകരിക്കാവുന്ന സാമ്പത്തികസംഘടനകൾ തമ്മിലുള്ള വ്യത്യാസങ്ങളേവയെന്നു വിവരിക്കാൻ ഈ ലഘുറിപ്പോർട്ടിൽ സാദ്ധ്യമല്ല. ഇതിനുപുറമേ, അതിവേഗം വികസിച്ചുവരുന്ന ജനസംഖ്യാനിരക്കുകളും ഉയരുന്ന സാമ്പത്തികപ്രതീക്ഷകളും മൂലം വളരെ ജനസാന്ദ്രവും, എന്നാൽ അപര്യാപ്തമായിമാത്രം സാമ്പത്തികവികാസം നേടിയിട്ടുള്ളവയുമായ ചില രാജ്യങ്ങളിൽ അമേരിക്ക ഒരു നൂററാണ്ടുകൊണ്ടു നേടിയയത്രയും സാമ്പത്തികപുരോഗതിയും വികാസവും ഏതാനും ദശകങ്ങൾക്കകംതന്നെ നേടാൻ ശ്രമിക്കേണ്ടതായ സാഹചര്യങ്ങളാണുള്ളത്. അത്തരം സാഹചര്യങ്ങളിൽ ഈ രാജ്യങ്ങളിലെ ഗവമ്മെൻറുകൾ സാമ്പത്തികവികസനകാര്യത്തിൽ അമേരിക്കൻഗവമ്മെൻറടുത്തതിനേക്കാൾ കൂടുതൽ മുൻനിന്നു പ്രവത്തനവും ചുമതലയും സ്വയം ഏറെറടുക്കാനിടയുണ്ട്.

അങ്ങിനെ, മററു രാജ്യങ്ങളുടെ ആവശ്യങ്ങൾക്കും കഴിവുകൾക്കും അനുയോജ്യമായവയും അല്ലാത്തവയുമായ അമേരിക്കൻസമ്പ്രദായത്തിൻെറ വിശേഷതകൾ തിരിച്ചറിയേണ്ടതു് ഒരു പ്രധാനസംഗതിയാണ്. അമേരിക്കൻസമ്പ്രദായത്തിൻെറ "കയററുമതിസാദ്ധ്യത"യെക്കുറിച്ച് അമേരിക്കയ്ക്കകത്തും പുറത്തുമുള്ള തെററിദ്ധാരണകൾക്ക് അധികവും കാരണം ഇങ്ങിനെ വേർതിരിച്ചുകാണാതിരിക്കുന്നതാണ്. അമേരിക്കൻസമ്പദ്‌വ്യവസ്ഥയുടെ പ്രത്യേകമായ സ്ഥാപനരൂപങ്ങളും അതിൻെറ മനോഭാവങ്ങളും പ്രവത്തനരീതികളും അപ്പാടെ സ്വീകരിച്ചാൽമാത്രമേ മററു രാജ്യങ്ങൾക്ക് ഗണ്യമായി സാമ്പത്തികപുരോഗതി നേടാനാവുകയുള്ളുവെന്നു ശഠിക്കുന്ന ചില അമേരിക്കക്കാരുണ്ട്. നേരേ മറിച്ച്, തങ്ങളുടെ വളരെ വ്യത്യസ്തമായ സംസ്കാരങ്ങൾക്കും പാരമ്പര്യങ്ങൾക്കും അമേരിക്കയുടെ അനുഭവത്തിലെ ഒന്നുംതന്നെ അനുയോജ്യമല്ലെന്നു വാദിക്കുന്ന ഏഷ്യക്കാരും ആഫ്രിക്കക്കാരുമുണ്ട്. ഈ രണ്ട് അഭിപ്രായങ്ങളും ഒരുപോലെ തെററാണ്. കാരണം, മനുഷ്യരാശിയുടെ പുരോഗതിക്കും ക്ഷേമത്തിനുംവേണ്ടി ഈ ശതകത്തിൽ അമേരിക്കൻജനത നൽകിക്കൊണ്ടിരിക്കുന്ന സംഭാവന അധികവും, സ്വാതന്ത്ര്യവും വ്യക്തിത്വവും ബലികഴിക്കാതെതന്നെ ഉയർന്ന ഉല്പാദനക്ഷമതയും ജീവിതനിലവാരങ്ങളും നേടുന്നതിനുവേണ്ടി വളത്തിയെടുത്തിട്ടുള്ള മനോഭാവങ്ങളുടേയും രീതികളുടേയും അതിപ്രധാനമായ സംയോഗമാണ്.

സോവിയററുയൂണിയനിൽ കമ്മ്യൂണിസ്ററുസവ്വാധിപത്യവും ഗണ്യമായി സത്വരമായ സാമ്പത്തികവികാസവും മൂലധനരൂപീകരണത്തിൽ ഉയൻന്ന നിരക്കും അതിവേഗത്തിലുള്ള സാങ്കേതികപുരോഗതിയും നേടിയിട്ടുണ്ടെന്നുള്ളതും മററു കമ്മ്യൂണിസ്ററുരാജ്യങ്ങളിലും അന്തിമമായി അങ്ങിനെ സംഭവിച്ചേക്കാമെന്നുള്ളതും ശരിയാണു്. പക്ഷേ രാഷ്ട്രീയവും വ്യക്തിപരവുമായ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തിക്കൊണ്ടും ഉല്പാദനവിഭവങ്ങഠം, ജനങ്ങളുടെ ക്ഷേമത്തെ അവഗണിച്ചുകൊണ്ടു് ആയുധങ്ങഠംക്കും വ്യവസായവൽക്കരണത്തിനുംവേണ്ടി നിർബ്ബന്ധമായി ഉപയോഗിച്ചുകൊണ്ടുമാണു് സോവിയററുയൂണിയൻ ഈ പുരോഗതി നേടിയിട്ടുള്ളതു്. ഭീകരതയുടേയും അനീതിയുടേയും മാർഗ്ഗങ്ങഠം ആശ്രയിക്കാതെതന്നെ, പുരോഗമിച്ച വ്യവസായവൽകൃതരാഷ്ട്രങ്ങളിൽ മാത്രമല്ല, എല്ലാ രാജ്യങ്ങളിലും സമീകൃതമായ സാമ്പത്തികവളച്ച് നേടാൻകഴിയുമെന്നാണു് ഞങ്ങളുടെ ബോദ്ധ്യം.

---

അമേരിക്കൻ ചരിത്രത്തിലുടനീളം എല്ലാതരം വ്യതിയാനങ്ങളിലും ആവത്തിച്ചുവരുന്ന ഏതെങ്കിലും ഒരു മൂലതന്തുവുണ്ടെങ്കിൽ അതു്, സാമ്പത്തികപുരോഗതിസംബന്ധിച്ചുള്ള ഹാമിൽട്ടന്റെ ആശയത്തെ വ്യക്തികളുടെ സ്വാശ്രയശീലത്തെക്കുറിച്ചുള്ള ജഫേഴ്സന്റെ ആദശ്വുമായി അനുരഞ്ജിപ്പിക്കേണ്ടതിന്റെ ആവശ്യകതയാണു്.

സാമ്പത്തികപുരോഗതി എല്ലാ പ്രതീക്ഷകഠംക്കുമുപരി ആജ്ജിക്കപ്പെട്ടിട്ടുണ്ടു്. വരുമാനസമ്പത്തുക്കളിലും വ്യവസായശാലകളിലും യന്ത്രോപകരണങ്ങളിലും എല്ലാവക്കും കാണത്തക്കവിധം വദ്ധനവുണ്ടായിട്ടുണ്ടു്. മുൻകാലങ്ങളിലേയും മററു രാജ്യങ്ങളിലേയും വരുമാനവും സമ്പത്തുമായി അവ താരതമ്യം ചെയ്യാവുന്നതുമാണു്. ഈ പ്രക്രിയയിൽ ജെഫേഴ്സന്റെ സ്വാശ്രയശീലംസംബന്ധിച്ച ആദശം നഷ്ടപ്പെട്ടിട്ടുണ്ടോ, അതോ നിലനിത്തപ്പെട്ടുവരുന്നുവോ എന്നതു് സ്ഥിതിവിവരക്കണക്കുകഠംകൊണ്ടു് സ്ഥാപിക്കാൻ സാദ്ധ്യമല്ല. എങ്കിലും വ്യവസായം, ഗതാഗതം, മൂലധനം എന്നീ രംഗങ്ങളിൽ വലിയ കോപ്പ്ചറേഷനുകഠംക്കു് അമിതമായ പ്രാധാന്യമുണ്ടാകുമെന്ന ഭയം ഇല്ലാതാക്കുന്നതിനും കൃഷിയും ചെറുകിടബിസിനസ്സും സംരക്ഷിക്കുന്നതിനും സുശക്തമായ പ്രസ്ഥാനങ്ങഠം തുടച്ചയായി ഉയൻവന്നിട്ടുണ്ടെന്നു് നാം കാണുകയുണ്ടായി. ഈ പ്രസ്ഥാനങ്ങഠം അമേരിക്കയുടെ നിയമനിമ്മാണരംഗത്തു് കട്ടത്ത പ്രത്യാഘാതം ഉണ്ടാക്കിയിട്ടുണ്ടു്. ഒരുപക്ഷേ അതിലും വലിയ, അന്തിമമായി കൂടുതൽ ഫലപ്രദമായ പ്രത്യാഘാതം "പൊതുജന"ങ്ങളിലും ബിസിനസ്സുകാർ,

തൊഴിലാളികൾ, കഷകർ, ഗവമ്മെൻറ് എന്നീ വിഭാഗങ്ങളുടെ നില വിലുള്ള മനോഭാവങ്ങളിലും ഉണ്ടാക്കിയിട്ടുമുണ്ട്. നമ്മുടെ വ്യാവസായികസമൂഹത്തിൽപ്പോലും സ്വന്തമായ ഉത്തരവാദിത്വവും സ്വാശ്രയശീലവും സംബന്ധിച്ചുള്ള ജെഫേഴ്സൻെറ ആദശ്ങ്ങൾ ശരിക്കും സജീവമാണു്.

ജെഫേഴ്സനെ സംബന്ധിച്ചേടത്തോളം അമേരിക്കയുടെ അന്തസ്സത്തയായിരുന്ന ഈ മനോഭാവം കുടുംബകൃഷിത്തോട്ടത്തിലും കൈവേലക്കാരുടെ പണിപ്പുരയിലും മാത്രമേ നിലനില്ക്കുകയുള്ളുവെന്ന വിശ്വസിച്ചതിൽ അദ്ദേഹത്തിനു തെററുപററിയിട്ടുണ്ട്. "സ്വന്തം വീട്ടിൽ അധിപനെ"ന്ന പരിപൂണ്ണമായ തൻെറ അവകാശത്തിൽ വ്യവസായി ഉറച്ചുനിന്നിരുന്ന കാലത്തു്, വിയപ്പൊഴുക്കുന്ന അദ്ധ്വാനവും സാമ്പത്തികഅരക്ഷിതത്വവും ശോചനീയമായ ഭവനസൗകര്യങ്ങളും കുടുംബജീവിതത്തിനു് അവയ്ക്കുള്ളതായ എല്ലാ ചീത്തവശങ്ങളോടുംകൂടി വ്യവസായത്തിലടങ്ങിയിരുന്ന ഒരുകാലത്തു്, പരസ്പര ബഹുമാനത്തിൻേറതായ ഒരു മനോഭാവത്തിനു് വ്യവസായശാലകളിൽ വളരാൻ കഴിയുമായിരുന്നില്ല. ആ കാലം കഴിഞ്ഞുപോയി. ആധുനികസാങ്കേതികത്വവും തൊഴിൽ-ജീവിതസാഹചര്യങ്ങളും തൊഴിലാളികളുടെ നിലനില്പിനു് വളരെക്കൂടുതൽ സഹായകരമാണെന്നു മാത്രമല്ല, തൊഴിലാളികൾ സമൂഹത്തിലവക്കിന്നുള്ള പദവിയിൽ അഭിമാനംകൊള്ളുകയും മററു ഗ്രൂപ്പുകളിൽനിന്നു് ആദരവാജ്ജിക്കുകയും ചെയ്യുന്നുമുണ്ട്.

എന്നാൽ ഇന്നു് ഊജ്ജിതത്തിലിരിക്കുന്ന ജെഫേഴ്സൻമനോഭാവം നാഗരിക-വ്യാവസായികയുഗത്തിൻെറ ഭാവിപുരോഗതികളെ സ്വയമേവ അതിജീവിക്കുമെന്നുള്ളതിനു് യാതൊരു ഉറപ്പുമില്ല. പരസ്പരബഹുമാനത്തോടെ പെരുമാറുന്ന മാനേജർമാരിലും തൊഴിലാളികളിലും ഈ മനോഭാവം പുലരുമെന്നു് ഇന്നത്തെ നേട്ടങ്ങൾ തെളിയിച്ചിട്ടുണ്ട്. തങ്ങളുടെ കടമ ഭരണമല്ല, എല്ലാ ജനങ്ങളുടെയും പൊതുവായ നന്മ പരിസേവിക്കുകയാണെന്നു് ബോദ്ധ്യമങ്കുരിച്ചിട്ടുള്ള ഗവമ്മെൻറുദ്യോഗസ്ഥന്മാരിലും ഈ മനോഭാവം തീച്ചയായും പുലരുന്നുണ്ട്. അങ്ങിനെ, സ്വാശ്രയശീലമുള്ള വ്യക്തികൾക്കു് വികസിക്കാനുള്ള സകല സൗകര്യങ്ങളും നൽകുന്ന ജീവത്തായ ജനാധിപത്യം വ്യവസായസമൂഹത്തിൻെറ ആസന്നമായ ഘട്ടത്തെ അതിജീവിക്കുക മാത്രമല്ല, കൂടുതൽ ശക്തിപ്രാപിക്കുകയും ചെയ്യുന്നതിനു്—വേണ്ടത്ര ഉറപ്പില്ലെങ്കിൽക്കൂടി—നല്ല സാദ്ധ്യതയാണുള്ളതു്.

അമേരിക്കൻസമൂഹത്തിൻെറ മുൻകാലത്തേയും ഇപ്പോഴത്തേയും നേട്ടങ്ങൾ ജനങ്ങളുടെ യുക്തിപൂവ്കവും പ്രവത്തനനിരതവും

ശുഭാപ്തിവിശ്വാസപൂർണ്ണവുമായ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. ഈ ഗുണങ്ങൾ അമേരിക്കയുടെ ഭാവിസംബന്ധിച്ച് മഹത്തായ വാഗ്ദാനങ്ങൾ ഉൾക്കൊള്ളുന്നവയാണെങ്കിലും അവ തെററായി ഉപയോഗിക്കപ്പെടാവുന്നവയുമാണ്. ഒരുവശത്ത് പ്രാചീനമായ പ്രതീക്ഷകൾ, അതായത് വ്യക്തിപരവും സാമൂഹ്യവുമായ എല്ലാ പ്രശ്നങ്ങളും മനുഷ്യന്റെ യുക്തി ഉപയോഗിച്ചും "സാമൂഹ്യയന്ത്രശാസ്ത്ര"മുപയോഗിച്ചും (Social Engineering) ഉടനെതന്നെ പരിഹരിക്കപ്പെടാവുന്നവ മാത്രമാണെന്ന മിഥ്യാബോധം, ഉണ്ടാകാവുന്നതാണ്. എന്നാൽ മറുവശത്ത്, ഇന്ന് ആർജ്ജിക്കാൻകഴിഞ്ഞിട്ടുള്ള നേട്ടങ്ങളുടെപേരിൽ കൂടുതൽ പരിഷ്കാരങ്ങൾക്കും അഭിവൃദ്ധികൾക്കുമുള്ള ആവശ്യത്തിനുനേരേ അമേരിക്കക്കാരെ കുരുടന്മാരാക്കാൻ കഴിവുള്ള അലംഭാവവും ആത്മസംതൃപ്തിയും ഉണ്ടാകാവുന്നതുമാണ്. ഇവയിലേതെങ്കിലും അത്യന്തികമനോഭാവം അമേരിക്കക്കാർ സ്വീകരിക്കുന്നതു് ആത്മഹത്യാപരമായിരിക്കും.

ഈ രണ്ടു മനോഭാവകോടികളും ഒഴിവാക്കപ്പെടാവുന്നവയാണെന്ന വസ്തുത മനുഷ്യന്റെയും സമൂഹത്തിന്റെയും സ്വഭാവത്തേയും കഴിവുകളേയുംകുറിച്ച് പുതിയതും കൂടുതൽ അഗാധവുമായ ആശയങ്ങൾക്ക് കഴിഞ്ഞ രണ്ടു ദശകങ്ങളിലുണ്ടായിട്ടുള്ള വളർച്ച സാക്ഷ്യം വഹിക്കുന്നുണ്ട്. മനുഷ്യയുക്തി വളരെ ശക്തിയുള്ളതാണെങ്കിലും സർവ്വശക്തമല്ലെന്നും മനുഷ്യപ്രകൃതിക്ക് നന്മയ്ക്കുമാത്രമല്ല, തിന്മയ്ക്കും അതിരററ കഴിവുകളുണ്ടെന്നും പരമമായ ഔൽകൃഷ്ട്യംനേടാൻ കഴിഞ്ഞില്ലെങ്കിൽക്കൂടി സാമൂഹ്യപുരോഗതി സാദ്ധ്യമാണെന്നും ഈ ആശയങ്ങൾ അംഗീകരിക്കുന്നുണ്ട്. പൂർണ്ണവും അത്യന്തികവുമായ വിജയത്തിനു സാദ്ധ്യതയില്ലെങ്കിലും ലക്ഷ്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കാനുള്ള ധൈര്യത്തിലാണ് വ്യക്തിസ്വാതന്ത്ര്യത്തിന്റെ തുടർന്നുള്ള നിലനില്പിനും മാനുഷികക്ഷേമത്തിന്റെ വർദ്ധനവിനും ഏററവും ഉത്തമമായ ഉറപ്പുകൾ കാണുന്നതു്.

# അനുബന്ധപട്ടിക

## അനുബന്ധം പട്ടിക - 1

### സാമ്പത്തികവളർച്ചയുടെ സൂചകങ്ങൾ, 1929 - 1960
(1960-ലെ ഡോളർവിലനിരക്കുകളിൽ)

| കൊല്ലം | മൊത്തം ദേശീയോല്പന്നം (100കോടി) | സൈനികേതര തൊഴിൽ (10ലക്ഷം) | ജോലിയുള്ള ഒരു തൊഴിലാളിയുടെ മൊത്തംദേശീയോല്പന്നം | സ്വകാര്യ ഉപഭോഗച്ചിലവുകൾ (100കോടി) | ജനസംഖ്യ (10ലക്ഷം) | ആളോഹരി ഉപഭോഗച്ചിലവുകൾ |
|---|---|---|---|---|---|---|
| 1929 | 207·1 | 47·6 | 4351 | 141·3 | 121·9 | 1159 |
| 1930 | 187·6 | 45·5 | 4123 | 132·9 | 123·2 | 1079 |
| 1931 | 173·4 | 42·4 | 4091 | 128·8 | 124·1 | 1037 |
| 1932 | 147·5 | 38·9 | 3792 | 117·2 | 124·9 | 938 |
| 1933 | 144·1 | 38·8 | 3714 | 114·4 | 125·7 | 910 |
| 1934 | 158·0 | 40·9 | 3866 | 120·3 | 126·5 | 951 |
| 1935 | 173·2 | 42·3 | 4095 | 127·7 | 127·4 | 1003 |
| 1936 | 197·9 | 44·4 | 4457 | 140·6 | 128·2 | 1097 |
| 1937 | 208·2 | 46·3 | 4497 | 145·6 | 129·0 | 1129 |
| 1938 | 198·8 | 44·2 | 4498 | 143·1 | 130·0 | 1101 |
| 1939 | 215·2 | 45·8 | 4699 | 151·1 | 131·0 | 1153 |
| 1940 | 233·8 | 47·5 | 4922 | 159·2 | 132·1 | 1205 |
| 1941 | 272·6 | 50·4 | 5409 | 169·7 | 133·4 | 1272 |
| 1942 | 311·4 | 53·8 | 5788 | 166·1 | 134·9 | 1232 |
| 1943 | 350·8 | 54·5 | 6437 | 170·5 | 136·7 | 1247 |
| 1944 | 376·3 | 54·0 | 6969 | 176·6 | 138·4 | 1276 |
| 1945 | 369·1 | 52·8 | 6991 | 188·9 | 139·9 | 1350 |
| 1946 | 321·7 | 55·3 | 5817 | 211·6 | 141·4 | 1497 |
| 1947 | 321·1 | 57·8 | 5555 | 215·3 | 144·1 | 1494 |
| 1948 | 333·6 | 59·1 | 5645 | 219·4 | 146·6 | 1496 |
| 1949 | 334·2 | 58·4 | 5723 | 225·0 | 149·2 | 1508 |
| 1950 | 362·3 | 59·7 | 6069 | 238·7 | 151·7 | 1574 |
| 1951 | 392·0 | 60·8 | 6447 | 240·8 | 154·4 | 1560 |
| 1952 | 406·8 | 61·0 | 6669 | 247·0 | 157·0 | 1573 |
| 1953 | 425·5 | 61·9 | 6874 | 258·9 | 159·6 | 1622 |
| 1954 | 416·8 | 60·9 | 6844 | 262·3 | 162·4 | 1615 |
| 1955 | 449·7 | 62·9 | 7149 | 282·0 | 165·3 | 1706 |
| 1956 | 459·2 | 64·7 | 7097 | 291·3 | 168·2 | 1732 |
| 1957 | 467·8 | 65·0 | 7197 | 299·1 | 171·2 | 1747 |
| 1958 | 459·7 | 64·0 | 7183 | 301·0 | 174·1 | 1735 |
| 1959 | 490·6 | 65·6 | 7479 | 319·3 | 177·1 | 1803 |
| 1960 | 504·4 | 66·7[1] | 7562 | 328·9 | 180·7 | 1820 |

1 അലാസ്കയും ഹാവായിയും ഉൾപ്പെടെ (അലാസ്കയും ഹാവായിയും കൂടാതെ 66·4)

*Sources: Economic Indicators, 1957 Historical Supplement*, Joint Economic Committee, Washington, D. C. 1957; U. S. Department of Commerce, Office of Business Economics; *Economic Report of the President*, January 1961; *Economic Indicators*, July 1961.

അനുബന്ധം പട്ടിക - 2

## സ്വതന്ത്രലോകത്തിന്റെ മൊത്തം ദേശീയോല്പന്ന മതിപ്പുകൾ—സംക്ഷിപ്തരൂപം

(കലണ്ടർവർഷം 1959 - നിലവിലുള്ള കമ്പോളനിരക്കുകളിൽ ഡോളർ അടിസ്ഥാനത്തിൽ)

| | മൊത്തം ദേശീയോല്പന്നം (ദശലക്ഷക്കണക്കിൽ ഡോളർ) | ആളോഹരി ദേശീയോല്പന്നം[1] (ഡോളർ) | 1959 മദ്ധ്യത്തിലെ ജനസംഖ്യ (ദശലക്ഷക്കണക്കിൽ) |
|---|---|---|---|
| പശ്ചിമയൂറോപ്പ് (ഗ്രീസും ടർക്കിയും ഉൾപ്പെടെ) | 293758 | 838 | 350.7 |
| ആഫ്രിക്ക (യു. എ. ആർ - ഈജിപ്റ്റ് പ്രദേശമൊഴികെ) | 27607 | 125 | 221.0 |
| സമീപപൂർവ്വദേശം (ഗ്രീസും ടർക്കിയും ഒഴികെയും യു. എ. ആർ. ഉൾപ്പെടെയും) | 13997 | 188 | 74.5 |
| ദക്ഷിണേഷ്യ | 38947 | 72 | 541.3 |
| വിദൂരപൂർവ്വദേശം | 54425 | 167 | 326.0 |
| ഓഷ്യാനിയ | 18250 | 1200 | 15.2 |
| ലാററിൻഅമേരിക്ക (20 റിപ്പബ്ലിക്കുകളും പ്രദേശങ്ങളുമടക്കം) | 56531 | 285 | 198.6 |
| അമേരിക്ക | | | |
| വൻകര സ്റ്റേററുകൾ | 482100 | 2722 | 177.1 |
| മററു സ്റ്റേററുകൾ | 3856 | 1205 | 3.2 |
| കനഡ | 34593 | 1983 | 17.4 |
| വടക്കേഅമേരിക്കയിലെ മററു പ്രദേശങ്ങൾ | 13 | 371 | [2] |
| ആകെ | 1024077 | 532 | 1925.0 |

കുറിപ്പ്: ദേശീയകറൻസികൾ മിക്കവാറും ഔദ്യോഗികകൈമാററനിരക്കനുസരിച്ച് അമേരിക്കൻഡോളർ ആക്കി മാററിയിട്ടുണ്ട്. ഔദ്യോഗികകൈമാററനിരക്കുകൾ പ്രയോഗിക്കാൻ പററാതിരുന്നിട്ടുള്ളവയെ സംബന്ധിച്ചിടത്തോളം ഫലപ്രദമായ നിരക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. രാജ്യങ്ങൾതോറും ഡോളറിന്റെ ക്രയശേഷിയിലുള്ള ഗണ്യമായ വ്യത്യാസങ്ങൾ പട്ടികയിലെ കണക്കുകൾ പ്രതിഫലിപ്പിക്കുന്നില്ല. ക്രയശേഷിയിലുള്ള അതുല്യതകൾ കാരണം രാജ്യങ്ങൾ തമ്മിൽ മൊത്തം ദേശീയോല്പന്നം താരതമ്യപ്പെടുത്തുന്നതിന്ന് പരിമിതികളുണ്ട്. ക്രയശേഷിയിലുള്ള അതുല്യതയുടെ കാര്യത്തിൽ ഈ പട്ടികയിൽ നീക്കുപോക്കുകൾ വരുത്തിയിട്ടില്ല.

[1] ചില രാജ്യങ്ങളുടെ ആളോഹരി ദേശീയോല്പന്നം "ആയിരം" കണക്കിലുള്ള ജനസംഖ്യയിൽനിന്നാണ് കണക്കാക്കിയിട്ടുള്ളത്. പട്ടികയിൽ കാണിച്ചിരിക്കുന്ന "മുഴുതുക"കളുടെ അടിസ്ഥാനത്തിലല്ല.

[2] 100,000-ൽ താഴെ.

*Source:* **Office of Statistics and Reports, International Cooperation Administration, April 10, 1961.**

അനുബന്ധം പട്ടിക - 3

ചില തിരഞ്ഞെടുത്ത വഷങ്ങളിൽ "മനുഷ്യ-മണിക്കൂർ"തോറുമുള്ള ഉല്പാദനത്തിൻെറ സൂചിക, 1909-1959 1909=100.

| വർഷം | ആകെ | കൃഷിരംഗം | കാർഷികേതരരംഗം | ചരക്കുല്പാദനവ്യവസായങ്ങൾ |
|---|---|---|---|---|
| 1909 | 100.0 | 100.0 | 100.0 | 100.0 |
| 1919 | 112.8 | 104.8 | 114.0 | 115.0 |
| 1929 | 140.3 | 114.8 | 142.0 | 198.1 |
| 1938 | 171.7 | 138.9 | 176.5 | 232.5 |
| 1947-49 | 209.6 | 184.5 | 205.8 | 280.1 |
| 1956 | 263.9 | 252.0 | 253.9 | 356.0 |
| 1959 | 305.6 | 342.6 | 281.1 | 385.5 |

*Source:* U. S. Department of Labor, Bureau of Labor Statistics' Washington, D. C.

അനുബന്ധം പട്ടിക - 4

തിരഞ്ഞെടുത്ത ചില വ്യവസായങ്ങളിൽ "മനുഷ്യ-മണിക്കൂർ" ഉല്പാദനത്തിലെ ശരാശരി വാഷികവദ്ധനനിരക്ക് 1947-1959[1] (വാഷിക ശതമാനകണക്കിൽ)

| | |
|---|---|
| **ചരക്കുല്പാദനവ്യവസായം** | |
| കാനിങ്ങും സംരക്ഷണവും [2] | 4.2 |
| സിമൻറ് [2] | 4.5 |
| കളിമണ്ണുൽപന്നങ്ങൾ [2] | 2.2 |
| കടലാസും പൾപ്പും [2] | 3.7 |
| പ്രാഥമികമായ പാകപ്പെടുത്തലും ശുദ്ധീകരണവും (ചെമ്പ്, ഈയം, തുത്തനാകം) [2] | 4.0 |
| റയോണും കൃത്രിമനാരുകളും | 9.6 |
| ഉരുക്ക് | 3.0 |
| **ഖനനം** | |
| അൻഥ്റസൈററ് കൽക്കരി | 6.3 |
| ബിററുമിനസ് കൽക്കരി | 5.8 |
| ചെമ്പ് അയിര് | 2.8 |
| ഇരുമ്പ് (ഉപയോഗിക്കാവുന്ന അയിര്) | —.5 |
| **സേവനവ്യവസായം** | |
| റെയിൽറോഡ് ഗതാഗതം (റെവന്യൂ ഗതാഗതം) | 4.3 |
| ടെലഗ്രാഫ് [3] | —1.2 |

[1] മനുഷ്യ-മണിക്കൂർജോലിയുടെ ഭൗതികമായ അളവ്.
[2] 1947-1958.
[3] ശരാശരി ജീവനക്കാരൻെറ ഉൽപാദനം.

*Source:* U. S. Department of Labor, Bureau of Labor Statistics, *Iaberes of Output per Manhour for Selected Industries, 1929 to 1959*, Washington, D. C.

അനുബന്ധം പട്ടിക – 5

ഏററവും ഉയർന്ന 5 ശതമാനം അമേരിക്കൻ കുടുംബങ്ങൾക്കും വരുമാനസമ്പാദ്യക്കാർക്കും സ്വതന്ത്രമായി ഉപയോഗിക്കാവുന്ന വരുമാനം.

| | വരുമാന.സമ്പാദ്യക്കാർ | കുടുംബങ്ങൾ |
|---|---|---|
| 1914 | 32.0 | |
| 1920 | 24.0 | |
| 1929 | 33.8 | |
| 1939 | 26.8 | |
| 1950 | 15.8 | 19.2 |
| 1952 | 15.8 | 18.2 |
| 1958 | | 17.8 |
| 1959 | | 17.8 |

*Sources:* Warren J. Bilkey., "Equality of Income Distribution and Consumption Expenditures," *The Review of Economics*, February 1956, p. 84; U.S. Department of Commerce, *Survey of Current Business*, May 1961.

അനുബന്ധം പട്ടിക – 6

വ്യക്തികളുടെമേൽ ചുമത്തപ്പെടുന്ന കേന്ദ്ര ആദായനികുതികൾ വിധേയമാകുന്നതിനു മുമ്പും പിമ്പും ശരാശരി കുടുംബത്തിൻെറ വ്യക്തിവരുമാനവും ഒരു മുഴുവൻ-സമയതൊഴിലാളിയുടെ ശരാശരി വാർഷികസമ്പാദ്യങ്ങളും.

| | കുടുംബങ്ങളും "ഒററപ്പെട്ടുനിൽക്കുന്ന" വ്യക്തികളും (ദശലക്ഷക്കണക്കിൽ) | കുടുംബത്തിനും ഒററപ്പെട്ടുനിൽക്കുന്ന വ്യക്തികൾക്കും ശരാശരി വ്യക്തിവരുമാനം: നികുതിക്കുമുമ്പ് | | നികുതിക്കുശേഷം | | മുഴുവൻ-സമയതൊഴിലാളിയുടെ ശരാശരി വാർഷികസമ്പാദ്യങ്ങൾ |
|---|---|---|---|---|---|---|
| | | നിലവിലുള്ള ഡോളറിൽ | 1960-ലെ ഡോളറിൽ | നിലവിലുള്ള ഡോളറിൽ | 1960-ലെ ഡോളറിൽ | (നിലവിലുള്ള ഡോളറിൽ) |
| 1929 | 36.1 | 2340 | 4190 | 2320 | 4160 | 1405 |
| 1947 | 44.7 | 4130 | 5370 | 3720 | 4840 | 2589 |
| 1948 | 46.3 | 4350 | 5350 | 4010 | 4940 | 2795 |
| 1949 | 47.8 | 4170 | 5180 | 3860 | 4800 | 2851 |
| 1950 | 48.9 | 4440 | 5440 | 4070 | 4980 | 3008 |
| 1951 | 49.5 | 4900 | 5630 | 4420 | 5070 | 3231 |
| 1952 | 50.2 | 5120 | 5760 | 4570 | 5140 | 3414 |
| 1953 | 50.5 | 5390 | 6000 | 4810 | 5350 | 3587 |
| 1954 | 51.2 | 5360 | 5910 | 4840 | 5340 | 3670 |
| 1955 | 52.2 | 5640 | 6190 | 5090 | 5590 | 3847 |
| 1956 | 52.8 | 6010 | 6490 | 5400 | 5830 | 4036 |
| 1957 | 53.6 | 6240 | 6550 | 5610 | 5880 | 4205 |
| 1958 | 54.6 | 6290 | 6470 | 5670 | 5840 | 4347 |
| 1959 | 55.3 | 6610 | 6730 | 5930 | 6040 | 4553 |
| 1960 | 55.9 | 6900 | 6900 | 6170 | 6170 | 4734 |

*Source:* U. S. Department of Commerce, *Survey of Current Business*, May 1961.

## അനുബന്ധം പട്ടിക – 7

ചില തിരഞ്ഞെടുത്ത വ്യവസായങ്ങളിൽ ശരാശരി മണിക്കൂർ സമ്പാദ്യങ്ങൾ, 1939 - 1960.

| | മണിക്കൂർ സമ്പാദ്യം ഡോളറിൽ | | വർദ്ധനയുടെ സൂചിക. | |
|---|---|---|---|---|
| | 1939 | 1960[1] | 1939 | 1960[1] |
| കൃഷി[2] | 0.16 | 0.97 | 100 | 606 |
| തുണിമിൽ ഉല്പന്നങ്ങൾ | 0.46 | 1.62 | 100 | 352 |
| തടി, മരം ഉല്പന്നങ്ങൾ | 0.49 | 1.99 | 100 | 406 |
| ഫർണീച്ചറും ഫിക്സ്ചറുകളും (മേശ കസേരകൾ, വൈദ്യുതഏർപ്പാടുകൾ) | 0.52 | 1.88 | 100 | 361 |
| ചില്ലറ വ്യാപാരം | 0.54 | 1.78 | 100 | 330 |
| കടലാസും ബന്ധപ്പെട്ട ഉല്പന്നങ്ങളും | 0.59 | 2.32 | 100 | 393 |
| രാസപദാർത്ഥങ്ങളും ബന്ധപ്പെട്ട ഉല്പന്നങ്ങളും | 0.65 | 2.55 | 100 | 393 |
| യന്ത്രങ്ങൾ (വൈദ്യുതയന്ത്രങ്ങളൊഴികെ) | 0.75 | 2.60 | 100 | 347 |
| ടെലഫോൺ | 0.82 | 2.32 | 100 | 283 |
| ബിററുമിനസ് കല്ക്കരിഖനനം | 0.89 | 3.26 | 100 | 367 |
| മോട്ടോർവാഹനങ്ങൾ | 0.93 | 2.83 | 100 | 304 |
| ഉപഭോക്തൃവിലസൂചിക (1939=100) | | | 100 | 213 |

[1] പ്രാരംഭകണക്കുകൾ.

[2] ഭക്ഷണമോ താമസമുറിയോ ഇല്ലാതെ മണിക്കൂർതോറുമുള്ള ശരാശരികൂലിനിരക്ക്; ശരാശരി പ്രതിദിനക്കൂലിനിരക്കിനെ പ്രതിദിനം ജോലിചെയ്ത ശരാശരി മണിക്കൂറുകൾകൊണ്ടു ഹരിച്ചുകിട്ടിയതു്.

*Sources:* W. S. Woytinsky, *Employment and Wages in the United States*, The Twentieth Century Fund, New York, 1953, p. 459; Bureau of Labor Statistics; U. S. Department of Agriculture.

## അനുബന്ധം പട്ടിക – 8

### അഞ്ചു രാഷ്ട്രങ്ങളിൽ ഭക്ഷണപദാർത്ഥങ്ങൾ വാങ്ങുന്നതിന് ആവശ്യമായ ജോലിസമയം—മിനിട്ടുകളിൽ

| ചരക്ക് | അമേരിക്ക (ഒ: '58) | ഫ്രാൻസ് (പാരീസ്) (ഒ: '58) | ജർമ്മനി (ഒ: '58) | ഇററലി (ഒ: '58) | റഷ്യ[1] (മോസ്കോ) (ആ: 15, 1959) |
|---|---|---|---|---|---|
| ഗോതമ്പുമാവ് (റാത്തൽ) | 3 | 15 | 10 | 17 | ലഭിച്ചിട്ടില്ല |
| റൊട്ടി (റാത്തൽ) (വെള്ള) | 6 | 12 | 13 | 17 | 9 (റൈ) |
| മാംസം റാത്തൽ) (സിർലോയിൻ) | 29 | 153 | 62 | 166 | 82 റിസ്റോസ്റ്റ് |
| മത്സ്യം (റാത്തൽ) | 13 | 32 | 33 | 144 | ലഭ്യമല്ല |
| വെണ്ണ (റാത്തൽ) | 21 | 117 | 81 | 172 | 184 |
| പാൽ (ക്വാർട്ട്) | 7 | 15 | 10 | 23 | 31 |
| മുട്ട (ഡസൻ) | 12 | 108 | 72 | 120 | 144 |
| ആപ്പിൾ (റാത്തൽ) | 4 | 19 | 10 | 15 | ലഭിച്ചിട്ടില്ല |
| ഉരുളക്കിഴങ്ങ് (റാത്തൽ) | 1 | 5 | 2 | 6 | 12 (1961 ജനു:) |
| ഓളിയോ മാർഗരിൻ (റാത്തൽ) | 8 | 42 | 24 | 74 | ലഭിച്ചിട്ടില്ല |
| പഞ്ചസാര (റാത്തൽ) | 3 | 15 | 15 | 30 | 64 |

[1] സർക്കാർസ്റ്റോറുകളിലെ ഔദ്യോഗികനിരക്കുകൾ.

കുറിപ്പ്: ജനങ്ങളുടെ ഉപഭോഗഘടനയിലെ വിവിധ ഭക്ഷ്യപദാർത്ഥങ്ങൾക്കുള്ള പ്രാധാന്യത്തിലെ വ്യത്യാസങ്ങൾ ജീവിതനിലവാരത്തെ ഖണ്ഡിതമായി തിട്ടപ്പെടുത്തുന്നതിന് ഇത്തരം തുലനങ്ങൾക്കുള്ള വ്യാപ്തിയെ പരിമിതപ്പെടുത്തുന്നുണ്ടെന്ന വസ്തുത പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്.

*Sources:* For U. S., France, Germany, Italy: "Food Costs & Work Time, Here and Abroad," *Business Record*, National Industrial Conference Board, Inc., 1959. For U. S. S R.: "Purchasing Power of Workers in the U. S. S. R.," U. S. Department of Labor, *Monthly Labor Review*' April 1960.

അനുബന്ധം പട്ടിക - 9

## അമേരിക്കയിലെ വെള്ളക്കാരുടെ ഉല്പത്തിയും വംശവും, 1870-1950

| വർഷം | ആകെ | അമേരിക്കയിൽ ജനിച്ചവരും വിദേശത്തു ജനിച്ചവരും | | |
|---|---|---|---|---|
| | | മൊത്തം വിദേശീയർ | വിദേശത്തു ജനിച്ചവർ | വിദേശവംശജരും സങ്കരവംശജരും അമേരിക്കയിൽ ജനിച്ചവർ |
| | | (ആയിരക്കണക്കിൽ) | | |
| 1870 | 33589 | 10818 | 5494 | 5324 |
| 1880 | 43403 | 14835 | 6560 | 8275 |
| 1890 | 55101 | 20626 | 9122 | 11504 |
| 1900 | 66809 | 25860 | 10214 | 15646 |
| 1910 | 81732 | 32243 | 13346 | 18898 |
| 1920 | 94821 | 36399 | 13713 | 22686 |
| 1930 | 110287 | 39886 | 13983 | 25902 |
| 1940 | 118702 | 34577 | 11419 | 23158 |
| 1950 | 134942 | 33751 | 10161 | 23589 |
| | (വെള്ളക്കാരുടെ മൊത്തം ജനസംഖ്യയുടെ ശതമാനനിരക്കിൽ) | | | |
| 1870 | 100.0 | 32.2 | 16.4 | 15.9 |
| 1880 | 100.0 | 34.2 | 15.1 | 19.1 |
| 1890 | 100.0 | 37.4 | 16.6 | 20.9 |
| 1900 | 100.0 | 38.7 | 15.3 | 23.4 |
| 1910 | 100.0 | 39.5 | 16.3 | 23.1 |
| 1920 | 100.0 | 38.4 | 14.5 | 23.9 |
| 1930 | 100.0 | 36.2 | 12.7 | 23.5 |
| 1940 | 100.0 | 29.1 | 9.6 | 19.5 |
| 1950 | 100.0 | 25.0 | 7.5 | 17.5 |

*Sources:* U. S. Department of Commerce, *Historical Statistics of the United States, 1789-1945*, 1945 and *Statistical Abstract of the United States, 1957.*

അനുബന്ധം പട്ടിക – 10

വിദ്യാഭ്യാസനില

| രാജ്യം | അക്ഷരരാഹിത്യാ[1] സനിരക്ക് | സംഖ്യ[2] (ദശലക്ഷക്കണക്കിൽ) | 1957-1958 വരെ വിദ്യാർത്ഥികളായി ചേർന്നവർ: മൊത്തം ജനസംഖ്യയിലെ ശതമാനത്തോതു് | 1957-1958 വരെ വിദ്യാർത്ഥികളായി ചേർന്നവർ: 5-19 വയസ്സുള്ളവർക്കിടയിൽ ശതമാനത്തോതു് |
|---|---|---|---|---|
| അമേരിക്ക | 2(1960) | 43.2 | 24 | 88 |
| പശ്ചിമജർമ്മനി | 1-2(1950) | 9.8 | 19 | 72 |
| ജപ്പാൻ | 2(1950) | 21.8 | 23 | 72 |
| ബെൽജിയം | 3(1947) | 1.6 | 18 | 76 |
| ഗ്രീസ് | 26(1951) | 1.2 | 15 | 56 |
| ഫിലിപ്പൈൻസ് | 38(1948) | 4.4 | 18 | 51 |
| പോർച്ചുഗൽ | 42(1950) | 1.0 | 10 | 42 |
| ഇക്വഡോർ | 44(1950) | 0.56 | 14 | ലഭിച്ചിട്ടില്ല |
| തായ്‌ലണ്ട് | 46(1947) | 3.7 | 17 | 45 |
| ബ്രസീൽ | 51(1950) | 7.1 | 11 | 27 |
| ടർക്കി | 65(1950) | 2.6 | 10 | 28 |
| ഐക്യഅറബിറിപ്പബ്ലിക് (ഈജിപ്ത് പ്രദേശം) | 75(1947) | 2.8 | 11 | 33 |
| ഇൻഡ്യ | 82(1951) | 33.7 | 8.5 | ലഭിച്ചിട്ടില്ല |
| ഹെയ്തി | 89(1950) | .23 | 7 | 18 |
| നൈജീറിയ | 89(1950) | 2.7 | 8 | ലഭിച്ചിട്ടില്ല |

[1] 15-ഉം അതിൽക്കൂടുതലും വയസ്സു പ്രായമുള്ളവരുടെ ജനസംഖ്യയിൽ 10 വയസ്സും അതിൽ കൂടുതലും പ്രായമുള്ള, എഴുതാനും വായിക്കാനും അറിയാത്തവരുടെ സംഖ്യ, ശതമാനനിരക്കിൽ.

[2] പ്രീസ്കൂൾ, പ്രൈമറി, സെക്കണ്ടറി, ടെക്നിക്കൽ, ടീച്ചർ-ട്രെയിനിംഗ് എന്നിവയും ഉയർന്ന (സെക്കണ്ടറിക്കുമേൽ) ക്ലാസ്സുകളിലും ചേർന്ന വിദ്യാർത്ഥികളും ഇതിലുൾപ്പെടുന്നു.

*Sources:* "U. N. Statistical Year Book, 1960"; UNESCO, "World Illiteracy at Mid-Century", Paris 1957, and "Basic Facts and Figures: International Statistics Relating to Education, Culture and Mass Information", Paris, 1960; U. S. Department of Commerce, Bureau of the Census, 1961.

## അനുബന്ധം പട്ടിക - 11

### പണിമുടക്കുകൾമൂലം ഓരോ തൊഴിലാളിക്കും നഷ്ടപ്പെട്ട തൊഴിൽദിവസങ്ങൾ[1] (വാർഷികശരാശരി, 1950-1954)

| | | | |
|---|---|---|---|
| അമേരിക്ക[2] | 1.4 | കനഡ | .7 |
| ഫിൻലണ്ട് | 1.8 | ബൽജിയം | .6 |
| ന്യൂസിലണ്ട് | 1.2 | പശ്ചിമജർമ്മനി | .1 |
| ആസ്ട്രേലിയ | .9 | നോർവെ | .1 |
| ഇൻഡ്യ | .9 | സ്വീഡൻ | .1 |
| ഇററലി | .9 | ബ്രിട്ടൻ | .1 |
| ഫ്രാൻസ് | .8 | ഡെൻമാർക്ക് | [3] |
| അയർലണ്ട് | .8 | നെതർലണ്ട്സ് | [3] |
| ജപ്പാൻ | .8 | ദക്ഷിണാഫ്രിക്ക | [3] |

[1] ഖനനം, ചരക്കുല്പാദനം, ഭവനനിർമ്മാണം, ഗതാഗതം എന്നിവയെ സംബന്ധിച്ചുള്ളവ മാത്രമാണീ കണക്ക്.

[2] 1958 1960-ൽ അമേരിക്കയിൽ നഷ്ടപ്പെട്ട ശരാശരി തൊഴിൽദിവസം 1.0 ആയിരുന്നു.

[3] .05 താഴെമാത്രം.

*Sources:* "Industrial Disputes 1937-54," International Labour Review, July 1955; U. S. Department of Labor.

അനുബന്ധം പട്ടിക – 12

അമേരിക്കയിൽ നികുതി അടയ്ക്കുന്നതിനുമുമ്പ് സമർപ്പിക്കപ്പെടുന്ന കണക്കുകളുടെ ശരാശരി വാർഷികനിരക്ക് ആസ്തിവലിപ്പത്തിന്റെ അടിസ്ഥാനത്തിൽ ചരക്കുല്പാദനകോർപ്പൊറേഷനുകൾ (ലാഭങ്ങൾ ഓഹരിയുടമകളുടെ ഇക്വിററിയുടെ ശതമാനമെന്നനിലയിൽ.)

| വർഷം | കോർപ്പൊറേഷൻ ആസ്തികൾ 250000 ഡോളറിനു താഴെ | കോർപ്പൊറേഷൻ ആസ്തികൾ 250000-1000000[1] | കോർപ്പൊറേഷൻ ആസ്തികൾ 100 കോടിയും ഉപരിയും[2] |
|---|---|---|---|
| 1960 | ലഭിച്ചിട്ടില്ല | 11.9 | 17.6 |
| 1959 | ലഭിച്ചിട്ടില്ല | 15.5 | 18.3 |
| 1958 | 8.3 | 11.4 | 16.3 |
| 1957 | 14.6 | 14.9 | 19.5 |
| 1956 | 19.9 | 19.4 | 22.0 |
| 1955 | 10.6 | 16.3 | 25.9 |
| 1954 | 7.8 | 12.5 | 20.7 |
| 1953 | 13.2 | 16.1 | 24.5 |
| 1952 | 17.0 | 12.8 | 23.0 |
| 1951 | 17.3 | 22.0 | 28.8 |
| 1950 | 16.7 | 22.9 | 28.6 |
| 1949 | 9.7 | 14.2 | 20.3 |
| 1948 | 16.1 | 23.5 | 24.7 |

1 1959-നുശേഷം, 10 ലക്ഷം ഡോളറിനു താഴെ ആസ്തിയുള്ള എല്ലാ കോർപ്പൊറേഷനുകളും ഈ വിഭാഗത്തിലുൾപ്പെടുന്നു.

2 1957 നുമുമ്പ്, 10 കോടി ഡോളറും അതിലുപരിയും ആസ്തിയുള്ള എല്ലാ കോർപ്പൊറേഷനുകളുടെയും കണക്കാണിത്.

*Sources:* Federal Trade Commission and Securities and Exchange Commission, Quarterly Financial Report for Manufacturing Corporations (for the years 1948-1960), Washington, D. C.

അനുബന്ധം പട്ടിക – 13

ശാസ്ത്രത്തിന്റെയും സാങ്കേതികരീതികളുടെയും വളർച്ച.

| വർഷം | സൈനികേതര തൊഴിൽസേന (ആയിരക്കണക്കിൽ) | ശാസ്ത്രജ്ഞന്മാരും എഞ്ചിനീയർമാരും സൈനികേതരം: ആകെ (ആയിരക്കണക്കിൽ) | ശാസ്ത്രജ്ഞന്മാരും എഞ്ചിനീയർമാരും സൈനികേതരം: തൊഴിൽസേനയിലെ ശതമാനം |
|---|---|---|---|
| 1930 | 48600 | 261 | .5 |
| 1940 | 52900 | 378 | .7 |
| 1950 | 60000 | 740 | 1.2 |
| 1956 | 67500 | 950 | 1.4 |
| 1959 | 69400 | 1100 | 1.6 |

*Source:* National Science Foundation, Washington, D. C.

## അനുബന്ധം പട്ടിക - 14

### ഗവേഷണത്തിലും വികസനത്തിലും പ്രാഥമികമായി ഏർപ്പെട്ടിട്ടുള്ള ശാസ്ത്രജ്ഞന്മാരും എൻജിനീയർമാരും

| വ്യവസായം | ഗവേഷണത്തിലും വികസനത്തിലും പ്രാഥമികമായി ഏർപ്പെട്ടിട്ടുള്ള ശാസ്ത്രജ്ഞന്മാരും എൻജിനീയർമാരും | | |
|---|---|---|---|
| | 1954 ജനു: | 1959 ജനു: | 1960 ജനു: |
| എല്ലാ വ്യവസായങ്ങളിലുംകൂടി | 157300 | 277100 | 301000 |
| ഭക്ഷണവും ബന്ധപ്പെട്ട ഉല്പന്നങ്ങളും | 4000 | 3700 | 3700 |
| തുണിമിൽ ഉല്പന്നങ്ങളും ഉടുപ്പുകളും | 1800 | 1300 | 1300 |
| കടലാസും ബന്ധപ്പെട്ട ഉല്പന്നങ്ങളും | 1700 | 2500 | 2800 |
| രാസപദാർത്ഥങ്ങളും ബന്ധപ്പെട്ട ഉല്പന്നങ്ങളും | 21500 | 33900 | 39000 |
| പെട്രോളിയം ഉല്പന്നങ്ങളും എക്സ്ട്രാക്ഷനും | 6800 | 9500 | 10000 |
| കല്ല്, കളിമണ്ണ്, ഗ്ലാസ് ഉല്പന്നങ്ങൾ | 2100 | 2700 | 2800 |
| പ്രാഥമികലോഹവ്യവസായങ്ങൾ | 3700 | 5900 | 6200 |
| ഫാബ്രിക്കേറ്റ് ചെയ്ത ലോഹോല്പന്നങ്ങളും സൈനികായുധങ്ങളും | 4600 | 18600 | 18500 |
| യന്ത്രങ്ങൾ (വൈദ്യുതയന്ത്രങ്ങളൊഴികെ) | 16300 | 26900 | 29000 |
| വൈദ്യുതോപകരണങ്ങൾ | 28300 | 52600 | 61000 |
| വിമാനവും ഭാഗങ്ങളും | 27600 | 60400 | 64000 |
| പ്രൊഫഷണൽ ശാസ്ത്രീയഉപകരണങ്ങൾ | 9100 | 12300 | 13000 |
| മററു ചരക്കുല്പാദനവ്യവസായങ്ങൾ | 20400 | 23800 | 24500 |
| കെട്ടിടനിർമ്മാണം | 1600 | 1900 | 2000 |
| ഗതാഗതവും മററു പൊതുജനോപയോഗ ഏർപ്പാടുകളും | 1200 | 2300 | 2600 |
| എൻജിനീയറിംഗ്-വാസ്തുശില്പസേവനങ്ങൾ | 6200 | 7200 | 8000 |
| ചരക്കുല്പാദനം സംബന്ധമല്ലാത്ത മററു വ്യവസായങ്ങൾ | 6200 | 11300 | 12600 |

*Sources:* 1954, 1959: National Science Foundation, Washington, D. C; 1960: Estimate, National Planning Association, Washington D. C.

## ഗവേഷണവും വികസനവും, 1959-60 വിവിധ വിഭാഗങ്ങൾക്കിടയിൽ നിധിവിതരണം[1] (10 ലക്ഷം ഡോളർകണക്കിൽ)

| ഗവേഷണ-വികസനങ്ങൾക്ക് ഉപയോഗിക്കപ്പെട്ട നിധികളുടെ ആഗമമാർഗ്ഗങ്ങൾ | ഗവേഷണ-വികസനപ്രവർത്തനങ്ങൾ നടത്തുന്നവർ | | | | | |
|---|---|---|---|---|---|---|
| | കേന്ദ്ര ഗവൺമെൻറ് | വ്യവസായം | കാളേജുകളും സർവ്വകലാശാലകളും | മററുലാഭേതര സ്ഥാപനങ്ങൾ | ആകെ | ശതമാനം |
| കേന്ദ്രഗവൺമെൻറ് | 1840 | 5420[2] | 700[2] | 140[2] | 8100 | 64 |
| വ്യവസായം | — | 4020 | 50 | 50 | 4120 | 33 |
| കാളേജുകളും സർവ്വകലാശാലകളും[3] | — | — | 210 | — | 210 | 2 |
| മററു ലാഭേതര സ്ഥാപനങ്ങൾ[3] | — | — | 40 | 60 | 100 | 1 |
| ആകെ | 1840 | 9440[2] | 1000[2] | 250[2] | 12530 | 100 |
| ശതമാനവിതരണം | 15 | 75 | 8 | 2 | 100 | |

[1] ഗവേഷണ-വികസനപ്രവർത്തകരുടെ റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തിയവയാണ് ഈ കണക്കുകൾ.

[2] കേന്ദ്രസ്ഥാപനങ്ങളുമായി കരാറുകളുടെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ സംഘടനകൾ നടത്തുന്ന ഗവേഷണകേന്ദ്രങ്ങൾക്ക് കേന്ദ്രഗവൺമെൻറ് നൽകുന്ന നിധികളും ഇതിലുൾപ്പെടുന്നു.

[3] സംസ്ഥാന-പ്രാദേശികനിധികളിൽനിന്നും ഈ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതും അവ ഗവേഷണ-വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതുമായ നിധികളും ഇവയിലുൾപ്പെടുന്നു.

*Source:* **Office of Special Studiec, National Science Foundation, April 1961.**

## അനുബന്ധം പട്ടിക - 16

**അടിസ്ഥാനഗവേഷണം, 1959-60. വിവിധവിഭാഗങ്ങൾക്കിടയിൽ നിധിവിതരണം[1] (പ്രാരംഭമതിപ്പുകൾ, 10 ലക്ഷം ഡോളർകണക്കിൽ)**

| | അടിസ്ഥാനഗവേഷണക്കാർ | | | | | |
|---|---|---|---|---|---|---|
| അടിസ്ഥാനഗവേഷണത്തിനുള്ള നിധികളുടെ ആഗമമാർഗ്ഗങ്ങൾ | കേന്ദ്ര ഗവൺമെൻറ് | വ്യവസായം | കാളേജുകളും സർവ്വകലാശാലകളും | മററു ലാഭേതരസ്ഥാപനങ്ങൾ | ആകെ | ശതമാനം |
| കേന്ദ്രഗവൺമെൻറ് | 225 | 70[2] | 305[2] | 40[2] | 640 | 56 |
| വ്യവസായം | — | 274 | 20 | 6 | 300 | 26 |
| കാളേജുകളും സർവ്വകലാശാലകളും[3] | — | — | 140 | — | 140 | 12 |
| മററു ലാഭേതരസ്ഥാപനങ്ങൾ | — | — | 35 | 34 | 69 | 6 |
| ആകെ | 225 | 344[2] | 500[2] | 80[2] | 1149 | 100 |
| അടിസ്ഥാനഗവേഷണത്തിൻെറ ശതമാനവിതരണം | 19 | 30 | 44 | 7 | 100 | |

[1] അടിസ്ഥാനഗവേഷണം നടത്തുന്നവരുടെ റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തിയാണ് കണക്കുകൾ.

[2] കേന്ദ്രസ്ഥാപനങ്ങളുമായി കരാറനുസരിച്ച് സംഘടനകൾ നടത്തുന്ന ഗവേഷണ കേന്ദ്രങ്ങൾക്ക് കേന്ദ്രഗവൺമെൻറിൽ നിന്നുള്ള നിധികളും ഉൾപ്പെടുന്നു.

[3] ഈ സ്ഥാപനങ്ങൾക്ക് സാംസ്ഥാനിക-പ്രാദേശിക നിധികളിൽനിന്നു ലഭിക്കുന്നതും ഗവേഷണപ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കപ്പെടുന്നതുമായ നിധികളും ഉൾപ്പെടുന്നു.

*Source:* Office of Special Studies, National Science Foundation, December 1960.

## അനുബന്ധം പട്ടിക - 17

**അമേരിക്കയിൽ സ്വകാര്യവിദേശമൂലധനനിക്ഷേപം, 1914 (10 ലക്ഷം ഡോളർകണക്കിൽ)**

| | മൂലധനമിറക്കുന്ന രംഗങ്ങൾ | | | |
|---|---|---|---|---|
| ആഗമമാർഗ്ഗങ്ങൾ | റെയിൽ | മററു അമേരിക്കൻ കടപത്രങ്ങൾ | വിദേശനിയന്ത്രിത സമാരംഭങ്ങൾ | ആകെ |
| ബ്രിട്ടൻ | 2800 | 850 | 600 | 4250 |
| ജർമ്മനി | 300 | 350 | 300 | 950 |
| നെതർലൻസ് | 300 | 200 | 135 | 635 |
| ഫ്രാൻസ് | 290 | 75 | 45 | 410 |
| കനഡ | 130 | 95 | 50 | 275 |
| മററു എല്ലാ രാജ്യങ്ങളുംചേർന്ന് | 350 | 140 | 80 | 570 |
| | 4170 | 1710 | 1210 | 7090 |

*Source:* Cleona Lewis, "America's Stake in International Investments", The Brookings Institution, Washington, D. C., 1938.

അനുബന്ധം പട്ടിക – 18

## അമേരിക്കയിൽ വിദേശആസ്തികളും നിക്ഷേപങ്ങളും, പ്രദേശാടിസ്ഥാനത്തിൽ, 1960 (10 ലക്ഷം ഡോളർകണക്കിൽ)

| | ആകെ | പശ്ചിമ യൂറോപ്പ് | കനഡ | ലാററിൻ അമേരിക്ക | മററു രാജ്യങ്ങൾ | സാർവ്വദേശീയം[2] |
|---|---|---|---|---|---|---|
| | (1960-ലെ പ്രാരംഭകണക്കുകൾ) | | | | | |
| അമേരിക്കയിലെ വിദേശ ആസ്തികളും നിക്ഷേപങ്ങളും, ആകെ | 44682 | 24048 | 6196 | 3726 | 4837 | 4965 |
| ദീർഘകാലാടിസ്ഥാനത്തിൽ | 18438 | 13004 | 3303 | 1153 | 858 | 129 |
| നേരിട്ട് | 6931 | 4713 | 1949 | 130 | 139 | — |
| കോർപ്പൊറേഷൻ ഓഹരികൾ | 9302 | 6836 | 1209 | 728 | 490 | 39 |
| കോർപ്പൊറേഷനുകളുടെയും സംസ്ഥാന-മുനിസിപ്പൽ ഗവൺമെൻറുകളുടെയും ബോണ്ടുകൾ | 648 | 449 | 5 | 75 | 38 | 81 |
| മററുള്ളവ | 1557 | 1006 | 140 | 220 | 191 | — |
| ഹ്രസ്വകാലആസ്തികളും യു. എസ്. ഗവൺമെൻറിൻെറ ബാദ്ധ്യതകളും | 26244 | 11044 | 2893 | 2573 | 3979 | 4845 |
| സ്വകാര്യം | 12113 | 4893 | 1981 | 2211 | 2709 | 319 |
| അമേരിക്കൻ ഗവൺമെൻറിൻെറ ബാദ്ധ്യതകൾ | 14131 | 6151 | 912 | 362 | 1270 | 4526 |
| ദീർഘകാലാടിസ്ഥാനത്തിൽ | 2276 | 803 | 327 | 141 | 114 | 891 |
| ഹ്രസ്വകാലാടിസ്ഥാനത്തിൽ[1] | 11855 | 5348 | 585 | 221 | 1156 | 3635 |

1 വിദേശരാജ്യങ്ങളിലുള്ള അമേരിക്കൻ നാണയശേഖരങ്ങളുടെ മതിപ്പുകളും ഈ തുകയിലുൾപ്പെടുന്നു; 1959, 9060 ലക്ഷം ഡോളർ; 1960, 9100 ലക്ഷം ഡോളർ (പ്രദേശാടിസ്ഥാനത്തിലല്ല).

2 ഈ വിഹിതം നിശ്ചയിക്കപ്പെട്ടിട്ടില്ലാത്ത നിധികളും ഉൾപ്പെടെ

*Source*: U. S. Department of Commerce, Office of Business Economics.

അനുബന്ധം പട്ടിക – 19

## അമേരിക്കയുടെ വിദേശഇടപാടുകണക്ക്, 1956-1960
(10 ലക്ഷം ഡോളർകണക്കിൽ)

| | കലണ്ടർ വർഷങ്ങൾ | | | | |
|---|---|---|---|---|---|
| | 1956 | 1957 | 1958 | 1959 | 1960 |
| എ. അമേരിക്കൻഗവണ്മെന്റിന്റെ ധനത്തോടെ നടന്ന ഇടപാടുകൾ | | | | | |
| 1. ഗവണ്മെണ്ട് പരിപാടികളുടെ ധനസഹായത്തോടെ നടത്തപ്പെട്ട കയററുമതികൾ[1] | 4912 | 4921 | 4667 | 4302 | ലഭിച്ചിട്ടില്ല |
| (i) ഗ്രാൻറുകളായിനടന്ന സൈനികചരക്കുകൈമാററങ്ങൾ | 2579 | 2435 | 2281 | 1988 | ലഭിച്ചിട്ടില്ല |
| (ii) മിച്ചം കാർഷികോല്പന്ന വില്പന | 1078 | 1233 | 1023 | 925 | 1182 |
| (iii) ഗ്രാൻറുകളും വായ്പകളുമായ മററ ഇനങ്ങൾ | 1255 | 1253 | 1363 | 1389 | 1507 |
| ആകെ (സൈനികച്ചിലവുകളൊഴിച്ച്) | 2333 | 2486 | 2386 | 2314 | 2689 |
| 2. മററ വരവുകൾ | 954 | 1374 | 1289 | 1800 | 1431 |
| (i) വായ്പ തിരിച്ചുവരവ് | 479 | 659 | 544 | 1013 | 605 |
| (ii) പലിശ | 194 | 205 | 307 | 346 | 346 |
| (iii) സൈനികഇടപാടുകൾ | 158 | 372 | 296 | 297 | 326 |
| (iv) മററുള്ളവ | 123 | 138 | 142 | 144 | 154 |
| 3. ഗവണ്മെണ്ടിന്റെ പരിപാടി അനുസരിച്ചുള്ള ചിലവുകൾ | – 8355 | – 8833 | – 8824 | – 8072 | ലഭിച്ചിട്ടില്ല |
| (i) സൈനികഗ്രാൻറുകൾ | – 2579 | – 2435 | – 2281 | – 1988 | ലഭിച്ചിട്ടില്ല |
| (ii) വിദേശത്തെ സൈനികച്ചിലവുകൾ | – 2935 | – 3165 | – 3412 | – 3090 | – 3034 |
| (iii) സാമ്പത്തികഗ്രാൻറുസഹായം, അററചിലവ് | – 1733 | – 1616 | – 1616 | – 1623 | – 1651 |
| (iv) ദീർഘകാലമൂലധനം, മൊത്തം | – 545 | – 993 | – 1176 | – 1018 | – 1174 |
| (v) വിദേശനാണയശേഖരത്തിൽ വർദ്ധന, അററചിലവ് | – 563 | – 624 | – 339 | – 353 | – 537 |
| ആകെ (സൈനികഗ്രാൻറുകൾ ഒഴികെ) | – 5776 | – 6398 | – 6543 | – 6084 | – 6396 |
| 4. ഗവണ്മെണ്ടിന്റെ മററ ചിലവുകൾ | – 553 | – 670 | – 626 | – 819 | – 845 |
| (i) ഗവ: പ്രവർത്തനങ്ങൾ (സൈനികപ്രവർത്തനമൊഴികെ) | – 264 | – 310 | – 305 | – 322 | – 307 |
| (ii) വിദേശീയർക്കു കൊടുത്ത പലിശ | – 154 | – 201 | – 139 | – 281 | – 332 |
| (iii) പെൻഷനുകളും മററ കൈമാററങ്ങളും | – 135 | – 159 | – 182 | – 216 | – 206 |

| | കലണ്ടർ വർഷങ്ങൾ | | | | |
|---|---|---|---|---|---|
| | 1956 | 1957 | 1958 | 1959 | 1960 |
| 5. മൊത്തം വരവുകൾ | | | | | |
| (i) ആകെ | 5866 | 6295 | 5956 | 6102 | ലഭിച്ചിട്ടില്ല |
| (ii) സൈനികഗ്രാൻറുകൾഒഴികെ | 3287 | 3860 | 3675 | 4114 | 4120 |
| 6. മൊത്തം ചിലവുകൾ | | | | | |
| (i) ആകെ | 8908 | 9503 | 9450 | 8891 | ലഭിച്ചിട്ടില്ല |
| (ii) സൈനികഗ്രാൻറുകൾഒഴികെ | 6329 | 7068 | 7169 | 6903 | 7241 |
| ഗവമ്മെൻറ ഇടപാടുകളിൽ ശിഷ്ടം | – 3043 | – 3208 | – 3494 | – 2789 | – 3121 |
| ബി. ഗവമ്മെൻറ ധനസഹായമില്ലാതെയുള്ള സ്വകാര്യ അമേരിക്കൻ ഇടപാടുകൾ | | | | | |
| 1. ചരക്കുകളുടെയും സേവനങ്ങളുടെയും കയററുമതികൾ | 20897 | 23532 | 20194 | 20363 | 23631 |
| (i) വാണിജ്യചരക്കു കയററുമതികൾ | 15046 | 16904 | 13877 | 13911 | 16722 |
| (ii) സേവനങ്ങൾ | 5851 | 6628 | 6317 | 6452 | 6909 |
| 2. ചരക്കുകളുടെയും സേവനങ്ങളുടെയും ഇറക്കുമതികൾ | 16476 | 17247 | 17197 | 19867 | 19630 |
| (i) വാണിജ്യചരക്കു ഇറക്കുമതികൾ | 12804 | 13291 | 12951 | 15315 | 14717 |
| (ii) സേവനങ്ങൾ | 3672 | 3956 | 4246 | 4552 | 4913 |
| 3. ചരക്കുകളുടെയും സേവനങ്ങളുടെയും ഇടപാടുകളിൽ ശിഷ്ടം | +4421 | +6285 | +2997 | + 496 | +4001 |
| (i) ചരക്കുകളിന്മേൽ | +2242 | +3613 | + 926 | – 1414 | +2005 |
| (ii) സേവനങ്ങളിന്മേൽ | +2179 | +2672 | +2071 | +1900 | +1996 |
| 4. അമേരിക്കൻ സ്വകാര്യ മൂലധനം, അററചിലവ് | – 2990 | – 3175 | – 2844 | – 2301 | – 3522 |
| 5. സ്വകാര്യപണമടയ്ക്കലുകൾ | – 530 | – 543 | – 540 | – 563 | – 616 |
| സ്വകാര്യഇടപാടുകളിൽശിഷ്ടം | + 901 | +2567 | – 387 | – 2368 | – 137 |
| സി. അമേരിക്കയിൽ വിദേശമൂലധനനിക്ഷേപം (ഗവമ്മെൻറിൻെറ കടപത്രങ്ങളിലൊഴിച്ച്) അററവരവ് | + 530 | + 361 | + 24 | + 548 | + 327 |
| ഡി. തെററുകളും വിട്ടുപോയവയും അററചിലവ് | + 643 | + 748 | + 380 | + 783 | – 905 |
| ഇ. അററകമ്മി (+ മിച്ചം) | – 968 | + 468 | – 3477 | – 3826 | – 3836 |

[1] ഗവമ്മെണ്ട് ധനത്തിന്മേൽ നടത്തപ്പെടുന്ന കയററുമതി ഇടപാടുകളിൽനിന്നുള്ള എല്ലാ വരവുകളും, ചില സേവനങ്ങൾക്കുള്ളവയും പെടുമെങ്കിലും, ചരക്കുകയററുമതിക്കുള്ളവയായിട്ടാണ് സ്ഥിതിവിവരക്കണക്കിൻെറ സൗകര്യത്തിനുവേണ്ടി കണക്കാക്കപ്പെടുന്നത്.

*Source:* Prepared by William B. Dale, Stanford Research Institute, based on U. S. Department of Commerce data.

അനുബന്ധം പട്ടിക – 20

രാഷ്ട്രത്തിന്റെ സാമ്പത്തിക ബജററ് 1929, 1960 — 1970-ലേയ്ക്കു് തിട്ടപ്പെടുത്തിയ ലക്ഷ്യങ്ങളും (1960-ലെ ഡോളർ വിലയിൽ 100 കോടി ഡോളർകണക്കിൽ)

| സാമ്പത്തികഗ്രൂപ്പ് | 1929 | | | 1960 | | | 1970 | | |
|---|---|---|---|---|---|---|---|---|---|
| | വരവുകൾ | ചിലവുകൾ | വരവിൽ കൂടുതൽ | വരവുകൾ | ചിലവുകൾ | വരവിൽ കൂടുതൽ | വരവുകൾ | ചിലവുകൾ | വരവിൽ കൂടുതൽ |
| ഉപഭോക്താക്കൾ | | | | | | | | | |
| സ്വാതന്ത്ര്യമായി ഉപയോഗിക്കാവുന്ന വ്യക്തിവരുമാനം | 83.1 | — | — | 351.8 | — | — | 542.0 | — | — |
| വ്യക്തിപരമായ ഉപഭോഗച്ചിലവുകൾ | — | 79.0 | — | — | 328.9 | — | — | 495.9 | — |
| വ്യക്തിപരമായ മിച്ചം വെപ്പ് (+) | — | — | +4.1 | — | — | +22.9 | — | — | +46.1 |
| ബിസിനസ്സ് | | | | | | | | | |
| പിടിച്ചുവെക്കപ്പെട്ട മൊത്തം സമ്പാദ്യങ്ങൾ | 11.5 | — | — | 51.7 | — | — | 78.1 | — | — |
| മൊത്തം സ്വകാര്യ അഭ്യന്തരനിക്ഷേപം | — | 16.2 | — | — | 72.4 | — | — | 120.1 | — |
| കൂടുതൽ നിക്ഷേപം (–) | — | — | -4.7 | — | — | -20.7 | — | — | -42.0 |
| അന്താരാഷ്ട്രീയം | | | | | | | | | |
| അന്താരാഷ്ട്രീയമായി അററ വരവുചിലവുകൾ | — | .7 | -.7 | — | 1.5 | -1.5 | 0.8 | 5.7 | -4.9 |
| ഗവൺമെൻറ് (കേന്ദ്ര-സംസ്ഥാന-പ്രാദേശിക ഗവൺമെൻറുകൾ) | | | | | | | | | |
| നികുതിസംബന്ധവും അല്ലാത്തവയുമായ വരവുകളോ പിരിഞ്ഞു കിട്ടാനുള്ളതോ | 11.2 | — | — | 139.1 | — | — | 217.9 | — | — |

അനുബന്ധം പട്ടിക – 20 (തുടർച്ച)

| സാമ്പത്തികഗ്രൂപ്പ് | 1929 | | | 1960 | | | 1970 | | |
|---|---|---|---|---|---|---|---|---|---|
| | വരവുകൾ | ചിലവുകൾ | വരവിൽ കൂടുതൽ | വരവുകൾ | ചിലവുകൾ | വരവിൽ കൂടുതൽ | വരവുകൾ | ചിലവുകൾ | വരവിൽ കൂടുതൽ |
| കുറവുചെയ്യപ്പെടേണ്ട കൈമാററങ്ങൾ, പലിശകൾ, സഹായധനങ്ങൾ | 1.7 | — | — | 37.1 | — | — | 51.0 | — | — |
| അററവരവുകൾ | 9.5 | — | — | 102.0 | — | — | 166.9 | — | — |
| മൊത്തം ഗവമ്മെൻറ് ചിലവുകൾ | — | 10.2 | — | — | 137.2 | — | — | 217.1 | — |
| കുറവുചെയ്യേണ്ട കൈമാററങ്ങൾ, പലിശ, സഹായധനങ്ങൾ | — | 1.7 | — | — | 37.1 | — | — | 51.0 | — |
| സമം ചരക്കുകളും സേവനങ്ങളും വാങ്ങിയതു് | — | 8.5 | — | — | 100.1 | — | — | 166.1 | — |
| മിച്ചം (+) | — | — | +1.0 | — | — | +1.9 | — | — | +0.8 |
| സ്ഥിതിവിവരക്കണക്കുപ്രകാരമുള്ള വ്യത്യാസങ്ങൾ | +.3 | — | + .3 | — | − 2.6 | − 2.6 | — | — | — |
| മൊത്തം ദേശീയോൽപ്പന്നം | 104.4 | 104.4 | — | 504.4 | 504.4 | — | 787.8 | 787.8 | — |

*Source:* 1929: National Income Supplement to the Survey of Current Business, 1954; 1960: Survey of Current Business, July, 1961; 1970: National Economic Projections Series, National Planning Association, Washington, D. C., 1961.

## അനുബന്ധം പട്ടിക – 21

### പ്രധാന വിഭാഗങ്ങൾക്കുവേണ്ടിയുള്ള രാഷ്ട്രത്തിന്റെ ചിലവുകൾ, 1960 (100 കോടി ഡോളർകണക്കിൽ)

| | | |
|---|---|---|
| 1. അടിസ്ഥാന ഉപഭോഗാവശ്യങ്ങൾ | | |
| എ) ഭക്ഷണം | 70.2 | |
| ബി) വസ്ത്രം | 31.8 | |
| സി) പാർപ്പിടം | 42.2 | |
| ഡി) വീട്ടുപ്രവർത്തനങ്ങൾ | 17.2 | |
| ആകെ | | 161.4 |
| 2. മററു ഉപഭോഗാവശ്യങ്ങൾ | | |
| എ) ഗൃഹാലങ്കാരങ്ങൾ | 28.7 | |
| ബി) വ്യക്തിപരമായ ബിസിനസ്സ് സേവനങ്ങൾ | 20.6 | |
| സി) വ്യക്തിപരമായ ശ്രദ്ധ | 5.2 | |
| ആകെ | | 54.5 |
| 3. ഗതാഗതം | | |
| എ) പുതിയവയും ഉപയോഗിക്കപ്പെട്ടവയുമായ കാറുകൾ വാങ്ങുന്നതിന് | 15.8 | |
| ബി) അവ സംരക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനും | 21.4 | |
| സി) നഗരത്തിനകത്തും നഗരങ്ങൾക്കിടയ്ക്കുമുള്ള ഗതാഗതം | 3.5 | |
| ആകെ | | 40.7 |
| 4. ഉപഭോക്താക്കളുടെ ആർഭാടാവശ്യങ്ങളും അർദ്ധ-ആർഭാട ആവശ്യങ്ങളും | | |
| എ) പുകവലിയും മദ്യപാനവും | 17.3 | |
| ബി) വാർത്താവിനിമയം | 8.4 | |
| സി) കളിക്കോപ്പുകളും കായികവിനോദോപകരണങ്ങളും | 4.5 | |
| ഡി) ദൃശ്യവിനോദങ്ങൾ | 2.0 | |
| ഇ) മററു വിഹാരപ്രവർത്തനങ്ങൾ | 4.5 | |
| എഫ്) വിദേശയാത്രയും വിദേശങ്ങൾക്ക് വ്യക്തിപരമായ പണമയയ്ക്കലും | 3.0 | |
| ജി) ആഭരണങ്ങളും വാച്ചുകളും | 2.1 | |
| ആകെ | | 41.8 |
| 5. വിദ്യാഭ്യാസം | | |
| എ) സ്വകാര്യചിലവുകൾ | 4 5 | |
| ബി) പൊതു(ഗവ:) ചിലവുകൾ | 18.7 | |
| ആകെ | | 23.2 |
| 6. ഗവേഷണവും വികസനവും | | |
| എ) ദേശീയസുരക്ഷിതത്വം | 7.2 | |
| ബി) ഗവമ്മെൻറിന്റെ മററു ഗവേഷണങ്ങൾ | 1.3 | |
| സി) സ്വകാര്യഗവേഷണം | 4.5 | |
| ആകെ | | 13.0 |
| 7. വൈദ്യ-ആശുപത്രിശുശ്രൂഷ | | |
| എ) സ്വകാര്യചിലവുകൾ | 21.3 | |
| ബി) ഗവമ്മെൻറുവക ചിലവുകൾ | 6.3 | |
| ആകെ | | 27.6 |

| | | |
|---|---|---|
| 8. സഹകാര്യ മത-ക്ഷേമപ്രവർത്തനങ്ങൾ | | 4.7 |
| 9. സഹകാര്യമൂലധനനിക്ഷേപം | | |
| എ) ഉല്പാദകർക്കുള്ള ഈടുള്ള ഉപകരണങ്ങൾ | 27.5 | |
| ബി) ഭവനനിർമ്മാണം | 21.1 | |
| സി) മററു കെട്ടിടനിർമ്മാണങ്ങൾ | 19.6 | |
| ഡി) ബിസിനസ്സ് സാമാനവിവരപട്ടികയിൽ അററവ്യത്യാസം | 4.2 | |
| ആകെ | | 72.4 |
| 10. ദേശീയസുരക്ഷിതത്വചിലവുകൾ (ഗവേഷണമൊഴികെ) | | 40.4 |
| 11. ഗവൺമെൻറിൻെറ മററു പ്രവർത്തനങ്ങൾ | | |
| എ) ഹൈവേകളും ഗതാഗതവും | 9.9 | |
| ബി) പൊതുജനോപയോഗഏർപ്പാടുകൾ (ഗതാഗതം, വിദ്യുച്ഛക്തി. വെള്ളം, തപാൽസേവനങ്ങൾ എന്നിവയ്ക്കുള്ള അററ ചിലവുകൾ | 1.0 | |
| സി) ഗവൺമെൻറിൻെറ ആഭിമുഖ്യത്തിലുള്ള മററു സേവനങ്ങൾ | 12.5 | |
| ആകെ | | 23.4 |
| 12. അററ വിദേശനിക്ഷേപം | | 1.5 |
| മൊത്തം ദേശീയോല്പന്നം | | 504.4 |

കുറിപ്പുകൾ: വിശദമായി കൊടുത്തിട്ടുള്ള തുകകൾ ഭിന്നിതങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളവയായതുകൊണ്ട് ഒട്ടാകെ കൊടുത്തിട്ടുള്ള സംഖ്യയുമായി യോജിച്ചുകൊള്ളണമെന്നില്ല.

1. എ) പുകയിലയും മദ്യങ്ങളും ഒഴികെ.
   ബി) ആഭരണങ്ങളും വാച്ചുകളും ഒഴികെ.
   സി) നിലവിലുള്ള വീടുകൾക്കുള്ള വാടകച്ചിലവുകളും ഉടമസ്ഥന്മാർതന്നെ താമസിക്കുന്ന വീടുകൾക്ക് നിശ്ചയിക്കപ്പെട്ട വാടകയും ഉൾപ്പെടെ.
   ഡി) വീട്ടുപകരണങ്ങളും ടെലഫോണും അടക്കം.
2. എ) ഫർണീച്ചർ. വീട്ടുപകരണങ്ങൾ, മററു വീട്ടലങ്കാരസാധനങ്ങൾ, പരിചരണച്ചിലവുകൾ എന്നിവ ഉൾപ്പെടെ.
   ബി) ധനപരവും നിയമപരവും ഇൻഷ്വാൻസ് സംബന്ധവും മററുമായ സേവനങ്ങൾക്കും വ്യക്തിപരമായ വായ്പയ്ക്കുള്ള പലിശയ്ക്കും നൽകപ്പെടുന്ന തുകകളും ഉൾപ്പെടെ.
   സി) ബാർബർഷോപ്പുകൾ, സൌന്ദര്യവർദ്ധനസേവനങ്ങൾ, ടോയിലററ് സാമഗ്രികൾ എന്നിവ അടക്കം.
3. ബി) ഗാസലിൻ, ഓയിൽ, യന്ത്രഭാഗങ്ങളും അനുബന്ധഘടകങ്ങളും, കേടുപാടുതീർക്കൽ തുടങ്ങിയവ അടക്കം.
4. ബി) പുസ്തകങ്ങൾ, മാസികകൾ, വർത്തമാനപ്പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ, ഫോണോഗ്രാഫ് തുടങ്ങിയ ഉൾപ്പെടെ.
   ഡി) ചലച്ചിത്രങ്ങൾ, ഒപ്പേറകൾ, നിയമാനുസൃതമായ തിയ്യററുകൾ, ദൃശ്യകായികവിനോദങ്ങൾ എന്നിവ അടക്കം.
   ഇ) ക്ലബ്ബുകൾ, പുഷ്പങ്ങൾ, പൂച്ചെടികൾ തുടങ്ങിയവ അടക്കം.
5. ഏ) ബി) നിർമ്മാണത്തിനും പ്രവർത്തനത്തിനുമുള്ള ചിലവുകളടക്കം.
6. എ), ബി), സി) ദേശീയശാസ്ത്രഫൌണ്ടേഷൻെറ (വാഷിംഗ്ടൺ ഡി. സി) മതിപ്പു തിട്ടങ്ങളേയും ബജററ് കണക്കുകളേയും അടിസ്ഥാനപ്പെടുത്തി കണക്കാക്കപ്പെട്ടിട്ടുള്ളവ.

7. എ), ബി) നിർമ്മാണം, മരുന്ന്, വൈദ്യസേവനങ്ങൾ, ശവസംസ്കാരച്ചിലവുകൾ എന്നിവ അടക്കം.
8. നിർമ്മാണം ഉൾപ്പെടെ.
9. സി) വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആശുപത്രികൾ, മതസ്ഥാപനങ്ങൾ എന്നിവ ഒഴികെ.
11. ബി) ഗവൺമെൻറ് സമാരംഭങ്ങളുടെ നിലവിലുള്ള മിച്ചങ്ങൾ തട്ടിക്കഴിച്ചതിനുശേഷമുള്ള അററചിലവുകൾ.

*Sources:* Survey of Current Business, July 1961; 1961 Budget of the United States.

## അനുബന്ധം പട്ടിക – 22

ചില തിരഞ്ഞെടുത്ത രാജ്യങ്ങളിൽ സാമൂഹ്യസുരക്ഷിതത്വച്ചിലവുകൾ, 1956–1957[1] (ഘടകാടിസ്ഥാനത്തിലുള്ള ദേശീയവരുമാനത്തിൻെറ ശതമാനകണക്കിൽ)

| അമേരിക്ക | 6·0% |
|---|---|
| പശ്ചിമജർമ്മനി | 20.8% |
| ഫ്രാൻസ് | 18.9% |
| ബൽജിയം | 16.3% |
| ഇററലി | 15.2% |
| സ്വീഡൻ | 12.9% |
| ബ്രിട്ടൻ | 12.1% |
| ഡെൻമാർക്ക് | 12.0% |
| യൂഗോസ്ലാവിയ | 10.3% |
| ചിലി | 9.7% |
| ആസ്ട്രേലിയ | 9.1% |
| കനഡ | 8.7% |
| സ്വിററ്സർലണ്ട് | 8.7% |
| പോളണ്ട് | 7.7% |
| ജപ്പാൻ | 5.8% |
| ഗോട്ടിമാല | 3.1% |
| ഇൻഡ്യ | 1.0% |

[1] നിർവ്വചനങ്ങൾ, ബാധകമാകുന്നവരുടെ വ്യാപ്തി, പ്രവർത്തനങ്ങളുടെ ഗുണം ന്നിവ രാജ്യങ്ങൾ [illegible] ഗണ്യമായി വ്യത്യാസമുള്ളവയാണെന്നകാര്യം രേഖപ്പെടുത്തേണ്ടതുണ്ട്.

*Source:* The Cost of Social Security, International Labour Office, Geneva, 1961.

സാമൂഹ്യക്ഷേമച്ചിലവുകൾ മൊത്തം ദേശീയോല്പന്നത്തിന്റെ ശതമാനക്കണക്കിൽ (തിരഞ്ഞെടുത്ത സാമ്പത്തികവർഷങ്ങൾ, 1889-90 മുതൽ 1958-59 വരെ, പുതുക്കിയ മതിപ്പുതിട്ടങ്ങൾ)

| | | സാമൂഹ്യക്ഷേമച്ചിലവുകൾ, മൊത്തം ദേശീയോല്പന്നത്തിന്റെ ശതമാനം | | | | | | |
|---|---|---|---|---|---|---|---|---|
| സമ്പത്തിക വർഷങ്ങൾ | മൊത്തം ദേശീയോല്പന്നം (100 കോടി കണക്കിൽ) | ആകെ[1] | സാമൂഹ്യ ഇൻഷുറൻസ് | പൊതു സഹായം | ആരോഗ്യവൈദ്യസേവനങ്ങൾ | മററു ക്ഷേമപരിപാടികൾ | പ്രായപരിചയംവന്ന വക്ക് പരിപാടികൾ | വിദ്യാഭ്യാസം |
| | (ഡോളർ) | | | | | | | |
| 1889-90 | 13.0 | 2.4 | [2] | 0.3[3] | 0.1 | [3] | 0.9 | 1.1 |
| 1912-13 | 39.9 | 2.5 | [2] | 0.3[3] | .4 | [3] | .5 | 1.3 |
| 1928-29 | 101.6 | 4.2 | 0.3 | 0.5[3] | .5 | [3] | .5 | 2.4 |
| 1934-35 | 68.7 | 9.8 | 0.6 | 4.4 | .8 | 0.2 | .7 | 3.2 |
| 1939-40 | 95.9 | 9.3 | 1.3 | 3.8 | .7 | .1 | .6 | 2.9 |
| 1944-45 | 212.5 | 4.2 | 0.6 | .5 | .9 | .1 | .4 | 1.6 |
| 1949-50 | 264.0 | 8.7 | 1.8 | .9 | .9 | .2 | 2.5 | 2.5 |
| 1954-55 | 377.5 | 8.5 | 2.6 | .8 | .8 | .2 | 1.2 | 3.0 |
| 1956-57 | 432.8 | 9.0 | 2.9 | .8 | .8 | .2 | 1.1 | 3.2 |
| 1957-58 | 438.9 | 10.2 | 3.6 | .8 | .8 | .2 | 1.1 | 3.5 |
| 1958-59 | 464.0 | 10.7 | 3.9 | .9 | .9 | .2 | 1.1 | 3.6 |
| 1959-60 | 494.6 | 10.8 | 3.9 | .8 | .9 | .3 | 1.0 | 3.8 |

[1] ഗവൺമെൻറുവക ഭവനനിർമ്മാണപരിപാടികളും ഉൾപ്പെടുന്നു.

[2] 0.05 ശതമാനത്തിനുതാഴെ.

[3] പൊതുസഹായപരിപാടികളിൽ പെടുത്തിയിരിക്കുന്നു.

*Source:*—Ida C. Merriam, "Social Welfare Expenditures, 1958-59" Social Security Bulletin, November 1960. 1959-60: Preliminary estimate.

അനുബന്ധം പട്ടിക 24

സാമ്പത്തിക വളർച്ചയുടെ സാദ്ധ്യത, 1960-1970.

| | യഥാർത്ഥം 1960 | തിട്ടപ്പെടുത്തിയതു് 1970 |
|---|---|---|
| | (ദശലക്ഷക്കണക്കിൽ) | |
| ജനസംഖ്യ | 180·0 | 213·8 |
| മൊത്തം തൊഴിൽസേന | 73·1 | 86·6 |
| സായുധസേനകൾ | 2·5 | 2·3 |
| സൈനികേതരതൊഴിൽസേന | 70.6 | 84·3 |
| തൊഴിലില്ലാത്തവർ | 3·9 | 3·4 |
| സൈനികേതര തൊഴിലുള്ളവർ | 66·7 | 80·9 |
| സ്വകാര്യമേഖലയിൽ | 59·7 | 72·3 |
| കാർഷികരംഗത്തു് | 5·7 | 5·0 |
| കാർഷികേതരരംഗത്തു് | 54·2 | 67·3 |
| ഗവണ്മെൻറിൽ | 6·8 | 8·6 |
| | (ദശലക്ഷം ഡോളർകണക്കിൽ) | |
| മൊത്തം ദേശീയോൽപ്പന്നം (1960-ലെ വിലകളിൽ) | 504·4 | 787·8 |
| സ്വകാര്യമേഖലയിൽ | 457·1 | 717·8 |
| കാർഷികരംഗത്തു് | 21·7 | 19·5 |
| കാർഷികേതരരംഗത്തു് | 435·4 | 698·3 |
| ഗവണ്മെൻറ് | 47·3 | 70·0 |
| ശരാശരി തൊഴിൽവാരം (മണിക്കൂറിൽ) | | |
| സ്വകാര്യമേഖലയിൽ | 40·5 | 38·0 |
| കാർഷികരംഗത്തു് | 45·5 | 40·9 |
| കാർഷികേതരരംഗത്തു് | 40·0 | 37·8 |
| ഓരോ മനുഷ്യമണിക്കൂറിലും മൊത്തം ദേശീ- | | (ഡോളറിൽ) |
| യോൽപന്നം (1960-ലെ വിലനിരക്കുകളിൽ) | 3·73 | 5·16 |
| കാർഷികരംഗത്തു് | 1·60 | 1·84 |
| കാർഷികേതരരംഗത്തു് | 3·95 | 5·28 |
| വ്യാവസായികോൽപാദനത്തിൻെറ സൂചിക (1957=100) | 108 | 175 |
| പൊതുഉപയോഗ വ്യവസായരംഗത്തു് | 124 | 262 |
| ഖനനം | 97 | 153 |
| ചരക്കുൽപ്പാദനം | 108 | 172 |
| കാർഷികോൽപാദനത്തിൻെറ സൂചിക (1957=100) | 113 | 148 |

*Sources:* "Survey of Current Business, July 1961: Economic Indicators, July 1960; Notional Economic Projections Series, National Planning Association, Washington, D. C , 1961.

അനുബന്ധം പട്ടിക – 25

മൊത്തം ദേശീയോൽപന്നം, കലണ്ടർവർഷം 1960. 1970-ലേക്കു് തിട്ടപ്പെടുത്തിയ ലക്ഷ്യങ്ങളും (1960-ലെ ഡോളർ അടിസ്ഥാനത്തിൽ 100 കോടി ഡോളർകണക്കിൽ)

| | 1960 | 1970 (i) പ്രതിരോധച്ചിലവുകൾക്കു മാററമില്ലാത്ത നിലയിൽ | 1970 (ii) പ്രതിരോധച്ചിലവുകൾ കുറഞ്ഞ നിലയിൽ | 1970 (iii) പ്രതിരോധച്ചിലവുകൾ കൂടിയ നിലത്തിൽ |
|---|---|---|---|---|
| മൊത്തം ദേശീയോൽപന്നം | 504·4 | 787·7 | 787·7 | 819·5 |
| ദേശീയ സുരക്ഷിതത്വച്ചിലവുകൾ | 45·6 | 56·4 | 32·6 | 86.4 |
| വ്യക്തിപരമായ ഉപഭോഗച്ചിലവുകൾ | 328·9 | 495 9 | 509·0 | 510·7 |
| സ്വകാര്യ അഭ്യന്തര മൂലധന നിക്ഷേപം | 72 4 | 120·1 | 120·1 | 118·6 |
| അററകയററമതികൾ | 3·0 | 5 7 | 5·7 | 5·7 |
| ദേശീയ സുരക്ഷിതത്വാവശ്യങ്ങൾക്കു് ഒഴിച്ചുള്ള സാധനങ്ങൾ ഗവമ്മെണ്ടു് വാങ്ങുന്നതിനുള്ള ചിലവുകൾ | 54·5 | 109·6 | 120·3 | 98·1 |

*Sources:* 1960 "Survey of Current Business", July 1961; 1970: National Economic Projections Series, National Planning Association, Washington, D. C., 1961.

കുറിപ്പു്: കൂടുതൽ വിശദീകരണത്തിനുവേണ്ടി മൊത്തം ദേശീയോൽപ്പന്നത്തിൻെറ മൂന്നു പൂർണ്ണ തൊഴിൽനിലവാരമാതൃകകൾ പട്ടികയിൽ കാണിച്ചിട്ടുണ്ടു്. നിരായുധീകരണം ഉണ്ടാവുകയില്ലെന്നാണു് ഒന്നാമത്തേതിലെ വിവക്ഷ. ദേശീയസുരക്ഷിതത്വച്ചിലവുകളിൽ ഇന്നത്തെ നിലവാരത്തിൻെറ ഏതാണ്ടു് മൂന്നിലൊന്നു് കുറവുവരുമെന്നു് രണ്ടാമത്തേതു് കണക്കാക്കുന്നു. സുരക്ഷിതത്വച്ചിലവുകൾ വർദ്ധിക്കാൻ സാധ്യതയുണ്ടെന്നാണു് മൂന്നാമത്തെ മാതൃകയിലെ വിവക്ഷ. ആയുധീകരണപരിപാടികളിൽ സാരമായ മാററങ്ങൾ 1961-നും 1970-നുമിടയ്ക്കു് ഘട്ടങ്ങളായി സംഭവിക്കുമെന്നതിൻെറ അടിസ്ഥാനത്തിൽ 1970 കലണ്ടർവർഷം ഒരു "ബെഞ്ചു് അടയാള"മായി എടുക്കാവുന്നതാണു്. 1960 ആണു് അടിസ്ഥാനവർഷം എല്ലാ മതിപ്പുകളും 1960-ലെ വിലനിരക്കുകളിലാണു് തെയ്യാറാക്കിയിട്ടുള്ളതു് 1970-ലേയ്ക്കുള്ള മൊത്തം ദേശീയോൽപന്നത്തിൻെറ തിട്ടപ്പെടുത്തിയ ലക്ഷ്യങ്ങൾക്കു് അടിസ്ഥാനം അനുബന്ധം 26-ാംപട്ടികയിലെ പ്രധാന ഘടകങ്ങളാണു്. പ്രതിരോധച്ചിലവിൽ ഗണ്യമായ വർദ്ധന ആവശ്യമായിവരുന്നപക്ഷം, കൂടുതൽ ജനങ്ങൾ തൊഴിൽസേനയിൽ ചേരുന്നതുകൊണ്ടും കൂടുതൽസമയം ജോലിയെടുക്കുന്നതുകൊണ്ടും മററം ദേശീയോൽപന്നത്തിൻെറ വളച്ച്യുടെ ഗതിവേഗം വർദ്ധിക്കുമെന്നാണു് അനുമാനിക്കപ്പെട്ടിരിക്കുന്നതു്.

(i) മൊത്തം ഉൽപാദനത്തിൻെറ ഉയർച്ച്യുമായി ഏതാണ്ടു് പൊരുത്തപ്പെടുന്ന നിലയിൽ പ്രതിരോധപരമല്ലാത്ത ഗവമ്മെണ്ടുപരിപാടികൾ വർദ്ധിച്ചുകൊണ്ടു് ദേശീയ സുരക്ഷിതത്വത്തിനുള്ള നിലവിലുള്ള പരിപാടികൾതന്നെ തുടരുമെന്നാണു് അനുമാനം.

അനുബന്ധം പട്ടിക – 25 (തുടർച്ച)

(ii) നിലവിലുള്ള ദേശീയ സുരക്ഷിതത്വപരിപാടികളിൽ 2400 കോടി ഡോളർ വെട്ടിക്കുറവ് വ്യക്തിപരമായ ഉപദേശങ്ങളുടെയും പ്രതിരോധപരമല്ലാത്ത ഗവൺമെൻറ ചിലവുകളുടെയും ഫലമായി തട്ടിക്കഴിക്കപ്പെട്ടുമെന്നാണ് കണക്കാക്കപ്പെടുന്നത്.

(iii) നമ്മുടെ ദേശീയ സുരക്ഷിതത്വപരിപാടികൾ ഇന്നത്തെ നിലവാരത്തിൽ നിന്നും 3000 കോടി ഡോളർ വർദ്ധിപ്പിക്കേണ്ടിവരുമെന്നാണ് അനുമാനിക്കപ്പെടുന്നത്.

## അനുബന്ധം പട്ടിക — 26

### ഗവർമ്മെൻറിൻെറ പ്രതിരോധേതരചിലവുകളിൽ വർദ്ധനകൾ, 1959-1970 (1960-ലെ ഡോളർ അടിസ്ഥാനത്തിൽ 100 കോടി ഡോളർകണക്കിൽ)

| | 1959 | 1970 | വർദ്ധന |
|---|---|---|---|
| വിദ്യാഭ്യാസവും വിദ്യാലയനിർമ്മാണവും | 16.9 | 36.3 | 19.4 |
| ഹൈവേകൾ, തലസ്ഥാനപ്രദേശത്തേക്കുള്ള റോഡുകൾ, മററു ഗതാഗത സൗകര്യങ്ങൾ [1] | 8.8 | 15.4 | 6.6 |
| സാമൂഹ്യവികസനം, ഭവനനിർമ്മാണം, ശുചീകരണം | 2.1 | 14.7 | 12.6 |
| പൊതുജനാരോഗ്യവും ആശുപത്രികളും | 3.9 | 12.2 | 8.3 |
| ഗവേഷണം [2] | — | 4.0 | 4.0 |
| പ്രകൃതിവിഭവങ്ങൾ [3] | 3.1 | 6.1 | 3.0 |
| പൊതുഭരണം | 5.9 | 10.0 | 4.1 |
| മററു ഇനങ്ങൾ | 11.3 | 21.6 | 10.3 |
| ആകെ | 52.0 | 120.3 | 68.3 |

[1] നഗരവീഥികളും ശീഘ്രഗതാഗതഏർപ്പാടുകളും ഒഴികെ.

[2] 1959-ൽ പ്രതിരോധച്ചിലവുകളായി കണക്കാക്കപ്പെട്ട പല ഇനങ്ങളും ഉൾപ്പെടെ.

[3] മുനിസിപ്പാലിററിയുടെവക ജലശുദ്ധീകരണശാലകൾ ഒഴിച്ചുള്ള ജലവിഭവങ്ങൾ ഉൾപ്പെടെ.

കുറിപ്പ്: ആയുധീകരണത്തിൽ സാരമായ ലഘൂകരണമുണ്ടാകുന്നപക്ഷം ഗവൺമെൻറ ചിലവുകളിൽ വർദ്ധനകൾ ഏററവും യുക്തമായമേഖലകളെ സംബന്ധിച്ചുള്ള മതിപ്പുകൾ പ്രതിരോധപരമല്ലാത്ത പരിപാടികളിൽ, പ്രത്യേകിച്ചും സാംസ്ഥാനിക-പ്രാദേശികഗവൺമെൻറുകളുടെ പരിപാടികളിൽ, സാദ്ധ്യമാകാവുന്ന വർദ്ധനകളുടെ വളരെ പൊതുവായ സൂചനകൾ മാത്രമാണ്. സൈനികച്ചിലവുകൾ കുറയുന്നപക്ഷം 1970 ലേക്ക് കണക്കാക്കിയിട്ടുള്ള ലക്ഷ്യങ്ങൾ (അനുബന്ധം 25-ാംപട്ടിക കാണുക) നമ്മുടെ പ്രതിരോധപരമല്ലാത്ത ചിലവുകൾ 1959 ലെ അടിസ്ഥാനാവർഷത്തിലുണ്ടായതിനേക്കാൾ 6800 കോടി ഡോളർ വർദ്ധിക്കുമെന്ന അനുമാനത്തിൻെറ അടിസ്ഥാനത്തിലുള്ളതാണ്.

കേന്ദ്ര-സാംസ്ഥാനിക-പ്രാദേശിക ഗവൺമെൻറുകളുടെയും മററു പൊതു ആധികാരികസ്ഥാപനങ്ങളുടെയും ചിലവുകൾ മൊത്തം തുകകളിൽ ഉൾപ്പെടുന്നുണ്ട്.

*Source:* National Economic Projections Series, National Planning Association, Washington, D. C. 1961.

അനുബന്ധം പട്ടിക – 27

തിരഞ്ഞെടുത്ത ചില ചരക്കുല്പാദനവ്യവസായങ്ങളിൽ സാമ്പത്തിക ശക്തികേന്ദ്രീകരണത്തിന്റെ അനുപാതം.
(ഓരോ വ്യവസായത്തിലേയും ഏററവും വലിയ നാലു കമ്പനികളുടെ ഉല്പാദനത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ശതമാനത്തോതു്)

| ചരക്കുല്പാദനവ്യവസായം | കയററുമതികളുടെ വില 1947 | 1954 | തൊഴിൽ 1950 | 1954 |
|---|---|---|---|---|
| **ഉയന്ന കേന്ദ്രീകരണമുള്ളവ്യവസായങ്ങൾ** | | | | |
| അലുമിനിയം (പ്രാഥമികം) | 100 | 100 | 100 | 100 |
| ജിപ്സം ഉല്പന്നങ്ങൾ | 85 | 90 | 89 | 86 |
| ടെലഫോൺ-ടെലഗ്രാഫ്-ഉപകരണങ്ങൾ | 96 | 89 | 90 | 88 |
| അലുമിനിയം റോളിങ്ങും ഡ്രോയിങ്ങും | 94 | 88 | 89 | 84 |
| സ്റ്റീംഎൻജിനുകളും ടർബൈനുകളും | 88 | 87 | 87 | 86 |
| സോപ്പും ഗ്ലിസറിനും | 79 | 85 | 69 | 71 |
| സിഗററു് | 90 | 82 | 81 | 75 |
| ടിൻപാത്രങ്ങളും മററു ടിൻസാധനങ്ങളും | 78 | 80 | 77 | 78 |
| ടയറും ട്യൂബും | 77 | 79 | 78 | 80 |
| ട്രാൻസ്ഫോർമറുകൾ | 73 | 78 | 77 | 71 |
| മോട്ടോർ വാഹനങ്ങളും ഘടകങ്ങളും | 56 | 75 | 59 | 72 |
| കണക്കുകൂട്ടൽയന്ത്രങ്ങളും മററു ബന്ധപ്പെട്ട ഉപകരണങ്ങളും | 69 | 74 | 70 | 72 |
| ട്രാക്ടറുകൾ | 67 | 73 | 76 | 72 |
| വീട്ടുവസ്ത്രശുചീകരണഉപകരണങ്ങൾ | 40 | 68 | 53[1] | 60 |
| പഞ്ചസാര(കരിമ്പു്)ശുദ്ധീകരണം | 70 | 67 | 69 | 69 |
| ബ്ലാസ്റ്റ് ഫർണസ് | 67 | 65 | 57[1] | 63 |
| ഇലക്ട്രോണിക് ട്യൂബുകൾ | 73 | 64 | 64 | 63 |
| ഫോട്ടോഗ്രാഫിക് ഉപകരണങ്ങൾ | 61 | 63 | 61 | 61 |
| വിമാന എൻജിനുകൾ | 72 | 62 | 55 | 51 |
| ഉപയോഗിച്ച കൽക്കരിഅടുപ്പുകൾ | 53 | 58 | ലഭിച്ചിട്ടില്ല | 53 |
| ഉരുക്കുഫാക്ടറികളും റോളിങ്മില്ലുകളും | 45 | 54 | 55 | 53 |
| കോപ്പർ റോളിങ്ങും ഡ്രോയിങ്ങും | 60 | 53 | 51 | 54 |
| മോട്ടോറുകളും ജനറേററുകളും | 59 | 50 | 57 | 47 |
| **താഴ്ന്ന കേന്ദ്രീകരണമുള്ള വ്യവസായങ്ങൾ** | | | | |
| മിഠായിത്തരങ്ങൾ | 17 | 19 | 12 | 15 |
| കലാസും കടലാസ്ബോർഡും | ലഭിച്ചിട്ടില്ല | 19 | 14 | 18 |
| നിർമ്മാണ-ഖനനയന്ത്രങ്ങൾ | 18 | 19 | 16 | 19 |

| ചരക്കുല്പാദനവ്യവസായം | കയററുമതികളുടെ വില 1947 | 1954 | തൊഴിൽ 1950 | 1954 |
|---|---|---|---|---|
| മഷീൻ ട്ടൂംസ്(യാന്ത്രിക പണിയായുധങ്ങൾ) | 20 | 19 | 25 | 20 |
| പരുത്തിത്തുണിച്ചരക്ക് | ലഭിച്ചിട്ടില്ല | 18 | 15 | 18 |
| വത്തമാനപ്പത്രങ്ങൾ | 21 | 18 | 16 | 14 |
| ലതർടാനിങ്ങും ഫിനിഷിങ്ങും (തുകൽ ഊറയ്ക്കിടലും മററും) | 27 | 18 | 18 | 17 |
| നിമ്മാണ—ആലങ്കാരപ്രവത്തനം | 23 | 18 | 20 | 16 |
| കോഴിവളത്തൽ ഉപകരണങ്ങൾ | 32 | 17 | 33[1] | 19 |
| വാൽവുകളും ഫിററിങ്ങുകളും | 24 | 17 | 21 | 22 |
| കടലാസ് ബോർഡു് പെട്ടികൾ | 18 | 16 | 12 | 13 |
| മെററൽ സ്റ്റാസിങ്ങ്സ് | 17 | 14 | ലഭിച്ചിട്ടില്ല | 12 |
| പുരുഷന്മാരുടെ സൂട്ടും കോട്ടും | 9 | 11 | 13 | 11 |
| അച്ചടി (വാണിജ്യം) | 9 | 10 | 9 | 10 |
| മരംകൊണ്ടുള്ള ഫർണിച്ചർ | 7 | 8 | 6 | 7 |
| മെഷീൻഷോപ്പ് | ലഭിച്ചിട്ടില്ല | 8 | 12 | 8 |
| പ്ലാസ്റ്റിക് ഉല്പന്നങ്ങൾ | ലഭിച്ചിട്ടില്ല | 8 | ലഭിച്ചിട്ടില്ല | 7 |
| അറക്കക്കമ്പനികൾ | 5 | 7 | 4 | 5 |
| സ്ത്രീകളുടെ സൂട്ടും കോട്ടും | ലഭിച്ചിട്ടില്ല | 3 | ലഭിച്ചിട്ടില്ല | 4 |

[1] 1935.

*Source:* Concentration in American Industry, Report of Subcommittee on Antitrust and Monopoly, 85th Congress, 1st Session, Washington, D. C, 1957, Tables 44 and 58.

കുറിപ്പ്: ഒരു വ്യവസായത്തിലെ മൊത്തം ചരക്കുകയററുമതിയുടെ 50 ശതമാനത്തിൽ കൂടുതൽ നിർവ്വഹിക്കുന്ന നാലു് ഏററവും വലിയ കോർപ്പൊറേഷനുകളുള്ള വ്യവസായങ്ങളാണ് ഉയന്ന കേന്ദ്രീകരണമുള്ള വ്യവസായങ്ങൾ. ഈ അനുപാതം 20-നും 50-നും ഇടയ്ക്കുള്ളവ ഇടത്തരം കേന്ദ്രീകരണമുള്ള വ്യവസായങ്ങളും 20 ശതമാനത്തിൽ താഴെയുള്ള താഴ്ന്ന കേന്ദ്രീകരണമുള്ള വ്യവസായങ്ങളുമാണ്.

കേന്ദ്രീകരണാനുപാതം നിശ്ചയിക്കുന്നതിനുള്ള മററുതരം അളവുകളും (വില്പനകൾ, വരുമാനം, ആസ്തികൾ മുതലായവ) വ്യവസായകേന്ദ്രീകരണത്തിലുള്ള മററു മാനദണ്ഡങ്ങളും കുത്തകാധികാരപ്രവണത സൂചിപ്പിക്കാൻ ഉപയോഗിക്കപ്പെടുന്നുണ്ടെന്നുള്ളതു് പ്രസ്താവിക്കേണ്ടതുണ്ട്. ഉദാഹരണത്തിനു്, ഈ കേന്ദ്രീകരണാനുപാതങ്ങളുടെ വ്യാപ്തി ഭാഗികമായി, അളക്കപ്പെടേണ്ട പ്രത്യേക വ്യവസായത്തിൻേറയോ പ്രവത്തനത്തിൻേറയോ നിർവ്വചനത്തെ ആശ്രയിച്ചാണിരിക്കുന്നതു്. മോട്ടോർവാഹനങ്ങളും ഘടകങ്ങളും ഉൽപാദിപ്പിക്കുന്ന വ്യവസായത്തിൻെറ കയററുമതിയിലെ 75 ശതമാനം കേന്ദ്രീകരണാനുപാതം കാറുകളുടെ കയററുമതിക്കു മാത്രമായി ഉപയോഗിക്കപ്പെടുകയാണെങ്കിൽ 98 ശതമാനമായിത്തീരും.

# എൻ. പി. എ. പ്രസിദ്ധീകരണനയം

രാഷ്ട്രീയസ്വഭാവമില്ലാത്തതും ലാഭേഛയില്ലാത്തതുമായ ഒരു സ്വതന്ത്രസംഘടനയാണു് നാഷണൽ പ്ലാനിങ്ങ് അസോസിയേഷൻ. 1934-ലാണു് അതു് സ്ഥാപിക്കപ്പെട്ടതു്. കാഷികരംഗം, ബിസിനസ്, തൊഴിലാളിരംഗം, സാങ്കേതികതൊഴിൽരംഗം എന്നിവയിലെ നേതാക്കന്മാർ സ്വകാര്യ മുൻനിന്നപ്രവത്തനത്തേയും സമാരംഭത്തേയും നിലനിത്താനും ശക്തിപ്പെടുത്താനുമുള്ള പരിപാടികളിൽ യോജിച്ചുപ്രവത്തിക്കുന്ന ഒരു സംഘടനയാണിതു്.

പ്രത്യേക സമ്മദ്ദഗ്രൂപ്പുകളായി വേർതിരിയാനുള്ള പ്രവണത നമ്മുടെ ദേശീയജീവിതത്തിലെ ഏററവും ഗുരുവായ ഛിദ്രഘടകങ്ങളിൽ ഒന്നാണെന്നു് എൻ. പി. എ. യുടെ പ്രവത്തനങ്ങളിൽ പങ്കെടുക്കുന്നവർ വിശ്വസിക്കുന്നു. നമ്മുടെ സ്വാതന്ത്ര്യത്തെ ബലികഴിക്കാതെ സാംസ്കാരികവും ഭൗതികവുമായ, കഴിയുന്നത്രയും മികച്ച ജീവിതനിലവാരം അമേരിക്കൻജനതയ്ക്കു് എല്ലാക്കാലത്തും ഉണ്ടായിരിക്കണമെന്ന ലക്ഷ്യത്തെ മുൻനിത്തി ഏകീകരിച്ച പരിശ്രമങ്ങൾക്കു് വിവിധ ഗ്രൂപ്പുകളെ അണിനിരത്തുകയെന്നതാണു് അമേരിക്കയുടെ ഒന്നാമത്തെ പ്രശ്നം. ദേശീയതാല്പര്യത്തെ മുൻനിത്തി ഓരോ ഗ്രൂപ്പിനേയും പിന്തുണയ്ക്കുകയും നിലനിത്തുകയും ചെയ്യുന്ന പരിപാടികൾ ആവിഷ്കരിക്കാൻ സംയുക്ത ജനാധിപത്യപരിപാടികളിൽക്കൂടി മാത്രമേ സാദ്ധ്യമാവുകയുള്ളു.

എൻ. പി. എ. യുടെ സ്റ്റിയറിങ്ങ്കമ്മിററികളേയും—ദേശീയനയരൂപീകരണത്തിനുള്ള കാഷിക-ബിസിനസ്-തൊഴിലാളികമ്മിററികളേയും അന്താരാഷ്ട്രനയരൂപീകരണത്തിനുള്ള കമ്മിററിയേയും—അതിൻെറ പ്രത്യേക കമ്മിററികളേയും ഒരു സ്ഥിരം ഗവേഷണോദ്യോഗസ്ഥസംഘം സഹായിക്കുന്നുണ്ടു്. പ്രത്യേക താല്പര്യങ്ങളെന്തുതന്നെയായാലും അംഗങ്ങൾക്കു പൊതുവായ ഒരു വസ്തുതാന്വേഷണ-സാമൂഹ്യോത്തരവാദമനോഭാവമാണുള്ളതു്.

ഫലപ്രദമായ സ്വകാര്യാസൂത്രണംവഴി ഒരു "ആസൂത്രിതസമ്പദ്‌വ്യവസ്ഥ" ഒഴിവാക്കാമെന്നു് എൻ. പി. എ. വിശ്വസിക്കുന്നു. എൻ. പി. എ. യുടെ പ്രവത്തനഫലങ്ങൾ നമ്മുടെ ദോഷങ്ങൾക്കു് മഹത്തായ ഒരു പരിഹാരമാവുകയില്ല. പക്ഷേ പ്രത്യേക പ്രശ്നങ്ങൾ നേരിടുന്നതിനുള്ള നടപടികൾക്കു് എൻ. പി. എ. യുടെ നിരീക്ഷണങ്ങളും അതിൻെറ പ്രവത്തനരീതിതന്നെയും പ്രവത്തനത്തിലിരിക്കുന്ന

ഒരു ജനാധിപത്യത്തിൻെറ മഹത്തായ പാരമ്പര്യങ്ങൾക്കനുസരിച്ച് ആസൂത്രണംചെയ്യപ്പെടുന്ന വ്യക്തമായ പരിപാടികൾ നൽകുന്നതാണ്.

ബോർഡോ, കമ്മിററികളോ, സ്റ്റാഫോ അല്ലെങ്കിൽ വ്യക്തികളോ ആരിറക്കുന്നവയായാലും എൻ. പി. എ. യുടെ പ്രസിദ്ധീകരണങ്ങൾ വിവിധ വിജ്ഞാനങ്ങളും വിരുതുകളും ശേഖരിക്കുന്നതിനും തക്ക മേഖലകൾ ലഭ്യമാക്കരിച്ച് യോജിപ്പിൻെറ മേഖലകൾ വിപുലപ്പെടുത്താനുമുള്ള ഒരു പരിശ്രമമാണ്. ട്രസ്റ്റിബോർഡ് നിശ്ചയിച്ചിട്ടുള്ള നയങ്ങളനുസരിച്ച്, എൻ. പി. എ. പ്രസിദ്ധീകരിക്കുന്ന എല്ലാ റിപ്പോർട്ടുകളും പരിശോധിക്കപ്പെടുകയും പ്രസിദ്ധീകരണത്തിന് അധികാരപ്പെടുത്തപ്പെടുകയും ചെയ്തിട്ടുള്ളവയാണ്. എന്നാൽ പ്രസിദ്ധീകരണങ്ങളിലുൾക്കൊള്ളുന്ന അഭിപ്രായങ്ങളോട് എൻ. പി. എ. യുടെ ബോർഡോ, കമ്മിററിഅംഗങ്ങളോ പൂർണ്ണമായും യോജിക്കുന്നവെന്ന്, അങ്ങിനെ അംഗീകരണമുള്ളതായി പ്രത്യേകം പ്രസ്താവിക്കപ്പെടാത്തപക്ഷം, അർത്ഥമാകുന്നില്ല.

കൊല്ലം ശ്രീരാമവിലാസം പ്രസ്സിൽ അച്ചടിച്ചതു്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

*Cl. No.* M330 *Acc. No.* 45612

This book should be returned on or before the date last stamped below.

20 NOV 197[illegible]
16 JAN 1974
3 JAN 1975
30 MAR 1976
23 JAN 1980
3 JUL 1985
27 OCT 1982
28 NOV 1987

Cl. No M330 Acc. No 45612
Col-A.
AUTHOR
കോം ഗെർഹാർഡ്
TITLE
അമേരിക്കൻ ജനതയുടെ സമ്പദ്
DATE DUE BORROWER'S NUMBER

M330 45612
കോം ഗെർഹാർഡ്
അമേരിക്കൻ ജനതയുടെ സമ്പദ്
വ്യവസ്ഥ.

# അമേരിക്കൻജനതയുടെ സമ്പദ്‌വ്യവസ്ഥ

പുരോഗതി
പ്രശ്നങ്ങൾ
ഭാഗധേയങ്ങൾ

വിവർത്തനം:
കെ. സുധാകരൻ

ശ്രീരാമവിലാസം പ്രസ്സ് & ബുക്ക്ഡിപ്പോ, കൊല്ലം

Indic Digital Archive Foundation
gpura.org